# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

**ഒന്നാം സമ്മേളനം**

**2016 ജൂലൈ 14, വ്യാഴം**

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 162 - നമ്പർ 12

**വില : ₹ 50**

**കേരള നിയമസഭാ സെക്രട്ടേറിയറ്റ്**
**തിരുവനന്തപുരം**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

2016 ജൂലൈ 14, വ്യാഴം

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്

**ശ്രീമതി പി. ജയലക്ഷ്മി**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

958/2017

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക | | |
| സമുദായക്ഷേമവും നിയമവും സാംസ്കാരികവും | | |
| പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും | | |
| വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ | | |
| എഞ്ചിനീയറിംഗും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും | | |
| വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും | | |
| വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു | | |
| സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


പേജ്

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ... 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .... 27
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .... 27
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .... 71

**II ശ്രദ്ധ ക്ഷണിക്കൽ**

1. പ്രവാസികളുടെ പുനരധിവാസം—
   ശ്രീ. കെ. വി. അബ്ദുൾ ഖാദർ ... 322
2. ശ്രവണ സഹായ ഉപകരണങ്ങളുടെ വാറന്റി—
   ഡോ. എം. കെ. മുനീർ .... 325

**III സബ്മിഷൻ**

1. മുഖ്യമന്ത്രിയുടെ നിയമോപദേശകൻ പ്രതിക്കുവേണ്ടി കോടതിയിൽ ഹാജരായത് സംബന്ധിച്ച്—
   പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ... 328
2. പട്ടയവും ഭൂനികുതി സ്വീകരിക്കലും—
   ശ്രീ. സി. കൃഷ്ണൻ .... 335
3. ബാവിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം—
   ശ്രീ. എൻ. എ. നെല്ലിക്കുന്ന് .... 337
4. ജലവിതരണത്തിലെ തടസ്സം—
   ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ... 339
5. കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ—
   ശ്രീ. റോഷി അഗസ്റ്റിൻ ... 340

പേജ്

6. കുടിവെള്ള പദ്ധതി—
ശ്രീ. ഷാഫി പറമ്പിൽ ... 343

7. കൊച്ചി തുറമുഖം നേരിടുന്ന പ്രശ്നങ്ങൾ—
ശ്രീ. ജോൺ ഫെർണാണ്ടസ് ... 344

8. കുഞ്ഞുണ്ണിമാഷ് സ്മാരകം—
ശ്രീമതി ഗീതാ ഗോപി ... 347

9. മാനന്തവാടി ജില്ലാ ആശുപത്രി—
ശ്രീ. ഒ. ആർ. കേളു ... 348

10. വന്യജീവി ആക്രമണം—
ശ്രീ. എസ്. രാജേന്ദ്രൻ ... 350

11. മാലിന്യപ്രശ്നം—
ശ്രീ. വി. എസ്. ശിവകുമാർ ... 352

**IV മേശപ്പുറത്തുവച്ച കടലാസ്സുകൾ**

ചട്ടം 47(2) അനുസരിച്ചുള്ളത് ... 354

**V വ്യക്തിപരമായ വിശദീകരണം**

ബൈബിൾ പരാമർശം—
ശ്രീ. എം. സ്വരാജ് .... 355

**VI ധനകാര്യം**

വോട്ട് ഓൺ അക്കൗണ്ട് - ചർച്ചയും വോട്ടെടുപ്പും ... 357

**VII നിയമനിർമ്മാണകാര്യം**

2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും ... 453

പേജ്

**VIII ക്രമപ്രശ്നം**

ധനകാര്യ മെമ്മോറാണ്ടത്തിന്റെ ആവശ്യകത—

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) .... 454

**IX റൂളിംഗ്**

നിയമനിർമ്മാണകാര്യം (തുടർച്ച) ... 467

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒന്നാം സമ്മേളനം

*2016 ജൂലൈ 14 , വ്യാഴം*

| | | |
|---|---|---|
| വാല്യം 162] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 12 |

നിയമസഭ 2016 ജൂലൈ മാസം 14-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.........ഓർഡർ......ചോദ്യം നമ്പർ *181.

### ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ

1(*181) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്തിക്കൊണ്ടിരിക്കുന്ന വിദേശ ടൂറിസ്റ്റുകളുടെയും ആഭ്യന്തര ടൂറിസ്റ്റുകളുടെയും എണ്ണം വർഷംതോറും കുറഞ്ഞുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കൂടുതൽ വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) ടൂറിസം, തൊഴിലധിഷ്ഠിത മേഖലയാക്കുന്നതിനും കുടുംബശ്രീവഴി ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും എന്ത് നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ) കഴിഞ്ഞ 5 വർഷക്കാലയളവിലെ കണക്കുകൾ പരിശോധിച്ചാൽ വിദേശ ടൂറിസ്റ്റുകളുടെയും ആഭ്യന്തര ടൂറിസ്റ്റുകളുടെയും എണ്ണത്തിൽ കുറവുള്ളതായി കാണുന്നില്ല. എന്നാൽ ഈ വർഷങ്ങളിലെ ടൂറിസ്റ്റുകളുടെ വളർച്ചാനിരക്കിൽ നേരിയ കുറവ് വന്നിട്ടുണ്ട്. വിദേശ ടൂറിസ്റ്റുകളുടെ കാര്യത്തിൽ 2014-ലെ 7.4 ശതമാനം എന്ന വളർച്ചാനിരക്ക് 2015-ൽ 6.59 ശതമാനമായി കുറഞ്ഞപ്പോൾ ആഭ്യന്തര ടൂറിസ്റ്റുകളുടെ വളർച്ചാ നിരക്ക് 2014-ൽ 7.71 ശതമാനമായിരുന്നത് 2015-ൽ 6.53 ശതമാനമായി കുറഞ്ഞു. പുതിയ ഉൽപ്പന്നങ്ങളുടെ കണ്ടെത്തലിലൂടെയും ശക്തമായ വിപണന പ്രചാരണ തന്ത്രങ്ങളിലൂടെയും കൂടുതൽ വിദേശ ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. അടുത്ത അഞ്ച് വർഷംകൊണ്ട് വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 100 ശതമാനവും ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ 50 ശതമാനവും വളർച്ചയാണ് ലക്ഷ്യമിടുന്നത്.

(ബി) കേരളത്തിൽ ടൂറിസം ഒരു തൊഴിലധിഷ്ഠിത മേഖലയാണ്. GIFT-ന്റെ 2015-ലെ ടൂറിസം സാറ്റലൈറ്റ് അക്കൗണ്ട് എന്ന പഠന റിപ്പോർട്ടുപ്രകാരം കേരളത്തിൽ ടൂറിസം മേഖലയിൽ ഏകദേശം 25 ലക്ഷം പേർ നേരിട്ട് തൊഴിൽ ചെയ്യുന്നുണ്ട്. കേരളത്തിലെ ആകെ തൊഴിലുകളിൽ 11.49 ശതമാനം വിനോദ സഞ്ചാരത്തിന്റെ നേരിട്ടുള്ള സംഭാവനയാണ്. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായി കുടുംബശ്രീ ടൂറിസം വികസനത്തിൽ പ്രധാന പങ്ക് നിർവ്വഹിക്കുന്നുണ്ട്. ഈ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഗവൺമെന്റ് പ്രതീക്ഷിക്കുന്ന വളർച്ച കൈവരിക്കണമെങ്കിൽ പ്രകൃതിയുമായി ബന്ധപ്പെട്ട സാധ്യതകളുടെ കാഴ്ചവിസ്മയ കേന്ദ്രങ്ങളിലേക്ക് ടൂറിസത്തെ വളർത്തിയെടുക്കേണ്ടതുണ്ട്. എന്റെ നിയോജക മണ്ഡലത്തിലെ ചടയമംഗലം ജഡായുപ്പാറ ടൂറിസം ഇന്ത്യയിലെതന്നെ ടൂറിസം ഡെസ്റ്റിനേഷനുകളിൽ പ്രധാനപ്പെട്ട ഒരു ഭാഗമാകാൻ പോകുകയാണ്. അതിന്റെ ഉദ്ഘാടനം ഈ വർഷം അവസാനമോ അടുത്ത വർഷം ആദ്യമോ നടത്താൻ കഴിയും. ചൈനയിൽ ഇപ്പോൾ സോൺ ടൂറിസം എന്നുപറയുന്ന ഒരു പദ്ധതി രൂപപ്പെടുന്നുണ്ട്. അതായത്, ഒരു കാഴ്ച മാത്രമല്ല, അതുപോലുള്ള അനേകം കാഴ്ചകൾ കാണാനുള്ള ടൂറിസം സോൺ രൂപപ്പെടുത്തൽ. അങ്ങനെയുള്ള ഒരു മേഖലയാണ് കൊല്ലം ജില്ലയുടെ കിഴക്കൻ മേഖല. ജഡായുപ്പാറ ടൂറിസം, കുടുക്കത്തുപാറ ടൂറിസം, മാറ്റിടാംപാറ ടൂറിസം തുടങ്ങിയവയെ ഒരു ടൂറിസം സോണായി വളർത്തിയെടുക്കുന്നതിനും ആ കാഴ്ചവിസ്മയം കാണാൻ കഴിയുന്ന തരത്തിൽ അതിന്റെ പ്രചാരണ-സംഘടനാ പരിപാടികൾ ആവിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിലെ ജഡായുപ്പാറ ടൂറിസം പദ്ധതി ആകർഷകമായും പരിസ്ഥിതിക്ക് ഇണങ്ങുന്ന രീതിയിലും വിഭാവന ചെയ്തിട്ടുള്ള ഒരു പദ്ധതിയാണ്. തീർച്ചയായും അതിന്റെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ ഇടപെടൽ സർക്കാർ നടത്തും. ഈ മേഖലയുമായി ബന്ധപ്പെട്ട സാധ്യതകളെ സംബന്ധിച്ച് പഠനം നടത്തി അതിനാവശ്യമായ നടപടികൾ സ്വീകരിക്കും.

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, എന്റെ മണ്ഡലത്തിലെതന്നെ ചെറുതെങ്കിലും മനോഹരമായ ഒരു കേന്ദ്രമാണ് മീൻമുട്ടി എന്ന് പേരുള്ള സ്ഥലത്തെ ഇരുന്നൂട്ടി. അവിടെ നിലനിന്നിരുന്ന അയിത്തത്തിന്റെ ഭാഗമായി ശ്രീനാരായണ ഗുരു അവിടെ വരികയും ഏറ്റവും താഴെത്തട്ടിലുള്ളവർ മുതൽ ഏറ്റവും മുകൾത്തട്ടിലുള്ളവരെ വരെ ഇരുന്ന് ഊട്ടിയതുകൊണ്ടുമാണ് ഇരുന്നൂട്ടി എന്ന പേര് വന്നത്. കേരളത്തിൽ ഇത്തരം ധാരാളം സ്പോട്ടുകളുണ്ട്. അത്തരം സ്പോട്ടുകൾ ഹൈലൈറ്റ് ചെയ്യാൻ കഴിയണം. അവിടെ സ്വാഭാവികമായും നൂറുകണക്കിന് ആളുകൾ വരുന്നുണ്ട്. തിരുവനന്തപുരത്ത് നിന്നും 41 കിലോമീറ്റർ മാത്രം അകലെയാണത്. അതൊരു ഇക്കോടൂറിസം മേഖലയാണ്. ഇത്തരം സാധ്യതകളെ ഉപയോഗിക്കുന്നതിനും പഠനം നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ? കൂടാതെ ഇരുന്നൂട്ടി എന്ന പ്രദേശത്തിന്റെ പ്രകൃതിപരമായ പ്രത്യേകതകൾ നിലനിർത്തിക്കൊണ്ട് ലോകനിലവാരത്തിലേക്ക് ഹൈലൈറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ധാരാളം സാധ്യതകൾ വ്യത്യസ്ത മേഖലകളിൽ ഇനിയും പ്രയോജനപ്പെടുത്തേണ്ടതായിട്ടുണ്ട്. സർക്കാർ ഉദ്ദേശിക്കുന്നതും അതുതന്നെയാണ്. ഈ വർഷത്തെ മാന്ദ്യവിരുദ്ധ പാക്കേജിന്റെയും മറ്റും ഭാഗമായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച ടൂറിസവുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളെക്കുറിച്ച് ആലോചിക്കുന്നുണ്ടെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം പറഞ്ഞു. ആ പദ്ധതികളുടെ നിർവ്വഹണഘട്ടത്തിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾകൂടി ഗൗരവപൂർവ്വം പരിശോധിക്കും.

ശ്രീ. ഇ. കെ. വിജയൻ: സർ, വിദേശ ടൂറിസ്റ്റുകളെ ഏറ്റവുമധികം ബുദ്ധിമുട്ടിക്കുന്നത് നമ്മുടെ പരിസ്ഥിതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ്. നമ്മെക്കാൾ ആരോഗ്യം ശ്രദ്ധിക്കുന്നവരായതുകൊണ്ട് നമ്മുടെ ടൂറിസം മേഖലയിലെ വലിയ തോതിലുള്ള പരിസര മലിനീകരണം അവരെ ബുദ്ധിമുട്ടിക്കുകയാണ്. സിംഗപ്പൂരിൽ പൊതുസ്ഥലത്ത് തുപ്പിയാൽ നൂറ് രൂപ ഫൈനാണ്. അത്ര കർക്കശമായ നിലപാട് അവിടുത്തെ ലോക്കൽ ബോഡികൾ/കോർപ്പറേഷനുകൾ സ്വീകരിക്കുന്നുണ്ട്. അതുപോലെ കേരളത്തിലും ചില മേഖലകളിൽ പ്ലാസ്റ്റിക് ഉൾപ്പെടെ നിരോധിക്കുന്ന സമീപനം സ്വീകരിച്ചുകൊണ്ട് വിദേശ ടൂറിസ്റ്റുകൾക്ക് ഇന്നുള്ള നിരുത്സാഹം ഒഴിവാക്കിയെടുക്കാനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ടൂറിസം മേഖലയും സംസ്ഥാനവും നേരിടുന്ന ഗൗരവമേറിയ പ്രശ്നമാണ് മാലിന്യം. പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനുകളിൽ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിലും വേണ്ടത്ര വിജയകരമായിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് ഈ കാര്യങ്ങളിൽ എങ്ങനെ വിജയകരമായി മാറ്റങ്ങൾ വരുത്താമെന്ന ആലോചന നടക്കുന്നുണ്ട്. ടൂറിസം ഡെസ്റ്റിനേഷനുകളിൽ വിദേശ ടൂറിസ്റ്റുകളും ആഭ്യന്തര ടൂറിസ്റ്റുകളും വരുമ്പോൾ അവർക്ക് വൃത്തിയുള്ള പരിസരം ഒരുക്കിക്കൊടുക്കാൻ നമുക്കെല്ലാവർക്കും ബാധ്യതയുണ്ട്. അതിന് ആവശ്യമായ നടപടികൾക്ക് ടൂറിസം വകുപ്പും സർക്കാരും നേതൃത്വം നൽകും.

*Mr. Speaker* : Shri R. Ramachandran..., not in the seat.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, കേരളത്തിൽ തൊഴിലില്ലാത്ത അഭ്യസ്ത വിദ്യരായ ധാരാളം യുവാക്കളുണ്ട്. വിവിധ രാജ്യങ്ങളിൽ നിന്ന് കേരളത്തിലെത്തുന്ന ടൂറിസ്റ്റുകൾക്കനുസരിച്ച് ഇവർക്ക് ലാംഗ്വേജ് ട്രെയിനിംഗും ആവശ്യമായ മറ്റ് സൗകര്യങ്ങളും നൽകിക്കഴിഞ്ഞാൽ അഭ്യസ്തവിദ്യരായ യുവാക്കളെ ടൂറിസത്തിന്റെ വികസനത്തിനുവേണ്ടി ഉപയോഗപ്പെടുത്താൻ കഴിയും. അതുപോലെ ഓൺലൈൻ വഴി കേരളത്തിന്റെ ടൂറിസം സാധ്യതകളെ പുറംലോകത്ത് പരസ്യപ്പെടുത്തുവാനും ടൂറിസ്റ്റുകളുമായി ബന്ധം സ്ഥാപിക്കാനും കഴിയും. തൊഴിലില്ലാത്ത അഭ്യസ്ത വിദ്യരായ യുവാക്കൾക്കുകൂടി ടൂറിസം മേഖലയിൽ പ്രയോജനം ലഭിക്കുന്ന രീതിയിലുള്ള എന്തെങ്കിലും പ്രോഗ്രാം ആവിഷ്കരിക്കുന്നുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇപ്പോൾത്തന്നെ ടൂറിസം വകുപ്പിലെ കിറ്റ്സ് പോലെയുള്ള സ്ഥാപനങ്ങൾ ഇത്തരം മേഖലയിൽ ചെറുപ്പക്കാർക്ക് പരിശീലനം നൽകുന്നുണ്ട്. ഭാഷാ പഠനത്തിന്റെ കാര്യംകൂടി ഈ സ്ഥാപനങ്ങളുടെ അദ്ധ്യയന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടൂറിസം മേഖലയിൽ വ്യത്യസ്ത കോഴ്സുകളും കിറ്റ്സിനെപ്പോലുള്ള സ്ഥാപനങ്ങൾ നടത്തുന്നുണ്ട്. അത് കൂടുതൽ ശക്തിപ്പെടുത്താനും കിറ്റ്സിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്താനുമുള്ള ആലോചനയിലാണ് ഇപ്പോൾ സർക്കാർ. ഈ നിർദ്ദേശം സർക്കാർ ഗൗരവപൂർവ്വം പരിഗണിക്കും.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണം ഓരോ ദിവസവും കൂടിക്കൊണ്ടിരിക്കുകയാണ്. കൺഡക്ടഡ് ടൂർ ഓപ്പറേറ്റേഴ്സ് ഇല്ലാത്തതിനാൽ നമ്മുടെ നാട്ടിലെ ആഭ്യന്തര ടൂറിസ്റ്റുകൾ ധാരാളം പ്രശ്നങ്ങൾ നേരിടുന്നുണ്ട്. അക്കോമഡേഷനുമായും ട്രാൻസ്പോർട്ടേഷനുമായും ബന്ധപ്പെട്ട് നിരവധി ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. ഇതേ രീതിയിൽ കൺഡക്ടഡ് ടൂർ ഓപ്പറേറ്റേഴ്സിനെ പ്രൊമോട്ട് ചെയ്യാൻ ടൂറിസം വകുപ്പ് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ശ്രമിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ടൂറിസ്റ്റുകൾക്ക് യാത്രാസൗകര്യത്തിന്റെ അപര്യാപ്തത തുടർന്നുകൊണ്ടിരിക്കുകയാണ്. അവരുടെ അക്കോമഡേഷൻ സംബന്ധിച്ചും പ്രശ്നങ്ങളുണ്ട്. സ്വാഭാവികമായും ഗോവയിൽ എത്തുന്ന ഒരാൾക്ക് കേരളത്തിലേക്ക് എത്താൻ എയർ കണക്ടിവിറ്റി ഇല്ലെന്നതുൾപ്പെടെയുള്ള നിരവധി വിഷയങ്ങളുണ്ട്. ട്രെയിനിന്റെ കാര്യത്തിലും ആവശ്യമായ സൗകര്യം ഇല്ലാത്തത് മറ്റൊരു പ്രശ്നമാണ്. അക്കാര്യങ്ങളൊക്കെ ഗൗരവപൂർവ്വം പരിഹരിക്കേണ്ടതാണ്. ഇതുമായി ബന്ധപ്പെട്ട് വിമാനക്കമ്പനികളുമായുള്ള ചർച്ചകൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ട്രെയിനുകളിൽ ടൂറിസ്റ്റുകൾക്ക് എത്താൻ കഴിയുന്ന പ്രത്യേക കോച്ചുകൾ ഘടിപ്പിക്കുന്നതുൾപ്പെടെയുള്ള വിഷയങ്ങളിൽ ഇന്ത്യൻ റെയിൽവേയുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണ്. അവർ ഒരുക്കുന്ന താമസസൗകര്യം ചെലവേറിയതാണെന്ന രീതിയിൽ ആക്ഷേപങ്ങൾ വരുന്നുണ്ട്. ഇപ്പോഴത്തെ ബഡ്ജറ്റിന്റെ ഭാഗമായി ടാക്സിൽ കുറവ് വരുത്തിയിട്ടുണ്ട്. അതുകൊണ്ടുതന്നെ ഹോട്ടലുകളുടെ അസോസിയേഷനുമായി ചർച്ച നടത്തി മുറി വാടകയിൽ അതിനനുസരിച്ചുള്ള കുറവുകൾ വരുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, കേരളത്തിലെ ഏറ്റവും നല്ല ടൂറിസ്റ്റ് കേന്ദ്രമായ കക്കയം പല കാരണങ്ങൾകൊണ്ട് പ്രസിദ്ധമാണ്. കേരളത്തിലെ ഏറ്റവും മനോഹരമായ വെള്ളച്ചാട്ടം ഉൾപ്പെടെയുള്ള സ്ഥലമാണത്. ബാലുശ്ശേരി ഉൾപ്പെടെയുള്ള ഏഴ് പഞ്ചായത്തുകളെ ഉൾപ്പെടുത്തി ടൂറിസം കോറിഡോറിനുള്ള ഒരു പ്രോജക്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് സമർപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിക്ക് അതിനെ സംബന്ധിച്ച് വിശദമായി അറിയാമെന്നാണ് എനിക്ക് തോന്നുന്നത്. അത് പ്രയോഗത്തിൽ വരുത്താൻ ബഹുമാനപ്പെട്ട മന്ത്രി കാര്യമായി ശ്രമിക്കുമോ? കെ.എസ്.ഇ. ബോർഡ് ബോട്ടിംഗ് ആരംഭിച്ചപ്പോൾ അവിടെ വലിയ ജനപ്രവാഹമാണ്. അതുകൊണ്ട് ആ പ്രോജക്ട് നടപ്പിലാക്കുന്നതിന് അങ്ങ് ശ്രദ്ധിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കേരളത്തിലെ മനോഹരമായ പ്രദേശങ്ങളിൽ ഒന്നാണ് ശ്രീ. പുരുഷൻ കടലുണ്ടി പറഞ്ഞ പ്രദേശം. അദ്ദേഹം സമർപ്പിച്ച ഒരു പ്രോജക്ട് സർക്കാരിന്റെ കൈവശമുണ്ട്. അത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതിന് അനുഭാവപൂർവ്വമായ പരിഗണനയുണ്ടാകുന്നതാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, ടൂറിസം മേഖലയിൽ ഏറ്റവും കൂടുതൽ വിനിയോഗിക്കപ്പെടാൻ കഴിയുന്ന പ്രകൃതിരമണീയമായ കാഴ്ചകളാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. എന്റെ നിയോജകമണ്ഡലത്തിലെ കോന്നി ആനക്കൂട്, അടവി, ഗവി തുടങ്ങിയ സ്ഥലങ്ങളിൽ ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. കേരളത്തിലെ ആദ്യത്തെ കുട്ടവഞ്ചി സഞ്ചാരം ആരംഭിച്ചത് കോന്നിയിലെ

അടവിയിലാണ്. ആയിരക്കണക്കിന് ആളുകളാണ് ഓരോ ദിവസവും അവിടെ എത്തിക്കൊണ്ടിരിക്കുന്നത്. ഇത്തരം പ്രദേശങ്ങളെ പ്രത്യേകമായി പരിഗണിച്ച് കൂടുതൽ വരുമാനം ഉണ്ടാക്കുന്നതിനുവേണ്ടി അങ്ങ് പ്രത്യേക താൽപ്പര്യമെടുത്ത് അവിടെ മറ്റ് വികസന പ്രവർത്തനങ്ങൾകൂടി നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, വാഗമണ്ണിനെയും ഗവിയെയും ഉൾപ്പെടുത്തി 99 കോടി രൂപയുടെ ഒരു കേന്ദ്രാവിഷ്കൃത പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. അതിനോടൊപ്പം സംസ്ഥാന പദ്ധതികളിൽ ചിലതും നടക്കുന്നുണ്ട്. വളരെ പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനു കളിലൊന്നായി ആ പ്രദേശത്തെ വികസിപ്പിക്കുവാൻ കഴിയുന്നതാണ്. ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കും.

ശ്രീ. ബി. സത്യൻ: സർ, തദ്ദേശ ടൂറിസം പ്രോത്സാഹിപ്പിക്കാൻ 1988 കാലയളവിൽ പി. എസ്. ശ്രീനിവാസൻ ടൂറിസം വകുപ്പുമന്ത്രി ആയിരുന്നപ്പോൾ ആരംഭിച്ചതാണ് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ. വലിയ സാധ്യതയുണ്ടായിരുന്ന ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ ഇന്നിപ്പോൾ തകർച്ചയുടെ വക്കിലാണ്. തിരുവനന്തപുരം ജില്ലയിൽ ടൂറിസത്തിന് വലിയ സാധ്യതയാണുള്ളത്. വർക്കല, ശംഖുംമുഖം, വേളി, നെയ്യാർഡാം ഒക്കെയായി വലിയൊരു ടൂറിസം സമുച്ചയംതന്നെ ജില്ലയിലുണ്ട്. എന്നാൽ ഇന്നിത് ആകെ തകർന്നിരിക്കുകയാണ്. ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലുകൾ ജില്ലാ കളക്ടർമാരെ ഏൽപ്പിക്കുകയും അവർ അതിനെ ഒരു താവളം മാത്രമാക്കി മാറ്റുകയും ചെയ്തു. ടൂറിസവുമായി യാതൊരു ബന്ധവുമില്ലാത്ത ആളുകൾ ചുമതലയേറ്റ് പൂർണ്ണമായും അതിനെ തകർത്തിരിക്കുകയാണ്. ടൂറിസം പ്രോജക്ടുകൾ കൊടുക്കുക എന്ന ജോലി മാത്രം ടൂറിസം ഡിപ്പാർട്ടുമെന്റ് ഏറ്റെടുക്കുക എന്നത് മാറ്റി, ടൂറിസം വകുപ്പിന്റെ കീഴിലുള്ള ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ ഘടനയിൽ മാറ്റം വരുത്താനും നില മെച്ചപ്പെടുത്താനും ശ്രമിക്കുമോ; അതിനുള്ള തീരുമാനം എടുക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, ഡി.ടി.പി.സി.-കളെ സംബന്ധിച്ച് പറയുകയാണെങ്കിൽ അവയുടെ കാര്യക്ഷമതയെ സംബന്ധിച്ച് ചില ആക്ഷേപങ്ങളുണ്ട്. ഡി.ടി.പി.സി.-കളുടെ സെക്രട്ടറിമാരായി വരുന്ന ആളുകൾ പ്രൊഫഷണലുകളല്ല എന്നുള്ളതും അതുപോലെതന്നെ ഡെപ്യൂട്ടേഷനിൽ വരുന്ന ചിലർക്കുള്ള താവളമായി ഇത് മാറുന്നു എന്നുള്ളതും പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും അങ്ങനെയാണ് എന്നുള്ള അർത്ഥത്തിലല്ല ഞാനിത് പറയുന്നത്. ജില്ലാ

കളക്ടർമാരുടെ ജോലി ഭാരത്തിന്റെ ഭാഗമായി ഇതിന്റെ ചെയർമാൻ എന്നുള്ള ചുമതലകൂടി നിർവ്വഹിക്കാൻ കഴിയാത്തതിന്റെ പ്രശ്നവുമുണ്ട്. ഡി.ടി.പി.സി.-കളുടെ പുനഃസംഘടന സംബന്ധിച്ച് ചർച്ച ചെയ്ത് ഘടനാപരമായ ചില മാറ്റങ്ങൾ വരുത്തുന്ന കാര്യം സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. റോജി എം. ജോൺ: സർ, പിൽഗ്രിം ടൂറിസവുമായി ബന്ധപ്പെട്ട് കേന്ദ്ര ഗവൺമെന്റിന്റെ 'പ്രസാദ്' (പിൽഗ്രിമേജ് റിജുവനേഷൻ ആന്റ് സ്പിരിച്ച്വൽ ആർഗുമെന്റേഷൻ ഡ്രൈവ്), 'സ്വദേശ് ദർശൻ' (തീം ബെയ്സിഡ് ടൂറിസ്റ്റ് സർക്ക്യൂട്ടുകൾ) എന്നീ പദ്ധതികളുടെ കീഴിൽ നമ്മുടെ നാട്ടിലെ ടൂറിസം വികസിപ്പിക്കുന്നതിനായി കൂടുതൽ പ്രദേശങ്ങൾ ഉൾപ്പെടുത്തുവാൻ ആഗ്രഹിക്കുന്നുണ്ട്. എന്റെ നിയോജക മണ്ഡലത്തിലെ രണ്ട് അന്താരാഷ്ട്ര തീർത്ഥാടന കേന്ദ്രങ്ങളാണ് കാലടിയും മലയാറ്റൂരും. അതുപോലെ അതിരപ്പിള്ളിയുമായി ബന്ധപ്പെടുത്തിയും ടൂറിസം സർക്ക്യൂട്ടുകൾ വികസിപ്പിക്കാൻ സാധ്യതകളുണ്ട്. അത്തരം സാധ്യതകൾ നിലവിലുണ്ടോ; അതിന് എന്താണ് ചെയ്യുന്നത്?

ശ്രീ. എ. സി. മൊയ്തീൻ: സർ, അതിരപ്പിള്ളി മേഖലയിലെ സർക്ക്യൂട്ടിനെ സംബന്ധിച്ച മാസ്റ്റർ പ്ലാൻ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ കാര്യം പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. 'പ്രസാദ്', 'സ്വദേശി ദർശൻ' എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഭാഗമായിട്ടുള്ള ചില പ്രോജക്ടുകൾക്ക് തത്വത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിലൊന്ന്, പത്മനാഭസ്വാമി ക്ഷേത്രവും ആറൻമുളയുമായി ബന്ധപ്പെട്ട പദ്ധതിയാണ്. ശബരിമലയുമായി ബന്ധപ്പെട്ട മറ്റൊരു പദ്ധതിയും തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. ആ പദ്ധതി നടപ്പാക്കുന്നതിനുവേണ്ട പരിശ്രമം ഉണ്ടാകും.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ടൂറിസം വികസനവുമായി ബന്ധപ്പെട്ടുണ്ടാകുന്ന ഏറ്റവും വലിയ വെല്ലുവിളി സമയബന്ധിതമായി ഡി.പി.ആർ. തയ്യാറാക്കി കിട്ടുന്നില്ല എന്നുള്ളതാണ്. ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനായി സംസ്ഥാന സർക്കാർ ഏതെങ്കിലും പ്രത്യേക ഏജൻസികളെ ചുമതലപ്പെടുത്തുന്നതിനോ അങ്ങനെയുള്ള ഏതെങ്കിലും കർമ്മപരിപാടിയെ സംബന്ധിച്ചോ ആലോചിക്കുന്നുണ്ടോ; അത്തരത്തിലുള്ള സംവിധാനം നിലവിലുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, നിലവിൽ ഡി.പി.ആർ തയ്യാറാക്കുന്നതിന് വേണ്ടിയുള്ള സംവിധാനം വളരെ ദുർബലമാണ് എന്നുള്ള ആക്ഷേപം എല്ലാ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. ഇത് സർക്കാർ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. അതിനാവശ്യമായ സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ആളുകളെ ഉൾപ്പെടുത്തി ഒരു സംവിധാനം ഉണ്ടാക്കുന്നതിനെപ്പറ്റിയും സർക്കാർ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ടൂറിസം മേഖലയുടെ പുരോഗതിക്കുവേണ്ടി മെഡിക്കൽ ടൂറിസത്തിന്റെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താനുള്ള കാര്യങ്ങളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ? വിദേശ രാജ്യങ്ങളെ അപേക്ഷിച്ച് നമ്മുടെ സംസ്ഥാനത്ത് ചികിത്സാച്ചെലവ് നാലിലൊന്ന് മാത്രമേയുള്ളൂ. അതോടൊപ്പം പ്രഗത്ഭരായിട്ടുള്ള ഡോക്ടർമാരുടെ സേവനവും ലോകത്ത് എവിടെയും കിട്ടുന്ന ചികിത്സാ സൗകര്യങ്ങളുമുള്ള സ്വകാര്യ ആശുപത്രികളും ഗവൺമെന്റ് ആശുപത്രികളും കേരളത്തിലുണ്ട്. അത്തരം സാധ്യതകൾ പരിശോധിച്ച് മെഡിക്കൽ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്ത് നിന്നുണ്ടാകുമോ? തിരുവനന്തപുരത്തെ ശംഖുംമുഖത്ത് ഓരോ ദിവസവും ആയിരക്കണക്കിനാളുകളാണ് എത്തിച്ചേരുന്നത്. പക്ഷേ, അവിടെ അടിസ്ഥാനപരമായിട്ടുള്ള യാതൊരു സൗകര്യവുമില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 4 കോടി രൂപയുടെ ഒരു പ്രോജക്ട് ടൂറിസം ഡിപ്പാർട്ടുമെന്റ് ശംഖുംമുഖത്ത് ആരംഭിച്ചു. നമ്മുടെ സംസ്ഥാനത്തു നിന്നുതന്നെ ഏറ്റവും കൂടുതൽ ടൂറിസ്റ്റുകൾ എത്തിച്ചേരുന്ന ഒരു സ്ഥലമാണിത്. ശംഖുമുഖത്തെ അന്തർദ്ദേശീയ നിലവാരത്തിലുള്ള ടൂറിസ്റ്റ് കേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള സാധ്യതയുണ്ട്. അതുകൂടി പരിഗണിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ശംഖുമുഖത്തെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. നിർമ്മാണ പ്രവർത്തനങ്ങളുടെ കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കും. ശംഖുമുഖത്തിന്റെ വികസനത്തിനായി ഈ പറഞ്ഞ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയും. മെഡിക്കൽ ടൂറിസവുമായി ബന്ധപ്പെട്ട മേഖലയിൽ നമ്മൾ ഇപ്പോൾ ഇടപെടുന്നുണ്ട്. പക്ഷേ, അതിന്റെ സാധ്യതകൾ അനന്തമാണ്. ആയുർവേദവുമായും മോഡേൺ മെഡിസിനുമായും ബന്ധപ്പെട്ട് നിരവധി സാധ്യതകളുണ്ട്. നമ്മുടെ ചികിത്സാ രീതികളുമായി ബന്ധപ്പെട്ടും സാധ്യതകളുണ്ട്. ആ സാധ്യതകൾ പ്രയോജനപ്പെടുത്തണം എന്നുതന്നെയാണ് സർക്കാരിന്റെ അഭിപ്രായം. മറ്റ് രാജ്യങ്ങളിലുള്ളതിനേക്കാൾ ചെലവ് കുറഞ്ഞ ചികിത്സാ രീതികൾ കേരളത്തിലുണ്ട്. ഇത് മാർക്കറ്റ് ചെയ്യാൻ കഴിയുന്ന രീതിയിലുള്ള ആലോചനകളും സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ജെ. മാക്സി: സർ, ടൂറിസത്തിന്റെ ഒരു പ്രധാന ഭാഗമാണ് ആവശ്യമായ താമസ സൗകര്യം. ഹോം സ്റ്റേകളാണ് നമ്മുടെ പ്രദേശത്ത് സാധാരണയായി നിലനിൽക്കുന്നത്. അനധികൃത ഹോം സ്റ്റേകൾ ധാരാളമുണ്ട്. അനധികൃത ഹോം സ്റ്റേകൾ നിരോധിക്കാനോ അംഗീകൃത ഹോം സ്റ്റേകൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനോ സർക്കാർ എന്താണ് ചെയ്യാനുദ്ദേശിക്കുന്നത്?

ശ്രീ. എ. സി. മൊയ്തീൻ: സർ, ക്ലാസ്സിഫിക്കേഷൻ അനുസരിച്ചുള്ള സൗകര്യങ്ങളുള്ളതും തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതിയോടുകൂടിയുള്ളതുമായ ഹോം സ്റ്റേകളെ സഹായിക്കുന്ന നിലപാടാണ് ടൂറിസം വകുപ്പ് സ്വീകരിക്കുന്നത്. അനധികൃത ഹോം സ്റ്റേകളുണ്ടെങ്കിൽ അക്കാര്യം ജില്ലയിലെ ഉദ്യോഗസ്ഥൻമാരുമായി ബന്ധപ്പെട്ട് പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ട്. കൂടുതൽ എന്തെങ്കിലും പ്രത്യേക ആക്ഷേപം ആ കാര്യവുമായി ബന്ധപ്പെട്ട് ഉണ്ടെങ്കിൽ സർക്കാർ പരിശോധിക്കും.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വിദേശ ടൂറിസ്റ്റുകളുടെ ആഗമനത്തിന്റെ കുറവിൽ പ്രധാനമായും പറയുന്ന ഒരു കാരണം അവരുടെ സുരക്ഷിതത്വവുമായി ബന്ധപ്പെട്ടതാണ്. ടൂറിസ്റ്റുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി നിലവിലുള്ള നിയമത്തിനുപുറമേ മറ്റെന്തെങ്കിലും നിയമനിർമ്മാണംകൂടി നടത്താൻ ആഗ്രഹിക്കുന്നുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, സംസ്ഥാനത്ത് എത്തപ്പെടുന്ന വിദേശ ടൂറിസ്റ്റുകളായാലും ആഭ്യന്തര ടൂറിസ്റ്റുകളായാലും അവരുടെ സംരക്ഷണം ഉറപ്പുവരുത്താനുള്ള ബാധ്യത സംസ്ഥാനത്തിനുണ്ട്. അക്കാര്യങ്ങൾ ഗൗരവപൂർവ്വം സർക്കാർ പരിഗണിക്കും.

ശ്രീ. ബി. ഡി. ദേവസ്സി: സർ, പ്രതിവർഷം 10 ലക്ഷത്തിലേറെ ടൂറിസ്റ്റുകളാണ് അതിരപ്പിള്ളി, വാഴച്ചാൽ, തുമ്പൂർമുഴി തുടങ്ങിയ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ എത്തിച്ചേരുന്നത്. പാർക്കിംഗ്, താമസസൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും അവിടെ ഏർപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഇതിന് വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. വനം, പഞ്ചായത്ത്, പി.ഡബ്ല്യു.ഡി., കെ.എസ്.ഇ.ബി., ടൂറിസം തുടങ്ങിയ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് പ്രസ്തുത പ്രദേശത്തെ വികസനം ത്വരിതപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ; അതുപോലെ തന്നെ ഈ വികസനംവഴി ആദിവാസികളടക്കമുള്ള ജനവിഭാഗങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഏറ്റവും മനോഹരമായ പ്രദേശങ്ങളിലൊന്നായി അതിരപ്പിള്ളി ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ വികസിച്ചുവരികയാണ്. അവിടത്തെ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റിയും മാതൃകാപരമായ പ്രവർത്തനമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പക്ഷേ അവിടെ വികസനത്തിനാവശ്യമായ ഭൂമി ടൂറിസം വകുപ്പിന്റേയോ മറ്റോ കൈവശമില്ലെന്നുള്ളതാണ് പ്രധാന പ്രശ്നം. വനമേഖലയാണത്, വനനിയമവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ട്. ഈ പ്രശ്നം വാഹനങ്ങളുടെ പാർക്കിംഗിനും താമസസൗകര്യം ഒരുക്കുന്നതിനും തടസ്സം സൃഷ്ടിക്കുന്നുണ്ട്. വനം വകുപ്പുമന്ത്രിയുമായി ആലോചിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരുടെ സഹായത്തോടുകൂടി ഇത്തരം പ്രശ്നങ്ങൾ ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് ചെയ്യേണ്ടതുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഈ വിഷയം ചർച്ച ചെയ്യണമെന്നാണ് തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. പാറക്കൽ അബ്ദുള്ള: സർ, സംസ്ഥാനത്തിന്റെ ടൂറിസം മേഖലയിൽ മലബാർ പ്രദേശം ഇപ്പോഴും ഏറെ പിന്നിലാണ്. ചില ഒറ്റപ്പെട്ട പദ്ധതികളുണ്ട് എന്നതല്ലാതെ എടുത്തു പറയത്തക്ക ടൂറിസം പദ്ധതികളൊന്നും അവിടെയില്ല. ഈ സാഹചര്യത്തിൽ മലബാർ മേഖലയിലെ ടൂറിസം പദ്ധതികളെ പരിപോഷിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും പ്രത്യേക പാക്കേജിന് രൂപം നൽകുമോ; കൂട്ടത്തിൽ എന്റെ മണ്ഡലത്തിലെ തിരുവള്ളൂർ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന തുരുത്തി ജല ഗതാഗതത്തിനും ഇക്കോ ടൂറിസത്തിനും സാധ്യതയുള്ളതും പ്രകൃതി കനിഞ്ഞരുളിയതുമായ പ്രദേശമാണ്. എന്തെങ്കിലുമൊരു ടൂറിസം പദ്ധതി അവിടെ അനുവദിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഈ വർഷത്തെ ബഡ്ജറ്റ് പരിശോധിച്ചാൽ മലബാർ മേഖലയ്ക്ക് അർഹമായ പരിഗണന കിട്ടിയിട്ടുണ്ടെന്നുകാണാം. തലശ്ശേരിയിലെ പൈതൃക പദ്ധതിക്കും ധർമ്മടവുമായും വയനാടുമായും ബന്ധപ്പെട്ട ടൂറിസം പദ്ധതികൾക്കും അവയുടെ സാധ്യകൾ പ്രയോജനപ്പെടുത്താൻ ആവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പദ്ധതി സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

ശ്രീ. കെ. രാജൻ: സർ, തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി മുതൽ വാഴാനി വരെയുള്ള പ്രദേശം ടൂറിസ്റ്റ് പദ്ധതികളുടെ ഒരു കേന്ദ്രമാണ്. അതിരപ്പിള്ളി, ചിമ്മിനി ഡാം, പുത്തൂരിലെ സുവോളജിക്കൽ പാർക്ക്, പീച്ചി, വാഴാനി തുടങ്ങിയ പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളാണിവിടെയുള്ളത്. ശ്രീ. ബി. ഡി. ദേവസ്സി എം.എൽ.എ. ചോദിച്ചതുപോലെ എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ചുകൊണ്ട് ഒരു ടൂറിസ്റ്റ് കോറിഡോർ എന്ന നിലവാരത്തിലേക്ക് പ്രസ്തുത പ്രദേശത്തെ ഉയർത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, പീച്ചിയുടെയും വാഴാനിയുടെയും സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി റോഡ് വികസനമടക്കമുള്ള പശ്ചാത്തല സൗകര്യ വികസനത്തിന് ഈ ബഡ്ജറ്റിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രദേശവുമായി ബന്ധപ്പെട്ട് ടൂറിസ്റ്റുകളെ എത്തിക്കുന്നതിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ പരിഗണന നൽകുന്നതാണ്.

ശ്രീ. കെ. എം. ഷാജി: സർ, കണ്ണൂർ ജില്ലയിലെ കൈത്തറി മേഖലയെക്കൂടി ലക്ഷ്യമിട്ടുകൊണ്ടാണ് ഹാന്റ്ലൂം വില്ലേജിന്റെ പണി നടന്നുകൊണ്ടിരിക്കുന്നത്. നാലരക്കോടി രൂപയുടെ പദ്ധതിയാണവിടെ നടക്കുന്നത്. അതിന്റെ ഒന്നാംഘട്ടം പൂർത്തീകരിച്ചു. രണ്ടാംഘട്ടം വർക്കുകൾ നന്നായി നടക്കുന്നുണ്ട്. അതിനോട് ചേർന്ന് ഒരു മ്യൂസിയംകൂടി സ്ഥാപിക്കുന്ന കാര്യം പ്രസ്തുത പ്രോജക്ടിൽ ഉൾക്കൊള്ളിച്ചിരുന്നു. കൈത്തറിയുടെ സമുദ്ധാരണം നമ്മുടെ ലക്ഷ്യമായിരിക്കുന്നതുകൊണ്ട് അതിനെക്കുറിച്ച് ആലോചിക്കാൻ താൽപര്യമുണ്ടാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, പ്രാദേശികോൽപ്പന്നങ്ങളുടെ സാധ്യതകളെ ആഭ്യന്തര/വിദേശ ടൂറിസ്റ്റുകൾക്ക് പരിചയപ്പെടുത്താനും ആ സാധ്യതകളെ നമുക്കു പ്രയോജനപ്പെടുത്താനും കഴിയുന്ന പദ്ധതികൾ ഇപ്പോഴുണ്ട്. കൈത്തറിയുടെ കാര്യത്തിൽ സർക്കാർ കാണിക്കുന്ന താൽപ്പര്യം ബഡ്ജറ്റിൽക്കൂടി വന്നിട്ടുണ്ട്. കൈത്തറി മേഖലയിലുള്ള ഇത്തരം സാധ്യതകളെ ആഭ്യന്തരവും വിദേശീയവുമായിട്ടുള്ള ടൂറിസ്റ്റുകൾക്കായും ടൂറിസത്തിന്റെ വികസനത്തിനായും പ്രയോജനപ്പെടുത്താനാകും. അങ്ങ് പറഞ്ഞ കാര്യം പ്രത്യേകമായി പരിശോധിക്കേണ്ടതാണ്.

ശ്രീ. കെ. കുഞ്ഞിരാമൻ: സർ, കേരളത്തിനകത്തും പുറത്തും അറിയപ്പെടുന്ന പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രമാണ് കാസർഗോഡ് ജില്ലയിലെ ബേക്കൽ. അതിന് വേണ്ടത്ര പരിഗണന നൽകുന്നില്ല എന്നുള്ള പരാതി വ്യാപകമായി വരികയാണ്. അവിടെ KTDC-യുടെ നാലഞ്ച് ക്വാർട്ടേഴ്സ് പണിതിട്ടിരിക്കുകയാണ്. അതുമുഴുവൻ നശിച്ചുകൊണ്ടിരിക്കുകയാണ്; നാഥനില്ലാത്തതുപോലെ തകർന്നുകൊണ്ടിരിക്കുകയാണ്. അതിനെ സംരക്ഷിക്കാനും ബേക്കൽ ടൂറിസം പദ്ധതിയെ പുനരുദ്ധരിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ : സർ, ബേക്കൽ പദ്ധതിയുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് പൂർത്തീകരിച്ചു. സ്വകാര്യ സംരംഭകരിൽ ചിലർ സമീപിച്ചിട്ടുണ്ട്. താജ് ഗ്രൂപ്പിന്റെ ഹോട്ടലും അതുപോലെത്തന്നെയുള്ള ചില സ്ഥാപനങ്ങളും അവരുടെ താൽപര്യം അറിയിച്ചിട്ടുണ്ട്. കോട്ടേജുകൾ പണിതീരുന്നെങ്കിലും സാങ്കേതിക പിഴവുകൾമൂലം വർഷകാലമായപ്പോൾ അതിൽ ചില പ്രശ്നങ്ങളുണ്ടായിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ബേക്കൽ ടൂറിസം പദ്ധതിയുടെ പുനരുദ്ധാരണത്തിനും വികസന പ്രവർത്തനങ്ങൾക്കുമായി ഈ വർഷത്തെ ബഡ്ജറ്റിലും തുക നീക്കിവച്ചിട്ടുണ്ട്. അക്കാര്യത്തിൽ പ്രത്യേക ശ്രദ്ധയുണ്ടാകും.

മി. സ്പീക്കർ: കേരളം മുഴുവൻ ഒരു ടൂറിസ്റ്റ് കേന്ദ്രമായതുകൊണ്ട് എല്ലാവരും ഉപചോദ്യങ്ങൾ ആവശ്യപ്പെടുകയാണ്. 23 മിനിട്ടായിക്കഴിഞ്ഞു. ഒരുപാട് ഉപ ചോദ്യങ്ങൾക്ക് വളരെ പെട്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞിട്ടുണ്ട്. നന്ദി.

## പൊതുമേഖലാ വ്യവസായ യൂണിറ്റുകൾ

2(*182) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എസ്. ശർമ്മ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായ യൂണിറ്റുകൾ പുനരുദ്ധരിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും പ്രത്യേക പരിഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ;

(ബി) വ്യവസായ-കരകൗശല മേഖലകളിൽ സത്വരവും ഊർജ്ജസ്വലവുമായ വളർച്ചയ്ക്ക് സഹായകരമാകുന്നതിനും കാര്യക്ഷമവും അനുകൂലവുമായ സാഹചര്യം സൃഷ്ടിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ,

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിലായ ഓരോ സ്ഥാപനത്തേയും ലാഭകരമാക്കുന്നതിനും ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലാഭം ദീർഘകാലത്തേക്ക് ഉറപ്പു വരുത്തുന്നതിനും കൂടുതൽ തൊഴിൽ സാധ്യതകൾ സൃഷ്ടിച്ചെടുക്കുന്നതിനുംവേണ്ട നടപടികൾ സർക്കാർ സ്വീകരിക്കുന്നതാണ്. ഈ നടപടികൾ അതിവേഗത്തിൽ നടപ്പിലാക്കുന്നതിനു വേണ്ടി പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുനഃസംഘടിപ്പിക്കുകയും ഇതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 42 സ്ഥാപനങ്ങളുടെയും പ്രാഥമിക അവലോകന യോഗങ്ങൾ റിയാബ് ചെയർമാന്റെ നേതൃത്വത്തിൽ നടന്നുകഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനത്തിന്റെയും കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടി ആധുനികവൽക്കരണം നടപ്പിലാക്കണം. അവയുടെ വിപുലീകരണം, ഉൽപ്പാദനം, വൈവിധ്യവൽക്കരണം ഉൾപ്പെടെ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് വ്യക്തമായ നയങ്ങൾ രൂപീകരിച്ചു വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ നിയമസഭാ സമ്മേളനത്തിനുശേഷം ഓരോ വ്യവസായ സ്ഥാപനവുമായി ബന്ധപ്പെട്ട് പ്രത്യേക യോഗങ്ങൾ വിളിച്ചുചേർത്ത് ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള സത്വര നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു വരികയാണ്.

(ബി) കരകൗശല മേഖലയിൽ സത്വരവും ഊർജ്ജസ്വലവുമായ വളർച്ചയ്ക്കും അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനുമായി സർക്കാർ ക്രിയാത്മകമായ നടപടികൾ സ്വീകരിച്ചുവരുന്നു. കരകൗശലത്തൊഴിലാളികളുടെ ഉന്നമനത്തിനായി കരകൗശല വ്യവസായ ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കരകൗശല മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കേരള കരകൗശല വികസന കോർപ്പറേഷൻ കരകൗശലത്തൊഴിലാളികൾ നിർമ്മിക്കുന്ന കരകൗശല ഉൽപ്പന്നങ്ങൾ വാങ്ങി കോർപ്പറേഷന്റെ വിൽപ്പന ശാലകൾവഴി വിറ്റഴിക്കുന്നു. കരകൗശലത്തൊഴിലാളികൾക്ക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സൗകര്യങ്ങൾ പൊതുസേവനകേന്ദ്രംവഴി നിർവ്വഹിച്ചുവരികയാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ

സഹായത്തോടെ എക്സിബിഷനുകൾ, ക്രാഫ്റ്റ് ബസാറുകൾ, അതുപോലെത്തന്നെ പ്രത്യേക ടൂറിസം സമയങ്ങളിൽ പ്രത്യേകമായിട്ടുള്ള വിൽപ്പന കേന്ദ്രങ്ങൾ എന്നിവ സംഘടിപ്പിച്ചുകൊണ്ട് ഇതിന്റെ വിപണനം ശക്തിപ്പെടുത്തുകയാണ്. കരകൗശല തൊഴിലാളികളുടെ ഉൽപ്പന്നങ്ങൾ നേരിട്ട് വിപണനം നടത്തുന്നതിനുള്ള സാഹചര്യവും ഒരുക്കിക്കൊടുക്കുന്നുണ്ട്. ദേശീയ പിന്നാക്ക വിഭാഗ സാമ്പത്തിക വികസന കോർപ്പറേഷന്റെ സഹായത്തോടെ കരകൗശലത്തൊഴിലാളികൾക്ക് കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കിവരുന്നു. കരകൗശലത്തൊഴിലാളികൾക്കായി വിവിധ പരിശീലന പരിപാടികൾ കോർപ്പറേഷൻ നടത്തിവരുന്നു. കരകൗശല തൊഴിലാളികൾക്ക് കൂട്ടായി പ്രവർത്തിക്കുന്നതിനുവേണ്ടി ആധുനിക ശാസ്ത്രസാങ്കേതിക രംഗത്തെ ഫലപ്രദമായി ഉപയോഗപ്പെടുത്തി മെച്ചപ്പെട്ട ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയിട്ടുള്ള കൂട്ടായ സംരംഭത്തിനും ഗവൺമെന്റ് രൂപം നൽകിവരികയാണ്. കാര്യക്ഷമമായ നിലയിൽത്തന്നെ കരകൗശല വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ സജ്ജമാക്കിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, ഇപ്പോൾ മറുപടിയിൽ പറഞ്ഞ കാര്യങ്ങൾ തീർച്ചയായിട്ടും സ്വാഗതാർഹമാണ്. കൂടാതെ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ശരാശരി ലാഭം 202.42 കോടി രൂപായിരുന്നു. അതേസമയം കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പൊതുമേഖലാസ്ഥാപനങ്ങളിലെ ശരാശരി നഷ്ടം 645.96 കോടി രൂപയായിരുന്നു. എൽ.ഡി.എഫ്. സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലേക്കും കൂടുതൽ തൊഴിലവസരങ്ങളിലേക്കും അതുവഴി വ്യവസായ പുരോഗതിയിലേക്കും നയിക്കുമ്പോൾ യു.ഡി.എഫ്. സർക്കാരിന്റെ തെറ്റായ നയങ്ങൾമൂലം ഈ സ്ഥാപനങ്ങളൊക്കെ അടച്ചുപൂട്ടലിലേക്കും കടക്കെണിയിലേക്കും തൊഴിൽ നഷ്ടത്തിലേക്കുമാണ് പോയത്. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നിലവിലുള്ള മാനേജ്മെന്റിന്റെ പിടിപ്പുകേടുകാരണം പല സ്ഥാപനങ്ങളും നഷ്ടത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ശ്രീ. വി. കെ. സി. മമ്മത് കോയ പറഞ്ഞതു പോലെ കേരളത്തിൽ ലാഭത്തിലായിരുന്ന പല പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളും കഴിഞ്ഞ അഞ്ചുവർഷക്കാലംകൊണ്ട് നഷ്ടത്തിലായിരിക്കുകയാണ്. അതിനുമുൻപുണ്ടായിരുന്ന എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ഏതാണ്ട് 18 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിച്ചിരുന്നു. എന്നാലിപ്പോൾ ലാഭകരമെന്ന് പറയുന്നവയുടെ എണ്ണംതന്നെ പത്തിലേക്ക് ചുരുങ്ങിയിരിക്കുകയാണ്. ഈ വ്യവസായ സ്ഥാപനങ്ങളെല്ലാം നഷ്ടത്തിലേക്ക് വരുന്നതിന് ഒട്ടനവധി കാരണങ്ങളുണ്ട്. ഒന്ന്, നമ്മുടെ രാജ്യം ഇന്ന്

അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രശ്നവും ആഗോളവൽക്കരണ നയവുമാണ്. അതുപോലെതന്നെയാണ് കയറ്റുമതിക്കുള്ള സാധ്യതകൾ കുറഞ്ഞതും ഇറക്കുമതി വൻതോതിൽ വർദ്ധിച്ചതും. ഇതിനുപുറമേ നമ്മുടെ വ്യവസായ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നം ശക്തമായ ഒരു മാനേജ്മെന്റ് ഈ സ്ഥാപനങ്ങൾക്കില്ല എന്നുള്ളതാണ്. സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകാൻ പ്രാപ്തരല്ലാത്ത മാനേജ്മെന്റ് ഈ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. കെടുകാര്യസ്ഥതയും ദുർവിനിയോഗവും അഴിമതിയുമാണ് പല സ്ഥാപനങ്ങളിലും കൊടികുത്തി വാഴുന്നത്. കഴിഞ്ഞ ദിവസങ്ങളിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഒരു സ്ഥാപനത്തെക്കുറിച്ചുള്ള വിജിലൻസ് അന്വേഷണത്തിന് കർശനമായ നിലപാട് സ്വീകരിച്ചിരിക്കുകയാണ്. ഇത് കേരളത്തിലെ വ്യവസായ രംഗത്തിനുതന്നെ അപമാനം സൃഷ്ടിച്ചിരിക്കുകയാണ്. അതുകൊണ്ട് ഒരു പവർഫുൾ മാനേജ്മെന്റ് എല്ലാ വ്യവസായ ശാലകളിലുമുണ്ടാകണമെന്ന് ഗവൺമെന്റ് ആഗ്രഹിക്കുകയാണ്. റിയാബിന്റെ പ്രഥമ പരിശോധനയുടെ അടിസ്ഥാനത്തിൽ ഒരു പ്രൊഫഷണൽ മാനേജ്മെന്റ് സ്ഥാപനത്തിനുണ്ടാകണമെന്നാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത്. സ്ഥാപനം നടത്തുന്ന എം.ഡി. പ്രാപ്തനായിരിക്കണം. അതുകൊണ്ടുതന്നെ പൊതുവെ പ്രാപ്തരായിട്ടുള്ള വ്യക്തികളെ കണ്ടെത്താനും പ്രാപ്തരായിട്ടുള്ള മാനേജ്മെന്റ് സൃഷ്ടിച്ചെടുക്കാനും പ്രൊഫഷണൽ മാനേജ്മെന്റ് സ്ഥാപിക്കാനും ഇപ്പോൾ അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. അത് പരിശോധിച്ച് എല്ലാ സ്ഥാപനങ്ങളെയും മെച്ചപ്പെടുത്തിയെടുക്കാനുള്ള ശക്തമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും. എല്ലാ കെടുകാര്യസ്ഥതയും അവസാനിപ്പിച്ചുകൊണ്ട് 42 പൊതുമേഖലാ സ്ഥാപനങ്ങളെയും വരുന്ന 5 വർഷക്കാലത്തിനുള്ളിൽ ലാഭകരമാക്കിത്തീർക്കുക എന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. അതുതന്നെയാണ് ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാട്. അതുണ്ടാകാനാണ് ശ്രമിച്ചു കൊണ്ടിരിക്കുന്നത് എന്നകാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ 10 പൊതുമേഖലാ സ്ഥാപനങ്ങൾ പുതുതായി ആരംഭിച്ചു. മുഴുവൻ സ്ഥാപനങ്ങളും ലാഭത്തിലാണ് പ്രവർത്തിച്ചിരുന്നത്. അവയിൽ ഇപ്പോൾ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ട്; കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഏതെങ്കിലും പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ഇത് പരിശോധിച്ച് പറയേണ്ട ഒരു വിഷയമാണ്. കഴിഞ്ഞ കാലങ്ങളിൽ പ്രവർത്തിച്ചിരുന്ന ഒട്ടനവധി സ്ഥാപനങ്ങൾ ഇപ്പോൾ നിലവിലില്ലാത്ത അവസ്ഥയിലെത്തിക്കഴിഞ്ഞിട്ടുണ്ട്. ഓരോ വ്യവസായത്തെ കുറിച്ചും വിശദമായി പരിശോധിക്കേണ്ടതുണ്ട്.

ശ്രീ. എസ്. ശർമ്മ: സർ, ഇപ്പോൾ കേരളത്തിലുള്ള 42 പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രാഥമികമായിട്ടുള്ള റിവ്യൂ റിയാബ് നടത്തുകയുണ്ടായി എന്നാണ് മനസ്സിലാക്കുന്നത്. സമഗ്രമായ വികസനം ലക്ഷ്യംവച്ച് എല്ലാ സ്ഥാപനങ്ങളെയും ലാഭത്തിലാക്കുക എന്നതാണ് ഗവൺമെന്റിന്റെ കാഴ്ചപ്പാട്. കൊച്ചിൻ റിഫൈനറിയുടെ പെട്രോ കെമിക്കൽസ് പ്രോജക്ട് കമ്മീഷൻ ചെയ്യുന്നതിനുമുമ്പുതന്നെ പാരിസ്ഥിക ആഘാത പഠനമടക്കമുള്ള നിരവധി പരിശോധനകൾ നടത്തേണ്ടതുണ്ട്. 2018-ൽ പെട്രോ കെമിക്കൽസ് പ്രോജക്ട് കമ്മീഷൻ ചെയ്യുമ്പോൾത്തന്നെ അനുബന്ധ പ്രോജക്ടുകൾകൂടി കൊണ്ടുവരാൻ കഴിയുന്ന വിധത്തിൽ, പതിനായിരക്കണക്കിന് തൊഴിൽരഹിതർക്ക് ജോലി ലഭിക്കാൻ കഴിയുന്ന സാധ്യതകൂടി പ്രയോജനപ്പെടുത്തി റിയാബും കെ.എസ്.ഐ.ഡി.സി.-യും അതിന് നേതൃത്വം കൊടുത്തുകൊണ്ട് ഒരു പരിശോധന നടത്താനും ആയതിന് മുൻകൈ എടുക്കാനും ഗവൺമെന്റ് നേതൃത്വം നൽകുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, പെട്രോ കെമിക്കൽസ് 2018-ൽ പ്രവർത്തനക്ഷമമാകുമെന്നാണ് ഇപ്പോൾ വ്യക്തമാക്കിയിട്ടുള്ളത്. അനുബന്ധ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി പെട്രോ കെമിക്കൽസിന്റെ ഉന്നത ഉദ്യോഗസ്ഥരുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ പ്രാഥമികമായ ചർച്ച നടത്തിക്കഴിഞ്ഞിട്ടുണ്ട്. ഒരു പ്രോഡക്ടിൽ നിന്ന് ഒട്ടനവധി ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള സാധ്യതയുമുണ്ട്. ശാസ്ത്രസാങ്കേതികരംഗത്തെ പുതിയ ടെക്നോളജി ഉപയോഗിച്ചുകൊണ്ട് ഒട്ടനവധി വ്യവസായങ്ങൾക്ക് സാധ്യതയുണ്ട്; അതുപോലെ തന്നെ തൊഴിൽ സാധ്യതകളുമുണ്ട്. അതിനുള്ള എല്ലാ ശ്രമങ്ങളും സർക്കാർ നടത്തിക്കൊണ്ടിരിക്കുകയാണ്. അത്തരത്തിലുള്ള സംരംഭങ്ങൾ ആരംഭിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ ശ്രദ്ധ പതിഞ്ഞിട്ടുണ്ട്.

ശ്രീ. സി. കൃഷ്ണൻ: സർ, കണ്ണൂർ ജില്ലയിലെ ഏക സംസ്ഥാന പൊതുമേഖലാ സ്ഥാപനമാണ് പാപ്പിനിശ്ശേരി കേന്ദ്രമാക്കിയുള്ള കേരള ക്ലേ ആന്റ് സിറാമിക്സ്. 2012-13 വരെ തുടർച്ചയായി 25 വർഷക്കാലം ലാഭകരമായി ആ സ്ഥാപനം പ്രവർത്തിക്കുകയും സർക്കാരിലേക്ക് ലാഭവിഹിതം നൽകുകയും ചെയ്തു. ഇടക്കാലത്ത് ആ സ്ഥാപനവുമായി ബന്ധപ്പെട്ടുള്ള ക്ലേ മൈനിംഗും അതിന്റെ പ്രോസസ്സിംഗും ചില ഇടപെടലുകളെത്തുടർന്ന് ഗവൺമെന്റ് നിർത്തിവച്ചു. അതിനെത്തുടർന്ന് പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനം സ്തംഭനാവസ്ഥയിലാണ്, തൊഴിലാളികൾ തൊഴിൽ രഹിതരാണ്. ഈ പൊതുമേഖലാ സ്ഥാപനത്തെ സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, കണ്ണൂരിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ ക്ലേ ആന്റ് സിറാമിക്സ് എന്നത് പഴയ ചൈനാക്ലേ ഫാക്ടറിയാണ്. അതിന്റെ പ്രധാനപ്പെട്ട മൈനിംഗ് കേന്ദ്രം പഴയങ്ങാടിയിലും കാസർഗോഡ് ജില്ലയിലെ കരിന്തളത്തുമാണ്. ഈ രണ്ട് സ്ഥാപനങ്ങളും ഇന്ന് പ്രവർത്തിക്കാൻ കഴിയാത്ത സ്ഥിതിയിലാണ്. പഴയങ്ങാടി ചൈനാ ക്ലേ മൈനിംഗ് കേന്ദ്രം പൂട്ടിക്കിടക്കുകയാണ്. അതുപോലെതന്നെ നീലേശ്വരത്തും കരിന്തളത്തുമുള്ള ക്ലേ മൈനിംഗും സ്തംഭിച്ചിരിക്കുകയാണ്. വളരെക്കാലമായി അവിടെ ബഹുജന പ്രക്ഷോഭങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഈ രണ്ട് സ്ഥലങ്ങളിലും ഇനി മൈനിംഗ് നടത്താൻ കഴിയാത്ത സ്ഥിതി വന്നിരിക്കുകയാണ്. പഴയങ്ങാടിയിൽ 267 തൊഴിലാളികളും കരിന്തളത്തെ 30-35 തൊഴിലാളികളുമടക്കം ഏകദേശം 300 പേരാണ് ഈ സ്ഥാപനങ്ങളിലുണ്ടായിരുന്നത്. ഈ സ്ഥാപനങ്ങളിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിനായി പുതിയ സംരംഭങ്ങളിലേക്ക് കടക്കുന്നതിനാണ് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. അതിനുവേണ്ടിയുള്ള ഒരു പുതിയ പ്രോജക്ടിന് രൂപം നൽകിയിട്ടുണ്ട്. പ്ലാനിംഗ് ബോർഡും ധനകാര്യ വകുപ്പും ആ പ്രോജക്ടിന് അംഗീകാരം നൽകിയിട്ടുണ്ട്. മൈനിംഗ് നടത്താനും ചൈനാ ക്ലേ ഫാക്ടറി പ്രവർത്തിപ്പിക്കാനും സാധിക്കുകയില്ല. വെടിവച്ചും ആളുകളെ ആക്രമിച്ച് കൊലപ്പെടുത്തിയും മുന്നോട്ടുപോകാൻ ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. നല്ലൊരു അന്തരീക്ഷമാണ് ഉണ്ടാക്കിയെടുക്കാൻ ആഗ്രഹിക്കുന്നത്. ആ സ്ഥാപനത്തെ ഒരു പുതിയ സംരംഭത്തിലേക്ക് കൊണ്ടുപോകാനാണ് ഉദ്ദേശിക്കുന്നത്. ഡയറി ഡെവലപ്മെന്റാണ് പുതിയ സംരംഭം. ഈ പ്രോജക്ടനുസരിച്ച് 600-ലധികം പശുക്കളെ വളർത്തുക, പാൽ സംഭരിക്കുക, കൃഷി ചെയ്യുക, കാലിത്തീറ്റ നിർമ്മാണ ഫാക്ടറിയുണ്ടാക്കുക, അവയ്ക്കുവേണ്ടി കേരളത്തിലെ സംരംഭങ്ങളെ ഉപയോഗപ്പെടുത്തുക, കേരളത്തിൽ പാൽ വിതരണ കേന്ദ്രങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയവ വന്നാൽ ആയിരം പേർക്ക് തൊഴിൽ കൊടുക്കാനുള്ള സാധ്യതയുണ്ട്. ആ പ്രോജക്ട് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. മൈനിംഗ് രംഗത്തുള്ള ഇന്നത്തെ പ്രത്യേക സ്ഥിതി കണക്കിലെടുത്ത് നേരത്തെ തന്നെ ഇതിന് രൂപം നൽകിക്കഴിഞ്ഞിട്ടുണ്ട്. ഈ സംരംഭം വേഗത്തിൽ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: സർ, കാര്യക്ഷമവും അഴിമതി രഹിതവുമായ പ്രവർത്തനങ്ങൾ ഉണ്ടായാൽ മാത്രമേ പൊതുമേഖലാ സ്ഥാപനങ്ങൾ വ്യവസായ പുരോഗതിയിലേക്ക് എത്തിച്ചേരുകയുള്ളൂ. പൊതുമേഖലയിൽ പ്രവർത്തിക്കുന്ന പല ഉദ്യോഗസ്ഥരും വിജിലൻസ് അന്വേഷണം നേരിടുകയാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എങ്കിൽ വിജിലൻസ് അന്വേഷണം നേരിടുന്ന ഉയർന്ന ഉദ്യോഗസ്ഥരെ തൽസ്ഥാനത്തുനിന്നും നീക്കം ചെയ്യുന്ന കാര്യം പരിഗണിക്കുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ തന്നെ ചില വലിയ സ്ഥാപനങ്ങളുടെ തലപ്പത്തിരിക്കുന്നവരെ സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയർന്നുവന്നു. പ്രാഥമിക അന്വേഷണത്തിൽ അത് ശരിയാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾത്തന്നെ പലർക്കും സ്ഥാനചലനം വന്നുകഴിഞ്ഞിട്ടുണ്ട്. വിശദമായ അന്വേഷണത്തിനുവേണ്ടി വ്യവസായ വകുപ്പ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭിച്ചുകഴിഞ്ഞാൽ ചില വിജിലൻസ് അന്വേഷണങ്ങൾ നടത്തേണ്ടിവരും. അതിനാവശ്യമായ ശക്തമായ നടപടികൾ ഈ സർക്കാർ സ്വീകരിക്കും. പൊതുമേഖലാ സ്ഥാപനത്തെ തകർക്കാനോ പൊതുമുതൽ ധൂർത്തടിക്കാനോ ഈ സർക്കാർ ആരെയും അനുവദിക്കുകയില്ല എന്നതാണ് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഈ സർക്കാരിന്റെ നയം. അത് വ്യവസായ വകുപ്പ് ഫലപ്രദമായി നടപ്പിലാക്കും.

<u>ശ്രീ. പി. കെ. ശശി</u>: സർ, കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലേക്ക് നയിച്ചു. പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളുടെ ലാഭവിഹിതമെടുത്ത് 10 പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ അന്ന് തുടങ്ങിയിരുന്നു. അതിൽ പ്രധാനപ്പെട്ട സ്ഥാപനമാണ് പാലക്കാട് ജില്ലയിലെ മീറ്റർ കമ്പനി. ശ്രീ. എ. കെ. ബാലൻ മന്ത്രിയായിരുന്ന കാലത്ത് അദ്ദേഹത്തിന്റെകൂടി പ്രത്യേക താൽപ്പര്യത്തിൽ ആരംഭിച്ച മീറ്റർ കമ്പനി ഇപ്പോൾ പൂട്ടിക്കിടക്കുകയാണ്. പ്രസ്തുത മീറ്റർ കമ്പനി തുറന്നുപ്രവർത്തിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; അതുപോലെ കേരളത്തിലെ സിമന്റ് മാർക്കറ്റിൽ 10 ശതമാനമാണ് മലബാർ സിമന്റ്സിന്റെ വിഹിതം. ഇത് 20 ശതമാനമായി വർദ്ധിപ്പിക്കാൻ ഒരു ചൂളകൂടി സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, കേരളത്തിലെ സിമന്റിന്റെ ആവശ്യകതയുടെ പത്തുശതമാനം മാത്രമെ ഇവിടെ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. ഇവിടെ ഉപയോഗിക്കുന്ന സിമന്റിന്റെ തൊണ്ണൂറ് ശതമാനവും കേരളത്തിന് പുറത്തുനിന്നുള്ള കമ്പനികൾ ഉൽപ്പാദിപ്പിക്കുന്നതാണ്. നമ്മൾ ഉൽപ്പാദിപ്പിക്കുന്ന സിമന്റ് മെച്ചപ്പെട്ടതായതിനാൽ വിപണിയിൽ നല്ല മാർക്കറ്റാണ്. അതുകൊണ്ട് പത്തുശതമാനമെന്നത് ഇരട്ടിയാക്കുക എന്നുള്ള ഒരു പദ്ധതി നമ്മുടെ മുന്നിലുണ്ട്. അതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടന്നുവരികയാണ്. ട്രാവൻകൂർ സിമന്റ്സ് വൈറ്റ് സിമന്റ് ഉൽപ്പാദിപ്പിക്കുന്ന ഒരു ഫാക്ടറിയാണ്. ആ സിമന്റ് ഫാക്ടറി ഇപ്പോൾ ക്ഷയിച്ച് പ്രവർത്തനരഹിതമായി ക്കൊണ്ടിരിക്കുകയാണ്. അതുപോലെത്തന്നെ ചേർത്തലയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന മലബാർ സിമന്റിന്റെ ഒരു യൂണിറ്റുണ്ട്. ഈ മൂന്ന് സിമന്റ് നിർമ്മാണ യൂണിറ്റുകളെയും അവയുടെ പർച്ചേസിംഗും മാർക്കറ്റിംഗും പരസ്പരം ബന്ധപ്പെടുത്തിക്കൊണ്ട് സിമന്റ് വ്യവസായത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള

പ്രാഥമികമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. സിമന്റിന്റെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ ഇപ്പോൾ വിദേശത്തുനിന്നുമാണ് ഇറക്കുമതി ചെയ്യുന്നത്. പാലക്കട് കണ്ണാടിയിൽ പ്രവർത്തിച്ചിരുന്ന മീറ്റർ കമ്പനി അടച്ചുപൂട്ടേണ്ടി വന്നത് അവരുടെ ഉൽപ്പന്നമായ മീറ്ററിന്റെ ഗുണനിലവാരം കുറവാണെന്ന് ചൂണ്ടിക്കാണിച്ച് കെ.എസ്.ഇ.ബി.-യിൽനിന്നും ഒരു റിപ്പോർട്ട് വന്നതിന്റെ അടിസ്ഥാനത്തിലായിരുന്നു. യഥാർത്ഥത്തിൽ അത് ശരിയായ റിപ്പോർട്ട് ആയിരുന്നില്ല. അവർക്ക് നല്ല നിലയിൽത്തന്നെ മീറ്റർ ഉൽപ്പാദിപ്പിക്കാൻ സാധിക്കുമായിരുന്നു. ഇതുതന്നെയായിരുന്നു കൊല്ലത്ത് പ്രവർത്തിച്ചിരുന്ന മീറ്റർ കമ്പനിയുടെയും സ്ഥിതി. ഇപ്പോൾ സർക്കാർ ഇടപെട്ട് ഈ കമ്പനികളുടെ ഉൽപ്പന്നത്തിന്റെ ഗുണനിലവാരം പരിശോധിച്ചതിൽ മെച്ചപ്പെട്ട ഉൽപ്പന്നമാണ് കൊല്ലത്തുനിന്നും കണ്ണാടിയിൽ നിന്നും ഉൽപ്പാദിപ്പിച്ചിരുന്നത് എന്ന നിഗമനത്തിൽ എത്തിയിട്ടുണ്ട്. രണ്ട് സ്ഥാപനങ്ങളിലും ഉൽപ്പാദിപ്പിക്കുന്ന മീറ്ററുകളുടെ പ്രധാനപ്പെട്ട ഉപഭോക്താക്കൾ കെ.എസ്.ഇ.ബി.-യായിരുന്നു. ഇതുമായി ബന്ധപ്പെട്ട് വൈദ്യുതി വകുപ്പുമന്ത്രിയുമായി ചർച്ച നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. അദ്ദേഹവുമായി ആലോചിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ കഴിയുന്നത്ര പൊതുമേഖലാ സ്ഥാപനങ്ങളിലൂടെ തന്നെ വിതരണം നടത്തുവാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. എന്നുമാത്രമല്ല ഇതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ തയ്യാറാക്കിയിട്ടുള്ള പ്രോജക്ടനുസരിച്ച് നമ്മുടെ വീടുകളിലെ മീറ്റർ, മെയിൻ സ്വിച്ച്, ഫ്യൂസ് എന്നിവയെല്ലാം അപകടരഹിതമായ രീതിയിൽ ആകർഷകമായ ഒരു പ്രത്യേക ബോക്സിൽത്തന്നെ ഉണ്ടാക്കിയെടുക്കുകയെന്നതാണ് ഉദ്ദേശിക്കുന്നത്. വീടുകളിലും കച്ചവട സ്ഥാപനങ്ങളിലും വയറിംഗ് നടത്തുന്ന അവസരത്തിൽ ഈ ബോക്സ് വാങ്ങി അവിടെ ഫിറ്റ് ചെയ്താൽ മതിയാകും. അതിനുള്ള എല്ലാ സജ്ജീകരണങ്ങളും അതിൽ ഉണ്ടാകും. രണ്ട് കണക്ഷൻ കൊടുത്താൽ അപ്പോൾത്തന്നെ മീറ്ററും മെയിൻ സ്വിച്ചുമെല്ലാം പ്രവർത്തിക്കും. ഇലക്ട്രോണിക് സംവിധാനമെന്ന നിലയിൽ പ്രസ്തുത മീറ്ററിനെ വിപുലപ്പെടുത്തി എടുത്തുകൊണ്ട് ഒരു പുതിയ പ്രോഡക്ട് മാർക്കറ്റിലിറക്കാനും അത് മാർക്കറ്റിൽ പരമാവധി വ്യാപിപ്പിക്കാനുമുള്ള നടപടികളും ഇതിന്റെ ഭാഗമായി ആലോചിക്കുന്നുണ്ട്. തീർച്ചയായും കണ്ണാടിയിലെയും കൊല്ലത്തെയും മീറ്റർ കമ്പനികൾ മെച്ചപ്പെടുത്താൻ തന്നെയാണ് സർക്കാർ ശ്രമിക്കുന്നത്. അവയെ കാര്യക്ഷമമാക്കി മുന്നോട്ടുകൊണ്ടു പോകുന്നതിനുള്ള നടപടി സ്വീകരിക്കും.

<u>ശ്രീ സണ്ണി ജോസഫ്</u>: സർ, കേരളത്തിലെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളും പ്രവർത്തിക്കുന്നത് പട്ടണപ്രദേശങ്ങളെ കേന്ദ്രീകരിച്ചാണ്. പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും ഇവയുടെ വളർച്ചയ്ക്കും തടസ്സമായി നിൽക്കുന്നത് സ്ഥലപരിമിതിയാണ്. ഗ്രാമങ്ങളിലേക്കും ചെറുകിട പട്ടണങ്ങളിലേക്കും കൂടുതൽ വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ സർക്കാർ

പരിശ്രമിക്കുമോ? ഒരു നിയോജകമണ്ഡലത്തിൽ ഒരു വ്യവസായ പാർക്ക് എന്ന തോതിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുവാൻ സർക്കാരിന് താൽപര്യമുണ്ടോ? ഇല്ലെങ്കിൽ അതിനെക്കുറിച്ച് ആലോചിക്കുമോ? കാർഷികോൽപ്പന്നങ്ങളിൽനിന്നും മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പ്രത്യേക സംരംഭങ്ങൾക്ക് ഊന്നൽ നൽകുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, കേരളത്തിൽ എല്ലാ പഞ്ചായത്തുകളിലും ഉണ്ടായിരുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ പലതും ഇപ്പോൾ പ്രവർത്തന രഹിതമായി കിടക്കുകയാണ്. അതെല്ലാം റീ-ഓപ്പൺ ചെയ്യണം. ചില ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ചിലർക്ക് വ്യവസായത്തിനായി നൽകിയെങ്കിലും അവരത് കൈമാറ്റം ചെയ്യുകയോ ഉപയോഗിക്കാതെ കാട് കയറിയോ പ്രവർത്തനരഹിതമായോ കിടക്കുകയാണ്. ഇതുപോലുള്ള അവസ്ഥയിലാണ് കേരളത്തിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ. ഈ സർക്കാർ അധികാരത്തിൽ വന്ന് രണ്ടാഴ്ചയ്ക്കുള്ളിൽത്തന്നെ ഏതെല്ലാം പ്രദേശങ്ങളിൽ അനാഥമായി കിടക്കുന്ന വ്യവസായ പാർക്കുകളും ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളും ഉണ്ടെന്ന് മനസ്സിലാക്കി റിപ്പോർട്ട് ചെയ്യാൻ എല്ലാ വ്യവസായകേന്ദ്രം ജനറൽ മാനേജർമാർക്കും നിർദ്ദേശം നൽകുകയും അവർ അതിന്റെ കണക്ക് ശേഖരിച്ചുവരികയുമാണ്. പ്രവർത്തിക്കാതെ കിടക്കുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ പുതിയ സംരംഭകരെ ക്ഷണിച്ച് വരുത്തുവാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എല്ലാ പഞ്ചായത്തുകളിലെയും കാർഷിക വിപണന സാധ്യതയും പ്രോസസിംഗും കണക്കിലെടുക്കുന്നുണ്ട്. ചക്കയുടെ കാര്യമെടുക്കാം, അതുപോലെതന്നെ മറ്റ് പഴങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പലഹാരങ്ങളും ബേക്കറി ഉൽപ്പന്നങ്ങളും ഉൽപാദിപ്പിക്കാനുള്ള സംരംഭങ്ങൾ, നെല്ല് കുത്താനുള്ള സംരംഭങ്ങൾ, നെല്ലിന്റെ തവിട് എടുത്ത് മാർക്കറ്റ് ചെയ്യാനുള്ള സംരംഭങ്ങൾ തുടങ്ങിയ പുതിയ സംരംഭങ്ങൾ ഗ്രാമീണ മേഖലയിൽ പ്രൊമോട്ട് ചെയ്യുന്നതിനുള്ള നടപടികളും ഇതിന്റെ ഭാഗമായി നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതുപോലുള്ള ചില പ്രോജക്ടുകൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. അതുകൂടി കേരളത്തിൽ നടപ്പിലാക്കുമ്പോൾ ഇക്കാര്യങ്ങൾ കുറേക്കൂടി വ്യക്തമാകും. സർക്കാരിന്റെ കീഴിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കിൻഫ്ര, കെ.എസ്.ഐ.ഡി.സി. എന്നീ സ്ഥാപനങ്ങൾ ഗ്രാമീണ മേഖലയിൽ സ്ഥലം കണ്ടെത്തി പബ്ലിക് സെക്ടറിലും പ്രൈവറ്റ് സെക്ടറിലും തൽപ്പരരായി വരുന്ന വ്യവസായ സംരംഭകർക്ക് നൽകാനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, വ്യവസായ വകുപ്പിന്റെ കീഴിലെ ചിറ്റൂരിലുള്ള ഷുഗർ ഫാക്ടറി ഇപ്പോൾ എക്സൈസ് വകുപ്പിന്റെ കീഴിലാണ്. അവിടെ നൂറ്റിയൻപതോളം ഏക്കർ സ്ഥലമുണ്ട്. അഗ്രികൾച്ചറൽ പ്രോസസിംഗിന് സാധ്യതയുള്ള സ്ഥലമാണ്.

ബനാനയിൽ നിന്നും നെല്ലിക്കയിൽ നിന്നും ജാതിക്കാതോടിൽ നിന്നുമൊക്കെ വൈൻ ഉണ്ടാക്കാൻ സാധിക്കുന്നതാണ്. അതുപോലെ തക്കാളിയുടെ സോസ് ഉണ്ടാക്കാൻ കഴിയുന്ന സംരംഭങ്ങൾ തുടങ്ങാൻ കഴിയും. കൂടാതെ റൈസ് പാർക്കിന് സാധ്യതയുള്ള സ്ഥലവുമാണ്. അതായത് ഉമിയിൽനിന്നും സിൽക്കി ഉണ്ടാക്കിയാൽ കൃഷിക്കാർക്ക് വലിയ ലാഭവും ഗുണകരവുമായിരിക്കും. ഇതിനായി കൃഷി വകുപ്പും എക്സൈസ് വകുപ്പും വ്യവസായ വകുപ്പും സംയുക്തമായി ആലോചിച്ച് വലിയ രീതിയിലുള്ള ഒരു സംരംഭം തുടങ്ങിയാൽ കൃഷിക്കാർക്കും അവിടത്തെ കാർഷിക വിളകൾക്കും വലിയ ഗുണം ചെയ്യും. അതിനെക്കുറിച്ചും അങ്ങ് ആലോചിക്കുമോ?

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യം ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ചതിനുശേഷം എന്ത് നടപടി സ്വീകരിക്കാൻ കഴിയുമെന്ന് തീരുമാനിക്കാം. കേളത്തിന്റെ കാർഷികോൽപ്പന്നങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള പുതിയ വ്യാവസായിക സംരഭങ്ങൾക്കാണ് സർക്കാർ ഊന്നൽ നൽകുന്നതും ശ്രമിച്ചുകൊണ്ടിരിക്കുന്നതും. അതിന്റെ ഭാഗമായി കേരളത്തിലെ നെല്ലറകൾ നേരിടുന്ന പ്രധാന പ്രശ്നമായ നെല്ല് സംഭരണത്തിനും അത് കുത്തി അരിയാക്കാനുമുള്ള സാധ്യതകളെക്കുറിച്ചും ധാരാളം നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ട്. എന്നുമാത്രമല്ല പല റൈസ് മില്ലുകളും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് ഈ രംഗത്തെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി റിയാബിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായാലുടൻ നെല്ല് സംഭരിക്കാനും മുഴുവൻ കുത്തി അരിയാക്കി മാർക്കറ്റ് ചെയ്യാനും അതിന്റെ ബൈപ്രൊഡക്ട്സ് ആയ തവിട് ഉപയോഗപ്പെടുത്തി കാലിത്തീറ്റ നിർമ്മിക്കുന്നതിനും ഉമി മറ്റ് ആവശ്യങ്ങൾക്കും ഉപയോഗപ്പെടുത്താനും കഴിയും. ചക്കയുടെ കുരു കാലിത്തീറ്റയ്ക്കും കോഴിത്തീറ്റയ്ക്കും ഉപയോഗിക്കാൻ കഴിയും. പഴം ജാമാക്കി ഉപയോഗിക്കാൻ കഴിയും. അതൊക്കെ പ്രോസസ് ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്കുവേണ്ടി ശ്രമിക്കുന്നുണ്ട്. തീർച്ചയായും അതിനുള്ള ശ്രമമുണ്ടാകും.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി കേട്ട് സത്യത്തിൽ ഞാനിവിടെ അന്തിച്ച് ഇരിക്കുകയായിരുന്നു. ശ്രീ. ഇ. പി. ജയരാജൻ വ്യവസായ വകുപ്പുമന്ത്രിയായപ്പോൾ ഈ രാജ്യം എവിടെച്ചെന്ന് നിൽക്കുമെന്ന് ഞാൻ ഭയപ്പെട്ട് നിൽക്കുകയായിരുന്നു. പക്ഷെ അങ്ങയുടെ ഉത്തരം കേട്ടപ്പോൾ അങ്ങ് വളരെ നേരത്തെ വ്യവസായ വകുപ്പുമന്ത്രിയാകേണ്ട ആളായിരുന്നുവെന്ന് എനിക്ക് തോന്നിപ്പോയി. വ്യവസായത്തെപ്പറ്റി നാം ചർച്ച ചെയ്യുമ്പോൾ, കേന്ദ്ര ഗവൺമെന്റ് എപ്പോഴും നമ്മളെ കബളിപ്പിക്കുകയാണെന്ന കാര്യം ഓർക്കണം. അതിന് ഉദാഹരണങ്ങളാണ് കോച്ച് ഫാക്ടറിയും എച്ച്.എം.ടി.-യും. എച്ച്.എം.ടി.-യുടെ കാര്യമെടുക്കാം, 12 വ്യവസായ സ്ഥാപനങ്ങൾ അവിടെ തുടങ്ങുമെന്ന് പറഞ്ഞാണ്

നമ്മൾ സ്ഥലം അനുവദിച്ചത്. അതിലുള്ള മൂന്നെണ്ണം നിർത്തിയെന്ന് മാത്രമല്ല സ്ഥലം വെറുതെ കിടക്കുകയുമാണ്. ആ നിലയ്ക്ക് ഇനിയെങ്കിലും കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് കേരളവും ഇന്ത്യയുടെ ഭാഗമാണെന്ന് ബോധ്യപ്പെടുത്താനുള്ള ശക്തമായ നടപടികൾ സ്വീകരിച്ച്, പുതിയ കേന്ദ്ര സർക്കാർ സ്ഥാപനങ്ങൾ കേരളത്തിൽ കൊണ്ടുവരാൻ ശക്തമായ സമ്മർദ്ദം ചെലുത്തുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇന്റഗ്രൽ കോച്ച് ഫാക്ടറി, എഫ്.എ.സി.ടി., ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്താൻ സംസ്ഥാന സർക്കാർ സന്നദ്ധമാണെന്ന കാര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചുകഴിഞ്ഞിട്ടുണ്ട്. ഇന്റഗ്രൽ കോച്ച് ഫാക്ടറി കേന്ദ്ര സർക്കാരിന്റെ സഹായത്തോടുകൂടി മാത്രമേ നടത്തുവാൻ സാധിക്കൂ. അതിനുള്ള ഇടപെടൽ നടത്തിക്കൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ എം.പി.-മാരുടെ യോഗത്തിൽ ഈ വിഷയം ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പാർലമെന്റ് സമ്മേളനം ആരംഭിക്കുന്നതിനു മുമ്പ് എം.പി.-മാരുടെ യോഗം ചേരുന്നുണ്ട്. അവരുടെ അജണ്ടയിൽ ഈ വ്യവസായ സ്ഥാപനങ്ങൾ തുടങ്ങുന്ന കാര്യവും ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ നമുക്ക് സംരക്ഷിക്കേണ്ടതായിട്ടുണ്ട്. അതിനുള്ള എല്ലാ നടപടികളും ഇപ്പോൾ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ അങ്ങ് എന്നെ കുറിച്ച് പറഞ്ഞ നല്ല വാക്കുകൾക്ക് നന്ദി. എന്നാൽ ഞങ്ങളെ അടുത്തറിയുമ്പോൾ നിങ്ങളുടെ പല ധാരണകളും തിരുത്തേണ്ടതായി വരും.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, കോട്ടയത്തെ ട്രാവൻകൂർ സിമന്റ്സിനെ കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പരാമർശിച്ചു. ട്രാവൻകൂർ സിമന്റ്സിലെ അസംസ്കൃത വസ്തു കക്കയാണ്. കക്കയുടെ ലഭ്യത ഇപ്പോൾ കുറഞ്ഞുവരികയാണ്. അതിനാൽ ഇത് മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല. ഇതിന്റെ ഉല്പാദനരീതി മാറ്റുന്നതിനെക്കുറിച്ച് പഠിക്കാൻ ഒരു വിദഗ്ദ്ധ സമിതിയെ ഗവൺമെന്റ് നിയോഗിക്കുമോ; അതിനെക്കുറിച്ച് ആലോചിക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, എല്ലാ വ്യവസായങ്ങളെക്കുറിച്ചും പ്രത്യേകമായി പഠിച്ചുകൊണ്ടിരിക്കുകയാണ്. ട്രാവൻകൂർ സിമന്റ്സ് അസംസ്കൃത വസ്തുവായി ഉപയോഗിച്ചിരുന്നത് കക്കയാണ്. നേരത്തേ ആ വ്യവസായശാല പ്രവർത്തിച്ചത് കുട്ടനാട് കായലിലെ കക്ക മുഴുവൻ വാരിയെടുത്തുകൊണ്ടാണ്. അതിന് ചെറിയ പ്രൊഡക്ഷൻ കോസ്റ്റേ വരികയുള്ളൂ. കായലിലെ കക്ക മുഴുവൻ സംഭരിച്ചാണ് വൈറ്റ് സിമന്റ് ഉല്പാദിപ്പിച്ചിരുന്നത്. ഇപ്പോൾ കുട്ടനാട് കായൽപ്പാടങ്ങളിലൊന്നും കക്കയില്ല. കക്ക വാരുന്നതിന് കേരള സർക്കാർ എതിരല്ല. കക്കയില്ലാത്തതിനാൽ ഇപ്പോൾ വാരാൻ നിർവ്വാഹമില്ല എന്നാണ് ഞങ്ങൾക്ക് ലഭിച്ച റിപ്പോർട്ട്. അതുകൊണ്ട് ഇറക്കുമതിചെയ്യുന്ന ക്ലിങ്കർ എന്നറിയപ്പെടുന്ന ഒരുതരം ചുണ്ണാമ്പുകല്ലുപയോഗിച്ചാണ് ഇപ്പോൾ സിമന്റ്

ഉല്പാദിപ്പിക്കുന്നത്. ആ ക്ലിങ്കർ ഇറക്കുമതിചെയ്തുണ്ടാക്കുന്ന പ്രോഡക്ടായ വൈറ്റ് സിമന്റിന് മാർക്കറ്റ് താരതമ്യേന കുറവാണ്. അതുകൊണ്ട് ഗ്രേ സിമന്റിലേക്ക് പോകണോ? റോ മെറ്റീരിയൽസ് വലിയ വിലയ്ക്ക് ഇറക്കുമതി ചെയ്യുതിനാൽ പ്രസ്തുത സ്ഥാപനം ഇപ്പോൾ വലിയ നഷ്ടത്തിലാണ്. അതിൽനിന്ന് ആ സ്ഥാപനത്തെ കരകയറ്റാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതുസംബന്ധിച്ച് പഠിച്ച് തയ്യാറാക്കിയ ഒരു റിപ്പോർട്ട് വ്യവസായ വകുപ്പിന്റെ കൈവശമുണ്ട്.

മി. സ്പീക്കർ: ചോദ്യം നമ്പർ *183

**സുരക്ഷാ നിധി പദ്ധതി**

3(*183) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപങ്ങൾക്കുള്ള സുരക്ഷയ്ക്കായി പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിച്ചത്; വിവരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ) ഉണ്ട്. കേരള സഹകരണ നിക്ഷേപ ഗ്യാരണ്ടി സ്കീം 2012 എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങളിലെ/ബാങ്കുകളിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുക, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിലും രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ വരുന്നതും നിക്ഷേപം സ്വീകരിക്കുന്നതുമായ എല്ലാ സഹകരണ സംഘങ്ങളിലും ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നരലക്ഷം രൂപ വരെ ഗ്യാരണ്ടി നൽകുക, നിക്ഷേപകർക്ക് സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(സി) റിസർവ് ബാങ്കിന്റെ പരിധിയിൽ വരാത്തതും സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ വരുന്നതും നിക്ഷേപം സ്വീകരിക്കുന്നതുമായ സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്കുകൂടി ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തി, ഈ മേഖലയിലെ നിക്ഷേപകരുടെ താല്പര്യം സംരക്ഷിക്കുന്നതിനും

കൂടുതൽ വിശ്വാസം ആർജ്ജിക്കുന്നതിനും ഈ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും നിക്ഷേപരംഗത്ത് സഹകരണ മേഖലയിലുണ്ടായ വളർച്ച സ്ഥായിയായി നിലനിർത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതുവരെ 2259 സംഘങ്ങളെ/ ബാങ്കുകളെ സഹകരണ സംഘം രജിസ്ട്രാർ പ്രസ്തുത സ്കീമിൽ നോട്ടിഫൈ ചെയ്യുകയും 30-5-2016 വരെ പ്രീമിയം ഇനത്തിൽ ആകെ 76.58 കോടി രൂപ കോർപ്പസ് ഫണ്ടിലേക്ക് സമാഹരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് പറഞ്ഞതുപോലെ 2259 സംഘങ്ങളാണ് ഇപ്പോൾ സ്കീമിലുള്ളത്. കേരളത്തിലെ എല്ലാ സഹകരണ സംഘങ്ങളെയും ഈ സ്കീമിൽ ഉൾപ്പെടുത്താൻ കഴിയുമോ? അതുപോലെ ഇപ്പോൾ പരിധി നിശ്ചയിച്ചിരിക്കുന്നത് ഒന്നരലക്ഷം രൂപയാണ്, അത് ചെറിയ സംഖ്യയാണ്, നിക്ഷേപസമാഹരണത്തിന് കേരളത്തിലുള്ള സാധ്യത പ്രയോജനപ്പെടുത്തുന്നതിനായി പരിധി വർദ്ധിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, നിക്ഷേപം സ്വീകരിക്കുന്ന കുറേയേറെ സംഘങ്ങൾകൂടി ഇതിന്റെ പരിധിയിൽ വരാനുണ്ട്. അതിനുവേണ്ടിയുള്ള ശ്രമങ്ങൾ നടത്തുന്നത് സംബന്ധിച്ച തീരുമാനം എടുക്കേണ്ടിയിരിക്കുന്നു. പരിധി വർദ്ധിപ്പിക്കുന്ന കാര്യവും പ്രധാനപ്പെട്ടതാണ്. കുറെയേറെ സംഘങ്ങളിൽ സമീപ ദിവസങ്ങളിൽ തന്നെ നിക്ഷേപകർക്ക് നിക്ഷേപം നഷ്ടപ്പെടുന്ന രീതിയിലുള്ള കെടുകാര്യസ്ഥതയും അഴിമതിയുടെ ഭാഗമായിട്ടുള്ള ചില പ്രശ്നങ്ങളും റിപ്പോർട്ടുചെയ്തിട്ടുണ്ട്. സഹകരണ വകുപ്പുമന്ത്രിയെന്ന നിലയ്ക്ക് എന്റെയടുത്തും മുഖ്യമന്ത്രിയുടെ അടുത്തും ഇത്തരം ധാരാളം പരാതികൾ എത്തുകയാണ്. ഇക്കാര്യത്തിൽ അനുയോജ്യമായ എന്ത് നടപടികൾ സ്വീകരിക്കാൻ കഴിയുമെന്നുള്ളകാര്യം ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ഇവിടെ റിസർവ് ബാങ്കിന്റെ പരിധിയിൽ വരാത്തതും സഹകരണ സംഘം രജിസ്ട്രാറുടെ പരിധിയിലുള്ളതുമായ കേരളത്തിലെ പ്രാഥമിക സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാനാടിസ്ഥാനത്തിലുള്ള ഒരു നോൺ ബാങ്കിംഗ് ഏജൻസി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? അങ്ങനെയൊരു വാർത്ത വായിക്കാനിടയായി. അത് ശരിയാണോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, നയപ്രഖ്യാപന പ്രസംഗത്തിലും ബഡ്ജറ്റിന്റെ ഭാഗമായും അതിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുള്ളതാണ്. കേരള ബാങ്ക് രൂപീകരണം ഒരു ദ്വിതല സംവിധാനമാക്കി സംസ്ഥാനത്തെ ബാങ്കിംഗ് രംഗത്തെ നിക്ഷേപങ്ങളും വായ്പകളും വർദ്ധിപ്പിക്കാനുതകുന്ന രീതിയിൽ കൊണ്ടുവരിക എന്നതാണ് എൽ.ഡി.എഫ് സർക്കാരിന്റെ കാഴ്ചപ്പാട്. ഒരു സമിതിയെവച്ച് പരിശോധന നടത്തി ആവശ്യമായ ചർച്ചകൾക്കുശേഷമായിരിക്കും പദ്ധതി നടപ്പാക്കുക.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ 2259 സംഘങ്ങളെയാണ് ഇതിൽ ചേർത്തിട്ടുള്ളത്. നിക്ഷേപ സമാഹരണത്തിന്റെ ഒരു കാലഘട്ടത്തിൽ മാത്രമായി കേരളത്തിൽ ഒരു ലക്ഷം കോടി രൂപയോടടുത്തുള്ള നിക്ഷേപം നമുക്ക് കിട്ടുന്നതായിട്ടാണ് കണക്കുകളിൽനിന്ന് മനസ്സിലാകുന്നത്. ഇവിടെ പ്രീമിയമായി കൊടുത്തത് 76.58 കോടി രൂപയാണെന്ന് പറയുമ്പോൾ ആ വ്യാപ്തിയുടെ ഒരു ചെറിയ അംശത്തിൽപ്പോലും ഈ സ്കീം എത്തുന്നില്ല എന്നത് ഒരു പരമാർത്ഥമാണ്. അത് വിപുലപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതോടൊപ്പം സഹകരണ പ്രസ്ഥാനങ്ങളിൽനിന്നും വായ്പയെടുത്തിട്ടുള്ള ആളുകൾ അനുഭവിച്ചു കൊണ്ടിരിക്കുന്ന വിഷമംകൂടി പരിഗണിക്കണം. അവർ എടുത്തിരിക്കുന്ന വായ്പാത്തുക തിരിച്ചുവാങ്ങുന്നതിനുവേണ്ടിയുള്ള തീവ്രമായ ശ്രമം ഇപ്പോൾ നടന്നു കൊണ്ടിരിക്കുകയാണ്. ഇങ്ങനെ വരുമ്പോൾ പാവപ്പെട്ടവർക്ക് തുക തിരിച്ചടയ്ക്കാൻ പറ്റാത്ത സ്ഥിതിയുണ്ടാകും. അവർക്ക് താത്കാലികമായി ആശ്വാസം കൊടുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, ഈ സ്കീമിന്റെ പരിധിയിൽ നിക്ഷേപം സ്വീകരിക്കുന്ന സംഘങ്ങളെ കൊണ്ടുവരണമെന്നുള്ള കാര്യം ഞാൻ മറുപടിയിൽ സൂചിപ്പിക്കുകയുണ്ടായി. സഹകരണ മേഖലയിൽനിന്നും വായ്പയെടുത്തിട്ടുള്ള നിരവധി ആളുകൾ രോഗങ്ങളും മറ്റുംകൊണ്ട് തുക തിരിച്ചടയ്ക്കാൻ കഴിയാതെയുള്ള ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. പക്ഷേ സഹകരണ മേഖലയിലെ വായ്പകൾക്ക് പ്രത്യേകം തീരുമാനമെടുത്ത് ഇളവുചെയ്തുകൊടുക്കാൻ കഴിയുകയില്ല. അത്തരം വായ്പകളുമായി ബന്ധപ്പെട്ട കാര്യത്തിൽ ആവശ്യമായ പരിശോധന നടത്തണം. അർഹതപ്പെട്ട കേസുകളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും ആശ്വാസ് പദ്ധതിയും രോഗം വന്ന് മരിച്ചുപോയാലുള്ള റിസ്ക് ഫണ്ടുമായി ബന്ധപ്പെട്ട കാര്യങ്ങളുമുണ്ട്. സഹകരണ മേഖലയിൽനിന്നും മറ്റ് ബാങ്കുകളിൽനിന്നും വായ്പയെടുത്തിട്ടുള്ള ധാരാളം ആളുകൾ ഇതിന്റെ പ്രയാസം അനുഭവിക്കുന്നുണ്ട് എന്നുള്ള കാര്യം ഒരു വസ്തുതയാണ്. ആ പ്രശ്നം ഗൗരവപൂർവ്വം പരിശോധിക്കേണ്ടതുണ്ട് എന്നുതന്നെയാണ് സർക്കാരിന്റെ അഭിപ്രായം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, റിസർവ് ബാങ്കിന്റെ പരിധിയിൽ വരാത്ത കേരളത്തിലെ സഹകരണ സംഘങ്ങൾ പ്രാദേശികമായ ജനങ്ങളുടെ കൂട്ടായ്മകളാണ്; അവരുടെ വീട്ടുമുറ്റത്തെ ബാങ്കാണ്. ഈ സംഘങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് കേരളത്തിലെ പ്രസിദ്ധമായ ചില ബ്ലേഡ് കമ്പനികളുടെ സ്വഭാവത്തിലുള്ള നോൺ ബാങ്കിംഗ് ഫിനാൻസ് കമ്പനികൾ എന്ന തരത്തിലേക്ക് അവയെ തരംതാഴ്ത്തുന്നത് സഹകരണ സംഘങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള നിക്ഷേപകരുടെ സുരക്ഷയ്ക്ക് ഭീഷണിയല്ലേ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കേരളത്തിലെ സഹകരണ ബാങ്കുകളുടെ ജനാധിപത്യ സ്വഭാവം നശിപ്പിച്ചുകൊണ്ട് ഏതെങ്കിലും ബ്ലേഡ് കമ്പനികളുടെ നിലവാരത്തിലേക്ക് മാറ്റണമെന്നുള്ള രീതിയിൽ ഇതിന്റെ ആലോചനകൾ പോയിട്ടില്ല. സഹകരണ മേഖലയെ ശക്തിപ്പെടുത്താനും സഹകരണ മേഖലയിൽ കെട്ടിക്കിടക്കുന്ന ഫണ്ട് കേരളത്തിന്റെ മറ്റ് ആവശ്യങ്ങൾക്ക് വിനിയോഗിക്കാനും കഴിയുന്ന ഒന്നായിരിക്കും ഈ സംരംഭമെന്നാണ് കരുതുന്നത്. അതിനാവശ്യമായ നടപടി സ്വീകരിക്കും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങേയറ്റം തെറ്റിദ്ധാരണ പരത്താനുതകുന്ന ഒരു പ്രസ്താവനയാണ് ശ്രീ. വി. ഡി. സതീശൻ പറഞ്ഞത്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഇപ്പോൾത്തന്നെ പ്രവർത്തിക്കുന്നുണ്ട്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ വിപുലീകരണമാണ് ഇവിടെ വരാൻപോകുന്നത്. ദ്വിതല സംവിധാനമെന്ന് പറയുമ്പോൾ ഇന്നത്തെ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കും ജില്ലാ ബാങ്കുകളും സംയോജിച്ചുകൊണ്ടുള്ള വിപുലമായ ഒരു ബാങ്കാണ്. എസ്.ബി.ടി. ലയനം നമ്മൾ എല്ലാവരും അതീവ ഉൽക്കണ്ഠയോടെ കാണുന്ന ഒരു കാര്യമാണ്. നമ്മുടെ ഉൽക്കണ്ഠ അംഗീകരിക്കാൻ തയ്യാറാകാതെ അതിന്റെ ലയനം പ്രാവർത്തികമാക്കാനാണ് പോകുന്നതെങ്കിൽ സംസ്ഥാനത്തിന്റേതായ ഒരു ബാങ്ക് ഇല്ലാതാവുകയാണ് ചെയ്യുന്നത്. അത്തരമൊരു സാഹചര്യത്തിൽ സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ വിപുലീകരണം അനന്തമായ സാധ്യതകളാണ് നമ്മുടെ സംസ്ഥാനത്ത് ഉണ്ടാക്കുക. അങ്ങ് പറഞ്ഞരീതിയിലുള്ള ഒരു നോൺ-ബാങ്കിംഗ് സ്ഥാപനമേയല്ല സർക്കാർ ഉദ്ദേശിക്കുന്നത്. അങ്ങനെയെന്തെങ്കിലും തെറ്റിദ്ധാരണയുണ്ടെങ്കിൽ അത് മാറ്റാൻകൂടിയാണ് ഞാൻ സംസാരിക്കുന്നത്. സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഇന്നൊരു ബാങ്കിംഗ് സ്ഥാപനമായി പ്രവർത്തിക്കുകയാണ്. അതിന്റെ വിപുലീകരണമാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

# 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സാമ്പത്തികസ്ഥിതി പരിരക്ഷിക്കാനുള്ള നടപടികൾ

4 (*184) ശ്രീമതി വീണാ ജോർജ്ജ് :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ :

ശ്രീ. ഡി. കെ. മുരളി :

ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ചുവർഷം സംസ്ഥാനത്ത് നിലനിന്നിരുന്നതായി പറയപ്പെടുന്ന സാമ്പത്തിക അച്ചടക്കമില്ലായ്മ മൂലധന ചെലവിനെ ഏതുതരത്തിൽ ബാധിച്ചുവെന്നും അതിന്റെ പ്രത്യാഘാതമെന്തെന്നും അറിയിക്കാമോ;

(ബി) ഭീമമായ റവന്യൂ അന്തരത്തിന്റെ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ക്ഷേമ പദ്ധതികളെ ബാധിക്കാത്ത തരത്തിൽ ഇത് പരിഹരിക്കാൻ എങ്ങനെ സാധിക്കുമെന്ന് അറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) പൊതുചെലവിന്റെ ഗുണനിലവാരത്തിലേക്ക് വെളിച്ചം വീശുന്ന ഘടകമെന്ന നിലയിൽ ബഡ്ജറ്റിലൂടെയുള്ള സംസ്ഥാനത്തിന്റെ മൂലധനച്ചെലവിന് അതീവ പ്രാധാന്യമുണ്ട്. ക്രമാനുഗതമായി വർദ്ധിച്ചുവരുന്ന പലിശ, ശമ്പളം, പെൻഷൻ, സബ്സിഡികൾ മുതലായ റവന്യൂ ചെലവുകളും Tax-GSDP വളർച്ചാ നിരക്കിലുള്ള കുറവുംകാരണം റവന്യൂകമ്മി കുറച്ചുകൊണ്ടുവരാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടില്ല. ഇത് മൂലധനച്ചെലവിന് ആവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനെ ഏറെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 2006-2011 കാലത്ത് മൂലധനച്ചെലവ് മെച്ചപ്പെട്ടെങ്കിലും അത് തുടർന്നു നിലനിർത്തുവാനായില്ല. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ മെച്ചപ്പെട്ട അടിസ്ഥാനസൗകര്യം കേരളത്തിന് ലഭിക്കാതെ പോയതിനുള്ള ഒരു കാരണം ഇതാണ്. മൂലധനച്ചെലവിനെ നല്ല രീതിയിൽ വിനിയോഗിച്ച സംസ്ഥാനങ്ങളിൽ പലതും അടിസ്ഥാനസൗകര്യ വികസനത്തിനായി അവരുടെ കോർപ്പറേഷനുകൾവഴി ബഡ്ജറ്റ് ബാഹ്യ കടമെടുപ്പുകൾ നടത്തിയിട്ടുണ്ട്. പ്രധാനമായും ബഡ്ജറ്റ് വിഹിതത്തിന്റെ അഭാവംമൂലം അടിസ്ഥാന സൗകര്യ വികസനത്തിനായി കേരളത്തിലെ കോർപ്പറേഷനുകൾ (കെ.എസ്.ഇ.ബി., കെ.ഡബ്ല്യൂ.എ., കിൻഫ്ര, കെ.ആർ.എഫ്.ബി. മുതലായവ) വഴി നിക്ഷേപം നടത്തുവാൻ കഴിഞ്ഞില്ല.

മൂലധനച്ചെലവിനത്തിൽ വർഷാവർഷം സംസ്ഥാനത്തിന് ഭീമമായ കമ്മിയാണ് അനുഭവപ്പെട്ടുവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റിൽ ഏതാണ്ട് 40-50 ശതമാനം തുകയും മൂലധന പ്രവൃത്തികൾക്കാണ് ചെലവഴിക്കുന്നതെങ്കിലും അത് റവന്യൂ ഗ്രാന്റായാണ് കണക്കിൽപ്പെടുത്തുന്നത്. ഈ തിരുത്തൽ വരുത്തിയാലും അടിസ്ഥാന സൗകര്യത്തിലുള്ള കമ്മി പ്രകടമായിരിക്കും. അയൽസംസ്ഥാനങ്ങളുടെ മൂലധനച്ചെലവ്/ജി.എസ്.ഡി.പി. അനുപാതത്തിന്റെ ശരാശരി നിരക്കാണ് സംസ്ഥാനം ലക്ഷ്യമിടുന്നതെന്ന് കരുതിയാൽപ്പോലും ജി.എസ്.ഡി.പി.-യുടെ 4% മൂലധന പ്രവൃത്തികൾക്കായി കേരളം നിക്ഷേപിക്കേണ്ടിവരും. നടപ്പുവർഷംതന്നെ 24000 കോടി രൂപയുടെ മൂലധന അടങ്കൽ വകയിരുത്തേണ്ടിവരുമെന്നാണ് കണക്കാക്കുന്നത്. മൂലധനച്ചെലവിൽ 2006-2011-ലെ ഉയർന്ന വളർച്ചാനിരക്ക് സംസ്ഥാനം തുടർന്നും

നിലനിർത്തിയിരുന്നെങ്കിൽ ഇത് സാദ്ധ്യമാകുമായിരുന്നു. എന്നാൽ ഇന്നത്തെ സാമ്പത്തികനില വച്ചുനോക്കുമ്പോൾ അത് അസാദ്ധ്യമാണ്. വാർഷിക ബഡ്ജറ്റുകളിലൂടെ ക്രിയാത്മക പരിഹാരമാണ് ഇതിനാവശ്യം. ധനകാര്യ പ്രതിസന്ധിയുടെ ഒരു പരിണിതഫലം സംസ്ഥാനത്തെ മൂലധനച്ചെലവിന് കനത്ത തിരിച്ചടി നേരിട്ടു എന്നതാണ്. അത് സൂചിപ്പിക്കുന്നത് മറ്റ് വികസിത സംസ്ഥാനങ്ങളോടൊപ്പമെത്താൻ കേരളത്തിന് കൂടുതൽ കാത്തിരിക്കേണ്ടതുണ്ടെന്നും ഈ പ്രയത്നത്തിന് കൂടുതൽ വില നൽകേണ്ടിവരുമെന്നുമാണ്. സംസ്ഥാനത്തെ മൂലധനച്ചെലവിലുണ്ടായ കുറവ് പരിഹരിക്കാൻ യുക്തിസഹവും ബുദ്ധിപൂർവ്വകവുമായ വഴികൾ കണ്ടെത്തേണ്ടതുണ്ട്.

അടിസ്ഥാന വികസന സൗകര്യ കമ്മി നികത്തുന്നതായിരിക്കണം സർക്കാരിന്റെ ഏറ്റവും നിർണ്ണായകമായ മുൻഗണനാക്രമങ്ങളിൽ ഒന്ന്. ധനസ്ഥിതിയുടെ ഗതി രൂപപ്പെടുത്തുന്നതിന്മേൽ കണ്ടെത്തിയിട്ടുള്ള ബുദ്ധിമുട്ടുകൾ കണക്കിലെടുക്കുമ്പോൾ ബഡ്ജറ്റിൽത്തന്നെ ഉൾക്കൊള്ളാവുന്ന മൂലധനച്ചെലവിന് പരിമിതികളുണ്ട്. അതുകൊണ്ട് പൊതു അടിസ്ഥാന സൗകര്യങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ സംസ്ഥാനങ്ങളും ലോകത്തുടനീളമുള്ള രാജ്യങ്ങളും സ്വീകരിച്ചിട്ടുള്ള നൂതന മാർഗ്ഗങ്ങളാണ് ഇതിനുള്ള പോംവഴി. സംസ്ഥാനത്തിന് അത്യന്തം ആവശ്യമുള്ള വൻകിട മൂലധന പദ്ധതികൾ പൂർത്തീകരിക്കുന്നതിനും ഏറ്റെടുക്കുന്നതിനുംവേണ്ടി സംസ്ഥാനത്തെ വിവിധ സാമ്പത്തിക അടിസ്ഥാന വികസന സൗകര്യ സ്ഥാപനങ്ങളിലൂടെ ബഡ്ജറ്റിന് പുറമെയുള്ള വിഭവ സമാഹരണം അനിവാര്യമാണ്.

(ബി) 2011-2016 കാലഘട്ടത്തിൽ ഉയർന്നുവന്ന റവന്യൂ അന്തരത്തിന് കാരണമായത് ചെലവ് നിയന്ത്രണത്തിലും വിഭവ സമാഹരണത്തിലും ഉണ്ടായ പരാജയമാണ്. ചെലവ് നിയന്ത്രിക്കുന്നതിലും സാമ്പത്തിക നടപടികൾ നടപ്പിലാക്കുന്നതിലും യാതൊരു ഊന്നലും നൽകിയില്ല. റവന്യൂ അന്തരത്തിന് കാരണമായ വസ്തുതകൾ ചുവടെ ചേർക്കുന്നു:

- കാര്യക്ഷമമായ ധനകാര്യ നിർവ്വഹണത്തിന് ആവശ്യമായ നിയന്ത്രണം വേണ്ടിയിരുന്ന മേഖലകളിൽപ്പോലും സർക്കാർ ഒഴിവാക്കാവുന്ന ചെലവുകളിൽ മതിയായ നിയന്ത്രണം ഏർപ്പെടുത്തിയില്ല. പ്രത്യേകിച്ച് 2013-2016 കാലയളവിൽ.
- ആകെ പദ്ധതിയേതര റവന്യൂ ചെലവിൽ ശമ്പളം, പലിശ, പെൻഷൻ എന്നിവ കഴിച്ചുള്ള റവന്യൂ ചെലവുകളുടെമേൽ ഫലപ്രദമല്ലാത്ത നിയന്ത്രണം.
- 2011-16 കാലഘട്ടത്തിന്റെ ഭൂരിഭാഗവും വരുമാന ഉൽപ്പാദനത്തോത് സമ്പദ്ഘടനയുടെ വളർച്ചാനിരക്കിനേക്കാൾ പിന്നിലായിരുന്നത് നികുതി ശേഖരണ സംവിധാനത്തിന്റെ മോശപ്പെട്ട പ്രകടനം മൂലമാണ്.

- 2011-2016 കാലയളവിൽ ഊർജ്ജിത വരുമാന സമാഹരണത്തിനായി സർക്കാരിന്റെ ഭരണനേതൃത്വത്തിൽ നിന്നുമുള്ള പൊതുവായ അച്ചടക്കരഹിതവും നിരുത്സാകവുമായ നിർദ്ദേശങ്ങൾ വിവിധ വകുപ്പുകളിലെ നികുതി നിർവ്വഹണ സംവിധാനത്തിൽ ക്രമേണ വ്യാപിച്ചതാകാം ഈ വകുപ്പുകളിലെ നിലവിലുള്ള ഭരണവ്യവസ്ഥയെ നിഷ്പ്രയാസമായി അട്ടിമറിക്കാൻ വഴിയൊരുക്കിയത്.

- ഊർജ്ജിതമായ നികുതി പിരിവിനാവശ്യമായ ശാസ്ത്രീയ വസ്തുതാവിശകലനത്തിന് അടിസ്ഥാനമാകേണ്ട സാങ്കേതിക വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനുള്ള തികഞ്ഞ ഉപേക്ഷ.

- 2011-2016 കാലയളവിൽ സർക്കാർ പുറപ്പെടുവിച്ച വൻതുകയ്ക്കുള്ള സ്റ്റേകൾ.

- അപ്പീലുകൾ, സ്റ്റേകൾ എന്നിവ തീർപ്പാക്കുന്നതിൽ കാണിച്ച അലംഭാവവും മൃദുസമീപനവും.

- പ്രഖ്യാപിച്ച അധിക വിഭവ സമാഹരണങ്ങൾ കൈവരിക്കാൻ കഴിയാത്തതുവഴി ബഡ്ജറ്റിന് മേലുണ്ടാകുന്ന സമ്മർദ്ദവും അസന്തുലിതാവസ്ഥയും.

- ചില വിഭാഗം നികുതിദായകർക്ക് ഇളവുകൾ നൽകുകവഴി ലഭ്യമായിക്കൊണ്ടിരിക്കുന്ന വരുമാനം ത്യജിക്കൽ.

- നിയമാനുസൃത ഉത്തരവുകൾ പുറപ്പെടുവിച്ച് വരുമാനോൽപ്പാദനത്തിന് ഉതകുന്ന മാർഗ്ഗങ്ങൾ നടപ്പാക്കുന്നതിലുള്ള അലിഖിത വൈമുഖ്യം.

- അടിസ്ഥാന വിവരങ്ങൾ വിശകലനം ചെയ്യുന്നതിനും നികുതി പിരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും പ്രമുഖ നികുതി സമാഹരണ വകുപ്പുകളിൽ സാങ്കേതികസഹായം നടപ്പിലാക്കുന്നതിലെ പരാജയം.

(സി) സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്ക് ഇപ്പോൾ ഉണ്ടായിട്ടുള്ള പ്രതിസന്ധിയിൽ നിന്ന് കരകയറ്റുന്നതിനുള്ള നടപടികൾ കയർ, മത്സ്യബന്ധനം, കൈത്തറി, വസ്ത്രനിർമ്മാണം, കശുവണ്ടി തുടങ്ങിയ പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്ക് വർദ്ധിച്ചതോതിലുള്ള ആനുകൂല്യങ്ങളും ക്ഷേമപെൻഷനുകളും നൽകുന്ന സർക്കാരിന്റെ പ്രതിജ്ഞാബദ്ധമായ നയത്തിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കും രൂപപ്പെടുത്തുന്നത്.

സാമ്പത്തിക പ്രതിസന്ധിയിൽനിന്നും സംസ്ഥാനത്തെ കരകയറ്റുവാൻ ഉദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

- ശമ്പളം, പലിശ, പെൻഷൻ എന്നിവ കഴിച്ചുള്ള പദ്ധതിയേതര ചെലവുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക.
- പ്രധാനപ്പെട്ട വരുമാനദായക വകുപ്പുകളായ വാണിജ്യ നികുതി, മോട്ടോർ വെഹിക്കിൾസ്, രജിസ്ട്രേഷൻ, റവന്യൂ, എക്സൈസ് എന്നിവയുടെ നികുതി പിരിവ് സംവിധാനം ഊർജ്ജിതപ്പെടുത്തുക.
- നികുതി സംവിധാനത്തെ സജ്ജമാക്കേണ്ടതും അടുത്ത അഞ്ച് വർഷക്കാലയളവിലേക്ക് നികുതി പിരിവിന്റെ വാർഷിക വളർച്ചാനിരക്ക് 20-25% തോതിൽ നിലനിർത്തുന്നത് ഉറപ്പു വരുത്തുക.
- നിലവിലുള്ള അടിസ്ഥാന വികസന സ്ഥാപനങ്ങൾക്ക് നിയമപരമായ ചട്ടക്കൂട് നൂതനമായി രൂപപ്പെടുത്തുകയും വൻകിട മൂലധന പദ്ധതികളുടെ നടത്തിപ്പിനായി ബൃഹത്തായ രീതിയിൽ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾസിന് രൂപം നൽകുകയും ചെയ്യും.
- കാര്യക്ഷമമായ ഒരു പൊതു വിതരണ സംവിധാനത്തിനായും ആശുപത്രികൾ, സ്കൂളുകൾ, കോളേജുകൾ പോലുള്ള പൊതു അടിസ്ഥാന വികസന സൗകര്യങ്ങളുടെ സംരക്ഷണത്തിനായും നിക്ഷേപം നടത്തുക.
- സാമ്പത്തിക ദൃഢീകരണത്തിന്റെ ഫലങ്ങളിലൂടെ മൂലധന ചെലവ് വർദ്ധിപ്പിക്കുക.

**സംസ്ഥാനത്തെ ധാതു അധിഷ്ഠിത വ്യവസായങ്ങൾ**

5 (*185) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇരുമ്പയിര്, ധാതുമണൽ മുതലായവയുടെ ഖനനം പൊതുമേഖലയിൽ മാത്രമായി പരിമിതപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ധാതു അധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള സാധ്യത കണ്ടെത്തുന്നതിനും അനധികൃത ഖനന പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഖനന സംബന്ധമായ പ്രശ്നങ്ങൾമൂലം അടച്ചുപൂട്ടിയിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ വൈവിധ്യവത്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) :

(എ) ഉണ്ട്. ധാതുക്കൾ പ്രകൃതിവിഭവങ്ങളാണ്. ആയതിനാൽ, അവ അതീവ സൂക്ഷ്മതയോടെ പരിസ്ഥിതിക്ക് കോട്ടംവരാതെ സമൂഹത്തിനാകെ പ്രയോജനപ്പെടുന്ന രീതിയിലായിരിക്കണം ഉപയോഗപ്പെടുത്തേണ്ടത്. ആയതിനാലാണ് ഇത്തരം ഖനനപ്രവർത്തനങ്ങൾ പൊതുമേഖലയിൽ പരിമിതപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

(ബി) ധാതുമണലിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുന്നത് സംബന്ധിച്ച് പഠനം നടത്തുന്നതിനായി ഒരു വിദഗ്ദ്ധ കമ്മിറ്റിയെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അനധികൃത ഖനന പ്രവർത്തനങ്ങൾ തടയുന്നതിനായി കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് & ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ 2015 പുറപ്പെടുവിച്ചിട്ടുണ്ട്. അനധികൃത ഖനന പ്രവർത്തനങ്ങൾ തടയുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പ് എല്ലാ നടപടികളും സ്വീകരിച്ചുവരുന്നു. മൈനിംഗ് & ജിയോളജി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 14 ജില്ലാ ആഫീസുകളും 4 സ്ക്വാഡുകളും സംസ്ഥാനത്തുടനീളം അനധികൃത ഖനന പ്രവർത്തനങ്ങൾ തടയുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഖനന സംബന്ധമായ പ്രശ്നങ്ങൾമൂലം പ്രവർത്തനം താൽക്കാലികമായി നിർത്തിവയ്ക്കേണ്ടിവന്ന പൊതുമേഖലാ സ്ഥാപനമായ കേരള ക്ലേയ്സ് ആന്റ് സിറാമിക് പ്രോഡക്ട്സ് ലിമിറ്റഡിൽ വൈവിധ്യവൽക്കരണങ്ങളുമായി ബന്ധപ്പെട്ട പ്രോജക്ട് റിപ്പോർട്ടിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്.

**എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം**

6 (*186) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീമിന്റെ പ്രവർത്തനത്തിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കിയത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദീകരിക്കുമോ;

(സി) എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ കഴിഞ്ഞത്; വിശദീകരിക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) താഴെപ്പറയുന്ന പദ്ധതികൾ ഇപ്പോൾ നടത്തിവരുന്നു.

1. കാർഷിക മേഖലയിൽ പുഞ്ചക്കൃഷിക്കായി കാര്യക്ഷമത കുറഞ്ഞ പെട്ടി-പറ എന്ന പരമ്പരാഗത പമ്പിംഗ് സമ്പ്രദായം മാറ്റി ക്ഷമതയുള്ള സബ്മേഴ്സിബിൾ പമ്പ് 11 പാടശേഖരങ്ങളിൽ സ്ഥാപിക്കുക.

2. പൊതുവേ കാര്യക്ഷമത കുറഞ്ഞ രീതിയിൽ വൈദ്യുതി ഉപയോഗിക്കുന്ന ഐസ് പ്ലാന്റുകളിൽ പഠനം നടത്തുക, വ്യവസായികൾക്ക് ഊർജ്ജലാഭം കൈവരിക്കുന്നതരത്തിൽ യന്ത്രസാമഗ്രികൾ പുതുക്കുവാൻ നിർദ്ദേശം നൽകുക.

3. Domestic efficient lighting programme (DELP) എന്ന കേന്ദ്ര സർക്കാർ പദ്ധതിപ്രകാരം സംസ്ഥാനത്തൊട്ടാകെ എൽ.ഇ.ഡി. ബൾബുകൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്തുവരുന്നു.

4. സംസ്ഥാനത്തെ 5 ആശുപത്രികളിൽ കാര്യക്ഷമതയേറിയ ലൈറ്റും ഫാനും സ്ഥാപിച്ചിട്ടുണ്ട്.

5. വൻകിട ഉപഭോക്താക്കളുടെ സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റിംഗ് നടത്തി വൈദ്യുതി പാഴാക്കുന്നത് കണ്ടെത്തി കാര്യക്ഷമത കൂട്ടുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുക.

6. സ്കൂൾ, കോളേജ്, റസിഡന്റ്സ് അസോസിയേഷൻ, സാമൂഹ്യ സംഘടനകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് ഊർജ്ജ സംരക്ഷണ സന്ദേശങ്ങൾ ഉൾക്കൊള്ളിച്ചുള്ള ലഘുലേഖകൾ വിതരണം ചെയ്യുക, പ്രഭാഷണം സംഘടിപ്പിക്കുക.

   കാര്യക്ഷമത കുറഞ്ഞ തെരുവ് വിളക്കുകൾക്കുപകരമായി എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ EESC-യുടെ സഹകരണത്തോടെ ആലപ്പുഴ മുനിസിപ്പാലിറ്റിയിലും വല്ലച്ചിറ, നെന്മേനിക്കര എന്നീ പഞ്ചായത്തുകളിലും നടപ്പാക്കിവരുന്നു.

(ബി&സി) വിവിധ മേഖലകളിൽ വൈദ്യുതി പാഴായി പോകുന്നതുകൊണ്ടുള്ള നഷ്ടം കുറയ്ക്കുക, പീക്ക് സമയങ്ങളിൽ വരുന്ന വൈദ്യുതി ആഘാതം കുറയ്ക്കുക, അതുവഴി പുറമേനിന്നും വാങ്ങുന്ന വൈദ്യുതി ലാഭിക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളും സന്ദേശങ്ങളും കർഷകരിലും വ്യവസായികളിലും വിദ്യാർത്ഥികളിലും പൊതുജനങ്ങളിലും എത്തിക്കാനും കാര്യക്ഷമതയുള്ള ഉപകരണങ്ങൾ ഉപയോഗിക്കാനും അവരെ പ്രചോദിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. കാർഷിക മേഖലയിലെ പരമ്പരാഗത പമ്പിംഗിന്റെ സ്ഥാനത്ത് സബ്മേഴ്സിബിൾ പമ്പ് 11 സ്ഥലത്ത് സ്ഥാപിച്ചിട്ടുണ്ട്. ഇതുവഴി വൈദ്യുതി ഉപഭോഗം കുറയ്ക്കാനും വെള്ളം കെട്ടിനിന്ന കൃഷിനാശം ഒഴിവാക്കാനും കഴിഞ്ഞിട്ടുണ്ട്. ഇരുപതോളം ഐസ് പ്ലാന്റുകളിൽ ഊർജ്ജ സംരക്ഷണം നടപ്പാക്കി. പദ്ധതി വിജയകരമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഊർജ്ജ സംരക്ഷണ പദ്ധതികൾ ഓരോ വ്യക്തിയുടേയും കടമയാണെന്നുമുള്ള സന്ദേശം വിവിധതരം പരിപാടികളിലൂടെ ജനങ്ങളിൽ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

**ഉത്തരവാദ ടൂറിസം പദ്ധതി**

7 (*187) ശ്രീ. എം. സ്വരാജ് :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉത്തരവാദ ടൂറിസം പദ്ധതിയുടെ പിന്നോട്ടു പോക്കിനിടയായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ പുഴയോരങ്ങളിലും കായൽ തീരങ്ങളിലും ഉൾനാടൻ ജലാശയങ്ങളോടുചേർന്നും വിനോദസഞ്ചാരത്തിനായി പുതിയ ഇടങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ അത്തരം മേഖലകളിൽ ഉത്തരവാദ ടൂറിസം വികസിപ്പിക്കുന്നതിനായി പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതി പിന്നോട്ട് പോയതായി കരുതുന്നില്ല.

(ബി) സ്വീകരിച്ചുവരുന്നു. ടൂറിസം മേഖലയിലെ അന്തർദേശീയ പ്രാധാന്യം പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി കേരളത്തിന്റെ കായൽ ശൃംഖലയെ സംരക്ഷിച്ചുകൊണ്ട് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിന്

നിലവിൽ ആലപ്പുഴ, കുമരകം, അഷ്ടമുടി മുതലായ കേന്ദ്രങ്ങളുടെ വികസനത്തിന് പല പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. സംസ്ഥാനത്തെ മറ്റ് ജലാശയങ്ങളോട് ചേർന്ന് പുതിയ പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുന്നതാണ്. പ്രത്യേകിച്ച് മലബാർ മേഖലയിലെ കായലുകളുടെ വികസനം പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

(സി) നടപ്പിലാക്കുന്നതാണ്.

**റബ്ബർ ഇറക്കുമതി നിയന്ത്രിക്കുന്നതിനുള്ള ഇടപെടൽ**

8 (*188) ശ്രീ. സി. കെ. നാണു :
ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. തോമസ് ചാണ്ടി :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക ആവശ്യത്തിനുള്ള റബ്ബർ ഇറക്കുമതി നിയന്ത്രിക്കുന്നതിനുള്ള ഇടപെടൽ നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മൂല്യ വർദ്ധിത ഉല്പന്നത്തിന്റെ അന്തിമ വിലയുടെ ഒരംശം കർഷകന് ലഭിക്കത്തക്ക വിധത്തിൽ ആവശ്യമായ നിയമ പരിരക്ഷ ഉറപ്പുവരുത്താൻ വ്യവസായ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

വ്യവസായവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ&ബി) വ്യാവസായിക റബ്ബർ ഇറക്കുമതിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിയന്ത്രിക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. റബ്ബറുമായി ബന്ധപ്പെട്ട് നിലവിൽ താഴെപ്പറയുന്ന ഇറക്കുമതി നിയന്ത്രണങ്ങളുണ്ട്.

1. ഇറക്കുമതി ഡ്യൂട്ടി 20%-ൽനിന്നും 25% ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.
2. ഇറക്കുമതിക്ക് തുറമുഖ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് ഇപ്പോൾ ചെന്നൈ, മുംബൈ തുറമുഖങ്ങൾ വഴി മാത്രമേ ഇറക്കുമതി അനുവദിക്കുന്നുള്ളൂ.
3. Director General of Foreign Trade ഇറക്കുമതി ചെയ്യുന്ന സാധനങ്ങളിന്മേലുള്ള export obligation period 6 മാസമായി കുറച്ചിട്ടുണ്ട്.

(സി) ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ടൂറിസം വികസനം

9 (*189) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിൽ ടൂറിസം വികസനത്തിന് സാധ്യതയുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാം മേഖലകളിലാണെന്ന് വ്യക്തമാക്കുമോ;

(ബി) വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ടൂറിസം വകുപ്പ് വിദേശ രാജ്യങ്ങളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ടൂറിസം മേഖല ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന വെല്ലുവിളികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; അവ പരിഹരിച്ച് സംസ്ഥാനത്ത് ടൂറിസം മേഖല മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ) ഉണ്ട്. ബീച്ച്, ബാക്ക് വാട്ടർ, ആയുർവേദം, ഫോറസ്റ്റ്&വൈൽഡ് ലൈഫ്, എക്കോ ടൂറിസം, ഫാം ടൂറിസം, മെഡിക്കൽ ടൂറിസം, അഡ്വഞ്ചർ ടൂറിസം, വില്ലേജ് ടൂറിസം, പൈതൃക ടൂറിസം, വെഡ്ഡിംഗ് ആന്റ് മൈസ് ടൂറിസം, സാംസ്കാരിക ടൂറിസം തുടങ്ങി വൈവിദ്ധ്യങ്ങളായ മേഖലകളിൽ ടൂറിസം വികസനത്തിന് സാദ്ധ്യതയുണ്ട്.

(ബി) വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി ടൂറിസം വകുപ്പ്, വിദേശ രാജ്യങ്ങളിൽ പ്രശസ്തമായ ടൂറിസം മേളകളിൽ പങ്കെടുക്കുന്നതുകൂടാതെ റോഡ് ഷോകളും ബി-ടു-ബി മീറ്റിംഗുകളും സംഘടിപ്പിച്ചുവരുന്നു. പ്രചാരണ പരിപാടികളുടെ ഭാഗമായി പത്ര-ദൃശ്യ മാധ്യമങ്ങളിൽ കേരളത്തിന്റെ സാന്നിദ്ധ്യം അനുഭവപ്പെടുത്തുവാനായി നിരവധി പരസ്യപ്രചാരണ പരിപാടികളും നടത്തിവരുന്നു. കൂടാതെ ടൂറിസം രംഗത്തെ പ്രശസ്തരായ മാധ്യമ പ്രവർത്തകരേയും ബ്ലോഗേഴ്സിനേയും സംസ്ഥാനത്ത് ക്ഷണിച്ചുവരുത്തി നമ്മുടെ ടൂറിസം ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുകയും ചെയ്തു വരുന്നു.

(സി) ടൂറിസം മേഖല നേരിടുന്ന വെല്ലുവിളികൾ താഴെപ്പറയുന്നവയാണ്:

1. മറ്റ് ഏഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള കടുത്ത മൽസരം
2. വിമാന മാർഗ്ഗവും റെയിൽ-റോഡ് മാർഗ്ഗവുമുള്ള കണക്ടിവിറ്റി
3. ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യപ്രശ്നം
4. വിവിധ ഭാഷാ വൈദഗ്ദ്ധ്യമുള്ള പ്രൊഫഷണലുകളുടെ അഭാവം
5. ഗവൺമെന്റിന്റെ മദ്യനയം ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതം

മേൽ പ്രശ്നങ്ങൾക്ക് സ്വീകരിച്ചിട്ടുള്ള പരിഹാര നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ഊർജ്ജനഷ്ടം കുറയ്ക്കാൻ നടപടി**

10 (*190) ശ്രീമതി സി. കെ. ആശ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്ലാറ്റ്, അപ്പാർട്ട്മെന്റുകൾ ഉൾപ്പെടെ വൈദ്യുത ഉപഭോക്താക്കൾ എൽ.റ്റി. ആവശ്യങ്ങൾക്കായി സ്വന്തമായി സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകളുടെ എണ്ണവും ശേഷിയും എത്രയാണെന്നും ഇതുമൂലം വൈദ്യുതി ബോർഡിന് എന്തെങ്കിലും സാമ്പത്തിക നഷ്ടം ഉണ്ടായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) ട്രാൻസ്ഫോർമറുകളുടെ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിന് ആട്ടോമാറ്റിക് പവ്വർ ഫാക്ടർ കൺട്രോൾ സ്ഥാപിക്കണമെന്ന നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപ്പാക്കാത്തതെന്ന് വെളിപ്പെടുത്തുമോ;

(സി) വർദ്ധിച്ചുവരുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനും ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനും എൽ.റ്റി. വിതരണ ലൈനുകളിൽ ഇൻസുലേഷൻ ആവരണം ചെയ്യുന്നതിന് വൈദ്യുതി ബോർഡ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) ഫ്ലാറ്റ്, അപ്പാർട്ട്മെന്റുകൾ ഉൾപ്പെടെ വൈദ്യുതി ഉപഭോക്താക്കൾ എൽ.റ്റി. ആവശ്യങ്ങൾക്കായി സ്വന്തമായി 3347 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുള്ളതും ഇവയുടെ ആകെ ശേഷി 815367 KVA-യും ആണ്. ഉയർന്ന വോൾട്ടേജിലുള്ള വൈദ്യുതി ഉപഭോക്താവിന്റെ പരിസരത്ത് എത്തിച്ചശേഷം ട്രാൻസ്ഫോർമർ ഉപയോഗിച്ച്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വോൾട്ടേജ് കുറച്ചാണ് സാധാരണയായി ഫ്ലാറ്റുകളിലെയും അപ്പാർട്ട്മെന്റുകളിലെയും ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുന്നത്. ഉയർന്ന വോൾട്ടേജിലുള്ള വൈദ്യുതി വിതരണം വിതരണ ലൈനുകളിലെ നഷ്ടം കുറയ്ക്കുവാൻ സഹായിക്കുന്നുണ്ട്. വിതരണ ശൃംഖലയിലും ട്രാൻസ്ഫോർമറിലും ഉണ്ടാകുന്ന നഷ്ടംകൂടി കണക്കിലെടുത്താണ് ലോ ടെൻഷൻ ഉപഭോക്താക്കളുടെ താരിഫ് നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ ഇതുമൂലം കെ.എസ്.ഇ.ബി.-ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാകുന്നില്ല. കൂടാതെ, ഇത്തരത്തിൽ ഫ്ലാറ്റുകളിലും അപ്പാർട്ടുമെന്റുകളിലും അവർക്ക് അനുയോജ്യമായ ശേഷിയുള്ള ട്രാൻസ്ഫോർമർ അവരുടെ ചെലവിലാണ് സ്ഥാപിക്കുന്നത്.

(ബി) RAPDRP പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം നഗരത്തിൽ 410 ആട്ടോമാറ്റിക് പവർ ഫാക്ടർ കൺട്രോളുകൾ സ്ഥാപിക്കുവാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(സി) RAPDRP, ബോർഡിന്റെ തനത് ഫണ്ട് എന്നിവ ഉപയോഗിച്ച് ചില സ്ഥലങ്ങളിൽ നിലവിലുള്ള എൽ.റ്റി. വിതരണ ലൈനുകൾ മാറ്റി പകരം ഇൻസുലേറ്റഡ് കേബിളായ Aerial Bunched Cable (ABC) സ്ഥാപിച്ചുവരുന്നു. എന്നാൽ വളരെയധികം ചെലവ് വരുന്നതാകയാൽ എല്ലാ എൽ.റ്റി. വിതരണ ലൈനുകളും ഇൻസുലേറ്റഡ് ലൈനുകളാക്കി മാറ്റുന്നത് പ്രായോഗികമല്ല.

**റെസ്പോൺസിബിൾ ടൂറിസം**

11 (*191) ഡോ. എം. കെ. മുനീർ :
ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. അബ്ദുൽ ഹമീദ് പി. :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസവാസികൾക്ക് ഗുണം ഉറപ്പുവരുത്തുന്ന റെസ്പോൺസിബിൾ ടൂറിസം നടപ്പിലാക്കുന്നതിലുള്ള നയം വ്യക്തമാക്കുമോ;

(ബി) എങ്കിൽ ടൂറിസം യൂണിറ്റുകൾക്ക് വർഗ്ഗീകരണം കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) പ്രസ്തുത നയം നടപ്പിലാക്കാൻ ശ്രമിക്കുന്നതോടൊപ്പം സംസ്ഥാനത്ത് എത്തുന്ന ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ടൂറിസം കേന്ദ്രങ്ങളിലെ തദ്ദേശവാസികൾക്ക് സാമ്പത്തിക പ്രയോജനം ഉറപ്പാക്കിയും സാംസ്കാരിക പാരിസ്ഥിതിക ഘടകങ്ങൾ സംരക്ഷിച്ചും സഞ്ചാരികൾക്ക് സന്ദർശിക്കുവാനും തദ്ദേശീയർക്ക് നല്ലരീതിയിൽ ജീവിക്കുവാനും ഉതകുംവിധം സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ സുസ്ഥിര ടൂറിസം വികസനം ഉറപ്പാക്കുക എന്നതാണ് സംസ്ഥാനത്ത് ഉത്തരവാദിത്വ ടൂറിസം പദ്ധതിയിലൂടെ വിഭാവന ചെയ്യുന്നത്. നിലവിലുള്ള നയം തുടരുന്നതിന് ഉദ്ദേശിക്കുന്നു.

(ബി) ഉത്തരവാദിത്വ ടൂറിസവുമായി ബന്ധപ്പെട്ട് ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ആയുർവേദ സെന്ററുകൾ, ഹോംസ്റ്റേകൾ, ഹൗസ് ബോട്ടുകൾ, ടൂറിസം ഓപ്പറേറ്റർമാർ തുടങ്ങി എല്ലാ സേവനദായകർക്കും ഘട്ടംഘട്ടമായി പ്രധാന വർഗ്ഗീകരണം (classification) നടപ്പാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ ഹോട്ടലുകളുടെ വർഗ്ഗീകരണത്തിന് ആവശ്യമായ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഘട്ടമായി മറ്റ് ഉത്തരവാദിത്വ ഹോംസ്റ്റേ യൂണിറ്റുകൾ അടക്കം മറ്റ് സേവനദാതാക്കൾക്കുള്ള പ്രത്യേക ഉത്തരവാദിത്വ ടൂറിസം വർഗ്ഗീകരണം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി വരുന്നു.

(സി) ശക്തമായ പ്രചരണ പരിപാടികളും നൂതനമായ ടൂറിസം ഉൽപ്പന്നങ്ങളുടെ വികസനവും പ്രോത്സാഹനവും പുതിയ കേന്ദ്രങ്ങളുടെ വികസനവും നടപ്പാക്കി ടൂറിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുക.

**കയർ മേഖലയിലെ പ്രതിസന്ധി**

12 (*192) ശ്രീ. ബി.സത്യൻ :
ശ്രീ. കെ. ദാസൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കയർ വ്യവസായരംഗത്തെ പ്രതിസന്ധി മൂലം ചെറുകിട കയർ ഫാക്ടറി ഉടമകളും തൊഴിലാളികളുമായ '6' പേർ ആത്മഹത്യ ചെയ്യാനിടയായ സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ;

(ബി) കയർ ഉത്പന്നങ്ങൾക്ക് വില ലഭിക്കാത്തതിനാലും ചകിരി ക്ഷാമം മൂലവും കയർപിരി മേഖല കടുത്ത വെല്ലുവിളിയെ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പരമ്പരാഗത കയർ തൊഴിലാളികളെ സംരക്ഷിക്കാൻ വേണ്ടി പദ്ധതി ഉണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) അതെ. വളരെ ഗൗരവമായാണ് സർക്കാർ കാണുന്നത്.

(ബി) ഉണ്ട്.

(സി) കയർ വ്യവസായത്തെ അടിമുടി ആധുനീകരിക്കുന്നതിനൊപ്പം വ്യവസായത്തിൽ ജോലി ചെയ്യുന്ന പരമ്പരാഗത തൊഴിലാളികളെ സംരക്ഷിക്കുക എന്നതാണ് സർക്കാർ സമീപനം. പരമ്പരാഗത തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ കയർഫെഡ് മുഖേനയും കയർ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻവഴിയും നിശ്ചിത വിലയ്ക്ക് സംഭരിച്ച് തൊഴിലാളികൾക്ക് ജോലിയും വേതനവും ഉറപ്പുവരുത്തുക എന്നതാണ് സർക്കാർ സമീപനം. ഇതിനായി കയർമേഖലയുടെ വിഹിതം ഗണ്യമായി ഉയർത്തിയിട്ടുണ്ട്.

**ചെറുകിട വ്യവസായ സംരംഭങ്ങൾക്കുള്ള കേന്ദ്രസഹായം**

13 (*193) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് കേന്ദ്ര സഹായം ലഭിക്കുന്നതാണെന്ന ഉറപ്പ് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) പി.എം.ഇ.ജി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് സ്റ്റാർട്ട് അപ് പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പുതിയ സാങ്കേതിക വിദ്യകൾ പരമാവധി പ്രയോജനപ്പെടുത്തി വ്യാവസായിക വികസനം സാധ്യമാക്കുന്നതിനും യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കുന്ന തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) സംസ്ഥാനത്ത് ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽനിന്ന് ക്ലസ്റ്റർ ഡെവലപ്മെന്റ് (MSE-CDP), കോമൺ ഫെസിലിറ്റി സെന്റർ വികസനം (MSE-CFC) തുടങ്ങിയ പ്രോജക്ടുകൾക്കും വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള അധികസഹായ ഇനത്തിലുമാണ് കേന്ദ്രസഹായം ലഭിച്ചുവരുന്നത്. സംസ്ഥാനത്ത് ഇതുവരെ 15 ക്ലസ്റ്ററുകളിൽ കോമൺ ഫെസിലിറ്റി സെന്റർ (CFC) സ്ഥാപിക്കുവാൻ കേന്ദ്രത്തിന്റെ അംഗീകാരം

ലഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്ക് 70% ആണ് കേന്ദ്ര സഹായം. ഇതിൽ 8 പദ്ധതികൾ പ്രവർത്തനം ആരംഭിച്ചു. വ്യവസായ വികസനത്തിനുള്ള അധിക കേന്ദ്രസഹായമായി 2011-12 സാമ്പത്തിക വർഷത്തിൽ 300 ലക്ഷം, 2012-13-ൽ 1500 ലക്ഷം, 2013-14-ൽ 449.83 ലക്ഷം, 2015-16-ൽ 530 ലക്ഷം എന്നീ ക്രമത്തിൽ ലഭിച്ചിട്ടുണ്ട്. 60% കേന്ദ്രസഹായമുള്ള MSE-CDP പദ്ധതിയിൻകീഴിൽ ഡെവലപ്മെന്റ് പ്ലോട്ട്/ഡെവലപ്മെന്റ് ഏരിയകളിൽ പശ്ചാത്തല സൗകര്യ വികസനത്തിന് കേന്ദ്ര സഹായത്തിനായി അപേക്ഷിച്ചിട്ടുണ്ട്. ഇതിൽ മൂന്ന് പദ്ധതികൾക്ക് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇതുകൂടാതെ MSE-CDP പദ്ധതിയിൻകീഴിൽ അധിക സാമ്പത്തിക സഹായമായി 2013-14-ൽ 18 ലക്ഷം രൂപയും 2015-16-ൽ 400 ലക്ഷം രൂപയും കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്.

(ബി) പി.എം.ഇ.ജി.പി. പദ്ധതിയിൽ സ്റ്റാർട്ട്അപ് പദ്ധതികൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഗവേഷണ സ്ഥാപനങ്ങളിലെയും സാങ്കേതിക സ്ഥാപനങ്ങളിലെയും ഗവേഷണഫലങ്ങൾ വ്യവസായ സംരംഭകർക്ക് ലഭ്യമാക്കുന്നതിനുള്ള ടെക്നോളജി ഇൻക്യുബേഷൻ സെന്റർ, എന്റർപ്രണർ ഗൈഡൻസ് സെൽ എന്നിവ മുഖേനയുള്ള ഹാൻഡ് ഹോൾഡിംഗ് സർവ്വീസുകൾ തുടങ്ങിയവ നടപ്പിലാക്കി വരുന്നു. 20-12-2012 മുതൽ സർക്കാർ നടപ്പിലാക്കി വരുന്ന സംരംഭകത്വ സഹായ പദ്ധതി പ്രകാരം പുതിയ സാങ്കേതികവിദ്യ ലഭ്യമാക്കി ഉൽപ്പാദനം നടത്തുന്ന വ്യവസായ സംരംഭങ്ങൾക്ക് സ്ഥിരാസ്ഥികളിലുള്ള നിക്ഷേപത്തിന്റെ 10% (പരമാവധി പത്ത് ലക്ഷം രൂപ) അധിക സഹായമായി നൽകുന്നു. യുവസംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സ്കൂൾ, കോളേജ് തലത്തിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി. ക്ലബ്ബ്) പ്രവർത്തിച്ചുവരുന്നു. കേരള എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (കീഡ്, കളമശ്ശേരി) വഴി ക്ലബ്ബ് അംഗങ്ങൾക്കും കോ-ഓർഡിനേറ്റർമാർക്കും പരിശീലന ശിൽപ്പശാലകൾ നടത്തിവരുന്നു.

**സമ്പൂർണ്ണ വൈദ്യുതീകരണം**

14 (*194) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. ആൻസലൻ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കുന്നതിന് കേന്ദ്ര ഗവൺമെന്റുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ അനുവദിച്ച സഹായങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത കരാർ പ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണം എന്നത്തേക്ക് പൂർത്തീകരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്;

(ഡി) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഉണ്ട്. 2016 ഫെബ്രുവരി 13-ന് 24x7 power for all എന്ന പദ്ധതിക്കായി ഒരു സംയുക്ത പ്രഖ്യാപനത്തിൽ ഒപ്പുവച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്ക് പ്രത്യേകമായി കേന്ദ്ര സഹായം ലഭ്യമല്ല.

(സി) പ്രസ്തുത പദ്ധതിപ്രകാരം 2018-19-നാണ് സമ്പൂർണ്ണ വൈദ്യുതീകരണം രാജ്യമാകെ പൂർത്തീകരിക്കേണ്ടത്.

(ഡി) സംസ്ഥാനത്ത് 2017 മാർച്ചോടുകൂടി സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളിലൂടെയും തദ്ദേശസ്വയംഭരണ, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾക്കുള്ള ഫണ്ട്, ജനപ്രതിനിധികൾക്ക് അനുവദിക്കുന്ന ഫണ്ട് (എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് (MLA ADF), Special Development Fund -(MLA SDF) എം.പി.-മാരുടെ Local Area Development (MP LAD) Fund തുടങ്ങിയവ) എന്നിവയും ബോർഡിന്റെ തനത് ഫണ്ടും ഉപയോഗിച്ചാകും ഇത് പൂർത്തിയാക്കുക.

**ഊർജ്ജ മേഖലയുടെ വികസനം**

15 (*195) ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട വികസന പരിഷ്കരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) പദ്ധതി നടത്തിപ്പുവഴി കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങളെന്തെല്ലാമെന്ന് വിശദമാക്കാമോ;

(ഡി) ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഉണ്ട്. സംസ്ഥാനത്ത് ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതിയിൽ ഉൾപ്പെടുത്തി (RAPDRP) താഴെപ്പറയുന്ന വികസന പരിഷ്കരണ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു.

(1) പാർട്ട്-എ വിഭാഗത്തിൽ വിവര സാങ്കേതികവിദ്യ പദ്ധതികളും

(2) പാർട്ട്-ബി-യിൽ ഊർജ്ജനഷ്ടം കുറച്ച് വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിലുള്ള പദ്ധതികളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വിവര സാങ്കേതികവിദ്യ പദ്ധതിയുടെ ഭാഗമായി കെ.എസ്.ഇ.ബി.എൽ.-ന്റെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച് വിവര സാങ്കേതികവിദ്യ ശൃംഖല സ്ഥാപിച്ചിട്ടുണ്ട്. ഡാറ്റാ സെന്റർ, കേന്ദ്രീകൃത കസ്റ്റമർ കെയർ സെന്റർ എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിലൂടെ 24 മണിക്കൂറും പരാതി രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം, ഓൺലൈനായി പണമടയ്ക്കുന്നതിനുള്ള സംവിധാനം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. 214 കോടി രൂപയുടെ അംഗീകാരം കിട്ടിയിട്ടുള്ള ഈ പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത 43 നഗരങ്ങളിൽ ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനുവേണ്ടിയുള്ള എനർജി ഓഡിറ്റിംഗ്, നെറ്റ്‌വർക്ക് അനാലിസിസ്, വൈദ്യുതി വിതരണ ശൃംഖലയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള ജി.ഐ.എസ്. സംവിധാനം, വിവിധ തലങ്ങളിൽ കാര്യക്ഷമമായ തീരുമാനങ്ങൾ എടുക്കുന്നതിനുള്ള എം.ഐ.എസ്. സംവിധാനം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. കമ്പ്യൂട്ടർവൽകൃത സംവിധാനങ്ങളിലൂടെ ഫീഡർ അടിസ്ഥാനത്തിലും ട്രാൻസ്ഫോർമർ അടിസ്ഥാനത്തിലും വൈദ്യുതി നഷ്ടം കണ്ടെത്തി അവ കുറയ്ക്കുന്നതിനുള്ള നടപടി എടുക്കുന്നതിനും സഹായിക്കുന്നു. കൂടാതെ സ്കാഡ പദ്ധതിയിൽ ഉൾപ്പെടുത്തി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ വിതരണ മേഖലയുടെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും

അതുമുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് (RAPDRP) പാർട്ട് ബി-യിൽ 1078 കോടി രൂപയുടെ വികസന പരിഷ്കരണ പ്രവൃത്തികളാണ് നടപ്പിലാക്കിവരുന്നത്. ഇതിനുപുറമേ, 28-4-2016-ൽ കേന്ദ്ര സർക്കാർ പുതിയ പദ്ധതിയായ Integrated Power Development Scheme (IPDS)-ന് അനുമതി നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം 592 കോടി രൂപയുടെ വികസന പരിഷ്കരണ പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

പ്രസരണ വിതരണ മേഖലയിൽ വൈദ്യുതി വിതരണ പരിഷ്കരണ പദ്ധതികൾ പ്രകാരം താഴെപ്പറയുന്ന പ്രവൃത്തികൾ പൂർത്തിയാക്കി.

1. കോഴിക്കോട്, കാഞ്ഞങ്ങാട്, പരവൂർ എന്നീ ടൗണുകളിൽ ഓരോ 33 കെ.വി. സബ്സ്റ്റേഷനും പാലക്കാട് ടൗണിൽ രണ്ട് 33 കെ.വി. സബ്സ്റ്റേഷനുകളും നിർമ്മിച്ചു.
2. 17 km 33 KV ലൈൻ നിർമ്മാണം
3. 1476 km 11 KV ലൈൻ നിർമ്മാണം
4. 886 km 11 KV ഭൂഗർഭ കേബിൾ സ്ഥാപിക്കൽ
5. 2281 വിതരണ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ
6. 222 km LT ലൈൻ നിർമ്മാണം
7. 2306 km സിംഗിൾ ഫേസ് ലൈൻ മാറ്റി ത്രീ ഫേസ് ലൈൻ ആക്കി
8. കേടായ/പഴകിയ 3575 km LT ലൈൻ മാറ്റി പുതിയ ലൈൻ വലിച്ചു.
9. 523 km കേടായ/പഴകിയ എച്ച്.റ്റി. ലൈൻ മാറ്റി പുതിയ ലൈൻ വലിച്ചു.
10. 1111048 സിംഗിൾ/ത്രീ ഫേസ് കേടായ മെക്കാനിക്കൽ മീറ്ററുകൾ മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിച്ചു.

(ബി) ഊർജ്ജിത ഊർജ്ജ വികസന പദ്ധതി പാർട്ട്-എ-യുടെ ഭാഗമായിട്ടുള്ള ഐ.ടി. പദ്ധതികൾ മുഖേന വിതരണമേഖലയുടെ സമഗ്രമായ കമ്പ്യൂട്ടർവൽക്കരണമാണ് ലക്ഷ്യമിടുന്നത്. വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് വിതരണ മേഖലയിലെ പ്രസരണ-വിതരണ നഷ്ടം (AT & C loss) 15%-ൽ താഴെ കുറയ്ക്കുവാൻ വേണ്ടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സ്കാഡ പദ്ധതിയിൽ വിതരണ

മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതുമുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു. പദ്ധതി പ്രദേശത്തെ വൈദ്യുതി വിതരണരംഗം ആധുനികവൽക്കരിച്ച് പ്രസരണ വിതരണ വാണിജ്യനഷ്ടം കുറച്ച് 15%-ൽ താഴെയാക്കി ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുവാനാണ് പാർട്ട്-ബി പദ്ധതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. ഈപദ്ധതി പൂർത്തിയാകുന്നതോടെ പദ്ധതി പ്രദേശങ്ങളിൽ തടസ്സമില്ലാതെ വൈദ്യുതി വിതരണം നടത്തുന്നതിനും വൈദ്യുതി നഷ്ടം കുറച്ചുകൊണ്ടുള്ള കാര്യക്ഷമമായ പ്രവർത്തനവും അതിലൂടെ മെച്ചപ്പെട്ട ഉപഭോക്തൃ സേവനവും ലക്ഷ്യമിടുന്നു.

(സി) ഊർജ്ജിത ഊർജ്ജ വികസന പദ്ധതി പാർട്ട്-എ-യുടെ ഭാഗമായി ഇതുവരെ താഴെപ്പറയുന്ന പ്രവൃത്തികൾ നടപ്പിലാക്കി.

- ഡാറ്റാ സെന്റർ, കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനം (കസ്റ്റമർകെയർ സെന്റർ) എന്നിവ സ്ഥാപിക്കൽ
- 43 നഗരങ്ങളിലെ വിവര സാങ്കേതികവിദ്യ ശൃംഖല സ്ഥാപിക്കൽ
- 43 നഗരങ്ങളിലും ഉപഭോക്താക്കൾക്ക് വൈദ്യുതി തടസ്സം അറിയിക്കുന്നതിനുള്ള 1912 സംവിധാനം
- 43 നഗരങ്ങളിലും ഉപഭോക്താക്കൾക്ക് വൈദ്യുതി ബിൽ ഓൺ ലൈനായി അടയ്ക്കുന്നതിനും പരാതി രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സംവിധാനം
- 43 നഗരങ്ങളിലും വിതരണശൃംഖല ഉൾപ്പെടുത്തിയുള്ള ജി.ഐ.എസ്. സംവിധാനം
- ഡിസാസ്റ്റർ റിക്കവറി സെന്റർ സ്ഥാപിക്കൽ
- 31 നഗരങ്ങളിൽ 11 കെ.വി. ഫീഡർ തലത്തിലും ട്രാൻസ്ഫോർമർ തലത്തിലും ഊർജ്ജ ഓഡിറ്റിംഗിനുള്ള സംവിധാനം

  ബാക്കിയുള്ള 12 നഗരങ്ങളിലും ഇത് സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള ശ്രമം പുരോഗമിച്ചുവരുന്നു.

  ഇവ കൂടാതെ 3 നഗരങ്ങളിലേക്കുള്ള സ്കാഡ പദ്ധതി സമയ ബന്ധിതമായി പുരോഗമിച്ചുവരുന്നു.

  ആർ.എ.പി.ഡി.ആർ.പി. പാർട്ട് ബി പദ്ധതിയുടെ നടത്തിപ്പുവഴി 43 നഗരങ്ങളിൽ കൈവരിച്ച പ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1. കോഴിക്കോട്, കാഞ്ഞങ്ങാട്, പരവൂർ എന്നീ ടൗണുകളിൽ ഓരോ 33 കെ.വി. സബ്സ്റ്റേഷനും പാലക്കാട് ടൗണിൽ രണ്ട് 33 കെ.വി. സബ്സ്റ്റേഷനുകളും നിർമ്മിച്ചു.
2. 17 km 33 KV ലൈൻ നിർമ്മാണം
3. 1476 km 11 KV ലൈൻ നിർമ്മാണം
4. 886 km 11 KV ഭൂഗർഭ കേബിൾ സ്ഥാപിക്കൽ
5. 2281 എണ്ണം വിതരണ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ
6. 222 km LT ലൈൻ നിർമ്മാണം
7. 2306 km സിംഗിൾ ഫേസ് ലൈൻ മാറ്റി ത്രീ ഫേസ് ലൈൻ ആക്കി
8. കേടായ/പഴകിയ 3575 km LT ലൈൻ മാറ്റി പുതിയ ലൈൻ വലിച്ചു.
9. 523 km കേടായ/പഴകിയ എച്ച്.റ്റി. ലൈൻ മാറ്റി പുതിയ ലൈൻ വലിച്ചു.
10. 1111048 സിംഗിൾ/ത്രീ ഫേസ് കേടായ മെക്കാനിക്കൽ മീറ്ററുകൾ മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിച്ചു.

(ഡി) പാർട്ട്-എ, പാർട്ട്-ബി, ഐ.പി.ഡി.എസ്. എന്നീ പദ്ധതികളുടെ നടത്തിപ്പിലേക്കായി പ്രത്യേകം തെരഞ്ഞെടുത്ത ഐ.ടി. പ്രോജക്ട് ടീമുകൾ, സെൻട്രലി എയ്ഡഡ് പ്രോജക്ട് വിംഗ്, തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിലായി എ.പി.ഡി.ആർ.പി. ഡിവിഷനുകൾ, 43 നഗരങ്ങളിലും നോഡൽ ഓഫീസർമാർ എന്നിവർക്ക് ചുമതല നൽകി പദ്ധതി നടപ്പിലാക്കിവരുന്നു. സംസ്ഥാനാടിസ്ഥാനത്തിൽ ഡിസ്ട്രിബ്യൂഷൻ റിഫോംസ് കമ്മിറ്റിയും ജില്ലാടിസ്ഥാനത്തിൽ ഡിസ്ട്രിക്ട് ഇലക്ട്രിസിറ്റി കമ്മിറ്റിയും പദ്ധതി നടത്തിപ്പ് അവലോകനം ചെയ്തുവരുന്നു. കൂടാതെ ഡിവിഷൻ, സർക്കിൾ, റീജിയൺ തലത്തിലും ബോർഡ് തലത്തിലും പീരിയോഡിക്കൽ റിവ്യൂ ആന്റ് മോണിറ്ററിംഗ് മീറ്റിംഗുകൾ നടത്തിവരുന്നു. കേന്ദ്ര സർക്കാർ എല്ലാ മാസവും അവലോകനയോഗം നടത്തി പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി പദ്ധതി പ്രദേശങ്ങളിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ മുതൽ ഓവർസിയർ വരെയുള്ള ജീവനക്കാർക്ക് നടത്തിപ്പും ഉപയോഗവും സംബന്ധിച്ച പരിശീലനവും കമ്പ്യൂട്ടർ അധിഷ്ഠിത "ഓൺ ദി ജോബ്" ട്രെയിനിംഗും നൽകിയിട്ടുണ്ട്.

## രാജീവ്ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന

16 (*196) ശ്രീ. അനിൽ അക്കര :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പദ്ധതി നടത്തിപ്പുമൂലം എന്തെല്ലാം നേട്ടങ്ങളാണ് ഊർജ്ജ രംഗത്ത് കൈവരിച്ചത്; വിശദീകരിക്കാമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ഉണ്ട്. കേരളത്തിൽ ഈ പദ്ധതിപ്രകാരം 2007-2015 കാലയളവിൽ 14 ജില്ലകളിലായി 125405 ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിച്ചു. ഇതിൽ 113420 ഭവനങ്ങൾ ബി.പി.എൽ. ഭവനങ്ങളാണ്.

(ബി) എല്ലാ ഗ്രാമീണ ഭവനങ്ങളും വൈദ്യുതീകരിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ഈ പദ്ധതിപ്രകാരം 14 ജില്ലകളിലായി 79418 ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. എന്നാൽ 125405 ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കാൻ സാധിച്ചു.

(സി) ഈ പദ്ധതിപ്രകാരം സംസ്ഥാനത്തെ 1135 വില്ലേജുകളിലായി 1831 ട്രാൻസ്ഫോർമറുകൾ (25 കെ.വി.എ.) സ്ഥാപിച്ചു. 1841 കി.മീറ്റർ 11 കെ.വി. ലൈനും 3831 എൽ.റ്റി ലൈനും നിർമ്മിച്ചിട്ടുണ്ട്. ആകെ 125405 ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിന് സാധിച്ചു. ഇതിൽ 113420 ബി.പി.എൽ. വീടുകൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകി. ഈ പദ്ധതിപ്രകാരം ഒരു പുതിയ 66 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനും നിലവിലുള്ള 5 സബ്സ്റ്റേഷനുകളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനും സാധിച്ചു.

## വിദേശ നിക്ഷേപനയം

17 (*197) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പാറക്കൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ സുപ്രധാന മേഖലകളിൽ വിദേശനിക്ഷേപം നടത്തുന്നതിനുണ്ടായിരുന്ന നിയന്ത്രണങ്ങളിൽ കാര്യമായ ഇളവ് വരുത്തി കൊണ്ടുള്ള കേന്ദ്ര സർക്കാർ തീരുമാനം സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഈ നയം മാറ്റം സംസ്ഥാന സർക്കാർ എങ്ങിനെ വീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക മേഖലയ്ക്ക് ഇതു ഗുണകരമാണോ, ദോഷകരമാണോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) സുപ്രധാന മേഖലകളിൽ വിദേശനിക്ഷേപം നടത്തുന്നതിനുണ്ടായ നിയന്ത്രണങ്ങൾ ഇളവ് വരുത്തിയെന്ന് കേന്ദ്ര സർക്കാർ 2016 ജൂൺ 20-ന് പത്രക്കുറിപ്പ് ഇറക്കിയിരുന്നു. ഇതനുസരിച്ച് തന്ത്രപ്രധാന മേഖലകളായ പ്രതിരോധം, ഫാർമസ്യൂട്ടിക്കൽ, സിവിൽ ഏവിയേഷൻ, ഡി.റ്റി.എച്ച്., കേബിൾ നെറ്റ്‌വർക്ക്, മൃഗസംരക്ഷണം മുതലായവയിൽ 100 ശതമാനം പ്രത്യക്ഷ വിദേശ നിക്ഷേപം അനുവദിച്ചിട്ടുണ്ട്.

(ബി) ചില മേഖലകളിൽ സംസ്ഥാന സർക്കാരുകളെ വിശ്വാസത്തിലെടുക്കാതെയുള്ള പ്രത്യക്ഷ വിദേശ നിക്ഷേപം ആശാസ്യമല്ല.

(സി) ഇതുസംബന്ധിച്ച വിശദമായ പഠനത്തിനുശേഷം മാത്രമേ സംസ്ഥാനത്തിന്റെ വിവിധ മേഖലകളെ പുതിയ നയം എങ്ങനെ സ്വാധീനിക്കുമെന്ന് വിലയിരുത്തുവാൻ സാധിക്കുകയുള്ളൂ.

## പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം

18 (*198) ശ്രീ. എം. മുകേഷ് :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം യഥാസമയം അവലോകനം ചെയ്യുന്നതിനും, കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) നഷ്ടത്തിലായ യൂണിറ്റുകളെ ലാഭകരമാക്കിത്തീർക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ;

(സി) വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ ആധുനികവത്കരിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുമോ?

വ്യവസായവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന്റെയും വിവിധ പദ്ധതികളുടെയും പുരോഗതി യഥാസമയം അവലോകനം ചെയ്യുന്നതിനായി റിയാബ് മുഖേനയുള്ള ഇന്റർനെറ്റ് അധിഷ്ഠിത പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുന്നതാണ്. ഈ നടപടികൾ ത്വരിതപ്പെടുത്തുന്നതിലേക്കായി പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) ഈ സർക്കാർ ഇതിനകംതന്നെ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. കമ്പനികളുടെ ഡയറക്ടർ ബോർഡ് ഉൾപ്പെടെയുള്ള മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തിയും സുതാര്യമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിലേക്കായി ഇ-പ്രൊക്യൂർമെന്റ് മുതലായ കാര്യക്ഷമമായ ഇ-ഗവേണൻസ് സംവിധാനങ്ങൾ നടപ്പിലാക്കിയും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ അതാത് മേഖലകളിൽ വിദഗ്ദ്ധരായവരെ സുതാര്യമായ നടപടിക്രമങ്ങളിലൂടെ മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു.

(ബി&സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ ഭാഗമായി

വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 42 സ്ഥാപനങ്ങളുടേയും പ്രാഥമിക അവലോകനയോഗങ്ങൾ റിയാബ് ചെയർമാന്റെ നേതൃത്വത്തിൽ നടന്നുകഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനങ്ങളുടേയും കാര്യക്ഷമമായ പ്രവർത്തനത്തിനായി ആധുനികവൽക്കരണവും വിപുലീകരണവും ഉൽപ്പാദന വൈവിധ്യവൽക്കരണവുമുൾപ്പെടെ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച തീരുമാനം സർക്കാർ കൈക്കൊള്ളുന്നതായിരിക്കും.

**വൈദ്യുതി അറ്റകുറ്റപ്പണികൾക്കിടെയുള്ള അപകടമരണങ്ങൾ**

19 (*199) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. എം. എം. മണി :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈനിലെ അറ്റകുറ്റപ്പണികൾക്കിടെ വൈദ്യുതാഘാതമേറ്റുള്ള അപകടങ്ങൾ അധികരിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അറ്റകുറ്റപ്പണിയിലേർപ്പെടുന്നവർക്ക് ഏതുതരത്തിലുള്ള സുരക്ഷാ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) സംസ്ഥാന വൈദ്യുതി ബോർഡിന്റെ അനാസ്ഥ കൊണ്ട് അപകടം സംഭവിക്കുന്ന കരാർ തൊഴിലാളികൾക്കും അവരുടെ കുടുംബങ്ങൾക്കും സംരക്ഷണം നൽകാൻ വ്യവസ്ഥ ചെയ്യുമോ എന്ന് വെളിപ്പെടുത്തുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) ഇല്ല. വൈദ്യുതി ലൈനിലെ അറ്റകുറ്റപ്പണികൾക്കിടയിൽ വൈദ്യുതാഘാതമേറ്റുള്ള അപകടങ്ങൾ ഉണ്ടാകുന്നുണ്ട്. പക്ഷെ 2014-ലെയും 2016-ലെയും കണക്കുകൾ താരതമ്യം ചെയ്യുമ്പോൾ അപകടങ്ങൾ നേരിയ തോതിൽ കുറഞ്ഞിട്ടുണ്ട്.

(ബി) വൈദ്യുതി വിതരണ ലൈനുകളിലും ഉപകരണങ്ങളിലും ജോലി ചെയ്യുമ്പോൾ ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും സുരക്ഷ ഉറപ്പുവരുത്തുന്നതിനു വേണ്ടി ഉൽപ്പാദന, പ്രസരണ വിഭാഗങ്ങളിൽ നിലവിലുള്ള 'permit to work' (PTW) സംവിധാനം വിതരണ മേഖലയിൽക്കൂടി കർശനമായി നടപ്പാക്കിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉൽപ്പാദന, പ്രസരണ, വിതരണ വിഭാഗങ്ങളിലെ എല്ലാ ഓഫീസുകളിലും ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ (Safety Gloves, Safety Belt, safety shoes, earthing/discharge rod, earthing chain, rain coat, ladder, first aid kit etc.) ലഭ്യമാക്കിയിട്ടുണ്ട്.

വിതരണ വിഭാഗത്തിലെ കരാർ തൊഴിലാളികൾക്കും അവശ്യം വേണ്ട സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇനിയും ഇത്തരത്തിലുള്ള അപകടങ്ങൾ സംഭവിക്കാതിരിക്കാൻ പ്രത്യേകിച്ചും അറ്റകുറ്റപ്പണിയിലേർപ്പെടുന്നതിനുമുൻപ് ആ പോസ്റ്റിലൂടെ കടന്നുപോകുന്ന എല്ലാ (എൽ.റ്റി./എച്ച്.റ്റി.) ലൈനുകളുടേയും വൈദ്യുതി ബന്ധം വിച്ഛേദിച്ച് ജോലി ചെയ്യുന്നതിനിരുവശവും എർത്ത് ചെയ്യുക തുടങ്ങിയ സുരക്ഷാ നടപടികൾ പാലിച്ചതിനുശേഷം സുരക്ഷാ ഉപകരണങ്ങൾ ധരിച്ചുകൊണ്ട് മാത്രമേ ജോലി ആരംഭിക്കാൻ പാടുള്ളൂ എന്ന കർശന നിർദ്ദേശം നൽകുകയും അത് പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ വേണ്ടനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സുരക്ഷ സംബന്ധിച്ച ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നു.

(സി) ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുന്ന ചെറുകിട കരാർ തൊഴിലാളിയുടെ (മൂന്ന് ലക്ഷം രൂപയ്ക്കു താഴെയുള്ള അടങ്കൽ തുകയ്ക്കുള്ള കരാർ) ആശ്രിതർക്ക് പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരവും (397480 രൂപ മുതൽ 914160 രൂപ വരെ) അംഗവൈകല്യം സംഭവിക്കുന്നവർക്ക് അവശതാ നഷ്ടപരിഹാരവും ചികിത്സാ കാലയളവിലേക്ക് അർദ്ധമാസികാ നഷ്ടപരിഹാരവും 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമ പ്രകാരം അനുവദിച്ചുവരുന്നു. മൂന്ന് ലക്ഷം രൂപയ്ക്ക് മുകളിലുള്ള കരാർ ജോലിയിൽ സംഭവിക്കുന്ന അപകടങ്ങൾക്ക് കരാറുകാരൻ എടുത്തിട്ടുള്ള അപകട ഇൻഷ്വറൻസ് പരിരക്ഷയിൽനിന്നും നഷ്ടപരിഹാരം നൽകിവരുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ എല്ലാ ജീവനക്കാരുടെ നിയമനവും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയുള്ള നടപടിക്രമങ്ങളിലൂടെയും 1963-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (Additional functions) ആക്റ്റ്, 1964-ലെ വ്യവസ്ഥകൾ പ്രകാരവുമായതിനാൽ അപകടമരണം സംഭവിക്കുന്ന കരാർ ജീവനക്കാരുടെ അനന്തരാവകാശികൾക്ക് ആശ്രിതനിയമനം നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

**സ്പോർട്സുമായി ബന്ധപ്പെട്ട അഴിമതി ആരോപണങ്ങൾ**

20 (*200) ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. വി. ജോയി :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാഷണൽ ഗെയിംസ് നടത്തിപ്പുമായി ബന്ധപ്പെട്ട് പുറത്തുവന്ന അഴിമതി ആരോപണങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി ആവശ്യമായ തുടർനടപടി സ്വീകരിക്കുമോ;

(ബി) സ്പോർട്സ് കൗൺസിലുമായി ബന്ധപ്പെട്ട് അടുത്തിടെ പുറത്തു വന്നിരിക്കുന്ന അഴിമതി ആരോപണങ്ങളെക്കുറിച്ചും വിശദമായ അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

വ്യവസായവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ) :

(എ&ബി) കായികരംഗത്തെ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഉയരുന്ന ഏതുതരം ആരോപണങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ച് ആവശ്യകത ബോദ്ധ്യപ്പെടുന്നപക്ഷം അന്വേഷണത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പാരമ്പര്യേതര വൈദ്യുതോൽപ്പാദന പദ്ധതികൾ**

21 (*201) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. പി. വി. അൻവർ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ പാരമ്പര്യേതര വൈദ്യുതി ഉല്പാദിപ്പിക്കുന്ന എത്ര പദ്ധതികൾ ഉണ്ടെന്ന വിവരം ലഭ്യമാണോ;

(ബി) പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതികളിൽ നിന്ന് എത്ര മെഗാവാട്ട് വൈദ്യുതി വീതം ലഭിക്കുന്നുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ഡി) പ്രസ്തുത മേഖലയിൽ നിന്ന് കൂടുതൽ വൈദ്യുതി ഉല്പാദിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) ലഭ്യമാണ്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിൽ പാരമ്പര്യേതര ഊർജ്ജോൽപ്പാദന പദ്ധതികളിൽ ഉൾപ്പെടുന്ന 20 ചെറുകിട ജലവൈദ്യുത പദ്ധതികളാണുള്ളത്. കൂടാതെ 27.221 മെഗാവാട്ടിന്റെ 76 എണ്ണം (അനർട്ടിന്റെ ഓഫ് ഗ്രിഡ് ഒഴികെ) സൗരോർജ്ജ പദ്ധതികൾ നിലവിലുണ്ട്. ഇതിൽ 1.335 മെഗാവാട്ടിന്റെ 63 ചെറുകിട സ്വകാര്യ ഗ്രിഡ് കണക്ടഡ് സോളാർ പദ്ധതികളും സിയാലിന്റെ 15.4 മെഗാവാട്ടിന്റെ ഗ്രിഡ് കണക്ടഡ് പദ്ധതിയും ഹിൻഡാൽകോയുടെ 1 മെഗാവാട്ടിന്റെ പദ്ധതിയും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പൂർത്തീകരിച്ച 11 പദ്ധതികളിൽ നിന്നായി 1.236

മെഗാവാട്ടും കൂടാതെ അനർട്ടിന്റെ 8.25 മെഗാവാട്ടിന്റെ ഗ്രിഡ് കണക്ടഡ് അല്ലാത്ത സൗരോർജ്ജ പദ്ധതികളും സംസ്ഥാനത്ത് നിലവിലുണ്ട്. കേരളത്തിൽ കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന 31 പദ്ധതികളാണുള്ളത്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ 2.025 മെഗാവാട്ടിന്റെ കഞ്ചിക്കോട്ടുള്ള പദ്ധതി കൂടാതെ 30 സ്വകാര്യ വ്യക്തികളിൽ നിന്നായി 41.25 മെഗാവാട്ട് ശേഷിയുള്ള പദ്ധതികളുൾപ്പെടെ ആകെ കാറ്റിൽനിന്നും 43.275 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള വൈദ്യുതിയാണ് ഉൽപ്പാദിപ്പിക്കുന്നത്.

(ബി) ഉണ്ട്. പതിനായിരം റൂഫ് ടോപ്പ് സോളാർ പദ്ധതി, സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി എന്നീ രണ്ട് സോളാർ വൈദ്യുത പദ്ധതികളാണ് സംസ്ഥാനത്ത് അനെർട്ട് വഴി നടപ്പാക്കിവരുന്നത്. കേരളത്തിലുടനീളം പതിനായിരം മേൽക്കൂരകളിൽ 1 കിലോവാട്ട് പവർ പ്ലാന്റുകൾ സ്ഥാപിച്ച് 10 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കൽ ലക്ഷ്യമിട്ട് 2012-13-ൽ ആരംഭിച്ച പതിനായിരം റൂഫ് ടോപ്പ് സോളാർ പദ്ധതിയിൽ നിലവിൽ 9100-ലധികം പ്രതിഷ്ഠാപനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതുമൂലം സ്ഥാപിതശേഷി 9.1 മെഗാവാട്ടായി വർദ്ധിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ ഏകദേശം 30000 യൂണിറ്റോളം വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ സ്ഥാപിതശേഷിയിൽ 15 മെഗാവാട്ട് വർദ്ധനവ് വരുത്തുക എന്നതാണ് 2014-15-ൽ ആരംഭിച്ച സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. 15 മെഗാവാട്ടിലധികം വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി അപേക്ഷകൾ നാളിതുവരെ ലഭിച്ചിട്ടുണ്ട്. ആയതിൽ 6 മെഗാവാട്ടിലധികം വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി ലഭിച്ച അപേക്ഷകൾ, പ്രാരംഭപഠനത്തിനുശേഷം 4.5 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നവ സ്ഥാപിക്കുന്നതിനായി അനുമതി നൽകി. ഇതിൽ 3 മെഗാവാട്ടോളം വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായിട്ടുള്ള പ്രതിഷ്ഠാപനങ്ങൾ പൂർത്തീകരിച്ചിട്ടുമുണ്ട്. കൂടാതെ അനർട്ടിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന വിവിധ സോളാർ പദ്ധതികളുടെ വിശദവിവരങ്ങളും മറ്റ് പദ്ധതികളുടെ വിശദവിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.* പാരമ്പര്യേതര ഊർജ്ജോൽപ്പാദന പദ്ധതികളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയെ സംബന്ധിച്ച വിവരങ്ങൾ പവർ സിസ്റ്റം സ്റ്റാറ്റിസ്റ്റിക്സായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പ്രസിദ്ധീകരിക്കുന്നുണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള വൈദ്യുതിയുടെ ഉൽപ്പാദനം പ്രധാനമായും ലഭിക്കുന്ന മഴയെ ആശ്രയിച്ചാണിരിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പാരമ്പര്യേതര ഊർജ്ജ മേഖലകളിൽനിന്നും കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി ഇതിനോടകംതന്നെ 1 മുതൽ 5 വരെ കിലോവാട്ട് ശേഷി വരുന്ന പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതുവഴി 10 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിക്കായിട്ടുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ രണ്ട് മെഗാവാട്ട് സോളാർ പവർപ്ലാന്റ് പാലക്കാട് കുഴൽമന്ദത്ത് അനെർട്ടിന്റെ ഉടമസ്ഥതയിൽ സ്ഥാപിച്ചുവരുന്നു. കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി കേരള സർക്കാർ കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ എൻ.എച്ച്.പി.സി.-യുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ആയതുപ്രകാരം ആദ്യഘട്ടത്തിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടങ്ങൾ പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ പ്രദേശങ്ങളിൽ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ നിർമ്മാണം നടന്നുവരുന്ന 6 ചെറുകിട ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനും വൈദ്യുതി ബോർഡ് ലിമിറ്റഡ് ഭരണാനുമതി നൽകിയ 16 പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നു. പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.* പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ കണ്ടെത്തുന്നതിനും വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനുമാവശ്യമായ സർവ്വേയും മറ്റു അനുബന്ധജോലികളും നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി 17.2415 മെഗാവാട്ടിന്റെ 20 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടത്തിവരുന്നു. 4.05 മെഗാവാട്ടിന്റെ 5 പദ്ധതികളുടെ ദർഘാസ് നടപടികളും കാസർഗോഡ് ജില്ലയിൽ 200 മെഗാവാട്ട് സോളാർ പാർക്കിന്റെ നിർമ്മാണവും കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരു മെഗാവാട്ടിന്റെ മൈക്രോ വിൻഡ് പദ്ധതിയുടെയും പാലക്കാട്, കഞ്ചിക്കോട് 2.625 മെഗാവാട്ടിന്റെ പദ്ധതിയുടെയും ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

പ്ലാനിംഗ് ബോർഡുമായി ചേർന്ന് മുനിസിപ്പൽ കോർപ്പറേഷനുകളുടേയും ജില്ലാ പഞ്ചായത്തുകളുടേയും അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ 20.331 മെഗാവാട്ടിന്റെ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സർക്കാർതലത്തിൽ കേരളത്തിലെ ജില്ലാ പഞ്ചായത്തുകളുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനം നടത്തിവരുന്നു. ഉദ്ദേശം 21 മെഗാവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 1.3 മെഗാവാട്ടിന്റെ ഒരു മൈക്രോ ഗ്രിഡ് പദ്ധതി ഇടുക്കിയിലെ ചതുരംഗപ്പാറയിൽ നടപ്പിൽ വരുത്താൻ ലക്ഷ്യമിടുന്നു.

**സംസ്ഥാനത്തിന്റെ സാമ്പത്തികനില**

22 (*202) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പുറത്തിറക്കിയ ധവള പത്രം സംസ്ഥാനത്തിന്റെ യഥാർത്ഥ സാമ്പത്തിക നിലയെ സത്യസന്ധമായി പ്രതിഫലിപ്പിക്കുന്നതാണോയെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയുമായി ബന്ധപ്പെട്ട് ഏതെല്ലാം കണക്കുകൾ പ്രസ്തുത ധവള പത്രത്തിൽ ഉൾപ്പെടുത്തിയിട്ടില്ലായെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കണക്കുകൾ ധവളപത്രത്തിൽ ഉൾപ്പെടാതെ പോയതിന്റെ സാഹചര്യം വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ യഥാർത്ഥ ചിത്രം വ്യക്തമാക്കുന്ന പുതിയ ധവളപത്രം പുറപ്പെടുവിക്കുവാൻ നടപടി സ്വീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) സംസ്ഥാന സർക്കാർ പുറത്തിറക്കിയ ധവളപത്രത്തിൽ സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി തീർത്തും ദുഷ്കരമായ അവസ്ഥയിലാണെന്ന് വ്യക്തമാക്കുന്നു. ധവളപത്രത്തിൽ സംസ്ഥാനത്തിന്റെ ധനസ്ഥിതിയെക്കുറിച്ച് പരാമർശിച്ചിട്ടുള്ള പ്രധാന നിഗമനങ്ങൾ ചുവടെ ചേർക്കുന്നു.

- സർക്കാരിന്റെ ദൈനംദിന ചെലവുകൾ തടസ്സംകൂടാതെ നടത്തേണ്ട വെല്ലുവിളിക്ക് പുറമെ പദ്ധതി-മൂലധന ചെലവുകൾക്കുള്ള വിഭവ സമാഹരണത്തിനും ഗുരുതരമായ ദൗർലഭ്യം നേരിടുന്നുണ്ട്.

- കഴിഞ്ഞ മൂന്ന് വർഷമായി സംസ്ഥാന നിയമസഭയിൽ അവതരിപ്പിക്കപ്പെട്ട ബഡ്ജറ്റുകൾ വിഭവ ലഭ്യതയുമായോ വർഷാന്ത്യത്തിൽ ഉണ്ടാകുന്ന യഥാർത്ഥ ചെലവുമായോ യാതൊരു താദാത്മ്യവും പ്രകടിപ്പിക്കുന്നതായിരുന്നില്ല. ഫണ്ടിന്റെ പിൻബലം ഉറപ്പാക്കാതെയാണ് പല പദ്ധതികളും പ്രോജക്ടുകളും പ്രഖ്യാപിച്ചിരുന്നത്.

- ബഡ്ജറ്റ് സംഖ്യകളും യഥാർത്ഥത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയും തമ്മിലുള്ള അന്തരം നികത്തുന്നതിലേക്കായി അധിക വിഭവ സമാഹരണത്തിനുള്ള മാർഗ്ഗങ്ങൾമാത്രം ബഡ്ജറ്റിൽ നിർദ്ദേശിച്ചിരുന്നു. എന്നാൽ അതിനനുസൃതമായി നികുതി, നികുതിയേതര വരുമാനം ഉയർത്തുന്നതിനുള്ള നടപടി ഒന്നും തന്നെ സ്വീകരിക്കുകയുണ്ടായില്ല.

- അധിക വിഭവ സമാഹരണംവഴി യഥാർത്ഥത്തിൽ സ്വരൂപിക്കുന്ന വരുമാനം, വർഷാവർഷം ബഡ്ജറ്റ് പ്രസംഗങ്ങളിൽ പ്രഖ്യാപിക്കപ്പെടുന്നതിന്റെ ഒരു ഭാഗം മാത്രമേ ആകുന്നുള്ളൂ. കഴിഞ്ഞ രണ്ട് ബഡ്ജറ്റുകളിൽ അധിക വിഭവ സമാഹരണമായി പ്രഖ്യാപിക്കപ്പെട്ട 2400 കോടി രൂപയുടെ സ്ഥാനത്ത് 1800 കോടി രൂപ മാത്രമേ പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ളൂ.

- കഴിഞ്ഞ 5 വർഷങ്ങളിലെ ഓരോ ബഡ്ജറ്റിലും ആയിരക്കണക്കിന് രൂപയുടെ അധികച്ചെലവിന്റെ പുതിയ ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ വിവക്ഷ ചെയ്തിട്ടുണ്ടായിരുന്നു. എങ്കിലും യഥാർത്ഥത്തിൽ നടപ്പിലാക്കിയവയുടെ എണ്ണം വളരെ കുറവാണ്.

- കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ, സംസ്ഥാനത്തിന്റെ വാർഷിക അടങ്കൽ സംസ്ഥാനത്തിന്റെ മതിപ്പ് ശേഷിയേക്കാൾ 10-15% വരെ വർദ്ധനയിലാണ് നിശ്ചയിച്ചിരുന്നത്. ഇത് എല്ലാ വർഷവും കൃത്രിമമായി പദ്ധതിയുടെ വലിപ്പം ഊതിപ്പെരുപ്പിച്ച് പ്രഖ്യാപിക്കുന്നതിനായിരുന്നു.

- റിസർവ് ബാങ്കിന്റെ 2016 മാർച്ച് 31-ലെ കണക്കുപ്രകാരം നീക്കിയിരിപ്പ് തുക 1643.99 കോടി രൂപയാണ്. എന്നാൽ യഥാർത്ഥത്തിൽ നൽകാനുള്ള 1800 കോടി രൂപ സർക്കാർ തലത്തിലും ട്രഷറിതലത്തിലും തടഞ്ഞുവയ്ക്കുകയാണുണ്ടായത്. യഥാർത്ഥത്തിൽ സംസ്ഥാനത്ത് നെഗറ്റീവ് ബാലൻസ് നിലനിന്നിരുന്ന അവസരത്തിൽ കൃത്രിമമായി പോസിറ്റീവ് ബാലൻസ് ഉള്ളതായി ചിത്രീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

- 2016 മാർച്ച് 31-ൽ കൃത്രിമമായി പെരുപ്പിച്ച് കാട്ടിയ നീക്കിയിരിപ്പ് ഒരു വശത്ത് പ്രതിഫലിക്കുമ്പോൾ മറുവശത്ത് അടിയന്തരമായി 6302 കോടി രൂപയുടെ ബാധ്യതയായി നിലനിൽക്കുന്നു.

- ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടില്ലാത്തതും എന്നാൽ നടപ്പിൽ വരുത്തുന്നതിന്റെ പല ഘട്ടങ്ങളിൽ ഉള്ളതുമായ ഒരുപിടി പദ്ധതികൾ പുതിയ സർക്കാരിന്റെ ബാദ്ധ്യതയായി വന്നിരിക്കുകയാണ്. ഇതിൽ പ്രധാന ഇനങ്ങളായ ഫ്ളാഗ്ഷിപ്പ് റോഡ് പദ്ധതി ബഡ്ജറ്റ് വിഹിതത്തിന് അതീതമായി ഭരണാനുമതി നൽകിയ മരാമത്തു പദ്ധതികൾ, സർക്കാർ ഇതര ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക, നെല്ല് സംഭരണം (സപ്ലൈകോയ്ക്ക് നൽകാനുള്ളത്), വിപണി ഇടപെടൽ (സപ്ലൈകോയ്ക്ക് നൽകാനുള്ളത്). ഇതിനുപുറമേ റോഡ്, പാലം, കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യ പദ്ധതികൾക്ക് സമീപഭാവിയിൽ 10000 കോടി രൂപ മുതൽ 15000 കോടി രൂപ വരെ കൊടുക്കേണ്ടതായി വരും.

- സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കുന്നതിലേക്കായി 14-ാം ധനകാര്യ കമ്മീഷൻ ചില നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുണ്ട്. അതിൽ കടത്തിന്റെ സഹനീയതയുടെ സൂചകങ്ങൾ ഒഴിച്ച് റവന്യൂകമ്മി/ജി.എസ്.ഡി.പി, ധനകമ്മി/ ജി.എസ്.ഡി.പി. എന്നീ സൂചകങ്ങളുടെ സാമ്പത്തിക ലക്ഷ്യങ്ങളൊന്നുംതന്നെ സംസ്ഥാനത്തിന് കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല.

- 2011-ൽ കഴിഞ്ഞ സർക്കാർ അധികാരമേറ്റപ്പോൾ, സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ (ജി.എസ്.ഡി.പി.) 1.28% റവന്യൂ കമ്മിയും 2.70% മൊത്ത ധനകമ്മിയും മുൻസർക്കാർ പൈതൃകമായി കൈമാറിയിരുന്നു. 2011 മാർച്ച് 31-ന് സംസ്ഥാനം മൊത്തം ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3%-ൽ താഴെയായി മൊത്തം ധനകമ്മി നിലനിർത്തുക എന്ന സാമ്പത്തിക ലക്ഷ്യം കേരളം കൈവരിച്ചിരുന്നു.

- റവന്യൂ കമ്മിയിലും മൊത്തം ധനകമ്മിയിലുമുള്ള ക്രമാനുഗതമായ കുറവ് നിലനിർത്താൻ കഴിഞ്ഞിരുന്നുവെങ്കിൽ കേരളത്തിന് വളരെ എളുപ്പത്തിൽ സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കുവാൻ സാധിക്കുമായിരുന്നു.

- 2000-01 കാലഘട്ടങ്ങളിൽ സംസ്ഥാനത്ത് ആപത്കരമായ സാമ്പത്തികസ്ഥിതി നിലനിന്നിരുന്നു. പ്രസ്തുത വർഷം സംസ്ഥാനം 148 ദിവസം വേയ്സ് & മീൻസ് അഡ്വാൻസ് എടുക്കുകയും 213 ദിവസം ഓവർഡ്രാഫ്റ്റിലും ആയിരുന്നു. 2001-2006, 2006-2011 എന്നീ കാലയളവിൽ തുടർന്നുവന്ന സർക്കാരുകൾക്ക് സ്ഥിതി

നിയന്ത്രണ വിധേയമാക്കുവാൻ സാധിച്ചു. ഈ ഉദ്യമത്തിന്റെ ബലത്തിൽ 2011-2013 കാലഘട്ടങ്ങളിൽ സംസ്ഥാനം സുഗമമായി മുന്നോട്ട് പോയെങ്കിലും 2013-14-ൽ ഈ പ്രഭാവം നഷ്ടമായി. മുൻസർക്കാരിന്റെ അവസാന മൂന്ന് വർഷം റവന്യു കമ്മിയും മൊത്ത ധനകമ്മിയും മോശമായ അവസ്ഥയിൽ ആയതിനാൽ സംസ്ഥാനം വെയ്സ് & മീൻസ് അഡ്വാൻസിലേക്കും ഓവർഡ്രാഫ്റ്റിലേക്കും വഴുതി വീഴുകയാണുണ്ടായത്.

- 2011-2016 കാലയളവിൽ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥ ഗുരുതരമായി. നികുതി പിരിക്കേണ്ടതുൾപ്പെടെയുള്ള വരുമാന സമാഹരണത്തിലുള്ള സ്വജനപക്ഷപാതവും കഴിവില്ലായ്മയും ചെലവ് ചുരുക്കലിന്മേലുള്ള അച്ചടക്കരാഹിത്യവും കാരണം 2001-2006-ലും പിന്നീട് 2006-2011-ലും കൈവരിച്ച സ്ഥായിയായ സാമ്പത്തിക പുരോഗതി ബലികഴിക്കേണ്ടിവന്നു.

- നികുതി ഉൽപ്പാദന വകുപ്പുകളിലെ ഭരണയന്ത്രത്തെ അവരുടെ കഴിവിനൊത്ത് പ്രവർത്തിപ്പിക്കുന്നതിൽനിന്നും തടസ്സപ്പെടുത്തുക യാണുണ്ടായത്.

- റവന്യു കമ്മിയും മൊത്തം ധനക്കമ്മിയും പത്തു വർഷത്തിനിടയിലുള്ള ഏറ്റവും മോശപ്പെട്ട അവസ്ഥയായ ജി.എസ്.ഡി.പി.-യുടെ 2.65%-ലും 3.95%-ലും എത്തി.

- നാല് വർഷത്തെ നഷ്ടത്തിനൊടുവിൽ കടമെടുക്കുവാൻ മറ്റ് വഴിയോ മേഖലയോ ഇല്ലാതെ ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ ഒന്നും നടപ്പാക്കാനാവാത്ത ഒരു അവസ്ഥയിൽ സർക്കാർ എത്തി.

- 2006-2011 കാലയളവിലെ വിഭവസമാഹരണവും മിച്ചവും 2011-ൽ കഴിഞ്ഞ സർക്കാരിന് കൈമാറിയ മിച്ചവും ആ സർക്കാരിന്റെ ആദ്യ രണ്ടു വർഷങ്ങളിലെ പദ്ധതി ചെലവ് നിലനിർത്തുന്നതിനു വേണ്ടിയായിരുന്നു ഉപയോഗിച്ചത്. പക്ഷേ അതിനുശേഷം പദ്ധതിച്ചെലവിന്റെ കാര്യത്തിൽ ഒരു കൂപ്പുകുത്തലാണുണ്ടായത്. പദ്ധതിച്ചെലവ് 2012-13-ലെ 105%-ൽ നിന്നും 2013-14-ൽ 88%-ലേക്ക് നിലംപതിക്കുകയും അവിടുന്ന് 2014-15-ൽ 71%-ഉം ആയിത്തീർന്നു. 2015-16 -ൽ ഇത് 77% ആയി.

- 2006-2011-ലെ മൂലധനച്ചെലവിന്റെ നിർവ്വഹണം 2011-2016-ലെ

മൂലധനച്ചെലവിന്റെ നിർവ്വഹണത്തിനേക്കാൾ തീർത്തും മികവുറ്റതാണ്. ട്രഷറിയിൽ പൊതു നിക്ഷേപമായി കിടന്നതും ചെലവഴിക്കാത്തതുമായ ഏകദേശം 1000 കോടി രൂപതന്നെ 2015-16 വർഷത്തെ മൂലധന ചെലവിലുണ്ടായ നിശ്ചലാവസ്ഥ വിശദീകരിക്കുന്നു.

(ബി) സംസ്ഥാന സാമ്പത്തികസ്ഥിതിയുമായി ബന്ധപ്പെട്ടുള്ള എല്ലാ പ്രധാന സൂചകങ്ങളെയും കണക്കുകളെയും അടിസ്ഥാനപ്പെടുത്തിയാണ് സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ യഥാർത്ഥ സാമ്പത്തികസ്ഥിതി വെളിപ്പെടുത്തുന്ന ധവളപത്രം തയ്യാറാക്കിയിട്ടുള്ളത്.

(സി&ഡി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

**സംസ്ഥാനത്തെ വ്യവസായ മേഖലയെക്കുറിച്ച് പഠനം**

23 (*203) ശ്രീ. എൽദോ എബ്രഹാം :
ശ്രീ. സി. ദിവാകരൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ മേഖലയെക്കുറിച്ച് പഠനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച എന്തെല്ലാം വിഷയങ്ങളാണ് പഠന വിധേയമാക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പഠനത്തിനായി വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ സമിതി എന്നത്തേക്ക് രൂപീകരിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ;

(സി) പരമ്പരാഗത വ്യവസായങ്ങളുടെ നിലനില്പിനായി എന്തെല്ലാം നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ&ബി) ഉണ്ട്. റിയാബിനെ പുനഃസംഘടിപ്പിക്കുകയും ഇതിനായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ അവസ്ഥയും പ്രവർത്തനങ്ങളും ആധുനികവൽക്കരണവും വൈവിധ്യവൽക്കരണത്തിനായി സ്വീകരിക്കേണ്ട നടപടികളും പഠനവിധേയമാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായി വകുപ്പിന്റെ അധീനതയിലുള്ള 42 സ്ഥാപനങ്ങളുടെ പ്രാഥമിക അവലോകനയോഗങ്ങൾ നടന്നുകഴിഞ്ഞു. കൂടാതെ കൊച്ചിയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്മാൾ എന്റർപ്രൈസസ് ആന്റ് ഡെവലപ്മെന്റ്

ചെറുകിട-സൂക്ഷ്മ-ഇടത്തരം വ്യവസായങ്ങളെക്കുറിച്ച് പഠനം നടത്തുകയുണ്ടായി. ഈ രംഗത്തെ സംരംഭകരുടെ ശേഷി, അവരുടെ എണ്ണം, കാര്യക്ഷമത, മത്സരം, ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം, സ്ത്രീ സംരംഭം എന്നിവയായിരുന്നു പഠന വിഷയങ്ങൾ. കേരളത്തിന്റെ കളിമൺ വ്യവസായത്തെക്കുറിച്ച് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റും പഠനം നടത്തുന്നുണ്ട്.

(സി) പരമ്പരാഗത വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിനായി ക്രിയാത്മക നടപടികൾ സ്വീകരിച്ചുവരുന്നു. കൈത്തറി, കരകൗശല, ഖാദി മുതലായ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ തൊഴിൽ നിലനിർത്തുന്നതിനും അവരുടെ ക്ഷേമത്തിനുംവേണ്ടി മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിൽ പരിശീലനവും സാങ്കേതിക സഹായവും നൽകി ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. കരകൗശല തൊഴിലാളികൾക്ക് സംരംഭങ്ങൾ ആരംഭിക്കുന്നതിന് അസിസ്റ്റൻസ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ് ആർട്ടിസാൻസ് (ASHA) എന്ന പേരിൽ ഒരു പദ്ധതി ഈ വർഷം നടപ്പിലാക്കുന്നുണ്ട്. വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു പുതിയ പദ്ധതി ഈ വർഷം നടപ്പിലാക്കുന്നുണ്ട്. ബനാന ഫൈബർ, കളിമൺ വ്യവസായം, സ്ക്രൂ പൈൻ, മറ്റ് പ്രകൃതിദത്ത നാരുകൾ, ബെൽ മെറ്റൽ തുടങ്ങിയവയുടെ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ഉന്നമനത്തിനായി കരകൗശല വ്യവസായ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നുണ്ട്. കരകൗശല വ്യവസായ രംഗത്ത് അവാർഡും ഏർപ്പെടുത്തുന്നുണ്ട്.

## കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ്

24 (*204) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് കോ-ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്;

(സി) ഈ സംവിധാനത്തിന്റെ നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ കോ-ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. 13-11-2013-ലെ സ.ഉ. (എം. എസ്.) 556/13/ ധന നമ്പർ ഉത്തരവിനെ തുടർന്ന് വകുപ്പ് സംസ്ഥാനത്തെ നാല് പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളുമായി കോ-ഇൻഷ്വറൻസ് ഉടമ്പടിയിൽ ഒപ്പുവച്ചു.

(ബി) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് അർഹതപ്പെട്ട മുഴുവൻ ജനറൽ ഇൻഷ്വറൻസ് ബിസിനസ്സുകളും വകുപ്പ് മുഖേന നിർവ്വഹിക്കുക, ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുക, സർക്കാരിന്റെ പബ്ലിക് അക്കൗണ്ടിലേക്ക് വലിയൊരു തുക സമാഹരിക്കുക എന്നിവ കൂടാതെ പൊതുമേഖലാ കമ്പനികളുമായി സംയുക്തമായി ഇൻഷ്വറൻസ് ഇടപാട് നടത്തുന്നതിലൂടെ ലഭിക്കുന്ന അനുഭവസമ്പത്ത് വകുപ്പിന്റെ സേവനങ്ങൾ കൂടുതൽ മേഖലയിലേക്ക് വ്യാപിപ്പിക്കുക എന്നിവയാണ് ഉദ്ദേശിക്കുന്നത്.

(സി) പൊതുമേഖലാ കമ്പനികളുമായി സംയുക്തമായി ഇൻഷ്വറൻസ് ഇടപാട് നടത്തിയതിലൂടെ ഇൻഷ്വറൻസ് വകുപ്പിന് കൂടുതൽ അനുഭവസമ്പത്തുണ്ടാക്കുവാനും അഞ്ച് കോടിയിൽപ്പരം രൂപ സർക്കാരിന്റെ പബ്ലിക് അക്കൗണ്ടിലേക്ക് സമാഹരിക്കുവാനും സാധിച്ചു.

## ഊർജ്ജ ആഡിറ്റ്

25 (*205) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ ആഡിറ്റ് നടപ്പാക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തു നടപ്പാക്കിയത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിവരിക്കുമോ;

(സി) ഇതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ കഴിഞ്ഞത്; വിശദീകരിക്കുമോ?

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) സംസ്ഥാനത്തെ എല്ലാ വൻകിട (HT/EHT) വൈദ്യുതി ഉപഭോക്താക്കൾക്കും ഊർജ്ജ ആഡിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ ഊർജ്ജ ആഡിറ്റ് നടത്തുന്നതിന് 33 എനർജി ആഡിറ്റ് സ്ഥാപനങ്ങളുടെ പട്ടിക ഇ.എം.സി.-യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇങ്ങനെ ലഭിക്കുന്ന ഊർജ്ജ ആഡിറ്റ് റിപ്പോർട്ടുകൾ വിദഗ്ദ്ധ സമിതിയുടെ നേതൃത്വത്തിൽ ഊർജ്ജ ഉപഭോക്താവിന്റെ പ്രതിനിധി, എനർജി ആഡിറ്റ് സ്ഥാപനത്തിന്റെ പ്രതിനിധി എന്നിവരെ ഉൾപ്പെടുത്തി അവലോകനം ചെയ്ത് റിപ്പോർട്ടിന്റെ നിലവാരം

ഉയർത്താൻ ശ്രമിക്കുന്നു. സംസ്ഥാനത്തെ HT/EHT ഊർജ്ജ ഉപഭോക്താക്കളായ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഊർജ്ജ ആഡിറ്റിനായി 50% (പരമാവധി 50000 രൂപ) തുക നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനുവേണ്ടി 2016-17 സാമ്പത്തിക വർഷത്തിൽ 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ ചെറുകിട ഊർജ്ജ ഉപഭോക്താക്കളുടെ പ്രാഥമിക ഊർജ്ജ ആഡിറ്റ് നടത്തുന്നതിന് 10000 രൂപ സാമ്പത്തിക സഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഊർജ്ജ ആഡിറ്റ് നടത്തുന്ന ഉപഭോക്താക്കളുടെ വിവിധതരം ഊർജ്ജ ഉപയോഗരീതി മനസ്സിലാക്കുക, ഊർജ്ജ ഉപയോഗം കുറയ്ക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, ഉപഭോക്താക്കളിൽ ഊർജ്ജ സംരക്ഷണത്തെക്കുറിച്ചുള്ള അവബോധം നൽകുക, ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക, ഊർജ്ജ ഉപഭോഗം കുറയ്ക്കുകവഴി വ്യവസായ സ്ഥാപനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുക എന്നിവയാണ് പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

(സി) കേരളത്തിലെ പല വ്യവസായ സ്ഥാപനങ്ങളിലെയും ഊർജ്ജ ഉപഭോഗം ഊർജ്ജ ആഡിറ്റുവഴി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്ന വ്യവസായ സ്ഥാപനങ്ങളെല്ലാംതന്നെ തുടർ വർഷങ്ങളിൽ വീണ്ടും ഊർജ്ജ ചെലവ് കുറയ്ക്കാനുള്ള മാർഗ്ഗങ്ങൾ നടപ്പിൽ വരുത്താറുണ്ട്. കഴിഞ്ഞ വർഷത്തെ കണക്കുകൾപ്രകാരം ഊർജ്ജസംരക്ഷണ അവാർഡിന് അപേക്ഷിച്ച വ്യവസായ സ്ഥാപനങ്ങൾ 77 മില്യൻ യൂണിറ്റ് വൈദ്യുതിയും 9610 ടൺ ഇന്ധനവും 209 ടൺ എൽ.പി.ജി.-യും ലാഭിക്കുകയുണ്ടായി. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ എസ്കോർട്ട് വിഭാഗം ഇതുവരെ പന്ത്രണ്ടോളം സ്ഥാപനങ്ങളിൽ ഊർജ്ജ ആഡിറ്റ് പൂർത്തീകരിച്ച് ഊർജ്ജക്ഷമത കൈവരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. നാല് സ്ഥാപനങ്ങളിൽ ഊർജ്ജ ആഡിറ്റ് പുരോഗമിച്ചുവരുന്നു.

**ചരക്കു സേവന നികുതി നിയമം**

26 (*206) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്കുസേവന നികുതി നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ;

(ബി) ഈ നിയമം നടപ്പിലാക്കുന്നതുവഴി സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതിയിൽ ഏത് തരത്തിലുള്ള പ്രത്യാഘാതമാണ് ഉണ്ടാകാൻ പോകുന്നത് എന്നത് സംബന്ധിച്ച് സാദ്ധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഈ നിയമം നടപ്പിലാക്കുന്നതു വഴിയുണ്ടാകുന്ന സാമ്പത്തിക പ്രത്യാഘാതങ്ങളെ നേരിടുന്നതിന് സാമ്പത്തിക നയങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ചരക്കുസേവന നികുതി (ജി.എസ്.ടി.) ഒരു പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സംവിധാനമായതിനാലും സേവനങ്ങൾക്കുമേലുള്ള നികുതി സംസ്ഥാനത്തിന് ലഭിക്കുമെന്നതിനാലും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ജി.എസ്.ടി. അനുകൂലമാണ്.

(ബി&സി) കേരളത്തിന്റെ സാമ്പത്തികരംഗം സേവന മേഖലയിൽ അധിഷ്ഠിതമാണ്. നിലവിൽ കേന്ദ്ര സർക്കാർ കൈകാര്യം ചെയ്യുന്ന സേവന നികുതി വരുമാനത്തിൽ നല്ല വളർച്ച ഉണ്ടായിട്ടുണ്ട്. ജി.എസ്.ടി.-യിൽ ചരക്കുകളും പണവും അല്ലാത്തതെല്ലാംതന്നെ സേവനമാണ്. ബാങ്കിംഗ്, ധനകാര്യം, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സേവനങ്ങളുടെ സംസ്ഥാനത്തിലെ ഉപഭോഗനിരക്ക് രാജ്യത്തിന്റെതന്നെ ഉയർന്ന നിരക്കുകളിലൊന്നാണ്. ചരക്ക് സേവന നികുതി സമ്പ്രദായം പ്രാബല്യത്തിൽ വരുമ്പോൾ കേരളത്തിലെ സേവന മേഖലയ്ക്കുമേൽ പ്രാപ്യസ്ഥാനാധിഷ്ഠിത തത്വപ്രകാരം സംസ്ഥാനത്തിന് നികുതി ചുമത്താവുന്നതാണ്. സേവന മേഖലയ്ക്ക് നികുതി ചുമത്തുന്നതിലൂടെ സംസ്ഥാനത്തിന് നേട്ടമുണ്ടാകുമെന്നാണ് പൊതുവെയുള്ള വിലയിരുത്തൽ.

**ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനങ്ങൾ**

27 (*207) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. ആന്റണി ജോൺ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) നാമമാത്രമായി പ്രവർത്തിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ;

(സി) ത്രിവേണി മാർക്കറ്റുകൾക്കായി വാങ്ങിയിട്ടുള്ള വാഹനങ്ങളുടെ വിവരം നൽകുമോ; അവ ഇപ്പോൾ പ്രവർത്തനക്ഷമമാണോ; ഇല്ലെങ്കിൽ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ഡി) ത്രിവേണി സ്റ്റോറുകളിലൂടെ വിൽക്കുന്ന ഉല്പന്നങ്ങൾക്ക് പൊതുമാർക്കറ്റിനെ അപേക്ഷിച്ച് വിലക്കുറവും ഗുണനിലവാരവും ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ) ഉണ്ട്. റീജിയണൽ മാനേജർമാരുടെ അവലോകന യോഗങ്ങൾ വിളിച്ചു ചേർത്ത് വ്യാപാരം മെച്ചപ്പെടുത്തുന്നതിനും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമുള്ള നടപടികൾ കൺസ്യൂമർ ഫെഡറേഷനിൽ സ്വീകരിച്ചിട്ടുണ്ട്. ത്രിവേണി സ്റ്റോറുകൾ ആവശ്യമായ സാധനങ്ങൾ റീജിയണൽ പർച്ചേസ് കമ്മിറ്റിമുഖേന വാങ്ങുന്ന സമ്പ്രദായം അവസാനിപ്പിച്ച് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുവാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. ത്രിവേണി സൂപ്പർ മാർക്കറ്റ് വഴിയുള്ള വിൽപ്പന വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇൻഡ്യയുടെ വിവിധയിനം ഇറച്ചി ഉൽപ്പന്നങ്ങളും ഹോർട്ടികോർപ്പിന്റെ വിഷ വിമുക്ത പച്ചക്കറികളും കേരഫെഡിന്റെ കേര വെളിച്ചെണ്ണയും തീരദേശ വികസന കോർപ്പറേഷന്റെ സൗരോർജ്ജ പാനലുകൾ ഉപയോഗിച്ച് ഉണക്കിയ മത്സ്യ വിൽപ്പനയും ആരംഭിച്ചിട്ടുണ്ട്. വിൽപ്പന വർദ്ധിപ്പിക്കുന്നതിലൂടെയും കുറഞ്ഞ നിരക്കിൽ പർച്ചേസ് നടത്തുന്നതിലൂടെയും ചെലവ് ചുരുക്കൽ എന്നിവയിലൂടെയും ത്രിവേണി സ്റ്റോറുകൾ ലാഭത്തിലാക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

(ബി) നന്മ ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ ജനമനസ്സുകളിൽ സ്ഥാനം പിടിക്കുന്നതിനായി സപ്ലൈകോ അവരുടെ ഔട്ട്ലെറ്റുകൾവഴി നൽകുന്നതു പോലെ, വർഷം മുഴുവൻ 13 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ റേഷൻ കാർഡുമുഖേന നിയന്ത്രിച്ച് സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുന്നതിന് പദ്ധതിയുണ്ട്.

(സി) ത്രിവേണി മാർക്കറ്റുകൾക്കായി സംസ്ഥാനത്തൊട്ടാകെ നിയോജക മണ്ഡലാടിസ്ഥാനത്തിൽ 142 സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ (മൊബൈൽ ത്രിവേണികൾ) ആരംഭിച്ചിരുന്നു. അവയിൽ 65 മൊബൈൽ ത്രിവേണി സ്റ്റോറുകൾ ഇപ്പോൾ പ്രവർത്തനക്ഷമമാണ്. ബാക്കിയുള്ള 77 മൊബൈൽ ത്രിവേണികളുടെ പ്രവർത്തനം ടെസ്റ്റ്വർക്കിനുവേണ്ടിയുള്ള അറ്റകുറ്റപ്പണികൾ, ഫെഡറേഷൻ നൽകി വരുന്ന കുറഞ്ഞ വേതന നിരക്കിൽ ഡ്രൈവർമാരുടെ ലഭ്യതക്കുറവ്, ആവശ്യമായ അളവിൽ സ്റ്റോക്ക് എത്തിക്കാനുള്ള സാമ്പത്തിക പരിമിതികൾമൂലമുണ്ടാകുന്ന വിൽപ്പനക്കുറവ് എന്നീ കാരണങ്ങളാൽ താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇ-ഓക്ഷൻ സംവിധാനം

28 (*208) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായവകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-ഓക്ഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഈ സംവിധാനം വഴി എന്തെല്ലാം സേവനങ്ങളും പ്രയോജനങ്ങളുമാണ് ലഭിക്കുന്നത്; വിശദീകരിക്കുമോ?

വ്യവസായവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-ഓക്ഷൻ സംവിധാനം നടപ്പാക്കുന്നതിനുള്ള സാങ്കേതിക പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ബി) ഇ-ഓക്ഷൻ സംവിധാനം നടപ്പിലാക്കുന്നതുവഴി വിപണിയെ കൂടുതൽ മത്സരാധിഷ്ഠിതമാക്കുന്നതിനും അതുവഴി ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും മദ്ധ്യവർത്തികളെ മാറ്റിനിർത്തുന്നതിനും സാധിക്കുന്നതാണ്. ഇതുവഴി ഉൽപ്പന്നങ്ങളുടെ വിൽപ്പന കൂടുതൽ സുതാര്യവും കാര്യക്ഷമവുമാകുന്നതാണ്.

(സി) ഇ-ടെണ്ടർ നടപ്പിലാക്കുന്ന നോഡൽ ഏജൻസിയായ കേരള സ്റ്റേറ്റ് ഐ.ടി. മിഷനാണ് ഇതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. നിലവിലുള്ള ഇ-ടെണ്ടർ വെബ് പോർട്ടലിൽത്തന്നെ ഇ-ഓക്ഷൻ സംവിധാനംകൂടി സജ്ജമാക്കുന്നതിനുള്ള സാങ്കേതിക പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

## സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം

29 (*209) ശ്രീ. രാജു എബ്രഹാം :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാലാം ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതം വർദ്ധിപ്പിച്ചതിനോടൊപ്പം കേന്ദ്ര-സംസ്ഥാന വിഹിത അനുപാതം വ്യത്യാസപ്പെടുത്തിയതും നിർത്തലാക്കിയതുമായ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) നിർത്തലാക്കിയ പദ്ധതികൾക്ക് പകരം പദ്ധതികൾ സംസ്ഥാനം ആവിഷ്കരിച്ചിട്ടുണ്ടോ; ഇതിനായി എത്ര തുക അധികം വേണ്ടിവരുമെന്ന് വെളിപ്പെടുത്താമോ;

(സി) പതിനാലാം ധനകാര്യ കമ്മീഷൻ റവന്യൂ കമ്മി നികത്താനായി വാഗ്ദാനം ചെയ്ത 9518 കോടി രൂപയിൽ എത്ര തുക ലഭിച്ചുവെന്നും അതിനുള്ള ഉപാധികൾ എന്തൊക്കെയാണെന്നും ഇത് സംസ്ഥാനത്തെ സമ്പദ്‌രംഗത്തെ ഏതു തരത്തിൽ ബാധിക്കുമെന്നും വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) 14-ാം ധനകാര്യ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ 2015-16-ലെ കേന്ദ്ര ബഡ്ജറ്റിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ funding pattern-ൽ മാറ്റം വരുത്തുകയും ചില കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

(ബി) കേന്ദ്ര സർക്കാർ നിർത്തലാക്കിയതും 2016-17-ലെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമായ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.* കേന്ദ്ര സർക്കാർ നിർത്തലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ സംസ്ഥാനത്തിന് ആവശ്യമുള്ളപക്ഷം 50:50 കേന്ദ്ര സംസ്ഥാന വിഹിതാനുപാതത്തിൽ നടപ്പിലാക്കാവുന്നതാണെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

(സി) 2015-16, 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലായി 14-ാം ധനകാര്യ കമ്മീഷൻ റവന്യൂ കമ്മി ഗ്രാന്റായി 9519 കോടി രൂപയാണ് ശിപാർശ ചെയ്തിട്ടുള്ളത്. ആയതിൽ 2015-16 സാമ്പത്തിക വർഷം റവന്യൂ കമ്മി ഗ്രാന്റ് ഇനത്തിലായി 4640 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. സംസ്ഥാനങ്ങൾ കൈക്കൊള്ളുന്ന സാമ്പത്തിക ദൃഢീകരണ പ്രക്രിയകളുടെയും വരുമാന വർദ്ധനവിന് ഉതകുന്ന നടപടികളുടെയും അടിസ്ഥാനത്തിലായിരിക്കും റവന്യൂ കമ്മി ഗ്രാന്റ് കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് ഭാവിയിൽ നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് ധനകാര്യ കമ്മീഷൻ ശിപാർശയുമേൽ സ്വീകരിച്ച നടപടിയിൽ (Action Taken Report) കേന്ദ്ര സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇക്കാര്യത്തിൽ ഒരു അന്തിമ തീരുമാനം കൈക്കൊണ്ടതായി കേന്ദ്ര സർക്കാരിൽ നിന്ന് അറിയിപ്പ് ലഭിച്ചിട്ടില്ല.

**സംസ്ഥാനം നിക്ഷേപ സൗഹൃദമാക്കുന്നതിനുള്ള നടപടികൾ**

30 (*210) ശ്രീ. പി. വി. അൻവർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. ബാബു :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) മുൻ സർക്കാർ നടത്തിയ എമർജിംഗ് കേരള, ബി.ടു. ബി., യുവസംരംഭക സംഗമം, വനിത സംരംഭകത്വ സമ്മേളനം എന്നിവയിലൂടെ ആകർഷിക്കാൻ കഴിഞ്ഞ സംരംഭങ്ങൾ ഏതൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഇതിന്റെ ഫലമായി സംസ്ഥാനത്തുണ്ടായ നിക്ഷേപം എത്രയെന്നും, എത്ര പേർക്ക് പുതുതായി തൊഴിൽ നൽകാൻ സാധിച്ചെന്നും അറിയിക്കുമോ;

(സി) സംസ്ഥാനം നിക്ഷേപസൗഹൃദമാക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ):

(എ&ബി) 2012-ൽ കൊച്ചിയിൽ നടന്ന എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. ഇതിൽ വ്യവസായ വകുപ്പിന്റെ കീഴിലുള്ള 14 പദ്ധതികളിൽ എമർജിംഗ് കേരളയുമായി ബന്ധപ്പെട്ട പദ്ധതികൾ പൂർത്തീകരിക്കുന്നത് വിവിധ ഘട്ടങ്ങളിലായതിനാൽ ഇതിൽനിന്നും ഉണ്ടാകുന്ന തൊഴിലവസരങ്ങൾ തിട്ടപ്പെടുത്തി തുടങ്ങിയിട്ടില്ല. സംസ്ഥാനത്തിന്റെ വികസന സാധ്യതകൾക്കനുസൃതമായി വ്യവസായ സംരംഭങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി വ്യവസായ വാണിജ്യവകുപ്പ് സംസ്ഥാനത്തെ എസ്.എം.ഇ.-കൾക്കു (Small & Medium Enterprises)വേണ്ടി കേരളബിസിനസ് ടു ബിസിനസ് മീറ്റ് 2015 ഫെബ്രുവരി 26 മുതൽ 28 വരെയും 2016 ഫെബ്രുവരി 4 മുതൽ 6 വരെയും കൊച്ചിയിൽ സംഘടിപ്പിക്കുകയുണ്ടായി. കേരളത്തിലെ വിവിധ ജില്ലകളിൽനിന്നും ഭക്ഷ്യ സംസ്കരണം, കൈത്തറി, ടെക്സ്റ്റൈൽസ് & ഗാർമെന്റ്സ്, റബ്ബർ, മരവ്യവസായങ്ങൾ, ആയുർവേദ & ഹെർബൽ, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ്, കരകൗശലം, മുളപോലുള്ള പരമ്പരാഗത മേഖലയിലെ ഉൽപ്പന്നങ്ങൾ തുടങ്ങിയ മേഖലകളിൽനിന്നുള്ള ചെറുകിട ഉൽപ്പാദകർ അവരുടെ ഉൽപ്പന്നങ്ങളും സാങ്കേതിക വിദ്യയും ഈ മേളയിൽ പ്രദർശിപ്പിച്ചു. ഈ മേളയിൽ പങ്കെടുത്ത ചെറുകിട വ്യവസായികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വിപണന സാധ്യത കണ്ടെത്തുവാൻ സാധിക്കുകയും നേരിട്ട് വ്യാപാര ചർച്ചകൾ നടത്തുവാനുള്ള അവസരം ലഭിക്കുകയും ചെയ്തു. പ്രസ്തുത ബിസിനസ് ടു ബിസിനസ് മീറ്റുകളിൽ തെരഞ്ഞെടുക്കപ്പെട്ട ഏഴ് മേഖലകളിലായി സംസ്ഥാനത്ത് ചെറുകിട വ്യവസായികൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങളുടെ വ്യാപാര ചർച്ചകളാണ് പ്രധാനമായും നടന്നിരുന്നത്. സംസ്ഥാനത്തെ ചെറുകിട വ്യവസായികൾക്ക് നേരിട്ട് രാജ്യത്തിനകത്തുനിന്നും പുറത്തുനിന്നുമുള്ള 'ബയർ'മാരുമായി വ്യാപാര ചർച്ചകൾ നടത്തുന്നതിനുള്ള അവസരം ഒരുക്കുക എന്നതായിരുന്നു പ്രസ്തുത മേളകൾ നടത്തിയതിന്റെ പ്രധാന ഉദ്ദേശ്യം.

കേരളത്തിലെ വിദ്യാർത്ഥി/യുവസമൂഹങ്ങൾക്കിടയിൽ സംരംഭകത്വ അവബോധം വളർത്തുന്നതിനും അവരുടെ നൂതന ആശയങ്ങളെ വ്യവസായ സംരംഭങ്ങളാക്കി മാറ്റുന്നതിനുള്ള പ്രോത്സാഹനം നൽകുന്നതിനുമായാണ് 2014 സെപ്റ്റംബർ 12-ന് കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ യുവ സംരംഭകത്വ സംഗമം (YES), തുടർന്ന് Collaborating & Networking എന്ന ആശയത്തെ അടിസ്ഥാനമാക്കി യെസ് ക്യാൻ 2015 എന്നിവ കൊച്ചിയിൽ സംഘടിപ്പിച്ചത്. 2014-ൽ സംഘടിപ്പിച്ച യുവസംരംഭകത്വ സംഗമവും 2015-ൽ സംഘടിപ്പിച്ച യെസ് ക്യാനും നിക്ഷേപ സമാഹരണ പദ്ധതികൾ ആയിരുന്നില്ല.

വനിതാസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. മുഖേന രൂപം നൽകിയ വി മിഷൻ കേരള, അന്താരാഷ്ട്ര വനിതാ സംരംഭകത്വ ദിനമായ നവംബർ 19-ന് കൊച്ചിയിൽ വനിതാ സംരംഭകത്വ സമ്മേളനവും (WE Summit 2015, WE CAN) മലപ്പുറം, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ വനിതാ സംരംഭകർക്ക് ഉപദേശ നിർദ്ദേശ പിന്തുണയും മീറ്റിംഗുകളും വ്യവസായ യൂണിറ്റ് സന്ദർശനങ്ങളും സംഘടിപ്പിക്കുകയുണ്ടായി. എന്നാൽ ഇവയൊന്നുംതന്നെ നിക്ഷേപ സംഗമ മേളകളായിരുന്നില്ല. മറിച്ച് വനിതാ സംരംഭകരുടെ വ്യവസായങ്ങളെ അടുത്ത ഘട്ടത്തിലേക്ക് ഉയർത്തുവാൻ സഹായിക്കുന്നതോടൊപ്പം ഈ വ്യവസായങ്ങളെ ലോകത്തിന് മുൻപിൽ പ്രദർശിപ്പിക്കുന്നതിനും സംരംഭകരെ തമ്മിൽ കോർത്തിണക്കി പുതിയ വിപണന സാദ്ധ്യതകൾ കണ്ടെത്തുന്നതിന് സാഹചര്യമൊരുക്കുവാനുമാണ് ഉദ്ദേശിച്ചിരുന്നത്.

(സി) സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കാനും വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്തുവാനുംവേണ്ടി ഈ സർക്കാർ ലോകബാങ്ക് നിർദ്ദേശപ്രകാരമുള്ള "ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്" നടപടികൾ കേരളത്തിൽ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.-യെ നിയോഗിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന് കീഴിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രമോഷൻ (ഡി.ഐ.പി.പി.)-യുടെ റാങ്കിംഗിന് അനുസൃതമായി കേരളത്തിൽ വാണിജ്യ, വ്യവസായ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം. വാണിജ്യ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ചട്ടങ്ങളുടെ നവീകരണത്തിനാവശ്യമായ നിർദ്ദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും കണ്ടെത്തി മികച്ച രീതിയിൽ ഇത് മുന്നോട്ട് കൊണ്ടുപോകാൻ ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനായി സർക്കാർ നിർദ്ദേശപ്രകാരം കെ.പി.എം.ജി. എന്ന ഏജൻസിയെ കൺസൾട്ടന്റായി കെ.എസ്.ഐ.ഡി.സി. നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വാണിജ്യ വ്യവസായങ്ങൾ നടത്തുന്നതിനുള്ള തടസ്സങ്ങൾ ലഘൂകരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും ഇവർ സമർപ്പിക്കും.

കൂടാതെ സംസ്ഥാനത്തെ നിക്ഷേപ സൗഹൃദമാക്കാൻ കിൻഫ്ര, പാലക്കാട്, മെഗാ ഫുഡ് പാർക്ക്, ഒറ്റപ്പാലം, ഡിഫെൻസ് പാർക്ക്, എറണാകുളം ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ എന്നീ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നുണ്ട്. ഓരോ പദ്ധതിക്കും 50 കോടി രൂപ വീതം ധനസഹായം ലഭിക്കും. ഇവയിൽ മെഗാ ഫുഡ് പാർക്ക് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ ഏകദേശം 400 കോടി രൂപയുടെ നിക്ഷേപവും 1500 തൊഴിലവസരങ്ങളും ഡിഫെൻസ് പാർക്ക് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ ഏകദേശം 200 കോടി രൂപയുടെ നിക്ഷേപവും 5000 തൊഴിലവസരങ്ങളും ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ ഏകദേശം 585 കോടി രൂപയുടെ നിക്ഷേപവും 10000 തൊഴിലവസരങ്ങളും വ്യവസായ പാർക്ക് മട്ടന്നൂർ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുമ്പോൾ ഏകദേശം 500 കോടി രൂപയുടെ നിക്ഷേപവും 2500 തൊഴിലവസരങ്ങളും ഉണ്ടാകുമെന്നുമാണ് പ്രതീക്ഷിക്കുന്നത്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സംസ്ഥാന സർക്കാരിന് ഒരു പുതിയ ബാങ്ക്

1 (1538) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'സംസ്ഥാന സർക്കാരിന് ഒരു പുതിയ ബാങ്ക്' എന്ന നയം നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) ഇതിലേക്കുള്ള ധനസമാഹരണം ഏത് മാർഗ്ഗേന നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്;

(സി) ആയതിലേക്ക് പൊതുജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അനുമതി നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ നിലവിലുള്ള ത്രിതല ഘടനയിൽ നിന്ന് ദ്വിതലഘടനയിലേക്ക് പരിവർത്തനപ്പെടുത്തിക്കൊണ്ട് ജില്ലാ-സംസ്ഥാന സഹകരണ ബാങ്കുകൾ സംയോജിപ്പിച്ച് ഒറ്റ ബാങ്കാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ ഏറ്റവും കൂടുതൽ ബ്രാഞ്ചുകളുള്ള ഈ ബാങ്കിംഗ് സംവിധാനത്തിന് സംസ്ഥാനത്തിന്റെ വികസനത്തിൽ നിർണ്ണായക പങ്ക് വഹിക്കാനാകും. ഇതുസംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിനും മൂർത്തമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതാണ്.

## ഇ-ട്രഷറി സംവിധാനം

2 (1539) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ട്രഷറി സംവിധാനം നടപ്പിൽ വന്നിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്;

(സി) ഇതിന്റെ നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ-സി) 30-7-2014-ലെ സ.ഉ (പി) നം. 310/2014/ധന ഉത്തരവ് പ്രകാരം 1-8-2014 മുതൽ ഇ-ട്രഷറി സംവിധാനം സംസ്ഥാനത്ത് നിലവിൽ വന്നു. സർക്കാരിലേക്കുള്ള പണം ഒടുക്കലുകൾ ട്രഷറി സന്ദർശിക്കാതെ ഓൺലൈനായി നിർവ്വഹിക്കുന്നതിന് ഇ-ട്രഷറിയിലൂടെ സാദ്ധ്യമാകുന്നു. നെറ്റ് ബാങ്കിംഗ് അക്കൗണ്ടുള്ള ഉപഭോക്താക്കൾക്ക് ഈ സേവനം ഉപയോഗിക്കാവുന്നതാണ്. ഇ-ട്രഷറി സേവനം ലഭ്യമാക്കുന്നതിനായി സ്വീകരിക്കേണ്ട വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രസ്തുത ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. കൂടുതൽ ഉപഭോക്താക്കൾക്ക് ഈ സൗകര്യം ലഭിക്കുന്നതിനായി ഏജൻസി ബാങ്കുകളായ എസ്.ബി.ടി., എസ്.ബി.ഐ., കാനറാ ബാങ്ക് എന്നിവയ്ക്ക് പുറമേ 10 ബാങ്കുകളെക്കൂടി ഇ-ട്രഷറിയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. മോട്ടോർ വാഹനവകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകൾ ഇ-ട്രഷറിയുമായി സംയോജിപ്പിച്ചിട്ടുണ്ട്. സർക്കാരിൽ നിന്നും അനുവദിക്കുന്ന പണം ഓൺലൈനായി ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിന് ഇ-ട്രഷറി വഴി സാധിക്കുന്നു. റിസർവ് ബാങ്കിന്റെ e-kuber portal വഴിയാണ് ഇത് സാദ്ധ്യമാകുന്നത്. വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി സർക്കാരിന്റെ എല്ലാ സാമ്പത്തിക ഇടപാടുകളും ആധുനികവൽക്കരിക്കുക, സർക്കാരിലേക്കുള്ള എല്ലാ വരവുകളും ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കുക എന്നിവയാണ് ഇ-ട്രഷറിയിലൂടെ ലക്ഷ്യമിടുന്നത്. ട്രഷറിയിലെ പണമിടപാടുകൾ ഓൺലൈനായി നിർവ്വഹിക്കുന്നതുവഴി ഓൺലൈൻ അക്കൗണ്ടിംഗ് സംവിധാനവും ഇ-ട്രഷറിവഴി സാദ്ധ്യമാകുന്നു. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 1042.28 കോടി രൂപ ഇ-ട്രഷറിവഴി സർക്കാർ അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുണ്ട്. ട്രഷറി, രജിസ്ട്രേഷൻ, മോട്ടോർ വെഹിക്കിൾസ്, എക്സൈസ്, റവന്യൂ, പോലീസ്, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, വനം ഉൾപ്പെടെ 19 വകുപ്പുകൾ ഇ-ട്രഷറിയുമായി സംയോജിപ്പിച്ചാണ് വരവുകൾ സ്വീകരിച്ചു വരുന്നത്.

## ലൈബ്രറികൾക്ക് ധനസഹായം

3 (1540) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ഗ്രാമീണ ലൈബ്രറികൾക്ക് എം.എൽ.എ ഫണ്ട് ഉപയോഗിച്ച് ഏതു വിധത്തിലുള്ള സൗകര്യങ്ങൾ ലഭ്യമാക്കാനാണ് നിലവിൽ ഉത്തരവുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഗ്രന്ഥശാലകൾക്ക് ടി.വി, കംപ്യൂട്ടർ, വൈഫൈ, പുസ്തകങ്ങൾ എന്നീ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എം.എൽ.എ ഫണ്ട് ഉപയോഗിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ മാർഗ്ഗരേഖ പ്രകാരം പബ്ലിക് ലൈബ്രറി, റീഡിംഗ് റൂം എന്നിവ നിർമ്മിക്കുന്നതിന് മാത്രമേ എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി വിനിയോഗിക്കുവാൻ അനുമതിയുള്ളൂ.

(ബി) സർക്കാർ ഉടമസ്ഥതയിൽ ദീർഘകാലം നിലനിൽക്കുന്ന സ്ഥിരം ആസ്തികൾ സൃഷ്ടിക്കുക എന്നതാണ് എം.എൽ.എ. ഫണ്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽ പ്രധാനമായിട്ടുള്ളത്. ആയതിനാൽ ഗ്രന്ഥശാലകൾക്ക് ടി.വി., കമ്പ്യൂട്ടർ തുടങ്ങിയവ എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് ലഭ്യമാക്കുന്നകാര്യം തൽക്കാലം പരിഗണനയിലില്ല. ഒന്നാം ഗ്രേഡ് ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, വൈ ഫൈ എന്നിവ ലഭ്യമാക്കുന്നതിന് ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്.

## എം.എൽ.എ.- മാരുടെ പ്രാദേശിക വികസന ഫണ്ട്

4 (1541) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് നിരക്കുകളിലെ വർദ്ധനവിന് ആനുപാതികമായി എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ട് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

തൽക്കാലം പരിഗണനയിലില്ല.

**ആസ്തി വികസന പദ്ധതി**

5 (1542) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2016 വരെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കൊച്ചി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഇവയിൽ പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും പൂർത്തിയാക്കാനുള്ളവ എതെല്ലാമെന്നും വ്യക്തമാക്കാമോ ;

(സി) പദ്ധതികളുടെ പേര്, അനുവദിച്ച തുക, ഏതൊക്കെ വകുപ്പുകളിലാണ് പദ്ധതി അനുവദിച്ചത് എന്നീ കാര്യങ്ങൾ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 2012 മുതൽ 2016 വരെ കൊച്ചി നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ധനാനുമതി നൽകിയ പ്രവൃത്തികളുടെ തുക, വകുപ്പുകൾ എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

**റബ്ബർ കർഷകർക്ക് സബ്സിഡി**

6 (1543) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബർ വില കിലോയ്ക്ക് നൂറ്റിഅമ്പത് രൂപയ്ക്ക് താഴെപ്പോയാൽ കർഷകർക്ക് സബ്സിഡി നൽകുവാനുള്ള പാക്കേജുപ്രകാരം കഴിഞ്ഞ വർഷങ്ങളിൽ മുൻസർക്കാർ എത്ര കോടി രൂപ ചെലവഴിച്ചുവെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ പ്രയോജനം ലഭിച്ച കർഷകരുടെ എണ്ണവും തുകയും ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) കർഷകർക്ക് മുടക്കം കൂടാതെ സബ്സിഡി ലഭ്യമാക്കുവാൻ തുടർന്ന് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിക്കായി 2015-16-ൽ 300 കോടി രൂപ ബഡ്ജറ്റിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വകയിരുത്തുകയും വകയിരുത്തിയ മുഴുവൻ തുകയും പ്രസ്തുത പദ്ധതിക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 11-7-2016 വരെ പദ്ധതിയിനത്തിൽ 186.76 കോടി രൂപ സബ്സിഡിയായി റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം 11-7-2016 വരെ സബ്സിഡിയിനത്തിൽ ലഭ്യമാക്കിയ തുകയുടെയും കർഷകരുടെ എണ്ണത്തിന്റെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | കർഷകരുടെ എണ്ണം | സബ്സിഡി തുക (കോടിയിൽ) |
|---|---|---|
| തിരുവനന്തപുരം | 27138 | 25.24 |
| കൊല്ലം | 35589 | 37.15 |
| ആലപ്പുഴ | ... | ... |
| പത്തനംതിട്ട | 26861 | 33.15 |
| കോട്ടയം | 38927 | 66.88 |
| ഇടുക്കി | 9252 | 15.56 |
| തൃശ്ശൂർ | 9102 | 17.22 |
| എറണാകുളം | 23173 | 36.69 |
| പാലക്കാട് | 19847 | 40.35 |
| മലപ്പുറം | 23392 | 45.39 |
| കോഴിക്കോട് | 9774 | 16.97 |
| കണ്ണൂർ | 44330 | 80.85 |
| വയനാട് | ... | ... |
| കാസർഗോഡ് | 15934 | 29.77 |
| ആകെ | 283319 | 445.22 ** |

** ആകെ സബ്സിഡിയിനത്തിൽ നൽകിയ 486.76 കോടി രൂപയും ജില്ല തിരിച്ചുള്ള തുകയും തമ്മിലുള്ള അന്തരം വിവിധ ബാങ്കുകളിൽ നിന്നും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിലുള്ള കാലതാമസംമൂലമാണ്.

(സി) പ്രസ്തുത പദ്ധതിപ്രകാരം മുടക്കം കൂടാതെ സബ്സിഡി ലഭ്യമാക്കുവാൻ 2016-17 സാമ്പത്തിക വർഷത്തിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 11-7-2016 വരെ പദ്ധതിയിനത്തിൽ 186.76 കോടി രൂപ സബ്സിഡിയായി റബ്ബർ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഈ പദ്ധതി സുഗമമായി നടപ്പിലാക്കി വരികയാണ്.

**വികസന പ്രവൃത്തികളുടെ പുരോഗതി അറിയിക്കുന്നതിന് നടപടി**

7 (1544) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജക മണ്ഡലങ്ങളിൽ നടക്കുന്ന വിവിധ വകുപ്പുകളുടെ നിർമ്മാണ-വികസന പ്രവൃത്തികളുടെ പുരോഗതി, ഭരണാനുമതി ലഭിച്ചത് മുതൽ പ്രവൃത്തികൾ ഏത് ഘട്ടം വരെ എത്തി എന്നത് സംബന്ധിച്ച വിശാദാംശങ്ങൾ തുടങ്ങിയവ നിയമസഭാംഗങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള ഒരു സോഫ്റ്റ് വെയർ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) ആസ്തി വികസന പദ്ധതിയിലേയും, എസ്.ഡി.എഫ്-ലെയും പ്രവൃത്തികളുടെ പുരോഗതി (സ്റ്റാറ്റസ് റിപ്പോർട്ട്) ഓരോ മാസവും അംഗങ്ങളെ അറിയിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ആസ്തി വികസന പദ്ധതിയിലെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതുവരെയുള്ള നടപടികൾക്കായി ഓൺലൈൻ സോഫ്റ്റ്വെയർ സംവിധാനം, (ads.kerala.gov.in) നിലവിലുണ്ട്. ഭരണാനുമതി ലഭിച്ചതുമുതൽ പ്രവൃത്തികൾ ഏത് ഘട്ടംവരെയെത്തി എന്നത് സംബന്ധിച്ച വിശദാംശങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നത് പരിശോധിക്കുന്നതാണ്. എം.എൽ.എ.-എസ്.ഡി.എഫ്. മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച വിവരങ്ങൾ online-ൽ ലഭ്യമാക്കുന്നതിനായി Planning Board-ന്റെ നേതൃത്വത്തിൽ ഒരു സോഫ്റ്റ്വെയർ സംവിധാനം വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

(ബി) ആസ്തി വികസന പദ്ധതി, എം.എൽ.എ.-എസ്.ഡി.എഫ്. എന്നിവയിലെ പ്രവൃത്തികളുടെ സ്റ്റാറ്റസ് റിപ്പോർട്ട് ഓരോ നിയമസഭാ സാമാജികർക്കും ഓൺലൈൻ സോഫ്റ്റ്വെയർ സംവിധാനത്തിലൂടെ നേരിട്ട് ലഭ്യമാക്കുന്ന കാര്യം പരിശോധിച്ചുവരികയാണ്.

## നെടുമങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

8 (T* 1545) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മുതൽ 2016 വരെ എം.എൽ.എ.-മാരുടെ ആസ്തി വികസന നിധിയിൽ ഉൾപ്പെടുത്തി നെടുമങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) ഇതിൽ പൂർത്തിയാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും ഇനി പൂർത്തിയാക്കാനുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2012 മുതൽ 2016 വരെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെടുമങ്ങാട് മണ്ഡലത്തിൽ ധനാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ഇതിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) അതിൽ പൂർത്തീകരിച്ചതും പൂർത്തിയാക്കാനുള്ളതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

## നികുതിയിനങ്ങളിൽ പിരിഞ്ഞുകിട്ടാനുള്ള തുക

9(1546) ശ്രീ. പാറക്കൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ നികുതി ഇനങ്ങളിൽ നിന്നായി ഇതിനകം എത്ര തുക പിരിഞ്ഞു കിട്ടാനുണ്ട്;വ്യക്തമാക്കുമോ;

(ബി) ഈ തുക സമയബന്ധിതമായി പിരിച്ചെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(സി) കോടതികളിലും ട്രൈബ്യൂണലുകളിലും കെട്ടിക്കിടക്കുന്ന നികുതി സംബന്ധമായ കേസുകളിൽ അടിയന്തരമായി തീർപ്പുണ്ടാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

---

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) വിവിധ നികുതിയിനങ്ങളിൽ നിന്നായി ഇതിനകം പിരിഞ്ഞുകിട്ടാനുള്ള തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| നികുതി ഇനം | പിരിഞ്ഞുകിട്ടാനുള്ള തുക (കോടി രൂപയിൽ) |
| വാണിജ്യ നികുതി | 6683.98 (31-3-2016-ലെ കണക്കനുസരിച്ച്) |
| ലാന്റ് റവന്യൂ | 186.96 (2016 മെയ് മാസം വരെ) |
| മോട്ടോർ വാഹന വകുപ്പ് | 1477.64 (31-12-2015-ൽ അവസാനിക്കുന്ന ക്വാർട്ടർ പ്രകാരം |
| രജിസ്ട്രേഷൻ വകുപ്പ് | 30.30 (2016 മെയ് വരെ) |
| എക്സൈസ് വകുപ്പ് | 246.02 (31-3-2016 വരെ അബ്കാരി കുടിശ്ശിക ഇനത്തിൽ) |

(ബി) പിരിഞ്ഞുകിട്ടാനുള്ള തുക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു

(1) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.

(2) വിവിധ സ്റ്റേകളിൽ ഉൾപ്പെട്ട കുടിശ്ശിക തുകകൾ പിരിച്ചെടുക്കുന്നതിനായി സ്റ്റേ വെക്കേറ്റ് ചെയ്യുന്നതിനും ടാർജറ്റ് പ്രകാരമുള്ള പിരിവ് പുരോഗതിയും സ്റ്റേ വെക്കേഷൻ പുരോഗതിയും വിലയിരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(3) രജിസ്ട്രേഷൻ വകുപ്പിൽ പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക തുക സമയബന്ധിതമായി പിരിച്ചെടുക്കുന്നതിന് ജില്ലാ രജിസ്ട്രാർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(4) മോട്ടോർ വാഹന വകുപ്പിൽ നികുതി കുടിശ്ശികയുള്ള പരമാവധി വാഹനങ്ങൾക്കെതിരെ റവന്യൂ റിക്കവറി നടപടികൾ എടുക്കുക, നികുതി അടയ്ക്കാതെ റോഡിൽ ഉപയോഗിക്കുന്ന വാഹനങ്ങൾ പിടിച്ചെടുക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നു.

(5) അബ്കാരി കുടിശ്ശികയുമായി ബന്ധപ്പെട്ട് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും പല കേസ്സുകളിലും കുടിശ്ശികക്കാരുടെ വസ്തുവകകൾ ബോട്ട്-ഇൻ-ലാൻഡായി ഏറ്റെടുക്കുകയും ചെയ്യുന്നുണ്ട്.

(സി) കോടതികളിലും ട്രൈബ്യൂണലുകളിലും കെട്ടിക്കിടക്കുന്ന നികുതി സംബന്ധമായ കേസുകളിൽ അടിയന്തരമായി തീർപ്പുണ്ടാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കഴിഞ്ഞ സർക്കാർ കൊടുത്തുതീർക്കാനുള്ള കുടിശ്ശിക

10(1547) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരം ഒഴിയുമ്പോൾ കുടിശ്ശിക ഇനത്തിൽ ഏതൊക്കെ വകുപ്പുകളിൽ എത്ര രൂപ കൊടുത്ത് തീർക്കാനുണ്ടെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(ബി) ഇത്രയും കുടിശ്ശിക വരാനുണ്ടായ കാരണം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2016 മെയ് അവസാനത്തെ വകുപ്പുതല കണക്കുകൾ പ്രകാരം പെൻഷൻ കുടിശ്ശിക (1074 കോടി രൂപ), വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തുതീർക്കാനുള്ള ബില്ല് (1431 കോടി), കരാറുകാർക്കും ബിൽ റീ-ഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കിനും നൽകേണ്ടത് (1632 കോടി), വെയ്സ് & മീൻസ്, ട്രഷറി - ക്യൂ (800 കോടി) എന്നിവയുൾപ്പെടെ 4937 കോടിയിലധികം രൂപ അടിയന്തരമായി കൊടുത്ത് തീർക്കാനുള്ള ബാദ്ധ്യതയായുണ്ട്. മാത്രമല്ല വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ ക്ഷേമനിധികൾ/ ബോർഡുകൾ തുടങ്ങിയവയിൽനിന്നും 1365 കോടി രൂപ സ്ഥിര നിക്ഷേപമായി സമാഹരിച്ചിട്ടുമുണ്ട്. അതുകൂടി ചേർത്താൽ ബാദ്ധ്യത 6302 കോടിയിലധികം രൂപ വരും.

(ബി) സംസ്ഥാനം നേരിടുന്ന അതിഗുരുതരമായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് അനിവാര്യമായ ചെലവുകൾ മുൻസർക്കാർ മാറ്റിവച്ചതാണ് ഇത്തരത്തിൽ കുടിശ്ശിക വരാനുണ്ടായ പ്രധാന കാരണം. നികുതി വരുമാനത്തിലെ ഗണ്യമായ ഇടിവും പദ്ധതിയേതര ചെലവുകളുടെ ക്രമാതീതമായ വർദ്ധനവുമാണ് നിലവിലെ സാമ്പത്തിക പ്രതിസന്ധിക്കുള്ള മുഖ്യകാരണം.

## കാരുണ്യ ഫണ്ട് വിതരണം ചെയ്യുന്നതിലുള്ള കാലതാമസം

11(1548) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറിയിൽ നിന്ന് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര തുക സമാഹരിക്കാൻ കഴിഞ്ഞുവെന്ന് വ്യക്തമാക്കാമോ;

(ബി) കാരുണ്യ ബെനവലൻറ് സ്കീം പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപയാണ് സഹായധനമായി വിതരണം ചെയ്തതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) കാരുണ്യ ഫണ്ട് വിതരണം ചെയ്യുന്നതിൽ നിലവിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളിൽനിന്ന് കഴിഞ്ഞ സാമ്പത്തിക വർഷം ആകെ 1627.36 കോടി രൂപ വിറ്റുവരവായി സമാഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽനിന്നും അറ്റാദായം/ലാഭമായി ആകെ 303.55 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(ബി) ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു.

**കാരുണ്യ പദ്ധതി**

12 (1549) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ പദ്ധതി പ്രകാരം ചികിത്സാ സഹായത്തിനായി അപേക്ഷിച്ചവർക്ക് ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്ത് മാസങ്ങൾ കഴിഞ്ഞിട്ടും ഒടുക്കിയ തുക തിരികെ ലഭിക്കാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാലതാമസം വരുത്തുന്നവർക്കെതിരെ വകുപ്പുതലത്തിൽ നടപടി സ്വീകരിക്കുമോയെന്നും, എത്രകോടി രൂപ ഇനിയും വിതരണം ചെയ്യാനുണ്ടെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) റീ-ഇംബേഴ്സ്മെന്റ് അപേക്ഷകളോടൊപ്പം ഡോക്ടർ സാക്ഷ്യപ്പെടുത്തിയ ഒറിജിനൽ ബില്ലുകൾ, ഡിസ്ചാർജ്ജ് സമ്മറി, രോഗിയുടെ ബാങ്ക് പാസ് ബുക്ക് കോപ്പി, മരണപ്പെട്ട കേസാണെങ്കിൽ ഡെത്ത് സർട്ടിഫിക്കറ്റ്, ലീഗൽ ഹെയർഷിപ്പ് സർട്ടിഫിക്കറ്റ് എന്നീ രേഖകൾ ഹാജരാക്കേണ്ടതുണ്ട്. റീ-ഇംബേഴ്സ്മെന്റിനായുള്ള അപേക്ഷകൾ അപൂർണ്ണമായി സമർപ്പിക്കുന്നതിനാലാണ് ചികിത്സാസഹായം ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത്.

(ബി) റീ-ഇംബേഴ്സ്മെന്റ് സംബന്ധിച്ചുള്ള അപേക്ഷകളിന്മേൽ കാലതാമസം വരുത്താതിരിക്കാൻ വകുപ്പുതലത്തിൽ വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. റീ-ഇംബേഴ്സ്മെന്റിനുള്ള പൂർണ്ണമായ അപേക്ഷകൾ പരിശോധിച്ച് അർഹത വിലയിരുത്തിയാൽ മാത്രമേ എത്രകോടി രൂപ ഇനിയും വിതരണം ചെയ്യാനുണ്ടെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സംസ്ഥാന സംരംഭക വികസന മിഷൻ

13 (1550) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ സംസ്ഥാന സംരംഭക വികസന മിഷന് രൂപം നൽകിയിരുന്നോ; എങ്കിൽ വിശദമാക്കുമോ;

(ബി) എത്ര സംരംഭകരെയാണ് ഈ പദ്ധതിയനുസരിച്ച് തെരഞ്ഞെടുത്തിട്ടുള്ളതെന്നും അവർക്ക് എന്തെല്ലാം സഹായമാണ് നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ യുവതീയുവാക്കൾക്കിടയിൽ സംരംഭകത്വ സ്വഭാവം വളർത്തിയെടുക്കുന്നതിനായി കേരള സർക്കാർ രൂപം നൽകിയ പദ്ധതിയാണ് കേരള സംസ്ഥാന സംരംഭക വികസന മിഷൻ. ആത്മാർത്ഥതയും ആശയങ്ങളുമുള്ള തൊഴിൽ രഹിതരായ വിദ്യാസമ്പന്നരെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിശീലനം നൽകി ലളിതമായ ജാമ്യ വ്യവസ്ഥകളിലൂടെ സാമ്പത്തിക സഹായം നൽകുകയുമാണ് ഈ മിഷനിലൂടെ ലക്ഷ്യമിടുന്നത്. 50000 യുവജനങ്ങൾക്ക് വിദഗ്ദ്ധ തൊഴിൽ പരിശീലനം നൽകി, 10000 ചെറുകിട തൊഴിൽ സംരംഭങ്ങൾ സ്ഥാപിച്ച്, 1 ലക്ഷം പേർക്ക് പ്രത്യക്ഷമായും 5 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ഉറപ്പുവരുത്താനാണ് ഈ പദ്ധതിവഴി ലക്ഷ്യമിട്ടിരുന്നത്.

(ബി) 31-5-2016-ലെ കണക്കുകൾ പ്രകാരം 11033 പ്രമോട്ടർമാരെ തിരഞ്ഞെടുക്കുകയും 7966 പേർക്ക് തൊഴിൽ പരിശീലനം നൽകുകയും ചെയ്തു. അതിൽ 3836 പേർ 1757 സംരംഭങ്ങൾ തുടങ്ങുകയും അവർക്ക് 15179.14 ലക്ഷം രൂപ വായ്പയായി വിതരണം ചെയ്യുകയുമുണ്ടായി.

## ധനകാര്യ അസ്ഥിരത

14(1551) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്തുണ്ടായ ധനകാര്യ അസ്ഥിരതയുടെ വ്യാപ്തി വിശദമാക്കാമോ;

(ബി) പ്രസ്തുത ധനകാര്യ അസ്ഥിരത സംസ്ഥാന സമ്പദ്ഘടനയിൽ ഉളവാക്കാനിടയുള്ള പ്രത്യാഘാതങ്ങൾ വിശകലനം ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇത് തരണം ചെയ്യാനുള്ള ഹ്രസ്വകാല, ദീർഘകാല പരിപാടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനം അതീവ ഗുരുതരമായ ധന പ്രതിസന്ധിയെ നേരിടുകയാണ്. മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ 24-5-2016-ൽ 1009.30 കോടി രൂപ മാത്രമാണ് ട്രഷറി ബിൽ ഹോൾഡിംഗ്സ് ഉണ്ടായിരുന്നത്. എന്നാൽ 2016 മെയ് അവസാനത്തെ വകുപ്പുതല കണക്കുകൾ പ്രകാരം പെൻഷൻ കുടിശ്ശിക (1074 കോടി രൂപ), വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തുതീർക്കാനുള്ള ബില്ല് (1431 കോടി), കരാറുകാർക്കും ബിൽ റീ-ഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കിനും നൽകേണ്ടത് (1632 കോടി), വെയ്സ് & മീൻസ്, ട്രഷറി - ക്യൂ (800 കോടി) എന്നിവയുൾപ്പെടെ 4937 കോടിയിൽപ്പരം രൂപ അടിയന്തരമായി കൊടുത്തു തീർക്കാനുള്ള ബാദ്ധ്യതയായുണ്ട്. മാത്രമല്ല വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ ക്ഷേമനിധികൾ/ബോർഡുകൾ തുടങ്ങിയവയിൽനിന്നും 1365 കോടി രൂപ സ്ഥിര നിക്ഷേപമായി സമാഹരിച്ചിട്ടുമുണ്ട്. അതുകൂടി ചേർത്താൽ ബാദ്ധ്യത 6302 കോടിയിൽപ്പരം രൂപ വരും. 2010-11-ൽ മൂലധന ചെലവ് ആകെ സർക്കാർ ചെലവിന്റെ 10.64 ശതമാനമായിരുന്നത് 2014-15-ൽ 6.51 ശതമാനമായി താഴ്ന്നു. വായ്പയെടുക്കുന്ന പണത്തിന്റെ 60-70 ശതമാനം ദൈനംദിന ചെലവിന് വിനിയോഗിക്കേണ്ട അവസ്ഥയുണ്ടായി. പുതുക്കിയ ബഡ്ജറ്റ് പ്രകാരം 2016-17-ലെ റവന്യൂ കമ്മി 13,066.25 കോടി രൂപയാണ്. 2016-17-ൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് വായ്പയെടുക്കാൻ അനുവാദം നൽകിയിരുന്നത് 18,524 കോടി രൂപ മാത്രമാണ്. ഇപ്പോൾ അനുവദിച്ചിരിക്കുന്ന വായ്പയുടെ സിംഹഭാഗവും നിത്യനിദാന ചെലവുകൾക്കായി ഉപയോഗിക്കേണ്ടിവരും. മൂലധനച്ചെലവുകൾക്ക് പണം ബാക്കിയുണ്ടാവില്ല എന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. വരും വർഷങ്ങളിൽ ശമ്പളപരിഷ്കരണ കുടിശ്ശിക കൊടുത്തുതീർക്കേണ്ടിവരുമ്പോൾ റവന്യൂ കമ്മി 20,000 കോടി രൂപയിൽ അധികമായി ഉയരും.

(സി) റവന്യൂ വർദ്ധിപ്പിക്കാനുള്ള ആത്മാർത്ഥവും ഊർജ്ജിതവുമായ ശ്രമങ്ങൾവഴി നിലവിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കാനാവും. ഇതോടൊപ്പംതന്നെ അനാവശ്യ ചെലവുകൾ ഒഴിവാക്കേണ്ടതുണ്ട്. മൂലധന ചെലവിനായി വിപണിയിൽനിന്നും ഫണ്ട് സ്വരൂപിക്കുന്നതിന് ബഡ്ജറ്റിൽ

വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിലെ സാമ്പത്തികമാന്ദ്യം അതിജീവിക്കുന്നതിനായി 12,000 കോടി രൂപയുടെ മാന്ദ്യവിരുദ്ധ പാക്കേജ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നു. 1999-ലെ കിഫ്ബി ആക്ട് പരിഷ്ക്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ കേരളാ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിനെ സജ്ജമാക്കും. ഇതുവഴി വൻകിട പദ്ധതികളിലുള്ള പൊതുനിക്ഷേപങ്ങൾ വർദ്ധിപ്പിക്കുന്നതുവഴി വളർച്ച ത്വരിതപ്പെടുത്തുവാനുദ്ദേശിക്കുന്നു. പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമുള്ള അടിസ്ഥാനസൗകര്യ വികസനത്തിനുവേണ്ടി 50,000-1,00,000 കോടി രൂപയുടെ നിധി സമാഹരിക്കേണ്ടിയിരിക്കുന്നു. അക്കൗണ്ടന്റ് ജനറൽ ഓഫീസ്, ധനകാര്യ വകുപ്പ്, ട്രഷറികൾ എന്നിവിടങ്ങളിൽ സൂക്ഷിച്ചിരിക്കുന്ന വിവിധ ഡാറ്റാ ബേസുകളെ സംയോജിപ്പിച്ചുകൊണ്ട് ഒരു പുതിയ ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം, ട്രഷറി ശൃംഖലയ്ക്ക് കോർ ബാങ്കിംഗ് സിസ്റ്റം, ഇന്റലിജന്റ് ഫോർകാസ്റ്റിംഗ് ഉപാധികളുൾപ്പെടുന്ന ലിക്വിഡിറ്റി മാനേജ്മെന്റ് സിസ്റ്റം എന്നിവ തയ്യാറാക്കും. ഈ ഉപാധികൾ ഇപ്പോഴുള്ള ഗുരുതരമായ സമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറാൻ സഹായിക്കും എന്ന് കരുതുന്നു.

**സംസ്ഥാന സർക്കാർ ബാങ്ക്**

15(1552) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി ബാങ്ക് ആരംഭിക്കുന്ന കാര്യം സംസ്ഥാന സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത സംരംഭത്തിന് ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളുടെ സഹകരണം ലഭിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്;

(സി) ഇത്തരം ഒരു സംരംഭം സംസ്ഥാനത്തെ സഹകരണ ബാങ്കിംഗ് മേഖലയിൽ ഉണ്ടാക്കാനിടയുള്ള മാറ്റങ്ങളെക്കുറിച്ച് സർക്കാർ വേണ്ടത്ര പഠനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ മേഖലയെ ഇത് ഏത് രീതിയിൽ ബാധിക്കുമെന്നാണ് സർക്കാർ കരുതുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ബാങ്കിന്റെ പ്രവർത്തനത്തിൽ സംസ്ഥാന സർക്കാരിന്റെ പൂർണ്ണ നിയന്ത്രണമാണോ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) സംസ്ഥാനത്തെ സഹകരണ ബാങ്കുകളെ നിലവിലുള്ള ത്രിതല ഘടനയിൽനിന്ന് ദ്വിതല ഘടനയിലേക്ക് പരിവർത്തനപ്പെടുത്തിക്കൊണ്ട് ജില്ലാ - സംസ്ഥാന സഹകരണ ബാങ്കുകൾ സംയോജിപ്പിച്ച് ഒറ്റ ബാങ്കാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിലെ ഏറ്റവും കൂടുതൽ ബ്രാഞ്ചുകളുള്ള ഈ ബാങ്കിംഗ് സംവിധാനത്തിന് സംസ്ഥാനത്തിന്റെ വികസനത്തിൽ നിർണ്ണായക പങ്ക് വഹിക്കാനാകും. ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തുന്നതിനും മൂർത്തമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ഒരു കമ്മിറ്റിയെ നിയോഗിക്കുന്നതാണ്.

**കാരുണ്യ ബനവലന്റ് ഫണ്ട്**

16 (1553) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് ആരംഭിച്ചത് എന്നാണെന്ന് അറിയിക്കാമോ;

(ബി) 2016 മേയ് അവസാനം വരെ ഈ ഫണ്ടിലേക്ക് സമാഹരിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചതു മുതൽ നാളിതുവരെ എത്ര പേർക്ക് എത്ര തുക ചികിത്സാസഹായമായി അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള പട്ടിക നൽകാമോ;

(ഡി) കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്വകാര്യ ആശുപത്രികൾ പ്രസ്തുത പദ്ധതിയിൽ നിന്നും പിൻമാറിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ആശുപത്രികളാണ് പിൻമാറിയതെന്നും ഇതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്താമോ;

(ഇ) കാരുണ്യ പദ്ധതിയിൽ നിന്നും പിൻമാറുന്ന ആശുപത്രികൾക്കെതിരെ നടപടി സ്വീകരിക്കുവാൻ വ്യവസ്ഥയുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) 2012 ഫെബ്രുവരി 26-നാണ് കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി ആരംഭിച്ചത്.

(ബി) കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികൾ ആരംഭിച്ചതുമുതൽ 2016 മേയ് വരെ ഈ ഭാഗ്യക്കുറികളുടെ വിൽപ്പനയിലൂടെ സമാഹരിച്ച തുക 4554.22 കോടി രൂപയും ഈ ഭാഗ്യക്കുറികളിൽനിന്നും ലഭിച്ച അറ്റാദായം/ലാഭം 915.42 കോടി രൂപയുമാണ്.

(സി) ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ഡി) നാളിതുവരെ കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്വകാര്യ ആശുപത്രികൾ ഒന്നുംതന്നെ പദ്ധതിയിൽനിന്നും പിന്മാറിയിട്ടില്ല.

(ഇ) കാരുണ്യ പദ്ധതിയിൽനിന്നും പിന്മാറുന്ന ആശുപത്രികൾക്കെതിരെ നടപടി സ്വീകരിക്കുവാൻ പ്രത്യേകമായി വ്യവസ്ഥചെയ്തിട്ടില്ല.

## കാരുണ്യ ബനവലന്റ് ഫണ്ട് സഹായം

17(1554) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് പദ്ധതിയിൽ അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗികളെക്കൂടി ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്തെ കിടത്തി ചികിത്സയുള്ള മുഴുവൻ ആശുപത്രികളിലേക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കാരുണ്യ ബനവലന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള രോഗങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ ആശുപത്രികളിൽ അയിടന്തര ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന രോഗികൾക്ക് കാരുണ്യ ബനവലന്റ് ഫണ്ടിൽനിന്ന് ചികിത്സാസഹായം നൽകുന്നുണ്ട്.

(ബി) കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിപ്രകാരം നിലവിൽ അടിസ്ഥാന ചികിത്സാ സൗകര്യമുള്ള എല്ലാ സർക്കാർ ആശുപത്രികളിലും ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ ടെർഷ്യറി ആശുപത്രികളിലും ചികിത്സാസഹായം നൽകുന്നുണ്ട്. വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളുള്ളതും നിശ്ചിത ചികിത്സാ പാക്കേജും നിരക്കുകളും അംഗീകരിച്ച് പദ്ധതി ഗുണഭോക്താക്കൾക്ക് ക്യാഷ്‌ലസ് ചികിത്സ നൽകുന്നതിന് തയ്യാറായി വന്നിട്ടുള്ള 75 സർക്കാരിതര ആശുപത്രികളെയും പദ്ധതിയിൽ അക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത അശുപത്രികളിലും പദ്ധതിയിൻകീഴിൽ ചികിത്സ നടന്നുവരുന്നുണ്ട്.

## കാരുണ്യ ബനവലന്റ് ഫണ്ടിൽനിന്നും അനുവദിച്ച തുക

18 (1555) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എ) ശ്രീ. കെ. ജെ. ജോസ്, കൊച്ചുകുടിയാത്ത്, പ്രാപ്പോയിൽ, കണ്ണൂർ (റഫ. നമ്പർ-137297)-ന് കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും എത്ര രൂപയാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ; ഗുരുതര രോഗം ബാധിച്ച ടിയാന് പ്രസ്തുത തുക നാളിതുവരെയായി ലഭ്യമായിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത വിഷയത്തിൽ KBS/Kannur/F4/14289/16-നമ്പർ ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) പരിയാരം മെഡിക്കൽ കോളേജിൽ ഹൃദയസംബന്ധമായുള്ള ചികിത്സ തേടിയിരുന്ന, സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ശ്രീ. കെ. ജെ. ജോസിന് സർക്കാർ അനുവദിച്ച തുക കൈപ്പറ്റുന്നതിലേക്കായി എന്ത് നടപടിയാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ-സി) ശ്രീ. കെ. ജെ. ജോസ്, കൊച്ചുകുടിയാത്ത്, പ്രാപ്പോയിൽ, കണ്ണൂർ (റഫ. നമ്പർ - 137297)-ന് കാരുണ്യ ബനവലന്റ് ഫണ്ടിൽനിന്നും 37,500 രൂപ അനുവദിക്കുകയും ഫാസ്റ്റ് ട്രാക്ക് സംവിധാനത്തിൽ ഉൾപ്പെടുത്തി മുൻകൂർ ചികിത്സാനുമതി നൽകുകയും ചികിത്സ യഥാസമയം ലഭ്യമാക്കുകയും ചെയ്തിരുന്നു. കാരുണ്യ ബനവലന്റ് പദ്ധതിപ്രകാരം വ്യക്തികൾക്ക് നേരിട്ടല്ല ബന്ധപ്പെട്ട ആശുപത്രികളിലേക്കാണ് തുക നൽകുന്നത്. ഇത് സംബന്ധിച്ച നടപടി പൂർത്തിയായിവരുന്നു. അടിയന്തര ചികിത്സയ്ക്കായി ആശുപത്രിയിൽ രോഗി സ്വന്തം കയ്യിൽനിന്നും തുക ചെലവാക്കിയിട്ടുണ്ടെങ്കിൽ ആ തുക റീ-ഇംബേഴ്സ്മെന്റായി നൽകാനും വ്യവസ്ഥയുണ്ട്. ഇതിനായി രോഗി റീ-ഇംബേഴ്സ്മെന്റിനായുള്ള പ്രത്യേക അപേക്ഷാഫോറത്തോടൊപ്പം ഡോക്ടർ സാക്ഷ്യപ്പെടുത്തിയ ഒറിജിനൽ ബില്ലുകൾ, ഡിസ്ചാർജ്ജ് സമ്മറി, ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ് എന്നിവയും ഹാജരാക്കേണ്ടതുണ്ട്.

**ധനകാര്യ വകുപ്പിൽ ഇ-ഫയൽ സംവിധാനം**

19 (1556) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> :
<u>ശ്രീ. കെ. മുരളീധരൻ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിൽ ഇ-ഫയൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്;

(സി) ഈ സംവിധാനത്തിന്റെ നിർവ്വഹണത്തിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നടപ്പിലാക്കിയിട്ടുണ്ട്. 22-4-2014-ലെ സ.ഉ.(കൈ)നം. 146/2014/ധന. പ്രകാരം 2014 മേയ് 1-ഓടുകൂടി ധനകാര്യ വകുപ്പിലെ എല്ലാ സെക്ഷനുകളിലും ഇ-ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ഫയൽ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനുള്ള സമയദൈർഘ്യം കുറയ്ക്കുക, അതുവഴി പൊതുജനങ്ങൾക്ക് പരമാവധി വേഗത്തിൽ സുതാര്യമായി സർക്കാർ സേവനങ്ങൾ ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്.

(സി) ഈ സംവിധാനത്തിന്റെ നിർവ്വഹണത്തിൽ കൈവരിച്ച നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

(1) സുതാര്യമായും കാര്യക്ഷമമായും ഫയൽ തീർപ്പുകൽപ്പിക്കുവാൻ ഉദ്യോഗസ്ഥരെ പ്രാപ്തരാക്കി

(2) മേലുദ്യോഗസ്ഥരുടെ മേൽനോട്ട ചുമതലാ നിർവഹണം എളുപ്പമാക്കി.

(3) ഫയൽ തീർപ്പുകൽപ്പിക്കുന്നതിനുള്ള സമയദൈർഘ്യം കുറയ്ക്കുവാൻ കഴിഞ്ഞു.

(4) ഒരു ഉദ്യോഗസ്ഥന്റെ അഭാവത്തിൽ മേലുദ്യോഗസ്ഥന് ഫയൽ നടപടി പൂർത്തിയാക്കുവാൻ സാധിക്കുന്നു.

(5) ഫയലുകൾ കൈമാറ്റം ചെയ്യുന്നതിനുള്ള സമയം പൂർണ്ണമായും ഒഴിവാക്കുവാൻ സാധിച്ചു.

(6) റിക്കോർഡുകൾ സൂക്ഷിക്കുന്നതിനും ആവശ്യാനുസരണം പരിശോധിക്കുവാനുമുള്ള സൗകര്യം ആയാസരഹിതമാക്കുവാൻ കഴിഞ്ഞു.

(7) ഇ-ഓഫീസ് പൂർണ്ണമായും നിലവിൽ വന്നതോടെ സ്റ്റേഷനറി, പ്രിന്റർ തുടങ്ങിയ ഇനത്തിൽ ചെലവു കുറയ്ക്കുവാൻ സാധിച്ചു.

(8) ഉദ്യോഗസ്ഥർക്ക് ഏത് സമയത്തും ഫയൽ പരിശോധിക്കുവാൻ സാധിക്കുന്നതിനുള്ള സംവിധാനം ഒരുക്കുവാൻ കഴിഞ്ഞു.

## വാർഷിക പദ്ധതി നടത്തിപ്പ് അവലോകനം

20 (1557) ശ്രീ. എ. എം. ആരിഫ് :
ശ്രീ. ബി. സത്യൻ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്തെ വാർഷിക പദ്ധതി നടത്തിപ്പ് അവലോകനം ചെയ്തിട്ടുണ്ടോ; ഏതൊക്കെ വർഷങ്ങളിൽ പദ്ധതി ലക്ഷ്യം നേടി; വിശദാംശം അറിയിക്കുമോ;

(ബി) പദ്ധതി ആസൂത്രണവും നിർവ്വഹണവും സമയബന്ധിതമായി നടത്തിയിരുന്നോ; നിലവിലെ രീതിയിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പദ്ധതി നിർവ്വഹണം തൽസമയം നിരീക്ഷിക്കാനുള്ള നടപടിയെടുക്കാൻ സാധിക്കുമോ എന്നറിയിക്കുമോ?

### ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്തെ വാർഷിക പദ്ധതി നടത്തിപ്പ് അവലോകനം ചെയ്തിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരമുള്ള പദ്ധതി ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| വർഷം | പദ്ധതി അടങ്കൽ | ബജറ്റ് എസ്റ്റിമേറ്റ്* | ചെലവഴിച്ചത്** | ചെലവഴിച്ച തുക ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ അനുപാതത്തിൽ (%) |
|---|---|---|---|---|
| 2011-12 | 12010 | 11141.53 | 9141.99 | 82.05% |
| 2012-13 | 14010 | 12627.37 | 10848.05 | 85.91% |
| 2013-14 | 17000 | 16187.59 | 11108.81 | 68.63% |
| 2014-15 | 20000 | 23342.69 | 14406.71 | 61.72% |
| 2015-16 | 20000 | 21570.32 | 18059.05 | 83.72% |

*LSGD ഒഴികെയും CSS ഉൾപ്പെടെയും

**താൽക്കാലിക കണക്കുപ്രകാരം

(ബി) ഓരോ വർഷവും പദ്ധതി ആസൂത്രണം നടത്തുകയും അതിൻപ്രകാരം വിവിധ വകുപ്പ് സെക്രട്ടറിമാർ, വകുപ്പദ്ധ്യക്ഷൻമാർ എന്നിവരുമായി പദ്ധതി വിഹിതം സംബന്ധിച്ച് ചർച്ച നടത്തുകയും മേഖല, ഉപമേഖല, സ്കീം എന്നിവ തിരിച്ച് അടങ്കൽതുക വകയിരുത്തുകയും ചെയ്യുന്നു. നിലവിലെ രീതിയിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പദ്ധതി നിർവ്വഹണം തൽസമയം നിരീക്ഷിക്കാനുള്ള നടപടിയെടുക്കാൻ സാധിക്കും. പദ്ധതി നിർവ്വഹണം സമയബന്ധിതവും കാര്യക്ഷമവുമാക്കുന്നതിനു വേണ്ടി ഓരോ മാസവും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി അതാത് വകുപ്പ് സെക്രട്ടറിമാരുടെ പദ്ധതി അവലോകന യോഗം ചേരാറുണ്ട്. ഇതുകൂടാതെ ഓരോ പദ്ധതികൾക്കും വകയിരുത്തിയ പദ്ധതിവിഹിതവും അതിന് ചെലവായ തുകയും നിരീക്ഷിക്കുന്നതിന് "പ്ലാൻസ്പേസ്" എന്ന നിരീക്ഷണ സംവിധാനവും ആസൂത്രണ ബോർഡിൽ ഒരുക്കിയിട്ടുണ്ട്. ഇത് തുടർന്നും കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

**വികസന പ്രവൃത്തികൾ**

21 (1558) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ആസ്തി വികസന ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി ഏതൊക്കെ പ്രവൃത്തികൾക്കാണ് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ എത്രയെണ്ണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്തവയെ സംബന്ധിച്ച് എന്തെങ്കിലും തീരുമാനം കൈക്കൊണ്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒല്ലൂർ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൻകീഴിൽ പദ്ധതി ആരംഭിച്ച 2012-13 മുതൽ നാളിതുവരെ ധനാനുമതി ലഭ്യമാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) ഒല്ലൂർ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൻകീഴിൽ ഇതുവരെ പൂർത്തിയാക്കിയ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(സി) ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്ത പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് യാതൊരു തടസ്സവുമില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പുതിയ തസ്തികകൾ സൃഷ്ടിക്കാൻ നടപടി

22 (1559) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം പബ്ലിക് ഹെൽത്ത് ലാബിൽ പുതിയ 20 തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ന്യൂ സർവ്വീസ് പ്രൊസീജിയറിൽ ഉൾപ്പെടുത്തി ധനകാര്യവകുപ്പിന്റെ പരിഗണനയ്ക്ക് വിട്ട ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതുസംബന്ധിച്ചുള്ള ഫയൽ ധനകാര്യ വകുപ്പിൽ നിലവിലില്ല. ഭരണ വകുപ്പിൽനിന്നും പ്രൊപ്പോസൽ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(ബി) മലപ്പുറം ഹെൽത്ത് ലാബിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് 2015-16 സാമ്പത്തിക വർഷത്തിൽ ഫണ്ട് അനുവദിച്ചിട്ടില്ലാത്തതിനാൽ ന്യൂ സർവ്വീസ് പ്രൊസീഡ്യുവർ പാലിക്കേണ്ടതുണ്ടെന്നും ആകയാൽ ഈ സാമ്പത്തിക വർഷത്തിൽ ഈ പ്രൊപ്പോസൽ പരിഗണിക്കാനാവില്ലെന്നും 2016-17 സാമ്പത്തിക വർഷത്തിന്റെ ആദ്യഘട്ടത്തിൽ പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കാവുന്നതാണെന്നും അറിയിച്ചുകൊണ്ട് 6-1-2016-ൽ ഫയൽ ആരോഗ്യ കുടുംബക്ഷേമ വകുപ്പിന് തിരികെ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ഭരണ വകുപ്പിൽനിന്നും പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടില്ല.

## കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി

23 (1560) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറി ഫണ്ടിൽ നിന്നും പാവപ്പെട്ടവരും ഗുരുതരമായ രോഗങ്ങൾക്ക് ചികിത്സ തേടുന്നവരുമായ രോഗികൾക്കുള്ള ചികിത്സാധന സഹായ പദ്ധതി പ്രകാരം അപേക്ഷ നൽകിയവർക്ക് ഇനിയും തുക അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാലക്കുടി മണ്ഡലത്തിലെ ശ്രീ. പി. യു. ഷാജു, പുറക്കുളം ഹൗസ് പോട്ട, (15- ാം നമ്പർ കമ്മറ്റി, 22- ാം നമ്പർ അജണ്ട) എന്ന രോഗിയുടെ അപേക്ഷയിൽ ധനസഹായം അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ധനസഹായം അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കാരുണ്യ ചികിത്സാ ധനസഹായപദ്ധതി പ്രകാരം എതെല്ലാം ആശുപത്രികളിൽ എന്തെല്ലാം ചികിത്സകൾ ലഭ്യമാണ് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ ആശുപത്രികളിൽ കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി പ്രകാരം ചികിത്സ തേടുന്നവർക്ക് അപേക്ഷ നൽകിയാലുടൻതന്നെ അവ പരിശോധിച്ച് ജില്ലാ തലത്തിലും കാരുണ്യ ഹെഡ് ഓഫീസ് തലത്തിലും മുൻകൂർ ചികിത്സാനുമതി നൽകിവരുന്നുണ്ട്. പദ്ധതി പ്രകാരം അക്രഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്നവർക്ക് ചികിത്സ നടത്തുന്നതിനായി ജില്ലാ തലത്തിൽ ആതറൈസേഷനും നൽകി വരുന്നുണ്ട്. റീ-ഇംബേഴ്സ്മെന്റ് നൽകുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച വ്യവസ്ഥകളിൽ ചില അവ്യക്തതകളുള്ളത് സഹായധനം അനുവദിക്കുന്നതിന് തടസ്സമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി പ്രകാരം നിലവിൽ അടിസ്ഥാന ചികിത്സാ സൗകര്യമുള്ള എല്ലാ സർക്കാർ ആശുപത്രികളിലും ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നീ ടെർഷ്യറി ആശുപത്രികളിലും ചികിത്സാ സഹായം ലഭിക്കുന്നുണ്ട്. വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളുള്ളതും നിശ്ചിത ചികിത്സാപാക്കേജും നിരക്കുകളും അംഗീകരിച്ച് പദ്ധതി ഗുണഭോക്താക്കൾക്ക് ക്യാഷ്‌ലസ് ചികിത്സ നൽകുന്നതിന് തയ്യാറായി വന്നിട്ടുള്ളതുമായ 75 സർക്കാരിതര ആശുപത്രികളേയും പദ്ധതിയിൽ അക്രഡിറ്റ് ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

**സാമ്പത്തിക പ്രതിസന്ധി**

24(1561) <u>ശ്രീ. വി. എസ്. അച്യുതാനന്ദൻ</u> :

<u>ശ്രീ. ജെയിംസ് മാത്യു</u> :

<u>പ്രൊഫ. കെ. യു. അരുണൻ</u> :

<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയുടെ വ്യാപ്തി വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

സംസ്ഥാനം അതീവ ഗുരുതരമായ ധന പ്രതിസന്ധിയെ നേരിടുകയാണ്. മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ 24-5-2016-ൽ 1009.30 കോടി രൂപ മാത്രമാണ് ട്രഷറി ബിൽ ഹോൾഡിംഗ്സ് ഉണ്ടായിരുന്നത്. എന്നാൽ 2016 മെയ് അവസാനത്തെ വകുപ്പുതല കണക്കുകൾ പ്രകാരം പെൻഷൻ കുടിശ്ശിക (1074 കോടി രൂപ), വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തുതീർക്കാനുള്ള ബില്ല് (1431 കോടി), കരാറുകാർക്കും ബിൽ റീ-ഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കിനും നൽകേണ്ടത് (1632 കോടി), വെയ്സ് & മീൻസ്, ട്രഷറി-ക്യൂ (800 കോടി) എന്നിവയുൾപ്പെടെ 4937 കോടിയിൽപ്പരം രൂപ അടിയന്തരമായി കൊടുത്തു തീർക്കാനുള്ള ബാധ്യതയായുണ്ട്. മാത്രമല്ല വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ ക്ഷേമനിധികൾ/ബോർഡുകൾ തുടങ്ങിയവയിൽനിന്നും 1365 കോടി രൂപ സ്ഥിരനിക്ഷേപമായി സമാഹരിച്ചിട്ടുമുണ്ട്. അതുകൂടി ചേർത്താൽ ബാധ്യത 6302 കോടിയിൽപ്പരം രൂപ വരും. പുതുക്കിയ ബഡ്ജറ്റ് പ്രകാരം 2016-17-ലെ റവന്യൂ കമ്മി 13,066.25 കോടി രൂപയാണ്. 2016-17-ൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് വായ്പയെടുക്കാൻ അനുവാദം നൽകിയിരിക്കുന്നത് 18,524 കോടി രൂപ മാത്രമാണ്. ഇപ്പോൾ അനുവദിച്ചിരിക്കുന്ന വായ്പയുടെ സിംഹഭാഗവും നിത്യനിദാന ചെലവുകൾക്കായി ഉപയോഗിക്കേണ്ടിവരും. മൂലധനച്ചെലവുകൾക്ക് പണം ബാക്കിയുണ്ടാവില്ല എന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്.

**വികസന പ്രവർത്തനങ്ങൾ**

25 (1562) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ, അരൂർ നിയോജക മണ്ഡലങ്ങളിൽ 2006-2011, 2011-2016 കാലയളവുകളിൽ സർക്കാർ മുഖേന നടത്തിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിനായി വിവിധ വകുപ്പുകളിൽ നിന്നും ചെലവഴിച്ചിട്ടുള്ള തുകയുടെ വർഷം തിരിച്ചും, വകുപ്പു തിരിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

**റവന്യൂ സമാഹരണം**

26 (1563) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റവന്യൂ സമാഹരണം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വേണ്ട വിധത്തിൽ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റവന്യൂ സമാഹരണം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ റവന്യൂ സമാഹരണം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വേണ്ടവിധത്തിൽ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ റവന്യൂ സമാഹരണം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരിക, റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ഊർജ്ജിത നികുതി പിരിവ് യജ്ഞം നടത്തുക, റവന്യൂ റിക്കവറി നടപടികളുടെ വേഗത വർദ്ധിപ്പിക്കുക, അഴിമതി നിർമ്മാർജ്ജനം ചെയ്യുക, നികുതി വകുപ്പിലെ ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുക, നികുതി വകുപ്പുകളുടെ സാങ്കേതിക നവീകരണം നടപ്പിലാക്കുക, നികുതി നിയമങ്ങളെക്കുറിച്ചുള്ള ഉപഭോക്തൃ അവബോധം വർദ്ധിപ്പിക്കുക, വ്യാപാരി സൗഹൃദ സമീപനം നടപ്പിലാക്കുക, നികുതി നിരക്കുകൾ യുക്തിസഹമാക്കുക എന്നീ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

**നീന്തൽക്കുളങ്ങൾ**

27 (1564) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സ്വകാര്യ വ്യക്തികളുടെയും ട്രസ്റ്റുകളുടെയും കൈവശമിരിക്കുന്ന കുളങ്ങളിൽ നീന്തൽ പഠിപ്പിക്കുന്നതിന് പ്രസ്തുത വ്യക്തികൾ അനുവാദം നൽകുകയാണെങ്കിൽ വ്യവസ്ഥകൾക്ക് വിധേയമായി കുളങ്ങൾ പുനരുദ്ധരിക്കുന്നതിനും, നീന്തൽ കുളമാക്കി മാറ്റുന്നതിനും വേണ്ടി എം എൽ എ ഫണ്ടും ആസ്തി വികസന ഫണ്ടും ഉപയോഗിക്കുന്നതിന് സർക്കാർ അനുമതി ലഭ്യമാക്കുമോ; ഫണ്ട് വിനിയോഗിക്കുന്നതിന് വ്യവസ്ഥകളിൽ ഇളവ് അനുവദിക്കുമോ?

ഉത്തരം

ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർദ്ദേശിക്കുന്ന ആസ്തികളുടെ ഉടമസ്ഥാവകാശം സംസ്ഥാന സർക്കാരിന്റെയോ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലോ ആയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്വകാര്യ വ്യക്തികളുടെയും ട്രസ്റ്റുകളുടെയും ഉടമസ്ഥതയിലുള്ള നീന്തൽക്കുളങ്ങൾ പുനരുദ്ധരിക്കുന്നതിന് ആസ്തി വികസന ഫണ്ട്, എം.എൽ.എ. ഫണ്ട് എന്നിവ ഉപയോഗിക്കുന്നതിന് വ്യവസ്ഥകളിൽ ഇളവ് വരുത്തുന്നത് പരിഗണനയിലില്ല.

**അനുമതി നൽകിയ പ്രവൃത്തികൾ**

28 (1565) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിൽ 2011 മുതൽ 2016 വരെ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും അനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അടങ്കൽ തുക, അനുമതി നൽകിയ തീയതി, നിലവിലെ സ്ഥിതി എന്നിവ സഹിതം അറിയിക്കാമോ;

(ബി) ആസ്തിവികസന ഫണ്ടിൽ നിന്നും അനുമതി നൽകിയതിൽ ഇനിയും ആരംഭിക്കാത്ത പ്രവർത്തികൾ ഉണ്ടെങ്കിൽ അവയുടെ പേരും പ്രവർത്തി ആരംഭിക്കാത്തതിനുള്ള കാരണവും അറിയിക്കാമോ;

(സി) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ പ്രസ്തുത കാലഘട്ടത്തിൽ എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും അനുവദിച്ച പ്രവൃത്തികൾ, തുക, തീയതി, നിലവിലെ സ്ഥിതി എന്നിവ സഹിതം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2012 മുതൽ 2016 വരെ മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ധനാനുമതി നൽകിയ പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു*. പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയെ സംബന്ധിച്ച് വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

**വടക്കാഞ്ചേരി മണ്ഡലത്തിലെ പദ്ധതികൾ**

29(1566) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വടക്കാഞ്ചേരി നിയോജക മണ്ഡലത്തിനായി മുൻവർഷങ്ങളിൽ (2011-12 മുതൽ 2015-16 വരെ) ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്നതും പണി പൂർത്തീകരിക്കാത്തതും പണി തുടരുന്നതുമായ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

നബാർഡിന്റെ ധനസഹായത്തോടെ ഗ്രാമീണ പൊതുജനാരോഗ്യ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് 2011-12-ലെ ബഡ്ജറ്റ് 2000 ലക്ഷം രൂപ വകയിരുത്തിയിരുന്നു. മേൽ നിർമ്മാണ പ്രവർത്തനങ്ങളിൽ "വടക്കാഞ്ചേരി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിക്ക് പുതിയ കെട്ടിടം" എന്ന പ്രവൃത്തിയും ഉൾപ്പെട്ടിരുന്നു. 2012-13 സാമ്പത്തിക വർഷം മുതൽ 2015-16 വരെ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിന് ഓരോ സാമ്പത്തിക വർഷവും 5 കോടി രൂപാവീതം ആകെ 20 കോടി രൂപ ആസ്തി വികസന പദ്ധതിയിൻകീഴിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻകീഴിൽ ധനാനുമതി ലഭ്യമായിട്ടും പണി പൂർത്തീകരിക്കാത്തതും പണി തുടരുന്നതുമായ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*. വടക്കാഞ്ചേരി നിയോജക മണ്ഡലത്തിൽ 2011 മുതൽ 2016 വരെ നടത്തിയിട്ടുള്ള മരാമത്ത് പണികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**ആസ്തി വികസന പദ്ധതി**

30 (1567) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) പദ്ധതികൾ ആരംഭിക്കാത്തതിനുള്ള കാരണവും ആരംഭിച്ച് മുടങ്ങിയ പദ്ധതികളുടെ ലിസ്റ്റും ലഭ്യമാക്കാമോ;

(സി) ആസ്തി വികസന ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി ആരംഭിക്കാൻ കഴിയാത്തതോ, മുടങ്ങിയതോ ആയ പദ്ധതികളുടെ അനുമതി റദ്ദാക്കി പുതിയ പദ്ധതികളാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) ആസ്തി വികസന ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി 2015-16 വരെ (31-3-2016-ന് മുമ്പ്) എം.എൽ.എ.-മാർ ശിപാർശ ചെയ്ത പ്രവൃത്തികൾക്ക് സ്പിൽ ഓവർ വർക്കുകളായി പരിഗണിച്ച് 2016-17-ൽ ധനാനുമതിയും ഭരണാനുമതിയും

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നൽകാവുന്നതാണെന്നും 2012-13 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിലേക്കായി ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾക്ക് പകരമായി 1-4-2016-നു ശേഷം മറ്റ് പ്രവൃത്തികൾ അനുവദനീയമല്ലെന്നും 12-4-2016-ലെ സർക്കുലർ നമ്പർ 33/2016/ധന പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

**പാലങ്ങളുടെ നിർമ്മാണം**

31 (1568) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിലെ തൈച്ചേരി, ജീമംഗലം പാലങ്ങളുടെ നിർമ്മാണത്തിന് സമർപ്പിച്ചിരിക്കുന്ന ഫയലുകളിൻമേൽ (392593/Ind &; PWB(Fin),57/2016/ PWD/D-തൈച്ചേരി, ജീമംഗലം) ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പാലങ്ങൾക്ക് മുൻഗണന നൽകി സാമ്പത്തിക അനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) തൈച്ചേരി, ജീമംഗലം പാലങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകുന്ന വിഷയം ഫയൽ നം.52398/Ind & PW B1/15/Fin. (Computer No.108138)-ൽ പരിശോധിക്കുകയും ഭരണാനുമതി നൽകേണ്ട തുക സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിനോട് സ്പഷ്ടീകരണം ആവശ്യപ്പെട്ടുകൊണ്ട് ഫയൽ പൊതുമരാമത്ത് വകുപ്പിന് തിരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വകുപ്പിൽനിന്നും ഫയൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) നടപ്പ് സാമ്പത്തിക വർഷത്തിലെ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സാമ്പത്തികാനുമതി നൽകുന്നതാണ്.

**നികുതികളുടെയും തീരുവകളുടെയും സംസ്ഥാന വിഹിതം**

32 (1569) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടനയുടെ 268, 269 അനുച്ഛേദങ്ങളിൽ പരാമർശിച്ചതൊഴികെ കേന്ദ്ര പട്ടികയിൽ പറയുന്ന എല്ലാ നികുതികളുടെയും തീരുവകളുടെയും സംസ്ഥാന വിഹിതം കേന്ദ്രം നിർബന്ധമായും നൽകണമെന്ന് വ്യവസ്ഥയുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എന്നാൽ പിരിച്ചെടുത്ത നികുതിയുടെയും തീരുവയുടെയും സംസ്ഥാന വിഹിതം കേന്ദ്ര സർക്കാർ ഇനിയും സംസ്ഥാനങ്ങൾക്ക് നൽകിയിട്ടില്ലെന്ന 'സി. &എ. ജി.'-യുടെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കുടിശ്ശിക കൊടുത്തു തീർക്കാത്തത് ഭരണഘടനാവിരുദ്ധമായ നടപടിയാണെന്ന് ചൂണ്ടിക്കാട്ടി സി.&എ.ജി. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് കത്തയക്കുകയുണ്ടായോ;

(ഡി) എങ്കിൽ പ്രസ്തുത തീരുവയിൽ നിന്നും സംസ്ഥാന വിഹിതം ലഭ്യമാക്കുവാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഭരണഘടനയുടെ 268, 269 അനുച്ഛേദങ്ങളിൽ പരാമർശിച്ചത് കൂടാതെ അനുച്ഛേദം 270-ലും എല്ലാ നികുതികളുടെയും തീരുവകളുടെയും സംസ്ഥാന വിഹിതം കേന്ദ്രം നിർബന്ധമായും നൽകണമെന്ന് വ്യവസ്ഥയുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സി.&എ.ജി.-യുടെ 2013 മാർച്ചിലെ സംസ്ഥാന സമ്പദ് വ്യവസ്ഥയെക്കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ടിൽ 2010-2013 കാലയളവിൽ സംസ്ഥാനത്തിന് ലഭിക്കേണ്ടിയിരുന്ന കേന്ദ്രവിഹിതത്തിന്റെ 29% കുറവുള്ളതായും 2015 മാർച്ചിലെ റിപ്പോർട്ടിൽ (2010-15) ഇത് 18% ആയി കുറഞ്ഞതായും കണ്ടെത്തിയിട്ടുണ്ട്.

(സി) ഇക്കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സംസ്ഥാനത്തിന് അർഹതപ്പെട്ട നികുതി വിഹിതം ലഭിക്കുന്നതിനു വേണ്ട പരിശ്രമം നടത്തും.

**നഷ്ടപരിഹാര തുകയ്ക്ക് നികുതി**

33 (1570) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനാപകടങ്ങളിൽ മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നഷ്ട പരിഹാരമായി നൽകുന്ന തുകയ്ക്ക് നികുതി ചുമത്താറുണ്ടോ; എങ്കിൽ എന്ന് മുതലാണ് ഇത് പ്രാവർത്തികമാക്കിയതെന്നും എത്ര ശതമാനം നികുതിയാണ് ചുമത്തുന്നതെന്നും വ്യക്തമാക്കുമോ;

(ബി) വാഹനാപകടങ്ങളിൽ മരണപ്പെടുന്ന നിർദ്ധന കുടുംബത്തിൽപ്പെട്ടവർക്ക് നൽകുന്ന നഷ്ടപരിഹാര തുകയ്ക്ക് നികുതി ചുമത്തുന്നത് പുനഃപരിശോധിക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ&ബി) വാണിജ്യ നികുതി വകുപ്പും ഗതാഗത വകുപ്പും ഇത്തരം നികുതി ചുമത്തുന്നില്ല.

## റവന്യൂ വരുമാനം

34(1571) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ നിർവ്വഹണത്തിൽ മുൻ സർക്കാർ ഒരു തികഞ്ഞ പരാജയമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ ശരാശരി റവന്യൂ വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ; 1-7-2006 മുതൽ 31-3-2016 വരെയുള്ള വർഷങ്ങളിലെ റവന്യൂ വരുമാനം സംബന്ധിച്ച കണക്ക് പ്രസിദ്ധീകരിക്കാമോ;

(സി) 1-7-2006 മുതൽ 31-3-2016 വരെ ഓരോ വർഷവും സംസ്ഥാനം എത്ര തുകയാണ് വായ്പയായി എടുത്തിരുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലത്തെ ധനകാര്യ നിർവ്വഹണത്തെയും ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയും പരിശോധിച്ച് വിശദമായ ധവളപത്രം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ 2006-2016 കാലഘട്ടത്തിലെ ശരാശരി റവന്യൂ വരുമാനം 37732.90 കോടിരൂപയാണ്. 1-4-2006 മുതൽ 31-3-2016 വരെയുള്ള വർഷം തിരിച്ചുള്ള റവന്യൂ വരുമാനം സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| വർഷം | റവന്യൂ വരവ് |
|---|---|
| 2006-07 | 18186 |
| 2007-08 | 21107 |
| 2008-09 | 24512 |
| 2009-10 | 26109 |
| 2010-11 | 30991 |
| 2011-12 | 38010 |
| 2012-13 | 44137 |
| 2013-14 | 49177 |
| 2014-15 | 57950 |
| 2015-16 | 67150 |

(സി) 1-4-2006 മുതൽ 31-3-2016 വരെയുള്ള വർഷംതിരിച്ചുള്ള വായ്പയെടുത്ത തുക സംബന്ധിച്ച കണക്കുകകൾ ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| വർഷം | വായ്പ (തനി) |
|---|---|
| 2006-07 | 3946.14 |
| 2007-08 | 5534.38 |
| 2008-09 | 7860.11 |
| 2009-10 | 7699.75 |
| 2010-11 | 7703.81 |
| 2011-12 | 10744.94 |
| 2012-13 | 14142.66 |
| 2013-14 | 15448.23 |
| 2014-15 | 16431.17 |
| 2015-16 | 19949.09 |

**കാരുണ്യ ഡയാലിസിസ് സെന്റർ**

35(1572) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ കാരുണ്യ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത സെന്റർ മാവേലിക്കര ജില്ലാ ആശുപത്രിയിൽ ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഡയാലിസിസ് സെന്റർ തുടങ്ങുന്നതിനുള്ള കെട്ടിട സൗകര്യം, ആവശ്യമായ ഡോക്ടർ, മറ്റ് ജീവനക്കാർ എന്നിവ ലഭ്യമാണെങ്കിൽ ഹെൽത്ത് സർവ്വീസ് ഡയറക്ടർ/ജില്ലാ മെഡിക്കൽ ഓഫീസർ വഴി കാരുണ്യ ബനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്റർക്ക് അപേക്ഷ സമർപ്പിച്ചാൽ കാരുണ്യ ബനവലന്റ് ഫണ്ട് സംസ്ഥാനതല കമ്മറ്റിയുടെ തീരുമാനപ്രകാരം തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്.

## പെട്രോളിന്റെയും ഡീസലിന്റെയും വിൽപ്പന നികുതി

36 (1573) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്, പെട്രോളിന്റെയും ഡീസലിന്റെയും വിൽപ്പനയിലൂടെ നികുതി ഇനത്തിൽ ഒരു ലിറ്ററിന് എത്ര രൂപയാണ് ലഭിക്കുന്നതെന്ന് അറിയിക്കാമോ ;

(ബി) 2015-16 വർഷത്തിൽ ഈയിനത്തിൽ എത്ര കോടി രൂപയുടെ വരുമാനമുണ്ടായി, വിശദമാക്കാമോ ?

### ഉത്തരം

(എ) സംസ്ഥാനത്തിന് പെട്രോളിന്റെയും ഡീസലിന്റെയും വിൽപ്പനയിലൂടെ നികുതി ഇനത്തിൽ ഒരു ലിറ്ററിന് ലഭിക്കുന്ന തുക ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പെട്രോൾ | - | 16.57 രൂപ |
| ഡീസൽ | - | 12.37 രൂപ |

(ബി) 2015-16 വർഷത്തിൽ ഈയിനത്തിൽ ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| പെട്രോൾ | - | 2551.07 കോടി രൂപ |
| ഡീസൽ | - | 3138.48 കോടി രൂപ |

## സംസ്ഥാനത്തിന്റെ പൊതുകടം

37 (1574) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് 31 വരെ സംസ്ഥാനത്ത് നിലവിലുള്ള പൊതുകടം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) 2011 മേയ് മാസം സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 31-3-2016-ൽ സംസ്ഥാനത്തിന്റെ പൊതുകടം 1,55,389.33 കോടി രൂപയായിരുന്നു.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 31-3-2011-ൽ സംസ്ഥാനത്തിന്റെ പൊതുകടം 78,673.24 കോടി രൂപയായിരുന്നു.

**ഉപഭോക്തൃ വസ്തുക്കളുടെ നികുതി വർദ്ധനവ്**

38(1575) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ അഞ്ച് വർഷക്കാലയളിവിൽ ഏതെല്ലാം ഉപഭോക്തൃവസ്തുക്കളുടെ നികുതി നിലവിൽ ഉണ്ടായിരുന്നതിനേക്കാളും കൂട്ടിയെന്നുള്ള വിവരം, ഓരോന്നിന്റെയും വർദ്ധനവ് എത്ര ശതമാനമെന്നതുൾപ്പെടെ ഒരു പട്ടിക രൂപത്തിൽ നൽകാമോ;

(ബി) ഈ വസ്തുക്കൾക്ക് നികുതി വർദ്ധനവ് ശിപാർശ ചെയ്തശേഷവും നികുതി വീണ്ടും കുറച്ചിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇവ എന്തൊക്കെയെന്നുള്ള വിവരം വിശദമായി വിവരിക്കുമോ;

(സി) ഉണ്ടെങ്കിൽ ഇതുമൂലം ഖജനാവിനു വന്ന നഷ്ടം എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ അടിയന്തരമായി നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അനുബന്ധമായി ചേർക്കുന്നു*.

(ബി&സി) 2011-2016 വർഷക്കാലയളവിൽ ബഡ്ജറ്റ് പ്രഖ്യാപനം വഴി നികുതി വർദ്ധനവ് ശിപാർശ ചെയ്തിട്ടുള്ളതും എന്നാൽ കേരള ധനകാര്യ ബിൽ പ്രകാരം ഈ വർദ്ധനവ് പ്രാബല്യത്തിൽ വരാത്തതുമായ ഉപഭോക്തൃ വസ്തുക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. 2015-16 ബഡ്ജറ്റ് പ്രസംഗത്തിൽ അരി, അരി ഉൽപ്പന്നങ്ങൾ, ഗോതമ്പ് എന്നിവയുടെ നികുതി നിരക്ക് 0%-ൽ നിന്നും 1% ആയും മൈദ, ആട്ട, സൂജി, റവ എന്നിവയുടെ നികുതി നിരക്ക് 0%-ൽനിന്നും 5% -മായി വർദ്ധിപ്പിക്കാൻ ശിപാർശ ചെയ്തിരുന്നു. പഞ്ചസാരയ്ക്ക് 2% നികുതി ചുമത്താനും ശിപാർശചെയ്തിരുന്നു. വെളിച്ചെണ്ണയുടെ നികുതിയും 0%-ൽനിന്നും 1% ആയി വർദ്ധിപ്പിക്കാൻ ശിപാർശ ചെയ്തിരുന്നു. 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്മേലുള്ള പൊതു ചർച്ചയിൽ മേൽപ്പറഞ്ഞ രീതിയിൽ ശിപാർശ ചെയ്തിരുന്ന വർദ്ധനവ് പിൻവലിച്ചു. ഇതുവഴി 260 കോടി രൂപയുടെ നികുതിയാണ് പിൻവലിച്ചിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച തുക

39 (1576) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ കമ്മീഷന്റെ കണക്ക് പ്രകാരം കേന്ദ്രസർക്കാരിൽ നിന്നും 2011 മുതൽ 2016 വരെ ഓരോ വർഷവും എത്ര കോടി രൂപ വീതം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക അനുവദിച്ചത് സംബന്ധിച്ചും ചെലവഴിച്ചതിന്റെ കണക്കുകളും വകുപ്പ് , പദ്ധതി എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(സി) നീതി ആയോഗ് നടപ്പിലാക്കിയതിനുശേഷം ശേഷം തുക അനുവദിക്കുന്നതിലെ ഘടനയിൽ മാറ്റം വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ) ധനകാര്യ കമ്മീഷന്റെ കണക്കുപ്രകാരം കേന്ദ്ര സർക്കാരിൽനിന്നും 2011 മുതൽ 2016 വരെ ഓരോ വർഷവും ലഭിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

(തുക കോടിയിൽ)

| വർഷം | ധനസഹായം | കേന്ദ്രനികുതി വിഹിതം | ആകെ |
|---|---|---|---|
| 2010-11 | 425.88 | 5141.85 | 5567.73 |
| 2011-12 | 1187.99 | 5990.36 | 7178.35 |
| 2012-13 | 600.57 | 6840.65 | 7441.22 |
| 2013-14 | 1568.06 | 7468.69 | 9036.75 |
| 2014-15 | 1693.77 | 7926.29 | 9620.06 |
| 2015-16 | 5564.17 | 12690.67 | 18254.84 |

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) നീതി ആയോഗ് നിലവിൽ വന്നതിനുശേഷം സംസ്ഥാനങ്ങൾക്ക് പദ്ധതി നടത്തിപ്പിനായി പ്രത്യേക വിഹിതം അനുവദിക്കുന്നില്ല.

## 2015-16 വർഷത്തെ റവന്യൂ വരുമാനം

40 (1577) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2015-16 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം എത്രയായിരുന്നുവെന്ന് വെളിപ്പെടുത്തുമോ; ലോട്ടറി, മദ്യം എന്നീ മേഖലകളിൽ നിന്നും ലഭിച്ച വരുമാനം പ്രത്യേകം വ്യക്തമാക്കുമോ?

ഉത്തരം

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2015-16 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ ആകെ റവന്യൂ വരുമാനം 67149.90 കോടി രൂപയാണ്. ഇതിൽ ഭാഗ്യക്കുറിയിൽനിന്നും ലഭിച്ച റവന്യൂ വരുമാനം 6318.47 കോടി രൂപയും മദ്യവിൽപനയുമായി ബന്ധപ്പെട്ട് നേരിട്ട് ലഭിച്ച വരുമാനം 1891.01 കോടി രൂപയുമാണ്.

**നികുതി വരുമാനവും കുടിശ്ശികയും**

41(1578) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015-16 സാമ്പത്തിക വർഷത്തിൽ ലഭിച്ച ആകെ നികുതി വരുമാനം എത്രയെന്ന് വെളിപ്പെടുത്താമോ; ടി കാലയളവിലെ നികുതി കുടിശ്ശിക എത്രയുണ്ടാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം കേന്ദ്ര നികുതി വിഹിതം ഉൾപ്പെടെ 2015-16 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ നികുതി വരുമാനം 51684.07 കോടി രൂപയാണ്. ഇതിൽ സംസ്ഥാനത്തെ തനത് നികുതി വരുമാനം 39002.11 കോടി രൂപയും കേന്ദ്ര നികുതി വിഹിതം 12681.96 കോടി രൂപയുമാണ്. വാണിജ്യ നികുതി വകുപ്പിൽ 31-3-2016 വരെയുള്ള നികുതി കുടിശ്ശിക 6883.98 കോടി രൂപയാണ്. ലാൻഡ് റവന്യൂ ഇനങ്ങളിൽ 2015-16 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ 123.71 കോടി രൂപയുടെ കുടിശ്ശികയുള്ളതായി കാണുന്നു. ആധാരത്തിൽ ശരിയായ മൂല്യം കാണിക്കാത്തതിനാൽ അണ്ടർ വാല്യുവേഷനുവിധേയമായ ആധാരങ്ങളിൽനിന്നും 2015-16 സാമ്പത്തിക വർഷം വരെ 29.52 കോടി രൂപ പിരിച്ചെടുക്കാനുണ്ട്. 31-12-2015-ൽ അവസാനിക്കുന്ന ക്വാർട്ടർ പ്രകാരം മോട്ടോർ വാഹന വകുപ്പിന്റെ നികുതി കുടിശ്ശിക 1477.63 കോടി രൂപയാണ്. എക്സൈസ് വകുപ്പിൽ 2015-16 സാമ്പത്തിക വർഷം നികുതി കുടിശ്ശികയില്ല.

## ചെക്ക്പോസ്റ്റുകൾ കാര്യക്ഷമമാക്കാൻ നടപടി

42(1579) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ വാണിജ്യനികുതി ചെക്ക് പോസ്റ്റുകൾ വഴിയും മറ്റുമായി വ്യാപകമായ തോതിലുള്ള കോഴിക്കള്ളക്കടത്ത് നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ചെക്ക് പോസ്റ്റുകൾ കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കർണ്ണാടക അതിർത്തി പ്രദേശമായ ജില്ലയിൽ റെയിൽ മാർഗ്ഗം വരുന്ന ചരക്കുകൾക്ക് നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ വാണിജ്യ നികുതി ചെക്ക്പോസ്റ്റുകളിൽ കർശന പരിശോധനയാണുള്ളത്. ഇന്റലിജൻസ് സ്ക്വാഡുകൾ പരിശോധനയുടെ ഭാഗമായി ചെക്ക്പോസ്റ്റുകൾ ടേക്ക് ഓവർ നടത്തുന്നുണ്ട്. കൂടാതെ ചെക്ക്പോസ്റ്റ് പരിശോധന കഴിഞ്ഞുവരുന്ന വാഹനങ്ങൾ ഓവർ ചെക്ക് നടത്താറുമുണ്ട്.

(ബി) പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകൾ സംയോജിത ചെക്ക്പോസ്റ്റുകൾ ആക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിലൂടെ വിവിധ വകുപ്പുകൾക്ക് ഒരുമിച്ച് പരിശോധന നടത്തുവാനും കാലതാമസം ഒഴിവാക്കുവാനും സാധിക്കും. ഇന്റലിജൻസ് വിംഗുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും ടേക്ക് ഓവറുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുന്നതിലൂടെ പരിശോധന മെച്ചപ്പെടുന്നു. E-declaration നടപ്പിലാക്കിയതിനാൽ പരിശോധന വേഗത്തിൽ പൂർത്തിയാക്കാൻ സാധിക്കുന്നു.

(സി) വാണിജ്യ നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിംഗുകൾ നിരന്തരം റെയിൽവേ സ്റ്റേഷനുകളിൽ പരിശോധന നടത്തുന്നുണ്ട്. തിരുവനന്തപുരം, എറണാകുളം റെയിൽവേ സ്റ്റേഷനുകളിൽ നിലവിൽ ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്.

## വാണിജ്യ നികുതി വരുമാനത്തിലെ കുറവ്

43 (1580) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലഘട്ടത്തിൽ വാണിജ്യ നികുതി വരുമാനത്തിൽ എത്ര ശതമാനത്തിന്റെ കുറവാണ് ഉണ്ടായിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) നികുതി ചോർച്ച തടയുന്നതിനും, നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ചെക്ക് പോസ്റ്റുകളിലെ വരുമാനത്തിൽ വന്ന കുറവ് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വാണിജ്യ നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ചാനിരക്ക് കൈവരിക്കാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ വാണിജ്യ നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ചാനിരക്കും വളർച്ചാനിരക്കിൽ വന്ന കുറവും ചുവടെ ചേർക്കുന്നു.

| വർഷം | പ്രതീക്ഷിച്ച വളർച്ചാ നിരക്ക് | ലഭിച്ച വളർച്ചാ നിരക്ക് | വളർച്ചാ നിരക്കിൽ വന്ന കുറവ് |
|---|---|---|---|
| 2011-12 | 20% | 20% | 0 |
| 2012-13 | 22% | 19% | 3% |
| 2013-14 | 24% | 11% | 13% |
| 2014-15 | 26% | 10% | 16% |
| 2015-16 | 25% | 12% | 13% |

(ബി) നികുതി ചോർച്ച തടയുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

(1) ഏറ്റവും പ്രധാനം അഴിമതി ഇല്ലാതാക്കലാണ്.

(2) കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സെർവർ സ്ഥാപിക്കുകയും സിസ്റ്റം സ്റ്റുട്ടിനി സാദ്ധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യും.

(3) ഉപഭോക്താക്കൾ ബില്ല് ചോദിച്ച് വാങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു. അതുപോലെതന്നെ കംപ്യൂട്ടർ ബില്ലിംഗുള്ള വ്യാപാരികൾ അവരുടെ ബില്ലുകൾ തത്സമയംതന്നെ അപ്‌ലോഡ് ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി നിയമനിർമ്മാണം നടത്താനും ഉദ്ദേശിക്കുന്നു.

(4) കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

(5) ആധുനികസംയോജിത ചെക്ക് പോസ്റ്റുകൾ സമയബന്ധിതമായി സ്ഥാപിക്കും.

(6) അപ്പീൽ കേസുകളും കോടതി കേസുകളും എത്രയുംവേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.

(7) റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കും.

(8) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.

(9) നികുതി ചോർച്ച തടയുന്നതിന് റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകളും കർശന നടപടി സ്വീകരിക്കുന്നുണ്ട്.

(10) അനധികൃത മദ്യവില്പനയ്ക്കെതിരെ എക്സൈസ് വകുപ്പ് കർശന നിലപാട് സ്വീകരിക്കുന്നുണ്ട്.

(11) വാഹനങ്ങളുടെ സീറ്റിംഗ് കപ്പാസിറ്റി കുറച്ചുകാണിക്കുക, പർച്ചേസ് വാല്യൂ കുറച്ചുകാണിക്കുക തുടങ്ങിയവയിലൂടെയുള്ള നികുതി വെട്ടിപ്പിനെതിരെ മോട്ടോർവാഹന വകുപ്പ് കർശന നടപടികൾ കൈക്കൊള്ളും.

(സി) ചെക്ക് പോസ്റ്റുകളിലെ വരുമാനത്തിൽ കുറവ് വന്നിട്ടില്ല. കഴിഞ്ഞ 5 വർഷങ്ങളിലെ ചെക്ക് പോസ്റ്റുകളിൽനിന്നുള്ള വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | വരുമാനം(കോടി രൂപയിൽ) |
|---|---|
| 2011-12 | 659.72 |
| 2012-13 | 925.01 |
| 2013-14 | 1021.76 |
| 2014-15 | 1093.56 |
| 2015-16 | 1094.18 |

## വാളയാർ മോഡൽ ചെക്ക് പോസ്റ്റ്

44(1581) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ ചെക്ക് പോസ്റ്റുകളിലും വാളയാർ ചെക്ക് പോസ്റ്റ് മോഡൽ ഏർപ്പെടുത്തി നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

ഉത്തരം

ആധുനിക സൗകര്യങ്ങളോടെ പ്രധാനപ്പെട്ട എല്ലാ ചെക്ക്പോസ്റ്റുകളിലും ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ്-ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിച്ച് പരിശോധനയും നികുതി പിരിവും കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## മഞ്ചേശ്വരം ചെക്ക് പോസ്റ്റ്

45(1582) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം വാണിജ്യനികുതി ചെക്ക് പോസ്റ്റിനടുത്ത് ദേശീയപാതയിൽ അടിക്കടിയുണ്ടാകുന്ന വാഹനാപകടങ്ങളും ഗതാഗതക്കുരുക്കും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലത്ത് ഗതാഗതക്കുരുക്കും വാഹനാപകടങ്ങളും ഒഴിവാക്കുന്നതിന് എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിക്കാനാകുമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്ഥലത്ത് ദേശീയപാതയോടു ചേർന്ന് സർക്കാർ ഏറ്റെടുത്ത ഭൂമിയിൽ ചരക്കുവാഹനങ്ങൾക്ക് പാർക്കിംഗ് സൗകര്യം ഏർപ്പെടുത്തുന്ന നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഡി) മഞ്ചേശ്വരത്ത് സമഗ്ര ചെക്ക് പോസ്റ്റ് നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മഞ്ചേശ്വരത്ത് ഇന്റഗ്രേറ്റഡ് ചെക്ക് പോസ്റ്റ് - ഡാറ്റാ കളക്ഷൻ ആന്റ് ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നുണ്ട്.

(സി) ദേശീയപാതയിൽ മഞ്ചേശ്വരം ചെക്ക്പോസ്റ്റിനായി അക്വയർ ചെയ്ത 9.37 ഏക്കർ സ്ഥലത്ത് പാർക്കിംഗ് സൗകര്യം ഉൾപ്പെടെ സംയോജിത ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) മഞ്ചേശ്വരത്ത് സംയോജിത ചെക്ക് പോസ്റ്റ് നിർമ്മിക്കുന്നതിന് 9.37 ഏക്കർ സ്ഥലം അക്വയർ ചെയ്യുകയും അതിന്റെ പ്രാരംഭ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## ചെറുപുഴ സബ്-ട്രഷറി

46(1583) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ ചെറുപുഴയിൽ പ്രവർത്തിക്കുന്ന സബ് ട്രഷറിക്ക് എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) ഏതെല്ലാം തസ്തികകളിൽ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജീവനക്കാർ ജോലി ചെയ്യുന്നുവെന്ന് വിശദമാക്കാമോ;

(സി) ട്രഷറിയിൽ ആവശ്യമായ മുഴുവൻ തസ്തികകളും അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ ചെറുപുഴയിൽ പ്രവർത്തിക്കുന്ന സബ് ട്രഷറിക്ക് 5-6-2012-ലെ സ.ഉ.(സാധാ) 5644/2012/ധന പ്രകാരം 5 തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| സബ്ട്രഷറി ഓഫീസർ | - | 1 |
| ജൂനിയർ സൂപ്രണ്ട് | - | 1 |
| ഓഫീസ് അറ്റൻഡന്റ് | - | 2 |
| പാർട്ട് ടൈം സ്വീപ്പർ | - | 1 |

(ബി) സീനിയർ അക്കൗണ്ടന്റ് തസ്തികയിൽ 2 പേരും ജൂനിയർ അക്കൗണ്ടന്റ് തസ്തികയിൽ 3 പേരും വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ജോലിചെയ്തു വരുന്നു.

(സി) പുനർവിന്യാസംവഴി നിയമം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. നടപടി പൂർത്തിയാവുമ്പോൾ ട്രഷറിയിൽ ആവശ്യമായ തസ്തികകൾ നിലവിൽ വരുന്നതാണ്.

## ട്രഷറികളിൽ നിക്ഷേപവും ഇടപാടുകളും

47(1584) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ നിക്ഷേപവും ഇടപാടുകളും വർദ്ധിപ്പിക്കുന്നതിനായി എ.ടി.എം. സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ട്രഷറികളെ മറ്റ് ബാങ്കുകളുമായി കോർ ബാങ്കിംഗ് സംവിധാനത്താൽ ബന്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാന ട്രഷറികളിൽ ATM സംവിധാനം ഏർപ്പെടുത്തുന്നതിന്റെ വിവിധ സാദ്ധ്യതകൾ പരിശോധിച്ചുവരുന്നു. പുതുതായി നിർമ്മിക്കുന്ന ട്രഷറികളിലും നവീകരിക്കുന്ന ട്രഷറികളിലും ATM സ്ഥാപിക്കുന്നതിനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്. ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം പ്രവർത്തനക്ഷമമായെങ്കിൽ മാത്രമേ ATM സ്ഥാപിക്കുന്നതുവഴി ഇടപാടുകാർക്ക് പ്രയോജനം ലഭിക്കുകയുള്ളൂ. കോർ ബാങ്കിംഗ് പൂർത്തിയായാൽ മാത്രമേ ഒരു ട്രഷറിയിൽ അക്കൗണ്ടുള്ളവർക്ക് എല്ലാ ട്രഷറിവഴിയും ഇടപാടുകൾ നടത്തുവാൻ സാധിക്കുകയുള്ളൂ. 25-4-2016-ലെ G.O(P) No.53/2016/Fin.നമ്പർ ഉത്തരവ് പ്രകാരം ട്രഷറികളിൽ കോർ-ബാങ്കിംഗ് ഏർപ്പെടുത്തുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. കോർ ബാങ്കിംഗ് സംവിധാനം ഈ വർഷംതന്നെ പ്രാവർത്തികമാക്കുന്നതാണ്. കോർ ബാങ്കിംഗ് നടപ്പിൽ വരുന്ന സാഹചര്യത്തിൽ, റിസർവ് ബാങ്കിന്റെ അനുമതിയോടെ മറ്റ് ബാങ്കിംഗ് നെറ്റ്‌വർക്കുമായി ട്രഷറികളെ യോജിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുന്നതാണ്.

## മണ്ണുത്തിയിൽ സബ്ട്രഷറി

48(1585) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണുത്തിയിൽ പുതിയ സബ്ട്രഷറി ആരംഭിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) കേരള കാർഷിക സർവ്വകലാശാല, വെറ്ററിനറി സർവ്വകലാശാല, പീച്ചി വനഗവേഷണകേന്ദ്രം, കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഗവൺമെന്റ് കോളേജ്, സ്കൂളുകൾ തുടങ്ങി നൂറിൽപരം സർക്കാർ സ്ഥാപനങ്ങളും പതിനായിരത്തിൽ പരം പെൻഷൻകാരുമുള്ള ഈ മേഖലയിൽ സബ്ട്രഷറി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ട്രഷറി വകുപ്പിൽ ആധുനികവൽക്കരണത്തിന്റെയും കമ്പ്യൂട്ടർവൽക്കരണത്തിന്റെയും ഭാഗമായി കോർബാങ്കിംഗ്, ഹൊറിസോണ്ടൽ കണക്ടിവിറ്റി, GRASS മുതലായ പല പുതിയ പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. ഇത്തരം പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് ട്രഷറികളിലെ ജോലിഭാരം വളരെയധികം കുറയുന്നതിനും ഇടപാടുകൾ സുഗമമാകുന്നതിനും എവിടെനിന്നും എപ്പോൾ വേണമെങ്കിലും ഇടപാടുകൾ നടത്തുന്നതിനും സാധ്യമാകുന്നതാണ്. അതിനാൽ ഇത്തരം പദ്ധതികൾ പൂർത്തിയാക്കി നിലവിലുള്ള ട്രഷറികളുടെ പ്രവർത്തനം വിലയിരുത്തിയശേഷം പുതിയ ട്രഷറികൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ഒറ്റത്തവണ ചികിത്സാ ധനസഹായം

49 (1586) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവപ്പെട്ട രോഗികൾക്ക് കാരുണ്യ ബനവലന്റ് ഫണ്ടിൽ നിന്നും 3000 രൂപ ഒറ്റത്തവണ സമാശ്വാസ ചികിത്സാ ധനസഹായം നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം അപേക്ഷകൾ അതാത് ജില്ലാ ലോട്ടറി ഓഫീസുകളിൽ സ്വീകരിക്കുന്നതിനും തുടർ നടപടികൾ നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ അപേക്ഷകൾ അതാത് ജില്ലാ ലോട്ടറി ഓഫീസുകളിൽ സ്വീകരിച്ചുവരുന്നുണ്ട്.

## താലൂക്കുതല ഭാഗ്യക്കുറി ഓഫീസ്

50(1587) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 25-2-2016-ലെ സ.ഉ.(കൈ)നമ്പർ40/2016/നി.വ. പ്രകാരം ആറ്റിങ്ങലിൽ അനുവദിച്ച താലൂക്കുതല ഭാഗ്യക്കുറി ഓഫീസ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദ വിവരം ലഭ്യമാക്കാമോ;

(ബി) ഈ ഓഫീസിൽ ഏതെല്ലാം തരത്തിലുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നതെന്നും ജനങ്ങൾക്ക് എന്തെല്ലാം തരത്തിലുള്ള സേവനങ്ങളാണ് ഇവിടെ നിന്നും ലഭിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഈ ഓഫീസിന് അനുവദിച്ച തസ്തികകളിലേക്ക് ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല. താലൂക്കുതല ഓഫീസിന്റെ പ്രവർത്തനങ്ങൾക്കായി പുനർവിന്യാസം/ ഡെപ്യൂട്ടേഷൻ മുഖാന്തിരം ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാത്തതിനാൽ ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല. ആയതിനാൽ നിലവിലുള്ള താലൂക്കുതല വിൽപ്പന ഔട്ട്‌ലെറ്റിലൂടെ ടിക്കറ്റ് വിതരണം മാത്രമാണ് നടത്തിവരുന്നത്.

(സി) ഈ ഓഫീസിന് അനുവദിച്ച തസ്തികകളിലേക്ക് പുനർവിന്യാസം/ ഡെപ്യൂട്ടേഷൻ മുഖേന ജീവനക്കാരെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**ധനസഹായം ലഭിക്കാത്ത അപേക്ഷകൾ**

51(1588) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ നിന്നും 2015 ജനുവരി 1 മുതൽ 2016 മാർച്ച് 31 വരെ കാരുണ്യചികിൽസാ പദ്ധതിയിലേക്ക് നൽകിയ അപേക്ഷകളിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ഇതിൽ എത്ര അപേക്ഷകൾ തീരുമാനമാകാതെ കിടക്കുന്നുണ്ടെന്നും അപേക്ഷകർക്ക് അപേക്ഷകളിലെ പോരായ്മകൾ പരിഹരിക്കുന്നതിന് അവസരം നൽകിയിട്ടുണ്ടോയെന്നും വിശദമാക്കുമോ; ഇല്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) കാരുണ്യ ചികിൽസാ പദ്ധതിയിൽനിന്നും ധനസഹായം അനുവദിച്ചവരുടെയും, അപേക്ഷകളിൽ പോരായ്മകൾ ഉള്ളവരുടെയും പേരു വിവരം ലഭ്യമാക്കാമോ; എന്തെല്ലാം പോരായ്മകളാണ് അപേക്ഷകളിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ; .ഇവ പരിഹരിച്ച് ഇവർക്ക് ചികിൽസാ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കാരുണ്യ ബനവലന്റ് ഫണ്ടിന്റെ ചികിത്സാ ധനസഹായ പ്രക്രിയകൾ ജില്ലാതലത്തിലാണ് നിർവ്വഹിച്ചുവരുന്നത്. ആയതിനാൽ നിയോജക മണ്ഡലം അടിസ്ഥാനമാക്കിയുള്ള വിശദാംശങ്ങൾ ലഭ്യമല്ല. ജില്ലാതലങ്ങളിൽനിന്നും ഓൺലൈനായി ലഭിക്കുന്ന ചികിത്സാ ധനസഹായത്തിനുള്ള അപേക്ഷകൾ ഹെഡ് ഓഫീസിൽ പരിശോധിക്കുകയും പോരായ്മകളുള്ള അപേക്ഷകൾ അപ്പപ്പോൾ തന്നെ

ബന്ധപ്പെട്ടവരെ രേഖാമൂലം അറിയിക്കുകയും പോരായ്മകൾ പരിഹരിച്ച് ലഭിക്കുന്നതിനായി മടക്കി അയക്കുകയും ചെയ്തുവരുന്നു. അപേക്ഷകളോടൊപ്പം ലഭിക്കുന്ന അനുബന്ധ രേഖകൾ പലതും അപൂർണ്ണവും അവ്യക്തവുമാണ്. ഇപ്രകാരമുള്ള പോരായ്മകൾ പരിഹരിച്ച് ലഭിക്കുന്ന മുറയ്ക്ക് ചികിത്സാ ധനസഹായം അനുവദിക്കുകയും ചെയ്യുന്നുണ്ട്.

## ലോട്ടറി ടിക്കറ്റ് അച്ചടി പരിഷ്കരണം

52(1589) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറി ടിക്കറ്റ് അച്ചടിയിൽ പലപ്പോഴും വ്യക്തതയില്ലായ്മ, നമ്പറുകൾ മാഞ്ഞുപോകുന്നത് എന്നീ അപാകതകൾ കാണുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ലോട്ടറി ടിക്കറ്റ് അച്ചടി കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, സമ്മാനങ്ങൾ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനും, സമ്മാനങ്ങളും, ഏജന്റുമാർക്കുള്ള കമ്മീഷനും പരിഷ്കരിക്കുന്നതിനും, തൊഴിൽ അന്വേഷകർക്ക് സഹായകരമായ രീതിയിൽ ലോട്ടറി ഏജൻസികൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ലോട്ടറി ടിക്കറ്റ് അച്ചടിയുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനും ലോട്ടറി ടിക്കറ്റ് അച്ചടിയും വകുപ്പിന്റെ പ്രവർത്തനങ്ങളും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. ആവശ്യമായ രേഖകൾ യഥാസമയം ഹാജരാക്കുന്നവർക്ക് താമസംവിനാ സമ്മാന തുക അനുവദിക്കുന്നുണ്ട്. അവശ്യം വേണ്ട രേഖകൾ യഥാസമയം ഹാജരാക്കാത്തതിനാലാണ് സമ്മാനത്തുക അനുവദിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത്. സമ്മാന വിതരണത്തിനായി റവന്യൂ വരുമാനത്തിന്റെ 40%-ൽ കൂടുതൽ വിനിയോഗിക്കുന്നത് അഭികാമ്യമല്ല. ആയതിനാൽ പ്രൈസ് ശതമാനത്തിൽ വ്യത്യാസം വരാത്തവിധം സമ്മാനഘടന പരിഷ്കരിക്കുന്ന കാര്യം പരിഗണിച്ചു വരുന്നു. ഏജന്റുമാരുടെയും ട്രേഡ് യൂണിയൻ പ്രതിനിധികളുടെയും നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് ഏജന്റുമാരുടെ കമ്മീഷൻ പരിഷ്കരിക്കുന്ന കാര്യവും പരിശോധിച്ചു വരുന്നു. ലോട്ടറി ഏജൻസികൾ അനുവദിക്കുന്നതിന് നിലവിൽ നിയന്ത്രണങ്ങൾ ഒന്നും ഏർപ്പെടുത്തിയിട്ടില്ല.

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

53(1590) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ഇൻ-ചാർജിന്റെ കെ.എസ്.എ. 5373/എസ്എസ്3/2016 നമ്പർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം 2016 ജൂലൈ 31 വരെ തദ്ദേശഭരണ സ്ഥാപനങ്ങളിലൊഴികെ ഓഡിറ്റ് ക്യാമ്പുകൾ നടത്തേണ്ടതില്ലെന്ന തീരുമാനം അംഗീകരിച്ച് നൽകിയിട്ടുണ്ടോ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ കുടിശ്ശിക ഓഡിറ്റിനായി മറ്റ് ഓഡിറ്റ് ഓഫീസുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയത് സംസ്ഥാന ഓഡിറ്റ് വകുപ്പിൽ ഉദ്യോഗസ്ഥരുടെ കുറവ് മൂലമാണോ എന്ന് വ്യക്തമാക്കാമോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി പ്രത്യേകം രൂപീകരിച്ചിരിക്കുന്ന ക്യാമ്പുകൾ ജൂലൈ 31-ന് ശേഷവും തുടരാൻ ആലോചനയുണ്ടോ?

### ഉത്തരം

(എ) ഉണ്ട്. കെ.എസ്.എ.5373/എസ്എസ് 3/2016 നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്*.

(ബി) 2016 ജൂലൈ 31 വരെ തദ്ദേശഭരണ സ്ഥാപനങ്ങളിലൊഴികെ ഓഡിറ്റ് ക്യാമ്പുകൾ നടത്തേണ്ടതില്ലെന്ന തീരുമാനം സംസ്ഥാന ഓഡിറ്റ് വകുപ്പിൽ എടുത്തിട്ടില്ല.

(സി) ചോദ്യം വ്യക്തമല്ല. എങ്കിലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റിനായി സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ കീഴിലുള്ള ഓഡിറ്റ് ഓഫീസുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിയത് ജില്ലാ ഓഡിറ്റ് കാര്യാലയങ്ങളിലെ ഉദ്യോഗസ്ഥരുടെ കുറവ് മൂലമാണ്.

(ഡി) ഓഡിറ്റ് ക്യാമ്പുകളുടെ പുരോഗതി അവലോകനം ചെയ്തതിനുശേഷം മാത്രമേ ക്യാമ്പുകളിൽ തുടരുന്ന കാര്യത്തിൽ തീരുമാനം കൈക്കൊള്ളാൻ കഴിയൂ.

## കയർ മേഖലയെ ശക്തിപ്പെടുത്തൽ

54(1591) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ വ്യത്യസ്തവും ആകർഷണീയവുമായ വിവിധതരം കയർ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് കയർ മേഖല കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ;

(സി) കയർ ഉൽപ്പന്നങ്ങളുടെ വിപണനത്തിനും കയറ്റുമതിക്കുമായി നടപടികൾ സ്വീകരിക്കുമോ; വിശദവിവരങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കയർ പിരി മേഖലയിലെ തൊഴിലാളികൾക്ക് 300 രൂപയും ഉൽപ്പന്ന മേഖലയിലെ തൊഴിലാളികൾക്ക് 500 രൂപയുമായി വേതനം നിശ്ചയിച്ചിട്ടുണ്ട്.

(ബി) ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ വ്യത്യസ്തവും ആകർഷണീയവുമായ വിവിധതരം കയർ ഉൽപ്പന്നങ്ങൾ നിർമ്മിച്ച് കയർ മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കയർ കോർപ്പറേഷൻ, കയർഫെഡ്, എന്നീ സ്ഥാപനങ്ങളിൽ കയർ ടഫ്റ്റിങ്ങ് യൂണിറ്റ് സ്ഥാപിച്ചുവഴി വിവിധ ഡിസൈനുകളിലുള്ള മാറ്റുകൾ കലണ്ടറായും ചവിട്ടിയായും പരവതാനിയായും ഉപയോഗിക്കുന്ന രീതിയിൽ സജ്ജമാക്കിയിട്ടുണ്ട്. ഫോം മാറ്റിംഗ്സ് ഇൻഡ്യയിൽ കയർ കംപോസ്റ്റ് ബോർഡ് നിർമ്മാണം തുടങ്ങുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശബ്ദ നിയന്ത്രണത്തിനുള്ള ആധുനിക രീതിയിലുള്ള അക്വാസ്റ്റിക് പാനൽ NCRMI രൂപകൽപ്പന നൽകി വികസിപ്പിച്ചിട്ടുണ്ട്.

(സി) കയർ ഉൽപ്പന്നങ്ങളുടെ വിപണനത്തിനും കയറ്റുമതിക്കുമായി കയർ കോർപ്പറേഷൻ എടുത്തിട്ടുള്ള നടപടികൾ താഴെ ചേർക്കുന്നു:

> കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ കയർ മേഖലയിലെ ആഭ്യന്തര വിപണിയുടെ സാദ്ധ്യത ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി പുതിയ ഷോറൂമുകൾ ആരംഭിക്കുന്നതിനും വിവിധ എക്സിബിഷനുകളിൽ പങ്കെടുക്കുന്നതിനും ഇന്റർനെറ്റ് മാർക്കറ്റിംഗ് വഴിയും ആഭ്യന്തര വിപണി വിപുലീകരിക്കുന്നതിനുള്ള കർമ്മ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.
>
> കയർ ഉൽപ്പന്നങ്ങളുടെ വിദേശ വിപണി സാദ്ധ്യതകൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ വിദേശത്ത് സംഘടിപ്പിക്കുന്ന ട്രേഡ് ഷോകളിലും ബയർ സെല്ലർ മീറ്റുകളിലും പങ്കെടുത്ത് കയർ ഉൽപ്പന്നങ്ങളുടെ സാദ്ധ്യതകളെ വിശദീകരിക്കുകയും ഓർഡറുകൾ ശേഖരിക്കുകയും ചെയ്യുന്നു. കൂടാതെ ഫോറിൻ ബയേഴ്സിന്റെ

ഇന്ത്യയിലുള്ള ഏജന്റുമാരെ നേരിൽക്കണ്ട് ഉൽപ്പന്നങ്ങളുടെ വിദേശ ഓർഡറുകൾ ശേഖരിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

ആധുനിക വിവര സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വിദേശ വിപണന സാധ്യതകളും പ്രയോജനപ്പെടുത്തുന്നുണ്ട്. ഇതിന്റെ ഫലമായി കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 8.16 കോടി രൂപയുടെ വിൽപ്പന നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്.

**കയർ മേഖലയുടെ അഭിവൃദ്ധി**

55(1592) ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വികസനത്തിനും വിപണനത്തിനുമായി നിലവിൽ കേരളത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഇവയുടെ പ്രവർത്തനം ഏകോപിപ്പിച്ച് ഈ മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വികസനത്തിനും വിപണനത്തിനുമായി നിലവിൽ കേരളത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് ഇൻഡ്യ ലിമിറ്റഡ് എന്നിവയാണ്. കയർ സൊസൈറ്റികളുടെ Apex Body-യായി കയർഫെഡും കയർ മേഖലയിലെ ഗവേഷണങ്ങൾക്കായി Autonomous Body ആയ നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂഷനും പ്രവർത്തിക്കുന്നു. കയർ മേഖലയിൽ ആവശ്യമായ കയർ മെഷിനറി ഉൽപ്പാദിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് മെഷിനറി മാനുഫാക്ചറിംഗ് കമ്പനിയും പ്രവർത്തിക്കുന്നു.

(ബി) കയർ ഡയറക്ടറേറ്റാണ് കയർ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത്. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## കയർ അധിഷ്ഠിത വ്യവസായങ്ങൾ

56(1593) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ അധിഷ്ഠിത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിൽ എന്തെല്ലാം പദ്ധതികളാണുള്ളതെന്നും ഏതെല്ലാം സ്ഥാപനങ്ങൾ ഇതിനായി സമ്പത്തിക സഹായം ചെയ്യുന്നുവെന്നും വിശദമാക്കാമോ;

(ബി) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി കയർ സംരംഭകർക്ക് സഹായം നൽകുന്നതിന് പദ്ധതിയിട്ടിട്ടുണ്ടോ ; ആയത് നടപ്പിലാക്കുമ്പോൾ സംരംഭകർക്ക് സബ്സിഡി അനുവദിക്കുമോ;

(സി) കയർ ഉത്പന്നങ്ങളുടെ വിപണനത്തിനും പ്രചരണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) കയർഫെഡിന്റേതെന്ന് പറഞ്ഞ് വ്യാജ ഉത്പന്നങ്ങൾ വിപണിയിൽ വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കയർ മേഖലയെ സംരക്ഷിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം സ്ഥിര /പ്രവർത്തന മൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു.
3. കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (50% സംസ്ഥാന വിഹിതം) (എം.ഡി.എ) നൽകിവരുന്നു.
4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.
5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (Special Investment Subsidy) സബ്സിഡി നൽകി വരുന്നു.

6. കയർ വ്യവസായത്തിൽ നിയന്ത്രിത യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.

7. ഉൽപ്പാദനവും വിപണന പ്രചോദനവും(പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.

8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള ഫണ്ട് നൽകിവരുന്നു.

9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.

10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.

11. കയർ ജിയോ ടെക്സ്റ്റയിൽസ് വികസന പരിപാടി നടപ്പിലാക്കുന്നു.

12. ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.

13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി കയർ സംരംഭകർക്ക് സഹായം നൽകുന്നതിന് പദ്ധതികൾ നിലവിലില്ല.

(സി) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായമായി 50% സംസ്ഥാന വിഹിതവും 50% കേന്ദ്ര വിഹിതവും മാർക്കറ്റ് ഡവലപ്മെന്റ് അസിസ്റ്റൻസ് (എം.ഡി.എ.) എന്ന പദ്ധതിയിലൂടെ നൽകിവരുന്നു. കഴിഞ്ഞ മൂന്ന് വർഷത്തെ വിൽപ്പനയുടെ ശരാശരിയുടെ 10% വിപണന വികസന സഹായമായി നൽകുന്നു. ഉൽപ്പാദനവും വിപണന പ്രചോദനവും എന്ന പദ്ധതിയിലായി കേരള സംസ്ഥാന കയർ കോർപ്പറേഷൻ, മാറ്റ്സ് & മാറ്റിംഗ്സ് സഹകരണ സംഘങ്ങൾ, പ്രാഥമിക കയർ സംഘങ്ങൾ, അപ്പക്സ് സൊസൈറ്റി എന്നിവ വഴി കയറിന്റെയും റബ്ബർ അധിഷ്ഠിത ഉൽപ്പന്നങ്ങളും ഭൂവസ്ത്രവും ഉൾപ്പെടെയുള്ള കയറുൽപ്പന്നങ്ങളുടെയും ഉൽപ്പാദനവും കയറ്റുമതി ഉൾപ്പെടെയുള്ള വിപണനവും പ്രോത്സാഹിപ്പിക്കുന്നതിന് കഴിഞ്ഞ വർഷത്തെ വിൽപ്പനയുടെ 10% പി.എം.ഐ. ആയി നൽകുന്നു. കയർ ഉൽപ്പന്നങ്ങളുടെയും യാണിന്റെയും ചകിരിയുടെയും വില വ്യതിയാനം പരിഹരിക്കുന്നതിന് ഉത്പന്നങ്ങളുടെ ചെലവിനനുസൃതമായ വിലയ്ക്ക് ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും ഉൽപ്പാദിപ്പിക്കുന്നതിനും കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനും പി.പി.എസ്.എസ്. പദ്ധതി നടപ്പിലാക്കുന്നു. വിപണനം പരസ്യവും പ്രചാരണവും പദ്ധതിപ്രകാരം വിപണി ശക്തിപ്പെടുത്തുന്നതിനായി കയർ സഹകരണ സംഘം, പൊതുമേഖലാ സ്ഥാപനങ്ങൾ ഇവയ്ക്ക് മേളകൾ, പ്രദർശനങ്ങൾ ഇവ സംഘടിപ്പിക്കുന്നതിനും അന്താരാഷ്ട്ര മേളകളിൽ പങ്കെടുക്കുന്നതിനും ബയർ/സെല്ലർ മീറ്റുകളിൽ പങ്കെടുക്കുന്നതിനും സഹായം നൽകുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കയർ മേഖലയിലെ കർമ്മപദ്ധതികൾ**

57 (1594) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ മേഖലയ്ക്ക് ഊർജ്ജവും കരുത്തും പകരുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് മുൻ ഗവൺമെന്റ് ആസൂത്രണം ചെയ്തു നടപ്പാക്കിയത്;

(ബി) കയർ തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും മികച്ച കൂലി ലഭിക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കിയത്;

(സി) കയറുല്പന്നങ്ങളുടെ ആഭ്യന്തര-വിദേശ വിപണി കണ്ടെത്തുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ഇക്കാലത്ത് നടത്തിയത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ-സി) കയർ മേഖലയുടെ വികസനത്തിനും വളർച്ചയ്ക്കും വേണ്ടി ആസൂത്രണം ചെയ്ത പദ്ധതികൾ വേണ്ടത്ര ഫലപ്രാപ്തിയിലെത്താതെ പോകുകയാണുണ്ടായത്. 2013-14, 2014-15, 2015-16 എന്നീ വർഷങ്ങളിൽ കയർ മേഖലയ്ക്കായി പദ്ധതിയിൽ വകയിരുത്തിയ തുകയുടേയും ചെലവിട്ട തുകയുടേയും കണക്കുകൾ ചുവടെ ചേർത്തിരിക്കുന്നു:

| വർഷം | വകയിരുത്തിയ പണം | ചെലവാക്കിയ പണം |
|---|---|---|
| 2013-14 | 1,16,37,00,000 | 71,40,75,429 (61.36%) |
| 2014-15 | 1,21,93,90,000 | 64,35,44,632 (52.78%) |
| 2015-16 | 1,16,95,00,000 | 68,29,38,711 (58.4%) |

വിഭാവന ചെയ്ത പരിമിതമായ പദ്ധതികൾതന്നെ നടപ്പിലാക്കപ്പെടാതെ പോകുകയായിരുന്നു എന്നാണ് ഈ കണക്കുകൾ കാണിക്കുന്നത്. തൽഫലമായി കയർ മേഖലയിൽ വലിയ പ്രതിസന്ധിയാണ് നേരിട്ടത്.

**കയർ ഉത്പന്നങ്ങൾക്ക് വിദേശ വിപണി**

58 (1595) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിൽ നിന്നുള്ള കയർ കയറ്റുമതി വർദ്ധിപ്പിക്കുവാൻ കയർ ബോർഡ് ശ്രമിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ അനുകൂല സാഹചര്യം കണക്കിലെടുത്ത് കേന്ദ്ര സർക്കാരിന്റെ സഹകരണം കൂടി ഉറപ്പുവരുത്തി സംസ്ഥാനത്തെ കയർ ഉത്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിനാവശ്യമായ ശ്രമങ്ങൾ സംസ്ഥാന സർക്കാർ ആരംഭിച്ചിട്ടുണ്ടോ;

(സി) ഈ രംഗത്ത് ഏതെല്ലാം തരത്തിലുള്ള ആധുനികവത്കരണമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ഡി) ജിയോ ടെക്സ്റ്റൈൽസിന്റെ വ്യാപനത്തിനും ഈ രംഗത്ത് സ്റ്റാർട്ട് അപ്പ് വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇന്ത്യയിൽ നിന്നുള്ള കയർ കയറ്റുമതി വർദ്ധിപ്പിക്കുന്നതിലേക്കായുള്ള കയർ ബോർഡിന്റെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

(1) നിലവിലുള്ള വിപണിയെക്കുറിച്ച് പഠനവും സർവ്വേയും നടത്താറുണ്ട്.

(2) അന്താരാഷ്ട്ര സെമിനാറുകൾ, കോൺഫറൻസുകൾ, അന്താരാഷ്ട്ര മേളകൾ എന്നിവയിൽ പങ്കെടുക്കാറുണ്ട്.

(3) അന്താരാഷ്ട്ര തലത്തിൽ കയറും കയറുൽപ്പന്നങ്ങളുടെയും പരസ്യ പ്രചരണം നടത്തുക.

(4) കയറ്റുമതിക്കാർക്കും വ്യവസായ സംരംഭകർക്കും മേളകളിൽ പങ്കെടുക്കുന്നതിനായി എക്സ്റ്റേണൽ മാർക്കറ്റ് ഡവലപ്മെന്റ് അസിസ്റ്റൻസ് നൽകിവരുന്നു.

(5) രാജ്യത്തിനകത്ത് വിവിധ അന്താരാഷ്ട്ര മേളകൾ, വർക്ക്ഷോപ്പുകൾ, മാനേജ്മെന്റ് ഡവലപ്മെന്റ് പ്രോഗ്രാമുകൾ എന്നിവ സംഘടിപ്പിക്കുകയും പങ്കെടുക്കുകയും ചെയ്യുന്നു.

(6) കയർ വ്യവസായത്തിലെ മികവുറ്റ പ്രവർത്തനം കാഴ്ചവച്ചവർക്കായി കയർ വ്യവസായ അവാർഡ് നൽകുന്നു.

(ബി) പരിശ്രമിക്കുന്നതാണ്.

(സി) അടിമുടി ആധുനീകരണത്തിലൂടെ മാത്രമേ കയർ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്താൻ കഴിയൂ. വ്യവസായത്തിന്റെ വ്യത്യസ്ത മേഖലകളിൽ ആധുനീകരണം നടപ്പിലാക്കുന്നതിനുള്ള ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും ഇൻസെന്റീവും എല്ലാം ഏർപ്പെടുത്താൻ ബജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ ആധുനീകരണത്തിന് അനുഗുണമായ നയ തീരുമാനങ്ങളും കൈക്കൊള്ളുന്നതാണ്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

**ടൂറിസം മേഖലയെ പ്രോത്സാഹിപ്പിക്കൽ**

59 (1596) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എം. സ്വരാജ് :
ശ്രീ. കെ. ബാബു :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് കേവലം വിനോദസഞ്ചാരത്തിനപ്പുറം വ്യവസായ സംരംഭം എന്ന നിലയിൽ കൂടി ടൂറിസം വളർന്നുവരുന്നത് പരിഗണനയിൽ വന്നിട്ടുണ്ടോ;

(ബി) ടൂറിസം മേഖലയിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനും കാലാനുസൃതമായ പദ്ധതികൾ വ്യവസായ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കുമോ;

(സി) വ്യവസായ നയത്തിൽ ടൂറിസത്തിന് അർഹമായ പ്രാധാന്യം നൽകുമോ?

ഉത്തരം

(എ) സർവ്വീസ് സെക്ടറിൽ ഉൾപ്പെടുന്നവകൂടി ഉൽപ്പാദന മേഖലയ്ക്ക് പുറമെ MSME-യുടെ പരിധിയിൽ വരുന്നതാണ്. സാമ്പത്തിക സഹായം ഒഴികെയുള്ള സഹായങ്ങൾ സർവ്വീസ് മേഖലയ്ക്ക് നൽകിവരുന്നു. ടൂറിസം മേഖലയ്ക്ക് ആവശ്യമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് സാമ്പത്തിക സഹായവും ലഭ്യമാണ്.

(ബി&സി) 11-7-1986-ലെ സ.ഉ.(പി)നം.224/86/GAD പ്രകാരം ടൂറിസത്തെ വ്യവസായമായി അംഗീകരിച്ചിട്ടുണ്ട്. പുതിയ വ്യവസായനയം രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ടി വ്യവസായനയം രൂപീകരിക്കുന്ന ഘട്ടത്തിൽ ടൂറിസം മേഖലയിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**പാലക്കാട്ടെ കിൻഫ്ര പാർക്കുകൾ**

60 (1597) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ എവിടെയെല്ലാമാണ് വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാർക്കുകളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(സി) ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പാർക്കിലേക്ക് വ്യവസായികളെ ആകർഷിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഇ) നാളിതുവരെ സ്വീകരിച്ച നടപടികൾക്ക് പുറമെ, വ്യവസായികളെ ആകർഷിക്കുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കിൻഫ്രയുടെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് ഒരു ഇൻഡസ്ട്രിയൽ ആന്റ് ടെക്സ്റ്റൈൽ പാർക്കും ഒറ്റപ്പാലത്ത് ഒരു വ്യവസായ പാർക്കും സ്ഥാപിച്ചിട്ടുണ്ട്.

(ബി) കഞ്ചിക്കോട് സ്ഥാപിച്ചിട്ടുള്ള ഇൻഡസ്ട്രിയൽ ആന്റ് ടെക്സ്റ്റൈൽ പാർക്ക് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാണ്. പ്രസ്തുത പാർക്കിൽ 97 വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ഭൂമി അനുവദിച്ചിട്ടുണ്ട്. ഒറ്റപ്പാലത്ത് സ്ഥാപിച്ചിട്ടുള്ള വ്യവസായ പാർക്കിന്റെ അടിസ്ഥാന സൗകര്യ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പാർക്കിൽ തന്നെ സ്ഥാപിച്ചിട്ടുള്ള ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയുടെ നിർമ്മാണവും പൂർത്തീകരിച്ചു. M/s. Blissful Apparels Pvt. Ltd. എന്ന വ്യവസായ സംരംഭത്തിന് ഗാർമെന്റ് അധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി മുഴുവൻ സ്ഥലവും അനുവദിച്ചിട്ടുണ്ട്.

(സി) M/s. Blissful Apparels Pvt. Ltd. എന്ന കമ്പനിക്ക് സ്ഥലം അനുവദിച്ചുവെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

(ഡി) ഒറ്റപ്പാലത്തെ വ്യവസായ പാർക്കിൽ വ്യവസായങ്ങൾ ആകർഷിക്കുന്നതിന്റെ ഭാഗമായി കിൻഫ്ര തദ്ദേശ വ്യവസായ സംരംഭകരുമായും അല്ലാതെയുള്ള വ്യവസായ സംരംഭകരുമായും കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംരംഭകർ അവരുടെ പ്രോജക്ട് റിപ്പോർട്ടിന്റെ സംക്ഷിപ്തരൂപം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ഭൂമി അലോട്ട് ചെയ്യുന്നതിനുള്ള തുടർനടപടികൾ കിൻഫ്ര ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ Confederation of Indian Industry (CII), FICCI എന്നീ സംഘടനകൾ സംഘടിപ്പിക്കുന്ന കേരളത്തിനു പുറത്തും അകത്തുമുള്ള നിരവധി ബിസിനസ് മീറ്റുകളിൽ പ്രസ്തുത പാർക്കിന്റെ സാദ്ധ്യതകളെക്കുറിച്ച് അവതരണം നടത്താറുണ്ട്.

(ഇ) പ്രസ്തുത പാർക്കിൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനും അവിടെത്തന്നെ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന ഡിഫെൻസ് പാർക്കിൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനുമായി ദേശീയ തലത്തിൽതന്നെ കിൻഫ്ര വിവിധ ബിസിനസ് മീറ്റുകളിൽ പങ്കെടുക്കുന്നതിനും അതുവഴി കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുമുള്ള പരിപാടികൾ ആസൂത്രണം ചെയ്തുവരുന്നു.

## ജിം, യെസ്, എമർജിംഗ് കേരള പദ്ധതികൾ

61 (1598) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് ഏറെ പ്രചരിപ്പിച്ചിരുന്ന പദ്ധതികളായ 'ജിം', 'യെസ് ', 'എമർജിംഗ് കേരള ' തുടങ്ങിയ പദ്ധതികളുടെ ഭാഗമായി കേരളത്തിലേക്ക് എത്ര പുതിയ പദ്ധതികൾ വന്നിട്ടുണ്ട്; വിശദവിവരം നൽകാമോ;

(ബി) ഇതിന്റെ ഭാഗമായി എത്ര കോടി രൂപയുടെ മൂലധന നിക്ഷേപം കേരളത്തിനുണ്ടായിട്ടുണ്ട്; വിശദവിവരം നൽകാമോ?

ഉത്തരം

(എ &ബി) 2003-ൽ കൊച്ചിയിൽ നടന്ന 'ജിം' നിക്ഷേപ സംഗമത്തിന്റെ ഭാഗമായി ഏകദേശം 11,000 കോടി രൂപ മുതൽമുടക്കുവരുന്ന 96 പദ്ധതികൾക്ക് വിവിധ വകുപ്പുകൾ കരാറിലേർപ്പെടുകയുണ്ടായി. ഇതിൽ വ്യവസായ വകുപ്പിന് കീഴിൽ ഏകദേശം 339.70 കോടി രൂപ മുതൽ മുടക്കുവരുന്ന 19 പദ്ധതികൾ പ്രവർത്തനം ആരംഭിച്ചു. അവ അനുബന്ധമായി ചേർത്തിരിക്കുന്നു*. 2012-ൽ കൊച്ചിയിൽ നടന്ന എമർജിംഗ് കേരള സംഗമത്തിൽ വിവിധ വകുപ്പുകളുടെ കീഴിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് തുടക്കത്തിൽ ലഭിച്ചത്. ഇതിൽ 209 കോടി രൂപ നിക്ഷേപമുള്ള രണ്ട് പദ്ധതികൾ പൂർത്തിയായി. ബാക്കിയുള്ള 12 പദ്ധതികൾ പുരോഗമിച്ചുവരുന്നു. വിശദ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. കേരളത്തിലെ വിദ്യാർത്ഥി/യുവ സമൂഹങ്ങൾക്കിടയിൽ സംരംഭകത്വ അവബോധം വളർത്തുന്നതിനും അവരുടെ നൂതന ആശയങ്ങളെ വ്യവസായ സംരംഭങ്ങളാക്കി മാറ്റുന്നതിന് പ്രോത്സാഹനം നൽകുന്നതിനുമായാണ് 2014 സെപ്റ്റംബർ 12-ന് കെ.എസ്.ഐ.ഡി.സി.-യുടെ ആഭിമുഖ്യത്തിൽ യുവ സംരംഭക സംഗമം (YES) കൊച്ചിയിൽ സംഘടിപ്പിച്ചത്. ഇത് ഒരു നിക്ഷേപ സമാഹരണ പദ്ധതി ആയിരുന്നില്ല.

## ഭൂമി ഏറ്റെടുക്കൽ

62 (1599) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ ചവറ കെ എം എം എൽ കമ്പനിയുടെ സമീപത്തുള്ള ചിറ്റൂർ പ്രദേശത്തെ 150 ഏക്കർ സ്ഥലം വ്യവസായ വകുപ്പ് ഏറ്റെടുക്കുമോ എന്നു വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഇതിനുള്ള എന്തുനടപടിയാണ് മുൻസർക്കാർ സ്വീകരിച്ചത് എന്നു വ്യക്തമാക്കാമോ;

(സി) പന്മന ചിറ്റൂർ ഭാഗത്തെ ഭൂമി ഏറ്റെടുക്കുന്ന നടപടിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) 1-3-2014-ലെ സ.ഉ.(എം.എസ്) നമ്പർ 34/2014/വ്യവ. ഉത്തരവു പ്രകാരം കെ.എം.എം.എൽ. കമ്പനിയിൽ നിന്നുമുള്ള മലിനീകരണം രൂക്ഷമായിട്ടുള്ള 150 ഏക്കർ ഭൂമി കമ്പനിയുടെ ഭാവി വികസന പ്രവർത്തനങ്ങൾക്കും എസ്.എം.ഇ. പാർക്കുകൾ സ്ഥാപിക്കുന്നതിന് കിൻഫ്ര, സിഡ്കോ എന്നീ കമ്പനികളെ ചുമതലപ്പെടുത്തുന്നതിനും ആവശ്യമായ നഷ്ടപരിഹാരം നൽകിയും പുനരധിവാസ പാക്കേജ് നടപ്പാക്കിയും ഏറ്റെടുക്കുന്നതിന് ഉത്തരവായി. 2-3-2016-ലെ സ.ഉ. (എം.എസ്.) നമ്പർ 48/2016/വ്യവ. സർക്കാർ ഉത്തരവ് പ്രകാരം 150 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനാവശ്യമായ 125 കോടി രൂപ ബഡ്ജറ്റിൽ മെഗാ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുകയിൽനിന്നും വിനിയോഗിക്കുന്നതിന് മുൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ മെഗാ പ്രോജക്ടുകൾക്കായി വകയിരുത്തിയ തുക മുൻകൂർ തീരുമാനിച്ചിട്ടുള്ള നിർദ്ദിഷ്ട പദ്ധതികൾക്കുമാത്രമേ വിനിയോഗിക്കുവാൻ കഴിയുകയുള്ളൂ. ഈ സാഹചര്യത്തിൽ ഭൂമി ഏറ്റെടുക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങൾ**

63 (1600) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ ഒന്ന് വരെയുള്ള സ്ഥിതിവിവര കണക്കുകൾ പ്രകാരം കേരളത്തിൽ ആകെ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്; ഇവയുടെ ലാഭനഷ്ടക്കണക്കുകളുടെ വിശദ വിവരം നൽകുമോ;

(ബി) 2011 മെയ് മുതൽ 2016-മെയ് വരെയുള്ള കാലയളവിൽ ഏതെങ്കിലും പുതിയ പൊതുമേഖലാ സ്ഥാപനം ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനടക്കം 42 പൊതുമേഖലാ സ്ഥാപനങ്ങളാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു*.വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളിൽ 2015-16 -ലെ ആഡിറ്റിന് മുൻപുള്ള കണക്കുകൾ പ്രകാരം ലാഭത്തിലും നഷ്ടത്തിലും പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) 2011 മെയ് മുതൽ 2016 മെയ് വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് വ്യവസായവകുപ്പിന്റെ അധീനതയിൽ പുതിയ പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സിഡ്കോയുടെ ഒരു "ഹൈടെക് ഷീറ്റ് സ്റ്റീൽ കമ്പോണന്റ് & ഫർണിച്ചർ നിർമ്മാണ യൂണിറ്റ്" മലപ്പുറം ജില്ലയിൽ വേങ്ങരയിൽ സ്ഥാപിക്കുന്നതിന് ഈ കാലയളവിൽ (2014-ൽ) ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർ നടപടികൾ ഒന്നും ഉണ്ടായിട്ടില്ല.

## ഫാർമ പാർക്ക്

64 (1601) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേന്ദ്ര സർക്കാർ സംസ്ഥാനത്ത് തുടങ്ങുമെന്ന് പ്രഖ്യാപിച്ച ഫാർമാ പാർക്ക് ആരംഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കേന്ദ്രസർക്കാർ സംസ്ഥാനത്ത് തുടങ്ങുമെന്ന് പ്രഖ്യാപിച്ച ഫാർമ പാർക്ക് ആരംഭിക്കുന്നതിന് കണ്ണൂർ ജില്ലയിലെ മട്ടന്നൂരിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത പാർക്കിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കാൻ കിൻഫ്ര ഉദ്ദേശിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## അടച്ചുപൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ

65 (1602) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിച്ചിരുന്നതും എന്നാൽ നഷ്ടത്തിലായതിനെ തുടർന്ന് 2011-2016 കാലഘട്ടത്തിൽ അടച്ചു പൂട്ടിയതുമായ വ്യവസായ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ ഇവ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) അടച്ചു പൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) അടച്ചുപൂട്ടിയതിന്റെ കാരണങ്ങൾ വിശദമായി പരിശോധിച്ചാൽ മാത്രമേ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**ഗെയിൽ വാതക പൈപ്പ് ലൈൻ**

66 (T* 1603) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കൊച്ചി-മംഗലാപുരം ഗെയിൽ വാതക പൈപ്പ് ലൈൻ സംബന്ധിച്ച് ജനങ്ങൾക്കുള്ള ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആശങ്കകൾ പരിഹരിക്കുന്നതിന് ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(സി) പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ മതിയായ നഷ്ടപരിഹാരം (പൊന്നുംവില) നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

(ബി) ജനവാസകേന്ദ്രങ്ങളെ പരമാവധി ഒഴിവാക്കിക്കൊണ്ടാണ് പൈപ്പ് ലൈൻ റൂട്ട് നിശ്ചയിച്ചിട്ടുള്ളത്. ജനസാന്ദ്രത കൂടിയ മേഖലകളിൽ വിന്യസിക്കുന്ന പൈപ്പുകൾക്ക് ജനസാന്ദ്രതാ ക്ലാസ്സിഫിക്കേഷൻ അനുസരിച്ച് കൂടിയ കനം ഉറപ്പുവരുത്തി ശാസ്ത്രീയമായാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. വീടുകളെയും മറ്റ് കെട്ടിടങ്ങളെയും ഒഴിവാക്കിക്കൊണ്ടാണ് പൈപ്പ്ലൈൻ കടന്നുപോകുന്നത്.

(സി) വാതക പൈപ്പ്ലൈൻ പദ്ധതിക്കുവേണ്ടി സ്ഥലത്തിന്റെ ഉപയോഗാവകാശം മാത്രമാണ് ഗെയിൽ ഏറ്റെടുക്കുന്നത്. ഭൂമിയുടെ ഉടമസ്ഥാവകാശം ഭൂവുടമയിൽ തന്നെ നിക്ഷിപ്തമാണ്. വിളകളുടെ നഷ്ടപരിഹാരം, സ്ഥലത്തിന്റെ നഷ്ടപരിഹാരം എന്നീ രണ്ട് ഘട്ടങ്ങളിലായാണ് അത് നൽകുന്നത്. വിളകൾക്ക് കോംപീറ്റന്റ് അതോറിറ്റി നിശ്ചയിച്ചിരിക്കുന്ന വില നൽകും. P&MP Act പ്രകാരം കോംപീറ്റന്റ് അതോറിറ്റി നിശ്ചയിക്കുന്ന സ്ഥലത്തിന്റെ വിപണിവിലയുടെ 10% മാത്രമേ നഷ്ടപരിഹാരമായി നൽകുവാൻ വ്യവസ്ഥയുള്ളൂ. എന്നാൽ സംസ്ഥാനത്തെ പ്രത്യേക സാഹചര്യം പരിഗണിച്ച് ന്യായ വിലയുടെ 5 ഇരട്ടി ഭൂമിയുടെ വിപണി വിലയായി നിശ്ചയിച്ച് നഷ്ടപരിഹാരം നിശ്ചയിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ വില അപര്യാപ്തമാണെന്നുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കൈത്തറി സഹകരണ സംഘങ്ങൾ

67 (1604) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി സഹകരണ സംഘങ്ങൾക്ക് നൂലുകൾ വിലക്കിഴിവിൽ വാങ്ങുന്നതിനും തറികൾ നവീകരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സംഘങ്ങൾക്ക് ആവശ്യമായ തുക ധനകാര്യ സ്ഥാപനങ്ങൾ വഴി സബ്സിഡിയോടെ ലഭ്യമാക്കുന്നതിന് പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) കൈത്തറി വ്യവസായം സമഗ്രമായി പരിഷ്കരിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോയെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കൈത്തറി സഹകരണ സംഘങ്ങൾക്ക് നൂലുകൾ വിലക്കിഴിവിൽ വാങ്ങുന്നതിനും തറികൾ നവീകരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ ചുവടെ ചേർക്കുന്നു.

കഴിനൂൽ സബ്സിഡി :

കൈത്തറി സഹകരണ സംഘങ്ങൾക്ക് കേന്ദ്രസർക്കാർ ആവിഷ്കരിച്ചതും 1996-97 -ൽ നിർത്തലാക്കുകയും ചെയ്ത കഴിനൂൽ സബ്സിഡി 2010-11 മുതൽ നടപ്പിലാക്കി വരുന്നു. ഇതുപ്രകാരം കഴിനൂൽ സബ്സിഡിയായി വിവിധ കൗണ്ടുകൾക്ക് 25 രൂപമുതൽ 40 രൂപ വരെ കിലോഗ്രാമിന് നൽകി വരുന്നു. സംഘങ്ങൾക്കാവശ്യമായ കഴിനൂൽ, ചായം, രാസവസ്തുക്കൾ എന്നിവ സബ്സിഡി നിരക്കിൽ വിതരണം നടത്തുന്നതിന് ഹാന്റക്സ്, ഹാൻവീവ്, യാൺ ബാങ്കുകൾ എന്നിവയ്ക്ക് മാർജിൻ മണി ലോണും അനുവദിച്ചുവരുന്നു. കഴിഞ്ഞ 3 വർഷത്തെ ഈ ഇനത്തിലെ ചെലവാക്കിയ തുക ചുവടെ ചേർക്കുന്നു:

(തുക ലക്ഷം രൂപയിൽ)

| ഇനം | 2013-14 | 2014-15 | 2015-16 |
|---|---|---|---|
| കഴിനൂൽ | 100.00 | 100.00 | 140.10 |
| മാർജിൻമണി വായ്പ | 250.00 | 278.00 | 270.00 |

തറികളുടെ നവീകരണം :

നിലവിലുള്ള തറികളുടെ ഷട്ടിൽ, റീഡ് എന്നിവ മാറ്റി സ്ഥാപിക്കുന്നതിന് തറി ഒന്നിന് 3,000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു.

തറികളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുവേണ്ടി നവീകരണം, പുതിയ സാങ്കേതിക വിദ്യ ലഭ്യമാക്കൽ, ആധുനികവൽക്കരണം എന്നിവയ്ക്കാവശ്യമായ ധനസഹായം നൽകുന്നു. കൂടാതെ പുതിയ ഡിസൈൻ നെയ്യുന്നതിനുള്ള പരിശീലനവും നൽകിവരുന്നു.

(ബി) സംഘങ്ങൾക്ക് അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിന് ധനകാര്യ സ്ഥാപനത്തിൽനിന്ന് ലഭിക്കുന്ന വായ്പയിന്മേൽ മാർജിൻ മണി ഗ്രാന്റ് നൽകിവരുന്നു.

(സി) കൈത്തറി വ്യവസായത്തിന്റെ സമഗ്രമായ വികസനത്തിന് താഴെ പറയുന്ന വിവിധ തലത്തിലുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു:

(1) മൂലധനസഹായപദ്ധതികൾ

(2) പ്രോത്സാഹനത്തിനും വികസനത്തിനുമുള്ള പദ്ധതികൾ

(3) ക്ഷേമപ്രവർത്തനങ്ങൾക്കായുള്ള പദ്ധതികൾ

(4) ഉൽപ്പാദനം, വിപണനം, പരിശീലനം എന്നിവയ്ക്കുള്ള പദ്ധതികൾ

(5) ആസൂത്രണ ബോർഡുമായി ചേർന്ന് വിശദമായ സർവ്വേ

(6) ദേശീയ കൈത്തറി വികസന പദ്ധതി

**ദൗത്യസംഘം**

68(1605) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തൊഴിൽ പ്രദാന സംരംഭങ്ങളെ ഏകോപിപ്പിക്കുവാൻ ദൗത്യസംഘം (മിഷൻ ഫോർ എന്റർ പ്രൈസസ് ആൻഡ് എംപ്ലോയ്മെന്റ് ജനറേഷൻ) രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ; ഇല്ലെങ്കിൽ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതിയുടെ ഭാഗമായി ജില്ലാതല ബിസിനസ് ഇൻക്യുബേറ്റർ ആരംഭിച്ചിട്ടുണ്ടോ;

(ഡി) പുതിയ തൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നയം വ്യക്തമാക്കുമോ?

ഉത്തരം

(എ) ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ രൂപീകരിച്ചിട്ടുണ്ട്.

(ബി) ദൗത്യസംഘത്തിന്റെ 25-3-2014-ൽ നടന്ന ആദ്യയോഗത്തിൽ 8 ഉപസമിതികൾ രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത ഉപസമിതികളുടെ കണ്ടെത്തലുകളുടെയും ശിപാർശകളുടെയും അടിസ്ഥാനത്തിൽ 27-5-2015-ലെ ജി.ഒ.(എംഎസ്.)നമ്പർ 23/2015/പ്ലാനിംഗ് പ്രകാരം 9 വകുപ്പുതല സമിതികൾ രൂപീകരിച്ചിട്ടുള്ളതുമാണ്.

(സി) എല്ലാ ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും ബിസിനസ്സ് ഇൻക്യുബേഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(ഡി) നിലവിൽ പുതിയ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ/ജില്ല/താലൂക്ക്/ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ടെക്നോളജി ക്ലിനിക്ക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് വേണ്ട ബോധവത്കരണം, സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്ന് വായ്പാ സൗകര്യം, സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടിയെടുക്കുന്നതിനു വേണ്ട സൗകര്യങ്ങൾക്കായി സിംഗിൾ വിൻഡോ ക്ലിയറൻസ് സംവിധാനം, പൊതുസൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ക്ലസ്റ്റർ വികസന പദ്ധതി (Enterpreneur Support Scheme) തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പുതിയ തൊഴിൽ സംരംഭങ്ങളെ പരമാവധി പ്രോത്സാഹിപ്പിച്ച് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് തൊഴിലില്ലായ്മയും ദാരിദ്ര്യവും ഉന്മൂലനം ചെയ്ത് സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച മെച്ചപ്പെടുത്തുക എന്നുള്ളതാണ് സർക്കാരിന്റെ നയം.

**അനധികൃത നിയമനങ്ങൾ**

69 (1606) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഓരോന്നിലും കഴിഞ്ഞ സർക്കാർ കാലയളവിൽ ഏതെല്ലാം തസ്തികകളിൽ എത്ര ജീവനക്കാരെ നിയമിച്ചുവെന്നും പ്രസ്തുത നിയമനങ്ങൾ നേരിട്ടാണോ, പി.എസ്.സി. വഴിയാണോയെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങൾ ലഭിച്ചവരിൽ ഡയറക്ടർ ബോർഡ് സർക്കാർ

അനുമതിയോടെ നടത്തിയ നിയമനം എത്രയെന്നും അനുമതിയില്ലാതെ നടത്തിയ നിയമനം എത്രയെന്നും നിയമനം ലഭിച്ചവരിൽ എം.ഡി.മാർ, ഡയറക്ടർ ബോർഡ് അംഗങ്ങൾ എന്നിവരുടെ ബന്ധുക്കളും കുടുംബാംഗങ്ങളും എത്രയെന്നും വ്യക്തമാക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നടത്തിയ നിയമവിധേയമല്ലാത്ത നിയമനങ്ങൾ റദ്ദാക്കാനും വേണ്ടുന്ന സ്ഥലങ്ങളിൽ പ്രൊഫഷണലുകളെയും മാനേജ്മെന്റ് വിദഗ്ദ്ധരെയും നിയമിക്കാനും നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിയ നിയമനങ്ങളുടെയും നിയമനം നടത്തിയ തസ്തികകളുടെയും നിയമന രീതിയുടെയും വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* കേരള സ്റ്റേറ്റ് മിനറൽ ഡവലപ്മെന്റ് കോർപ്പറേഷനിൽ ഒരു ഡയറക്ടർ ബോർഡ് അംഗത്തിന്റെ അനുജനെ താത്കാലികാടിസ്ഥാനത്തിൽ വർക്കർ ആയി ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. മറ്റുള്ള കമ്പനികളിൽനിന്നും ലഭ്യമായ വിവരമനുസരിച്ച് നിയമനം ലഭിച്ചവരിൽ എം.ഡി.-യുടെയോ ഡയറക്ടർ ബോർഡ് അംഗങ്ങളുടെയോ ബന്ധുക്കളോ കുടുംബാംഗങ്ങളോ ആരുംതന്നെയില്ല.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ്**

70(1607) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിൽ 1928-ൽ സ്ഥാപിതമായ മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് കഴിഞ്ഞ 5 വർഷ ഭരണകാലത്തെ കെടുകാര്യസ്ഥതമൂലം നിലനില്പിന് ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) ഇപ്പോൾ കാർഷികമേഖലയിലെ കാർഷികോപകരണങ്ങളുടെ നിർമ്മാണം മാത്രം നടത്തുന്ന കമ്പനി അടച്ചു പൂട്ടേണ്ട അവസ്ഥയിലാണെന്നും ഉല്പന്ന വൈവിദ്ധ്യവല്ക്കരണം കൊണ്ടു മാത്രമേ കമ്പനിയെ രക്ഷിക്കാനാകൂ എന്ന കാര്യം തൊഴിലാളികൾ കഴിഞ്ഞ സർക്കാരിനെ അറിയിച്ചിട്ടും നടപടിയെടുക്കാതിരുന്നത് പരിശോധിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ, കമ്പനിയുടെ സ്ഥലം, മാനവശേഷി എന്നിവ ഉപയോഗപ്പെടുത്തി, കെ.എസ്.ഇ.ബി.യുടെ വിതരണ/ പ്രസരണത്തിനാവശ്യം വരുന്ന ആക്സസറീസ് നിർമ്മിച്ച് നൽകുവാൻ കഴിയുന്ന വിധത്തിൽ കെ.എസ്.ഇ. ബി -യുമായി സംയുക്ത കരാറിലേർപ്പെടുന്നതിന് നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) മെറ്റൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് വർഷങ്ങളായി നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. കാർഷിക മേഖലയിൽ വന്ന യന്ത്രവത്കരണവും ഉത്തരേന്ത്യൻ കമ്പനികളിൽനിന്ന് വിപണിയിൽ നേരിട്ടുകൊണ്ടിരിക്കുന്ന കടുത്ത മത്സരവുംമൂലം ഈ സ്ഥാപനത്തിന്റെ ഉൽപ്പന്നങ്ങൾക്ക് ആവശ്യകത കുറഞ്ഞതാണ് ഈ സ്ഥാപനത്തെ പ്രതിസന്ധിയിലാക്കാനുള്ള പ്രധാന കാരണം.

(ബി&സി) ഉൽപ്പന്ന വൈവിദ്ധ്യവത്കരണത്തിന്റെ ഭാഗമായി ചെറിയ ഫോർജിംഗ് ഉത്പാദിപ്പിക്കുന്നതിനായുള്ള പദ്ധതി 2013-14-ൽ അംഗീകരിച്ച് 278.47 ലക്ഷം രൂപയുടെ ധനസഹായം നൽകിയിരുന്നെങ്കിലും അതിനാവശ്യമായ ഉപകരണങ്ങളുടെ വില പ്രതീക്ഷിച്ചതിനെക്കാൾ വളരെയേറെ കൂടിയതിനാൽ ലാഭകരമായി പ്രവർത്തിപ്പിക്കാൻ സാദ്ധ്യമല്ലാത്ത സാഹചര്യത്തിൽ ആ പദ്ധതി നടപ്പിൽ വന്നില്ല. കമ്പനിയുടെ നിലവിലെ സ്ഥിതിയും ഉത്പാദന സംവിധാനങ്ങളും കണക്കിലെടുത്ത് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## കാക്കനാട് കിൻഫ്ര പാർക്ക്

71(1608) ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാക്കനാട് കിൻഫ്ര പാർക്കിൽ ഇലക്ട്രോണിക്സ് പാർക്ക് ആരംഭിക്കുന്നതിന് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ആകെ ചെലവ് എത്രയാണെന്നും ആയതിൽ കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ സ്വകാര്യ സംരംഭകരെ ഉൾപ്പെടുത്തി യിട്ടുണ്ടെങ്കിൽ ആയതിനുള്ള നിബന്ധനകൾ വിശദമാക്കാമോ;

(ഡി) കിൻഫ്ര പാർക്കിന്റെ അധീനതയിലുള്ള സ്ഥലം സ്വകാര്യ സംരംഭകർക്ക് നൽകുന്നുണ്ടെങ്കിൽ അതിനുള്ള നിബന്ധനകൾ എന്തെല്ലാം?

<u>ഉത്തരം</u>

(എ) കേന്ദ്ര ഇലക്ട്രോണിക്സ് വിവര സാങ്കേതിക വകുപ്പിന്റെ Electronic manufacturing Cluster (EMC)പദ്ധതിയിൽ ഉൾപ്പെടുത്തി കാക്കനാട് കിൻഫ്ര പാർക്കിൽ ഒരു Electronic manufacturing Cluster സ്ഥാപിക്കുന്നതിന് കേന്ദ്ര ഇലക്ട്രോണിക്സ് മന്ത്രാലയം ജൂൺ 17-ന് ഡൽഹിയിൽ കൂടിയ steering committee of clusters അനുമതി നൽകിയിട്ടുണ്ട്. ഉത്തരവ് ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയുടെ ആകെ ചെലവ് 155.67 കോടി രൂപയാണ്. ഇതിൽ 50 കോടി രൂപ കേന്ദ്ര ധനസഹായവും 13.68 കോടി രൂപ സംസ്ഥാന വിഹിതവുമാണ്.

(സി) കേന്ദ്ര സർക്കാരിന്റെ EMC പദ്ധതിപ്രകാരം electronic semi conductor വ്യവസായ മേഖലയിലുള്ള സംരംഭകരുടെകൂടി പങ്കാളിത്തമുള്ള ഒരു Special Purpose Vehicle (SPV) ആണ് ഈ പദ്ധതി നടപ്പിലാക്കേണ്ടത്. പ്രസ്തുത SPV Company-യിൽ കിൻഫ്രയുടെ പങ്കാളിത്തം 26%-ഉം ബാക്കി 74% സ്വകാര്യ സംരംഭകരുടെ നിക്ഷേപവുമാണ്. കൂടാതെ ഇപ്രകാരം രൂപീകരിക്കുന്ന SPV-യിൽ കുറഞ്ഞത് 7 വ്യവസായ സംരംഭകരെങ്കിലും വേണമെന്നാണ് വ്യവസ്ഥ.

(ഡി) EMC പ്രകാരം Electronic Semi Conductor മേഖലയിലുള്ള വ്യവസായ സംരംഭകർ ഉൾപ്പെടെയുള്ള SPV-യാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കേണ്ടത്. കൂടാതെ ഇപ്രകാരം രൂപീകരിക്കുന്ന SPV Company-യിലും വ്യവസായ സംരംഭങ്ങളിലും സംരംഭകർ മുതൽമുടക്കണം. വ്യക്തമായ നിബന്ധനകളോടുകൂടി മാത്രമേ ഭൂമി സംസ്ഥാന സർക്കാർ പ്രതിനിധിയും കേന്ദ്ര സർക്കാർ പ്രതിനിധിയും ഉൾപ്പെടുന്ന SPV Company-ക്ക് കൈമാറുകയുള്ളു.

**കിൻഫ്ര പാർക്ക് സ്ഥാപിക്കുന്നതിന് നടപടി**

72(1609) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചിറക്കര ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കിൻഫ്രാ പാർക്ക് സ്ഥാപിക്കുന്നതു സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാർക്ക് സ്ഥാപിക്കുന്ന നടപടികളിൽനിന്നും പിൻമാറിയോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കൊല്ലം താലൂക്കിൽ പരവൂർ, ചിറക്കര വില്ലേജുകളിലുൾപ്പെട്ട 95.47 ഏക്കർ ഭൂമിയിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് ലാൻഡ് അക്വിസിഷൻ നടപടികൾ ആരംഭിക്കുന്നതിനുള്ള അർത്ഥനാപത്രം 20-4-2014-ൽ കൊല്ലം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. അക്വയർ ചെയ്യാനുദ്ദേശിക്കുന്ന അതിർത്തിയിൽ കിൻഫ്ര അതിരടയാളക്കല്ലുകൾ സ്ഥാപിക്കുകയും അതുപ്രകാരമുള്ള സ്കെച്ച് ലാൻഡ് അക്വിസിഷൻ തഹസീൽദാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി സർവ്വേ നോട്ടിഫിക്കേഷനോ പ്രാഥമിക വിജ്ഞാപനമോ പുറപ്പെടുവിച്ചിട്ടില്ല. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ 46.39 ഏക്കർ ഭൂമി റവന്യൂ രേഖകൾ പ്രകാരം നിലം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ട് പ്രസ്തുത ഭൂമി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിക്കുള്ളിൽ വരുന്നതാണ്. നെൽവയൽ ഒഴിവാക്കിയാൽ അവശേഷിക്കുന്ന കരഭൂമി പല ഭാഗങ്ങളിലായി ചിതറിക്കിടക്കുന്നതു നിമിത്തം ഫലപ്രദമായ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കുന്നത് അപ്രായോഗികമായതിനാൽ മേൽപ്പറഞ്ഞ 46.39 ഏക്കർ ഭൂമി നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ പരിധിയിൽനിന്നും ഒഴിവാക്കിക്കിട്ടുന്നതിനായി പ്രാദേശിക നിരീക്ഷണ സമിതിക്ക് കിൻഫ്ര 27-5-2013-ൽത്തന്നെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ പരവൂർ മുനിസിപ്പാലിറ്റിയുടെയും ചിറക്കര ഗ്രാമ പഞ്ചായത്തിന്റെയും കീഴിലുള്ള ബന്ധപ്പെട്ട കൃഷി ഓഫീസർമാരുടെ നടപടിയിലിരിക്കുകയാണ്. ഇക്കാര്യത്തിൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ബി) പിൻമാറിയിട്ടില്ല.

**പരമ്പരാഗത വ്യവസായങ്ങൾ**

73(1610) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) പരമ്പരാഗത വ്യവസായ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് പുതിയ പദ്ധതികൾ ഏതെങ്കിലും പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കൈത്തറി, കശുവണ്ടി, കയർ കരകൗശലം, ഈറ്റ-പനമ്പ്, ഖാദി-ഗ്രാമവ്യവസായങ്ങൾ എന്നിവയെ പരമ്പരാഗത വ്യവസായങ്ങളായി കണക്കാക്കി വരുന്നു.

(ബി) പരമ്പരാഗത വ്യവസായ മേഖല പുനരുജ്ജീവിപ്പിക്കുന്നതിന് ക്രിയാത്മകമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ബനാന ഫൈബർ, കളിമൺ, സ്ക്രൂപൈൻ, മറ്റ് പ്രകൃതിദത്ത നാരുകൾ, ബെൽ മെറ്റൽ തുടങ്ങിയ മേഖലകളിലെ കരകൗശല തൊഴിലാളികളുടെ ഉന്നമനത്തിനായി കരകൗശല വ്യവസായ ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കരകൗശല തൊഴിലാളികളുടെ പ്രോത്സാഹനത്തിനായി ദേശീയ അവാർഡിന്റെ മാതൃകയിൽ സംസ്ഥാന അവാർഡുകൾ നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഈറ്റ-പനമ്പ് മേഖലയിൽ സാമൂഹ്യ യന്ത്രവത്കൃത പനമ്പുനെയ്ത്ത് കേന്ദ്രങ്ങളുടെ ശാക്തീകരണം, സ്ലീവറിംഗ് യൂണിറ്റുകളുടെ സ്ഥാപനം, മൂല്യാധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പാക്കി വരുന്നു.

പരമ്പരാഗത കൈത്തറി മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് ബിസിനസ്സ് ഇൻക്യുബേറ്ററുകൾ സ്ഥാപിക്കൽ, കൈത്തറി ഗ്രാമം സ്ഥാപിക്കൽ, സ്വയം തൊഴിൽ പദ്ധതി, ആധുനികവത്കരണം, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും പ്രോത്സാഹനവും എന്നീ പദ്ധതികൾ നടപ്പാക്കി വരുന്നു. സർക്കാർ ധനസഹായത്തോടെ കേരള ഖാദി ഗ്രാമവ്യവസായ ബോർഡ് നടപ്പിലാക്കി വരുന്ന എന്റെ ഗ്രാമം, തേൻകലവറ, സഹകരണ സംഘങ്ങളുടെ പുനരുജ്ജീവിപ്പിക്കൽ തുടങ്ങിയ പദ്ധതികളിൽ പരമ്പരാഗത വ്യവസായങ്ങൾക്ക് മുൻഗണന നൽകി വരുന്നുണ്ട്. കശുവണ്ടി മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. കശുവണ്ടി മേഖലയിലെ പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷന്റെ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ ധനസഹായം സർക്കാർ അനുവദിച്ചിട്ടുണ്ട്. കശുവണ്ടി വാങ്ങുന്നതിന് സുതാര്യമായ നടപടിക്രമങ്ങൾ നടപ്പിൽ വരുത്തുന്നതിനായി ടെണ്ടർ വ്യവസ്ഥകളിൽ ചില ഇളവുകൾ വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് കൂടുതൽ ആളുകൾ ടെണ്ടറിൽ പങ്കെടുക്കുന്നതിന് കാരണമാകുമെന്ന് പ്രതീക്ഷിക്കുന്നു. തോട്ടണ്ടിയുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ സ്ഥലങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമതയും സുതാര്യതയും**

74(1611) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് നടപ്പാക്കിയതെന്ന് വിശദമാക്കാമോ;

(ബി) ഇതിനായി പൊതുമേഖലാ സ്ഥാപനങ്ങളിൽ ഒരുക്കിയ സംവിധാനങ്ങളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത സംവിധാനങ്ങൾ നടപ്പാക്കുന്നതിന് ആരുടെയെല്ലാം സേവനങ്ങളാണ് പ്രയോജനപ്പെടുത്തിയതെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന്റെയും വിവിധ പദ്ധതികളുടെയും പുരോഗതി യഥാസമയം അവലോകനം ചെയ്യുന്നതിനായി റിയാബ് മുഖേനയുള്ള ഇന്റർനെറ്റ് അധിഷ്ഠിത പ്രവർത്തന അവലോകന സംവിധാനം ശക്തിപ്പെടുത്തുന്നതാണ്. ഈ നടപടികൾ ത്വരിതപ്പെടുത്തുന്നതിലേയ്ക്കായി പൊതുമേഖലാ വ്യവസായ പുനഃസംഘടന ബോർഡ് (റിയാബ്) ഈ സർക്കാർ ഇതിനകം തന്നെ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. കമ്പനികളുടെ ഡയറക്ടർ ബോർഡ് ഉൾപ്പെടെയുള്ള മാനേജ്മെന്റ് സംവിധാനം ശക്തിപ്പെടുത്തിയും സുതാര്യമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിലേക്കായി ഇ-പ്രൊക്യൂർമെന്റ് മുതലായ കാര്യക്ഷമമായ ഇ-ഗവേണൻസ് സംവിധാനങ്ങൾ നടപ്പിലാക്കിയും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ അതാത് മേഖലകളിൽ വിദഗ്ദ്ധരായവരെ സുതാര്യമായ നടപടിക്രമങ്ങളിലൂടെ മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. ഉത്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം വിപണന സാദ്ധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്കരണം

വിപുലീകരണം കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായിട്ടുള്ള സംയോജനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. ഇതിനായി അതാത് മേഖലകളിലുള്ള വിദഗ്ധരുടെ നിർദ്ദേശങ്ങൾ ലഭ്യമാക്കുന്നതിനായി ശില്പശാലകൾ സംഘടിപ്പിക്കുന്നതാണ്.

വിപുലീകരണത്തിനുള്ള മൂലധനം സ്വയം കണ്ടെത്തുവാൻ സ്ഥാപനങ്ങളെ സ്വയംപര്യാപ്തമാക്കുക, പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുക, വ്യാവസായിക മേഖലയിലെ വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി യോജിച്ച് പൊതുമേഖലയിൽ നൂതന സാങ്കേതിക സംവിധാനങ്ങളും വൈവിധ്യവത്കരണവും നടപ്പിലാക്കുക എന്നിവയ്ക്ക് പ്രാമുഖ്യം നൽകി പദ്ധതികൾക്ക് രൂപം നൽകും. ആഗോളവത്കരണത്തിന്റെ അനന്തരഫലമായി ശാക്തീകരിച്ച വാണിജ്യമേഖലയിൽ മാത്സര്യബോധത്തോടെ പ്രവർത്തിച്ച് ലക്ഷ്യം കൈവരിക്കുന്നതിനായി സ്ഥാപനങ്ങളിലെ മാനവ വിഭവശേഷിയുടെ തുടർച്ചയായ ശാക്തീകരണം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 42 സ്ഥാപനങ്ങളുടെയും പ്രാഥമിക അവലോകന യോഗങ്ങൾ റിയാബ് ചെയർമാന്റെ നേതൃത്വത്തിൽ നടന്നുകഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനങ്ങളുടെയും കാര്യക്ഷമമായ പ്രവർത്തനത്തിനായി ആധുനികവത്കരണവും വിപുലീകരണവും ഉത്പാദന വൈവിധ്യവത്കരണവുമുൾപ്പെടെ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച തീരുമാനം സർക്കാർ കൈക്കൊള്ളുന്നതായിരിക്കും.

(സി) പ്രസ്തുത സംവിധാനങ്ങൾ നടപ്പിലാക്കുന്നതിന് പ്രധാനമായും റിയാബിന്റെ സേവനങ്ങളാണ് പ്രയോജനപ്പെടുത്തിവരുന്നത്. ആവശ്യമായി വരുന്നപക്ഷം ബന്ധപ്പെട്ട മേഖലകളിലെ കൂടുതൽ സ്ഥാപനങ്ങളുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനെ കുറിച്ചും ആലോചിക്കുന്നതായിരിക്കും.

## ഇ-പേമെന്റ് സംവിധാനം

75(1612) ശ്രീ. പി. ടി. തോമസ് :

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഇ-പേയ്മെന്റ് സംവിധാനത്തിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സംവിധാനത്തിലൂടെ എന്തെല്ലാം സേവനങ്ങളും പ്രയോജനങ്ങളുമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും 2012 ഓഗസ്റ്റ് 1 മുതൽ ഇ-പ്രൊക്യൂർമെന്റ് സംവിധാനം (ഇ-ടെണ്ടറിംഗ്) നടപ്പിലാക്കിയിരുന്നു. ഇതിന്റെ ഭാഗമായുള്ള ധനപരമായ ഇടപാടുകൾ നടത്തുന്നതിലേക്കായി ഇ-പേയ്മെന്റ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനുള്ള ഇ-ഗവേണൻസ് സംവിധാനത്തിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾ, ആവശ്യമായ അസംസ്കൃത വസ്തുക്കൾ ഉൾപ്പെടെയുള്ള സാധനങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവ വളരെ സുതാര്യവും കാര്യക്ഷമവുമായ രീതിയിൽ ലഭ്യമാക്കുകയെന്നതാണ് ഇ-ടെണ്ടറിംഗ് സംവിധാനം വഴി ഉദ്ദേശിക്കുന്നത്.

(ബി&സി) ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതുവഴി ഇ-ടെണ്ടറിംഗിന്റെ ഭാഗമായി സ്ഥാപനങ്ങൾ നടത്തുന്ന ധനപരമായ ഇടപാടുകളുൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ കാലതാമസം ഒഴിവാക്കുന്നതിനും കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥരെ കൂടുതൽ ഉത്തരവാദിത്വമുള്ളവരാക്കുന്നതിനും സാധിക്കുന്നു. കൂടാതെ വിവരങ്ങൾ സുരക്ഷിതമായി കാലാകാലം സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളുമുണ്ട്.

നടപടിക്രമങ്ങൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ ഇന്റർനെറ്റ് മുഖേന തയ്യാറാക്കുന്നതിനുള്ള സൗകര്യങ്ങൾ ഇ-ടെണ്ടറിംഗ് സംവിധാനത്തിലുണ്ട്. ഈ സംവിധാനത്തിലൂടെ പേപ്പർ ജോലികൾ കുറച്ചുകൊണ്ട് സമയം ലാഭിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിയുന്നതാണ്.

**ഇൻഡസ്ട്രിയൽ എസ്റ്റേറ്റായി പ്രഖ്യാപിക്കുവാൻ നടപടി**

76(1613) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മുനിസിപ്പാലിറ്റി 2009-ൽ രണ്ട് ഏക്കർ സ്ഥലം 20 പേർക്ക് ചെറുകിട വ്യവസായങ്ങൾ നടത്തുന്നതിനായി രജിസ്റ്റർ ചെയ്ത് നൽകിയ പോട്ടയിലെ സ്ഥലം വ്യവസായ എസ്റ്റേറ്റായി പ്രഖ്യാപിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ, പ്രസ്തുത സ്ഥലം വ്യവസായ എസ്റ്റേറ്റ് ആയി പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) പ്രസ്തുത സ്ഥലം വ്യവസായ എസ്റ്റേറ്റായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികജാതി വ്യവസായ സംരംഭകർ**

77(1614) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് വ്യവസായ സംരംഭകരാകുവാൻ നിലവിലെ സാഹചര്യങ്ങൾ അനുകൂലമല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത വിഭാഗക്കാർക്ക് ഗുണകരമാകുന്ന വിധത്തിൽ വ്യവസായ നയത്തിൽ മാറ്റം വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

**ഐ.എസ്.ആർ.ഒ.-ൽ നിന്നും ലഭിച്ച ഓർഡർ**

78 (1615) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോയുടെ കീഴിൽ കോഴിക്കോട് ഒളവണ്ണയിൽ പ്രവർത്തിക്കുന്ന ടൂൾ ഫാക്ടറിയ്ക്ക് ഐ.എസ്.ആർ.ഒ.യിൽ നിന്നും ലഭിച്ച എത്ര രൂപക്കുള്ള ഓർഡറാണ് ഇനിയും പ്രവൃത്തി പൂർത്തിയാവാതെ കിടക്കുന്നത്; വിശദമാക്കാമോ;

(ബി) ഇത് നിർമ്മിച്ചു നൽകാൻ ആവശ്യമായ ജീവനക്കാർ അവിടെ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) യഥാസമയം പ്രവൃത്തി പൂർത്തിയാക്കാതിരുന്നാൽ ഐ.എസ്.ആർ.ഒ., തുടർന്ന് ഓർഡർ നൽകുവാനുള്ള സാധ്യതയില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഐ.എസ്.ആർ.ഒ.-യിൽ നിന്നും ലഭിച്ച രണ്ടുകോടി പത്തുലക്ഷം രൂപയ്ക്കുള്ള ഓർഡറാണ് ഇനിയും പ്രവൃത്തി പൂർത്തിയാകാതെ കിടക്കുന്നത്.

(ബി) ഇത് നിർമ്മിച്ചുനൽകാൻ ആവശ്യമായ ജീവനക്കാരില്ലാത്ത സാഹചര്യത്തിൽ കരാർ ജീവനക്കാരെ നിയോഗിച്ച് പ്രസ്തുത ഓർഡർ പൂർത്തീകരിച്ചു വരികയായിരുന്നു. എന്നാൽ അപ്രകാരമുള്ള കരാർ നിയമനം നിയമവിരുദ്ധമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ പത്ര പരസ്യം വഴി ആവശ്യമായ തൊഴിലാളികളെ നിയമിക്കാനുള്ള നടപടിക്രമം ആരംഭിക്കുകയും പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്നതിന് "പീസ് റേറ്റ്" അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് ഉത്പാദനം ആരംഭിക്കുകയും ചെയ്തു.

(സി) മേൽപ്പറഞ്ഞ പ്രകാരം അടിയന്തര നടപടി സ്വീകരിച്ചതിനാൽ ഐ.എസ്.ആർ.ഒ.-യുടെ ഓർഡർ നഷ്ടപ്പെടുകയില്ല.

**കുന്നത്തറ ടെക്സ്റ്റൈൽസ്**

79 (1616) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി കഴിഞ്ഞ സർക്കാർ ഏറ്റെടുത്ത് പുതിയ വ്യവസായം തുടങ്ങാമെന്ന് ഉറപ്പ് നൽകിയതിൽ നിന്ന് പിന്നോക്കം പോയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയുന്ന പുതിയ സംരംഭങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥലത്ത് ഐ.ടി. വ്യവസായത്തിന്റെ സാധ്യതകളെക്കുറിച്ച് ആലോചിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല. കുന്നത്തറ ടെക്സ്റ്റൈൽസിന്റെ ഭൂമി കിൻഫ്ര ഏറ്റെടുത്ത് ഒരു വ്യവസായ പാർക്ക് തുടങ്ങുന്നതിനായി തീരുമാനിച്ചിരുന്നെങ്കിലും ഈ സ്ഥലം വ്യവസായ പാർക്ക് തുടങ്ങുന്നതിന് അനുയോജ്യമല്ലെന്ന് കിൻഫ്ര നിർദ്ദേശിച്ചതിനാൽ പ്രസ്തുത തീരുമാനം നടപ്പാക്കുന്നതിന് സാധിച്ചിട്ടില്ല.

(സി) ഈ നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

**സിഡ്കോയുടെ പ്രവർത്തനം**

80 (1617) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള 'സിഡ്കോ' ഇപ്പോൾ ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിച്ച് വരുന്നതെന്നും, നഷ്ടത്തിലാണെങ്കിൽ എത്രയാണ് നഷ്ടമെന്നും വ്യക്തമാക്കാമോ;

(ബി) 'സിഡ്കോ'- യെ പുനരുദ്ധരിക്കുന്നതിനായി കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സിഡ്കോ നഷ്ടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. 2015-16-ലെ കണക്കുപ്രകാരം 4.99 കോടി രൂപ നഷ്ടത്തിലാണ്.

(ബി) പുനരുദ്ധാരണ പ്രോജക്ടുകൾ തയ്യാറാക്കി വരുന്നു.

**ഇ-ടെണ്ടർ സംവിധാനം**

81 (1618) ശ്രീ. അനിൽ അക്കര :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംവിധാനം വഴി കൈവരിക്കാനുദ്ദേശിക്കുന്ന ലക്ഷ്യങ്ങ ളെന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത സംവിധാനത്തിലൂടെ ലഭിക്കുന്ന സേവനങ്ങളും പ്രയോജനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വ്യവസായ വകുപ്പിന്റെ കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലും 2012 ഓഗസ്റ്റ് 1 മുതൽ ഇ-പ്രൊക്യൂർമെന്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. 4-12-2013-ലെ സർക്കുലർ പ്രകാരം വ്യവസായ വകുപ്പിന്റെ കീഴിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലെയും 5 ലക്ഷം രൂപയ്ക്കുമുകളിലുള്ള ഇടപാടുകൾ ഇ-ടെണ്ടർ മുഖേനയായിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള ധനപരമായ ഇടപാടുകൾ നടത്തുന്നതിലേക്കായി ഇ-പേയ്മെന്റ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. 12-7-2016-ലെ കണക്കുകൾ പ്രകാരം വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ 2623 കോടി രൂപയുടെ ഇടപാടുകൾ ഇതിനോടകം ഈ സംവിധാനം മുഖേന നടത്തിയിട്ടുണ്ട്.

| Sl.No | Particulars | Number | Value in Crores |
|---|---|---|---|
| 1 | Total No. of Tenders published till date | 16884 | 8679.90 |
| 2 | No.of opened tenders | 10880 | 5264.37 |
| 3 | No.of tenders finalised | 5285 | 2623.04 |

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിനുള്ള ഇ-ഗവേണൻസ് സംവിധാനത്തിന്റെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സേവനങ്ങൾ, ആവശ്യമായ അസംസ്കൃത വസ്തുക്കൾ ഉൾപ്പെടെയുള്ള സാധനങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവ വളരെ സുതാര്യവും കാര്യക്ഷമവുമായ രീതിയിൽ ലഭ്യമാക്കുകയെന്നതാണ് ഇ-ടെണ്ടറിംഗ് സംവിധാനംവഴി ഉദ്ദേശിക്കുന്നത്. ഇത് നടപ്പിലാക്കുന്നതുവഴി സ്ഥാപനങ്ങൾ നടത്തുന്ന ഇടപാടുകളിൽ കൂടുതൽ സുതാര്യത ഉറപ്പുവരുത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥരെ കൂടുതൽ ഉത്തരവാദിത്വമുള്ളവരാക്കുന്നതിനും സാധിക്കുന്നു.

(സി) ഇ-ടെണ്ടറിംഗ് സംവിധാനത്തിൽ ടെണ്ടറിന് അപേക്ഷിക്കുവാൻ 24 മണിക്കൂറും സാധിക്കുന്നതാണ്. ഏത് സമയത്തും എവിടെയിരുന്നുകൊണ്ടും ഈ സംവിധാനം മുഖേന ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള അപേക്ഷകൾ സമർപ്പിക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ ടെണ്ടറിന്റെ നടപടിക്രമങ്ങളിൽ കൃത്യതയും ഓട്ടോമേഷനും ഈ സംവിധാനത്തിലുണ്ട്. കൂടാതെ വിവരങ്ങൾ സുരക്ഷിതമായി

കാലാകാലം സൂക്ഷിക്കുന്നതിനുള്ള സൗകര്യങ്ങളുമുണ്ട്. ടെണ്ടർ നടപടിക്രമങ്ങളുടെ രഹസ്യസ്വഭാവം കാത്തുസൂക്ഷിക്കുന്നതിനുള്ള മികച്ച സംവിധാനമാണ് ഇതിലുള്ളത്. ടെണ്ടറുമായി ബന്ധപ്പെട്ടവർക്ക് നടപടിക്രമങ്ങളുടെ അതാത് സമയത്തെ വിവരങ്ങൾ ഇന്റർനെറ്റ് മുഖേന ഏത് സമയത്തും അറിയുന്നതിനും ഓട്ടോമാറ്റിക് ഇ-മെയിൽ സംവിധാനത്തിലൂടെ വിവരങ്ങൾ അറിയുന്നതിനുമുള്ള സംവിധാനം ഇതിലുണ്ട്. ടെണ്ടർ നടപടിക്രമങ്ങൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റുകൾ ഇന്റർനെറ്റ് മുഖേന തയ്യാറാക്കുന്നതിനുള്ള സൗകര്യങ്ങൾ ഇ-ടെണ്ടറിംഗ് സംവിധാനത്തിലുണ്ട്. ഈ സംവിധാനത്തിലൂടെ പേപ്പർ ജോലികൾ കുറച്ചുകൊണ്ട് സമയലാഭവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിന് കഴിയുന്നതാണ്.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി

82(1619) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) 2011-ൽ യു.ഡി.എഫ് സർക്കാർ അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന അവസ്ഥയും ഇപ്പോഴത്തെ അവസ്ഥയും പ്രത്യേകം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിലായ ഓരോ സ്ഥാപനത്തെയും ലാഭകരമാക്കുന്നതിനും ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലാഭം ദീർഘകാലത്തേക്ക് ഉറപ്പുവരുത്തുന്നതിനും വേണ്ട നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഈ നടപടികൾ ത്വരിതപ്പെടുത്തുന്നതിലേക്കായി പൊതുമേഖലാ വ്യവസായ പുനഃസംഘടനാ ബോർഡ് (റിയാബ്) ഈ സർക്കാർ ഇതിനകംതന്നെ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 42 സ്ഥാപനങ്ങളുടെയും പ്രാഥമിക അവലോകന യോഗങ്ങൾ റിയാബ് ചെയർമാന്റെ നേതൃത്വത്തിൽ നടന്നുകഴിഞ്ഞു. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനങ്ങളുടെയും കാര്യക്ഷമമായ പ്രവർത്തനത്തിനായി ആധുനികവൽക്കരണവും വിപുലീകരണവും ഉൽപ്പാദന വൈവിധ്യവൽക്കരണവുമുൾപ്പെടെ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച വിശദമായി പ്രൊപ്പോസലുകൾ തയ്യാറാക്കി വരുന്നു.

(ബി) 2011-ൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള 23 സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിച്ചിരുന്നത്. 2016-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ 2015-16-ലെ ഓഡിറ്റിന് മുമ്പുള്ള കണക്കുകൾ പ്രകാരം 10 സ്ഥാപനങ്ങളാണ് ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നത്. അനാരോഗ്യപരമായ ഇറക്കുമതിയെയും വിപണിയിൽനിന്നുള്ള കടുത്ത മത്സരത്തെയും വർദ്ധിച്ച ഉത്പാദനച്ചെലവുകളെയും അതിജീവിക്കത്തക്ക വിധത്തിൽ കമ്പനികൾക്ക് പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കാത്തതും മൂലധനത്തിന്റെ അപര്യാപ്തതയുമാണ് പല സ്ഥാപനങ്ങളുടെയും പ്രവർത്തനം മോശമാകുന്നതിനുള്ള പ്രധാന കാരണം. സ്ഥാപനങ്ങളിൽ നവീകരണത്തിന്റെയും വിപുലീകരണത്തിന്റെയും ഭാഗമായുള്ള പദ്ധതികൾക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും അതിനായുള്ള ധനം ലഭ്യമാക്കുന്നതിന് നേരിടുന്ന കാലതാമസം പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് വിഘാതമാകാറുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ പ്രതിസന്ധികൾ തരണം ചെയ്യത്തക്കവിധത്തിൽ സ്ഥാപനങ്ങളെ മത്സര ക്ഷമതയുള്ളവയാക്കുന്നതിനായി മാനേജ്മെന്റ് സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, ഉൽപ്പാദന സംവിധാനങ്ങളുടെ കാലോചിതമായ നവീകരണം, ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണവും വിപുലീകരണവും എന്നിവയുടെ സാദ്ധ്യതകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

## അപ്രന്റീസ് ട്രെയിനികളുടെ സ്റ്റൈപ്പന്റ് കുടിശ്ശിക

83 (1620) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള അപ്രന്റീസ് ട്രെയിനികളുടെ സ്റ്റൈപ്പന്റ് നിരക്ക് 22-9-2014 മുതൽ വർദ്ധിപ്പിച്ചതിനെ തുടർന്ന് സ.ഉ.(എം.എസ്.)97/15/തൊഴിൽ തീയതി 28-7-2015) എത്ര സ്ഥാപനങ്ങൾ പ്രസ്തുത തുക പൂർണ്ണമായും ട്രെയിനികൾക്ക് നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിലെ ഐ.റ്റി.ഐ. അപ്രന്റീസ് ട്രെയിനികൾക്ക് വർദ്ധിപ്പിച്ച നിരക്കിൽ സ്റ്റൈപ്പന്റ് നൽകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കുടിശ്ശിക സ്റ്റൈപ്പന്റ് നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 849 സ്ഥാപനങ്ങൾ പ്രസ്തുത തുക പൂർണ്ണമായും ട്രെയിനികൾക്ക് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. നടപടി പരിഗണനയിലാണ്.

**പ്ലാസ്റ്റിക് മാലിന്യങ്ങളുടെ പുനരുപയോഗം**

84 (1621) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ റീസൈക്കിൾ ചെയ്ത്, ഉപയോഗിക്കുന്നതിനായി പ്ലാസ്റ്റിക് പാർക്കുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിലേക്കായി കേന്ദ്ര രാസവളം-പെട്രോളിയം വകുപ്പ് മന്ത്രാലയത്തിൽ നിന്നുള്ള അനുമതിയും സാമ്പത്തികസഹായവും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്റ്റിക് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തി കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഒരു പ്ലാസ്റ്റിക് പാർക്ക് സ്ഥാപിക്കുമെന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) മട്ടന്നൂരിൽ പ്രസ്തുത പാർക്ക് സ്ഥാപിക്കുന്നതിനായി കേന്ദ്ര രാസവള പെട്രോളിയം മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നതിനുവേണ്ടി വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 40 കോടി രൂപ കേന്ദ്ര ധനസഹായത്തോടു കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(സി&ഡി) പ്രസ്തുത വിഷയം ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കുളവൻമുക്ക് തേൻ സംസ്കരണ കേന്ദ്രം**

85 (1622) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി ബോർഡിന്റെ കീഴിൽ പാലക്കാട്, ആലത്തൂർ താലൂക്കിലെ കുളവൻമുക്കിലുള്ള തേൻ സംസ്കരണ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ ഉദ്ദേശമുണ്ടോ;

(ബി) പ്രസ്തുത കേന്ദ്രത്തിലെ താല്ക്കാലിക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ അംഗീകരിക്കാനും അവരുടെ സുരക്ഷിതത്വം ഉറപ്പാക്കാനും നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ജീവനക്കാർക്ക് ജീവിതച്ചെലവിനനുസരിച്ചുള്ള കൂലി വർദ്ധനവ് നടപ്പ് വർഷം നടപ്പിലാക്കാൻ കഴിയുമോയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്

(ബി&സി) ഉൽപ്പാദനക്ഷമതയും ഖാദി ബോർഡിന്റെ നിർദ്ദേശവും കണക്കിലെടുത്ത് മാത്രമേ ഇക്കാര്യം പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

## 2011-2016 കാലയളവിലെ വ്യവസായങ്ങൾ

86 (1623) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിൽ സംസ്ഥാനത്ത് അടച്ചുപൂട്ടിയ വ്യവസായങ്ങൾ ഏതെല്ലാമാണെന്നും അവ അടച്ച് പൂട്ടിയതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്ത് പുതിയതായി ആരംഭിച്ച വ്യവസായ സംരംഭങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

## ക്വാറികൾ

87 (1624) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ സ്ഥലങ്ങളിൽ അനധികൃതമായി പാറ പൊട്ടിക്കലും ക്രഷർ നടത്തുന്നതും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ;

(ബി) കേരളത്തിൽ പാറ പൊട്ടിക്കുന്ന എത്ര ക്വാറികളും എത്ര മെറ്റൽ ക്രഷറുകളുമുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ;

(സി) പാറ പൊട്ടിക്കുന്ന ക്വാറികൾക്ക് നിലവിൽ ലൈസൻസ് കൊടുക്കുന്നത് ഏതൊക്കെ ഗവൺമെന്റ് സ്ഥാപനങ്ങളുടെ അനുമതിക്ക് വിധേയമാണെന്ന് വിശദമാക്കുമോ;

(ഡി) പാറ പൊട്ടിക്കുന്ന ക്വാറി ലൈസൻസ് ലഭിക്കുന്നതിനായി ജനവാസ കേന്ദ്രത്തിൽ നിന്നും എത്ര അകലം വേണമെന്നും റോഡിന് എത്ര വീതി വേണമെന്നും നിഷ്കർഷിക്കുന്നുണ്ടോ ;

(ഇ) ടി ക്വാറി ലൈസൻസിനായി മിനിമം എത്ര ഏക്കർ ഭൂമി വേണമെന്നാണ് അനുശാസിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(എഫ്) ലൈസൻസ് ഇല്ലാതെ കേരളത്തിൽ അനവധി ക്വാറികൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം ക്വാറികൾക്കും ക്രഷറുകൾക്കുമെതിരെ നിലവിലെ ചട്ടങ്ങൾക്ക് വിധേയമായി ആവശ്യമായ നടപടികൾ മൈനിംഗ് & ജിയോളജി വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സംസ്ഥാനത്ത് നിയമാനുസൃതം 3493 ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും അനുമതി സമ്പാദിച്ച് 1316 ക്രഷർ യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പരിസ്ഥിതി വകുപ്പിൽനിന്നുള്ള പരിസ്ഥി ക്ലിയറൻസ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിൽനിന്നുള്ള consent to operate, തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നുള്ള D&O ലൈസൻസ്, മൈനിംഗ്&ജിയോളജി വകുപ്പിൽനിന്നുള്ള അനുമതി, എക്സ്പ്ലോസീവ് ലൈസൻസ് എന്നിവ ആവശ്യമാണ്. എന്നാൽ 26-2-2012-നോ അതിനുമുമ്പോ നിലവിലുണ്ടായിരുന്ന ക്വാറികൾക്ക് 5-10-2015 മുതൽ മൂന്നുവർഷത്തേക്കുകൂടി പരിസ്ഥിതി ക്ലിയറൻസില്ലാതെ പ്രവർത്തനാനുമതി നൽകുന്നതിന് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം പുതിയ ക്വാറികൾക്ക് അനുമതി ലഭിക്കുന്നതിന് ജനവാസമേഖലകളിൽ നിന്ന് 100 മീറ്റർ അകലം പാലിക്കേണ്ടതാണ്. എന്നാൽ 2012-ന് മുമ്പ് പൊല്യൂഷൻ കൺട്രോൾ ബോർഡിൽനിന്നും സമ്മതപത്രം ലഭിച്ചിരുന്ന ക്വാറികൾക്ക് ഈ ദൂരപരിധി ഇപ്പോഴും 50 മീറ്ററായി നിജപ്പെടുത്തിയിട്ടുണ്ട്. ക്വാറിയിലേക്കുള്ള റോഡിന്റെ വീതി സംബന്ധിച്ച് കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിൽ വ്യവസ്ഥയില്ല. എന്നിരുന്നാലും പുതിയ ക്വാറികൾക്ക് ലൈസൻസ് അനുവദിക്കുന്നതിനു മുമ്പ് ക്വാറിയിലേക്ക് വാഹന സൗകര്യമുള്ള റോഡുകൾ ഉണ്ടാകണമെന്ന് മൈനിംഗ്&ജിയോളജി വകുപ്പ് ഉറപ്പുവരുത്തുന്നുണ്ട്. എക്സ്പ്ലോസീവ് സൂക്ഷിക്കാനുള്ള മാഗസിനിലേക്കുള്ള റോഡിന് 3.5 മീറ്റർ വീതിവേണമെന്ന് 2011-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് ചട്ടങ്ങളിലെ ഭേദഗതിയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(ഇ) നിലവിൽ 12 വർഷം കാലാവധിയുള്ള ക്വാറിയിങ് ലീസ് ലഭിക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ആവശ്യമാണ്. എന്നാൽ ഒരു വർഷം വരെ കാലാവധിയുള്ള ക്വാറിയിങ് പെർമിറ്റ് അനുവദിക്കുന്നതിന് സ്ഥലത്തിന്റെ വിസ്തീർണ്ണം ഒരു ഹെക്ടറിൽ താഴെയാകണമെന്ന് മാത്രമേ വ്യവസ്ഥയുള്ളൂ.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ക്വാറികൾക്കെതിരെ 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സ്ഥലമുടമയ്ക്കെതിരെ കോടതിയിൽ കേസുകൾ ഫയൽ ചെയ്യുന്നതു കൂടാതെ അനധികൃതമായി നീക്കം ചെയ്ത ധാതുവിന്റെ റോയൽറ്റി, വില എന്നിവ നിയമാനുസൃതം ഈടാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്.

**ധാതുമണൽ ഖനനവും കടത്തും**

88 (1625) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭ്യമായ ധാതുമണൽ സമ്പത്തിന്റെ അളവ് തിട്ടപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ധാതുമണൽ ഖനനം ചെയ്യുന്നതിന് ഏതെങ്കിലും സ്വകാര്യ ഏജൻസികൾക്ക് അനുമതി നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ധാതുമണൽ അനധികൃതമായി കടത്തുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കേസുകളിൽ കർശന നടപടി സ്വീകരിക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) ധാതുമണൽ സമ്പത്ത് സംരക്ഷിക്കുന്നതിനും പരമാവധി വിനിയോഗിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) കേരളത്തിൽ ധാതുമണലിനെക്കുറിച്ച് ആധികാരികമായി പഠനം നടത്തുന്നത് കേന്ദ്രസർക്കാർ സ്ഥാപനമായ അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ് ഫോർ എക്സ്പ്ലോറേഷൻ ആന്റ് റിസർച്ച് (എ.എം.ഡി) ആണ്. കേരളത്തിലുള്ള ധാതുമണലിന്റെ അളവ് എ.എം.ഡി. തിട്ടപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ ഇൻഡ്യൻ ബ്യൂറോ ഓഫ് മൈൻസ് (ഐ.ബി.എം) എല്ലാ വർഷവും പ്രസിദ്ധീകരിക്കുന്നുണ്ട്.

(ബി) ധാതുമണൽ ഖനനം ചെയ്യുന്നതിന് നിലവിൽ സ്വകാര്യ ഏജൻസികൾക്ക് അനുമതി നൽകിയിട്ടില്ല.

(സി&ഡി) ഇല്ല. എന്നാൽ അനധികൃതമായി ധാതുമണൽ കടത്തിക്കൊണ്ട് പോകുന്നുവെന്ന പത്രവാർത്തകൾ വന്നതിനെത്തുടർന്ന് വിവരം കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം പോലീസ് സൂപ്രണ്ട്, കൊല്ലം ജില്ലാ കളക്ടർ എന്നിവരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മൈനിംഗ് & ജിയോളജി വകുപ്പിന്റെ ദക്ഷിണമേഖലാ മിനറൽ സ്ക്വാഡും കരുനാഗപ്പള്ളി സർക്കിൾ ഇൻസ്പെക്ടർ, കൊല്ലം ജില്ലാ അസിസ്റ്റന്റ് ജിയോളജിസ്റ്റ്, തഹസീൽദാർ എന്നിവരടങ്ങിയ ഒരു സ്ക്വാഡും ഇതിനായി പ്രവർത്തിക്കുന്നുണ്ട്. ധാതുമണൽ ഉപയോഗിച്ചുള്ള ഉൽപ്പങ്ങൾ നിർമ്മിക്കുന്നതിന് വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള സാദ്ധ്യത പഠിക്കുന്നതിനായി വിദഗ്ദ്ധ കമ്മിറ്റിയെ നിയോഗിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ 25 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്.

## കൈത്തറി നെയ്ത്തു വ്യവസായം

89 (1626) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൈത്തറി നെയ്ത്ത് വ്യവസായം പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന കൈത്തറി നെയ്ത്ത് വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വിശദീകരിക്കാമോ;

(സി) സംസ്ഥാനത്ത് എത്ര കൈത്തറി നെയ്ത്ത് തൊഴിലാളികളും നെയ്ത്തുകാരുടെ സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്; ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രവർത്തനം നിലച്ചു കിടക്കുന്ന കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ ?

## ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) സംസ്ഥാനത്തെ നെയ്ത്ത് സഹകരണ സംഘങ്ങളുടെ കണക്കും നെയ്ത്ത് തൊഴിലാളികളുടെ എണ്ണവും ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ. നം. | ജില്ല | സംഘങ്ങളുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1 | തിരുവനന്തപുരം | 276 | 14903 |
| 2 | കൊല്ലം | 28 | 591 |
| 3 | ആലപ്പുഴ | 5 | 56 |
| 4 | പത്തനംതിട്ട | ... | ... |
| 5 | കോട്ടയം | 3 | 67 |
| 6 | ഇടുക്കി | 2 | 33 |
| 7 | എറണാകുളം | 13 | 851 |
| 8 | തൃശ്ശൂർ | 11 | 372 |
| 9 | പാലക്കാട് | 14 | 528 |
| 10 | മലപ്പുറം | 1 | 5 |
| 11 | കോഴിക്കോട് | 29 | 1065 |
| 12 | വയനാട് | 1 | 8 |
| 13 | കണ്ണൂർ | 35 | 1224 |
| 14 | കാസർഗോഡ് | 7 | 154 |

(ഡി) ഇത് സംബന്ധിച്ച് പുതിയ പദ്ധതികളൊന്നുംതന്നെ ഇപ്പോൾ നിലവിലില്ല.

### പ്രഭുറാം മില്ലിന്റെ ശോചനീയാവസ്ഥ

90(1627) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള ചെങ്ങന്നൂർ താലൂക്കിലുള്ള പ്രഭുറാം മില്ലിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രഭുറാം മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നത് സംബന്ധിച്ച തീരുമാനം നിലവിലുണ്ടോ; വിശദീകരിക്കുമോ;

(സി) പ്രഭുറാം മില്ലിന്റെ നവീകരണ പ്രവർത്തനവും മില്ലിലെ തൊഴിലാളികളുടെ പുനരധിവാസത്തിനുമുള്ള നടപടി സ്വീകരിക്കുമോ;

(ഡി) പരമ്പരാഗത ഉൽപ്പാദന രീതിയിൽ നിന്ന് വ്യത്യസ്തമായി, ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മറ്റ് നിർമ്മാണ യൂണിറ്റുകൾ പ്രഭുറാം മില്ലിൽ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ-സി) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷനുകീഴിലുള്ള പ്രഭുറാം മില്ലിന്റെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മില്ലിനെ ഇപ്പോഴുള്ള പ്രതിസന്ധിയിൽനിന്നും കരകയറ്റുന്നത് സംബന്ധിച്ച് 10.77 കോടി രൂപയുടെ ഒരു നിർദ്ദേശം സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഈ നിർദ്ദേശം പരിശോധിച്ച് സർക്കാരിന്റെ സാമ്പത്തികസ്ഥിതികൂടി കണക്കിലെടുത്ത് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഡി) കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മറ്റ് നിർമ്മാണ യൂണിറ്റുകൾ പ്രഭുറാം മില്ലിൽ ആരംഭിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**പൈക്ക പദ്ധതി**

91 (1628) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ മേഖലയിൽ കായിക അവസരങ്ങൾ ഉയർത്തുമായിരുന്ന പൈക്ക പദ്ധതിയുടെ നിലവിലുള്ള സ്ഥിതി എന്താണ്;

(ബി) പൈക്ക പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്ര സർക്കാർ ഓരോ വർഷവും എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് അനുവദിച്ചിരുന്നത്; സംസ്ഥാന സർക്കാർ എത്ര തുക വീതമാണ് അനുവദിക്കേണ്ടിയിരുന്നത്; ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല ആർക്കാണ്; എന്നുമുതലാണ് ഈ തുക ലഭ്യമായിട്ടുള്ളത്;

(സി) പൈക്ക പദ്ധതിയിലുൾപ്പെടുത്തി സംസ്ഥാനത്ത് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്; ഓരോന്നിന്റെയും വിശദാംശങ്ങളും ഇതിനായി ചെലവഴിച്ച തുകയും വർഷം തിരിച്ച് വിശദമാക്കാമോ;

(ഡി) ഈ പദ്ധതിക്കായി അനുവദിച്ച തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക; വിശദാംശങ്ങൾ വ്യക്തമാക്കാമോ; തുക വകമാറ്റിയതുമൂലം കായിക താരങ്ങൾക്ക് ലഭിക്കേണ്ടിയിരുന്ന സമ്മാനത്തുക ഉൾപ്പടെയുള്ള ഏതെങ്കിലും പദ്ധതികൾ മുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) ഗ്രാമീണ മേഖലയിലെ കായിക സംസ്കാരത്തിന് കൂടുതൽ ഉണർവ് പകരുന്ന പൈക്ക പദ്ധതി തുടർന്നും നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; ഏതൊക്കെ പ്രവർത്തനങ്ങളാണ് ഇതുവഴി ചെയ്യാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത കായിക പദ്ധതിയായ പഞ്ചായത്ത് യുവക്രീഡാ ഓർ ഖേൽ അഭിയാൻ (പൈക്ക) 1-4-2014 മുതൽ "രാജീവ് ഗാന്ധി ഖേൽ അഭിയാൻ" (RGKA) എന്നും 2016-17 സാമ്പത്തിക വർഷം മുതൽ " Khelo-India-National Programme for Development of Sports" എന്നും പുനർനാമകരണം ചെയ്തിരിക്കുന്നു.

(ബി) 2008-09, 2009-10, 2010-11, 2011-12 വർഷങ്ങളിൽ പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തിയ ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾക്കായി ഇതുവരെ ലഭിച്ച വിഹിതം കേന്ദ്ര വിഹിതം സംബന്ധിച്ച കണക്ക് താഴെച്ചേർക്കുന്നു:

| | One time Capital Grant | Annual Acquisition Grant(AAG) | Annual Operation Grant(AOG) |
|---|---|---|---|
| | ലഭിച്ചത് | ലഭിച്ചത് | ലഭിച്ചത് |
| 2008-09 | 6.56 കോടി രൂപ | 0.23 കോടി രൂപ | 0.28 കോടി രൂപ |
| 2009-10 | 5.20 കോടി രൂപ | 0.23 കോടി രൂപ | 0.28 കോടി രൂപ |
| 2010-11 | 4.87 കോടി രൂപ | 0.23 കോടി രൂപ | 0.28 കോടി രൂപ |
| 2011-12 | 4.48 കോടി രൂപ | 0.23 കോടി രൂപ | 0.28 കോടി രൂപ |
| ആകെ | 21.11 കോടി രൂപ | 0.92 കോടി രൂപ | 1.12 കോടി രൂപ |

| സംസ്ഥാന സർക്കാർ അനുവദിക്കേണ്ടിയിരുന്ന തുക | | സംസ്ഥാന സർക്കാർ അനുവദിച്ച തുക |
|---|---|---|
| 2008-09 | 3,89,40,000 | 3,89,40,000 |
| 2009-10 | | |
| 2010-11 | 1,62,42,500 | 1,62,42,500 |
| 2011-12 | 1,49,35,000 | 1,49,35,000 |

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലാണ് ഈ പദ്ധതിയുടെ സംസ്ഥാനത്തെ നോഡൽ ഏജൻസി. പദ്ധതിപ്രകാരം പഞ്ചായത്ത് തെരഞ്ഞെടുക്കുന്ന പൈക്ക സെന്ററുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന ചുമതല അതത് പഞ്ചായത്തുകൾക്കാണ്. 2009-10 സാമ്പത്തിക വർഷം മുതലാണ് ടി തുക ലഭിച്ചു തുടങ്ങിയത്

(സി) ഗ്രാമപ്രദേശങ്ങളിലെ യുവജനങ്ങളിലും വിദ്യാർത്ഥികളിലും സ്പോർട്സ് സംബന്ധിച്ച ആഭിമുഖ്യം വളർത്തി രാജ്യത്ത് കായിക അടിത്തറ വർദ്ധിപ്പിക്കുകയും അതുവഴി കൂടുതൽ കായിക താരങ്ങളെ വാർത്തെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ  കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം നടപ്പിലാക്കുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പൈക്ക എന്നറിയപ്പെടുന്ന പഞ്ചായത്ത് യുവക്രീഡ ഓർ ഖേൽ അഭിയാൻ. പൈക്ക പദ്ധതിപ്രകാരം ഫുട്ബോൾ കോർട്ട് (പോസ്റ്റ്, നെറ്റ് ഉൾപ്പെടെ) വോളീബോൾ കോർട്ട് (പോസ്റ്റ്, നെറ്റ് ഉൾപ്പെടെ), ബാസ്കറ്റ് ബോൾ കോർട്ട് (ബോർഡ്, പോസ്റ്റ്  ഉൾപ്പെടെ) അത്‌ലറ്റിക്സ് (ട്രാക്ക് ലോങ്ജംപ് പിറ്റ് (സാധാരണയോ സിന്തറ്റിക്കോ ആകാം),  ഹൈജംപ് പിറ്റ് (സാധാരണയോ സിന്തറ്റിക്കോ ആകാം) ഖോ-ഖോ കോർട്ട് (പോസ്റ്റ് സഹിതം) കബഡി കോർട്ട് (സിന്തറ്റിക്കുമാകാം) മേൽപ്പറഞ്ഞ ആവശ്യങ്ങൾക്കു വേണ്ട ഭൂമി നിരപ്പാക്കൽ, ഡ്രയിനേജ് സംവിധാനം ഒരുക്കൽ, കളിസ്ഥലത്തിനു ചുറ്റും റി-ടെയിനിംഗ് വാൾ നിർമ്മിക്കൽ, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ, ടോയ്‌ലറ്റ് സംവിധാനം തുടങ്ങിയ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പാക്കിയിട്ടുള്ളത്.

ഇപ്രകാരം പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തിയ കേരളത്തിലെ ഗ്രാമ / ബ്ലോക്ക് പഞ്ചായത്തുകൾക്ക് കളിസ്ഥല നിർമ്മാണ വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ചുനൽകിയ ഗ്രാന്റിന്റെ വിശദവിവരങ്ങൾ വർഷം തിരിച്ച് ചുവടെ ചേർക്കുന്നു:

| | |
|---|---|
| 2009-10 | 2,11,05,134 രൂപ |
| 2010-11 | 6,59,20,233 രൂപ |
| 2011-12 | 5,58,04,204 രൂപ |
| 2012-13 | 2,59,61,651 രൂപ |
| 2013-14 | 4,38,14,705 രൂപ |
| 2014-15 | 4,51,95,550 രൂപ |
| 2015-16 | 56,06,768 രൂപ (Subject to audit) |

(ഡി) ഉണ്ട്. 2 കോടി രൂപ, 2013-14 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ നോൺ പ്ലാൻ ഫണ്ടിൽ തുക ലഭ്യമല്ലാത്ത സാഹചര്യത്തിൽ കൗൺസിൽ ജീവനക്കാർക്ക് വേതനം നൽകുന്നതിനാണ് ടി തുക വക മാറ്റിയത്. പ്രസ്തുത തുക 2016-17 സാമ്പത്തിക വർഷത്തെ നോൺ പ്ലാൻ ഗ്രാന്റിൽനിന്നും തിരിച്ചടയ്ക്കുന്നതും പൈക്ക പദ്ധതിക്കായി വിനിയോഗിക്കുന്നതുമാണ്. തുക വകമാറ്റിയതുമൂലം സമ്മാനത്തുക നൽകുന്നതുൾപ്പെടെയുള്ള പദ്ധതികൾ മുടങ്ങിയിട്ടില്ല. എന്നാൽ 2014-15, 2015-16 വർഷത്തിൽ രാജീവ് ഗാന്ധി ഖേൽ അഭിയാൻ പദ്ധതിയുമായി ബന്ധപ്പെട്ട വാർഷിക കായിക മത്സരങ്ങളിലെ വിജയികൾക്കർഹമായ പ്രൈസ് മണി കേന്ദ്ര യുവജനകാര്യകായിക മന്ത്രാലയത്തിൽ നിന്നും അനുവദിച്ച് ലഭിക്കാത്തതിനാൽ പ്രൈസ്മണി വിതരണം ചെയ്യുവാൻ സാധിച്ചിട്ടില്ല.

(ഇ) കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയം പഞ്ചായത്ത് യുവക്രീഡ ഓർ ഖേൽ അഭിയാൻ (പൈക്ക) പദ്ധതി 1-4-2014 മുതൽ "രാജീവ് ഗാന്ധി ഖേൽ അഭിയാൻ" (RGKA) എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാർ 2016-ൽ RGKA വീണ്ടും പുനർനാമകരണം ചെയ്ത് "Khelo-India-National Programme for Development of Sports" എന്നാക്കിയിട്ടുണ്ട്. ഈ പദ്ധതിയിൻകീഴിൽ സിന്തറ്റിക് അത്‌ലറ്റിക്സ് ട്രാക്ക്, സിന്തറ്റിക് ഹോക്കി ഫീൽഡ്, സിന്തറ്റിക് ടർഫ് ഫുട്ബോൾ ഗ്രൗണ്ട്, മൾട്ടി പർപ്പസ് ഹാൾ (സൈസ് 60 മീx40 മീ x12.5), സ്വിമ്മിംഗ് പൂൾ, കൺസ്ട്രക്ഷൻ ഓഫ് സ്റ്റേഡിയം കോംപ്ലക്സ് എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുകയും വാർഷിക കായിക മത്സരങ്ങൾ സംഘടിപ്പിക്കുകയുമാണ് പദ്ധതിയിലെ പ്രവർത്തനങ്ങൾ.

**രാജീവ് ഗാന്ധി ഖേൽ അഭിയാൻ പദ്ധതി**

92 (1629) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജീവ് ഗാന്ധി ഖേൽ അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി കളിസ്ഥലം നിർമ്മിക്കുന്നതിന് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ബി) ഇപ്രകാരം എത്ര പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്;

(സി) കല്ല്യാശ്ശേരി മണ്ഡലത്തിലെ കല്ല്യാശ്ശേരി ബ്ലോക്ക് വഴി പ്രോജക്ട് സമർപ്പിച്ച ചെറുതാഴം എച്ച്. എസ്. എസ്. സ്കൂളിന് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേന്ദ്രയുവജനകാര്യ കായിക മന്ത്രാലയത്തിന്റെ പുതിയ പദ്ധതിയായ "രാജീവ് ഗാന്ധി ഖേൽ അഭിയാൻ" (RGKA) പ്രകാരം ഗ്രാമീണതലങ്ങളിൽ സ്പോർട്സിന് പ്രാമുഖ്യം നൽകുന്നതിനായി 6 -7 ഏക്കർ സ്ഥലം ലഭ്യമായിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകളിലെ കളിസ്ഥലങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഈ പദ്ധതിപ്രകാരം ബ്ലോക്ക് തലങ്ങളിൽ ഒരു ബ്ലോക്കിന് ഒരു സ്പോർട്സ് കോംപ്ലക്സ് എന്ന രീതിയിലാണ് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. അതായത് ഔട്ട്ഡോർ സ്പോർട്സ് കോംപ്ലക്സിന് ചുരുങ്ങിയത് 11 കായിക ഇനങ്ങളിൽ പരിശീലനം നൽകുന്നതിനുതകുന്ന രീതിയിലുള്ള സ്പോർട്ടസ് കോംപ്ലക്സിന് 80 ലക്ഷം രൂപയും കുറഞ്ഞത് 5 കായിക ഇനങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള പ്രീ-ഫാബ്രിക്കേറ്റഡ് ഇൻഡോർ സ്പോർട്സ് ഹാളിന് 80 ലക്ഷം രൂപയും എന്ന ക്രമത്തിൽ മൊത്തം 1,60,00,000 രൂപ ചെലവുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള കേന്ദ്ര സംസ്ഥാന ധനസഹായം 75:25 എന്ന അനുപാതത്തിൽ ലഭിക്കുന്നതാണ്. RGKA പദ്ധതിയിലുൾപ്പെടുത്തി സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 6-7 ഏക്കർ സ്ഥലം ലഭ്യമായിട്ടുള്ള സർക്കാർ കളിസ്ഥലങ്ങൾ ലഭ്യമല്ലെങ്കിൽ ബ്ലോക്ക് പരിധിയിലുള്ള സർക്കാർ/എയ്ഡഡ് സ്കൂൾ/കോളേജ് കളിസ്ഥലങ്ങൾ, സ്കൂൾ/ കോളേജ് എന്നിവയാണ് നിർമ്മാണ പ്രവർത്തനങ്ങൾക്കായി തെരഞ്ഞെടുക്കേണ്ടത്.

(ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ 14 പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ട്.

(സി) കല്യാശ്ശേരി മണ്ഡലത്തിലെ കല്യാശ്ശേരി ബ്ലോക്കുവഴി സമർപ്പിച്ച ചെറുതാഴം എച്ച്.എസ്.എസ്. സ്കൂളിന്റെ അപേക്ഷ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പരിഗണനയിലാണ്.

**ജില്ലാതല സ്പോർട്സ് കൗൺസിലുകളുടെ ഘടന**

93(1630) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജില്ലാതല സ്പോർട്സ് കൗൺസിലുകളുടെ ഘടന വിശദമാക്കാമോ; ജില്ലാതല പ്രാതിനിധ്യത്തിന് പ്രത്യേക മാനദണ്ഡങ്ങൾ നിലവിലുണ്ടോയെന്ന് വിശദമാക്കാമോ; ഇവയുടെ കാലാവധി എത്ര വർഷമാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

2000-ലെ കേരള സ്പോർടസ് ആക്ട് സെക്ഷൻ 9 പ്രകാരം എക്സ് ഓഫിഷ്യോ, അംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ, നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗങ്ങൾ എന്നിവർ ഉൾപ്പെട്ടതാണ് ജില്ലാ സ്പോർട്സ് കൗൺസിലുകൾ. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*. ജില്ലാ സ്പോർട്സ് കൗൺസിൽ 5 വർഷത്തിലൊരിക്കൽ പുനഃസംഘടിപ്പിക്കേണ്ടതാണ്.

**മൂന്നാർ ഹൈ ഓൾറ്റിറ്റ്യൂഡ് സ്റ്റേഡിയം**

94 (1631) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ നാശോന്മുഖമായിരിക്കുന്ന മൂന്നാറിലെ ഹൈ ഓൾറ്റിറ്റ്യൂഡ് സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ അവിടെ കായിക താരങ്ങൾക്ക് പരിശീലനം നൽകാറുണ്ടോ;

(സി) ഹൈ ഓൾറ്റിറ്റ്യൂഡ് സ്റ്റേഡിയത്തിന്റെ ബാക്കി പദ്ധതികൾ കൂടി പൂർത്തീകരിക്കുവാൻ എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 1. മൂന്നാർ ഹൈ ഓൾറ്റിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിൽ പ്രവർത്തിക്കുന്ന സ്പോർട്സ് ഹോസ്റ്റലിന് ആവശ്യമായ എല്ലാ സൗകര്യങ്ങളും നവീകരണപ്രവർത്തനങ്ങളും ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2. സ്പോർട്സ് ഹോസ്റ്റലിലെ കായികതാരങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുന്നതിലേക്ക് അടിയന്തരമായി ഒരു കിണർ കുഴിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

3. മൂന്നാർ ഹൈ ഓൾറ്റിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിൽ സിന്തറ്റിക് ട്രാക്ക് ഇടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മൂന്നാർ ഹൈ ഓൾറ്റിറ്റ്യൂഡ് ട്രെയിനിംഗ് സെന്ററിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഫുട്ബോൾ സെൻട്രലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ പ്രവർത്തിച്ചുവരുന്നു.

(സി) മൂന്നാർ ഹൈ ഓൾറ്റിറ്റ്യൂഡ് സെന്റർ അന്തർദ്ദേശീയ തലത്തിൽ ഉയർത്തുന്നതിലേക്കാവശ്യമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കായിക ഭവൻ ആരംഭിക്കാൻ നടപടി**

95 (1632) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക ഭവൻ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കായിക ഭവൻ ആരംഭിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കായിക ഭവൻ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) കായിക ഭവൻ ആരംഭിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

1. കായിക യുവജനകാര്യാലയം, കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ, സംസ്ഥാനതല അസോസിയേഷനുകൾ എന്നിവ ഉൾപ്പെടുത്തി കേന്ദ്രീകൃത ഓഫീസ്, ട്രെയിനിംഗ് ഹാൾ തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കുക.

2. വിവിധ സ്ഥലങ്ങളിലായി പ്രവർത്തിക്കുന്ന സ്പോർട്സുമായി ബന്ധപ്പെട്ട വിവിധ ഓഫീസുകളെ ഏകീകരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുക.

**മാവേലിക്കര മണ്ഡലത്തിൽ സ്റ്റേഡിയം**

96 (1633) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയോജകമണ്ഡലത്തിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് സ്പോർട്സ് വകുപ്പ് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ; താമരക്കുളം ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള കളിസ്ഥലം മിനി സ്റ്റേഡിയമായി ഉയർത്താനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല. ഇക്കാര്യത്തിൽ അപേക്ഷ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## പി.പി. എസ്തോസ് സ്മാരക മുനിസിപ്പൽ സ്റ്റേഡിയം

97 (1634) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ പി.പി. എസ്തോസ് സ്മാരക മുനിസിപ്പൽ സ്റ്റേഡിയത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കായിക മേളകൾക്കും, കായിക പ്രതിഭകൾക്കും ഉപകരിക്കുന്ന വിധത്തിൽ പ്രസ്തുത സ്റ്റേഡിയം നവീകരിക്കുന്നതിനുള്ള പദ്ധതി സ്വീകരിക്കുമോ;

(സി) സ്റ്റേഡിയത്തിന്റെ നവീകരണ ജോലികൾ നടപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനത്തിനായി ഈ വകുപ്പിൽനിന്നും 2008-09, 2010-11, 2011-12, 2012-13 എന്നീ കാലയളവിൽ ഒരുകോടി രൂപ വീതം ആകെ 4 കോടി രൂപ ഇതുവരെ അനുവദിച്ചുനൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ തുടർന്നുവരുന്നു.

## സ്പോർട്സ് ലോട്ടറി

98(1635) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-2011-ലെ സർക്കാർ സംസ്ഥാനത്ത് സ്പോർട്സ് ലോട്ടറി നടത്തിയോ; വ്യക്തമാക്കുമോ;

(ബി) ആകെ എത്ര രൂപയുടെ സ്പോർട്സ് ലോട്ടറിയാണ് വിറ്റഴിക്കപ്പെട്ടത്; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ലോട്ടറി ടിക്കറ്റ് വിറ്റതുവഴി എത്ര രൂപ പിരിഞ്ഞ് കിട്ടി; ഇനി എത്ര രൂപ പിരിഞ്ഞ് കിട്ടാനുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) പിരിഞ്ഞുകിട്ടാനുള്ള തുക ഈടാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പ്രസ്തുത ലോട്ടറി വഴി എത്ര രൂപ ലാഭം ഉണ്ടാക്കിയെന്നും ലാഭം എന്താവശ്യത്തിനായി ചെലവഴിച്ചെന്നും സ്പോർട്സ് വികസനത്തിനായി എന്തെല്ലാം കാര്യങ്ങൾക്കാണ് ചെലവഴിച്ചതെന്നും ഓരോ ഇനങ്ങൾക്ക് എത്ര തുക ചെലവഴിച്ചതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കായിക കേരളത്തിന്റെ വികസനത്തിനും കായിക കേരളത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കുന്നതിനും വിപുലപ്പെടുത്തുന്നതിനുമുള്ള ധനസമാഹരണത്തിനായിട്ടാണ് സംസ്ഥാന സർക്കാർ സ്പോർട്സ് സൂപ്പർ ബമ്പർ ലോട്ടറി നടത്തിയത്.

(ബി&സി) ലോട്ടറി വകുപ്പിൽനിന്നും വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ടിക്കറ്റ് വാങ്ങിയ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും കിട്ടാനുള്ള ബാക്കി തുക 30-11-2006-ലെ സർക്കാർ ഉത്തരവ് ജി.ഒ. (പി)275/06/എൽ.എസ്.ജി.ഡി.-യിൽ നിഷ്കർഷിക്കുന്ന റസലൂഷനിലെ നാലാമത് വ്യവസ്ഥ പ്രയോഗത്തിൽ വരുത്തി ഈടാക്കി കൗൺസിലിന് ലഭ്യമാക്കാൻ സർക്കാരിന് അധികാരമുണ്ട്. 31-11-2006-ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉത്തരവിൽ അനുശാസിക്കുന്ന വ്യവസ്ഥകൾ നടപ്പാക്കി കുടിശ്ശികക്കാരിൽനിന്ന് അവർക്ക് അർഹമായ സർക്കാർ ഗ്രാന്റിൽനിന്നും തുക ഈടാക്കി കൗൺസിലിന് നൽകണമെന്ന് സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുകയാണ്.

(ഇ) സ്പോർടസ് ലോട്ടറി വഴി സമാഹരിച്ച തുകയിൽ കൗൺസിലിന് ലഭിച്ച തുകയിൽനിന്നും സ്പോർടസിനുവേണ്ടിയുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനുവേണ്ടിയാണ് ചെലവഴിച്ചത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

കായിക രംഗത്ത് മികച്ച വിജയങ്ങൾ കരസ്ഥമാക്കിയ സെന്റ് ജോർജ് സ്കൂൾ, കോതമംഗലത്തിനും ജമ്പ്സ് അക്കാദമി, പാലായ്ക്കും പോൾ വാൾട്ട് മാടസ് നൽകിയിട്ടുണ്ട്.

കണ്ണൂർ സ്പോർട്സ് ഡിവിഷനിലെ ബാസ്കറ്റ് ബോൾ കോർട്ടും വോളിബോൾ കോർട്ടും നന്നാക്കുന്നതിനായി 19.5 ലക്ഷം രൂപ അനുവദിച്ചു. കൂടാതെ ടി സ്കൂളിന് ഹൈജമ്പ് മാട്രസും ഹൈജമ്പ് സ്റ്റാന്റും മറ്റ് അത്യാവശ്യ കായിക ഉപകരണങ്ങളും നൽകിയിട്ടുണ്ട്. സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിലുള്ള കേന്ദ്രീകൃത ഹോസ്റ്റലുകൾക്കും കോളേജ് സ്പോർട്സ് ഹോസ്റ്റലുകൾക്കും അസോസിയേഷനുകൾക്കുമായി 60,97,973 രൂപയുടെ കായിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

സംസ്ഥാന റൈഫിൾ അസോസിയേഷന്റെ പരിശീലനാവശ്യങ്ങൾക്കായി 40 ലക്ഷത്തോളം രൂപയുടെ ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്.

വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, സ്പോർട്സ് ക്ലബുകൾക്കുമായി 2,56,775 രൂപയും തദ്ദേശഭരണ സ്ഥാപനങ്ങളിലെ കളിസ്ഥല വികസനത്തിനും, നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 6,60,530 രൂപയും നൽകിയിട്ടുണ്ട്. കൂടാതെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിലെ കായിക വിദ്യാഭ്യാസത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി 3,52,55,954 രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്.

## സ്പോർട്സ് ക്വാട്ടാ നിയമനം

99 (1636) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം കായിക ഇനങ്ങളിൽ ഉന്നത വിജയം കൈവരിച്ചവർക്കാണ് സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ കായിക ഇനങ്ങളിലും നിശ്ചിത ശതമാനം സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഇപ്രകാരം നിശ്ചയിച്ചിട്ടുള്ള സംവരണതോത് പാലിച്ച് നിയമനം നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ;

(ഡി) സ്പോർട്സ് ക്വാട്ടയിൽ ഉൾപ്പെട്ടിട്ടില്ലാത്ത കായിക ഇനങ്ങളെ കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ) അംഗീകൃത അന്താരാഷ്ട്ര ഫെഡറേഷനുകൾ നടത്തിയിട്ടുള്ള ഒളിംപിക്സ്, ലോകകപ്പ്, ലോക യൂണിവേഴ്സിറ്റി ഗെയിംസ്, കോമൺവെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, സാഫ് ഗെയിംസ് എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ

അനുമതിയോടെ ഭാരതത്തെ പ്രതിനിധാനം ചെയ്ത ടീമിലെ അംഗമായിരിക്കുകയും വ്യക്തിഗത ഇനങ്ങളിലോ ടീം ഇനങ്ങളിലോ ഒന്നോ രണ്ടോ മൂന്നോ സ്ഥാനം നേടി വിജയികളാകുകയും ചെയ്തവർ, രാജ്യത്തെ പ്രതിനിധാനം ചെയ്ത് മുകളിൽ പറഞ്ഞ അന്താരാഷ്ട്ര മത്സരങ്ങളിൽ പങ്കെടുത്തിട്ടുള്ളവർ, 2010-2014 വർഷങ്ങളിലേക്ക് സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതിമുഖേന നികത്തപ്പെട്ട 249 ഒഴിവുകളിലേക്ക് പുറപ്പെടുവിച്ച 2015 ഡിസംബർ 7-ലെ 14652/എസ്.ഡി1/2012/പൊ.ഭ.വ. നമ്പർ വിജ്ഞാപനത്തിൽ (അനുബന്ധമായി ചേർത്തിരിക്കുന്നു*) ഉൾപ്പെടുത്തിയിട്ടുള്ള സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുള്ള കായികയിനങ്ങളിൽ പങ്കെടുത്ത് ഒന്നോ രണ്ടോ മൂന്നോ സ്ഥാനം നേടി വിജയികളായ കേരള സംസ്ഥാന ടീമിലെ അംഗങ്ങൾ (കായിക വിനോദങ്ങളും കളികളും സംബന്ധിച്ച് ഒളിംപിക്സ്/ഏഷ്യൻ ഗെയിംസ് ഇനങ്ങളും അനുബന്ധത്തിൽ പറഞ്ഞിരിക്കുന്നവയും മാത്രമേ ഉദ്യോഗ നിയമനത്തിന് പരിഗണിക്കുകയുള്ളൂ) എന്നീ വിഭാഗങ്ങളിലെയും കായിക ഇനങ്ങളെയാണ് സ്പോർട്സ് ക്വാട്ട നിയമനത്തിനായി പരഗണിക്കുന്നത്.

(ബി&സി) ഓരോ കായിക ഇനങ്ങൾക്കായി പ്രത്യേകം ഒഴിവുകൾ സംവരണം ചെയ്തിട്ടില്ല. കായികരംഗത്തെ നേട്ടങ്ങളുടെ മാത്രം അടിസ്ഥാനത്തിലാണ് ഒഴിവുകൾ സംവരണം ചെയ്തിരിക്കുന്നത്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## ശ്രീപാദം ഇൻഡോർ സ്റ്റേഡിയം

100 (1637) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ശ്രീപാദം ഇൻഡോർ സ്റ്റേഡിയത്തിന്റെ അപാകത പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ശ്രീപാദം സ്റ്റേഡിയത്തിന്റെ പരിപാലനത്തിൽ വന്ന വീഴ്ച പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് മുഖേന വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി ആയത് ലഭിക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കൈനകരിയിൽ സ്വിമ്മിംഗ് പൂൾ നിർമ്മിക്കുന്നതിന് നടപടി

101 (1638) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈനകരി പഞ്ചായത്ത് വക സ്ഥലത്ത് കുട്ടികളുടെ നീന്തൽ പരിശീലനത്തിനുവേണ്ടി സ്വിമ്മിംഗ് പൂൾ നിർമ്മിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൻമേൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി സൈ്പൽ പദ്ധതിയിലോ മറ്റേതെങ്കിലും പദ്ധതിയിലോ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിക്കുന്നതിന് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കൈനകരി ഗ്രാമപഞ്ചായത്തിന് 2009-10 സാമ്പത്തിക വർഷത്തെ 'പൈക്ക' പദ്ധതിയിലുൾപ്പെടുത്തി 4,50,000 രൂപ നീന്തൽക്കുള നിർമ്മാണത്തിനായി അനുവദിച്ചിരുന്നു. എന്നാൽ അനുവദിച്ച തുകയുടെ വിനിയോഗം സംബന്ധിച്ച രേഖകൾ പഞ്ചായത്തിൽനിന്ന് സമർപ്പിക്കാത്തതിനാൽ ആദ്യ ഗഡുവായ 3,40,000 രൂപ മാത്രമേ അനുവദിച്ചിട്ടുള്ളൂ. 'ടി' ഗ്രാമപഞ്ചായത്തിൽനിന്ന് നീന്തൽക്കുള നിർമ്മാണത്തിനായി 2015-16 സാമ്പത്തിക വർഷം സൈ്പൽ പദ്ധതിയിൽ ലഭിച്ച അപേക്ഷ ഫണ്ടിന്റെ അപര്യാപ്തതമൂലം പരിഗണിക്കാനായില്ല.

## കർമ്മ പദ്ധതികൾ

102 (1639) <u>ശ്രീ. ആന്റണി ജോൺ</u> :
<u>ശ്രീ. ഒ. ആർ. കേളു</u> :
<u>ശ്രീമതി യു. പ്രതിഭ ഹരി</u> :
<u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് താരങ്ങളെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനായി പ്രാപ്തരാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പരിശീലകർക്ക് ഏതെല്ലാം സ്പോർട്സ് ഇനങ്ങളിലാണ് ഇതിന്റെ ഭാഗമായി കോഴ്സ് ആരംഭിച്ചിട്ടുള്ളത്;

(സി) അതിനായി സർവ്വകലാശാലകളിലും കോളേജുകളിലും ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുമോ ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ കായികതാരങ്ങൾക്ക് ഒളിംപിക്സ് മെഡൽ നേട്ടം ലക്ഷ്യമാക്കി നിലവിൽ അത്‌ലറ്റിക്സ് (എലൈറ്റ് അത്‌ലറ്റിക് ട്രെയിനിംഗ് സെന്റർ), വോളിബോൾ (ഹൈ പെർഫോമൻസ് ട്രെയിനിംഗ് സെന്റർ), സ്വിമ്മിംഗ് (Special Effort Training Programme in Swimming (SET)), ഫെൻസിംഗ് എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ മികച്ച കായിക പ്രതിഭകളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺവെൽത്ത്/ ഒളിംപിക്സ് എന്നീ രാജ്യാന്തര കായിക മത്സരങ്ങളിൽ മെഡൽ സാധ്യത ഉറപ്പാക്കുന്ന രീതിയിൽ വളർത്തിയെടുക്കുക എന്നതാണ് എലൈറ്റ് സ്കീമിലൂടെ ലക്ഷ്യമിടുന്നത്. വിദേശ പരിശീലകന്റെ കീഴിൽ അന്തർദ്ദേശീയ നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും പരിശീലനവും താമസവും ഭക്ഷണവും മറ്റ് ഉന്നത നിലവാരത്തിലുള്ള അനുബന്ധ സൗകര്യങ്ങളും പദ്ധതിയിൽ കായികതാരങ്ങൾക്ക് ലഭ്യമാക്കി വരുന്നു. എലൈറ്റ് സ്വിമ്മിംഗ് സ്കീമിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം ലഭ്യമാക്കുന്നതിലേക്കായി വിദേശ പരിശീലകന്റെ സേവനം 2013 ആഗസ്റ്റ് മുതൽ 2014 ആഗസ്റ്റ് വരെ ലഭ്യമാക്കിയിരുന്നു. സ്വിമ്മിംഗിൽ സജൻ പ്രകാശ്, എലൈറ്റ് അത്‌ലറ്റിക്സ് സ്കീമിൽ ഉൾപ്പെട്ട അനിൽഡ തോമസ്, മുഹമ്മദ് അനസ് എന്നീ കായിക താരങ്ങൾ റിയോ ഒളിംപിക്സിലേക്ക് യോഗ്യത നേടിയിട്ടുണ്ട്. വിദേശ പരിശീലനത്തിനായി ശ്രീമതി ഒ. പി. ജയ്ഷയ്ക്കും (അത്‌ലറ്റിക്സ്) ശ്രീ. സജൻ പ്രകാശിനും (സ്വിമ്മിംഗ്), 10 ലക്ഷം രൂപ വീതം അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) എലൈറ്റ് സ്വിമ്മിംഗ് സ്കീമിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം ലഭ്യമാക്കുന്നതിലേക്കായി വിദേശ പരിശീലകന്റെ കീഴിൽ 17 പരിശീലകർക്ക് പരിശീലനം നൽകിയിട്ടുണ്ട്.

(സി) ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുന്ന കാര്യം ആലോചിച്ചു വരുന്നു.

**കെ.എസ്.ഇ.ബി. ഓഫീസുകൾ**

103 (1640) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിലെ കെ.എസ്.ഇ.ബി. ഓഫീസുകളുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) ഓരോ ഓഫീസുകളുടെയും പരിധിയിൽ എത്ര ഉപഭോക്താക്കൾ വീതമുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഓഫീസുകളിൽ അനുവദിക്കപ്പെട്ട ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള കണക്കും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാമോ;

(ഡി) ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഒല്ലൂർ നിയോജക മണ്ഡലത്തിലെ കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസുകളും അവയുടെ പരിധിയിലുള്ള ഉപഭോക്താക്കളുടെ എണ്ണവും ചുവടെ ചേർക്കുന്നു:

| | |
|---|---|
| കുർക്കഞ്ചേരി | 18254 |
| കുരിയിച്ചിറ | 10436 |
| മണ്ണുത്തി | 21827 |
| നടത്തറ | 16359 |
| പട്ടിക്കാട് | 17965 |
| ഒല്ലൂർ | 18362 |
| മരത്താക്കര | 8551 |
| പുത്തൂർ | 13684 |

കൂടാതെ പ്രസരണ വിഭാഗത്തിൽ 110 കെ.വി. ഒല്ലൂർ സബ്സ്റ്റേഷൻ 400 കെ.വി. മാടക്കത്തറ, 33 കെ.വി. പട്ടിക്കാട് സബ്സ്റ്റേഷൻ, 33 കെ.വി. പുത്തൂർ സബ്സ്റ്റേഷൻ എന്നീ ഓഫീസുകളുമുണ്ട്.

(സി&ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിലെ വിവിധ തസ്തികകളിലെ എണ്ണം, പുനർവിന്യാസം എന്നിവയെക്കുറിച്ച് IIM, കോഴിക്കോട് പഠന റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇത് കെ.എസ്.ഇ.ബി.എൽ. പരിശോധിച്ച് വരികയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ തസ്തികകളിലും ആവശ്യമായ എണ്ണം നിശ്ചയിച്ച ശേഷമേ ഒഴിവുകൾ കൃത്യമായി കണക്കാക്കാൻ കഴിയൂ. ഇങ്ങനെ കണക്കാക്കുന്ന ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കും.

**വൈദ്യുതി ഉൽപ്പാദനം**

104 (1641) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉൽപാദനത്തിൽ കേരളം സ്വയം പര്യാപ്തമാണോ;

(ബി) കേരളത്തിൽ ഒരു ദിവസം ഗാർഹികമായും, വ്യവസായപരമായും എത്ര യൂണിറ്റ് വീതം വൈദ്യുതിയാണ് ഉപയോഗിച്ച് വരുന്നതെന്ന് വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന് പുറത്തുനിന്ന് ദിനം പ്രതി എത്ര യൂണിറ്റ് വൈദ്യുതിയാണ് വൈദ്യുതി ബോർഡ് വാങ്ങുന്നതെന്നും ഇതിന്റെ വില യൂണിറ്റിന് എത്രയാണെന്നും എവിടെ നിന്നെല്ലാം വൈദ്യുതി വാങ്ങുന്ന എന്നുമുള്ള വിവരം വിശദമായി വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തിന് പുറത്ത് നിന്ന് വൈദ്യുതി വാങ്ങാതെ, കേരളത്തിൽ തന്നെ വൈദ്യുതി ഉല്പാദിപ്പിക്കാൻ നാളിതുവരെ പുതിയ പദ്ധതികൾ ഉണ്ടാക്കാതെ വെളിയിൽ നിന്നും അമിത വിലയ്ക്ക് വൈദ്യുതി വാങ്ങുന്നതിൻെറ ലക്ഷ്യം എന്താണെന്ന് വിശദമാക്കുമോ;

(ഇ) കേരളത്തിൽ അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഇത് ജനങ്ങൾക്ക് ഉപകാരപ്രദമായ പദ്ധതിയാണെങ്കിൽ ഈ പദ്ധതി തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അല്ല.

(ബി) 2015-16-ലെ കണക്കുപ്രകാരം ഗാർഹിക ഉപഭോക്താക്കൾ ഏകദേശം 27.19 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും വ്യാവസായിക ഉപഭോക്താക്കൾ ഏകദേശം 10.55 ദശലക്ഷം യൂണിറ്റ് വൈദ്യുതിയും പ്രതിദിനം ഉപയോഗിച്ച് വരുന്നു.

(സി) 2016 മെയ് മാസത്തെ കണക്കനുസരിച്ച് സംസ്ഥാനത്തിന് പുറത്തുനിന്ന് ഒരു ദിവസം ശരാശരി 54.87 മില്യൺ യൂണിറ്റ് വൈദ്യുതിയാണ് വാങ്ങിയത്. ശരാശരി വില യൂണിറ്റൊന്നിന് 3.87 രൂപയായിരുന്നു. രാമഗുണ്ടം, താൽച്ചർ, സിംഹാദ്രി തുടങ്ങിയ എൻ.റ്റി.പി.സി. നിലയങ്ങളിൽനിന്നും എൻ.എൽ.സി., കൈഗ, മദ്രാസ് അറ്റോമിക് പവർ കോർപ്പറേഷൻ, വല്ലൂർ എസ്.റ്റി.പി.എസ്. എന്നീ നിലയങ്ങളിൽനിന്നുമാണ് കേന്ദ്ര വൈദ്യുതി വിഹിതം ലഭിക്കുന്നത്. കൂടാതെ പവർ എക്സ്ചേഞ്ചുകളിൽനിന്നും പി.റ്റി.സി. (ബാൽകോ) എൻ.വി.വി.എൻ. എന്നീ വ്യാപാരികൾവഴിയും വൈദ്യുതി വാങ്ങിയിട്ടുണ്ട്. മാരത്തോൺ പവർ ലിമിറ്റഡ്, ദാമോദർവാലി കോർപ്പറേഷൻ തുടങ്ങിയവയിൽനിന്നും വൈദ്യുതി വാങ്ങൽ നടത്തുന്നുണ്ട്.

(ഡി) നിലവിലുള്ള ഫോറസ്റ്റ് 'കൺസർവേഷൻ ആക്ട്' പ്രകാരം പുതിയ ജലവൈദ്യുത പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാനുള്ള പാരിസ്ഥിതിക അനുമതി ലഭ്യമാകുന്നില്ല. കൂടാതെ സംസ്ഥാനത്ത് ദ്രവ ഇന്ധനങ്ങളുടെയും ഫോസിൽ ഫ്യൂവലിന്റെയും ലഭ്യതക്കുറവും വിലയിലെ അസന്നിദ്ധതയുംമൂലം അത്തരം ഇന്ധനങ്ങൾ ഉപയോഗിക്കുന്ന വൈദ്യുതി നിലയങ്ങൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിന് പരിമിതികൾ ഏറെയുണ്ട്. ആയതിനാൽ കേന്ദ്ര വൈദ്യുതി നിലയങ്ങളിൽനിന്നുള്ള വൈദ്യുതി പരമാവധി ലഭ്യമാക്കിയാണ് സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത ഒരളവുവരെ പരിഹരിച്ചുവരുന്നത്. ജലവൈദ്യുതി, കേന്ദ്ര നിലയങ്ങളിൽനിന്നുള്ള വിഹിതം എന്നിവയ്ക്കുപുറമേ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വൈദ്യുത നിലയങ്ങളിൽനിന്നും/ട്രേഡർമാരിൽനിന്നും വൈദ്യുതി വാങ്ങേണ്ടതായ സ്ഥിതി വിശേഷം നിലവിലുണ്ട്. എന്നാൽ സംസ്ഥാനത്തിന് പുറമേയുള്ള വൈദ്യുതി നിലയങ്ങളിൽനിന്നുള്ള വൈദ്യുതിയുടെ നിരക്ക് കേന്ദ്ര വൈദ്യുതി റഗുലേറ്ററി കമ്മീഷനാണ് നിശ്ചയിക്കുന്നത്. അതുപോലെതന്നെ പവർ എക്സ്ചേഞ്ചുകളിൽനിന്നും Deviation Settlement Mechanism വഴിയും വ്യക്തമായി സ്ഥിതിവിശേഷങ്ങൾ വിശകലനം ചെയ്തതിനുശേഷം താരതമ്യേന അനുകൂലമായ നിരക്കുള്ളപ്പോഴാണ് വൈദ്യുതി വാങ്ങുന്നത്. ഇത്തരത്തിലുള്ള വാങ്ങൽ പ്രക്രിയ റഗുലേറ്ററി കമ്മീഷൻ പരിശോധിക്കുകയും ആവശ്യമായ നിയന്ത്രണ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. അതുപോലെതന്നെ കേന്ദ്ര ഗവൺമെന്റ് പുറത്തിറക്കുന്ന 'Power procurement guidelines' കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്ന സംസ്ഥാനങ്ങളിൽ മുൻപന്തിയിലാണ് കേരളം. സംസ്ഥാനത്തിന്റെ വ്യാവസായിക/ വാണിജ്യ താൽപ്പര്യങ്ങളെ മുൻനിർത്തി കുറഞ്ഞ നിരക്കിലാണ് എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും വൈദ്യുതി നൽകിവരുന്നത്.

(ഇ&എഫ്) അതിരപ്പിള്ളി പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## വൈദ്യുതോൽപ്പാദന പ്രതിസന്ധി

105 (1642) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് പുറത്തുനിന്ന് വൈദ്യുതി കൊണ്ടുവരാനുള്ള ലൈനുകൾ വേണ്ടത്ര ഇല്ലാത്തതാണ് ഊർജ്ജ മേഖലയിൽ കേരളം നേരിടുന്ന പ്രതിസന്ധി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രസാരണ ലൈനുകൾ പൂർത്തിയാക്കിയാൽ 2025 വരെ കേരളത്തിനാവശ്യമായ വൈദ്യുതി എത്തിക്കാനാകുമെന്ന കാര്യം

ശ്രദ്ധിച്ചിട്ടുണ്ടോ; ഇതിന് എത്ര തുക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; ചെലവിനത്തിൽ ഇതിനാണോ അതിരപ്പിള്ളി പദ്ധതി നിർമ്മാണത്തിനാണോ കൂടുതൽ തുക വേണ്ടി വരുന്നത് എന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദവിവരം നൽകുമോ;

(സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് കേരളത്തിന് ആവശ്യമായിട്ടുള്ളത്; ഇതിൽ എത്ര മെഗാവാട്ട് കേരളത്തിൽ ഉൽപാദിപ്പിക്കുന്നു; ശേഷിച്ച വൈദ്യുതി എവിടെ നിന്നാണ് ലഭിക്കുന്നത്;

(ഡി) അതിരപ്പിള്ളി പദ്ധതി നടപ്പിലാക്കിയാൽ ലഭിക്കുന്ന പരമാവധി വൈദ്യുതി എത്രയായിരിക്കുമെന്ന് വ്യക്തമാക്കാമോ; ഈ വൈദ്യുതിക്ക് യൂണിറ്റിന് എത്ര രൂപ ചെലവ് വരും; ഇതേ നിരക്കിൽ കേരളത്തിന് പുറത്തുള്ള വൈദ്യുതി ഉത്പാദന നിലയങ്ങളിൽ നിന്ന് വൈദ്യുതി ലഭ്യമാണോ; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്നതും നിലവിൽ അനുമതി ലഭിച്ചിട്ടുള്ളതുമായ ലൈനുകൾ പൂർത്തിയാക്കിയാൽ 2025 വരെ കേരളത്തിനാവശ്യമായ വൈദ്യുതി എത്തിക്കാനാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അന്തർസംസ്ഥാന പ്രസരണ ലൈനുകളുടെ നിർമ്മാണം PGCIL ആണ് നിർവ്വഹിക്കുന്നത്. ഇതിനോടനുബന്ധിച്ച് സംസ്ഥാനത്തെ പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനു വേണ്ടി 2032 വരെയുള്ള ട്രാൻസ്ഗ്രിഡ് -2.0 പദ്ധതി പരിഗണനയിലാണ്. 2019-20-നുള്ളിൽ പൂർത്തിയാക്കാനുദ്ദേശിക്കുന്ന ഒന്നാം ഘട്ടത്തിൽ ലക്ഷ്യമിട്ടിട്ടുള്ള ലൈനുകളും സബ്സ്റ്റേഷനുകളും നിർമ്മിക്കുന്നതിനായി 4745.77 കോടി രൂപ ചെലവ് കണക്കാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ 2500 കോടി രൂപ ചെലവ് വരുന്ന പ്രസരണ പദ്ധതികൾ ഗ്രീൻ കോറിഡോർ ഫണ്ടിംഗ് വഴി നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. അതിരപ്പിള്ളി പദ്ധതിക്ക് 2005-ൽ കേന്ദ്ര ഇലക്ട്രിസിറ്റി അതോറിറ്റി നൽകിയ ടെക്നോ -ഇക്കണോമിക്സ് ക്ലിയറൻസ് (TEC) പ്രകാരം 385.6 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിരുന്നത്. 2016-ലെ നിരക്കനുസരിച്ചുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) 2016 ജൂലൈ മാസത്തിൽ പ്രതീക്ഷിക്കുന്ന ഏറ്റവും ഉയർന്ന ഉപഭോഗം 3500 മെഗാവാട്ടാണ്. ഇതിൽ കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നത് ഏകദേശം 1550 മെഗാവാട്ടാണ്. ശേഷിച്ച വൈദ്യുതി ദീർഘ-മദ്ധ്യകാല കരാറടിസ്ഥാനത്തിലും കേന്ദ്രവിഹിതമായും ലഭ്യമാക്കിവരുന്നു.

(ഡി) അതിരപ്പിള്ളി പദ്ധതി നടപ്പിലാക്കിയാൽ പ്രതിവർഷം ശരാശരി 360.21 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലഭിക്കുമെന്ന് കണക്കാക്കപ്പെടുന്നു. 2005-ലെ വില നിലവാരമനുസരിച്ച് ഈ വൈദ്യുതിക്ക് ഒരു യൂണിറ്റിന് 3 രൂപ 20 പൈസ ചെലവാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. 2016-ലെ നിരക്കനുസരിച്ചുള്ള പുതുക്കിയ എസ്റ്റിമേറ്റ് പൂർത്തിയായാൽ മാത്രമേ നിലവിലെ നിരക്കനുസരിച്ച് ഒരു യൂണിറ്റ് വൈദ്യുതിയുടെ ചെലവ് അറിയാൻ സാധിക്കുകയുള്ളൂ.

**ഡീപ്-ഇ-ബിഡിംഗ്പദ്ധതി**

106 (1643) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിൽ നിന്നും പ്രതിവർഷം എത്ര യൂണിറ്റ് വൈദ്യുതിയാണ് സംസ്ഥാനം വാങ്ങുന്നത്; ഓരോ യൂണിറ്റിനും ശരാശരി എത്ര രൂപയാണ് സംസ്ഥാനം നൽകേണ്ടി വരുന്നതെന്ന് അറിയിക്കാമോ;

(ബി) 'ഡീപ്-ഇ-ബിഡിംഗ്' പ്രകാരം എത്ര യൂണിറ്റ് വൈദ്യുതിയാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്;

(സി) പ്രസ്തുത പ്രക്രിയ പ്രകാരം ലഭിക്കുന്ന വൈദ്യുതിയുടെ നിരക്ക് സാധാരണ ലഭിക്കുന്ന വൈദ്യുതിയുടെ നിരക്കിനേക്കാൾ എത്രമാത്രം വ്യത്യാസപ്പെട്ടിരിക്കുന്നു;

(ഡി) കേന്ദ്രത്തിൽ നിന്നും കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭിക്കുന്ന സാഹചര്യം ഉപഭോക്താക്കൾക്ക് കൂടി പ്രയോജനപ്രദമാകുന്ന തരത്തിൽ ആസൂത്രണം ചെയ്യുന്ന കാര്യം പരിഗണിക്കാമോ?

ഉത്തരം

(എ) 2015-16-ലെ കണക്കനുസരിച്ച് കേന്ദ്ര വൈദ്യുതി നിലയങ്ങളിൽനിന്നും 11048.695 മില്യൺ യൂണിറ്റ് വൈദ്യുതി ശരാശരി യൂണിറ്റൊന്നിന് 3.74 രൂപയ്ക്ക് വാങ്ങിയിട്ടുണ്ട്.

(ബി) ഡീപ്പ്-ഇ-ബിഡിംഗ്പ്രകാരം 2016 മേയ് മാസത്തിൽ 28.6208 മില്യൺ യൂണിറ്റ് വൈദ്യുതിയാണ് വാങ്ങിയത്.

(സി) ഡീപ്പ്-ഇ-ബിഡിംഗ് പ്രകാരം ലഭിച്ച വൈദ്യുതിയുടെ വില താഴെപ്പറയുംപ്രകാരമാണ്.

| | | |
|---|---|---|
| Day | - | ₹ 3.14/unit |
| Peak | - | ₹ 3.40/unit |
| Off Peak(Night) | - | ₹ 3.21/unit |

(ഡി) ഡീപ്പ്-ഇ-ബിഡിംഗ് പ്രകാരം ലഭിക്കുന്ന വൈദ്യുതിയുടെ നിരക്ക് അതാത് സന്ദർഭത്തിൽ വൈദ്യുതി കമ്പോളത്തിലെ ലഭ്യതയും ആവശ്യകതയും ആശ്രയിച്ച് മാറിക്കൊണ്ടിരിക്കുന്നതായാണ് കാണുന്നത്. കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാകുന്ന സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തി വൈദ്യുതി ബോർഡിന്റെ നഷ്ടം കുറയ്ക്കുന്നതിനും നിരക്കുവർദ്ധന ഒഴിവാക്കുന്നതിനും ശ്രമിക്കുന്നുണ്ട്.

**ജല വൈദ്യുതോൽപ്പാദനം**

107 (1644) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല വൈദ്യുതോല്പാദനക്കാര്യത്തിൽ പുതിയ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ജല വൈദ്യുത നിലയങ്ങളിൽ നിന്നും പുറന്തള്ളുന്ന ജലം ലിഫ്റ്റ് ചെയ്ത് പുനരുപയോഗിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കുമോ;

(സി) പരിസ്ഥിതി സൗഹാർദ്ദമായി ജലത്തിന്റെ റണ്ണിംഗ് ഫോഴ്സ് ഉപയോഗപ്പെടുത്താനുള്ള സാദ്ധ്യതകൾ പരിശോധിക്കുമോ ?

ഉത്തരം

( എ) ഉണ്ട്.

(ബി) ജലവൈദ്യുതോൽപ്പാദനത്തിനായി പാരമ്പര്യ രീതി കൂടാതെ തന്നെ നീർച്ചുഴിയിൽനിന്നും (Artificial Vortex)വൈദ്യുതി ഉൽപ്പാദനം നടത്തുന്നതിന് വേണ്ടി പരീക്ഷണാടിസ്ഥാനത്തിൽ 10 KW സ്ഥാപിതശേഷിയുള്ള ടർബൈൻ ഇടുക്കി ജില്ലയിൽ മലങ്കര എസ്റ്റേറ്റിന്റെ സമീപത്തുള്ള കരമൻതോട്ടിൽ ഇതിനകം സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 11 KW ശേഷിയുള്ള സ്ക്രൂ ടർബൈൻ പരീക്ഷണ അടിസ്ഥാനത്തിൽ പൊരിങ്ങൽക്കുത്ത് പവർ ഹൗസിൽനിന്നും നിർഗ്ഗമിക്കുന്ന ജലസ്രോതസ്സിൽ (Tailrace) സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിച്ചുവരുന്നു.

നിലവിലുള്ള ജലാശയങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പമ്പ്ഡ് സ്റ്റോറേജ് സ്കീമുകളുടെ സാദ്ധ്യതാപഠനം നടക്കുന്നുണ്ട്. ഇതിൻപ്രകാരം ഇടുക്കി ജലാശയത്തിലെ ജലം ഉപയോഗിച്ചുള്ള ഇടുക്കി പമ്പ്ഡ് സ്റ്റോറേജ് സ്കീമിന്റെ സാദ്ധ്യതാപഠനം ആരംഭിച്ചിട്ടുണ്ട്. പള്ളിവാസലിലും പുതിയ രണ്ട് ജലാശയങ്ങൾ നിർമ്മിച്ച് പമ്പ്ഡ് സ്റ്റോറേജ് സ്കീമിനുള്ള സാദ്ധ്യതാപഠനവും ആരംഭിച്ചിട്ടുണ്ട്.

(സി) പരിശോധിക്കും.

## കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം

108 (1645) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഴിക്കുന്നിൽ പ്രവർത്തനം ആരംഭിച്ച കെ.എസ്.ഇ,ബി. സെക്ഷൻ ഓഫീസിൽ അസിസ്റ്റന്റ് എഞ്ചിനീയറെ നിയമിച്ചിട്ടുണ്ടോ എന്നും ക്യാഷ് കളക്ഷൻ ഉണ്ടോ എന്നും പ്രസ്തുത ഓഫീസിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ എന്നും വിശദമാക്കുമോ;

(ബി) ഓലത്താന്നി, പഴയകടയിലെ ക്യാഷ് കളക്ഷൻ സെന്ററുകൾ പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) തിരുപുറം കേന്ദ്രീകരിച്ച് സെക്ഷൻ ഓഫീസ് ആരംഭിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ഡി) നെയ്യാറ്റിൻകരയിലെ 66 കെ. വി. സബ് സ്റ്റേഷൻ 110 കെ. വി ആക്കി ഉയർത്തി വൈദ്യുതി ക്ഷാമത്തിന് പരിഹാരം കാണുമോ എന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) പൂഴിക്കുന്നിൽ പ്രവർത്തനം ആരംഭിച്ച കെ.എസ്.ഇ.ബി.എൽ. സെക്ഷൻ ഓഫീസിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ ചുമതലകൾ നിർവ്വഹിക്കാനായി ഉദിയൻകുളങ്ങര ഇലക്ട്രിക്കൽ സെക്ഷനിലെ അസിസ്റ്റന്റ് എഞ്ചിനീയർക്ക് അഡീഷണൽ ചാർജ് നൽകിയിട്ടുണ്ട്. ക്യാഷ് കളക്ഷനും മറ്റ് അടിസ്ഥാന സൗകര്യങ്ങളുമുണ്ട്.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) പരുത്തിപ്പാറ-പാറശ്ശാല 66 കെ.വി. TVTI&II 110 കെ.വി ആക്കുന്നതിനോട് അനുബന്ധിച്ച് നെയ്യാറ്റിൻകര 66 കെ.വി. സബ്സ്റ്റേഷനും 110 കെ.വി. ആക്കി ഉയർത്തുന്നതാണ്. ഇതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുപ്രകാരം 66 കെ.വി. നെയ്യാറ്റിൻകര സബ്സ്റ്റേഷൻ 110 കെ.വി. ആക്കി ഉയർത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതികൾ പൂർത്തിയാകുന്നതോടുകൂടി പ്രസ്തുത പ്രദേശത്തെ വൈദ്യുതിക്ഷാമം പരിഹരിക്കാനാകും.

## മസ്ദൂർ തസ്തികയിലുള്ള ഒഴിവുകൾ

109 (1646) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി മസ്ദൂർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് നിയമനം നടത്തുന്നതിന് യോഗ്യരായവരുടെ പി.എസ്.സി റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(സി) ഒഴിവുകൾ നികത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ ഒരു NJD ഒഴിവ് നിലവിലുണ്ട്.

(ബി) ഉണ്ട്.

(സി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അത് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

## ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ

110 (1647) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കെ.എസ്.ഇ.ബി-യിൽ നിലവിൽ എത്ര തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(ബി) ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ജില്ലയിലെ വിവിധ കെ.എസ്.ഇ.ബി ഓഫീസുകളിൽ ദിവസക്കൂലി അടിസ്ഥാനത്തിലും കരാർ വ്യവസ്ഥയിലും നിലവിൽ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്ന് ഓഫീസ് തിരിച്ച് പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

ഉത്തരം

(എ&ബി) ജില്ലാടിസ്ഥാനത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി മസ്ദൂർ തസ്തികയിലാണ് നിയമനം നടത്തുന്നത്. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യുന്നുണ്ട്. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) എന്നീ വിഭാഗങ്ങളിലുള്ള ഒഴിവുകൾ സംസ്ഥാനാടിസ്ഥാനത്തിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രൊമോഷൻ വഴി നികത്തേണ്ട

ഒഴിവുകളും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ ചില തസ്തികകളിൽ കോടതിയിൽ നിലവിലുള്ള വ്യവഹാരങ്ങൾമൂലം പ്രൊമോഷൻ നൽകുന്നതിന് തടസ്സമുണ്ട്. ഇതോടൊപ്പം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ വിവിധ തസ്തികകളിലെ ജീവനക്കാരുടെ എണ്ണം, പുനർവിന്യാസം എന്നിവയെക്കുറിച്ച് IIM, കോഴിക്കോട് പഠന റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇത്. കെ.എസ്.ഇ.ബി. പരിശോധിച്ചുവരികയാണ്. ഇവയുടെയെല്ലാം അടിസ്ഥാനത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ആവശ്യമായ തസ്തികകൾ നിർണ്ണയിക്കേണ്ടതുണ്ട്. അപ്രകാരം തസ്തികകളുടെ എണ്ണം നിശ്ചയിച്ചശേഷമേ ഒഴിവുകൾ കൃത്യമായി കണക്കാക്കാൻ കഴിയൂ.

(സി) കാസർഗോഡ് ജില്ലയിലെ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഓഫീസുകളിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ആരും ജോലി ചെയ്യുന്നില്ല. ഈ ഓഫീസുകളിൽ അടിയന്തര ഘട്ടങ്ങളിൽ മാത്രം ചില പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ ചെയ്യിക്കാറുണ്ട്.

**കെ.എസ്.ഇ.ബി. കാഷ്യർ നിയമനം**

111 (1648) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ വകുപ്പിൽ കെ.എസ്.ഇ.ബി. കാഷ്യർ/ജൂനിയർ അസിസ്റ്റന്റ് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെന്നാണെന്നും എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്രപേർക്ക് നിയമനം നല്കിയെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് യഥാസമയം പ്രൊമോഷൻ നല്കി ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനും കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 22-9-2014-ൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നു. റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളിൽ 12-12-2015-ലെ പി.എസ്.സി. അഡ്വൈസ് പ്രകാരം 159 പേർക്കും 10-7-2015-ലെ പി.എസ്.സി. അഡ്വൈസ് പ്രകാരം 35 പേർക്കും സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരം 5 പേർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. കൂടാതെ 11-3-2016-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഡ്വൈസ് പ്രകാരം NJD വേക്കൻസിയിൽ 4 പേർക്കും 9-5-2016-ലെ പി.എസ്.സി. അഡ്വൈസ് പ്രകാരം ഭിന്നശേഷി വിഭാഗത്തിൽ 5 പേർക്കും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് പ്രൊമോഷൻവഴി നികത്തേണ്ട ഒഴിവുകൾ പ്രൊമോഷൻ വഴിയും പി.എസ്. സി. വഴി നികത്തേണ്ട ഒഴിവുകൾ പി.എസ്.സി. വഴിയും നികത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

**മസ്ദൂർ തസ്തികയിലെ ഒഴിവുകൾ**

112 (1649) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിൽ 30-6-2016 വരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഈ ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വിശദമാക്കാമോ;

(ബി) മസ്ദൂർമാരിൽ നിന്ന് ലൈൻമാൻ തസ്തികയിലേക്കുള്ള പ്രൊമോഷൻ വൈകുന്നതുകൊണ്ട് മസ്ദൂർ തസ്തികയിലെ നിയമനത്തിനായി ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നവരുടെ നിയമന സാധ്യത കുറയുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലൈൻമാൻ തസ്തികയിലേക്കുള്ള പ്രമോഷൻ അനന്തമായി നീളുന്നത് പരിശോധിക്കുമോ?

ഉത്തരം

(എ) ഒഴിവുകൾ ഇല്ല.

(ബി&സി) നിലവിലുള്ള ലൈൻമാൻ തസ്തികയിലെ ഒഴിവുകൾ പരിശോധിച്ച് 24-2-2016-ൽ 996 പേർക്ക് പ്രൊമോഷൻ നൽകി ഉത്തരവായിട്ടുണ്ട്. ഒഴിവുകൾ വരുന്ന മുറയ്ക്ക് പ്രൊമോഷൻ നൽകുന്നുണ്ട്.

**കെ.എസ്.ഇ.ബി.-യിലെ ജീവനക്കാരുടെ എണ്ണം**

113 (1650) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. നിലവിൽ വന്നതെന്നാണെന്ന് വ്യക്തമാക്കാമോ; അന്ന് എത്ര ജീവനക്കാരായിരുന്നു ഉണ്ടായിരുന്നത് എന്നറിയാമോ ; ആ സമയത്ത് ബോർഡിന്റെ കീഴിൽ എത്ര ഗാർഹിക ഉപഭോക്താക്കളും എത്ര വ്യവസായ ഉപഭോക്താക്കളും ഉണ്ടായിരുന്നു എന്ന് രേഖകളുണ്ടോ; ഇവയുടെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) നിലവിൽ കെ.എസ്.ഇ.ബി.യിൽ ആകെ എത്ര ജീവനക്കാരുണ്ട്; ഇതിൽ ഇലക്ട്രിക്കൽ വിംഗിൽ ഓരോ തസ്തികകയിലും എത്ര ജീവനക്കാരുണ്ടെന്ന് വിശദമാക്കാമോ;

(സി) നിലവിൽ കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള ഗാർഹിക, വ്യാവസായിക ഉപഭോക്താക്കളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഡി) കേരളത്തിലെ വിവിധ മേഖലകളിൽ, വൈദ്യുതി നിലച്ച കഴിഞ്ഞ് പുനഃസ്ഥാപിക്കാൻ ദിവസങ്ങളോളം സമയം എടുക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) കെ.എസ്.ഇ.ബി.-യിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം മതിയാകുന്നതാണോ; ഇല്ലെങ്കിൽ പി.എസ്.സി. വഴി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; കെ.എസ്.ഇ.ബി.-യുടെ വിവിധ ഓഫീസുകളിൽ/ഫീൽഡുകളിൽ താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ച് ഇവരുടെ എണ്ണവും തസ്തികയും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ഇ.ബി. 31-3-1957-ലാണ് നിലവിൽ വന്നത്. 1-4-1957-ൽ ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെന്റിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ കെ.എസ്.ഇ.ബി.-യിലേക്ക് മാറ്റി നിയമിക്കുകയാണുണ്ടായത്. അന്നുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണം സംബന്ധിച്ച കൃത്യവിവരം ലഭ്യമല്ല. അന്ന് 79869 ഗാർഹിക കണക്ഷനുകളും 2897 വ്യാവസായിക കണക്ഷനുകളും ഉൾപ്പെടെ 84195 വൈദ്യുതി കണക്ഷനുകളാണ് ഉണ്ടായിരുന്നത്.

(ബി) 33810. ഇലക്ട്രിക്കൽ വിംഗിലുള്ള ജീവനക്കാരുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) 2016 മെയ് മാസത്തെ കണക്കുകൾ പ്രകാരം വിവിധ ജില്ലകളിലുള്ള ഗാർഹിക വ്യാവസായിക കണക്ഷനുകളുടെ എണ്ണം അനുബന്ധമായി നൽകിയിട്ടുണ്ട്.*

(ഡി) ഉണ്ട്. വൈദ്യുത തടസ്സങ്ങൾ വലിയ കാലതാമസം കൂടാതെ പുനഃസ്ഥാപിക്കാൻ മിക്കവാറും എല്ലാ സന്ദർഭങ്ങളിലും സാധിക്കാറുണ്ട്. എങ്കിലും കാലവർഷത്തിന്റെ ഭാഗമായിട്ടുണ്ടാകുന്ന ശക്തമായ കാറ്റിലും മഴയിലും ചിലപ്പോൾ വ്യാപകമായ നാശനഷ്ടമുണ്ടാകാറുണ്ട്. വൻമരങ്ങളും മറ്റും കടപുഴകി വീണതിനെ തുടർന്ന് വളരെയേറെ പോസ്റ്റുകൾ ഒടിയുകയും ലൈനുകൾ തകരാറിലാകുകയും ചെയ്ത സാഹചര്യങ്ങളിൽ ചിലപ്പോൾ അതേദിവസം വൈദ്യുത വിതരണം പരിപൂർണ്ണമായി പുനഃസ്ഥാപിക്കാൻ കഴിയാറില്ല. ഇങ്ങനെയുള്ള അവസരങ്ങളിൽ മറ്റ് സർക്കിളുകളിലെ ജീവനക്കാരെയും കരാർ തൊഴിലാളികളെയും അധികമായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വിന്യസിച്ച് പരാതികൾ പരിഹരിക്കാറുണ്ട്. ഭാവിയിൽ വൈദ്യുത തടസ്സങ്ങൾ കുറയ്ക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

1. മഴക്കാലപൂർവ്വ അറ്റകുറ്റപ്പണികൾ ഊർജ്ജിതമാക്കുക.
2. എസ്റ്റേറ്റുകളിലൂടെയും പുരയിടങ്ങളിലൂടെയും കടന്നുപോകുന്ന ലൈനുകൾ കഴിയുന്നതും പൊതുനിരത്തുകളിലൂടെ പുനഃക്രമീകരിക്കുക.
3. കൂടുതലായി വൃക്ഷലതാദികളുള്ള സ്ഥലങ്ങളിലൂടെ കടന്ന് പോകുന്ന bare conductor-കൾക്കുപകരം ABC പോലെയുള്ള insulated conductors ഉപയോഗിക്കുക.
4. ഒരു പ്രദേശം കേന്ദ്രീകരിച്ച് കൂടുതൽ കെട്ടുതികൾ വരുന്ന സാഹചര്യത്തിൽ, ആയവ ശരിയായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനായി മതിയായ സാധനസാമഗ്രികളും സുരക്ഷാ ഉപകരണങ്ങളും ലഭ്യമാക്കിക്കൊണ്ടും അധികം ജീവനക്കാരെ നിയോഗിച്ചുകൊണ്ടും ഇലക്ട്രിക്കൽ ഡിവിഷൻ തലത്തിൽ Disaster Management Committee രൂപീകരിക്കുക.

(ഇ) കെ.എസ്.ഇ.ബി.എൽ. കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം തിട്ടപ്പെടുത്തുന്നതിലേക്ക് IIM, Kozhikode പഠനം നടത്തി റിപ്പോർട്ട് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പ്രൊമോഷൻ വഴി നികത്തേണ്ട ഒഴിവുകൾ പ്രൊമോഷൻ വഴിയും പി.എസ്.സി. വഴി നികത്തേണ്ട ഒഴിവുകൾ പി.എസ്.സി. വഴിയും നികത്തുന്നതാണ്. നിലവിൽ താത്കാലിക ജീവനക്കാരെ നിയമിച്ചിട്ടില്ല. എന്നാൽ അടിയന്തര ഘട്ടങ്ങളിൽ ചില പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ ചെയ്യിക്കാറുണ്ട്.

## കാഷ്യർ തസ്തികയിലെ ഒഴിവുകൾ

114 (1651) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ കാഷ്യർ തസ്തികയിൽ എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഇതിൽ എത്ര എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ ബാക്കിയുണ്ട്;

(ബി) കെ.എസ്.ഇ.ബി.-യിൽ നിലവിൽ വരുന്ന ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നുണ്ടോയെന്ന് കർശനമായി പരിശോധിക്കാറുണ്ടോ; എങ്കിൽ യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിനെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്;

(സി) കെ.എസ്.ഇ.ബി.-യിലെ എല്ലാ തസ്തികയിലുമുള്ള ഒഴിവുകളും മുൻകൂർ ഒഴിവുകളും പി.എസ്.സി.-ക്ക്. യഥാസമയം റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ടെന്നത് ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ കാഷ്യർ തസ്തികയിൽ എത്ര ജീവനക്കാർ ആവശ്യമുണ്ട് എന്നതിനെ സംബന്ധിച്ച് ഒരു പഠനം ഐ.ഐ.എം. കോഴിക്കോട് നടത്തിയിട്ടുണ്ട്. ടി പഠന റിപ്പോർട്ട് കെ.എസ്.ഇ.ബി. ലിമിറ്റഡിന് ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് വിശദമായി പഠിച്ച് പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് ഫിനാൻസ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ ഉൾപ്പെടെയുള്ള തസ്തികയുടെ അനുവദനീയമായ ഒഴിവുകൾ എത്രയാണെന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

(ബി&സി) യഥാസമയം തന്നെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാറുണ്ട്.

**ചീഫ് എഞ്ചിനീയർ ഓഫീസ്**

115 (1652) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാം സേഫ്റ്റി, ഡ്രിപ്പ് എന്നീ വിഭാഗങ്ങളിലെ ചീഫ് എൻജിനീയർ ഓഫീസ് നിലവിൽ പ്രവർത്തിക്കുന്നത് എവിടെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ആഫീസിന്റെ പ്രവർത്തനം കൊട്ടാരക്കര വൈദ്യുതി ഭവനിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പള്ളം ഡ്രിപ്പുമായി ബന്ധപ്പെട്ട ഒരു ഡിവിഷൻ ഓഫീസോ സബ്ഡിവിഷൻ ഓഫീസോ കൊട്ടാരക്കരയിൽ ആരംഭിക്കുമോ;

(ഡി) ഡാം സേഫ്റ്റി, ഡ്രിപ്പ് എന്നിവയ്ക്ക് പ്രത്യേകമായി ഡെപ്യൂട്ടി ചീഫ് എൻജിനീയർ ആവശ്യമുണ്ടെന്ന നിർദ്ദേശം നിലവിലുണ്ടോ; അപ്രകാരം ഒരു ഓഫീസ് കൊട്ടാരക്കര വൈദ്യുതി ഭവന് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം വൈദ്യുതി ഭവനിലാണ് പ്രവർത്തിക്കുന്നത്.

(ബി) പ്രസ്തുത ഓഫീസ് കൊട്ടാരക്കരയിലേക്ക് മാറ്റുന്നതിന് നിർവ്വാഹമില്ല.

(സി&ഡി) ഇല്ല.

## ഊർജ്ജ സംരക്ഷണം

116 (1653) ശ്രീ. എം. എം. മണി :

ശ്രീ. ബി. ഡി. ദേവസ്സി :

ശ്രീ. സി. കെ. ശശീന്ദ്രൻ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ വൈദ്യുത പ്രസരണ നഷ്ടം എത്രയാണ്; ഇത് കുറയ്ക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെങ്കിൽ വിശദമാക്കുമോ?

ഉത്തരം

നിലവിലെ (2015-16 സാമ്പത്തിക വർഷത്തിലെ) പ്രസരണ വിതരണ നഷ്ടം 14.37 ശതമാനമാണ്. സംസ്ഥാനത്ത് വൈദ്യുതി വിതരണ ശൃംഖലയിലുള്ള നഷ്ടത്തിനെ 'ടെക്നിക്കൽ ലോസെന്നും' 'കൊമേഴ്സ്യൽ ലോസെന്നും' രണ്ടായി തരം തിരിച്ചിരിക്കുന്നു. ടെക്നിക്കൽ ലോസ് കുറയ്ക്കുന്നതിന് താഴെ പറയുന്ന വിവിധ പദ്ധതികളാണ് ബോർഡ് നടപ്പാക്കി വരുന്നത്.

1. കൂടുതൽ എച്ച്.ടി. ലൈനുകൾ സ്ഥാപിച്ച് എച്ച്.ടി./എൽ.ടി. അനുപാതം മെച്ചപ്പെടുത്തുക.
2. കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് എൽ.ടി. ലൈനുകളിലുള്ള ഊർജ്ജ നഷ്ടം കുറയ്ക്കുക.
3. എച്ച്.ടി. ലൈനുകളിലും എൽ.ടി. ലൈനുകളിലും പഴയ കണ്ടക്ടർ മാറ്റി പുതിയ കണ്ടക്ടർ സ്ഥാപിക്കുക.
4. സിസ്റ്റം പവർ ഫാക്ടർ മെച്ചപ്പെടുത്തുക.
5. കൂടുതൽ സബ്സ്റ്റേഷനുകളും പ്രസരണ ലൈനുകളും സ്ഥാപിക്കുക.

വിതരണ ശൃംഖലയിലുള്ള കൊമേഴ്സ്യൽ ലോസ് കുറയ്ക്കുന്നതിന് താഴെ പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. കേടായ മീറ്ററുകളും ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകളും മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.
2. ബോർഡിന്റെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് കൂടുതൽ കാര്യക്ഷമമാക്കുക.

3. ഉപഭോക്താക്കളുടെ ബിൽ നൽകുന്നതും റവന്യൂ കളക്ഷനും കമ്പ്യൂട്ടർവൽക്കരിക്കുക.

4. എനർജി ഓഡിറ്റ് (ഫീഡർ തലത്തിലും ട്രാൻസ്ഫോർമർ തലത്തിലും) കൂടുതൽ വ്യാപകമാക്കുക.

2016-17 വർഷത്തിലേക്ക് ഏകദേശം 367 സർക്യൂട്ട് കിലോമീറ്റർ ഇ.എച്ച്.ടി. ലൈനുകളും 18 പുതിയ സബ്സ്റ്റേഷനുകളും 3050 കിലോമീറ്റർ 11 കെ.വി. ലൈനുകളും 3300 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോമറുകളും 3500 കിലോമീറ്റർ പുതിയ എൽ.ടി. ലൈനുകളും 14 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനും ബോർഡ് ലക്ഷ്യമിട്ടിട്ടുണ്ട്.

**ഗുണനിലവാരം ഉറപ്പുവരുത്താൻ നടപടി**

117 (1654) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോൺക്രീറ്റ് വൈദ്യുതി പോസ്റ്റുകൾ വേഗത്തിൽ ഒടിഞ്ഞുപോകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പോൾ കാസ്റ്റിംഗ് യൂണിറ്റുകളിൽ ആവശ്യമായ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്;

(സി) സ്റ്റീൽ കമ്പിക്ക് പകരം ഇരുമ്പ് വയർ ഉപയോഗിക്കുന്നത് പോസ്റ്റുകൾ വേഗത്തിൽ ഒടിയുന്നതിന് കാരണമാകുന്നുണ്ടോ;

(ഡി) പോൾ കാസ്റ്റിംഗ് യൂണിറ്റിലെ ഗുണമേന്മ പരിശോധന കർശനമാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. എന്നാൽ മഴയത്തും കാറ്റത്തും മരങ്ങൾ ഒടിഞ്ഞുവീണും വാഹനങ്ങൾ മുട്ടിയും ശരിയായ രീതിയിൽ കൈകാര്യം ചെയ്യാത്തുമൂലവും പോസ്റ്റുകൾ ഒടിഞ്ഞു പോകുന്നുണ്ട്.

(ബി) പോൾ കാസ്റ്റിംഗ് യൂണിറ്റുകളിൽ ഉപയോഗിക്കുന്ന അസംസ്കൃത സാധനങ്ങൾ അതാത് BIS Specification പ്രകാരമുള്ളതാണോ എന്ന് പരിശോധിക്കുവാൻ ബന്ധപ്പെട്ട ബോർഡ് ഉദ്യോഗസ്ഥർക്ക് അധികാരമുണ്ട്. BIS Specification പ്രകാരമുള്ള എല്ലാ ടെസ്റ്റുകളും അതാത് ഇലക്ട്രിക്കൽ സർക്കിളിലെ സിവിൽ വിഭാഗം ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തിയതിന് ശേഷമാണ് പോസ്റ്റുകൾ കരാറുകാരിൽ നിന്നും വാങ്ങുന്നത്.

(സി) ഇപ്പോൾ ഉപയോഗിച്ചുവരുന്ന പ്രീസ്ട്രസ്ഡ് കോൺക്രീറ്റ് പോസ്റ്റുകളിൽ 4 mm ഹൈടെൻസൈൽ സ്റ്റീൽ വയറുകളാണ് ഉപയോഗിക്കുന്നത്. സ്റ്റീൽ കമ്പിക്ക് പകരം ഹൈടെൻസൈൽ സ്റ്റീൽ വയറുകൾ ഉപയോഗിക്കുന്നത് പോസ്റ്റുകൾ വേഗത്തിൽ ഒടിയുന്നതിന് കാരണമാകുന്നില്ല. ഇത്തരം വയറുകൾ ഉപയോഗിക്കുവാൻ BIS അനുവദിച്ചിട്ടുണ്ട്.

(ഡി) നടപടി സ്വീകരിക്കുന്നതാണ്.

**പീച്ചി ചെറുകിട ജലവൈദ്യുത പദ്ധതി**

118 (1655) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പീച്ചി ചെറുകിട ജലവൈദ്യുത പദ്ധതി കമ്മീഷൻ ചെയ്തത് എന്നാണെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കമ്മീഷൻ ചെയ്തതിനുശേഷം ഇതുവരെ ഓരോ വർഷവും ഉല്പാദിപ്പിച്ച വൈദ്യുതി സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ എത്ര തുക ചെലവഴിച്ചെന്ന് വ്യക്തമാക്കാമോ;

(ഇ) വൈദ്യുതി ഉല്പാദനം സംബന്ധിച്ച് എന്തെങ്കിലും പ്രശ്നങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 7-1-2013-ൽ.

(ബി) 1.25 MW.

(സി) കമ്മീഷൻ ചെയ്തതിനുശേഷം ഓരോ വർഷവും ഉൽപ്പാദിപ്പിച്ച വൈദ്യുതിയുടെ കണക്ക് ചുവടെ ചേർക്കുന്നു:

| വർഷം | ഉൽപ്പാദനം മില്യൺ യൂണിറ്റിൽ |
|---|---|
| 2013-14 | 3.344 Mu |
| 2014-15 | 2.012 Mu |
| 2015-16 | 1.462 Mu |
| ആകെ | 6.818 മില്യൺ യൂണിറ്റ് |

(ഡി) 11.4 കോടി രൂപ.

(ഇ) ജലസേചന ആവശ്യത്തിനായി പീച്ചി ഡാമിൽ നിന്നും വെള്ളം തുറന്നുവിടുമ്പോഴും ഡാം നിറഞ്ഞ് കവിയുമ്പോഴും മാത്രമാണ് പീച്ചി ചെറുകിട ജലവൈദ്യുത പദ്ധതിയിൽ വൈദ്യുതി ഉൽപ്പാദനം നടക്കുന്നത്. വൈദ്യുതി ഉൽപ്പാദനം സംബന്ധിച്ച് മറ്റ് പ്രശ്നങ്ങളൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കാവാലം സബ്സ്റ്റേഷൻ**

119 (1656) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാവാലം സബ് സ്റ്റേഷൻ നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

കാവാലം 66 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. സബ്സ്റ്റേഷനുവേണ്ടി കണ്ടെത്തിയ സ്ഥലം കരഭൂമി അല്ലാത്തതിനാൽ കേരള നെൽവയൽ തണ്ണീർതട സംരക്ഷണ നിയമപ്രകാരം ഈ ഭൂമി നികത്തുവാൻ അനുമതി ലഭിച്ചില്ല. തുടർന്ന് അനുയോജ്യമായ സ്ഥലം അന്വേഷിച്ചുവരുന്നു.

**ഹൈഡൽ ടൂറിസം**

120 (1657) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈഡൽ ടൂറിസവുമായി ബന്ധപ്പെട്ട് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ പാട്ടത്തിനോ വാടകയ്ക്കോ വൻതോതിൽ ഭൂമി അനുവദിച്ചിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ജീവനക്കാരുടെ നിയമനത്തിനായി സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം വിശദമാക്കുമോ;

(സി) ജീവനക്കാരിൽ പോലീസ് കേസുകളിൽ ഉൾപ്പെട്ടിട്ടുള്ളവർ ഉണ്ടെങ്കിൽ അവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) 110 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. നിയമന മാനദണ്ഡങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ പൊതു താല്പര്യ ഹർജി നിലനിൽക്കുന്നുണ്ട്. നിലവിൽ ഇതിനായി ചട്ടങ്ങൾ രൂപപ്പെടുത്തിയിട്ടില്ല.

(സി) ജീവനക്കാർ പോലീസ് കേസിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പ്രസരണ-വിതരണ നഷ്ടം കുറയ്ക്കാൻ നടപടി

121 (1658) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഊർജ രംഗത്ത് പ്രസരണ - വിതരണ നഷ്ടം കുറയ്ക്കാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കിയത്; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത്; വിവരിക്കുമോ;

(സി) ഇതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ കഴിഞ്ഞത്; വിശദീകരിക്കുമോ?

### ഉത്തരം

(എ-സി) വൈദ്യുതി പ്രസരണ വിതരണ നഷ്ടത്തെ ടെക്നിക്കൽ ലോസ് (Technical Loss) എന്നും കൊമേഴ്സ്യൽ ലോസ് (Commercial Loss) എന്നും രണ്ടായി തരം തിരിച്ചിട്ടുണ്ട്. ടെക്നിക്കൽ ലോസ് കുറയ്ക്കുന്നതിന് താഴെ പറയുന്ന നടപടികൾ ബോർഡ് കാലാകാലങ്ങളിലായി നടപ്പിലാക്കി വരുന്നു.

1. എച്ച്.ടി. ലൈനുകളും, എൽ.ടി. ലൈനുകളും തമ്മിലുള്ള അനുപാതം ഘട്ടം ഘട്ടമായി മെച്ചപ്പെടുത്തുക.
2. 11 കെ.വി., 33 കെ.വി. ശൃംഖലകൾ കൂടുതൽ ശക്തിപ്പെടുത്തുക.
3. കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
4. കൂടുതൽ സബ്സ്റ്റേഷനുകളും പ്രസരണ ലൈനുകളും സ്ഥാപിക്കുക.
5. എൽ.ടി. ലൈനിലും എച്ച്.ടി. ലൈനിലുമുള്ള പഴയ കണ്ടക്റ്ററുകൾ മാറ്റി മെച്ചപ്പെട്ട ശേഷിയുള്ള പുതിയ കണ്ടക്റ്ററുകൾ സ്ഥാപിക്കുക.
6. സിസ്റ്റം പവർ ഫാക്റ്റർ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

വൈദ്യുതി മോഷണം, കേടായ എനർജി മീറ്ററുകൾ തുടങ്ങിയവ

വൈദ്യുതി കൃത്യമായി രേഖപ്പെടുത്താത്തത് കാരണം യഥാർത്ഥ ഉപഭോഗം കണക്കാക്കാൻ കഴിയാറില്ല. ടി കാരണങ്ങൾ കൊണ്ടുള്ള നഷ്ടത്തെയാണ് കൊമേഴ്സ്യൽ ലോസ് (Commercial Loss) ആയി കണക്കാക്കുന്നത്. കൊമേഴ്സ്യൽ ലോസ് കുറയ്ക്കുന്നതിന് താഴെ പറയുന്ന നടപടികൾ ബോർഡ് സ്വീകരിച്ചുവരുന്നു.

- കേടായ എനർജി മീറ്ററുകളും ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകളും മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.
- ബോർഡിലെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക.
- ഉപഭോക്താക്കൾക്ക് ബില്ലുകൾ നൽകുന്നതും റവന്യൂ കളക്ഷനും പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുക.
- എനർജി ആഡിറ്റ് (ഫീഡർ തലത്തിലും ട്രാൻസ്ഫോർമർ തലത്തിലും) കൂടുതൽ വ്യാപകമാക്കുക.

വൈദ്യുതി പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിന്റെ ഭാഗമായി താഴെ പറയുന്ന നടപടികൾ 2002-03 മുതൽ വൈദ്യുതി ബോർഡ് സ്വീകരിച്ചിട്ടുണ്ട്.

(1) 2002-03 മുതൽ 2015-16 വരെയുള്ള കാലയളവിൽ 2727 സർക്യൂട്ട് കിലോമീറ്ററോളം ഇ.എച്ച്.ടി. ലൈനുകളും 189 സബ് സ്റ്റേഷനുകളും 26034 സർക്യൂട്ട് കിലോമീറ്ററോളം എച്ച്.ടി. ലൈനുകളും 72344 സർക്യൂട്ട് കിലോമീറ്റർ എൽ.ടി. ലൈനുകളും 40823 വിതരണ ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചിട്ടുണ്ട്.

(2) കൂടാതെ, 2002-03 മുതൽ 2015-16 വരെയുള്ള കാലയളവിൽ വൈദ്യുതി ബോർഡ് 94 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ഈ കാലയളവിൽ ഏകദേശം 161 കോടിയോളം രൂപ വൈദ്യുതി മോഷണം നടത്തിയ വകയിൽനിന്നും പിഴയായി എ.പി.ടി.എസ് വസൂലാക്കിയിട്ടുണ്ട്.

സംസ്ഥാനത്തിന്റെ പ്രസരണ വിതരണ നഷ്ടം 2001-02-ൽ 30.76 ശതമാനമായിരുന്നു. ഇത് 2015-16-ൽ 14.37 ശതമാനത്തിലേക്ക് എത്തിക്കുന്നതിന് വൈദ്യുതി ബോർഡിന് സാധിച്ചിട്ടുണ്ട്. കൂടുതൽ സബ് സ്റ്റേഷനുകൾ സ്ഥാപിച്ചും

വിതരണ ലൈനുകൾ വലിച്ചും കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചും കേടായ മീറ്ററുകൾ മാറ്റിയും വൈദ്യുതി മോഷണം തടയുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കിയും വൈദ്യുതി ബോർഡ് സംസ്ഥാനത്തിന്റെ പ്രസരണ വിതരണ നഷ്ടം 2002-03 മുതൽ 2015-16-ലേക്ക് (14 വർഷം) 16.39 ശതമാനത്തിനകത്ത് കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. ഇതുവഴി 2015-16-ൽ മാത്രം ഏകദേശം 5341 ദശലക്ഷം യൂണിറ്റ് വൈദ്യുതി വാങ്ങുന്നത് ഒഴിവാക്കുന്നതിനും അതുവഴി 1869 കോടിയോളം രൂപ വൈദ്യുതി വാങ്ങുന്നതിൽ ലാഭിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

നടപ്പു സാമ്പത്തിക വർഷം വൈദ്യുതി പ്രസരണ വിതരണ നഷ്ടം 14.10 ശതമാനത്തിലേക്ക് എത്തിക്കുന്നതിനാണ് സംസ്ഥാന വൈദ്യുതി ബോർഡ് ലക്ഷ്യമിടുന്നത്. ഇതിനു വേണ്ടി 18 പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനും 367 സർക്യൂട്ട് കിലോമീറ്ററോളം ഇ.എച്ച്.ടി. ലൈനുകളും 3050 കിലോമീറ്ററോളം എച്ച്.ടി. ലൈനുകളും 3300 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും 3500 കിലോമീറ്റർ പുതിയ എൽ.ടി. ലൈനുകളും 14 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്.

2001-02 മുതൽ 2015-16 വരെയുള്ള കാലയളവിൽ പ്രസരണ വിതരണ നഷ്ടം കുറച്ചതിന്റെയും അതുവഴി വൈദ്യുതി വാങ്ങൽ ചെലവിൽ വന്ന കുറവിന്റെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ബൈതരണി കൽക്കരി പാടം

122 (1659) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2007-ൽ കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് അനുവദിച്ച ബൈതരണി കൽക്കരി പാടം തിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കൽക്കരി പാടം സംസ്ഥാനത്തിന്റെ ആവശ്യത്തിനായി വികസിപ്പിക്കുന്നതിനുള്ള സാദ്ധ്യത വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്. കൽക്കരിപ്പാടം വികസിപ്പിക്കുന്നതിൽ നേരിട്ട കാലതാമസം ചൂണ്ടിക്കാട്ടിയാണ് കേന്ദ്ര കൽക്കരി മന്ത്രാലയം ബൈതരണി കൽക്കരിപ്പാടം 2012 ഡിസംബർ 10-ാം തീയതിയിലെ ഉത്തരവുപ്രകാരം തിരിച്ചെടുത്തത്. കൽക്കരി പാടത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതി ഒറീസ്സ സർക്കാർ നൽകാതിരുന്നതും പാരിസ്ഥിതിക പഠനം നടത്തുന്നതിനുള്ള അനുമതിക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം മോറട്ടോറിയം ഏർപ്പെടുത്തിയതും കാരണമാണ് കൽക്കരിപ്പാടം വികസിപ്പിക്കുന്നതിൽ കാലതാമസം നേരിട്ടത്. എന്നാൽ 2014 ആഗസ്റ്റിലും സെപ്റ്റംബറിലുമായി ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച ഉത്തരവുകളനുസരിച്ച് ബൈതരണി ഉൾപ്പെടെ 1993 ജൂലൈ മാസത്തിന് ശേഷം അനുവദിക്കപ്പെട്ട എല്ലാ കൽക്കരിപ്പാടങ്ങളുടെയും അനുമതി റദ്ദാക്കപ്പെട്ടിട്ടുണ്ട്. ഈ പാടങ്ങളെല്ലാം കേന്ദ്ര സർക്കാർ പുതുതായി വിവിധ ഉപഭോക്താക്കൾക്ക് അനുവദിച്ചുവരികയാണ്.

(ബി) കൽക്കരിപ്പാടങ്ങൾ പുനരനുവദിക്കുന്നതിനായി കൽക്കരി മന്ത്രാലയം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ബൈതരണി കൽക്കരിപ്പാടം അത് സ്ഥിതി ചെയ്യുന്ന സംസ്ഥാനമായ ഒറീസ്സയിലെ സർക്കാർ കമ്പനികൾക്കുമാത്രമായി റിസർവ് ചെയ്തിരിക്കുകയാണ്. അതിനാൽ കേരളത്തിന് ബൈതരണി കൽക്കരിപ്പാടത്തിനായി അപേക്ഷ സമർപ്പിക്കാൻ കഴിയില്ല. എന്നാൽ മറ്റേതെങ്കിലും കൽക്കരിപ്പാടം സംസ്ഥാനത്തിന്റെ ആവശ്യത്തിനായി അനുവദിച്ചു കിട്ടുന്നതിനുള്ള അപേക്ഷ അതിന്റെ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്ന മുറയ്ക്ക് കേന്ദ്ര സർക്കാരിന് സമർപ്പിക്കാവുന്നതാണ്.

**ഏറനാട് മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം**

123 (1660) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗാർഹിക വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് ഏതെല്ലാം കേന്ദ്ര-സംസ്ഥാന പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആദിവാസി കോളനികളുടെ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട് ഏതെങ്കിലും പ്രത്യേക പദ്ധതികൾ നിലവിലുണ്ടോയെന്ന് വിശദമാക്കാമോ;

(സി) ഏറനാട് മണ്ഡലത്തെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രദേശമായി പ്രഖ്യാപിക്കുന്നതിന് ഇനിയും ഏതെല്ലാം പ്രദേശങ്ങൾ വൈദ്യുതീകരിക്കേണ്ടതായിട്ടുണ്ട്; വിശദാംശം നൽകാമോ;

(ഡി) ആദിവാസി കോളനികൾ ഉൾപ്പെടെയുള്ള പ്രസ്തുത പ്രദേശങ്ങൾ അടിയന്തരമായി വൈദ്യൂതീകരിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീനദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജന പ്രകാരം ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനും അനുബന്ധ പ്രവർത്തികൾക്കുമായി 482.96 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇതുവരെ വൈദ്യുതീകരിച്ചിട്ടില്ലാത്ത എല്ലാ വീടുകളിലും വൈദ്യുത കണക്ഷൻ നൽകാനുള്ള ഒരു പദ്ധതി ഇപ്പോൾ സംസ്ഥാന സർക്കാർ ആവിഷ്കരിച്ചുവരുന്നു. കൂടാതെ വൈദ്യുതി ലൈനുകൾ നീട്ടാനാവാത്ത വിദൂര ഗ്രാമങ്ങളിലും കോളനികളിലും സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി എത്തിക്കുന്നതിനുള്ള കേന്ദ്ര സർക്കാർ പദ്ധതിയും (RGGVY-DDG) നിലവിലുണ്ട്.

(ബി) ലൈൻ നീട്ടൽ പ്രായോഗികമല്ലാത്ത ആദിവാസി കോളനികളിൽ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച RGGVY പദ്ധതിയുടെ ഭാഗമായ DDG (Decentralized Distributed Generation) പദ്ധതിയിലുൾപ്പെടുത്തിയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ചും ആദിവാസി കോളനികളുടെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി&ഡി) ഏറനാട് മണ്ഡലത്തിലെ വെറ്റിലക്കൊള്ളി കോളനി ഒഴികെ മറ്റെല്ലാ കോളനികളും വൈദ്യുതീകരിച്ചിട്ടുണ്ട്. വെറ്റിലക്കൊള്ളി കോളനിയെ ഇപ്പോഴുള്ള സ്ഥലത്ത് തന്നെ നിലനിർത്തുന്നതിനുള്ള തീരുമാനം ഐ.ടി.ഡി.പി. കൈക്കൊള്ളാത്തതുകാരണം പ്രസ്തുത കോളനിയുടെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

**അനധികൃത വയറിംഗ് തടയുന്നതിന് നടപടി**

124 (1661) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനധികൃത വയറിംഗ് തടയുന്നതിനും ലൈസൻസുള്ള വയറിംഗ് തൊഴിലാളികളെക്കൊണ്ട് മാത്രം ഈ ജോലിചെയ്യിക്കുന്നതിനും വൈദ്യുതി ബോർഡ് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) അനധികൃത വയറിംഗ് ക്രിമിനൽ കുറ്റമായി കണക്കാക്കുന്നതിനും ഈ കുറ്റകൃത്യം ചെയ്യുന്നവർക്കെതിരെ എന്ത് ശിക്ഷാ നടപടിയാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്നുംഎന്ന് വ്യക്തമാക്കാമോ; ഇതിന് നിയമ പിൻബലമുണ്ടോ; എങ്കിൽ, ഇന്ത്യൻ ശിക്ഷാ നിയമം ഏത് വകുപ്പ് പ്രകാരമാണ് ഇവർക്കെതിരെ കേസ്സെടുക്കുന്നത്?

ഉത്തരം

(എ) അനധികൃത വയറിംഗ് തടയുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് വർക്ക് രജിസ്റ്റർ സമ്പ്രദായം നടപ്പിലാക്കിയിട്ടുണ്ട്. പുതിയ കണക്ഷൻ/നിലവിലുള്ള വയറിംഗിൽ വ്യതിയാനം വരുത്തൽ, വൈദ്യുതി വിച്ഛേദിച്ചതിനുശേഷം പുനർ കണക്ഷൻ നൽകൽ എന്നീ ജോലികൾക്ക് ലൈസൻസുള്ള വയർമാൻ/ സൂപ്പർവൈസർ/കോൺട്രാക്ടർ ഹാജരാക്കുന്ന ടെസ്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മേൽ നടപടികൾ സ്വീകരിക്കാറുള്ളൂ.

(ബി) അനധികൃത വയറിംഗ് ചെയ്യുന്നവർക്കെതിരെ ക്രിമിനൽ കുറ്റം ചുമത്തി നടപടി സ്വീകരിക്കാൻ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

**മസ്ദൂർ തസ്തികയിൽ നിയമനം**

125 (T1662) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കെ.എസ്.ഇ.ബി മസ്ദൂർ തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ മുഴുവൻ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനത്തിന്റെ റാങ്ക് ലിസ്റ്റ് കാലാവധി അവസാനിക്കുന്നത് എന്നാണെന്നും പ്രസ്തുത ലിസ്റ്റിൽ നിന്നും കൊല്ലം ജില്ലയിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഒഴിവുകൾ ഇല്ല.

(സി) ലിസ്റ്റിന്റെ കാലാവധി 31-12-2016 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള ലിസ്റ്റിൽ നിന്നും ഇതുവരെ 37 പേരെ നിയമിച്ചിട്ടുണ്ട്.

**ആറന്മുള മണ്ഡലത്തിൽ സബ്സ്റ്റേഷൻ**

126 (1663) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ആറന്മുള മണ്ഡലത്തിലെ ഒറ്റനട പഞ്ചായത്തിൽ വോൾട്ടേജ് ക്ഷാമം അതിരൂക്ഷമായതിനാൽ അവിടെ ഒരു സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

ആറന്മുള ഒറ്റനട പഞ്ചായത്തിൽ സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടില്ല.

**ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ**

127 (1664) ശ്രീ. പി. ടി. തോമസ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഈ പദ്ധതികൾ വഴി കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വിശദമാക്കാമോ;

(സി) എന്തെല്ലാം നേട്ടങ്ങളാണ് പദ്ധതി നടത്തിപ്പുവഴി കൈവരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഊർജ്ജ സംരക്ഷണ പ്രവർത്തനം സംസ്ഥാനത്ത് നടപ്പിലാക്കുന്നത് ലക്ഷ്യമിട്ട് കേരള സംസ്ഥാന വൈദ്യുതി ബോർഡിൽ എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം (എസ്കോട്ട്) എന്ന വിഭാഗം രൂപീകരിച്ചിട്ടുണ്ട്. എസ്കോർട്ടിന്റെ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ, കോളേജ്, റസിഡൻസ് അസോസിയേഷനുകൾ ഇവയുമായി ചേർന്ന് ഊർജ്ജ സംരക്ഷണബോധവൽക്കരണ പ്രവർത്തനങ്ങൾ, എൽ.ഇ.ഡി. ബൾബുകളിലൂടെയുള്ള ഊർജ്ജ സംരക്ഷണ പ്രചാരണം, ഊർജ്ജ സംരക്ഷണ സന്ദേശം ഉൾക്കൊള്ളുന്ന പോസ്റ്റർ, ലഘു ലേഖകൾ എന്നിവ തയ്യാറാക്കി വിതരണം ചെയ്യൽ, ഐസ് പ്ലാന്റുകളിലെയും, കാർഷിക മേഖലകളിലെയും,ഗവൺമെന്റ് ആശുപത്രികളിലെയും ഊർജ്ജ സംരക്ഷണം തുടങ്ങിയവ നടത്തിവരുന്നു. ഇതു കൂടാതെ വലിയ ഊർജ്ജ ഉപഭോക്താക്കളിൽ എനർജി ആഡിറ്റ് നടത്തുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ

പവർ സിസ്റ്റത്തിൽ ഊർജ്ജനഷ്ടം കുറയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾക്കായി എനർജി മാനേജ്മെന്റ് സെന്റർ നടപ്പാക്കി വരുന്ന കർമ്മപദ്ധതികൾ താഴെ പറയുന്നവയാണ്. സംസ്ഥാനത്ത് ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ, ഇ.എം.സി. മുഖാന്തരം ഊർജ്ജ സംരക്ഷണ അവാർഡ് എല്ലാ വർഷവും നൽകിവരുന്നു. ഊർജ്ജസംരക്ഷണ അവാർഡ് പദ്ധതി മുഖാന്തരം 2015-16 കാലയളവിൽ 77 മില്യൺ യൂണിറ്റ് വൈദ്യുതിയും 9610 ടൺ എണ്ണയും ലാഭിക്കുവാൻ സാധിച്ചിട്ടുണ്ട്. എനർജി കൺസർവേഷൻ അവാർഡ് സ്കീമിന്റെ ഭാഗമായി അവാർഡ് നേടിയ സ്ഥാപനങ്ങളിൽ അവർഡിന് അപേക്ഷ സമർപ്പിച്ചവർക്ക് സന്ദർശനം ഒരുക്കുകയും ഊർജ്ജ സംരക്ഷണത്തിനായി അവാർഡ് നേടിയവർ കൈക്കൊണ്ട പുതിയ സാങ്കേതിക പരിജ്ഞാനം ബാക്കിയുള്ളവർക്ക് പരിചയപ്പെടുത്തുകയും ഇത് മറ്റുള്ളവർ പരീക്ഷിക്കുക വഴി വൻതോതിലുള്ള ഊർജ്ജലാഭം ഉണ്ടാക്കുവാനും സാധിക്കും.

- സർക്കാർ ഓഫീസുകളിലെയും കെട്ടിടങ്ങളിലെയും വൈദ്യുതി ഉപയോഗം പരിശോധിക്കുന്നതിന് ഊർജ്ജ ഓഡിറ്റ് നടത്തി വരുന്നു.
- ഊർജ്ജലാഭം നേടുന്നതിനായി സർക്കാർ കെട്ടിടങ്ങളിൽ 10% വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓഫീസുകളിൽ ഊർജ്ജസംരക്ഷണ ബോധവൽക്കരണ പരിപാടികളും നടത്തിയിട്ടുണ്ട്.
- പൊതു കെട്ടിടങ്ങളെ മാതൃകാ ഊർജ്ജകാര്യക്ഷമ കെട്ടിടങ്ങളാക്കുന്നതിനായി മുപ്പതിലധികം സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തിയിട്ടുണ്ട്. ഓഡിറ്റ് റിപ്പോർട്ട് നടപ്പിലാക്കുന്നതിലൂടെ ഊർജ്ജലാഭം നേടാമെന്ന് കണ്ടെത്തുകയും 8 സ്ഥാപനങ്ങളിൽ റിപ്പോർട്ട് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ബൾബുകളും ഫാനുകളും മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ബൾബുകളും ബി.ഇ.ഇ. സ്റ്റാർ റേറ്റഡ് ഫാനുകളും എയർ കണ്ടീഷണറുകളും സ്ഥാപിച്ചിട്ടുണ്ട്.

1. ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2. വികാസ്ഭവൻ, തിരുവനന്തപുരം
3. സിവിൽ സ്റ്റേഷൻ, കോഴിക്കോട്
4. സിവിൽ സ്റ്റേഷൻ, തൃശ്ശൂർ

5. സിവിൽ സ്റ്റേഷൻ, എറണാകുളം
6. സിവിൽ സ്റ്റേഷൻ, കോട്ടയം
7. ഹൈക്കോടതി കെട്ടിടം, കൊച്ചി
8. വൈലോപ്പിള്ളി സംസ്കൃതിഭവൻ, തിരുവനന്തപുരം

- ഊർജ്ജസംബന്ധമായ പരിശീലന പരിപാടികൾ നടത്തുന്നതിനായി കേരളത്തിലുടനീളം 160 റിസോഴ്സ് പേഴ്സണുകൾക്ക് പരിശീലനം നൽകിയിട്ടുണ്ട്.
- വിദ്യാർത്ഥികളിൽ ഊർജ്ജസംരക്ഷണ ബോധവൽക്കരണം നടത്തുന്നതിന് സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പേരിൽ പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാന തലത്തിൽ വിദ്യാർത്ഥികൾക്കായി എനർജി കോൺഗ്രസ്സ് നടത്തിവരുന്നു.
- കേരളത്തിലെ എഞ്ചിനീയറിംഗ്, പോളിടെക്നിക്ക്, ഐ.ടി.ഐ മുതലായ സ്ഥാപനങ്ങളിൽ ഊർജ്ജസംരക്ഷണ എക്സിബിഷനുകൾ, മത്സരങ്ങൾ, പരിശീലന പരിപാടികൾ എന്നിവ നടത്തുകയുണ്ടായി.
- വിദ്യാർത്ഥികൾക്ക് ഊർജ്ജസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് പുതുതായി കണ്ടുപിടുത്തങ്ങൾ നടത്തുവാനായി സാമ്പത്തികവും സാങ്കേതികവുമായ സഹായം ഇ.എം.സി. നൽകിവരുന്നു.
- അദ്ധ്യാപകർക്കും ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട് നിൽക്കുന്ന മറ്റ് വ്യക്തികൾക്കും ഊർജ്ജ മേഖലയിൽ ഗവേഷണം നടത്തുവാൻ ഇ.എം.സി. സഹായം നൽകിവരുന്നു.
- സാങ്കേതിക വിദ്യാഭ്യാസമേഖലയിലെ കുട്ടികൾക്കായി ഊർജ്ജ സംബന്ധമായ പരിശീലനം നൽകുവാൻ വേണ്ടി സാങ്കേതിക വിദഗ്ധരെ പരിശീലനം നൽകി തയ്യാറാക്കി നിർത്തിയിരിക്കുന്നു.
- പൊതുജനങ്ങളിൽ ഊർജ്ജസംരക്ഷണ അവബോധം വളർത്തുന്നതിലേക്കായി എല്ലാ നിയോജകമണ്ഡലങ്ങളിലും കുറഞ്ഞത് ഒരു ബോധവൽക്കരണ പരിപാടി എന്ന നിലയ്ക്ക് കേരളമൊട്ടാകെ 193 സ്ഥലങ്ങളിൽ ഈ പരിപാടി നടത്തിവരുന്നു. ഈ പരിപാടി കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട എൻ.ജി.ഒ.കൾ (148 എണ്ണം) വഴിയാണ് നടത്തുന്നത്. ഈ പരിപാടിയുടെ പേര് 'ഊർജ്ജകിരൺ' എന്നാണ്.

- ഗാർഹികഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജസംരക്ഷണ ബോധവൽക്കരണം നൽകുന്നതിന് സ്ത്രീകളായ എനർജി ക്ലിനിക്ക് വോളണ്ടിയർമാർ വീടുകൾതോറും ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ നൽകുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നു.
- പൊതുജനങ്ങൾക്ക് ഊർജ്ജ ബോധവൽക്കരണം നടത്തുന്നതിലേക്കായി വിവിധ എക്സിബിഷനുകൾ, ലഘുലേഖാവിതരണം എന്നിവ നടത്തിവരുന്നു.

(ബി) ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത കുട്ടികളിൽ എത്തിക്കുക, ഊർജ്ജമേഖലയിലെ പുതിയ സാങ്കേതിക വിദ്യകളെപ്പറ്റി ജനങ്ങളെ ബോധവാന്മാരാക്കുക, ഊർജ്ജത്തിന്റെ ദുരുപയോഗം കുറച്ചുകൊണ്ട് വരുവാൻ ജനങ്ങളെ തയ്യാറാക്കുക, ഊർജ്ജ മേഖലയെപ്പറ്റി നിലവിലുള്ള എല്ലാ സംശയങ്ങൾക്കും വിശദമായ അറിവ് പൊതുജനങ്ങളിൽ എത്തിക്കുക, ഇതുവഴി എല്ലാ മേഖലകളിലും ഊർജ്ജ കാര്യക്ഷമത കൈവരിക്കുക എന്നിവയാണ് ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യം.

കൂടാതെ ഊർജ്ജ ഉപയോഗ മേഖലകളിലെ ഊർജ്ജ നഷ്ടം കുറയ്ക്കാനും ഉപഭോക്താക്കളിൽ ഊർജ്ജസംരക്ഷണത്തിന്റെ പ്രാധാന്യം ബോധ്യപ്പെടുത്താനും സാധിച്ചിട്ടുണ്ട്. ഊർജ്ജ സംരക്ഷണത്തിലൂടെ അന്തരീക്ഷ മലിനീകരണം ലഘൂകരിക്കുവാനും അസുഖകരമായ കാലാവസ്ഥാ വ്യതിയാനങ്ങളിൽ നിന്നും രക്ഷ നേടാനും സാധിക്കുന്നു

(സി)
- 2015-16 കാലയളവിൽ 77 മില്യൺ യൂണിറ്റ് വൈദ്യുതി വ്യവസായ മേഖലയിൽ ലാഭിക്കുവാൻ സാധിച്ചു.
- സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് 17 ടെക്നിക്കൽ റിസോഴ്സ് പേഴ്സണുകളെ പരിശീലനം നൽകി തയ്യാറാക്കിയിട്ടുണ്ട്.
- ഗാർഹിക ഊർജ്ജ ഉപഭോക്താക്കൾക്ക് ഊർജ്ജ സംരക്ഷണ ബോധവത്കരണം നൽകുന്നതിന് സ്ത്രീകളായ 430 എനർജി ക്ലിനിക്ക് വോളണ്ടിയർമാർക്ക് വീടുകൾതോറും ഊർജ്ജ സംരക്ഷണ ക്ലാസ്സുകൾ നൽകുന്നതിനും ലഘുലേഖകൾ വിതരണം ചെയ്യുന്നതിനും പരിശീലനം നൽകാൻ സാധിച്ചു.

- 1500 സ്കൂളുകളെ സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ സാധിച്ചു.
- ഒരു നിയോജകമണ്ഡലത്തിൽ കുറഞ്ഞത് ഒരു പരിപാടി എന്ന നിലയ്ക്ക് 148 എൻ.ജി.ഒ.-കൾ മുഖേന 193 സ്ഥലങ്ങളിൽ ഊർജ്ജകിരൺ എന്ന ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടി നടപ്പിലാക്കാൻ സാധിച്ചു.
- കാർഷിക മേഖലയിൽ പുതുതായി സ്ഥാപിക്കുന്ന ഊർജ്ജ ക്ഷമത കൂടിയ പമ്പിംഗ് സംവിധാനങ്ങളിലൂടെ ഉദ്ദേശം 40% ഊർജ്ജം സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്.
- ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി ഐസ് പ്ലാന്റുകളിൽ ഐസ് ബ്ലോക്കുകൾ ഉണ്ടാക്കുന്നതിനുള്ള വൈദ്യുതിയുടെ ചെലവ് ഉദ്ദേശം 50% ആയി കുറയ്ക്കാൻ കഴിഞ്ഞു. ഒരു വർഷത്തിൽ ഈ മേഖലയിൽ നിന്നും 48 മില്യൺ യൂണിറ്റ് സംരക്ഷിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.
- സർക്കാർ ആശുപത്രികളിൽ ഊർജ്ജക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും സ്ഥാപിക്കുന്നതുവഴി പ്രതിവർഷം ഒരു ലക്ഷത്തിഅൻപതിനായിരം യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ കഴിയുന്നതാണ്.
- ഉപഭോക്താക്കളുടെ സ്ഥലത്ത് എനർജി ഓഡിറ്റ് നടത്തി അവർക്കുവേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകി ഊർജ്ജ ഉപഭോഗവും ഊർജ്ജ നഷ്ടവും കുറയ്ക്കുന്നു.

**വൈദ്യുതി ഉല്പാദനം**

128 (1665) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷത്തിനുള്ളിൽ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) സോളാർ വൈദ്യുതി ഉല്പാദിപ്പിക്കാൻ ഒരു സോളാർ വൈദ്യുതി നയം ആവിഷ്കരിക്കേണ്ട ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും എങ്കിൽ എന്ത് നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ;

(സി) വൈദ്യുതിയുടെ പകുതിയിലേറെയും പുറമെനിന്നും കൊണ്ടുവരുന്നതു മൂലം അധിക ചെലവുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നും എങ്കിൽ ഇതൊഴിവാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ സർക്കാർ കാലയളവിൽ മുടങ്ങിയ വൈദ്യുത പദ്ധതികൾ ഏതെല്ലാം എന്നും ഇതുവഴി എത്ര ടി.എം.സി. ജലം പ്രതിവർഷം നഷ്ടമാകുന്നു എന്നും ഇതു പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്നും വ്യക്തമാക്കുമോ;

(ഇ) പുറമേനിന്നു വൈദ്യുതി കൊണ്ടുവരുന്ന തിരുനെൽവേലി ഇടമൺ-കൊച്ചി, ഛത്തീസ്ഗഡ്-മാടക്കത്തറ പ്രസരണ ലൈനുകളുടെ പണികൾക്കായി കഴിഞ്ഞ സർക്കാർ എന്തുനടപടി സ്വീകരിച്ച് എന്നും ഇത് പൂർത്തീകരിക്കാൻ എന്തു നടപടി സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 2017 മാർച്ചോടുകൂടി സമ്പൂർണ്ണ വൈദ്യുതീകരണം പൂർത്തിയാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളിലൂടെയും തദ്ദേശസ്വയംഭരണ, പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾക്കുള്ള ഫണ്ട്, ജനപ്രതിനിധികൾക്ക് അനുവദിക്കുന്ന ആസ്തിവികസന ഫണ്ട് (MLA ADF), Special Development Fund (MLA SDF), എം.പി. Local Area Development Fund (MP LAD Fund) തുടങ്ങിയവയും ബോർഡിന്റെ തനത് ഫണ്ടും ഉപയോഗിച്ചാകും ഇത് പൂർത്തിയാക്കുക. ഇതിനുവേണ്ടി ഒരു കർമ്മ പദ്ധതി തയ്യാറാക്കി ജനപ്രതിനിധികളുടെയും മറ്റ് വകുപ്പുകളുടെയും സഹകരണത്തോടെ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. അനെർട്ട് നിലവിൽ നടപ്പിലാക്കി വരുന്ന പതിനായിരം സൗരഗൃഹ പദ്ധതിയിൽ ബാറ്ററി സ്റ്റോറേജോടുകൂടി 1 കിലോവാട്ട് പവർ പ്ലാന്റുകൾ സംസ്ഥാനത്തെ വിവിധ വീടുകളുടെ മേൽക്കൂരകളിൽ സ്ഥാപിച്ച് വരുന്നുണ്ട്. അതോടൊപ്പം 2016 ആഗസ്റ്റോടെ 1 മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ബാറ്ററിയോടുകൂടിയ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന സൂര്യോദയം പദ്ധതിക്കായിട്ടുള്ള പ്രാരംഭ നടപടികൾ നടത്തിവരുന്നു.

(ബി) കേരള സൗരോർജ്ജ നയം 2013 ആവിഷ്കരിച്ചിട്ടുണ്ട്. അതിൻപ്രകാരം 2017-ഓടെ 500 മെഗാവാട്ടും 2030-ഓടെ 2500 മെഗാവാട്ടും സോളാർ സ്ഥാപിത ശേഷിയാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ഇല്ല. സംസ്ഥാനത്തിനുപുറത്ത് നിന്ന് ലഭ്യമാകുന്ന (കേന്ദ്രവൈദ്യുത നിലയങ്ങളിൽ നിന്ന് ലഭ്യമാകുന്ന) വൈദ്യുതിയുടെ ശരാശരി നിരക്ക് 3.50 രൂപയിൽ താഴെയാണ്.

(ഡി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60 മെഗാവാട്ട്), തോട്ടിയാർ ജലവൈദ്യുത പദ്ധതി (40 മെഗാവാട്ട്), ചാത്തൻ കോട്ടുനട-II ചെറുകിട ജലവൈദ്യുത പദ്ധതി (6 മെഗാവാട്ട്) എന്നീ പദ്ധതികളുടെ നിർമ്മാണം ജൂലൈ 2015-നുശേഷം മുടങ്ങിയിട്ടുണ്ട്. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം മുടങ്ങിയതുവഴി പ്രതിവർഷം 2.59 TMC ജലവും തോട്ടിയാർ പദ്ധതി മുടങ്ങിയതുവഴി പ്രതിവർഷം 3.04 TMC ജലവും ചാത്തൻകോട്ടുനട-II പദ്ധതി മുടങ്ങിയതുവഴി പ്രതിവർഷം 4.23 TMC ജലവും നഷ്ടമാകുന്നു. മുടങ്ങിക്കിടക്കുന്ന ഈ പദ്ധതികളുടെ നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) 400 കെ.വി. ഇടമൺ-കൊച്ചി ലൈൻ നിർമ്മാണം, Right of way-യിലെ തർക്കങ്ങൾകാരണം തടസ്സപ്പെട്ടിരിക്കുകയായിരുന്നു. ടി തർക്കങ്ങൾ പരിഹരിക്കുന്നതിലേക്കായി പ്രസ്തുത ലൈൻ റൂട്ടിലെ സ്ഥലത്തിന്റെ ഉടമസ്ഥർക്ക് ഗവൺമെന്റ് ഒരു Special Compensation Package പ്രഖ്യാപിക്കുകയും അതിൻപ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തു. ഭൂവുടമകൾക്ക് നൽകേണ്ട നഷ്ടപരിഹാരത്തുക നിശ്ചയിക്കുന്നതിനുവേണ്ടി ഭൂമിയുടെ സർവ്വേ നടപടികൾ തുടങ്ങുകയും ചെയ്തു. PGCIL ഏറ്റെടുത്ത് നടത്തുന്ന പ്രസ്തുത ലൈൻ നിർമ്മാണ പ്രവർത്തികൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി, ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഒരു സ്പെഷ്യൽ ടാസ്ക് ഫോഴ്സും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് രൂപീകരിച്ചിട്ടുണ്ട്. തൃശ്ശൂർ മാടക്കത്തറയിൽ 2000 മെഗാവാട്ട് HVDC Station സ്ഥാപിക്കുന്നതിലേക്കായി കേരള കാർഷിക സർവ്വകലാശാലയുടെ ഭൂമി PGCIL-ന് കൈമാറിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**സബ് എഞ്ചിനീയർ ഓഫീസുകൾ സെക്ഷൻ ഓഫീസുകളാക്കി മാറ്റുന്നതിനുള്ള ശിപാർശ**

129 (1666) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര വൈദ്യുതി സബ് എൻജിനീയർ ആഫീസുകൾ സെക്ഷൻ ആഫീസുകൾ ആക്കി മാറ്റുന്നതിനുള്ള ശിപാർശ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ശിപാർശയിൽ കൊല്ലം ജില്ലയിൽപ്പെട്ട ആഫീസുകൾ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ശിപാർശ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ ?

## ഉത്തരം

(എ) സംസ്ഥാനത്തെ 16 വൈദ്യുതി സബ് എഞ്ചിനീയർ ആഫീസുകൾ സെക്ഷൻ ആഫീസുകളാക്കി മാറ്റുന്നതിനുള്ള ശിപാർശ ലഭിച്ചിട്ടുണ്ട്. ആയത് ബോർഡ് പരിശോധിക്കുകയാണ്.

(ബി&സി) ഉൾപ്പെട്ടിട്ടുണ്ട്. കൊല്ലം ജില്ലയിലെ കുഴിമതിക്കാട് സബ് എഞ്ചിനിയർ ഓഫീസ് സെക്ഷൻ ഓഫീസാക്കി ഉയർത്തുന്നതിനുള്ള ശിപാർശ ലഭിച്ചിട്ടുണ്ട്. പെരുമ്പുഴ, എഴുകോൺ എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് കുഴിമതിക്കാട് ആസ്ഥാനമായി സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടിയിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടിയിരിക്കുകയും ഉപഭോക്താക്കൾ 20000-ത്തിലധികം ആവുകയും ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണ ഗതിയിൽ ബോർഡ് നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. ടി മാനദണ്ഡങ്ങൾ മുകളിൽ പരാമർശിച്ചിട്ടുള്ള സെക്ഷനുകളുടെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ കുഴിമതിക്കാട് ആസ്ഥാനമായി സെക്ഷൻ ഓഫീസ് രൂപീകരിക്കുവാൻ ഇപ്പോൾ നിർവ്വാഹമില്ല.

## ജലവൈദ്യുത പദ്ധതികൾ

130 (1667) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുടങ്ങിപ്പോയ ജലവൈദ്യുത പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ദേവികുളം നിയോജക മണ്ഡലത്തിലെ നിലച്ചുപോയ അഞ്ച് പദ്ധതികളുടെ പ്രവർത്തനത്തിന് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് നൽകിവരുന്ന ശമ്പളം, പദ്ധതി നിലച്ചതുകാരണം ഉണ്ടായ നഷ്ടം, പദ്ധതി നടത്താൻ ഇനി ആവശ്യം വരുന്ന തുക എന്നിവ സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കാമോ?

## ഉത്തരം

(എ) പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60 MW), തോട്ടിയാർ (40MW), ചാത്തൻകോട്ടുനട (6MW) എന്നീ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ജൂലൈ 2015 മുതൽ മുടങ്ങിയിരിക്കുകയാണ്.

(ബി) ദേവികുളം മണ്ഡലത്തിൽ നിർമ്മാണം മുടങ്ങിയിരിക്കുന്ന പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീമിലെ ഉദ്യോഗസ്ഥർക്ക് നൽകിവരുന്ന പ്രതിമാസ ശമ്പളം 35,34,235 രൂപയും തോട്ടിയാർ പദ്ധതിയിലെ ഉദ്യോഗസ്ഥർക്ക് നൽകിവരുന്ന പ്രതിമാസ ശമ്പളം 22,38,128 രൂപയുമാണ്. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീമിന്റെ നിർമ്മാണം മുടങ്ങിയതുകാരണം പ്രതിവർഷം 153.9 ദശലക്ഷം യൂണിറ്റ് വൈദ്യുതി നഷ്ടമാകുന്നു. പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിന് ഏകദേശം 235 കോടി രൂപ ഇനി ആവശ്യമായി വരും. തോട്ടിയാർ പദ്ധതി മുടങ്ങിയതുവഴി പ്രതിവർഷം 99 ദശലക്ഷം യൂണിറ്റ് വൈദ്യുതി നഷ്ടമാകുന്നുണ്ട്. പദ്ധതി പൂർത്തീകരിക്കുന്നതിന് ഇനി ഏകദേശം 155 കോടി രൂപയോളം ആവശ്യമായി വരും.

## വൈദ്യുതി ഉപഭോഗം പരിമിതപ്പെടുത്താൻ നടപടി

131 (1668) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ ഉപഭോഗം, ചെലവ് എന്നിവയുടെ അടിസ്ഥാനത്തിൽ ഹൈമാസ്റ്റ് ലൈറ്റുകളോടുള്ള നയം വ്യക്തമാക്കുമോ;

(ബി) കുറഞ്ഞ വൈദ്യുതി ഉപഭോഗം പ്രോത്സാഹിപ്പിക്കാൻ എന്തെങ്കിലും നൂതന പദ്ധതികൾ ആലോചിക്കുന്നുണ്ടോ;

(സി) സർക്കാർ ഓഫീസുകളിലെ അനാവശ്യ വൈദ്യുതി ഉപഭോഗം തടയാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) ഹൈമാസ്റ്റ് ലൈറ്റുകളിലെ വൈദ്യുതിയുടെ അമിത ഉപഭോഗം കാരണം ഊർജ്ജകാര്യക്ഷമ ഉപകരണങ്ങളുടെ ഉപയോഗം, ഊർജ്ജോപയോഗ മാനദണ്ഡങ്ങൾഇവയ്ക്കുള്ള താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

- ഹൈമാസ്റ്റുകളിൽ/ലോമാസ്റ്റുകളിൽഎൽ.ഇ.ഡി./ഊർജ്ജ കാര്യക്ഷമതയുള്ള വിളക്കുകൾ ഉപയോഗിക്കുക.
- സോഡിയം വേപ്പർ ലാമ്പുകൾ മെറ്റൽ ഹാലൈഡ് ലാമ്പുകൾ, മെർക്കുറി വേപ്പർ ലാമ്പുകൾ എന്നിവയുടെ ഉപയോഗം പരമാവധി ഒഴിവാക്കേണ്ടതാണ്.
- നിലവിലുള്ള ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ലൈറ്റുകൾ മാറ്റുന്ന പക്ഷം എൽ.ഇ.ഡി./ഊർജ്ജ കാര്യക്ഷമതയുള്ള ലൈറ്റുകൾ ഉപയോഗിക്കേണ്ടതാണ്.

- ഹൈമാസ്റ്റ് ലൈറ്റിന്റെ ഉപയോഗം ഹൈവേകൾ ബൈപാസുകൾ മറ്റ് പ്രധാനപ്പെട്ട റോഡുകൾ എന്നിവിടങ്ങളിൽ പരിമിതപ്പെടുത്തേണ്ടതാണ്. മറ്റ് സ്ഥലങ്ങളിൽ വൈദ്യുതി ഉപഭോഗം കുറഞ്ഞ ലോമാസ്റ്റ് ലൈറ്റുകൾ ഉപയോഗിക്കേണ്ടതാണ്. അതിന്റെ ഊർജ്ജോപയോഗം 1000 വാട്സിൽ കുറവ് ആയിരിക്കണം.
- ഹൈമാസ്റ്റ് വിളക്കുകളിൽ ഡിമ്മർ സ്ഥാപിക്കേണ്ടതാണ്. ട്രാഫിക്ക് കുറഞ്ഞ സമയങ്ങളിൽ പ്രകാശത്തിന്റെ തോത് കുറഞ്ഞിരിക്കാനാണിത്.
- വെളിച്ചംകൊണ്ട് ഉണ്ടാകുന്ന മലിനീകരണം കുറയ്ക്കുകയും അതിന്റെ പുറമേയുള്ള ഭംഗി നഷ്ടപ്പെടാത്ത രീതിയിൽ സ്ഥാപിക്കേണ്ടതുമാണ്.

പുതിയ ഇനം എൽ.ഇ.ഡി. വിളക്കുകൾ വന്നതോടെ ഹൈമാസ്റ്റ് വിളക്കുകൾ കൂടുതൽ സ്ഥാപിക്കേണ്ടതില്ല.

(ബി) ഗാർഹിക മേഖലയിൽ കുറഞ്ഞ വൈദ്യുതി ഉപഭോഗം പ്രോത്സാഹിപ്പിക്കുന്നതിന് കുറഞ്ഞവിലയ്ക്ക് എൽ.ഇ.ഡി. ബൾബുകൾ ഉപഭോക്താക്കൾക്ക് വിതരണം ചെയ്തുവരുന്നുണ്ട്. അത് കൂടുതൽ വ്യാപകമാക്കുവാൻ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. സമാനമായ രീതിയിൽ കുറഞ്ഞ വിലയ്ക്ക് ഊർജ്ജക്ഷമതയുള്ള ഫാനുകളും മറ്റും വിതരണം ചെയ്യുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ പരമ്പരാഗതമായ പെട്ടി-പറ സമ്പ്രദായം മാറ്റി ക്ഷമതയുള്ള സബ്മേഴ്സിബിൾ പമ്പുകൾ സ്ഥാപിക്കുന്നതിനും വ്യവസായ മേഖലയിൽ ഐസ് പ്ലാന്റുകളിൽ വൈദ്യുതി പാഴാകുന്നത് കുറയ്ക്കാനും വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബി.ഇ.ഇ. സ്റ്റാർ ലേബലിംഗോടു കൂടിയുള്ള ഊർജ്ജ കാര്യക്ഷമതയുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് പ്രോത്സാഹനം നൽകി വരുന്നു.

(സി) സർക്കാർ ഓഫീസുകളിലെയും കെട്ടിടങ്ങളിലെയും വൈദ്യുതി ഉപഭോഗം പരിശോധിക്കുന്നതിന് ഊർജ്ജ ഓഡിറ്റ് നടത്തിയിട്ടുണ്ട്. ഊർജ്ജ ലാഭം നേടുന്നതിനായി സർക്കാർ കെട്ടിടങ്ങളിൽ 10% വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടികളും നടത്തിയിട്ടുണ്ട്. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ലൈറ്റുകളും ഫാനുകളും മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ എൽ.ഇ.ഡി. ലൈറ്റുകളും ബി.ഇ.ഇ. സ്റ്റാർ റേറ്റഡ് ഫാനുകളും എയർകണ്ടീഷണറുകളും സ്ഥാപിച്ചിട്ടുണ്ട്.

1. ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
2. വികാസ്ഭവൻ, തിരുവനന്തപുരം
3. സിവിൽ സ്റ്റേഷൻ, കോഴിക്കോട്
4. സിവിൽ സ്റ്റേഷൻ, തൃശ്ശൂർ
5. സിവിൽ സ്റ്റേഷൻ, എറണാകുളം
6. സിവിൽ സ്റ്റേഷൻ, കോട്ടയം
7. ഹൈക്കോടതി കെട്ടിടം, കൊച്ചി
8. വൈലോപ്പിള്ളി സംസ്കൃതിഭവൻ, തിരുവനന്തപുരം

താഴെപ്പറയുന്ന സർക്കാർ ഓഫീസുകളിൽ, ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ഊർജ്ജ ഓഡിറ്റ് നടത്തിയിട്ടുണ്ട്.

1. Southern Air Command Office Building, Akkulam, Trivandrum.
2. Institute of Animal Health & Veterinary Biological, Palode, Trivandrum.
3. Kozhikode District Co-operative Hospital.
4. District Panchayat Office, Trivandrum.
5. Directorate of Dairy Development (Ksheera Bhavanam).
6. Mining & Geological Department, Trivandrum.
7. Central Ground Water Board, Trivandrum.

താഴെപ്പറയുന്ന സർക്കാർ ഓഫീസുകളിൽ ഊർജ്ജ ഓഡിറ്റ് പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

1. Kerala State Science & Technology Museum, Trivandrum.
2. Shastra Bhavan, Trivandrum.

## വൈദ്യുതോൽപ്പാദന പദ്ധതികൾ

132 (1669) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ ഏതെല്ലാം വൈദ്യുതി ഉല്പാദന പദ്ധതികൾ പ്രവർത്തിക്കുന്നുണ്ട് ; ഇവയിൽ നിന്നും ലഭിക്കുന്ന വൈദ്യുതിയുടെ അളവ് എത്ര വീതമാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന് കീഴിലുള്ള ലോവർ മീൻമുട്ടി ചെറുകിട ജലവൈദ്യുത പദ്ധതിയാണ് വാമനപുരം നിയോജക മണ്ഡലത്തിൽ നിലവിലുള്ളത്. ഈ പദ്ധതിയുടെ സ്ഥാപിതശേഷി 3.5 MW ആണ്. 25-3-2006-ൽ കമ്മീഷൻ ചെയ്ത ഈ പദ്ധതിയിൽ നിന്നും ഇതുവരെ (7-7-2016-ലെ കണക്കനുസരിച്ച്) 49.93 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(ബി) റൺ ഓഫ് ദി റിവർ പദ്ധതി ആയതുകൊണ്ട് പദ്ധതിയുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുവാൻ സാധ്യതയില്ല.

## വൈദ്യുതി കണക്ഷൻ തുക

133 (1670) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന്, പോസ്റ്റിന്റെ വില, വൈദ്യുതി ലൈൻ വലിക്കുന്നതിന്റെ അകലം എന്നിവ കണക്കിലെടുത്ത് വലിയ തുക ഒടുക്കേണ്ടി വരുന്ന സാഹചര്യം നിലവിലുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തുക ഒടുക്കുന്നതിൽ നിന്നും ബി.പി.എൽ, എസ്.സി/ എസ്.ടി കുടുംബങ്ങളെ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) 2003-ലെ കേന്ദ്ര വൈദ്യുതി നിയമമനുസരിച്ച് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നിർമ്മിക്കേണ്ട ലൈനിന്റെയും ഉപയോഗിക്കുന്ന ഉപകരണങ്ങളുടെയും ചെലവ് അപേക്ഷകൻ വഹിക്കേണ്ടതുണ്ട്. ഇപ്രകാരം വൈദ്യുതി വിതരണ

രംഗത്തെ വിവിധ ജോലികൾക്കുള്ള 2016-17-ലെ നിരക്കുകൾ കേരള വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. മുൻ നിരക്കുകളെ അപേക്ഷിച്ച് ചില ജോലികൾക്ക് നിരക്ക് കുറയുകയും മറ്റുള്ളവയുടെ നിരക്കിൽ നേരിയ വർദ്ധനവ് ഉണ്ടാവുകയും ചെയ്തിട്ടുണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ DDUGJY(ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന) പ്രകാരം ഗ്രാമീണ മേഖലയിലെ ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്ക് സൗജന്യമായി വൈദ്യുതി കണക്ഷനുകൾ നൽകി വരുന്നുണ്ട്. കൂടാതെ 100% വൈദ്യുതീകരണം എന്ന ലക്ഷ്യം സഫലീകരിക്കുന്നതിനായി സമൂഹത്തിൽ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യമായി വൈദ്യുതി എത്തിക്കാനുള്ള നിർദ്ദേശം പരിഗണിച്ചുവരുന്നു.

## വൈദ്യുതി സബ്-സ്റ്റേഷന്റെ നിർമ്മാണം

134 (1671) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാവൂർ നിയോജക മണ്ഡലത്തിലെ കേളകത്ത് വൈദ്യുതി സബ്-സ്റ്റേഷൻ സ്ഥാപിക്കുന്നതിന് മുൻ സർക്കാർ ഭരണാനുമതി നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ വ്യക്തമാക്കുവാൻ കഴിയുമോ; പ്രസ്തുത സബ്-സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തി ലഭ്യമാക്കിയിട്ടുണ്ടോ; പദ്ധതി പ്രവർത്തനം ഏത് ഘട്ടത്തിലാണ് എന്നും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികളും വിശദീകരിക്കുമോ?

### ഉത്തരം

ഉണ്ട്. എന്നാൽ നെടുമ്പായിൽ സബ്സ്റ്റേഷൻ 110 കെ.വി. നിലവാരത്തിലേക്കുയർത്തി അവിടെ നിന്നും ലൈൻ വലിച്ച് സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്രസ്തുത പദ്ധതി നടപ്പാക്കാൻ കാലതാമസം നേരിടുമെന്നതിനാൽ മട്ടന്നൂർ സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പുതുക്കിയ പദ്ധതി പരിഗണനയിലാണ്. പ്രസ്തുത സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുവേണ്ടി കേളകം മണത്തണയിൽ 43 സെന്റ് സ്ഥലം 28-3-2016-ന് വൈദ്യുതി ബോർഡ് ഏറ്റെടുത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്നതിനനുസരിച്ച് പ്രസ്തുത സബ്സ്റ്റേഷന്റെ നിർമ്മാണം ആരംഭിച്ച് 18 മാസത്തിനുള്ളിൽ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## കർഷകരുടെ വൈദ്യുതിച്ചാർജ് വർദ്ധനവ്

135 (1672) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കൃഷി ആവശ്യത്തിനും ഡയറി ആവശ്യത്തിനുമുള്ള വൈദ്യുതിചാർജ് നിരക്ക് യഥാക്രമം 60 പൈസയിൽ നിന്ന് 5.20 രൂപയായും 60 പൈസയിൽ നിന്ന് 2.70 രൂപയായും വർദ്ധിപ്പിച്ചത് കർഷകരെ പ്രതിസന്ധിയിലാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈദ്യുതിച്ചാർജ് കുടിശ്ശികയായതുമൂലം കർഷകർക്ക് നൽകിയിട്ടുള്ള കണക്ഷൻ കട്ട് ചെയ്യുന്ന സാഹചര്യം നില നിൽക്കുന്നതിനാൽ കൃഷി നാശം മൂലം പ്രതിസന്ധിയിലായ കർഷകർക്ക് ആശ്വാസകരമായ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) വൈദ്യുതിച്ചാർജിന്റെ അമിത വർദ്ധന മൂലം കടക്കെണിയിലായ കർഷകരെ സഹായിക്കുന്നതിനായി ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ-സി) മുൻ സർക്കാരിന്റെ കാലത്ത് ലോ ടെൻഷൻ കാർഷിക ഉപഭോക്താക്കളുടെ (നാണ്യവിളകൾ മാത്രം) വൈദ്യുതിച്ചാർജ് യൂണിറ്റൊന്നിന് 65 പൈസയിൽനിന്ന് 5.20 രൂപയായും ഡയറി വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കളുടെ വൈദ്യുതിച്ചാർജ് 65 പൈസയിൽ നിന്ന് 2.50 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. 31-3-2016-ലെ കണക്കനുസരിച്ച് 4.75 ലക്ഷം വരുന്ന കാർഷിക ഉപഭോക്താക്കളിൽ ഈ രണ്ടു വിഭാഗങ്ങളിലും കൂടി ഏകദേശം 26000 ഉപഭോക്താക്കൾ മാത്രമാണുള്ളത്. താരിഫ് വർദ്ധനവുമൂലം ബുദ്ധിമുട്ടിലായ നാണ്യവിള കർഷകരിൽ കാപ്പി കൃഷി ചെയ്യുന്ന ഉപഭോക്താക്കൾക്കും ഭക്ഷ്യവിളകൾക്കൊപ്പം (ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ എന്നിവ) നാണ്യവിളകൾ കൃഷിയിറക്കുന്നവർക്കും യൂണിറ്റൊന്നിന് 115 പൈസാ നിരക്കിൽ വൈദ്യുതി 1-3-2016 മുതൽ നൽകി വരുന്നു.

## വിവിധ തസ്തികകളിലെ ഒഴിവുകൾ

136 (1673) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നിയമനം നടത്തുന്ന തസ്തികകൾ ഏതെല്ലാമാണെന്നും പ്രസ്തുത തസ്തികകൾക്ക് ഒരോന്നിനും അനുവദിച്ചിട്ടുള്ള എണ്ണം എത്ര വീതമാണെന്നും ഇതിൽ ഓരോന്നിലും എത്ര തസ്തികകൾ വീതം ഒഴിഞ്ഞു കിടക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) വിവിധ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം തസ്തിക തിരിച്ച് വെളിപ്പെടുത്താമോ ;

(സി) ഏതെങ്കിലും തസ്തികയിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാത്തതായിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ-സി) പബ്ലിക് സർവ്വീസ് കമ്മീഷൻവഴി നിയമനം നടത്തുന്ന തസ്തികകൾ- മസ്ദൂർ, മീറ്റർ റീഡർ, സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), സബ് എഞ്ചിനീയർ (സിവിൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ), ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ., ചീഫ് ഇന്റേണൽ ഓഡിറ്റ്, ചീഫ് പേഴ്സണൽ ഓഫീസർ ഓരോ തസ്തികകളിലും അനുവദിച്ചിട്ടുള്ള ആകെ എണ്ണം ഇപ്രകാരമാണ്. മസ്ദൂർ - 5311, മീറ്റർ റീഡർ 1721, സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) - 3492, സബ് എഞ്ചിനീയർ (സിവിൽ) - 471, അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) - 2340, അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) - 330, ജൂനിയർ അസിസ്റ്റന്റ്/കാഷ്യർ - 1414, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് - 63, ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ - 92, ചീഫ് ഇന്റേണൽ ഓഡിറ്റർ - 1, ചീഫ് പേഴ്സണൽ ഓഫീസർ - 1. നിലവിലെ ഒഴിവുകളുടെ അടിസ്ഥാനത്തിൽ സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) - 95 എണ്ണവും അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) - 91 എണ്ണവും ചീഫ് ഇന്റേണൽ ഓഡിറ്റർ തസ്തികയിൽ - 1 എണ്ണവും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മറ്റ് തസ്തികകളിൽ എത്ര എണ്ണമാണ് വേണ്ടത് എന്നത് സംബന്ധിച്ച് ഒരു പഠനം IIM, കോഴിക്കോട് നടത്തി റിപ്പോർട്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് സമർപ്പിച്ചിട്ടുണ്ട്. ഈ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ ആവശ്യമായ തസ്തികകൾ ഇവയിൽ അനുവദനീയമായ ഒഴിവുകൾ എന്നിവ എത്രയാണെന്ന് തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ.

## വൈദ്യുതോൽപ്പാദനവും ഉപയോഗവും

137 (1674) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ യു.ഡി.എഫ് ഭരണകാലത്ത് ഓരോ വർഷവും വൈദ്യുതി വാങ്ങുന്നതിനായി എത്ര തുക ചെലവായി എന്നും ഏതെല്ലാം സ്രോതസ്സുകളിൽ നിന്നുമാണ് വൈദ്യുതി വാങ്ങിയത് എന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ദിവസേന ഉള്ള വൈദ്യുതി ഉപയോഗം എത്രയെന്നും പ്രതിവർഷം എത്ര മെഗാവാട്ടിന്റെ കുറവുവരുന്നു എന്നും ഇതു പരിഹരിക്കാൻ കഴിഞ്ഞ സർക്കാർ എന്തുനടപടി സ്വീകരിച്ചു എന്നും എത്ര തുക ചെലവാക്കി എന്നും വിശദമാക്കുമോ;

(സി) പാരമ്പര്യ വൈദ്യുതി സ്രോതസ്സുകൾ, സൗരോർജ്ജസ്രോതസ്സുകൾ ഗ്യാസ് പ്ലാന്റ് വഴിയുള്ളവ എന്നിവയിൽ നിന്നും വൈദ്യുതി ഉല്പാദനം നടത്തുവാൻ നാളിതുവരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിരുന്നുവോ എന്ന് വിശദമാക്കുമോ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ;

(ഡി) കൊച്ചിയിലേക്ക് വാതകപൈപ്പ് ലൈൻ എത്തുന്നതോടെ കൊച്ചിയിലോ പുതുവൈപ്പിലോ ചീമേനിയിലോ (ചീമേനിയിലെ കൽക്കരി നിലയത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം ഉൾപ്പെടെ) ഗ്യാസ് പ്ലാന്റ് സ്ഥാപിച്ചാൽ എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാം എന്നതുകൂടി പരിശോധിക്കുന്ന കാര്യം പരിഗണിക്കുമോ?

### ഉത്തരം

(എ) 2011-12 മുതൽ 2015-16 വരെ വൈദ്യുതി വാങ്ങിയ ഇനത്തിൽ ആകെ ചെലവായ തുക ചുവടെ ചേർക്കുന്നു. മറ്റ് വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു:

| സാമ്പത്തിക വർഷം | തുക (കോടി രൂപയിൽ) |
|---|---|
| 2011-12 | 4375.31 |
| 2012-13 | 7199.61 |
| 2013-14 | 6902.64 |
| 2014-15 | 6782.76 |
| 2015-16 | 6336.83 |

(ബി) 2016 ജൂലൈ മാസത്തെ കണക്കനുസരിച്ച് സംസ്ഥാനത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉപഭോഗം 59.70 ദശലക്ഷം യൂണിറ്റാണ്. സംസ്ഥാനത്ത്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കഴിഞ്ഞ വേനൽക്കാലത്ത് ഇതുവരെ രേഖപ്പെടുത്തിയ കൂടിയ വൈദ്യുതി ആവശ്യകത 4004 MW ആണ്. അതേസമയം കേരളത്തിലെ ആഭ്യന്തര വൈദ്യുതോൽപ്പാദനം ഏകദേശം 1700 MW ആയിരുന്നു. കമ്മി വരുന്ന ഏകദേശം 2300 MW വൈദ്യുതി കേന്ദ്രനിലയങ്ങൾ, സ്വകാര്യ ഉൽപ്പാദകർ, വൈദ്യുതി വ്യാപാരികൾ, പവർ എക്സ്ചേഞ്ചുകൾ എന്നിവർവഴി കേരളത്തിന് പുറത്തുനിന്നും വാങ്ങിയാണ് നികത്തിയത്. ഇതിനായി ചെലവഴിച്ച തുക (എ) പിരിവിനുള്ള ഉത്തരമായി നൽകിയിട്ടുണ്ട്.

(സി) പാരമ്പര്യ വൈദ്യുത സ്രോതസ്സുകളിലൊന്നായ ജലവൈദ്യുത പദ്ധതികളിൽ നിന്നും വൈദ്യുതി ഉത്പാദനം നടത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചീമേനിയിൽ കൽക്കരി അധിഷ്ഠിത പ്ലാന്റ് തുടങ്ങുന്നതിന് സർക്കാർ നേരത്തെ തീരുമാനിച്ചിരുന്നെങ്കിലും പിന്നീട് അവിടെ വാതകാധിഷ്ഠിത പദ്ധതി മതി എന്ന് തീരുമാനിച്ചു. സംസ്ഥാനത്തിന് അനുവദിച്ചിരുന്ന ബൈതരണി വെസ്റ്റിലെ കൽക്കരി പാടം കേന്ദ്ര സർക്കാർ തിരിച്ചെടുത്തത് കൽക്കരി അധിഷ്ഠിത വൈദ്യുത ഉത്പാദനത്തിന് ഒരു താൽക്കാലിക തിരിച്ചടിയാണ്. എന്നാൽ തന്നെയും ഒരു കൽക്കരി പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള ആശയം KSEBL-ന്റെ സജീവ പരിഗണനയിലുണ്ട്. NHPC-യും KSEB-യും സംയുക്തമായി കൊല്ലം പടിഞ്ഞാറേ കല്ലടയിലെ ചതുപ്പ നിലങ്ങളിൽ 50 മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സോളാർ പദ്ധതിക്കുവേണ്ടി ഗ്രാമ പഞ്ചായത്തിനെയും ഭൂവുടമകളെയും ഉൾപ്പെടുത്തിയുള്ള കമ്പനിക്ക് രൂപം നൽകിയിട്ടുണ്ട്. പാലക്കാട് ജില്ലയിൽ അഗളിയിൽ NHPC-യും KSEB-യുമായി ചേർന്ന് 82 മെഗാവാട്ടിന്റെ കാറ്റാടി പദ്ധതി തുടങ്ങുന്നതിന് സംസ്ഥാന സർക്കാരും NHPC-യും ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഉൽപ്പാദന വർദ്ധനവ് ലക്ഷ്യമിട്ട് വാതകാധിഷ്ഠിത പദ്ധതിക്കായി കൈക്കൊണ്ട നടപടികൾ താഴെ പറയുന്നവയാണ്.

1. ബ്രഹ്മപുരത്ത് കേടായ 2 ഡീസൽ ജനറേറ്ററുകൾക്ക് പകരം LNG ഉപയോഗിച്ച് പ്രവർത്തിപ്പിക്കാവുന്ന ജനറേറ്ററുകൾ (39.86 മെഗാവാട്ട്) സ്ഥാപിക്കുന്നതിന് 'Wartsila' കമ്പനിയുമായി KSEBL കരാറിലേർപ്പെട്ടു. എന്നാൽ പദ്ധതിക്ക് മുതൽ മുടക്കുന്നതിന് റഗുലേറ്ററി കമ്മീഷൻ അനുമതി നൽകിയിട്ടില്ല. ഈ പദ്ധതിക്കുവേണ്ടിയുള്ള റിവ്യൂ ഹർജി റഗുലേറ്ററി കമ്മീഷന്റെ പരിഗണനയിലാണ്.

2. ബ്രഹ്മപുരത്ത് 400 മെഗാവാട്ടിന്റെ വാതകാധിഷ്ഠിത പദ്ധതിക്കു വേണ്ടിയുള്ള സാധ്യതാ പഠനം നടത്തി. പാരിസ്ഥിതിക പഠനം നടന്നുവരുന്നു.

3. കാറ്റിൽ നിന്നും സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദനം നടത്തുന്നതിനായി കെ.എസ്.ഇ.ബി.എൽ. ആവിഷ്കരിച്ച പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

കേരളത്തിൽ വർദ്ധിച്ചുവരുന്ന വൈദ്യുതി പ്രതിസന്ധി മറികടക്കുന്നതിനോടൊപ്പം സൗരോർജ്ജവൈദ്യുതോൽപ്പാദനം വ്യാപകമാക്കുക എന്ന ലക്ഷ്യത്തോടെ വിവിധങ്ങളായ പദ്ധതികൾ അനെർട്ടിന്റെ നേതൃത്വത്തിൽ ആരംഭിച്ച് ഫലപ്രദമായി നടപ്പിലാക്കി വരുന്നു. ഇവയിൽ പ്രാധാന്യമർഹിക്കുകയും ജനപങ്കാളിത്തം കൊണ്ട്ശ്രദ്ധയാകർഷിച്ചതുമായ പദ്ധതികളാണ് പതിനായിരം റൂഫ് ടോപ്പ് സോളാർ പദ്ധതിയും സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതിയും 10000 സൗരഗൃഹ പദ്ധതിയും. 2012-13-ൽ ആരംഭിച്ച പദ്ധതി വഴി സംസ്ഥാനത്തുട നീളമുള്ള 10000 വീടുകളിലായി 1 കിലോവാട്ട് സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിലൂടെ 10 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കുവാനാണ് ലക്ഷ്യമിടുന്നത് ഈ പദ്ധതിയിൽ 9100-ഓളം വീടുകളിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിച്ചുകഴിഞ്ഞു. തുടർന്നുള്ള പ്രതിഷ്ഠാപനങ്ങൾ പുരോഗമിച്ചുവരുന്നു.

സൗരോർജ്ജ പ്ലാന്റുകളിൽ ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി കെ.എസ്.ഇ.ബി.-യുടെ വിതരണ ശൃംഖലയിലേക്ക് നേരിട്ട് ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് സോളാർ കണക്ട് ശൃംഖലാ പദ്ധതി. പ്രസ്തുത പദ്ധതിയിലൂടെ 2 മുതൽ 50 കിലോവാട്ട് ശേഷിയുള്ള പവർ പ്ലാന്റുകളാണ് സ്ഥാപിക്കുന്നത്. 2014-15-ൽ ആരംഭിച്ച പദ്ധതിയുടെ ലക്ഷ്യം 15 മെഗാവാട്ടാണ്.

സൗരോർജ്ജ പവർ പ്ലാന്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി ഡെമോൺസ്ട്രേഷൻ പ്രോജക്ടിൽ ഉൾപ്പെടുത്തി സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ അനെർട്ടിന്റെ മേൽനോട്ടത്തിൽ ആകെ 110 കിലോവാട്ട് സ്ഥാപിതശേഷിയുള്ള വിവിധ പ്ലാന്റുകൾ 2012-13 സാമ്പത്തിക വർഷം നടപ്പിലാക്കിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഇതോടൊപ്പം 2012-13 സാമ്പത്തിക വർഷത്തിൽ 1016-ഉം 2013-14-ൽ 401-ഉം സൗരോർജ്ജ തെരുവ് വിളക്കുകളും സ്ഥാപിക്കുകയുണ്ടായി.

അനെർട്ടിന്റെ കൺസൾട്ടൻസി സേവനംവഴി പൂർത്തീകരിച്ച സോളാർ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധമായി* ചേർക്കുന്നു. കൂടാതെ ഇപ്രകാരം അനെർട്ടിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. ഇതു കൂടാതെ പാലക്കാട് കുഴൽമന്ദത്ത് 2 മെഗാവാട്ടിന്റെ ഒരു സോളാർ പവർ പ്ലാന്റിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

(ഡി) കെ.എസ്.ഇ.ബി.-യുടെ ബ്രഹ്മപുരം പദ്ധതി പ്രദേശത്തോ BSES-ന്റെ കൊച്ചിയിലെ നിലയത്തിലോ പുതുവൈപ്പിനിലെതന്നെ ഒരു പുതിയ പദ്ധതിയിലേക്കോ പ്രകൃതി വാതകം എത്തിക്കുന്നതിന് ഗ്യാസ് പൈപ്പ് ലൈൻ ഇപ്പോൾതന്നെ പ്രതിബന്ധമല്ല. എന്നു മാത്രമല്ല പുതുവൈപ്പിനിലെ 1200 മെഗാവാട്ട് പദ്ധതി, ബ്രഹ്മപുരത്ത് 400 മെഗാവാട്ട് പദ്ധതി, BSES-ന്റെ 157 മെഗാവാട്ട് പദ്ധതിയുടെ ഇന്ധനം വാതകമാക്കൽ എന്നിവ ഗൗരവമായി പരിഗണിക്കപ്പെട്ടവയുമാണ്. കൊച്ചിയിലെ വാതക പൈപ്പ് ലൈൻ ചീമേനിയിലേക്ക് നീട്ടുന്ന മുറയ്ക്ക് ചീമേനിയിൽ 1200 മെഗാവാട്ട് ശേഷിയുള്ള വൈദ്യുത നിലയം സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തിയിരുന്നു. മുകളിൽ പറഞ്ഞ എല്ലാ വാതകാധിഷ്ഠിത പദ്ധതികളിൽ നിന്നുമായി ഏകദേശം 2800 മെഗാവാട്ട് വൈദ്യുത ഉൽപ്പാദനത്തിനുള്ള സാദ്ധ്യത നിലനിൽക്കുന്നു. എന്നാൽ പ്രകൃതി വാതകത്തിന്റെ ലഭ്യതയും ആയതിന്റെ വിലയിലെ സന്നിദ്ധതയുമാണ് ഇവയുടെ നടത്തിപ്പിന് പ്രതിബന്ധമായി നിൽക്കുന്നത്. കൽക്കരി ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യതകൾ പരിഗണിച്ച് കൽക്കരി അധിഷ്ഠിത വൈദ്യുത നിലയം (1320 മെഗാവാട്ട്) സ്ഥാപിക്കുന്നതിന്റെ പ്രാരംഭ പഠനങ്ങൾ കെ.എസ്.ഇ.ബി.എൽ. നടത്തി വരികയാണ്.

## മസ്ദൂർ തസ്തികയിൽ ഒഴിവുകൾ

138 (1675) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മസ്ദൂർ തസ്തികയിൽ ഓരോ ജില്ലയിലും എത്ര ഒഴിവുകൾ നിലവിലുണ്ടെന്നും ഏതെല്ലാം ജില്ലകളിൽ ഈ തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിലുണ്ടെന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കാലാവധി അവസാനിക്കാറായ റാങ്ക് ലിസ്റ്റുകളെ ഉൾപ്പെടുത്തി ഏതെല്ലാം ജില്ലകളിൽ കാലാവധി നീട്ടി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) നിലവിലുള്ള ഒഴിവുകളിലും പ്രമോഷൻ നൽകി അതുവഴി ഉണ്ടാകുന്ന ഒഴിവുകളിലും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 14 ജില്ലകളിലും മസ്ദൂർ തസ്തികയുടെ റാങ്ക് പട്ടിക നിലവിലുണ്ട്. വയനാട് ജില്ലയിൽ ഒരു NJD ഒഴിവ് നിലവിലുണ്ട്. മറ്റ് ജില്ലകളിൽ ഒഴിവുകൾ നിലവിലില്ല.

(ബി) എല്ലാ ജില്ലകളിലെയും റാങ്ക് പട്ടിക 31-12-2016 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

(സി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് അത് നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

139 (1676) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി റഗുലേറ്ററി കമ്മീഷൻ ചെയർമാൻ, അംഗങ്ങൾ എന്നിവരുടെ നിയമനത്തിന് അടിസ്ഥാനമാക്കിയിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ചെയർമാനും അംഗങ്ങൾക്കും നൽകുന്ന ശമ്പളം, അലവൻസ് എന്നിവയുടെ തസ്തിക തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) കമ്മീഷന്റെ ദൈനംദിന പ്രവർത്തങ്ങൾക്കുള്ള സാമ്പത്തിക സ്രോതസ്സ് എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) വൈദ്യുത ബോർഡും കമ്മീഷനും തമ്മിൽ നിലവിൽ ഏതെങ്കിലും കേസ്സ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ബോർഡും കമ്മീഷനും തമ്മിൽ ഉടലെടുക്കുന്ന തർക്കങ്ങൾ, കോടതി നടപടികൾ എന്നിവയിൽ ഏതുവിധത്തിലാണ് ഇടപെടാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2003-ലെ ഇലക്ട്രിസിറ്റി ആക്ട് 82-ാം വകുപ്പനുസരിച്ച് സംസ്ഥാന സർക്കാർ, പ്രസ്തുത നിയമത്തിലെ 85-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെടുന്ന സെലക്ഷൻ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ചെയർമാനെയും 2 മെമ്പർമാരെയും നിയമിക്കുന്നു. പ്രസ്തുത നിയമത്തിന്റെ 84-ാം വകുപ്പിൽ നിഷ്കർഷിക്കുന്നതു പ്രകാരം എഞ്ചിനിയറിംഗ്, ധനകാര്യം, കൊമേഴ്സ്, ഇക്കണോമിക്സ്, നിയമം, മാനേജ്മെന്റ് എന്നിവയിൽ ഏതെങ്കിലും വിഭാഗത്തിൽ പ്രാഗത്ഭ്യവും പ്രവർത്തന പരിചയവുമുള്ള വ്യക്തികളുടെ ഒരു പാനലാണ് ചെയർമാനായും മെമ്പർമാരായും നിയമിക്കുന്നതിനായി സെലക്ഷൻ കമ്മിറ്റി ശിപാർശ ചെയ്യുന്നത്. ഹൈക്കോടതിയിൽ ജഡ്ജിയായി സേവനം അനുഷ്ഠിക്കുന്നതോ, അനുഷ്ഠിച്ചിരുന്നതോ ആയ ഒരു വ്യക്തിയെ ചെയർമാനായി നിയമിക്കാവുന്നതാണ്.

(ബി) ഇപ്പോഴത്തെ ചെയർമാനും അംഗങ്ങൾക്കും നൽകുന്ന ശമ്പളം, അലവൻസ് എന്നിവയുടെ തസ്തിക തിരിച്ചുള്ള കണക്ക് താഴെചേർക്കുന്നു.

<u>ചെയർമാൻ :</u>

ശമ്പളം - 80,000 (ഇതിൽ നിന്നും പെൻഷൻ 40,000 രൂപ കുറച്ച് ബാക്കി 40,000 രൂപ)

ഡി.എ. - 1,00,000 (ശമ്പളത്തിന്റെ 125%) (ഇതിൽ നിന്ന് ഡിയർനസ് റിലീഫ് 50,000 രൂപ കുറച്ച് ബാക്കി രൂപ 50,000)

വീട്ടുവാടക അലവൻസ് - 24,000 രൂപ

സിറ്റി കോംപൻസേറ്ററി അലവൻസ് (സിസിഎ) - 180 രൂപ

മറ്റ് അലവൻസുകൾ (Sumptuary allowance) - 12000 രൂപ

ആകെ - 1,26,180 രൂപ

<u>മെമ്പർമാർ :</u>

(ഓരോരുത്തർക്കും)

ശമ്പളം - 75,420 രൂപ (ഇതിൽ നിന്നും പെൻഷൻ കുറച്ച തുക)

ക്ഷാമബത്ത - 94,275 രൂപ (ഇതിൽ നിന്നു ഡിയർനസ് റിലീഫ് കുറച്ച തുക) വീട്ടുവാടക അലവൻസ് - 15,084 രൂപ

(സി) ഇലക്ട്രിസിറ്റി ആക്ടിന്റെ 103-ാം വകുപ്പുപ്രകാരം സർക്കാർ രൂപീകരിച്ചിട്ടുള്ള റഗുലേറ്ററി കമ്മീഷൻ ഫണ്ടിൽ നിന്നാണ് കമ്മീഷന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കുള്ള ചെലവ് നിർവ്വഹിക്കുന്നത്. ലൈസൻസ് ഫീ, പെറ്റിഷൻ ഫീ തുടങ്ങി കമ്മീഷന് ലഭിക്കുന്ന ഫീസിനങ്ങളുമാണ് റെഗുലേറ്ററി കമ്മീഷൻ ഫണ്ടിൽ ഉള്ളത്.

(ഡി) വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ 14-11-2014-ൽ പുറപ്പെടുവിച്ച KSERC (Terms and Conditions for Determination of Tariff) Regulation, 2014-ന്റെ നിയമസാധുത ചോദ്യം ചെയ്തുകൊണ്ട് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(c)No.465/2015 ഫയൽ ചെയ്തിട്ടുണ്ട്. ഇലക്ട്രിസിറ്റി ആക്ട് 142-ാം വകുപ്പുപ്രകാരം കമ്മിഷൻ ചുമത്തിയ പിഴയ്ക്കെതിരെ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് സമർപ്പിച്ച WP(c)No.26994-U/2010 ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലവിലുണ്ട്. 2014-ൽ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച വൈദ്യുതി താരിഫ് ഉത്തരവിന്മേൽ ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി അപ്പലേറ്റ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിനെതിരെ കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സിവിൽ അപ്പീലുകൾ (നമ്പർ 5373/15 & 5374/15) ഫയൽ ചെയ്തിട്ടുണ്ട്. കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള 2014-15-ലെ വൈദ്യുതി താരിഫ് ഉത്തരവിനെതിരെ അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ 96/2014 എന്ന നമ്പറായി കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

(ഇ) തർക്കങ്ങൾക്ക് സമവായത്തിലൂടെയും കോടതി വ്യവഹാരങ്ങൾക്ക് അവയുടെ അന്തിമവിധിക്കനുസൃതമായും നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**സേവന-വേതന വ്യവസ്ഥകൾ**

140 (1677) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷണിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ചട്ടങ്ങൾ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ അംഗീകാരം ആവശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചതിൽ നിന്നും വ്യത്യസ്തമായ ചട്ടങ്ങൾ റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിനിടയാക്കിയ സാഹചര്യം പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) ഉണ്ട്. വിവിധ തസ്തികകളിലെ ഓഫീസർമാരുടെ എണ്ണം, അവരുടെ സേവന-വേതന വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് പുറപ്പെടുവിക്കുന്ന റെഗുലേഷനുകൾക്ക് സർക്കാർ അംഗീകാരം ആവശ്യമാണ്. സർക്കാർ അംഗീകരിച്ചതിൽ നിന്നും വ്യത്യസ്തമായി, കമ്മീഷൻ സെക്രട്ടറിക്കും ഡയറക്ടർക്കും എതിരെയുള്ള അച്ചടക്കനടപടി സംബന്ധിച്ച അപ്പീൽ അധികാരിയായി കമ്മീഷനെ അധികാരപ്പെടുത്തി കൊണ്ട് റെഗുലേറ്ററി കമ്മീഷൻ റെഗുലേഷൻ പ്രസിദ്ധീകരിച്ചിരുന്നു. മേൽസൂചിപ്പിച്ച ഉദ്യോഗസ്ഥരുടെ കാര്യത്തിൽ അച്ചടക്ക നടപടികളിലുള്ള അപ്പീൽ അധികാരി സർക്കാർ ആയിരിക്കണമെന്നാണ് കരട് റെഗുലേഷനിൽ സർക്കാർ നിശ്ചയിച്ചിരുന്നത്. ഇതുസംബന്ധിച്ച് പുറപ്പെടുവിച്ച റെഗുലേഷൻ സാധൂകരിക്കണമെന്ന് കമ്മീഷൻ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. കമ്മീഷൻ പ്രസിദ്ധീകരിച്ച റെഗുലേഷനുകളിൽ മേൽപ്പറഞ്ഞ കാര്യത്തിൽ ഭേദഗതി വരുത്തേണ്ടതാണെന്ന ഉപാധിയോടെ റെഗുലേഷൻ പ്രസിദ്ധീകരിച്ച നടപടി സാധൂകരിച്ച് നൽകിയിട്ടുണ്ട്.

## ലൈസൻസ് ഇല്ലാത്തവർ നടത്തുന്ന വയറിംഗ് ജോലികൾ

141 (1678) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈസൻസ് ഇല്ലാത്തവർ നടത്തുന്ന വയറിംഗ് ജോലികൾ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അനധികൃത വയറിംഗ് ക്രിമിനൽ കുറ്റമാണെന്നും അതിനെതിരെ പോലീസ് നടപടി സ്വീകരിക്കാമെന്നും ലൈസൻസിങ്ങ് ബോർഡ് സർക്കുലർ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) എന്നാൽ ബന്ധപ്പെട്ട വകുപ്പുകളുടെ അപര്യാപ്തതമൂലം പ്രസ്തുത സർക്കുലർവഴി പ്രതീക്ഷിച്ച പോലീസ് നടപടികൾ ഫലപ്രദമായി സ്വീകരിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) ലൈസൻസ് ഇല്ലാത്ത വയറിംഗ് ജോലികൾ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. ലൈസൻസില്ലാത്ത ആൾക്കാർ വയറിംഗ് ചെയ്യുന്നതുമൂലം ജനങ്ങളുടെ സ്വത്തിനും ജീവനും അപകടം സംഭവിക്കുമെന്നതിനാൽ ഇത് ക്രിമിനൽ കുറ്റമാണെന്നും ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിൽ അറിയിക്കാവുന്നതാണെന്നും ലൈസൻസിംഗ് ബോർഡ് 5-5-2006-ൽ ഇറക്കിയ സർക്കുലറിൽ പ്രതിപാദിക്കുന്നുണ്ട്.

(സി) പ്രസ്തുത സർക്കുലറിന് നിയമപരമായ പിൻബലമുള്ളതായി കാണുന്നില്ല.

(ഡി) 29-1-2015-ലെ ജി.ഒ. (എംഎസ്.) നമ്പർ 4/2015/പി.ഡി പ്രകാരം അനധികൃത വയറിംഗ് നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള ജില്ലാതല കമ്മിറ്റി രൂപീകരിക്കുന്നതിന് ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതുപ്രകാരം 14 ജില്ലകളിലും ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, കെ.എസ്.ഇ.ബി. ചെയർമാനായും, ഇലക്ട്രിക്കൽ ഇൻസ്പെക്ടറെ കൺവീനറായും ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് (അഡ്മിനിസ്ട്രേഷൻ), ജില്ലാ പഞ്ചായത്തുകളിലെ സ്റ്റാൻഡിംഗ് കമ്മിറ്റി മെമ്പർമാർ, ബി ക്ലാസ്&സി ക്ലാസ് കോൺട്രാക്ടർമാരുടെ പ്രതിനിധികൾ, ഇലക്ട്രിക്കൽ സൂപ്പർവൈസർമാരുടെയും വയർമാൻമാരുടെയും പ്രതിനിധികൾ എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റികൾ രൂപീകരിക്കുകയുണ്ടായി. ഈ കമ്മിറ്റികൾ മൂന്ന് മാസത്തിലൊരിക്കൽ കൂടുകയും പരാതികൾ വിശകലനം ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. അനധികൃതമായി വയറിംഗ് ചെയ്യുന്നവർക്കുവേണ്ടി കെ.എസ്.ഇ.ബി.-യിൽ പൂർത്തീകരണ റിപ്പോർട്ട് നൽകുന്ന കോൺട്രാക്ടറുടെ പേരിലും കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് ചട്ടപ്രകാരം നടപടി സ്വീകരിച്ചുവരുന്നു.

**സെക്ഷനാഫീസുകൾ ആരംഭിക്കാൻ നടപടി**

142 (1679) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഇലക്ട്രിക്കൽ സെക്ഷനാഫീസുകൾ ആരംഭിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഉപഭോക്താക്കളുടെ എണ്ണത്തിലുള്ള വർദ്ധനവുമൂലവും, വളരെ വിസ്തൃതമായതും, മലയോരങ്ങൾ ഏറെയുള്ളതുമായ പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന നൽകി ഇലക്ട്രിക്കൽ സെക്ഷനാഫീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) റാന്നി പെരുനാട് പഞ്ചായത്തിന്റെ കിഴക്കൻ മലയോരമേഖലകളായ

നാറാണംതോട്, പമ്പാവാലി, അറയാഞ്ഞിലിമണ്ണ് തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും ജനങ്ങൾ വൈദ്യുതി സംബന്ധമായ ആവശ്യങ്ങൾക്കായി എരുമേലി സെക്ഷനാഫീസിലാണ് ഇപ്പോൾ എത്തുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എരുമേലി പഞ്ചായത്തിന്റെ കിഴക്കൻ മേഖലയായ എയ്ഞ്ചൽവാലി, കണമല, മുട്ടപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും എരുമേലിയിലാണ് എത്തേണ്ടത് എന്നതിനാൽ ഈ കിഴക്കൻ മേഖല കേന്ദ്രീകരിച്ച് ഒരു പുതിയ ഇലക്ട്രിക്കൽ സെക്ഷനാഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) വിസ്തൃതമായ എരുമേലി സെക്ഷനിലെ പല മലയോര പ്രദേശങ്ങളിലും മഴക്കാലങ്ങളിൽ വൈദ്യുതിമുടക്കം ഉണ്ടായാൽ, ജീവനക്കാരുടെ അഭാവംമൂലം ദിവസങ്ങൾ കഴിഞ്ഞുമാത്രമേ പരിഹരിക്കാൻ കഴിയുന്നുള്ളൂ എന്നതിനാൽ, കിഴക്കൻമേഖല കേന്ദ്രീകരിച്ച് ഒരു പുതിയ വൈദ്യുതി സെക്ഷനാഫീസ് ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നിലവിലുള്ള സെക്ഷൻ ഓഫീസുകൾ വിഭജിക്കുന്നതിനുള്ള പൊതു മാനദണ്ഡം നിശ്ചയിച്ചിരിക്കുന്നത് മുൻകാല അനുഭവങ്ങളിൽ നിന്നാണ്. ഉദ്യോഗസ്ഥരിൽ നിന്നും ജീവനക്കാരുടെ പ്രതിനിധികളിൽ നിന്നുമുള്ള feed back-ഉം കണക്കിലെടുത്തിട്ടുണ്ട്.

(ബി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്റർ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ നിലവിലുള്ള സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ്, ബോർഡ് അനുവദിക്കുന്നത്.

(സി) ഉണ്ട്.

(ഡി&ഇ) നിലവിലുള്ള എരുമേലി സെക്ഷൻ വിഭജിച്ച് ടി സെക്ഷന്റെ കിഴക്കൻ മേഖലകൾ ഉൾപ്പെടുത്തി കണമലയോ മുക്കൂട്ടുതറയോ കേന്ദ്രീകരിച്ച് ഒരു പുതിയ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ ബോർഡ് പരിശോധിച്ചിരുന്നു. എന്നാൽ സെക്ഷൻ വിഭജനത്തിനുള്ള മുകളിൽ പരാമർശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എരുമേലി സെക്ഷന്റെ കാര്യത്തിൽ പാലിക്കപ്പെടാത്തതിനാൽ ടി സെക്ഷൻ വിഭജിച്ച് പുതിയ സെക്ഷനുകൾ രൂപീകരിക്കുന്നതിന് ഇപ്പോൾ നിർവ്വാഹമില്ല.

**വഴിവിളക്കുകളുടെ മീറ്റർവിലയായി അടച്ച തുകയ്ക്ക് പലിശ**

143 (1680) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ചുമതലയിലുള്ള വഴിവിളക്കുകളിൽ ഉപയോഗിക്കുന്ന വൈദ്യുതി, അളക്കുന്നതിന് പ്രത്യേക മീറ്റർ സ്ഥാപിക്കുന്നുണ്ടോ; ബോർഡ്, മീറ്റർ വില ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക ഈടാക്കുന്നുണ്ട്; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര തദ്ദേശസ്ഥാപനങ്ങൾ മീറ്റർ സ്ഥാപിക്കുന്നതിന് പണം അടച്ചു; എത്ര സ്ഥാപനങ്ങളുടെ പ്രദേശത്ത് മീറ്റർ സ്ഥാപിച്ചുകഴിഞ്ഞു; വ്യക്തമാക്കുമോ;

(സി) ഈ തുക അടച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും മീറ്റർ സ്ഥാപിക്കാത്ത പ്രദേശങ്ങളിലെ തദ്ദേശസ്ഥാപനങ്ങൾക്ക്, തുക അടച്ചതുമുതൽ മീറ്റർ സ്ഥാപിക്കുന്നതുവരെയുള്ള കാലത്തെ പലിശ നൽകുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) തെരുവ് വിളക്കുകൾ മീറ്ററിംഗ് സംവിധാനത്തിലേക്ക് മാറ്റാൻ പ്രാദേശിക ഭരണ സംവിധാനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരത്തിലുള്ള മീറ്ററിംഗ് സംവിധാനം 16-11-2012 വരെയോ അതിനു മുമ്പിലുള്ള തീയതിയിലോ സ്ഥാപിച്ചാൽ ആയതിനുള്ള ചെലവിന്റെ 50% കേരള സംസ്ഥാന വൈദ്യുതി ബോർഡ് വഹിക്കും ഈ സമയപരിധി പിന്നീട് 31-12-2014 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. മീറ്ററിംഗ് സംവിധാനം ഉൾപ്പെടുന്ന street light controller-കൾ സ്ഥാപിക്കേണ്ടത് തദ്ദേശഭരണസ്ഥാപനങ്ങളുടെ ഉത്തരവാദിത്തമാണ്. R-APDRP സ്കീമുകൾ പ്രാബല്യത്തിലുള്ള പ്രദേശങ്ങളിൽ ഈ സ്കീമിലുൾപ്പെടുത്തിയും സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നുണ്ട്.

(ബി) സംസ്ഥാനത്ത് 619 തദ്ദേശഭരണ സ്ഥാപനങ്ങൾ മീറ്റർ സ്ഥാപിക്കുന്നതിന് പണം അടച്ചിട്ടുണ്ട്. 285 തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രദേശത്ത് മീറ്ററുകൾ സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്.

(സി) മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് പ്രോത്സാഹനം എന്ന നിലയിൽ street light controller സ്ഥാപിക്കുന്നതിന് ചെലവാകുന്ന തുകയുടെ പകുതി മാത്രമേ ബോർഡ് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിരുന്നുള്ളൂ. അതുകൊണ്ടുതന്നെ പലിശ നൽകാൻ നിർവ്വാഹമില്ല.

## ഊർജ്ജിത ഊർജ്ജ പദ്ധതി

144 (1681) ശ്രീമതി യു. പ്രതിഭാ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജിത ഊർജ്ജ പദ്ധതി പ്രകാരം ഓവർഹെഡ് കേബിളുകൾ, അണ്ടർ ഗ്രൗണ്ട് കേബിളുകൾ എന്നിവ കേന്ദ്രസർക്കാർ നൽകിയിരിക്കുന്ന കാലാവധിയായ 30-6-2016 എന്ന തീയതിക്കുള്ളിൽ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി. -ക്ക് കഴിയുമോ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ സമയപരിധി ദീർഘിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) കേരളത്തിൽ RAPDRP (പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ വികസന പദ്ധതി) പാർട്ട് B നടപ്പിലാക്കി വരുന്ന 43 ടൗണുകളിൽ 11 എണ്ണത്തിന്റെ പദ്ധതി കാലാവധിയാണ് 30-6-2016-ൽ അവസാനിച്ചത്. ഇതിൽ പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്ന പണികൾ പൂർത്തിയാക്കാനുള്ള ആലപ്പുഴ, അരൂർ, കായംകുളം, മലപ്പുറം, ചൊക്ലി, പെരിങ്ങത്തൂർ എന്നീ ടൗണുകളുടെ പദ്ധതി കാലാവധി ദീർഘിപ്പിക്കാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ മസ്ദൂർ തസ്തികകൾ

145 (1682) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ വിവിധ സെക്ഷൻ ആഫീസുകളിൽ എത്ര മസ്ദൂർ തസ്തികകളാണ് ഒഴിവുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഈ ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ&ബി) ഒഴിവുകൾ ഇല്ല.

## സെക്ഷൻ ആഫീസ് നിർമ്മാണം

146 (1683) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മണ്ഡലത്തിൽ 11-12-2015-ൽ ഭരണാനുമതി ലഭിച്ച തോപ്പുംപടി കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസ് നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ നിലവിലുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സെക്ഷൻ ഓഫീസ് കെട്ടിടനിർമ്മാണം എത്രയും വേഗം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(സി) നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കുമെന്നും നിർമ്മാണത്തിന് മേൽനോട്ടം വഹിക്കുന്ന ഏജൻസി ഏതാണെന്നും നിർമ്മാണം എന്ന് പൂർത്തിയാക്കുമെന്നും വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) തോപ്പുംപടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനായി കൊച്ചി LAC, MLA ഫണ്ടിൽ നിന്നും [(Legislative Assembly Constituency Asset Development Scheme (LAC - ADS)] 80 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് നൽകിയിട്ടില്ല. ടി തുക ലഭിക്കുന്ന മുറയ്ക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ മേൽനോട്ടത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതാണ്. നിർമ്മാണം ആരംഭിച്ചാൽ 6 മാസത്തിനുള്ളിൽ പൂർത്തിയാക്കുവാൻ സാധിക്കും.

**കെ.എസ്.ഇ.ബി. ഓഫീസുകളിലെ താൽക്കാലിക ജീവനക്കാരുടെ എണ്ണം**

147 (1684) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ വിവിധ കെ.എസ്.ഇ.ബി. ഓഫീസുകളിലായി അറുപത് വയസ്സ് കഴിഞ്ഞിട്ടും തുടരുന്ന എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എസ്.ഇ.ബി. ഓഫീസുകളിൽ വർഷങ്ങളായി താൽക്കാലികമായി തുടരുന്ന എത്ര ജീവനക്കാരുണ്ടെന്നും ഇതിൽ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെയും, പെൻഷൻകാരുടെയും ബന്ധുക്കൾ എത്ര പേരുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) ഇത്തരത്തിൽ താൽക്കാലികമായി നിയമിച്ചവരെയും, റിട്ടയർ ചെയ്ത് വീണ്ടും തുടരുന്നവരെയും ഒഴിവാക്കി ജീവനക്കാരെ പി.എസ്.സി. വഴി മാത്രം നിയമിക്കാൻ നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അറുപത് വയസ്സ് കഴിഞ്ഞ പി.റ്റി.സി. ജീവനക്കാരായ 3 പേർ

കാസർഗോഡ് ജില്ലയിലെ കെ.എസ്.ഇ.ബി. ഓഫീസുകളിൽ ജോലി ചെയ്യുന്നുണ്ട്.

(ബി&സി) കെ.എസ്.ഇ.ബി.-യിൽ താൽക്കാലിക ജീവനക്കാർ ഇല്ല. സ്ഥിര ജീവനക്കാർ ഇല്ലാതെ വരുന്ന സാഹചര്യങ്ങളിൽ പ്രവൃത്തി കരാർ അടിസ്ഥാനത്തിൽ ചെയ്യിക്കാറുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ നിയമങ്ങൾ പി.എസ്.സി. വഴി മാത്രമാണ് നടത്തുന്നത്.

## ചെറുകിട ജലവൈദ്യുത പദ്ധതികൾ

148 (1685) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ നിർമ്മാണത്തിലിരിക്കുന്ന മിനി ഹൈഡൽ പ്രോജക്ടുകളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ;

(സി) പുതുതായി തുടങ്ങാനുദ്ദേശിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ ഏതൊക്കെയാണെന്നും എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നും വിശദമാക്കാമോ?

### ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ നിർമ്മാണം പൂർത്തിയാക്കി വൈദ്യുത ഉൽപ്പാദനം നടക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| 1. ചെമ്പുകടവ് - I | 2.7 MW |
| 2. ചെമ്പുകടവ്-II | 3.75 MW |
| 3. ഉറുമി -I | 3.75 MW |
| 4. ഉറുമി -II | 2.4 MW |
| 5. കുറ്റ്യാടി ടെയിൽറേസ് | 3.75 MW |
| 6. പൂഴിത്തോട് | 4.8 MW |
| 7. വിലങ്ങാട് | 7.5 MW |

കെ.എസ്.ഇ.ബി. ഏറ്റെടുത്ത് നിർമ്മാണം നടന്നുവരുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| 1. ചാത്തൻകോട്ടുനട -II | 6 MW |
| 2. കക്കയം | 3 MW |

(ബി) 6 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള ചാത്തൻകോട്ടുനട-II ചെറുകിട ജലവൈദ്യുത പദ്ധതിയുടെ 20.73 ശതമാനം പണികൾ പൂർത്തിയായിട്ടുണ്ട്. എന്നാൽ പദ്ധതിയുടെ ബാക്കി നിർമ്മാണ പ്രവൃത്തികൾ കരാറുകാർ പിൻവാങ്ങിയതിനാൽ തടസ്സപ്പെട്ടിരിക്കുകയാണ്. മൂന്ന് മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള കക്കയം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ 67 ശതമാനം പണികൾ പൂർത്തിയായി. പദ്ധതിയുടെ തടയണ, കനാൽ, ഫോർബേ ടാങ്ക് മുതലായ ഘടകങ്ങൾ പൂർത്തിയായി. പവർഹൗസിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. എന്നാൽ പദ്ധതി പ്രദേശത്തെ കനത്ത മഴമൂലം നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ നിർത്തി വച്ചിരിക്കുകയാണ്.

(സി) ഭരണാനുമതി ലഭിച്ച താഴെപ്പറയുന്ന പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു.

| | |
|---|---|
| 1. പെരുവണ്ണാമൂഴി | 6 മെഗാവാട്ട് |
| 2. ഒലിക്കൽ | 5 മെഗാവാട്ട് |
| 3. പൂവാരംതോട് | 3 മെഗാവാട്ട് |
| 4. ചെമ്പുകടവ് III | 7.5 മെഗാവാട്ട് |
| 5. മരിപ്പുഴ | 6 മെഗാവാട്ട് |

മേൽപ്പറഞ്ഞ പദ്ധതികളിൽ പെരുവണ്ണാമൂഴി, ഒലിക്കൽ, പൂവാരംതോട്, ചെമ്പുകടവ് III എന്നീ പദ്ധതികൾ 2019-ലും, മരിപ്പുഴ-2021-ലും പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

**കാസർഗോഡ് ജില്ലയിലെ വൈദ്യുത പ്രശ്നങ്ങൾ**

149 (1686) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ വൈദ്യുതതടസ്സമുണ്ടാകുന്നത് കാസർഗോഡ് ഭാഗത്താണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണം എന്താണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് പ്രതിവിധിയാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) കാസർഗോഡ് ജില്ലയിൽ വൈദ്യുതി വകുപ്പിന് കീഴിൽ എത്ര

തസ്തികകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ; ഈ തസ്തികകൾ മുഴുവൻ നികത്തപ്പെട്ടിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ (സെക്ഷൻ തിരിച്ചുള്ളത്) ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ;

(സി) കാസർഗോഡ് ജില്ലയിൽ 'അണ്ടർ ഗ്രൗണ്ട് കേബിളിംഗ്' ഏതെല്ലാം പ്രദേശങ്ങളിൽ നടപ്പാക്കിയിട്ടുണ്ട്; ഇതിന് എത്ര രൂപ ചെലവായിട്ടുണ്ട്; എന്ന് മുതലാണ് ഇത് പ്രവർത്തനമാരംഭിച്ചത്; 'അണ്ടർ ഗ്രൗണ്ട് കേബിളിംഗ്' കമ്മീഷൻ ചെയ്യാൻ ബാക്കിയുണ്ടോ; എങ്കിൽ കാലതാമസത്തിന് കാരണമെന്താണെന്നും എപ്പോൾ കമ്മീഷൻ ചെയ്യുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ വൈദ്യുതി തടസ്സങ്ങൾ കൂടുതലാകുന്നതിന്റെ പ്രധാന കാരണങ്ങൾ സബ്സ്റ്റേഷനുകളിലെ 11 കെ.വി. ഫീഡറുകൾ പലപ്പോഴും ഓവർ ലോഡ് ആകുന്നതുമൂലമാണ്. കാസർഗോഡ് ടൗണിലേയും കാഞ്ഞങ്ങാട് ടൗണിലെയും 33 കെ.വി. സബ്സ്റ്റേഷനുകൾ പൂർത്തിയായി വരുമ്പോൾ ഈ പ്രദേശത്തെ വൈദ്യുതി തടസ്സങ്ങൾ കുറവുണ്ടാകുന്നതാണ്. കൂടാതെ രാജപുരത്ത് ഒരു 33 കെ.വി. സബ്സ്റ്റേഷൻ ആരംഭിക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് കാസർഗോഡ് ജില്ലയിൽ കൂടുതൽ വൈദ്യുത ലൈനുകളും കടന്നുപോകുന്നത് സ്വകാര്യ വ്യക്തികളുടെ വസ്തുവിൽ കൂടിയാണ്. ഇക്കാരണത്താൽ വൃക്ഷശിഖരങ്ങൾ തട്ടുന്നതുമൂലമുണ്ടാകുന്ന വൈദ്യുത തടസ്സങ്ങൾ മറ്റു ജില്ലകളേക്കാൾ കാസർഗോഡ് ജില്ലയിൽ കൂടുതലാണ്. ജീവനക്കാരുടെ കുറവും വൈദ്യുത തടസ്സങ്ങൾ പുനഃസ്ഥാപിക്കുന്നതിൽ കാലതാമസത്തിന് കാരണമാകുന്നുണ്ട്. കാസർഗോഡ് ജില്ലയിലെ പ്രസരണ ശൃംഖല മറ്റു ജില്ലകളെ അപേക്ഷിച്ച് ദുർബലമാണ്. കേരളത്തിലെ പ്രസരണ ലൈനുകളിൽ അറ്റകുറ്റപ്പണികൾ നട<u>ത്തു</u>മ്പോഴോ അല്ലെങ്കിൽ തകരാറുകൾ സംഭവിക്കുമ്പോഴോ കർണാടക സംസ്ഥാനത്ത് നിന്നും ആവശ്യമായ വൈദ്യുതി ലഭിക്കാത്തതും വൈദ്യുതി വിതരണത്തെ ബാധിക്കുന്നു. നിർദ്ദിഷ്ട 400 കെ.വി. പവർ ഹൈവെയും കാസർഗോഡ് 400 കെ.വി. സബ്സ്റ്റേഷനും വരുമ്പോൾ വൈദ്യുതി തടസ്സങ്ങൾ ഒഴിവാക്കാൻ സാധിക്കുന്നതാണ്. പ്രസരണ മേഖലയിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

- കാസർഗോഡ് ജില്ലയിൽ നിലവിലുള്ള മൈലാട്ടി-തവിടുഗോളി 110 കെ.വി. സിംഗിൾ സർക്യൂട്ട് ഇരട്ടിയാക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.
- 110 കെ.വി. വിദ്യാനഗർ സബ്സ്റ്റേഷനിൽ പുതുതായി രണ്ട് 20 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിച്ചു.

- കാഞ്ഞങ്ങാട് ടൗൺ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്നു.
- കാസർഗോഡ് ടൗൺ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്നു.
- സീതാംഗോളിയിൽ പുതുതായി 110 കെ.വി. സബ്സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.
- കാഞ്ഞങ്ങാട് 110 കെ.വി. സബ്സ്റ്റേഷനിൽ പുതുതായി 2 x 12.5 എം.വി.എ. ട്രാൻസ്ഫോർമർ, 1 x 16 എം.വി.എ. ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിച്ചു.

(ബി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ തൊഴിലാളി വിഭാഗത്തിൽ ശമ്പള ഘടന അനുസരിച്ച് 13 ഇനം തസ്തികകളും ഓഫീസർ വിഭാഗത്തിൽ 7 ഇനം തസ്തികകളുമാണ് നിലവിലുള്ളത്. ഓരോ തസ്തികകളിലും ആവശ്യമായ ജീവനക്കാരുടെ മൊത്തം എണ്ണം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിജപ്പെടുത്തിയിരിക്കുന്നതിനാൽ അതിൽ കൂടുതലായി നിയമിക്കപ്പെടുന്ന ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും വൈദ്യുതി ബോർഡിന്റെ ചെലവിനത്തിൽ വകയിരുത്താൻ റെഗുലേറ്ററി കമ്മീഷൻ അനുമതി നൽകാറില്ല. ജില്ലാടിസ്ഥാനത്തിൽ പി.എസ്.സി. വഴി മസ്ദൂർ തസ്തികയിലാണ് നിയമനം നടത്തുന്നത്. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് റിപ്പോർട്ട് ചെയ്യാറുണ്ട്. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ), അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) എന്നീ വിഭാഗങ്ങളിലുമുള്ള ഒഴിവുകൾ സംസ്ഥാനാടിസ്ഥാനത്തിൽ പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രൊമോഷൻ വഴി നികത്തേണ്ട ഒഴിവുകളും നികത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ ചില തസ്തികകളിൽ കോടതിയിൽ നിലവിലുള്ള വ്യവഹാരങ്ങൾമൂലം പ്രൊമോഷൻ നൽകുന്നതിന് തടസ്സമുണ്ട്. ഇതോടൊപ്പം കെ.എസ്.ഇ.ബി. ലിമിറ്റഡിലെ വിവിധ തസ്തികകളിലെ ജീവനക്കാരുടെ എണ്ണം, പുനർവിന്യാസം എന്നിവയെക്കുറിച്ച് ഐ.ഐ.എം. കോഴിക്കോട് ഒരു റിപ്പോർട്ട് നൽകിയിട്ടുണ്ട്. ഇവയുടെ എല്ലാം അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ആവശ്യമായ തസ്തികകൾ കണ്ടെത്തി നികത്തുന്നതാണ്.

(സി) കാസർഗോഡ് ജില്ലയിൽ എ.പി.ഡി.ആർ.പി. പദ്ധതി പ്രകാരം കാസർഗോഡ്, കാഞ്ഞങ്ങാട് എന്നീ നഗരങ്ങളിൽ 2007-ൽ അണ്ടർഗ്രൗണ്ട് കേബിളിംഗ് നടത്തിയിട്ടുണ്ട്. പി.റ്റി.സി.സി. ക്ലിയറൻസ് ലഭിക്കാത്തതിനാൽ പ്രവർത്തനം ആരംഭിക്കാൻ പറ്റാത്ത സ്ഥിതിയിലാണ്. ഈ പ്രവൃത്തികൾക്കായി 1,68,00,000 രൂപ ചെലവായിട്ടുണ്ട്. ഇതു കൂടാതെ ആർ. എ. പി. ഡി. ആർ. പി.

പദ്ധതി പ്രകാരം മാവുങ്കൽ സബ്സ്റ്റേഷനിൽ നിന്നും കാഞ്ഞങ്ങാട് നഗരത്തിലേക്ക് 11 കെ.വി. അണ്ടർഗ്രൗണ്ട് കേബിൾ സ്ഥാപിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾക്ക് 96,07,500 രൂപ ചെലവായിട്ടുണ്ട്. ഇത് 2013-ൽ കമ്മീഷൻ ചെയ്തു. പ്രസരണ വിഭാഗത്തിൽ കാഞ്ഞങ്ങാട് 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നും 33 കെ.വി. കാഞ്ഞങ്ങാട് ടൗൺ സബ്സ്റ്റേഷനിലേക്ക് 4.4 കിലോമീറ്റർ ദൂരത്തിൽ 33 കെ.വി. കേബിൾ സ്ഥാപിച്ചിട്ടുണ്ട് (243.26 ലക്ഷം). പ്രസ്തുത കേബിൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ 110 കെ.വി. വിദ്യാനഗർ സബ്സ്റ്റേഷനിൽ നിന്നും 33 കെ.വി. കാസർഗോഡ് ടൗൺ സബ്സ്റ്റേഷനിലേക്ക് 2 കിലോമീറ്റർ ദൂരത്തിൽ കേബിൾ സ്ഥാപിച്ച് പണി പൂർത്തീകരിച്ചിട്ടുണ്ട് (111 ലക്ഷം). പ്രസ്തുത കേബിൾ 30-7-2016-ൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കും.

**സൗരോർജ്ജ പദ്ധതികൾ**

150 (1687) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതികൾ എവിടെയൊക്കെയാണ് നടപ്പിലാക്കി യിട്ടുള്ളതെന്നും ഇവയിൽ ഓരോന്നിൽ നിന്നും പ്രതിമാസം ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി എത്ര യൂണിറ്റ് വീതമാണെന്നും ഇതിൽ നിന്നും ലഭിക്കുന്ന വരുമാനം എത്രയാണെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിൽ നിന്നും ലഭിക്കുന്ന ഓരോ യൂണിറ്റ് വൈദ്യുതിയുടെ ഉല്പാദന ചെലവ് എത്രയാണെന്നറിയിക്കുമോ;

(ഡി) ഈ സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കുന്നതിന് ഓരോന്നിനും ചെലവായ തുക എത്രയാണെന്നും ഇവയുടെ പ്രതിമാസ നടത്തിപ്പ് ചെലവ് എത്രയാണെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി-ഡി) അനെർട്ടുവഴി സംസ്ഥാനത്തെ വിവിധ സർക്കാർ/സ്വകാര്യ സ്ഥാപനങ്ങൾ, ഭവനങ്ങൾ എന്നിവിടങ്ങളിലാണ് സൗരോർജ്ജ പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. ഇത്തരത്തിൽ സ്ഥാപിച്ച ഓരോ കിലോവാട്ട് ശേഷിയുള്ള പവർപ്ലാന്റിൽ നിന്നും കാലാവസ്ഥയ്ക്ക് അനുസൃതമായി ശരാശരി 3 മുതൽ 4 യൂണിറ്റ് വരെ വൈദ്യുതി പ്രതിദിനം ഉത്പാദിപ്പിക്കുന്നുണ്ട്. ഈ പദ്ധതിവഴി ഉൽപ്പാദിപ്പിക്കുന്ന

വൈദ്യുതി ഉപഭോക്താക്കൾ സ്വന്തം ആവശ്യത്തിന് ഉപയോഗിക്കുകയാണ് ചെയ്യുന്നത്. സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതിയിൽ ഉത്പാദിപ്പിക്കുന്ന വൈദ്യുതി ഉപഭോക്താക്കൾ പകൽ സമയത്ത് ഉപയോഗിച്ച ശേഷം ബാക്കിയുള്ളത് യൂണിറ്റടിസ്ഥാനത്തിൽ വിതരണ ഏജൻസിക്ക് നിശ്ചിത തുകയ്ക്ക് ലഭ്യമാക്കുകയാണ് ചെയ്യുന്നത്. സർക്കാർ ധനസഹായം ലഭ്യമാക്കുന്ന ടി പദ്ധതികളിൽ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി പ്രാരംഭ ഘട്ടത്തിൽത്തന്നെ പദ്ധതിയുടെ ചെലവിൽ നിന്നും സർക്കാർ ധനസഹായം കിഴിച്ചുള്ള തുക ഉപഭോക്താവ് മുടക്കേണ്ടതുണ്ട്. എന്നാൽ പ്രതിഷ്ഠാപന ദിവസം മുതൽ തുടർന്നുള്ള 5 വർഷം അറ്റകുറ്റപ്പണികൾ നടത്തേണ്ടത് പ്രതിഷ്ഠാപനം നടത്തിയ ഏജൻസി ആയിരിക്കും. ആയതിനാൽ പ്രാരംഭഘട്ടത്തിലെ മുടക്കുമുതലല്ലാതെ ഉത്പാദന ചെലവും നടത്തിപ്പ് ചെലവും ഈ പദ്ധതികളിൽ വരുന്നില്ല. കൂടാതെ അനെർട്ടിന്റെ കൺസൾട്ടൻസി സേവനംവഴി നടപ്പിലാക്കിയതും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ സൗരോർജ്ജ വൈദ്യുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. പ്രതിമാസം ഒരു കിലോവാട്ട് സൗരോർജ്ജ പദ്ധതിയിൽ നിന്നും ശരാശരി 100 യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. ഇതിൽ നിന്നും ഉത്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി ഉപഭോക്താവിന്റെ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്ന രീതിയിലാണ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. ഇതിനുപുറമേ കെ.എസ്.ഇ.ബി. വഴി ആറ് പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. അവയുടെ മൊത്തം ശേഷി 1.236 മെഗാവാട്ടാണ്. അവയിൽ നിന്നുള്ള ഉൽപ്പാദനവും പദ്ധതി ചെലവും അനുബന്ധമായി* ചേർത്തിട്ടുണ്ട്. ഇവയിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതിയുമായി ചേർത്ത് ഒന്നിച്ചാണ് ഉപഭോക്താക്കൾക്ക് വിൽക്കുന്നത്. 2015-16-ലെ കണക്കുകൾ പ്രകാരം ശരാശരി വിൽപ്പന നിരക്ക് 5.41 രൂപയാണ്.

## മൈലാട്ടിയിലുള്ള ഡീസൽ പവർ പ്ലാന്റ്

151 (1688) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് പവർ കോർപ്പറേഷൻ ലിമിറ്റഡിന്റെ മൈലാട്ടിയിലുള്ള ഡീസൽ പവർ പ്ലാന്റ് അടച്ചുപൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കമ്പനിയുമായുള്ള കേരള സംസ്ഥാന വൈവദ്യുതി ബോർഡിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കരാർ വ്യവസ്ഥ അനുസരിച്ച് കാലാവധി തീരുന്ന മുറക്ക് ഈ സ്ഥാപനം എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) ഈ സ്ഥാപനം എത്ര ഏക്കർ സ്ഥലത്താണ് സ്ഥിതി ചെയ്യുന്നത്;

(ഇ) ഈ സ്ഥലം കെ.എസ്.ഇ.ബി എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) കെ.എസ്.ഇ.ബി. ലിമിറ്റഡുമായുള്ള എഗ്രിമെന്റിന്റെ കാലാവധി 13-5-2016-ൽ അവസാനിച്ചു. തുടർ നടപടികൾ ബോർഡിന്റെ പരിഗണനയിലാണ്.

(ഡി) 8.921 ഏക്കർ.

(ഇ) ബാധകമല്ല.

**കോൺക്രീറ്റ് തൂണുകൾ ഒടിഞ്ഞുവീണുള്ള അപകടങ്ങൾ**

152 (1689) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലക്കാവശ്യമായ കോൺക്രീറ്റ് വൈദ്യുതി തൂണുകൾ നിർമ്മിക്കുന്നത് എവിടെയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ജോലിക്കിടയിൽ കുറ്റിക്കോലിൽ വൈദ്യുത തൂൺ ഒടിഞ്ഞുവീണ് കെ.എസ്.ഇ.ബി. കരാർ ജീവനക്കാരൻ മരിച്ച സംഭവത്തിലെ ഉത്തരവാദികൾ വൈദ്യുതി ബോർഡ് മേലുദ്യോഗസ്ഥരും പോസ്റ്റ് നിർമ്മാതാവുമാണെന്ന വാർത്തകളുടെ അടിസ്ഥാനത്തിൽ സർക്കാർ അന്വേഷണമോ, പഠനമോ നടത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ സർക്കാരിന്റെ നിഗമനമെന്താണെന്നും ഇല്ലെങ്കിൽ ആയതു ഏർപ്പെടുത്താൻ തയ്യാറാകുമോ എന്നും വ്യക്തമാക്കാമോ;

(സി) ഒരു മാസം മുമ്പുണ്ടായ മഴയിൽ കാസർഗോഡ്, ചെർക്കള,നെല്ലിക്കുന്ന് സെക്ഷന്റെ പരിധിയിലായി എത്ര വൈദ്യുത തൂണുകളാണ തകർന്നതെന്നും അവയ്ക്ക് എത്ര കാലപ്പഴക്കം ഉള്ളതായിരുന്നു എന്നും വ്യക്തമാക്കാമോ; തൂണുകളുടെ നിലവാരക്കുറവും നിർമ്മാണത്തിലെ അപാകതയുമാണിതിന് കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ;;

(ഡി) ഒട്ടേറെ തവണ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയ തൂൺ നിർമ്മാണ കമ്പനി പേരുകൾ മാറ്റി പുതിയ തൂൺ നിർമ്മാണത്തിനുള്ള ലൈസൻസ് സ്വന്തമാക്കുന്നുവെന്ന ആരോപണത്തിന്റെ നിജസ്ഥിതി അറിയാൻ ശ്രമിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ജ്യോതി കൺസ്ട്രക്ഷൻ കമ്പനി, മാംഗളൂർ, കർണ്ണാടക എന്ന പോൾ കാസ്റ്റിങ്ങ് കമ്പനിയുടെ കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം യാർഡിൽ ആണ് തൂണുകൾ നിർമ്മിക്കുന്നത്.

(ബി) പ്രസ്തുത അപകടത്തെക്കുറിച്ച് സിവിൽ കൺസ്ട്രക്ഷൻ നോർത്ത് ഓഫീസിലെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ലൈൻ വലിക്കുന്നതുമായി ബന്ധപ്പെട്ട കൺസ്ട്രക്ഷൻ സ്റ്റാൻഡേർഡ്സ് പാലിക്കാത്തതും പോസ്റ്റ് സ്ഥാപിച്ചതിലുള്ള അപാകതകളുമാണ് അപകടത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം. ഇത് സംബന്ധിച്ച് വൈദ്യുതി ബോർഡിലെ വിജിലൻസ് വിഭാഗം വിശദാന്വേഷണം നടത്തുന്നുണ്ട്.

(സി) ഒരു മാസം മുമ്പുണ്ടായ മഴയിൽ കാസർഗോഡ് ചെർക്കള, നെല്ലിക്കുന്ന് സെക്ഷന്റെ പരിധിയിൽ തകർന്ന പോസ്റ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| സെക്ഷൻ | എൽ.റ്റി പോസ്റ്റ് | എച്ച്.റ്റി പോസ്റ്റ് |
|---|---|---|
| കാസർഗോഡ് | 155 | 24 |
| ചെർക്കള | 55 | 20 |
| നെല്ലിക്കുന്ന് | 84 | 20 |

ശക്തമായ കാറ്റുമൂലം വൃക്ഷങ്ങളും ശിഖരങ്ങളും ലൈനുകളിലേക്ക് മറിഞ്ഞതു മൂലമാണ് പോസ്റ്റുകൾ തകർന്നത്. ഇവ വിവിധ കാലഘട്ടങ്ങളിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ളതാണ്. മഴയത്തും കാറ്റത്തും മരങ്ങൾ ഒടിഞ്ഞുവീണ് തൂണുകൾ തകരുന്നത് തൂണുകളുടെ ഗുണനിലവാരക്കുറവോ നിർമ്മാണത്തിന്റെ അപാകതയോ കാരണമാണെന്ന് കണ്ടെത്തിയിട്ടില്ല.

(ഡി) തൂൺ നിർമ്മാണ കമ്പനികളിൽ ആരേയും കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**പട്ടിക്കാട് ഇലക്ട്രിക്കൽ സെക്ഷൻ**

153 (1690) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ പട്ടിക്കാട് ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലുള്ള പട്ടിക്കാട് മുതൽ പീച്ചിവരെ മരങ്ങൾ ധാരാളമുള്ള പ്രദേശങ്ങളിലൂടെ ബെയർ കണ്ടക്ടർ കേബിളിലൂടെ വൈദ്യുതി പ്രവഹിപ്പിക്കുന്നതിനാൽ മരങ്ങൾ മറിഞ്ഞ് വീണ് ഇടയ്ക്കിടെ വൈദ്യുതി നിലയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം പീച്ചി കുടിവെള്ള പദ്ധതിയുടെയും പീച്ചി ചെറുകിട ജലവൈദ്യുത പദ്ധതിയുടെയും പ്രവർത്തനം തകരാറിലാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബെയർ കണ്ടക്ടർ കേബിളുകൾ മാറ്റി ഏരിയൽ ബഞ്ചഡ് കണ്ടക്ടർ കേബിളുകൾ സ്ഥാപിച്ച് വൈദ്യുതി വിതരണം സുഗമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ &ബി) ഉണ്ട്.

(സി) പട്ടിക്കാട് 33 KV സബ്സ്റ്റേഷൻ മുതൽ പീച്ചി പമ്പിങ് സ്റ്റേഷൻ വരെയുള്ള 51/2 KM ദൂരം ബെയർ കണ്ടക്ടറുകൾ മാറ്റി ഏരിയൽ ബഞ്ചഡ് കണ്ടക്ടറുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ്. ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ ടി തുക കേരള വാട്ടർ അതോറിറ്റി അടയ്ക്കുന്ന മുറയ്ക്ക് പ്രവൃത്തി പൂർത്തിയാക്കാൻ കഴിയും.

**കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്**

154 (1691) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിരുന്ന കുറ്റിപ്പുറം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ;

(ബി) കുറ്റിപ്പുറത്ത് കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് അടിയന്തരമായി പ്രവർത്തിപ്പിക്കുവാനുള്ള നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കുറ്റിപ്പുറം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് 2006 മുതൽ തിരൂർ ഇലക്ട്രിക്കൽ ഡിവിഷന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

**വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി**

155 (1692) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരപ്പനങ്ങാടി കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ പരിധിയിൽപ്പെട്ട നെടുംപറമ്പ് ഭാഗത്ത് രൂക്ഷമായ വോൾട്ടേജ് ക്ഷാമം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഭാഗത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ ;

(സി) നെടുംപറമ്പിൽ അടിയന്തര പ്രാധാന്യത്തോടെ ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള സ്ട്രക്ചർ സ്ഥാപിച്ചുകഴിഞ്ഞു.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സൺഷിഫ്റ്റ് പദ്ധതി**

156 (1693) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൺഷിഫ്റ്റ് എന്ന പേരിൽ ഒരു പദ്ധതിക്ക് വൈദ്യുതി ബോർഡ് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സൗരോർജ്ജം ബാറ്ററിയിൽ സംഭരിച്ച് ഉപഭോക്താക്കളുടെ രാത്രി കാലങ്ങളിലെ മൊത്തം വൈദ്യുതി ഉപഭോഗം കുറയ്ക്കുക, അതുവഴി പീക്ക് ലോഡ് സമയത്തെ വൈദ്യുതിയുടെ ആവശ്യകത കുറയ്ക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയ പദ്ധതിയാണ് സൺഷിഫ്റ്റ് പദ്ധതി. വീടുകളിൽ ഉപയോഗിക്കുന്ന സാധാരണ ഇൻവെർട്ടറിന് പകരം കാര്യക്ഷമതയുള്ള സോളാർ ഇൻവെർട്ടറും സോളാർ പാനലും ഉപയോഗിച്ചാണ് ഈ സംവിധാനത്തിൽ സൗരോർജ്ജം ബാറ്ററികളിൽ ശേഖരിക്കുന്നത്.

(സി) സൗരോർജ്ജ ഉൽപ്പാദനത്തിൽ ഉപഭോക്താക്കളെ പങ്കാളിയാക്കുക, പീക്ക് ലോഡുസമയത്തെ ഉപഭോക്താക്കളുടെ ആവശ്യകത ഭാഗികമായി നിറവേറ്റുക, അങ്ങനെ പീക്ക് ലോഡ് കുറയ്ക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ. സൺഷിഫ്റ്റ് പദ്ധതിപ്രകാരം സോളാർ ഇൻവെർട്ടർ സ്ഥാപിക്കുന്നതിന് 5000 രൂപ സർക്കാർ സബ്സിഡി അനുവദിച്ചിരുന്നു.

(ഡി) ഈ പദ്ധതി നടപ്പാക്കുന്നതിനായി വൈദ്യുതി ബോർഡ് സോളാർ ഇൻവെർട്ടർ നിർമ്മാതാക്കൾ/വിതരണക്കാർ എന്നിവരിൽ നിന്നും താല്പര്യപത്രം ക്ഷണിക്കുകയും ബോർഡിന്റെ സ്പെസിഫിക്കേഷൻ പ്രകാരം നിർമ്മിച്ച സോളാർ ഇൻവെർട്ടറുകൾ ഗുണനിലവാര പരിശോധന നടത്തിയശേഷം 7 സ്ഥാപനങ്ങളെ ഉപഭോക്താക്കളുടെ വീടുകളിൽ സോളാർ ഇൻവെർട്ടറുകൾ സ്ഥാപിക്കാനായി എംപാനൽ ചെയ്തു. ഈ പദ്ധതി പ്രകാരം സോളാർ ഇൻവെർട്ടർ സ്ഥാപിക്കുന്ന 2750 ഉപഭോക്താക്കൾക്ക് 5000 രൂപ സബ്സിഡി അനെർട്ട് വഴി നൽകാനായി സർക്കാർ 5-2-2015-ന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സബ്സിഡിക്കായുള്ള അപേക്ഷകൾ സെപ്റ്റംബർ 23, 2015 വരെ സ്വീകരിച്ച് ഇതിനോടകം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

**വൈദ്യുതിയുടെ പ്രസരണ നഷ്ടം**

157 (1694) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ പ്രസരണ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ഇതുവഴി ഒരു വർഷം എത്ര രൂപയുടെ നഷ്ടമാണ് സംഭവിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(സി) പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നിലവിലെ (2015-16 സാമ്പത്തിക വർഷം) പ്രസരണ വിതരണ നഷ്ടം 14.37 ശതമാനമാണ്. 2015-16 സാമ്പത്തിക വർഷത്തിലേക്ക് ബോർഡ് പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിന് വിഭാവനം ചെയ്തിരുന്ന ലക്ഷ്യം 14.45 ശതമാനമാണ്. എന്നാൽ ബോർഡിന് ഇത് 14.37 ശതമാനത്തിലേക്ക് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുവഴി 7 കോടിയോളം രൂപ ബോർഡ് വിഭാവനം ചെയ്തതിനേക്കാൾ വൈദ്യുതി വാങ്ങൽ ചെലവിൽ കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രസരണ വിതരണനഷ്ടം പൂർണ്ണമായും ഒഴിവാക്കാൻ സാധിക്കുകയില്ല. മാത്രവുമല്ല, കേരളത്തിന്റെ പ്രസരണ വിതരണ നഷ്ടം ദേശീയ ശരാശരിയിലും കുറവാണ്. 18-ാം പവർ സർവ്വെ പ്രകാരം 2015-16-ലേക്ക് വിഭാവന ചെയ്തിരിക്കുന്ന പ്രസരണ വിതരണ നഷ്ടം ഇന്ത്യയൊട്ടാകെ 19.78 ശതമാനവും കേരളത്തിലേത് 16 ശതമാനവും ആയിരുന്നു.

(സി) സംസ്ഥാനത്ത് വൈദ്യുതി വിതരണ ശൃംഖലയിലുള്ള നഷ്ടത്തിനെ 'ടെക്നിക്കൽ ലോസെന്നും' 'കൊമേഴ്സ്യൽ ലോസെന്നും' രണ്ടായി തരംതിരിച്ചിരിക്കുന്നു. വൈദ്യുതി പ്രസരണ വിതരണ ലൈനുകളിലൂടെയും ട്രാൻസ്ഫോർമറുകളിലൂടെയും വൈദ്യുതി പ്രസരിക്കുമ്പോഴുണ്ടാകുന്ന നഷ്ടത്തെയാണ് ടെക്നിക്കൽ ലോസായി കണക്കാക്കുന്നത്. വൈദ്യുതി മോഷണം, കേടായ മീറ്ററുകൾവഴി വീടുകളിൽ വൈദ്യുതി കൃത്യമായി രേഖപ്പെടുത്താത്തതും ബില്ലിംഗിൽ വരുന്ന തെറ്റുകളുമാണ് കൊമേഴ്സ്യൽ ലോസായി കണക്കാക്കുന്നത്. ടെക്നിക്കൽ ലോസ് കുറയ്ക്കുന്നതിന് താഴെപ്പറയുന്ന വിവിധ പദ്ധതികളാണ് ബോർഡ് നടപ്പിലാക്കിവരുന്നത്.

1. കൂടുതൽ എച്ച്.ടി. ലൈനുകൾ സ്ഥാപിച്ച് എച്ച്.ടി/എൽ.ടി അനുപാതം മെച്ചപ്പെടുത്തുക.

2. കൂടുതൽ വിതരണ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് എൽ.ടി. ലൈനുകളിലുള്ള ഊർജ്ജനഷ്ടം കുറയ്ക്കുക.

3. എച്ച്.ടി.ലൈനുകളിലും എൽ.ടി ലൈനുകളിലും പഴയ കണ്ടക്ടർ മാറ്റി പുതിയ കണ്ടക്ടർ സ്ഥാപിക്കുക.

4. സിസ്റ്റം പവർ ഫാക്ടർ മെച്ചപ്പെടുത്തുക.

5. കൂടുതൽ സബ്സ്റ്റേഷനുകളും പ്രസരണ ലൈനുകളും സ്ഥാപിക്കുക.

വിതരണ ശൃംഖലയിലുള്ള കൊമേഴ്സ്യൽ ലോസ് കുറയ്ക്കുന്നതിന് താഴെപ്പറയുന്ന വിവിധ പദ്ധതികളാണ് ബോർഡ് നടപ്പിലാക്കി വരുന്നത്.

1. കേടായ മീറ്ററുകളും ഇലക്ട്രോ മെക്കാനിക്കൽ മീറ്ററുകളും മാറ്റി പുതിയ ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിക്കുക.

2. ബോർഡിന്റെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് കൂടുതൽ കാര്യക്ഷമമാക്കുക.

3. ഉപഭോക്താക്കളുടെ ബിൽ നൽകുന്നതും റവന്യൂ കളക്ഷനും കമ്പ്യൂട്ടർവൽക്കരിക്കുക.

4. എനർജി ഓഡിറ്റ് (ഫീഡർ തലത്തിലും ട്രാൻസ്ഫോർമർ തലത്തിലും) കൂടുതൽ വ്യാപകമാക്കുക.

2016-17 വർഷത്തിലേക്ക് ഏകദേശം 367 സർക്യൂട്ട് കിലോ മീറ്റർ ഇ.എച്ച്.ടി. ലൈനുകളും 18 പുതിയ സബ്സ്റ്റേഷനുകളും

3050 കിലോമീറ്റർ 11 കെ.വി ലൈനുകളും 3300 ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമറുകളും, 3500 കിലോമീറ്റർ പുതിയ എൽ.ടി. ലൈനുകളും 14 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുന്നതിനും ബോർഡ് ലക്ഷ്യമിട്ടിട്ടുണ്ട്.

ടി നടപടികൾവഴി നടപ്പു സാമ്പത്തികവർഷം വൈദ്യുതി പ്രസരണ വിതരണ നഷ്ടം 14.10 ശതമാനത്തിലേക്ക് കുറയ്ക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## പാരമ്പര്യേതര വൈദ്യുത പദ്ധതികൾ

158 (1695) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പാരമ്പര്യേതര വൈദ്യുതി പദ്ധതികളുണ്ട്; പ്രസ്തുത പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) നിലവിലുള്ള ഓരോ പദ്ധതിയിൽ നിന്നും എത്ര വൈദ്യുതി വീതം ലഭ്യമാകുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മേഖലയിൽ നിന്നും കൂടുതൽ വൈദ്യുതി ഉല്പാദിപ്പിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി.-യുടെ കീഴിൽ 20 ചെറുകിട ജലവൈദ്യുത പദ്ധതികളും അനെർട്ട് വഴി 38 പദ്ധതികളുമാണുള്ളത്. കൂടാതെ കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾ മുപ്പതോളം സ്വകാര്യ സംരംഭകരും സ്ഥാപിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡ് കഞ്ചിക്കോട് ഒരു കാറ്റാടി നിലയം സ്ഥാപിച്ചിട്ടുണ്ട്. പദ്ധതികളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ട്. അനെർട്ട് വഴി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

1. പതിനായിരം റൂഫ് ടോപ്പ് സോളാർ പദ്ധതി

   കേരളത്തിലുടനീളം പതിനായിരം മേൽക്കൂരകളിൽ 1 കിലോവാട്ട് പവർ പ്ലാന്റുകൾ സ്ഥാപിച്ച് 10 മെഗാവാട്ട് സ്ഥാപിതശേഷി കൈവരിക്കൽ ലക്ഷ്യമിട്ട് 2012-13-ൽ ആരംഭിച്ച പതിനായിരം റൂഫ് ടോപ്പ് സോളാർ പദ്ധതിയിൽ നിലവിൽ 9100-ലധികം പ്രതിഷ്ഠാപനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതുമൂലം സ്ഥാപിത ശേഷി 9.1 മെഗാവാട്ടായി വർദ്ധിച്ചിട്ടുണ്ട്.

2. <u>സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതി.</u>

2014-15-ൽ ആരംഭിച്ച സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം സംസ്ഥാനത്തിന്റെ സ്ഥാപിത ശേഷിയിൽ 15 മെഗാവാട്ട് വർദ്ധനവ് വരുത്തുക എന്നതാണ്. പ്രാരംഭ പഠനത്തിനുശേഷം ഈ പദ്ധതി നടപ്പിലാക്കുന്നതിനായി നിരവധി അപേക്ഷകൾ ലഭിക്കുകയും ഇതിൽ 210 അപേക്ഷകളിൽ നിന്നായി 3 മെഗാവാട്ടോളം വൈദ്യുതി ഉത്പ്പാദിപ്പിക്കുന്നതിനായിട്ടുള്ള പ്രതിഷ്ഠാപനങ്ങൾ പൂർത്തീകരിച്ചിട്ടുമുണ്ട്.

കൂടാതെ, അനെർട്ടിന്റെ മേൽനോട്ടത്തിൽ 36 പദ്ധതികളിൽ നിന്നായി 395 കിലോവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന മറ്റ് സോളാർ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ കാറ്റിൽ നിന്നും 43.275 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നു. ഇതിൽ 2.025 മെഗാവാട്ട് കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ഉടമസ്ഥതയിലും ബാക്കിയുള്ളവ സ്വകാര്യ മേഖലയിലുമാണ്.

പാരമ്പര്യേതര ഊർജ്ജ ഉൽപ്പാദന പദ്ധതികളിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയെ സംബന്ധിച്ച വിവരങ്ങൾ പവർ സിസ്റ്റം സ്റ്റാറ്റിസ്റ്റിക്സായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പ്രസിദ്ധീകരിക്കുന്നുണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള വൈദ്യുതിയുടെ ഉൽപ്പാദനം പ്രധാനമായും ലഭിക്കുന്ന മഴയെ ആശ്രയിച്ചാണിരിക്കുന്നത്.

(ബി) സൗരോർജ്ജ പദ്ധതികളിൽ നിന്ന് 15 ദശലക്ഷം യൂണിറ്റും കാറ്റാടി നിലയങ്ങളിൽ നിന്ന് 43.275 മെഗാവാട്ടും ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും 107.411 മെഗാവാട്ട് വൈദ്യുതിയും ലഭിക്കുന്നുണ്ട്. പതിനായിരം റൂഫ് ടോപ്പ് പദ്ധതിയിൽ 9.1 മെഗാവാട്ട് പ്രതിഷ്ഠാപനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ നിന്നും പ്രതിദിനം ഏകദേശം 30,000 യൂണിറ്റോളം വൈദ്യുതി ലഭ്യമാകുന്നു. സോളാർ കണക്ട് ശൃംഖലാബന്ധിത പദ്ധതിവഴി ഇതുവരെ 3 മെഗാവാട്ടോളം പ്രതിഷ്ഠാപനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്.

(സി) പാരമ്പര്യേതര ഊർജ്ജ മേഖലകളിൽനിന്നും കൂടുതൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി ഇതിനോടകംതന്നെ 1 മുതൽ 5 വരെ കിലോവാട്ട്

ശേഷി വരുന്ന പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതുവഴി 10 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിടുന്ന പദ്ധതിക്കായിട്ടുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 2 മെഗാവാട്ട് സോളാർ പവർ പ്ലാന്റ് പാലക്കാട് കുഴൽമന്ദത്ത് അനെർട്ടിന്റെ ഉടമസ്ഥതയിൽ സ്ഥാപിച്ചുവരുന്നു. കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി കേരള സർക്കാർ, കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ എൻ.എച്ച്.പി.സി.-യുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ആയതുപ്രകാരം ആദ്യഘട്ടത്തിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടങ്ങൾ പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ പ്രദേശങ്ങളിൽ സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. നിലവിൽ നിർമ്മാണം നടന്നുവരുന്ന 6 ചെറുകിട ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാനും വൈദ്യുതി ബോർഡ് ലിമിറ്റഡ് ഭരണാനുമതി നൽകിയ 16 പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുവാനും ഉദ്ദേശിക്കുന്നു. പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ കണ്ടെത്തുന്നതിനും വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിനുമാവശ്യമായ സർവ്വേയും മറ്റു അനുബന്ധ ജോലികളും നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി 17.2415 മെഗാവാട്ടിന്റെ 20 പദ്ധതികളുടെ നിർമ്മാണപ്രവർത്തനങ്ങൾ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടത്തിവരുന്നു. 4.05 മെഗാവാട്ടിന്റെ 5 പദ്ധതികളുടെ ദർഘാസ് നടപടികളും കാസർഗോഡ് ജില്ലയിൽ 200 മെഗാവാട്ട് സോളാർ പാർക്കിന്റെ നിർമ്മാണവും കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരു മെഗാവാട്ടിന്റെ മൈക്രോ വിൻഡ് പദ്ധതിയുടേയും പാലക്കാട്, കഞ്ചിക്കോട് 2.625 മെഗാവാട്ടിന്റെ പദ്ധതിയുടെയും ദർഘാസ് നടപടികൾ പുരോഗമിക്കുന്നു.

**നൂതന പദ്ധതികൾ**

159 (1696) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വൈദ്യുതി ബോർഡിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും പുതിയ പദ്ധതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതി ഉൽപ്പാദന, വിതരണ, പ്രസരണ മേഖലകളിൽ നൂതന പദ്ധതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഏറ്റവും പ്രാധാന്യമേറിയ സേവന മേഖലയായ വൈദ്യുതി രംഗത്തെ പ്രവർത്തനങ്ങളെ ഉപഭോക്താക്കളുടെ പ്രതീക്ഷകൾക്കൊത്ത് ഉയർത്തുന്നതിന് നിരന്തരമായി ഇടപെടലുകൾ ആവശ്യമാണ്. ബോർഡിന്റെ തനത് വാർഷിക പദ്ധതികളിലുൾപ്പെടുത്തിയും കേന്ദ്രാവിഷ്കൃത പദ്ധതികൾ (RAPDRP, DDUGJY, IPDS തുടങ്ങിയവ) സംസ്ഥാന സർക്കാരിന്റെ കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം (KPIS) പദ്ധതി, മറ്റ് ഏജൻസികൾ എസ്റ്റിമേറ്റ് തുക ഒടുക്കുന്നവ എന്നിവയിലൂടെയാണ് വൈദ്യുത വിതരണ ശൃംഖല മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നത്. 11 കെ.വി. ലൈൻ നിർമ്മിക്കൽ, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, മരച്ചില്ലകൾക്കിടയിലൂടെ കടന്നു പോകുന്ന വൈദ്യുത കമ്പികൾ ABC (Aerial Bunched Cable) ഭൂഗർഭ കേബിളുകൾ എന്നിവ ഉപയോഗിച്ച് മാറ്റുക, എൽ.റ്റി ലൈൻ നിർമ്മാണം, റീ-കണ്ടക്ടറിംഗ്, സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റൽ, പുതിയ വൈദ്യുത കണക്ഷനുകൾ ലഭ്യമാക്കുക, കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുക എന്നീ പ്രവൃത്തികളാണ് ടി പദ്ധതികൾവഴി നടപ്പിലാക്കുന്നത്. സാങ്കേതിക വിദ്യയുടെ വികാസത്തിനനുസരിച്ച് പ്രസരണ മേഖലയിലും നൂതനമായ പദ്ധതികൾക്ക് രൂപം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. നിലവിലുള്ള RoW (Right of Way) തന്നെ ഉപയോഗിച്ചു കൊണ്ട് ലൈനുകളുടെ വോൾട്ടേജ് നിലവാരം ഉയർത്തുന്നതിന് narrow based tower, monopole എന്നീ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. നിലവിലുള്ള ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനായി ശേഷി കൂടിയതും എന്നാൽ ഭാരം കുറഞ്ഞതുമായ പുതിയ തരം കമ്പികൾ ഉപയോഗിക്കുന്നതിനും ലക്ഷ്യമിടുന്നുണ്ട്. കൂടാതെ, ഭാവിയിലെ വൈദ്യുതി ആവശ്യകത കണക്കാക്കി ആവശ്യമായ/സാധ്യമായ സ്ഥലങ്ങളിലെല്ലാം മൾട്ടി സർക്യൂട്ട്/മൾട്ടി വോൾട്ടേജ് ലൈനുകൾ നിർമ്മിക്കുന്നതിനും ഉദ്ദേശിക്കുന്നു. അതോടൊപ്പം സ്ഥലദൗർലഭ്യം കണക്കിലെടുത്ത് ഭൂമിയുടെ ഉപയോഗം കുറയ്ക്കുന്നതിനായി GIS (gas insulated switch gear), Containaried Substation, Hybrid Technology മുതലായ സാങ്കേതിക വിദ്യകൾ പ്രയോഗത്തിലാക്കാനും ലക്ഷ്യമിടുന്നു.

ഊർജ്ജോൽപ്പാദന മേഖലയിൽ പുതിയ ജലവൈദ്യുത പദ്ധതികൾ കണ്ടെത്താനും അവയുടെ സർവ്വേ പൂർത്തിയാക്കി ഡി.പി.ആർ. തയ്യാറാക്കാനും ഈ പദ്ധതികൾ നിർമ്മാണഘട്ടത്തിലെത്തിക്കാനും ഉദ്ദേശിക്കുന്നു. വൈദ്യുതോൽപ്പാദന മേഖലയിൽ നൂതന പദ്ധതികൾക്ക് രൂപം നൽകുന്നതിന്റെ ഭാഗമായി പമ്പ്ട് സ്റ്റോറേജ് സ്കീം, കപ്പാസിറ്റി അഡീഷൻ എന്നിവ ചെയ്യുവാൻ ഉദ്ദേശിക്കുന്നു. ഊർജ്ജ രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുക, പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ ഊർജ്ജ ഉൽപ്പാദനം സാദ്ധ്യമാക്കുക, സംസ്ഥാന റഗുലേറ്ററി കമ്മീഷൻ

നിശ്ചയിച്ചിട്ടുള്ള നവീകരണീയോർജ്ജ ക്രയബാദ്ധ്യത (Renewable Purchase Obligation) നിറവേറ്റുക തുടങ്ങിയ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിനായി നവ നവീകരണ ഊർജ്ജ സ്രോതസ്സുകളിൽനിന്നുള്ള ഉൽപ്പാദനം ലക്ഷ്യമിട്ടുകൊണ്ട് കാറ്റിൽനിന്നും സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി ചീഫ് എൻജിനീയറുടെ നേതൃത്വത്തിൽ റിന്യൂവബിൾ എനർജി ആന്റ് എനർജി സേവിംഗ്സ് എന്ന വിഭാഗം പ്രവർത്തിച്ചുവരുന്നു. അതിന്റെ ഭാഗമായി 31 പദ്ധതികളുടെ നിർമ്മാണം വിവിധ തലത്തിൽ നടന്നുവരുന്നു. ഇവ കൂടാതെ പ്ലാനിംഗ് ബോർഡുമായി ചേർന്ന് കോർപ്പറേഷനുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ 20.331 മെഗാവാട്ടിന്റെ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി വിശദീകരണ കുറിപ്പ് (ഡി.പി.ആർ.) പ്ലാനിംഗ് ബോർഡിൽ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ തലത്തിൽ കേരളത്തിലെ ജില്ലാ പഞ്ചായത്തുകളുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സോളാർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാപഠനം നടത്തി വരുന്നു. ഉദ്ദേശം 21 മെഗാവാട്ട് ശേഷിയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഉപഭോക്താക്കൾ സ്വന്തമായി സ്ഥാപിക്കുന്ന സൗരോർജ്ജ പ്ലാന്റുകൾക്ക് കണക്ഷൻ നൽകുന്നുണ്ട്. ഇതുവരെ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ മൊത്തം 1.335 സ്ഥാപിതശേഷിയുള്ള 631 ഗ്രിഡ് ബന്ധിത സൗരോർജ്ജ പ്ലാന്റുകൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട്.

## വള്ളിക്കുന്നം സെക്ഷൻ ആഫീസ്

160 (1697) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ വള്ളിക്കുന്നം സെക്ഷൻ ആഫീസ് ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത സെക്ഷൻ ആഫീസ് അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ&ബി) വള്ളിക്കുന്നം സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സൗജന്യമായി പത്ത് സെന്റ് സ്ഥലമോ അല്ലെങ്കിൽ കെട്ടിടമോ ലഭ്യമാകുന്ന മുറയ്ക്ക് ആയതിന്റെ പ്രവർത്തനം ആരംഭിക്കുന്നതുമാണ്.

## ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ

161 (1698) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വൈദ്യുത നിലയങ്ങളിൽ നിന്നായി ദിനംപ്രതി ലഭ്യമാകുന്ന വൈദ്യുതി എത്രയാണ്;

(ബി) ഉത്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം എത്രയാണ്;

(സി) പുറത്തുനിന്ന് വാങ്ങുന്ന വൈദ്യുതി യൂണിറ്റിന് എത്ര രൂപ നിരക്കിലാണ് സംസ്ഥാനം നൽകേണ്ടി വരുന്നത്; ഇങ്ങനെ പുറത്തുനിന്നും വൈദ്യുതി വാങ്ങുന്നതിനായി ഇക്കഴിഞ്ഞ 5 വർഷം ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) വൈദ്യുതി മിച്ച സംസ്ഥാനമായിരുന്ന കേരളത്തിന് ഇപ്പോഴത്തെ ഉപഭോഗം കണക്കാക്കി കൂടുതൽ പദ്ധതികൾ നടപ്പിലാക്കാൻ ഈ സർക്കാർ എന്തെങ്കിലും കർമ്മ പരിപാടികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) വൈദ്യുത ഉപഭോഗം കുറയ്ക്കുന്നതിനായി ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതിന് എന്തങ്കിലും പരിപാടികൾ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യങ്ങൾ എല്ലാം വിശദമാക്കി ഒരു ധവളപത്രം ഊർജ്ജ മേഖലയുമായി ബന്ധപ്പെട്ട് പുറത്തിറക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2016 ജൂലായ് മാസത്തെ കണക്കനുസരിച്ച് സംസ്ഥാനത്തെ ശരാശരി വൈദ്യുതി

| | | |
|---|---|---|
| ഉൽപ്പാദനം | - | 13.6810 MU |
| ഉപഭോഗം | - | 58.9737 MU |
| ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള അന്തരം | - | 45.2927 MU |

(സി) കഴിഞ്ഞ 5 വർഷങ്ങളിൽ പുറത്തുനിന്നും വാങ്ങിയ വൈദ്യുതിയുടെ ശരാശരി വിലയും ചെലവഴിച്ച തുകയും താഴെപ്പറയും പ്രകാരമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| സാമ്പത്തിക വർഷം | ശരാശരി (രൂപ) | തുക (കോടിയിൽ) |
|---|---|---|
| 2011-12 | 3.95/Unit | 4375.31 |
| 2012-13 | 4.80/Unit | 7199.61 |
| 2013-14 | 4.71/Unit | 6902.64 |
| 2014-15 | 4.46/Unit | 6782.76 |
| 2015-16 | 4.06/Unit | 6336.83 |

(ഡി) ഉണ്ട്. കേരളത്തിന്റെ ഇപ്പോഴത്തെ ഉപഭോഗവും വരുംകാലങ്ങളിലെ ഉപഭോഗത്തിലുണ്ടായേക്കാവുന്ന വർദ്ധനവും കണക്കാക്കി വൈദ്യുത ആവശ്യകത നിറവേറ്റുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണ്. ഇപ്പോഴുള്ള വൈദ്യുത ആവശ്യകതയുടെ 30 ശതമാനത്തോളം മാത്രമേ ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കാൻ കഴിയുന്നുള്ളൂ. ബാക്കി 70 ശതമാനത്തോളം നിറവേറ്റുന്നതിന് പുറമേനിന്നുള്ള വൈദ്യുത നിലയങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. വരുംകാലങ്ങളിലെ വൈദ്യുത ആവശ്യകത നേരിടുന്നതിന് ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. 1320 മെഗാവാട്ട് ശേഷിയുള്ള ഒരു കൽക്കരി നിലയം കേരളത്തിലോ കൽക്കരി ഖനന പ്രദേശത്തോ സ്ഥാപിക്കുക. ബ്രഹ്മപുരത്ത് വാതകാധിഷ്ഠിത പദ്ധതി ന്യായമായ വിലയിൽ പ്രകൃതി വാതകം ലക്ഷ്യമാക്കി നടപ്പിലാക്കുക. നിലവിലുള്ള ജലവൈദ്യുത പദ്ധതികളുടെ ശേഷി വർദ്ധിപ്പിക്കൽ, പുതിയവ നടപ്പിലാക്കൽ, നിലവിലുള്ളവയുടെ വൃഷ്ടി പ്രദേശത്തിന്റെ പുനരുദ്ധാരണം, സംഭരണ ശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയവ വഴി അധികമായി വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നു. പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളായ ചെറുകിട ജലവൈദ്യുത പദ്ധതികൾ, കാറ്റ്, സൗരോർജ്ജം എന്നിവയിൽനിന്നുള്ള വൈദ്യുത ഉൽപ്പാദനശേഷി 2020- ഓടെ 1500 മെഗാവാട്ടായി വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. പുരപ്പുറ സൗരോർജ്ജ പ്ലാന്റുകളും തരിശുഭൂമി ഉപയോഗപ്പെടുത്തിയുള്ള സൗരോർജ്ജ നിലയങ്ങളും ഡാം റിസർവ്വോയറുകളും കനാലുകളും സൗരോർജ്ജ പദ്ധതികൾക്കുവേണ്ടി മുഖ്യമായും ഉപയോഗപ്പെടുത്താൻ ലക്ഷ്യമിടുന്നു. ഇതിനായി വീടുകളുടെ മേൽക്കൂരയിന്മേൽ സോളാർ പാനലുകൾ സ്ഥാപിച്ച് 1000 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ബൃഹത്പദ്ധതി ഈ വർഷം ആരംഭിക്കുന്നതാണ്. ഇതിന്റെ ആദ്യഘട്ടമായി സർക്കാർ ഓഫീസുകളുടെ മുകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കും. കാസർഗോഡ് നടന്നുവരുന്ന 200 മെഗാവാട്ടിന്റെ സോളാർ പാർക്ക് പദ്ധതി പൂർത്തിയാക്കുന്നതിന് വേണ്ട നടപടികൾ എടുക്കുന്നതാണ്.

(ഇ) ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾക്കുമാത്രമായി കെ.എസ്.ഇ. ബി.എൽ-ൽ എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ സ്കീം (എസ്കോട്ട്) എന്ന ഒരു വിഭാഗം പ്രവർത്തിക്കുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ-ന്റെ പവർ സിസ്റ്റം ശൃംഖലയിലെ ഊർജ്ജ നഷ്ടം കുറയ്ക്കുന്ന പ്രവർത്തനങ്ങളും ഊർജ്ജ ഉപഭോക്താക്കളിലെ ഊർജ്ജ നഷ്ടവും ഊർജ്ജ ഉപഭോഗവും കുറയ്ക്കുന്നതിനും എസ്കോട്ട് സജീവമായി ഇടപെടുന്നു. പവർ സിസ്റ്റം ശൃംഖലയിലെ ഊർജ്ജനഷ്ടം കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് ഹൈ വോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം എന്ന പദ്ധതിയും കെ.എസ്.ബി.എൽ.-ന്റെ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ സ്റ്റേഷനുകളുടെ നവീകരണം എന്ന പദ്ധതിയും നടപ്പിലാക്കി. ഊർജ്ജോപഭോക്താക്കളുടെ ഊർജ്ജനഷ്ടവും ഊർജ്ജോപഭോഗവും കുറക്കുന്നതുമായി ബന്ധപ്പെട്ട് ഐസ് പ്ലാന്റുകളിലും കാർഷിക മേഖലകളിലും ഗവൺമെന്റ് ഹോസ്പിറ്റലുകളിലും ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി വിവിധ മേഖലകളിലുള്ളവർക്കായി വ്യത്യസ്ത പദ്ധതികൾ ഇ.എം.സി. മുഖാന്തരം നടത്തിവരുന്നു. സംസ്ഥാനത്തെ എല്ലാ വൻകിട (HT/EHT) വൈദ്യുതി ഉപഭോക്താക്കൾക്കും ഊർജ്ജ ആഡിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ വൻകിട ഊർജ്ജ ഉപഭോക്താക്കളായ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഊർജ്ജ ആഡിറ്റിനുവേണ്ടി 50% തുക (പരമാവധി 50000 രൂപ) നൽകുന്ന പദ്ധതി നടപ്പിലാക്കുകയും ഇതിനായി 2016-17 സാമ്പത്തിക വർഷത്തിൽ 20 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ ചെറുകിട ഊർജ്ജ ഉപഭോക്താക്കളുടെ പ്രാഥമിക ഊർജ്ജ ആഡിറ്റ് നടത്തുന്നതിന് 10,000 രൂപ സാമ്പത്തിക സഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഊർജ്ജ ആഡിറ്റ് നടപ്പാക്കുകവഴി കേരളത്തിലെ പല വ്യവസായ സ്ഥാപനങ്ങളിലെയും സ്പെസിഫിക് എനർജി കൺസംപ്ഷൻ കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. വിദ്യാർത്ഥികളിൽ ഊർജ്ജസംരക്ഷണ ബോധവൽക്കരണം നടത്തുന്നതിന് സ്മാർട്ട് എനർജി പ്രോഗ്രാം (SEP) എന്ന പദ്ധതി ഇ.എം.സി. നടപ്പിലാക്കി വരുന്നു. വരുംകാലയളവിൽ VHSC, ITI, Polytechnic, Engineering College എന്നിവയിലേക്കുകൂടി SEP വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. വിദ്യാർത്ഥികൾക്ക് ഊർജ്ജസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട് പുതുതായി എന്തെങ്കിലും കണ്ടുപിടിത്തങ്ങൾ നടത്തുവാനായി സാമ്പത്തികവും സാങ്കേതികവുമായ സഹായം ഇ.എം.സി. നൽകിവരുന്നു. പൊതുജനങ്ങളിൽ ഊർജ്ജസംരക്ഷണ അവബോധം വളർത്തുന്നതിലേക്കായി സർക്കാരിതര സംഘടനകൾ മുഖാന്തരം ഊർജ്ജ കിരൺ എന്ന ഊർജ്ജ സംരക്ഷണ ബോധവൽക്കരണ പരിപാടിയും നടത്തിവരുന്നു.

## ഇലക്ട്രിസിറ്റി ബോർഡിന്റെ പൊതുകടം

162 (1699) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011 മുതൽ 2016 വരെയുള്ള ഓരോ സാമ്പത്തിക വർഷത്തിലും ഇലക്ട്രിസിറ്റി ബോർഡിന്റെ പൊതുകടം എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

2010-11 സാമ്പത്തിക വർഷം മുതൽ 2015-16 വരെയുള്ള ഇലക്ട്രിസിറ്റി ബോർഡിന്റെ പൊതുകടം ചുവടെ നൽകുന്നു.

(തുകകോടിരൂപയിൽ)

| സാമ്പത്തിക വർഷം | ദീർഘകാല വായ്പ | ഹ്രസ്വകാല വായ്പ | ആകെ വായ്പ |
|---|---|---|---|
| 2010-11 | 317.64 | 1066.50 | 1384.14 |
| 2011-12 | 1114.49 | 1356.34 | 2470.83 |
| 2012-13 | 1942.97 | 2134.20 | 4077.17 |
| 2013-14 | 2957.48 | 2303.62 | 5261.10 |
| 2014-15 | 3699.35 | 2110.48 | 5809.83 |
| 2015-16 | 3753.51 | 2171.94 | 5925.45 |

## കാറ്റിൽ നിന്നും വൈദ്യുതി

163 (1700) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനായി നടപ്പാക്കിയ കർമ്മ പദ്ധതികളെന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളെന്തെല്ലാമെന്ന് വിവരിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നേട്ടങ്ങളെന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ കാറ്റിൽനിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ എൻ.എച്ച്.പി.സി-യുമായി

കേരള സർക്കാർ ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇതിൻപ്രകാരം ആദ്യഘട്ടത്തിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടങ്ങൾ പാലക്കാട് ജില്ലയിലെ നല്ലസിംഗം, കോട്ടത്തറ പ്രദേശങ്ങളിൽ സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ പൂവാർ ഫിഷർമെൻ കോളനിയിൽ 1 MW മൈക്രോ വിൻഡ് സ്ഥാപിക്കുന്നതിന്റെയും കഞ്ചിക്കോട് 2.625 MW കാറ്റിൽ നിന്നുള്ള വൈദ്യുത പദ്ധതി സ്ഥാപിക്കുന്നതിന്റെയും ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ലഭ്യമായിട്ടുള്ള പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തി കേരളത്തിനാവശ്യമായ വൈദ്യുതി ഉൽപ്പാദിപ്പിക്കുകയെന്നതാണ് ലക്ഷ്യം.

(സി) ഊർജ്ജരംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുക, പരിസ്ഥിതിക്ക് അനുയോജ്യമായ രീതിയിൽ ഊർജ്ജോൽപ്പാദനം സാദ്ധ്യമാക്കുക, സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള നവീകരണീയോർജ്ജ ക്രയബാദ്ധ്യത (Renewable Purchase Obligation) നിറവേറ്റുക എന്നിവയാണ് പ്രസ്തുത പദ്ധതികൾ കൊണ്ടുദ്ദേശിക്കുന്നത്.

**മുടങ്ങിക്കിടക്കുന്ന ജലവൈദ്യുത പദ്ധതികൾ**

164 (1701) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ദേവികുളം നിയോജക മണ്ഡലത്തിൽ അഞ്ച് ജലവൈദ്യുത പദ്ധതികൾ മുടങ്ങിക്കിടക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

ദേവികുളം നിയോജകമണ്ഡലത്തിൽ രണ്ട് ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം മുടങ്ങിക്കിടക്കുന്നു.

1. പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60 MW) :

പദ്ധതിയുടെ ടണൽ, ഇൻടേക്ക് ഭാഗങ്ങളിലുണ്ടായ മണ്ണിടിച്ചിൽമൂലം ഇൻടേക്കിനും ടണൽ ഫേസ്-2-നും ഇടയിലുള്ള ടണൽ നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്. ഭൂമിശാസ്ത്രപരമായ കാരണങ്ങളാലും കരാറുകാരുടെ ഉദാസീനതയുംമൂലം പദ്ധതി 7/2015 മുതൽ മുടങ്ങിക്കിടക്കുകയാണ്. നിലവിലുള്ള നിർമ്മാണക്കരാർ ഫോർക്ളോസ് ചെയ്തതിനുശേഷം ബാക്കി ജോലികൾക്കായി പുതിയ കരാറുണ്ടാക്കി മൂന്നുവർഷംകൊണ്ട് പദ്ധതി നിർമ്മാണം പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. തോട്ടിയാർ ജലവൈദ്യുത പദ്ധതി (40 MW) :

ഈ പദ്ധതിയുടെ പ്രാരംഭഘട്ടകത്തിൽ സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ടുണ്ടായ തദ്ദേശവാസികളുടെ എതിർപ്പും M/s. CPPL- ന്റെ സാമ്പത്തിക ഭദ്രതയില്ലായ്മയും പിന്നീടുള്ള ഘട്ടത്തിൽ പദ്ധതി മുടങ്ങുവാൻ കാരണമായി. നിലവിലുള്ള നിർമ്മാണക്കരാർ ഫോർക്ളോസ് ചെയ്തതിനു ശേഷം ബാക്കി ജോലികൾക്കായി പുതിയ കരാറുണ്ടാക്കി രണ്ടു വർഷത്തിനകം നിർമ്മാണം പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷിക്കുന്നത്.

## കാറ്റാടിയന്ത്രത്തിൽ നിന്ന് വൈദ്യുതി

165 (1702) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ കാറ്റാടിയന്ത്രം സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്ന എത്ര യൂണിറ്റുകളാണ് പ്രവർത്തിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സ്വകാര്യ സ്ഥാപനങ്ങളുടെ ഇത്തരം യൂണിറ്റുകളിൽ ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.-ക്ക് നൽകി വരുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 44 യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) ഉണ്ട്. സ്വകാര്യ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ ചിലത് സ്വന്തം ആവശ്യത്തിന് വൈദ്യുതി ഉൽപ്പാദിപ്പിച്ച് കെ.എസ്.ഇ.ബി.എൽ-ന്റെ ഗ്രിഡിൽക്കൂടി സ്വന്തം സ്ഥാപനങ്ങളിലേക്ക് കൊണ്ടുപോകുന്നുണ്ട്. അതോടൊപ്പം നേരിട്ട് കെ.എസ്.ഇ.ബി.എൽ-ന് വൈദ്യുതി വിൽക്കുന്ന സ്വകാര്യ ഉൽപ്പാദകരുമുണ്ട്.

(സി) സ്വകാര്യ ഉൽപ്പാദകരിൽ നിന്നും സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അനുവദിക്കുന്ന നിരക്കിലാണ് കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വാങ്ങുന്നത്.

## ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളുടെ വിഭജനം

166 (1703) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മുടങ്ങിയാൽ ആയത് പുനഃസ്ഥാപിക്കുന്നതിന് കാലതാമസം വരുന്നത് ജീവനക്കാരുടെ കുറവുമൂലമാണെങ്കിൽ കൺസ്യൂമേഴ്സിന്റെ എണ്ണം കൂടുതലുള്ള ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പ്രസ്തുത കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഒരു സെക്ഷൻ ഓഫീസിന്റെ കീഴിൽ എത്ര കൺസ്യൂമേഴ്സിനെ ഉൾപ്പെടുത്തുവാനാണ്ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇതുപ്രകാരം കൺസ്യൂമേഴ്സിന്റെ എണ്ണം കൂടുതലുള്ള എത്ര സെക്ഷൻ/ മേജർ സെക്ഷൻ ഓഫീസുകൾ വിഭജിക്കേണ്ടിവരുമെന്ന് വ്യക്തമാക്കുമോ;

(ഡി) ഗാർഹിക വ്യാവസായിക മേഖലകളിൽ നിന്നും കെ.എസ്.ഇ. ബോർഡ് ലിമിറ്റഡിന് എത്ര കോടി രൂപ പിരിഞ്ഞ് കിട്ടാനുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ;

(ഇ) ഇതിൽ ഏറ്റവും കൂടുതൽ കുടിശ്ശിക തുക അടയ്ക്കാനുള്ള വ്യവസായ സ്ഥാപനം ഏതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കെ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ലധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണയായി ബോർഡ് നിലവിലുള്ള സെക്ഷനുകൾ വിഭജിച്ച് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. പുതുതായി സെക്ഷൻ ഓഫീസ് അനുവദിക്കുന്നത് വലിയ സാമ്പത്തിക ബാദ്ധ്യത ഉണ്ടാക്കുന്ന കാര്യമാണ്. ഇത് ഉപഭോക്താക്കളുടെ താരിഫിലുള്ള വർദ്ധനവിന് കാരണമാകുമെന്നതിനാൽ ഉപഭോക്താക്കൾക്ക് സമയബന്ധിതമായി സേവനം നൽകുന്നതിനും ബില്ലുകൾ അടയ്ക്കുന്നതിനും മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് അത്യാവശ്യം സന്ദർഭങ്ങളിൽ അല്ലാതെ പുതിയ ഓഫീസുകൾ ആരംഭിക്കാറില്ല.

(ഡി) എച്ച്.ടി/ഇ.എച്ച്.ടി. വിഭാഗത്തിൽ 31-3-2016-ലെ കണക്കുപ്രകാരം ഗാർഹിക വിഭാഗത്തിൽ കുടിശ്ശികയില്ല. ഈ വിഭാഗത്തിൽ വ്യവസായ മേഖലയിൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന് പിരിഞ്ഞു കിട്ടാനുള്ള തുക ജില്ല തിരിച്ച് പട്ടികയായും എൽ.റ്റി. വിഭാഗത്തിലെ ഗാർഹിക വ്യാവസായിക മേഖലയിലെ ഉപഭോക്താക്കളിൽനിന്നും പിരിഞ്ഞു കിട്ടാനുള്ള തുകയുടെ ജില്ല തിരിച്ചുള്ള കണക്കും അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഇ) 31-3-2016- ലെ കണക്കുപ്രകാരം വ്യാവസായിക മേഖലയിൽ ഏറ്റവും കൂടുതൽ കുടിശ്ശിക തുക അടയ്ക്കാനുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനം ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ആണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഉപയോഗശൂന്യമായിത്തീർന്ന ട്രാൻസ്ഫോർമറുകൾ

167 (1704) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്ഫോമറുകൾ മുഖേന പ്രതിവർഷം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടങ്ങളും ഉപഭോക്താക്കൾക്കുണ്ടാകുന്ന വൈദ്യുതിതടസ്സം ഉൾപ്പെടെയുള്ള കഷ്ട നഷ്ടങ്ങളും ഒഴിവാക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ട്രാൻസ്ഫോമറുകളിൽ നിലവിൽ ഘടിപ്പിച്ചിട്ടില്ലാത്തതും എന്നാൽ അത്യാവശ്യവുമായ ലൈററിനിംഗ് അറസ്റ്റർ, എ.ബി.എച്ച് (എയർ ബ്ലാസ്റ്റ് സർക്യൂട്ട് ബ്രേക്കർ) ന്യൂട്രൽ എർത്തിംഗ് എന്നിവ ഘടിപ്പിച്ച് പ്രസ്തുത കഷ്ടനഷ്ടങ്ങൾ ഒഴിവാക്കുന്നതിനായുള്ള പദ്ധതികളെന്തെങ്കിലുമുണ്ടോ; വിശദമാക്കുമോ;

(സി) കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ഉപയോഗശൂന്യമായിത്തീർന്ന ട്രാൻസ് ഫോമറുകളും എനർജി മീറ്ററുകളും എത്രയെന്നും ആയതിൽ ഇടിമിന്നൽ മൂലം ഉപയോഗശൂന്യമായിത്തീർന്നവ എത്രയെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) ട്രാൻസ്ഫോർമർ സ്റ്റേഷനുകളിലെ പ്രശ്നങ്ങൾകാരണം ഉപഭോക്താക്കൾക്ക് ഉണ്ടാകാനിടയുള്ള കഷ്ടനഷ്ടങ്ങൾ ഒഴിവാക്കാനായി അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ട്. ഇതിൽ ട്രാൻസ്ഫോർമർ സ്റ്റേഷനുകളിൽ എർത്തിംഗ് ചെയ്തിട്ടുണ്ട് എന്നുറപ്പാക്കുക, ലോഡ് വിന്യാസം ശരിയാക്കുക എന്നിവ ഉൾപ്പെടുന്നു. കൂടാതെ ഫീൽഡ് റിപ്പയർ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ നിന്നുള്ള ടീം ട്രാൻഫോർമർ സ്റ്റേഷനുകൾ സന്ദർശിച്ച് ട്രാൻസ്ഫോർമറുകളുടെ സ്ഥിതി വിലയിരുത്തി വേണ്ട മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) നിലവിൽ ലൈറ്റിനിങ്ങ് അറസ്റ്റർ, എ.ബി സ്വിച്ച്, ന്യൂട്രൽ എർത്തിങ്ങ് എന്നിവ ഉണ്ടെന്നും ഉറപ്പുവരുത്തിയാണ് ട്രാൻസ്ഫോർമർ ചാർജ് ചെയ്യുന്നത്. കേടുവരുന്നവ എത്രയും വേഗം മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിക്കാറുണ്ട്.

(സി) ലഭ്യമായ വിവരപ്രകാരം കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ തകരാറിലായ ട്രാൻസ്ഫോർമറുകൾ 6042 എണ്ണം, തകരാറിലായ മീറ്ററുകൾ 27,18,608 എണ്ണം. ഇതിൽ ഇടിമിന്നൽമൂലം ഉപയോഗശൂന്യമായി തീർന്ന ട്രാൻസ്ഫോർമറുകൾ 608 എണ്ണം, മീറ്ററുകൾ 2,35,129 എണ്ണം ഇതിൽ പലതും വേണ്ട അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗയോഗ്യമാക്കിയിട്ടുണ്ട്.

**സബ്സ്റ്റേഷനായി ഉയർത്തുന്നതിനുള്ള നടപടി**

168 (1705) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂരിൽ സ്ഥാപിച്ചിട്ടുള്ള 33 കെ. വി. സബ് സ്റ്റേഷൻ 66 കെ. വി. സബ് സ്റ്റേഷനായി ഉയർത്തുന്നതിലേക്ക് നടപടി കൈക്കൊള്ളുവാൻ സന്നദ്ധമാകുമോ; ഇല്ലെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

നിലവിലുള്ള വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിന് പരവൂരിൽ ഇപ്പോഴുള്ള 33 കെ.വി. സബ്സ്റ്റേഷൻ പര്യാപ്തമാണ്. വൈദ്യുതി ആവശ്യകത വർദ്ധിക്കു ന്നതിനനുസരിച്ച് സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്നകാര്യം പരിഗണിക്കുന്നതാണ്.

**ജൈക്ക പ്രോജക്ട്**

169 (1706) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2009 ലെ ചേർത്തല ജൈക്ക (JICA) പ്രോജക്ടിലെ ജലസ്രോതസ്സായ മൂവാറ്റുപുഴ കുളമ്പൂർക്കാവ് പമ്പ് ഹൗസിലേക്ക് പ്രത്യേക വൈദ്യുതി വിതരണ ലൈൻ സ്ഥാപിക്കുന്നതിനായി 4.25 കോടി രൂപ അടച്ചിട്ടും നാളിതുവരെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്നതും ഇതുമൂലം കുടിവെള്ള പദ്ധതിയുടെ വിതരണം പല ഘട്ടങ്ങളിലും മുടങ്ങുന്ന വിവരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; മൂവാറ്റുപുഴ വൈദ്യുത സർക്കിളിന്റെ കീഴിൽ വരുന്ന ഈ പ്രവൃത്തി ഇത്രയും വൈകാനിടയായ സാഹചര്യമെന്തെന്ന് അന്വേഷണം നടത്തുമോ എന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാര്യത്തിൽ മനപൂർവ്വമായ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ ഉത്തരവാദി ആര് എന്ന് വ്യക്തമാക്കുമോ;

(സി) ഈ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ;

ഉത്തരം

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പിറവം ഇലക്ട്രിക്കൽ സെക്ഷനുകീഴിൽ വാട്ടർ അതോറിറ്റിയുടെ JICA പ്രോജക്ടിന്റെ കുളമ്പൂർക്കാവ് പമ്പ് ഹൗസിലേക്ക് രണ്ട് ഡെഡിക്കേറ്റഡ് ഫീഡറുകൾ സ്ഥാപിക്കുന്നതിനായി വാട്ടർ അതോറിട്ടി 4.25 കോടി രൂപ അടച്ചിട്ടുണ്ട്. അതിൽ ഒന്നാമത്തെ ഫീഡർ 10-8-2011-ന് ചാർജ് ചെയ്തിട്ടുണ്ട്. രണ്ടാമത്തെ ഫീഡറിനു വേണ്ടിയുള്ള 9 കി.മീ അണ്ടർ ഗ്രൗണ്ട്

കേബിൾ സ്ഥാപിക്കുന്ന ജോലി അതിന്റെ അവസാന ഘട്ടത്തിലാണ്. റോഡ് പൊളിച്ച് അണ്ടർ ഗ്രൗണ്ട് കേബിൾ സ്ഥാപിക്കുന്നതിന് പൊതുജനങ്ങളിൽ നിന്നുമുണ്ടായ എതിർപ്പും കോൺട്രാക്ടറുടെ നിസ്സഹകരണവുംമൂലമാണ് ഈ പ്രവൃത്തി വൈകാനിടയായത്. ഇപ്പോൾ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും ഉടനെ തന്നെ കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

## LED ബൾബുകളുടെ ഉപയോഗം

170 (1707) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) LED ബൾബുകളുടെ ഉപയോഗം പാരിസ്ഥിതിക പ്രശ്നങ്ങളും ആരോഗ്യ പ്രശ്നങ്ങളും സൃഷ്ടിക്കുമോ എന്ന് കെ.എസ്.ഇ.ബി. പഠനം നടത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ;

(ബി) LED ബൾബുകളുടെ വൈദ്യുത ഉപഭോഗത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ എന്നു വ്യക്തമാക്കാമോ;

(സി) LED ബൾബുകൾ പാരിസ്ഥിതിക പ്രശ്നങ്ങളും ആരോഗ്യപ്രശ്നങ്ങളും സൃഷ്ടിക്കുന്നില്ലെന്ന് തെളിഞ്ഞിട്ടുണ്ടെങ്കിൽ തെരുവ് വിളക്കുകൾക്കും മറ്റും LED ബൾബുകൾ ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകാമോ?

<u>ഉത്തരം</u>

(എ) പഠനം നടത്തിയിട്ടില്ല.

(ബി) ഉണ്ട്. കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ എനർജി സേവിംഗ്സ് കോ-ഓർഡിനേഷൻ ടീം (എസ്കോട്ട്) എന്ന വിഭാഗം LED ബൾബുകളുടെ വൈദ്യുത ഉപഭോഗം സംബന്ധിച്ച് ഒരു പഠനം എന്ന നിലയിൽ തിരുവനന്തപുരത്തുള്ള കേശവദാസപുരം സെക്ഷൻ ഓഫീസ് പരിധിയിൽപ്പെട്ട 30 BPL വീടുകളിൽ LED ബൾബുകൾ സ്ഥാപിക്കുകയും ഇതുവഴി പ്രതിവർഷം 4073 യൂണിറ്റ് വൈദ്യുതി ലാഭമുണ്ടായതായും കണക്കാക്കിയിട്ടുണ്ട്.

(സി) തെരുവുവിളക്കുകൾ എൽ.ഇ.ഡി. ബൾബുകളാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി. ലിമിറ്റഡും ആലപ്പുഴ മുനിസിപ്പാലിറ്റിയും കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡും (EESL) സംയുക്തമായി ആലപ്പുഴ മുനിസിപ്പാലിറ്റിയിലെ തെരുവുവിളക്കുകൾ എൽ.ഇ.ഡി-യാക്കുന്ന പദ്ധതി പുരോഗമിക്കുന്നു. കൂടാതെ വല്ലച്ചിറ പഞ്ചായത്തിലും നെൻമേനിക്കര പഞ്ചായത്തിലും എൽ.ഇ.ഡി. തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

## 'സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് '

171 (1708) ശ്രീ. വി. എസ്. അച്യുതാനന്ദൻ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർപ്ലാനിൽ ഉൾപ്പെട്ട സന്നിധാനത്തിലെ 'സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (എസ്.ടി.പി)പരാജയമാകാനുണ്ടായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) കരാർ വ്യവസ്ഥപ്രകാരമുള്ള സ്ഥാപിത ശേഷി പ്ലാന്റിന് ഇല്ലാത്തതും യന്ത്ര സാമഗ്രികളുടെ ഗുണനിലവാരമില്ലായ്മയും, കരാർ വ്യവസ്ഥയുടെ ലംഘനവുമാണ് പ്രസ്തുത പ്ലാന്റിന്റെ പ്രവർത്തനം നിശ്ചലമാക്കാൻ കാരണമായതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതു സംബന്ധിച്ച സമഗ്രമായ അന്വേഷണത്തിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (എസ്.ടി.പി) പരാജയമായി കാണുന്നില്ല. പ്ലാന്റിന്റെ പ്രവർത്തനം കഴിഞ്ഞ ശബരിമല സീസണുമുൻപ് ആരംഭിച്ചിരുന്നുവെങ്കിലും പൂർണ്ണതോതിലുള്ള മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തുവാൻ കഴിഞ്ഞിരുന്നില്ല. പ്രതിദിനം അഞ്ചു ദശലക്ഷം ലിറ്റർ മാലിന്യം സംസ്കരിക്കുവാൻ ശേഷിയുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ ഈ പദ്ധതി സംസ്ഥാനത്തെ ആദ്യ പദ്ധതിയാണ്. വിവിധ ഘട്ടങ്ങളായി നിർവ്വഹിക്കപ്പെടേണ്ട ഓക്സിജൻ ആവശ്യമുള്ളതും ഓക്സിജൻ ആവശ്യമില്ലാത്തതുമായ നിരവധി പ്രവർത്തനങ്ങൾ പൂർത്തിയാക്കണമെങ്കിൽ കൂടുതൽ സമയവും ആവശ്യമായ മാലിന്യവും ലഭ്യമാക്കേണ്ടതുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെയും നാഷണൽ എൻവോയൺമെന്റൽ എഞ്ചിനീയറിംഗ് ഇൻസ്റ്റിറ്റ്യൂട്ടിലെ വിദഗ്ദ്ധരായ ശാസ്ത്രജ്ഞൻമാരുടെയും കേരള സർക്കാരിന്റെ ചീഫ് ടെക്നിക്കൽ എക്സാമിനറുടെയും പരിശോധനയിൽ പ്ലാന്റിന്റെ നിർമ്മാണത്തിൽ എന്തെങ്കിലും പോരായ്മയുള്ളതായി ചൂണ്ടിക്കാണിച്ചിട്ടില്ല.

(ബി) കരാർ വ്യവസ്ഥയനുസരിച്ചുള്ള സ്ഥാപിതശേഷിയായ പ്രതിദിനം അഞ്ചുദശലക്ഷം ലിറ്റർ മാലിന്യ സംസ്കരണശേഷി ഈ പ്ലാന്റിനുണ്ട്. യന്ത്ര സാമഗ്രികൾക്ക് ഗുണനിലവാരമില്ലായെന്നോ കരാർ വ്യവസ്ഥകളുടെ ലംഘനം ഉണ്ടായിട്ടുള്ളതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ അന്വേഷണം നടത്തുന്നതാണ്.

**ശബരിമല തീർത്ഥാടനത്തിന് മെച്ചപ്പെട്ട സൗകര്യങ്ങൾ**

172 (1709) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനത്തിനായി അന്യ സംസ്ഥാനങ്ങളിൽ നിന്നും എരുമേലിയിൽ എത്തുന്ന അയ്യപ്പഭക്തന്മാർക്ക് വിശ്രമിയ്ക്കുവാനും പ്രാഥമിക കൃത്യങ്ങൾ നിർവഹിക്കുവാനും അവിടെ നിലവിലുള്ള സംവിധാനം അപര്യാപ്തമായതിനാൽ കൂടുതൽ സൗകര്യങ്ങളുള്ള 'വിരിപ്പന്തൽ' അടിയന്തരമായി നിർമ്മിയ്ക്കുവാൻ ആവശ്യമായ നടപടി സ്വീകരിയ്ക്കുമോ;

(ബി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) എരുമേലിയിൽ ഇപ്പോൾ ലഭ്യമായ ഭൗതിക സാഹചര്യങ്ങൾ പരമാവധി ഉപയോഗിച്ചുകൊണ്ട് അയ്യപ്പഭക്തൻമാർക്ക് വിരിവെയ്ക്കുന്ന തുൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആവശ്യമെങ്കിൽ ബന്ധപ്പെട്ട വകുപ്പുകളുമായും അധികാര സ്ഥാപനങ്ങളുമായും ആലോചിച്ച് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുവാനുള്ള നടപടികൾ പരിശോധിക്കുന്നതാണ്.

(ബി) ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുടെ യോഗംചേർന്ന് തീരുമാനം കൈക്കൊള്ളുന്നതാണ്.

**ശബരിമല മാസ്റ്റർ പ്ലാൻ**

173 (1710) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) മാസ്റ്റർ പ്ലാനിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോന്നിനും ചെലവായ തുക എത്രയെന്നും വിശദീകരിക്കുമോ;

(സി) മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് കേന്ദ്ര സഹായം എന്തെങ്കിലും ലഭിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എത്ര എന്നും വിശദമാക്കാമോ;

(ഡി) അടുത്ത ശബരിമല സീസണ് മുമ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്നതിന് ഇതുവരെ 71.46 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ശബരിമല മാസ്റ്റർ പ്ലാനിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതികളും അതിന് ഓരോന്നിനും ചെലവായ തുകയുടെയും ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ലഭിച്ചിട്ടില്ല.

(ഡി) അടുത്ത ശബരിമല സീസണിനുമുൻപ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

**സന്നിധാനത്തെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്**

174 (1711) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല സന്നിധാനത്തെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (STP) നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) എത്രയാണ് ഇതിന്റെ സ്ഥാപിതശേഷി; എത്ര രൂപയാണ് ഇതിന്റെ നിർമ്മാണത്തിനായി ചെലവഴിച്ചത്;

(സി) ഇതിന്റെ നിർമ്മാണച്ചുമതല ആർക്കായിരുന്നു; ആരാണ് നിർമ്മാണം നടത്തിയത്; എന്നാണ് ഉദ്ഘാടനം ചെയ്തത്;

(ഡി) സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ഉദ്ഘാടനം നടത്തിയെങ്കിലും, ശരിയായ രീതിയിൽ പ്രവർത്തിക്കാതിരിക്കുന്നതിന്റെ കാരണം വിശദമാക്കാമോ;

(ഇ) നിർമ്മാണത്തിലെ അപാകത, യന്ത്രത്തിന്റെ തകരാർ എന്നിവയിലേതെങ്കിലും മൂലമാണോ പ്ലാന്റ് ശരിയായ രീതിയിൽ പ്രവർത്തിക്കാത്തതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എഫ്) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി ശ്രദ്ധയിൽപ്പെടുകയോ അന്വേഷണം നടത്തുകയോ ചെയ്തിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ ഇതിന്റെ നിർമ്മാണമടക്കമുള്ള മുഴുവൻ കാര്യങ്ങളെപ്പറ്റിയും സമഗ്രമായി അന്വേഷിച്ച് കൃത്യവിലോപം കണ്ടെത്തുകയാണെങ്കിൽ അതിനിടയാക്കിയവരുടെ പേരിൽ മാതൃകാപരമായ നടപടിയും സർക്കാരിനുണ്ടായിട്ടുള്ള നഷ്ടം ബന്ധപ്പെട്ട കക്ഷികളിൽ നിന്നും ഈടാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) പ്രതിദിനം അഞ്ച് ദശലക്ഷം ലിറ്ററാണ് സ്ഥാപിതശേഷി. മൊത്തം കരാർ തുക 22.87 കോടി. നാളിതുവരെ 20.33 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) നിർമ്മാണച്ചുമതല ശബരിമല മാസ്റ്റർ പ്ലാൻ ഉന്നതിധാകര സമിതിക്കായിരുന്നു. ഹൈദ്രബാദിലെ രാംകി ഇൻഫ്രാസ്ടക്ചർ ലിമിറ്റഡ് എന്ന കമ്പനിയാണ് നിർമ്മാണം നടത്തിയത്. 2015 നവംബർ 10-ാം തീയതി പ്ലാന്റ് ഉദ്ഘാടനം ചെയ്തു.

(ഡി) ശബരിമലയുടെ ആസൂത്രിത വികസനത്തിന് തയ്യാറാക്കിയ മാസ്റ്റർ പ്ലാനിലെ പ്രധാനപ്പെട്ട പദ്ധതികളിലൊന്നാണ് സന്നിധാനത്തെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്. പ്രതിദിനം അഞ്ചു ദശലക്ഷം ലിറ്റർ മാലിന്യം സംസ്കരിക്കുവാൻ ശേഷിയുള്ള ഈ പദ്ധതി സംസ്ഥാനത്തെ ആദ്യത്തെ പദ്ധതിയാണ്. പ്ലാന്റിന്റെ നിർമ്മാണം പൂർണ്ണമായിട്ടുണ്ട്. ഇതിന്റെ അനുബന്ധ ജോലിയുടെ ഭാഗമായ പൈപ്പിംഗ്, മാൻഹോൾ എന്നീ ശേഷിച്ച പണികൾ ചെയ്തു തീർക്കേണ്ടതായിട്ടുണ്ട്. പുതിയ സാങ്കേതികവിദ്യയും പ്രതിദിനം അഞ്ചുദശലക്ഷം ലിറ്റർ മാലിന്യസംസ്കരണ ശേഷിയുമുള്ള ഈ പ്ലാന്റ് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകണമെങ്കിൽ ഓക്സിജൻ ആവശ്യമുള്ളതും ഓക്സിജൻ ആവശ്യമില്ലാത്തതുമായ നിരവധി പ്രവർത്തനങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. ഈ സാങ്കേതിക പ്രക്രിയ പൂർണ്ണമാകുന്നതിന് ഏറെ സമയം ആവശ്യമാണ്. ശബരിമല മാസപൂജാ ദിവസങ്ങളിൽ മാലിന്യലഭ്യത കുറവായിരിക്കും. മണ്ഡലം-മകരവിളക്ക് കാലയളവിൽ മാത്രമേ പൂർണ്ണതോതിലുള്ള മാലിന്യ സംസ്കരണത്തിനാവശ്യമായ മാലിന്യം ലഭ്യമാകുകയുള്ളൂ. വരുന്ന സീസണോടെ പ്ലാന്റിലെ മാലിന്യസംസ്കരണം പൂർണ്ണതോതിൽ നടക്കുന്നതാണ്.

(ഇ) നിർമ്മാണത്തിൽ എന്തെങ്കിലും അപാകതയുള്ളതായോ യന്ത്രത്തിന് എന്തെങ്കിലും തകരാറുള്ളതായോ പരിശോധനാവേളകളിലൊന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എഫ്) ഇത് സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ അന്വേഷണം നടത്തുന്നതാണ്.

**ദേവസ്വം ബോർഡ് കോളേജുകളിലെ നിയമനങ്ങൾ**

175 (1712) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. പി. വി. അൻവർ</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> :
<u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ദേവസ്വം ബോർഡുകളുടെ കീഴിൽ പ്രവർത്തിക്കുന്ന എയ്ഡഡ്, സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും നിയമനത്തിൽ എന്തു മാനദണ്ഡമാണ് പാലിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മാനദണ്ഡങ്ങൾ മറികടന്നു നിയമനങ്ങൾ നടന്നിട്ടുണ്ടോയെന്നു പരിശോധന നടത്തിയിട്ടുണ്ടോ;

(സി) ഇത്തരം നിയമനങ്ങളിൽ സംവരണതത്വം പാലിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

**ദേവസ്വം ഭൂമികളിലുള്ള കയ്യേറ്റം**

176 (1713) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേവസ്വം ഭൂമികളിലുള്ള കയ്യേറ്റം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദേവസ്വം ഭൂമി കയ്യേറിയതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകളാണ് നിലവിലുള്ളത് എന്നത് ഓരോ ദേവസ്വത്തിലെയും പ്രത്യേകം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ;

(സി) ദേവസ്വം ഭൂമികൾ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളും സംവിധാനങ്ങളുമാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

**ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കൽ**

177 (1714) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കുന്നതിനായി നൽകിയ നിവേദനത്തിന്മേൽ കേന്ദ്ര സർക്കാർ എന്ത് മറുപടിയാണ് നൽകിയത്;

(ബി) ഇക്കാര്യത്തിൽ എന്ത് തുടർ നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ&ബി) ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കുന്നതിനായി നൽകിയ നിവേദനത്തിന് കേന്ദ്ര സർക്കാരിൽ നിന്നും തിരുവിതാംകൂർ ദേവസ്വം ബോർഡിന് മറുപടിയൊന്നും ലഭിച്ചിട്ടില്ല.

**ക്ഷേത്ര നടപ്പന്തൽ**

178 (1715) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ തിരുമൂഴിക്കുളം ശ്രീലക്ഷ്മണ പെരുമാൾ ക്ഷേത്രം ഉൾപ്പെടെ മറ്റ് മൂന്ന് ക്ഷേത്രങ്ങളിൽ നടപ്പന്തൽ നിർമ്മാണത്തിന് കഴിഞ്ഞ ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ക്ഷേത്രത്തിൽ 1,44,20,841 രൂപയുടെ നടപ്പന്തൽ നിർമ്മാണത്തിനുള്ള ഭരണാനുമതിക്കായി കിറ്റ്കോ നൽകിയ ഫയലിൽ ആയത് നൽകാത്തതിന്റെ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത ക്ഷേത്രത്തിൽ നടപ്പന്തൽ നിർമ്മിക്കുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയ തുകയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

**ക്ഷേത്രകലാപീഠം**

179 (1716) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ കൊല്ലമ്പുഴ കോയിക്കൽ കൊട്ടാരത്തിൽ പ്രവർത്തിച്ചിരുന്ന ക്ഷേത്രകലാപീഠം പുനരുജ്ജീവിപ്പിക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) അന്യം നിന്ന് പോകുന്ന ക്ഷേത്രവാദ്യകല അഭ്യസിപ്പിച്ചിരുന്ന ഈ സ്ഥാപനം നിർത്തലാക്കാനുള്ള ദേവസ്വംബോർഡ് തീരുമാനത്തിന്റെ കാരണം വിശദമാക്കാമോ;

(സി) ഇവിടെ മറ്റേതെങ്കിലും സ്ഥാപനം തുടങ്ങുവാൻ ദേവസ്വം ബോർഡ് തീരുമാനമെടുത്തിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) കൊല്ലമ്പുഴ കോയിക്കൽ കൊട്ടാരത്തിലെ ക്ഷേത്ര കലാപീഠം പുനരുജ്ജീവിപ്പിക്കുന്നതിന് നിലവിൽ നടപടിയില്ല.

(ബി) അധിക ബാദ്ധ്യതയുള്ളതിനാലാണ് ആറ്റിങ്ങൽ ക്ഷേത്ര കലാപീഠം തുടരേണ്ടതില്ലെന്ന തീരുമാനമെടുത്തതെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

(സി) ആറ്റിങ്ങൽ കോയിക്കൽ കൊട്ടാരത്തിൽ തന്ത്രശാസ്ത്ര പഠനകേന്ദ്രം തുടങ്ങുന്നതിന് തീരുമാനിച്ചതായി ബോർഡ് അറിയിച്ചിട്ടുണ്ട്. ഇതിന്റെ വിവിധ വശങ്ങൾ ഗവൺമെന്റ് പരിശോധിച്ചുവരുന്നു.

**മുപ്പതാമത് ഭാഗവത സത്രം**

180 (1717) ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. പി. കെ. ശശി :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ദേവസ്വത്തിൽ നടന്ന മുപ്പതാമത് ഭാഗവത സത്രത്തിന്റെ പേരിൽ നടത്തിയതായി പറയപ്പെടുന്ന വൻ പണപ്പിരിവിനെയും മറ്റ് ക്രമക്കേടുകളെയും സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത വിഷയത്തിൽ കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇതു സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണെന്നും ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി&സി) പരാതി പരിശോധിച്ചപ്പോൾ അനധികൃത പണപ്പിരിവും ക്രമക്കേടുകളും കണ്ടെത്തിയെങ്കിലും ആരോപണ വിധേയർക്കെതിരെ മുൻ സർക്കാർ നടപടിയൊന്നും സ്വീകരിക്കുകയുണ്ടായില്ല. ഗുരുവായൂർ ദേവസ്വത്തിൽ ഭാഗവത സത്രത്തിന്റെ പേരിൽ നടത്തിയ വൻപണപ്പിരിവിനെ സംബന്ധിച്ചും ഭാഗവതസത്ര സമിതി, ഗുരുവായൂർ ദേവസ്വമാണ് ഭാഗവത സത്രം നടത്തുന്നത് എന്ന വ്യാജേന സംഘടിപ്പിച്ചതിലും ഗുരുവായൂർ ദേവസ്വം സ്ഥലം, കമ്മീഷണറുടെ അനുമതിയില്ലാതെ ഒരു വർഷത്തേക്ക് സൗജന്യമായി അനുവദിച്ചത് സംബന്ധിച്ചുള്ള ക്രമക്കേടുകളെ സംബന്ധിച്ചും വിജിലൻസ് അന്വേഷണത്തിന് ഇപ്പോൾ ഉത്തരവായിട്ടുണ്ട്.

**ആചാരസ്ഥാനികർക്കും കോലധാരികൾക്കും സാമ്പത്തിക സഹായം**

181 (1718) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരമലബാറിലെ ക്ഷേത്രങ്ങളിലെയും കാവുകളിലെയും ആചാരസ്ഥാനികർക്കും കോലധാരികൾക്കും സാമ്പത്തിക സഹായം നൽകി വരുന്നതിൽ നിലവിൽ എത്രമാസത്തെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ തുക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ;

(സി) സംസ്ഥാനത്ത് മറ്റ് ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിച്ച സാഹചര്യത്തിൽ ആചാരസ്ഥാനികർക്കും കോലധാരികൾക്കും സാമ്പത്തിക സഹായവും വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലുണ്ടോ എന്നു വ്യക്തമാക്കാമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2016 ഫെബ്രുവരി മുതൽ കുടിശ്ശികയാണ്.

(ബി) കുടിശ്ശിക തുക നൽകാൻ നടപടി സ്വീകരിക്കുന്നതാണ്.

(സി) സാമ്പത്തികസഹായം വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാനേജ്മെന്റ് ക്വാട്ട**

182 (1719) ശ്രീ. വി. റ്റി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകൾ, കോളേജുകൾ എന്നിവയിലേക്ക് വിദ്യാർത്ഥി പ്രവേശനത്തിന് മാനേജ്മെന്റ് ക്വാട്ട നിലവിലുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇങ്ങനെയുള്ള മാനേജ്മെന്റ് ക്വാട്ട സീറ്റുകളിലേക്ക് പ്രവേശനം നൽകുന്നതിന് മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) മാനേജ്മെന്റ് ക്വാട്ടയിലെ സീറ്റുകളിലേക്ക് പ്രവേശനം നൽകുന്നതിനുള്ള തീരുമാനം കൈകൊള്ളുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ആകെ അനുവാദമുള്ള സീറ്റിന്റെ 20% കോളേജിനും 30% സ്കൂളിനും മാനേജ്മെന്റ് ക്വാട്ട അനുവദിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡാണ് തീരുമാനം കൈക്കൊള്ളേണ്ടത്.

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഒഴിവുകൾ**

183 (1720) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ലോവർ ഡിവിഷൻ ക്ലാർക്ക് / സബ് ഗ്രൂപ്പ് ആഫീസർ ഗ്രേഡ്-II തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന വിവരം വെളിപ്പെടുത്തുമോ;

(ബി) ദേവസ്വം ബോർഡിൽ പ്രസ്തുത തസ്തികയിൽ എത്ര പേർ ദിവസ വേതന അടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്നു എന്നും അവരുടെ വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) 44 ഒഴിവുകൾ

(ബി) ആരും ജോലി നോക്കുന്നില്ല.

(സി) ഓരോ സാമ്പത്തിക വർഷവും ഉണ്ടാകുന്ന ഒഴിവിന്റെ 10% ആശ്രിത നിയമന വ്യവസ്ഥകൾ പ്രകാരം യഥാസമയം നികത്തപ്പെടുന്നുണ്ട്. ഓരോ കലണ്ടർ വർഷവും ഉണ്ടാകുന്ന ഒഴിവിന്റെ 35%-ലോ പെയ്ഡ് ജീവനക്കാരിൽ നിന്നും പ്രൊമോഷൻമൂലം നികത്തപ്പെടുന്നു. ഓരോ കലണ്ടർ വർഷവും ഉണ്ടാകുന്ന ഒഴിവിന്റെ 5% സ്റ്റോംഗ്റൂം ഗാർഡുകളിൽ നിന്നും തസ്തികമാറ്റം വഴി നികത്തുന്നുണ്ട്. നേരിട്ടുള്ള നിയമനങ്ങൾക്ക് നടപടികൾ സ്വീകരിച്ചുവരുന്നു.

**'നൻമ' സ്റ്റോറുകൾ**

184 (1721) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ കീഴിൽ ഓരോ ജില്ലയിലും എത്ര നന്മ സ്റ്റോറുകൾ വീതമാണ് പ്രവർത്തിച്ചിരുന്നതെന്നും ഇപ്പോൾ എത്ര വീതം പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) നന്മ സ്റ്റോറുകൾ വഴി സബ്സിഡി നിരക്കിൽ എത്ര ഇനം സാധനങ്ങളാണ് മുമ്പ് വിറ്റഴിച്ചിരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇപ്പോൾ നന്മ സ്റ്റോറുകളിൽ സബ്സിഡി നിരക്കിലുള്ള സാധനങ്ങൾ ലഭിക്കുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നന്മ സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തു നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സഹകരണ വകുപ്പിന്റെകീഴിൽ ഓരോ ജില്ലയിലും കൺസ്യൂമർ ഫെഡറേഷൻ നേരിട്ട് നടത്തുന്ന 896 നന്മ സ്റ്റോറുകളും സഹകരണ സംഘങ്ങൾ നടത്തുന്ന 1311 നന്മ സ്റ്റോറുകളുമാണ് പ്രവർത്തിച്ചിരുന്നത്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നന്മ സ്റ്റോറുകൾ | സംഘം മുഖേന നടത്തുന്ന നന്മ സ്റ്റോറുകൾ |
|---|---|---|
| തിരുവനന്തപുരം | 121 | 195 |
| കൊല്ലം | 199 | 190 |
| ആലപ്പുഴ | 135 | 130 |
| പത്തനംതിട്ട | 69 | 90 |
| കോട്ടയം | 35 | 85 |
| ഇടുക്കി | 31 | 55 |
| എറണാകുളം | 58 | 135 |
| തൃശ്ശൂർ | 40 | 120 |
| പാലക്കാട് | 63 | 90 |
| മലപ്പുറം | 88 | 36 |
| കോഴിക്കോട് | 20 | 60 |
| വയനാട് | 9 | 30 |
| കണ്ണൂർ | 20 | 35 |
| കാസർഗോഡ് | 8 | 60 |
| ആകെ | 896 | 1311 |

ഇപ്പോൾ കൺസ്യൂമർ ഫെഡറേഷൻ നേരിട്ട് നടത്തുന്ന 751 നന്മ സ്റ്റോറുകളും സഹകരണ സംഘങ്ങൾമുഖേന നടത്തുന്ന 341 നന്മ സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന നന്മ സ്റ്റോറുകൾ | സംഘം മുഖേന നടത്തുന്ന നന്മ സ്റ്റോറുകൾ |
|---|---|---|
| തിരുവനന്തപുരം | 116 | 39 |
| കൊല്ലം | 166 | 8 |
| ആലപ്പുഴ | 123 | 71 |
| പത്തനംതിട്ട | 60 | 5 |
| കോട്ടയം | 30 | 11 |
| ഇടുക്കി | 27 | 3 |
| എറണാകുളം | 40 | 12 |
| തൃശ്ശൂർ | 34 | 24 |
| പാലക്കാട് | 48 | 12 |
| മലപ്പുറം | 56 | 14 |
| കോഴിക്കോട് | 16 | 62 |
| വയനാട് | 9 | 14 |
| കണ്ണൂർ | 18 | 24 |
| കാസർഗോഡ് | 8 | 42 |
| ആകെ | 751 | 341 |

(ബി) എല്ലാ ഉത്സവ കാലങ്ങളിലും നന്മ സ്റ്റോറുകൾവഴി സബ്സിഡി നിരക്കിൽ 13 ഇനം സാധനങ്ങളാണ് മുമ്പ് വിറ്റഴിച്ചിരുന്നത്.

(സി) നന്മ സ്റ്റോറുകളിൽ സബ്സിഡി നിരക്കിലുള്ള സാധനങ്ങൾ ലഭിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നന്മ, ത്രീവേണി സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സപ്ലൈകോ അവരുടെ ഔട്ട്ലെറ്റുകൾ വഴി നൽകുന്നതുപോലെ വർഷം മുഴുവൻ അവശ്യ നിത്യോപയോഗ സാധനങ്ങൾ റേഷൻ കാർഡുമുഖേന നിയന്ത്രിച്ച് സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്

## സി-ഡാക്ക് എംപ്ലോയീസ് സഹകരണ സംഘം

185 (1722) ശ്രീ. ചിറയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് വെള്ളയമ്പലത്ത് പ്രവർത്തിക്കുന്ന സി-ഡാക്ക് എംപ്ലോയിസ് സഹകരണ സംഘം ക്ലിപ്തം നമ്പർ റ്റി-1004-ന്റെ പ്രവർത്തനത്തെ സംബന്ധിച്ച് പരിശോധിക്കുന്നതിന് സഹകരണ നിയമം 66-ാം വകുപ്പ് അനുസരിച്ച് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ; അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ട് ലഭിച്ചതെന്നാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത റിപ്പോർട്ടിൻമേൽ സഹകരണ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സഹകരണ സംഘം ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ട് ജോയിന്റ് രജിസ്ട്രാർ അനുമതി നല്കിയിട്ടുണ്ടോ; ഭൂമി വാങ്ങുന്നതിന് എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ;

(ഡി) അന്വേഷണ റിപ്പോർട്ടിനെ സംബന്ധിച്ചും ഭൂമി ഇടപാടിനെക്കുറിച്ചും എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്. അന്വേഷണ റിപ്പോർട്ട് 1-10-2015-ൽ ലഭിച്ചിരുന്നെങ്കിലും പൂർണ്ണ അന്വേഷണം നടത്തിയിട്ടില്ലാത്തതിനാൽ പുനരന്വേഷണ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിനെ തുടർന്ന് 6-4-2016-ൽ പുതുക്കിയ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(ബി) സഹകരണ നിയമം 66-ാം വകുപ്പ് അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമപ്രകാരമുള്ള തുടർനടപടികൾ തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന സ്വീകരിച്ചുവരുന്നു.

(സി) അനുമതി നൽകിയിട്ടില്ല. എന്നാൽ 1,13,17,250 രൂപ ചെലവഴിച്ച് 7 ½ സെന്റ് വസ്തു വെള്ളയമ്പലത്ത് വാങ്ങിയിട്ടുണ്ട്.

(ഡി) പരാതി ലഭിച്ചിട്ടുണ്ട്. ടി പരാതിയിന്മേൽ തിരുവനന്തപുരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന നടപടി സ്വീകരിച്ചുവരുന്നു.

## കൺസ്യൂമർഫെഡ് സ്റ്റോർ

186 (1723) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ കീഴിലുള്ള , നിത്യോപയോഗസാധനങ്ങളുടെ വിൽപ്പന കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(ബി) ഒരു മണ്ഡലത്തിൽ ഒരു കൺസ്യൂമർഫെഡ് സ്റ്റോറെങ്കിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കൺസ്യൂമർഫെഡിന്റെ കീഴിലുള്ള നിത്യോപയോഗ സാധനങ്ങളുടെ വിൽപ്പന കേന്ദ്രങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ട്. നിലവിലുള്ള യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാണ് ഇപ്പോൾ മുൻഗണന നൽകുന്നത്.

(ബി) തദ്ദേശഭരണ സ്ഥാപനമോ, സഹകരണ, സർക്കാർ, അർദ്ധസർക്കാർ സ്ഥാപനമോ, സന്നദ്ധ സംഘടനകളോ വാടകരഹിതമായി കുറഞ്ഞത് 5 വർഷത്തെ കാലാവധിക്ക് സ്ഥലം അനുവദിച്ച് നൽകുകയാണെങ്കിൽ സ്റ്റോറുകൾ നഷ്ടംകൂടാതെ പ്രവർത്തിക്കുന്നതിനുള്ള വിൽപ്പന സാദ്ധ്യതകൂടി പരിഗണിച്ച് ത്രിവേണി, നന്മ, മൊബൈൽ ത്രിവേണികളുടെ സേവനം ലഭ്യമാകാത്ത മണ്ഡലങ്ങളിൽ ഒരു കൺസ്യൂമർ സ്റ്റോറെങ്കിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## ജൈവപച്ചക്കറി കൃഷിക്ക് ധനസഹായം

187 (1724) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി ധനസഹായം ലഭ്യമാക്കി ജൈവപച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) നിലവിൽ ഇത്തരം പ്രവർത്തനം നടത്തുന്ന സംഘങ്ങൾക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിനും കൂടുതൽ സംഘങ്ങളെ ഇതിന് പ്രേരിപ്പിക്കുന്നതിനും തയ്യാറാകുമോ?

### ഉത്തരം

(എ) ഓരോ സഹകരണ ബാങ്കിനും തങ്ങളുടെ പ്രവർത്തനപരിധിയിൽ പച്ചക്കറിക്കൃഷിക്കുള്ള സാദ്ധ്യത പരിശോധിച്ച് ആയതിനുള്ള സാമ്പത്തിക ആവശ്യങ്ങൾക്ക് കൃഷി വായ്പ നൽകുന്നതിന് നടപടി സ്വീകരിക്കാൻ എല്ലാ

ജോയിന്റ് രജിസ്ട്രാർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഒരംഗത്തിന് നൽകാവുന്ന ഹ്രസ്വകാല കൃഷിവായ്പയുടെ പരമാവധി പരിധി 3 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) ജനങ്ങൾക്ക് 'സുരക്ഷിത ഭക്ഷണം' എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ആയതിനാൽ ജൈവപച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എല്ലാ സഹായങ്ങളും നിർദ്ദേശങ്ങളും നൽകിവരുന്നു.

**നന്മ സ്റ്റോറുകൾ**

188 (1725) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നന്മ സ്റ്റോറുകൾ വഴി എത്ര ഇനം അവശ്യ സാധനങ്ങളാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം നന്മ സ്റ്റോറുകൾ വഴി എല്ലാവിധ അവശ്യസാധനങ്ങളും വിപണനം നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം ഇനങ്ങളാണ് വിപണനം നടത്താൻ കഴിയാത്തത്; കാരണം വ്യക്തമാക്കുമോ;

(സി) എത്ര നന്മ സ്റ്റോറുകളാണ് അടച്ചു പൂട്ടാൻ തീരുമാനമെടുത്തത്; വ്യക്തമാക്കുമോ;

(ഡി) ഗോഡൗണുകളിൽ എത്തുന്ന പല സാധനങ്ങളും യഥാസമയം നന്മ സ്റ്റോറുകൾവഴി വിതരണം നടത്താറില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ യഥാസമയം വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്തെ നന്മ സ്റ്റോറുകൾ വഴി ഉപഭോക്താക്കൾക്ക് സബ്സിഡി നിരക്കിൽ കൂടുതൽ സാധനങ്ങൾ വിതരണം ചെയ്യാൻ കഴിയുന്ന തരത്തിൽ ഇവയുടെ പ്രവർത്തനം വിപുലപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ നന്മ സ്റ്റോറുകൾവഴി 13 ഇനം അവശ്യസാധനങ്ങളാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്. ഉത്സവ കാലങ്ങളിൽ മാത്രമാണ് ഇത്തരത്തിൽ നന്മ സ്റ്റോറുകളിൽ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നന്മ സ്റ്റോറുകൾവഴി എല്ലാവിധ അവശ്യസാധനങ്ങളും വിപണനം നടത്തുന്നില്ല. ജയ അരി, കുറുവ അരി, കുത്തരി, പച്ചരി, പഞ്ചസാര, ചെറുപയർ, വൻകടല, ഉഴുന്ന്, വൻപയർ, തുവരപ്പരിപ്പ്, മുളക്, മല്ലി, വെളിച്ചെണ്ണ തുടങ്ങിയ 13 ഇനങ്ങൾ ഒഴികെയുള്ള അവശ്യ സാധനങ്ങൾ വിപണനം നടത്താൻ കഴിഞ്ഞിട്ടില്ല. കൺസ്യൂമർ ഫെഡറേഷനിൽ ഉണ്ടായിട്ടുള്ള സാമ്പത്തിക പ്രതിസന്ധിയാണ് എല്ലാവിധ അവശ്യസാധനങ്ങളും വിപണനം നടത്താൻ കഴിയാത്തതിന് കാരണമാകുന്നത്.

(സി) 16 നന്മ സ്റ്റോറുകളാണ് അടച്ചുപൂട്ടാൻ തീരുമാനം എടുത്തിട്ടുള്ളത്. കൺസ്യൂമർ ഫെഡറേഷൻ വാടക നൽകി നന്മ സ്റ്റോറുകൾ പ്രവർത്തിപ്പിക്കുന്നത് കൂടുതൽ നഷ്ടമുണ്ടാക്കും എന്നത് കണക്കിലെടുത്താണ് 16 നന്മ സ്റ്റോറുകൾ അടച്ചുപൂട്ടിയത്.

(ഡി) ഗോഡൗണുകളിൽ എത്തുന്ന സാധനങ്ങൾ യഥാസമയംതന്നെ നന്മ സ്റ്റോറുകളിലേക്ക് വിതരണം ചെയ്യുന്നതിനുള്ള കർശന നിർദ്ദേശങ്ങൾ നീതി വിതരണ ഗോഡൗൺ മാനേജർമാർക്ക് നൽകിയിട്ടുണ്ട്.

(ഇ) അവശ്യസാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനായി കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ സഹകരണമേഖലയുടെ കൂട്ടായ്മയിൽ കേര വെളിച്ചെണ്ണ ഉൾപ്പെടെ 13 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ സപ്ലൈകോ സബ്സിഡി നിരക്കിൽ ഉത്സവകാലങ്ങളിൽ വിപണനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നന്മ, ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ ജനമനസ്സുകളിൽ സ്ഥാനം പിടിക്കുന്നതിനായി സപ്ലൈകോ അവരുടെ ഔട്ട്ലെറ്റുകൾ വഴി നൽകുന്നതുപോലെ വർഷം മുഴുവൻ 13 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ റേഷൻ കാർഡ് മുഖേന നിയന്ത്രിച്ച് സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുന്നതിനുള്ള പദ്ധതികൾ പരിശോധിച്ചുവരുന്നു.

**സഹകരണ ബാങ്കിലെ സാമ്പത്തിക ക്രമക്കേടുകൾ**

189 (1726) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ തത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിലെ അഴിമതികളും സാമ്പത്തിക ക്രമക്കേടുകളും സംബന്ധിച്ച് സഹകരണ ആക്ട്, വകുപ്പ് 65 പ്രകാരം നടത്തിയ പരിശോധനാ റിപ്പോർട്ടിന്മേൽ നാളിതുവരെ ഒരു നടപടിയും എടുത്തിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയമാനുസൃതമായ നടപടികളെടുക്കുന്നതിൽ വീഴ്ച വരുത്തിയത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ബാങ്കിൽ അഴിമതിയും സാമ്പത്തിക ക്രമക്കേടുകളും നടത്തിയവർക്കെതിരെ നിയമാനുസൃതമായ നടപടികളെടുക്കുമോ?

ഉത്തരം

(എ) സഹകരണ നിയമത്തിലെ വകുപ്പ് 65 പ്രകാരം ബാങ്കിൽ നടത്തിയ അന്വേഷണ റിപ്പോർട്ടിലെ ശിപാർശ പ്രകാരം സഹകരണ വിജിലൻസ് അന്വേഷണം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) വിജിലൻസ് അന്വേഷണ നടപടികൾ പൂർത്തിയായെങ്കിൽ മാത്രമേ ഇക്കാര്യത്തിൽ വ്യക്തത വരികയുള്ളൂ.

(സി) അന്വേഷണ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്കുമാത്രമെ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

## സൂപ്പർ ഗ്രേഡ് അനുവദിക്കുന്നത് സംബന്ധിച്ച്

190 (1727) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ബി.ഐ. അംഗീകാരമുള്ള സംസ്ഥാനത്തെ സഹകരണ അർബൻ ബാങ്കുകൾക്ക് സൂപ്പർ ഗ്രേഡ് അനുവദിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആർ.ബി.ഐ. അംഗീകാരമുള്ള സംസ്ഥാനത്തെ സഹകരണ അർബൻ ബാങ്കുകൾക്ക് സൂപ്പർ ഗ്രേഡ് അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ബാധകമല്ല.

## ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ആഡിറ്റർ നിയമനം

191 (1728) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ആഡിറ്റർ റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകിയെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികയിൽ വി.ഇ.ഒ. മാരിൽ നിന്നുള്ള തസ്തിക മാറ്റം വഴി നിയമനത്തിന് ആകെ എത്ര ഒഴിവുകൾ ഉണ്ട്; ഇതിൽ എത്ര പേർക്ക് നിയമനം നൽകി; എൻ.ജെ.ഡി ഉൾപ്പെടെ എത്ര ഒഴിവുകൾ ഇപ്പോൾ ഈ വിഭാഗത്തിലുണ്ട്; ഈ വിഭാഗത്തിൽ യോഗ്യരായ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) സഹകരണ വകുപ്പിൽ ജൂനിയർ കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ/ ആഡിറ്റർ റാങ്ക് ലിസ്റ്റിൽനിന്നും ആകെ 246 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) വി.ഇ.ഒ.-മാരിൽ നിന്നുള്ള തസ്തികമാറ്റംവഴി നിയമനത്തിന് ആകെ 127 ഒഴിവുകൾ ഉണ്ടായിരുന്നു. ഇതിൽ 67 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ഇതിൽ 28 പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. 39 പേർ എൻ.ജെ.ഡി. ആണ്. നിലവിൽ എൻ.ജെ.ഡി. ഉൾപ്പെടെ 99 ഒഴിവുകളുണ്ട്. ടി ഒഴിവുകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 12-4-2016-ൽ പി.എസ്.സി.-ക്ക് കത്തുനൽകിയിട്ടുണ്ട്.

**സഹകരണ ബാങ്കുകളെ സമന്വയിപ്പിക്കുന്നതിനുള്ള നടപടി**

192 (1729) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളെ സമന്വയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്ന കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) സംസ്ഥാന സഹകരണബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ ബാങ്കുകൾ എന്നിവയിലെ തസ്തികകൾ എങ്ങനെ ക്രമീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) വേതനം, പ്രൊമോഷൻ, സീനിയോറിറ്റി എന്നീ കാര്യങ്ങളിൽ ജീവനക്കാരുടെ താൽപ്പര്യങ്ങൾ കൂടി സംരക്ഷിക്കുന്ന തരത്തിലുള്ള തീരുമാനങ്ങൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നത് സർക്കാർ പരിഗണിച്ചുവരികയാണ്. ആയതിനായി തൻവർഷ ബഡ്ജറ്റിൽ തുക വകയിരുത്തുകയുണ്ടായി. ഇതുസംബന്ധിച്ച് പഠിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

(ബി) ഇതുസംബന്ധിച്ച് വിശദമായ രൂപരേഖ തയ്യാറാക്കി വിദഗ്ദ്ധ സമിതിയുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇക്കാര്യത്തിൽ ജീവനക്കാരുടെ അഭിപ്രായംകൂടി കണക്കിലെടുത്ത് തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്.

**സഹകരണ ബാങ്കുകൾ**

193 (1730) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലുണ്ടോ;

(ബി) സംസ്ഥാന, ജില്ലാ സഹകരണ ബാങ്കുകളുടെ എത്ര ശാഖകളാണ് സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ബാങ്കുകളിലെല്ലാംകൂടി എത്ര ജീവനക്കാരാണ് ഇപ്പോൾ ജോലി ചെയ്തു വരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ബാങ്കുകളിൽ എത്ര കോടി രൂപയാണ് നിക്ഷേപമായി നിലവിലുള്ളതെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) പരിഗണനയിലുണ്ട്.

(ബി) സംസ്ഥാന സഹകരണ ബാങ്കിന്റെ 20 ശാഖകളും ജില്ലാ സഹകരണ ബാങ്കുകളുടെ 785 ശാഖകളും സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിച്ചുവരുന്നു.

(സി) പ്രസ്തുത ബാങ്കുകളിലെല്ലാംകൂടി ആകെ 6386 ജീവനക്കാർ ഇപ്പോൾ ജോലി ചെയ്തുവരുന്നു.

(ഡി) പ്രസ്തുത ബാങ്കുകളിൽ ആകെ 60105.30 കോടി രൂപയുടെ നിക്ഷേപം നിലവിലുണ്ട്.

**സഹകരണ ബാങ്കുകൾവഴി പലിശരഹിത വായ്പ**

194 (1731) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ ബാങ്കുകൾ വഴി നെൽ കർഷകർക്ക് നൽകി വരുന്ന പലിശ രഹിത വായ്പ മറ്റ് കർഷകർക്ക് കൂടി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഇക്കാര്യം പരിശോധിക്കുന്നതാണ്.

**സഹകരണ നിയമങ്ങളും ചട്ടങ്ങളും പരിഷ്ക്കരിക്കുന്നതിന് കമ്മിറ്റി**

195 (1732) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നിയമങ്ങളും ചട്ടങ്ങളും പരിഷ്ക്കരിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് കമ്മിറ്റിയെ നിയോഗിച്ചിരുന്നോ;

(ബി) പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; റിപ്പോർട്ടിലെ ഭേദഗതി നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വിശദ വിവരം നൽകുമോ;

(സി) പ്രസ്തുത റിപ്പോർട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിയോഗിച്ചിരുന്നു. മുൻ സർക്കാരിന്റെ കാലത്ത് 1969-ലെ സഹകരണ സംഘം നിയമങ്ങളും ചട്ടങ്ങളും സമഗ്രമായി ഭേദഗതി ചെയ്യുന്നതിന് ശ്രീ. കെ. ശിവദാസൻ നായർ, എക്സ്. എം.എൽ.എ. ചെയർമാനായി 17 അംഗ കമ്മിറ്റിയെ നിയമിച്ചിരുന്നു.

(ബി) പ്രസ്തുത കമ്മിറ്റി മുൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം* ആയി ചേർത്തിരിക്കുന്നു. ടി റിപ്പോർട്ടിലെ ഭേദഗതി നിർദ്ദേശങ്ങളുടെ വിവരവും അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ചശേഷം ഇതുസംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതാണ്.

**സഹകരണ ബാങ്കുകളുടെ ധനവിനിയോഗ സംവിധാനം**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

196 (1733) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. പി. ഉണ്ണി :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾ പ്രത്യുല്പാദനപരമായ പ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്നതിന് പദ്ധതി ആവിഷ്കരിക്കാമോ;

(ബി) സഹകരണ ബാങ്കുകളുടെ ധനവിനിയോഗ സംവിധാനം കൂടുതൽ സുതാര്യവും വേഗത്തിലുമാക്കുന്നതിന് ആധുനിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് തയ്യാറാകുമോ;

(സി) വിവിധ സ്വയംസഹായ സംഘങ്ങൾ ആവിഷ്കരിക്കുന്ന ജൈവ പച്ചക്കറി ഉത്പാദന വിതരണം, ക്ഷീര വികസന പദ്ധതികൾ തുടങ്ങിയവയ്ക്ക് സഹകരണ സ്ഥാപനങ്ങളിൽ നിന്ന് കൂടുതൽ പ്രോത്സാഹനവും വായ്പയും ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) പദ്ധതി ആവിഷ്കരിക്കുന്നതാണ്.

(ബി) സഹകരണ ബാങ്കുകളിലെ ധനവിനിയോഗ സംവിധാനം കൂടുതൽ സുതാര്യവും വേഗത്തിലുമാക്കുന്നതിനും ആധുനിക സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(സി) നടപടി സ്വീകരിക്കുന്നതാണ്.

**സഹകരണ നിക്ഷേപ രംഗത്തിന്റെ ഉണർവിനായുള്ള പദ്ധതി**

197 (1734) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപ രംഗത്തിന്റെ ഉണർവിനായി പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിയ്ക്കാൻ ഉദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിച്ചത്; വിവരിക്കുമോ?

<u>ഉത്തരം</u>

(എ) മുൻസർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപ രംഗത്തിന്റെ ഉണർവിനായി 5 നിക്ഷേപ സമാഹരണ യജ്ഞങ്ങൾ സംഘടിപ്പിച്ചു. കൂടാതെ, സഹകരണ മേഖലയിലെ നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012 ആവിഷ്കരിച്ചു. പ്രസ്തുത സ്കീമിന്റെ നടത്തിപ്പിനായി വകുപ്പുമന്ത്രി ചെയർമാനായി കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിച്ചിരുന്നു.

(ബി) സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തിന് മതിയായ ഫണ്ട് സമാഹരിക്കുക എന്നതാണ് നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ ലക്ഷ്യമിട്ടിരുന്നത്. കഴിഞ്ഞ 5 നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ 24,500 കോടി രൂപ സമാഹരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. സഹകരണ സംഘങ്ങളിൽ സമാഹരിക്കുന്ന നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുക, നിക്ഷേപകരുടെ താൽപ്പര്യം സംരക്ഷിക്കുക, പ്രാഥമിക സഹകരണ സംഘങ്ങളിൽ ഒരു നിക്ഷേപകൻ നിക്ഷേപിക്കുന്ന നിക്ഷേപങ്ങൾക്ക് പരമാവധി ഒന്നര ലക്ഷം രൂപവരെ ഗ്യാരന്റി നൽകുക എന്നതാണ് നിക്ഷേപ ഗ്യാരന്റി സ്കീമിലൂടെ കൈവരിക്കാനുദ്ദേശിച്ചത്. നിക്ഷേപങ്ങൾക്ക് ഗ്യാരന്റി നൽകുകവഴി നിക്ഷേപകർക്ക് സംഘങ്ങളിലുള്ള വിശ്വാസം വർദ്ധിപ്പിക്കുക, നിക്ഷേപകരെ കൂടുതൽ ആകർഷിക്കുക, നിക്ഷേപ ഗ്യാരന്റി സ്കീം നടപ്പാക്കുന്നതിനാവശ്യമായ കാര്യങ്ങൾ സംഘടിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന്റെ പ്രവർത്തനത്തിലൂടെ കൈവരിക്കാനുദ്ദേശിച്ചത്.

(സി) കഴിഞ്ഞ 5 നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ 29837.02 കോടി രൂപ സമാഹരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം 2012 ആവിഷ്കരിക്കുകയും പ്രസ്തുത സ്കീം നടപ്പാക്കുന്നതിന് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡ് രൂപീകരിക്കുകയും ചെയ്യുകവഴി നിക്ഷേപങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുകയും നിക്ഷേപകരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനും ഈ മേഖലയിലേക്ക് കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനും നിക്ഷേപ സമാഹരണത്തിൽ സഹകരണ മേഖലയ്ക്കുണ്ടായ നേട്ടങ്ങൾ സ്ഥായിയായി നിലനിർത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതുവരെ 2259 സംഘങ്ങളെ/ബാങ്കുകളെ സ്കീമിലേക്ക് നോട്ടിഫൈ ചെയ്യുന്നതിനും കോർപസ് ഫണ്ടിലേക്ക് പ്രീമിയം

ഇനത്തിൽ 76.58 കോടി രൂപ സമാഹരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട് എന്നതാണ് ഇതിലൂടെ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ.

## അനധികൃത നിയമനങ്ങൾ

198 (1735) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഓരോ ജില്ലാ സഹകരണ ബാങ്കുകൾക്കും സഹകരണ സംഘം രജിസ്ട്രാർ അംഗീകരിച്ചു നൽകിയ പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ എത്രയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) 13-2-2012 ന് ശേഷം ഏതെങ്കിലും ജില്ലാ ബാങ്കിൽ അംഗീകൃത പാർട്ട് ടൈം സ്വീപ്പർ തസ്തികകൾ പുറമെ അധിക നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഏതെല്ലാം ജില്ലാ ബാങ്കുകളിലാണെന്ന് വിശദമാക്കാമോ;

(സി) നിലവിൽ അംഗീകൃത തസ്തികകളേക്കാൾ കൂടുതൽ പാർട്ട് ടൈം സ്വീപ്പർ ജീവനക്കാർ ഏതെങ്കിലും ജില്ലാ ബാങ്കിൽ ജോലി ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത തസ്തികയിലെ അനധികൃത നിയമനങ്ങൾക്കെതിരെ വകുപ്പ് തലത്തിൽ അന്വേഷണ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ;

(ഇ) പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ജോലി ചെയ്യുന്ന ഡ്രൈവിംഗ് ലൈസൻസുള്ള ഏതെങ്കിലും ജീവനക്കാർ ജില്ലാ സഹകരണ ബാങ്കുകളിൽ ഡ്രൈവർ ജോലി ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പാർട്ട് ടൈം സ്വീപ്പർ ശമ്പളത്തിന് പുറമെ ഇവർക്ക് നൽകുന്ന അധിക വേതനം നിശ്ചയിച്ചത് ഏത് മാനദണ്ഡപ്രകാരമാണ് എന്ന് വിശദമാക്കാമോ;

(എഫ്) ജില്ലാ സഹകരണ ബാങ്കുകളിലെ ഡ്രൈവർമാർക്കും ഡ്രൈവർ ഡ്യൂട്ടി എടുക്കുന്നവർക്കും കൂടുതൽ സമയം തുടർച്ചയായി ജോലിചെയ്താൽ ഡബിൾ ഡ്യൂട്ടിക്ക് അർഹതയുണ്ടോ; ഉണ്ടെങ്കിൽ ഡബിൾ ഡ്യൂട്ടിക്ക് വേതനം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; മാനദണ്ഡം പാലിക്കാതെ ഏതെങ്കിലും ജില്ലാ ബാങ്കിൽ ഇങ്ങനെ അധിക വേതനം നൽകുന്നുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുമോ; ഇത്തരത്തിൽ അധിക വേതനം നല്കുന്നത് ഏതെല്ലാം ബാങ്കിലാണെന്ന് വ്യക്തമാക്കാമോ; ക്രമക്കേടുണ്ടെങ്കിൽ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്കുകളുടെ പാർട്ട് ടൈം സ്വീപ്പർ തസ്തികയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തിരുവനന്തപുരം | 80 |
| കൊല്ലം | 62 |
| ആലപ്പുഴ | 58 |
| പത്തനംതിട്ട | 4 |
| തൃശ്ശൂർ | 67 |
| ഇടുക്കി | 49 |
| കോട്ടയം | 59 |
| കാസർഗോഡ് | 36 |
| മലപ്പുറം | 56 |
| പാലക്കാട് | 46 |
| വയനാട് | 25 |
| കണ്ണൂർ | 56 |
| എറണാകുളം | 57 |
| കോഴിക്കോട് | 66 |

(ബി) 13-2-2012-നുശേഷം ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, കാസർഗോഡ്, മലപ്പുറം, വയനാട്, കണ്ണൂർ, എറണാകുളം, കോഴിക്കോട് എന്നീ ജില്ലാ ബാങ്കുകളിൽ അംഗീകൃത പാർട്ട് ടൈം സ്വീപ്പർ തസ്തികയ്ക്കുപുറമെ അധിക നിയമനം നടത്തിയിട്ടുണ്ട്.

(സി) ഉണ്ട്.

| | | |
|---|---|---|
| ആലപ്പുഴ | - | 4 |
| ഇടുക്കി | - | 4 (13-2-2012-നുമുമ്പ് നിയമനം നടത്തിയത്) |
| പത്തനംതിട്ട | - | 57 |
| എറണാകുളം | - | 3 |
| കോട്ടയം | - | 3 |
| കാസർഗോഡ് | - | 13 |
| മലപ്പുറം | - | 6 |

| | | |
|---|---|---|
| വയനാട് | - | 4 (ആശ്രിത നിയമനം-1) |
| കണ്ണൂർ | - | 4 |
| കോഴിക്കോട് | - | 4 |

(ഡി) പ്രത്യേകമായി അന്വേഷണനടപടി ആരംഭിച്ചിട്ടില്ല. എന്നാൽ നിയമ വിരുദ്ധമായി സംഘങ്ങളിൽ ഏതെങ്കിലും നിയമനം നടത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടാൽ അപ്രകാരം നിയമിക്കപ്പെട്ടവരെ പിരിച്ചുവിടാൻ ജോയിന്റ് രജിസ്ട്രാർമാർ സംഘങ്ങൾക്ക് നിർദ്ദേശം നൽകുന്നതിന് 5/87 നമ്പർ സർക്കുലർ നിർദ്ദേശം സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പരാതി ലഭിക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| | | |
|---|---|---|
| കൊല്ലം | - | 1 (അധിക വേതനം നൽകുന്നില്ല) |
| ആലപ്പുഴ | - | 1(അധിക സമയം ജോലി നോക്കുന്നവർക്കുള്ള വേതനം നൽകുന്നു) |
| പത്തനംതിട്ട | - | പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ഡ്രൈവിംഗ് ലൈസൻസ് ഉള്ളവരുടെ സേവനം അടിയന്തര ഘട്ടങ്ങളിൽ ഉപയോഗിക്കുന്നു. 100 രൂപ അധിക വേതനം നൽകുന്നു. |
| തൃശ്ശൂർ | - | ഡ്രൈവറുടെ ഒഴിവുള്ള തസ്തിക പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അധിക വേതനം നൽകുന്നു. |
| കോട്ടയം | - | 150 രൂപ അധിക വേതനം നൽകുന്നു. |
| പാലക്കാട് | - | 4 പേർക്ക് അധിക വേതനം നൽകുന്നു. |
| കോഴിക്കോട് | - | 2 പേർക്ക് സർക്കാർ നിരക്കിലുള്ള അധിക വേതനം നൽകുന്നു. |
| എറണാകുളം | - | 2 കെ.എസ്.ആർ. റൂൾ 31-ഉം ബാങ്ക് നിർവ്വാഹക സമിതിയുടെ തീരുമാനവും അനുസരിച്ച് ആനുപാതികമായി അധികവേതനം നൽകുന്നു. |

(എഫ്) ജില്ലാ ബാങ്ക് ജീവനക്കാരുടെ സേവന വേതന ഉത്തരവിൽ അധിക ഡ്യൂട്ടി, ഡബിൾ ഡ്യൂട്ടി ആയി പരിഗണിക്കാൻ വ്യവസ്ഥ ചെയ്തിട്ടില്ല. ആലപ്പുഴ,

പത്തനംതിട്ട, തൃശ്ശൂർ, കോട്ടയം, പാലക്കാട്, കോഴിക്കോട്, എറണാകുളം എന്നീ ജില്ലാ ബാങ്കുകൾ അധിക വേതനം നൽകുന്നു. ക്രമക്കേടുകൾ ഉണ്ടെങ്കിൽ അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

**ബ്രാഞ്ച് മാനേജർ നിയമനം**

199 (1736) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 14 ജില്ലാ സഹകരണ ബാങ്കുകളിൽ നിയമാനുസൃതം പി.എസ്.സി. മുഖാന്തരം നേരിട്ട് നിയമനം നടത്തേണ്ട 25% ബ്രാഞ്ച് മാനേജർ തസ്തികകളിലെ മുഴുവൻ ഒഴിവുകളിലേക്കും നിലവിലുള്ള പി.എസ്.സി. റാങ്ക് പട്ടികയിൽ നിന്നും നിയമന ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) 2014 നവംബർ - ഡിസംബർ മാസങ്ങളിലായി പി.എസ്.സി. പ്രസിദ്ധീകരിച്ച ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ റാങ്ക് പട്ടികയിൽ നിന്നും ഇതുവരെ നടത്തിയ നിയമനങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശം വ്യക്തമാക്കാമോ;

(സി) 2009-നു ശേഷം റിപ്പോർട്ട് ചെയ്യപ്പെട്ട മേൽ തസ്തികയിലെ ഒഴിവുകളിലേക്ക് നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) മുഴുവൻ ഒഴിവുകളിലേക്കും നിയമന ഉത്തരവ് നൽകിയിട്ടില്ല.

(ബി) വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) ബ്രാഞ്ച് മാനേജർ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസുകൾ നിലവിലുള്ളതിനാൽ എല്ലാ ഒഴിവുകളിലും നിയമന ശിപാർശ നൽകാൻ പി.എസ്.സി.-ക്ക് കഴിഞ്ഞിട്ടില്ല.

**ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും നടത്തിയ യാത്രകൾ**

200 (1737) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ 13-2-2012 മുതൽ അധികാരത്തിലിരുന്ന

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അഡ്മിനിസ്ട്രേറ്റർമാർ, ഭരണ സമിതി അംഗങ്ങൾ, ജനറൽ മാനേജർമാർ എന്നിവർ കേരള സംസ്ഥാനത്തിനു പുറത്തും വിദേശത്തും നടത്തിയ പഠന, പരിശീലന ഔദ്യോഗിക യാത്രകളുടെ വിശദാംശങ്ങൾ പട്ടിക തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ ജില്ല സഹകരണ ബാങ്കിൽ നിന്നും യാത്ര നടത്തിയവരുടെ പേരുവിവരം, യാത്രാസ്ഥലങ്ങൾ, പരിശീലന വിഷയങ്ങൾ, ഓരോ യാത്രയ്ക്കും ഓരോരുത്തർക്കും വന്ന ചെലവ്, പരിശീലനം നടത്തിയ അല്ലെങ്കിൽ സ്പോൺസർ ചെയ്ത സ്ഥാപനം, ബാങ്കിൽ നിന്നും ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) സർക്കാരിൽ നിന്ന് മുൻകൂർ അനുമതിയില്ലാതെ ഏതെങ്കിലും ജില്ലാ ബാങ്കിൽ നിന്നും വിദേശ യാത്രയ്ക്ക് പോയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരം വ്യക്തമാക്കാമോ; മുൻകൂർ അനുമതിയില്ലാതെ വിദേശയാത്ര നടത്തിയതായി സർക്കാർ കണ്ടെത്തിയ കേസുകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സർക്കാരിൽനിന്നും മുൻകൂർ അനുമതി ലഭിക്കുന്നതിനുമുമ്പായി തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട്, മലപ്പുറം ജില്ലാ ബാങ്കുകളിൽനിന്നും വിദേശയാത്ര നടത്തിയിട്ടുണ്ട്. എന്നാൽ മേൽ ബാങ്കുകൾ അനുമതിക്കായി അപേക്ഷിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ

201 (1738) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ മേഖലയിലുള്ള ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) കോഴിക്കോട് ജില്ലയിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതെല്ലാം; പേര് വിവരം വിശദമാക്കാമോ;

(സി) ലേബർ കോൺട്രാക്ട് കോ - ഓപ്പറേറ്റീവ് സൊസൈറ്റികൾക്ക്, പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുമ്പോൾ സെന്റേജ്, വെയിറ്റേജ്, ബാങ്ക് ഗ്യാരണ്ടി മുതലായ കാര്യങ്ങളിൽ നിലവിൽ നിയമ പ്രാബല്യമുള്ളതും ബാധകമായതുമായ സർക്കാർ ഉത്തരവുകൾ ഏതെല്ലാം; വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

## ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ മേഖലയിലുള്ള ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുടെ പ്രവർത്തനം വിലയിരുത്താറുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങളുടെ പേര് വിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) വ്യക്തമാക്കാം.

1. 13-11-1197-ലെ ജി.ഒ.(എംഎസ്.)നമ്പർ 135/97/സഹ

   ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് വർക്ക് ഏറ്റെടുക്കുന്നതിന് മുൻഗണന നൽകിക്കൊണ്ടുള്ള വ്യവസ്ഥകളും ക്ലാസിഫിക്കേഷനുള്ള നിബന്ധനകളും വ്യവസ്ഥകളും.

2. 31-10-2011-ലെ ജി.ഒ. (എംഎസ്.)നമ്പർ 153/2011/സഹ

   13-11-1997-ലെ ജി.ഒ.(എംഎസ്.) നമ്പർ 135/97/സഹ ഉത്തരവിൽ പാരഗ്രാഫ് 17(എ) അധികമായി കൂട്ടിച്ചേർത്ത് ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് 10% ബാങ്ക് ഗ്യാരന്റി നൽകുന്നതിൽനിന്നും ഒഴിവാക്കിക്കൊണ്ടുള്ളതും കോൺട്രാക്ട് വ്യവസ്ഥകൾ ലംഘിക്കുന്ന സംഘങ്ങളെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള ഉത്തരവ്.

3. 2-5-2016-ലെ സ.ഉ.(കൈ നമ്പർ) 28/16/സഹ

   13-11-1997-ലെ ജി.ഒ.(എം.എസ്.)നമ്പർ 135/97/സഹ ഉത്തരവിലെ പത്താമത് പിരിവിൽ പരാമർശിച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്ന പദത്തിനുപകരം "പെർഫോമെൻസ് ഗ്യാരന്റി" എന്ന പദം ചേർത്തുകൊണ്ടുള്ള ഉത്തരവ്.

4. 29-06-2016-ലെ സ.ഉ(കൈ) നമ്പർ 31/16/സഹ

   ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾക്ക് ഏറ്റെടുക്കാവുന്ന കരാർ പ്രവൃത്തികളുടെ അടങ്കൽ തുകയുടെ പരിധി ഉയർത്തി കൊണ്ടുള്ള ഉത്തരവ്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സഹകരണ യൂണിയനുകളുടെ തെരഞ്ഞെടുപ്പ്

202 (1739) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ യൂണിയനുകളുടെയും സർക്കിൾ സഹകരണ യൂണിയനുകളുടെയും തെരഞ്ഞെടുപ്പ് കഴിഞ്ഞ സർക്കാർ തടസ്സപ്പെടുത്തിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിരവധി കടലാസ് സഹകരണ സംഘങ്ങൾ രൂപീകരിച്ച് സർക്കിൾ സഹകരണ യൂണിയനുകളിൽ അഫിലിയേഷൻ നടത്തിയത് പുനഃപരിശോധിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ;

(സി) മേൽ സൂചിപ്പിച്ച യൂണിയനുകളുടെ തെരഞ്ഞെടുപ്പ് എത്ര സമയത്തിനകം പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിയമവിരുദ്ധമായി സംഘങ്ങൾ രൂപീകരിച്ച് അഫിലിയേഷൻ നേടിയിട്ടുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്.

(സി) ഇത് സംബന്ധിച്ചുള്ള ചട്ടഭേദഗതി സർക്കാരിന്റെ പരിഗണനിയിലാണ്. ഭേദഗതി പൂർത്തിയാകുന്ന മുറയ്ക്ക് തെരഞ്ഞെടുപ്പ് നടപടികൾ സാധ്യമാക്കുന്നതാണ്.

## നിക്ഷേപ സമാഹരണ യജ്ഞം

203 (1740) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ നിക്ഷേപ സമാഹരണ യജ്ഞം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) നിക്ഷേപ സമാഹരണ യജ്ഞം വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിച്ചെതന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ കാലത്ത് 2011 നവംബർ, 2012 ഡിസംബർ, 2013 ഡിസംബർ, 2014 ഡിസംബർ, 2016 ജനവരി എന്നീ മാസങ്ങളിലായി 5 നിക്ഷേപ സമാഹരണ യജ്ഞങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ പ്രവർത്തനത്തിന് മതിയായ ഫണ്ട് സമാഹരിക്കുക എന്നതാണ് നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ ലക്ഷ്യമിട്ടിട്ടുള്ളത്. കഴിഞ്ഞ സർക്കാരിന്റെ 5 നിക്ഷേപ സമാഹരണ യജ്ഞങ്ങളിൽ ആകെ 24,500 കോടി രൂപ സമാഹരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു.

(സി) അഞ്ച് നിക്ഷേപ സമാഹരണ യജ്ഞങ്ങളിലൂടെ 29837.02 കോടി രൂപ സമാഹരിക്കുന്നതിന് സാധിച്ചിട്ടുണ്ട്.

**സംയോജിത സഹകരണ വികസന പദ്ധതി**

204 (1741) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> :
<u>ശ്രീ. അൻവർ സാദത്ത്</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ സംയോജിത സഹകരണ വികസനപദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം നേട്ടങ്ങളാണ് ഇതുവഴി കൈവരിച്ചത്; വിവരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. മുൻ സർക്കാരിന്റെ കാലത്ത് ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിൽ സംയോജിത സഹകരണ വികസന പദ്ധതിയുടെ രണ്ടാം ഘട്ടം പ്രവർത്തനം ആരംഭിച്ചു. തൃശ്ശൂർ ജില്ലയിൽ പദ്ധതിയുടെ രണ്ടാം ഘട്ടം ആരംഭിക്കുന്നതിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(ബി) ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം സഹകരണ സംഘങ്ങളിലൂടെ എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി). സഹകരണ സംഘങ്ങളുടെ അടിസ്ഥാന

സൗകര്യങ്ങൾ (ഓഫീസ് കെട്ടിടം, ഗോഡൗൺ, ഫർണിച്ചർ, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, കൗണ്ടർ, സ്ട്രോംഗ് റൂം തുടങ്ങിയവ) മെച്ചപ്പെടുത്തുന്നതിനും കാർഷികവും അനുബന്ധ മേഖലകളിലുള്ള ഉൽപ്പാദനം, സംസ്കരണം, വിപണനം എന്നിവയുടെ വികസനത്തിനും നിലവിലുള്ള വ്യാപാരം ശക്തിപ്പെടുത്തുന്നതിനും സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ മാനവവിഭവ ശേഷി വികസനത്തിന് പരിശീലനം, പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം എ.റ്റി.എം. എന്നിവ സ്ഥാപിക്കുക, ആശുപത്രി സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം, ഇടുക്കി ദർശൻ പ്രോജക്ട്, തേക്കടിയിൽ സഹകരണ ഗസ്റ്റ് ഹൗസ്, വിദ്യാഭ്യാസ മേഖലയിൽ തൊടുപുഴ വിദ്യാഭ്യാസ സഹകരണ സംഘത്തിനും നെടുംകണ്ടം ബ്ലോക്ക് വിദ്യാഭ്യാസ സഹകരണ സംഘത്തിനും അടിസ്ഥാന സൗകര്യ വികസനം, കാർഡമം ഡ്രയർ യൂണിറ്റുകൾ, തങ്കമണി ടീ ഫാക്ടറി, അറക്കുളം ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിന്റെ സ്പൈസ് പൗഡറിംഗ് യൂണിറ്റിന്റെ വികസന പദ്ധതികൾ, മലനാട് ടീ ഫാക്ടറിയുടെ ആധുനികവൽക്കരണം എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇടുക്കി രണ്ടാംഘട്ട പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. പാലക്കാട് ജില്ലയിൽ ഓഫീസ് കെട്ടിടം, ഗോഡൗൺ, ഫർണിച്ചർ, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, കൗണ്ടർ, സ്ട്രോംഗ് റൂം എന്നിവ നിർമ്മിക്കുക; പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സംവിധാനം, എ.ടി.എം. എന്നിവ സ്ഥാപിക്കുക, ഡയറി സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം ശക്തിപ്പെടുത്തുക, വിദ്യാഭ്യാസ മേഖലയിൽ ചിറ്റൂർ, മണ്ണാർക്കാട്, പാലക്കാട് എന്നീ വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്ക് കെട്ടിടം, ഫർണിച്ചർ, കമ്പ്യൂട്ടർ എന്നിവയ്ക്കുള്ള ധനസഹായം, ആശുപത്രി സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം, വ്യവസായ മേഖലയിൽ പാഡികോയുടെ ആധുനികവൽക്കരണത്തിന് ധനസഹായം, എസ്.സി./എസ്.ടി. കൈത്തറി സംഘങ്ങൾക്കുള്ള ധനസഹായം, സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ മാനവവിഭവശേഷി വികസനത്തിനുള്ള പരിശീലനം നൽകുക എന്നീ ഉദ്ദേശ്യലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിച്ചിട്ടുള്ളത്.

(സി) 1. <u>ഐ.സി.ഡി.പി. ഇടുക്കി രണ്ടാംഘട്ടം :</u>

പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ഗോഡൗൺ, ക്യാഷ് കൗണ്ടർ, സ്ട്രോംഗ് റൂം, സേഫ് ഡെപ്പോസിറ്റ് ലോക്കർ, ജനറേറ്റർ, കോൺഫറൻസ് ഹാൾ, കറൻസി കൗണ്ടിംഗ് മെഷീൻ, ആംബുലൻസ് എന്നിവയ്ക്കുള്ള ധനസഹായം അനുവദിച്ചു നൽകി. പ്രാഥമിക സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ്

സംവിധാനം നടപ്പിലാക്കി ക്കൊണ്ടിരിക്കുന്നു. ഡയറി പ്രോജക്ട്, വനിതാ സംഘങ്ങൾക്ക് ഗോഡൗൺ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, മാർജിൻ മണി എന്നിവയ്ക്കുള്ള ധനസഹായം അനുവദിച്ച് നൽകി. വിദ്യാഭ്യാസ മേഖലയിൽ ലോ കോളേജ് കെട്ടിട നിർമ്മാണത്തിന് തുക അനുവദിച്ചു. തങ്കമണി ടീ ഫാക്ടറി നിർമ്മാണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. ഇടുക്കി ജില്ലാ സഹകരണ ബാങ്കിന് ശാഖകളുടെ നവീകരണം, കറൻസി കൗണ്ടിംഗ് മെഷീൻ, എ.ടി.എം. ഓഹരി എന്നിവയ്ക്ക് തുക അനുവദിച്ചുനൽകി.

2. ഐ.സി.ഡി.പി. പാലക്കാട് രണ്ടാംഘട്ടം :

പ്രാഥമിക സഹകരണ സംഘങ്ങൾക്ക് മാർജിൻ മണി, കൗണ്ടർ ഫർണിച്ചർ, കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ, സി.സി.ടി.വി., സോളാർ പാനൽ, ഇൻവെർട്ടർ എന്നിവയ്ക്കുള്ള ധനസഹായം അനുവദിച്ച് നൽകി. ആരോഗ്യ മേഖലയിൽ ഇ. കെ. നായനാർ സഹകരണ ആശുപത്രിക്ക് ഓഹരി, ചേർപ്പുളശ്ശേരി സഹകരണ ആശുപത്രിക്ക് ആശുപത്രി ഉപകരണങ്ങൾ എന്നിവയ്ക്കുള്ള ധനസഹായം നൽകി. പാലക്കാട് ജില്ലാ സഹകരണ ബാങ്കിന് ഓഹരി, ശാഖകൾക്ക് ആധുനിക കൗണ്ടർ എന്നിവയ്ക്കുള്ള ധനസഹായം അനുവദിച്ചുനൽകി.

**കാർഷിക വായ്പ**

205(1742) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ കാർഷിക വായ്പകൾ അനുവദിക്കുന്ന കാര്യത്തിൽ വിമുഖത കാണിക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ മൂലകാരണങ്ങളെന്താണെന്ന് വിശദമാക്കാമോ;

(സി) പരമാവധി കാർഷിക വായ്പകൾ അനുവദിച്ച് നൽകണമെന്ന മുൻസർക്കാരിന്റെ നയത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇല്ല.

## ബ്രാഞ്ച് മാനേജർ നിയമനം

206 (1743) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കിൽ ബ്രാഞ്ച് മാനേജർ തസ്തികയിലേയ്ക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെപ്പോഴാണെന്നും എത്ര ഒഴിവുകൾ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര നിയമനം നടത്തിയിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) ഒഴിവുകൾ എത്രയും വേഗം റിപ്പോർട്ട് ചെയ്ത് ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലാ സഹകരണ ബാങ്കിൽ ബ്രാഞ്ച് മാനേജർ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് 17-11-2014-ലാണ്. ഇതുവരെ ബാങ്ക് 15 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി തസ്തിക സംബന്ധിച്ച കേസുകൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലായതിനാൽ പി.എസ്.സി.-ക്ക് നിയമന ശിപാർശ നൽകാൻ കഴിഞ്ഞിട്ടില്ല.

## ത്രിവേണി സൂപ്പർ മാർക്കറ്റുകൾ

207 (1744) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2011-2016 കാലഘട്ടത്തിൽ സംസ്ഥാനത്ത് എത്ര ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ആരംഭിച്ചുവെന്നും എവിടെയൊക്കെയെന്നും വ്യക്തമാക്കുമോ?

ഉത്തരം

2011-2016 കാലഘട്ടത്തിൽ സംസ്ഥാനത്ത് 94 ത്രിവേണി സൂപ്പർ മാർക്കറ്റുകൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

## ഇളവ് നൽകിയ വായ്പകളിലെ സർക്കാർ വിഹിതം

208 (1745) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടാശ്വാസ കമ്മീഷൻ ഇളവ് നൽകിയ വായ്പകളിൽ സർക്കാർ വിഹിതം നൽകാറുണ്ടോ; എങ്കിൽ ഈ തുക ഏത് തോതനുസരിച്ചാണ് നൽകുന്നതെന്ന് വിശദമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സർക്കാർ വിഹിതം ലഭിക്കാത്തതു മൂലം വായ്പക്കാരന്റെ പണയവസ്തു പിടിച്ചു വയ്ക്കാറുണ്ടോ; എങ്കിൽ ഈ കാരണത്താൽ സർവ്വീസ് സഹകരണ ബാങ്കുകൾ വായ്പക്കാരൻ ഈടു വച്ച വസ്തുക്കൾ തിരികെ നൽകാത്ത എത്ര കേസ്സുകളുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സർക്കാർ വിഹിതം നൽകാറുണ്ട്. കടാശ്വാസ കമ്മീഷൻ നൽകുന്ന അവാർഡുകളിൽ കർഷകർ അടയ്ക്കേണ്ട വിഹിതവും സർക്കാർ ഏറ്റെടുക്കേണ്ട ബാദ്ധ്യതയും പരാമർശിക്കാറുണ്ട്. 50,000 രൂപ വരെ കടം ബാക്കി നിൽക്കുന്ന വായ്പകളിൽ സർക്കാർ ബാദ്ധ്യത പരമാവധി കടത്തിന്റെ 75 ശതമാനവും 50,000 രൂപയ്ക്ക് മുകളിലുള്ള കടബാദ്ധ്യതയാണെങ്കിൽ സർക്കാർ ബാദ്ധ്യത കടത്തിന്റെ 50 ശതമാനവും പരമാവധി ഒരു ലക്ഷം രൂപ വരെ എന്ന തോതിൽ നിജപ്പെടുത്തിയിട്ടുണ്ട്. കമ്മീഷൻ ശിപാർശ ചെയ്യുന്ന സർക്കാർ ബാദ്ധ്യത ബഡ്ജറ്റ് പ്രൊവിഷന് അനുസൃതമായി സർക്കാർ സഹകരണ സംഘം രജിസ്ട്രാർക്ക് അനുവദിക്കുകയും ടി തുക സർക്കാർ നിർദ്ദേശത്തിന് അനുസൃതമായ പരിശോധന നടത്തി അർഹത ഉറപ്പുവരുത്തി ബന്ധപ്പെട്ട വായ്പകൾക്ക് സഹകരണ സംഘം രജിസ്ട്രാർ അനുവദിക്കുകയും ചെയ്യുന്നു.

(ബി) സർക്കാർ വിഹിതം ലഭിക്കാത്തതുമൂലം വായ്പക്കാരന്റെ പണയവായ്പ പിടിച്ചുവയ്ക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ല തിരിച്ചുള്ള പട്ടിക ചുവടെ പരാമർശിക്കുന്നു.

| ജില്ല | കേസുകളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 612 |
| കൊല്ലം | 3 |
| ഇടുക്കി | 22 |
| തൃശ്ശൂർ | 2 |
| മലപ്പുറം | 26 |
| കണ്ണൂർ | 22 |
| കാസർഗോഡ് | 56 |
| ആകെ | 743 |

**ത്രിവേണി സ്റ്റോറുകൾ**

209 (1746) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിലക്കയറ്റം തടയുന്നതിനും പൊതുവിതരണം ശക്തിപ്പെടുത്തുന്നതിനും വലിയ സഹായം നൽകിയിരുന്ന കൺസ്യൂമർഫെഡിന്റെ മിക്ക ത്രിവേണി സ്റ്റോറുകളും ഇന്ന് പ്രവർത്തനക്ഷമമല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ത്രിവേണി സ്റ്റോറുകൾ പുനരുജ്ജീവിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പുതുതായി ത്രിവേണി സ്റ്റോറുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വിൽപ്പന വർദ്ധിപ്പിക്കുന്നതിലൂടെയും കുറഞ്ഞ നിരക്കിൽ പർച്ചേസ് നടത്തുന്നതിലൂടെയും ചെലവ് ചുരുക്കലിലൂടെയും ത്രിവേണി, നന്മ സ്റ്റോറുകൾ ലാഭത്തിലാക്കികൂടുതൽ കാര്യക്ഷമമാകുന്നതിനും ഊർജ്ജിതപ്പെടുത്തു ന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) തദ്ദേശഭരണ സ്ഥാപനമോ സഹകരണ-സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനമോ സന്നദ്ധ സംഘടനകളോ വാടക രഹിതമായി കുറഞ്ഞത് 5 വർഷത്തെ കാലാവധിക്ക് സ്ഥലം അനുവദിച്ച് നൽകുകയാണെങ്കിൽ സ്റ്റോറുകൾ നഷ്ടം കൂടാതെ പ്രവർത്തിക്കുന്നതിനുള്ള വിൽപ്പന സാദ്ധ്യതകൂടി പരിഗണിച്ച് ത്രിവേണി സ്റ്റോർ, നന്മ സ്റ്റോർ എന്നിവയുടെ സേവനം ലഭ്യമാകാത്ത സ്ഥലങ്ങളിൽ അവ പുതുതായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ത്രിവേണി/മൊബൈൽ ത്രിവേണി സ്റ്റോറുകൾ**

210 (1747) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 മെയ് മാസത്തെ കണക്കനുസരിച്ച് കൺസ്യൂമർ ഫെഡിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന ത്രിവേണി സ്റ്റോറുകളുടേയും മൊബൈൽ ത്രിവേണി സ്റ്റോറുകളുടേയും എണ്ണം എത്രയായിരുന്നുവെന്ന് ജില്ല തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(ബി) 2016 മെയ് മാസത്തിൽ സംസ്ഥാനത്ത് നിലവിലുള്ള ത്രിവേണി/ മൊബൈൽ ത്രിവേണി സ്റ്റോറുകളുടെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

<u>ഉത്തരം</u>

(എ) 2011 മേയ് മാസത്തെ കണക്കനുസരിച്ച് സംസ്ഥാനത്ത് ത്രിവേണി ഡിപ്പാർട്ടുമെന്റ് സ്റ്റോർ, മെഗാമാർട്ട്, സൂപ്പർ മാർക്കറ്റ്, ലിറ്റിൽ ത്രിവേണി സൂപ്പർ സ്റ്റോർ എന്നിവ ഉൾപ്പെടെ 177 ത്രിവേണി യൂണിറ്റുകളും, 3 മൊബൈൽ ത്രിവേണി സ്റ്റോറുകളും പ്രവർത്തിച്ചിരുന്നു. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ജില്ല | ത്രിവേണി സ്റ്റോറുകളുടെ എണ്ണം | മൊബൈൽ ത്രിവേണി സ്റ്റോറുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 23 | |
| കൊല്ലം | 25 | 1 |
| ആലപ്പുഴ | 15 | 1 |
| പത്തനംതിട്ട | 11 | |
| കോട്ടയം | 8 | |
| ഇടുക്കി | 6 | 1 |
| എറണാകുളം | 17 | |
| തൃശ്ശൂർ | 14 | |
| പാലക്കാട് | 13 | |
| മലപ്പുറം | 15 | |
| കോഴിക്കോട് | 17 | |
| വയനാട് | 3 | |
| കണ്ണൂർ | 6 | |
| കാസർഗോഡ് | 4 | |
| ആകെ | 177 | 3 |

(ബി) 2016 മേയ് മാസത്തിൽ സംസ്ഥാനത്ത് ത്രിവേണി ഡിപ്പാർട്ടുമെന്റ് സ്റ്റോർ, മെഗാമാർട്ട്, സൂപ്പർമാർക്കറ്റ്, ലിറ്റിൽ ത്രിവേണി സൂപ്പർ സ്റ്റോർ എന്നിവ ഉൾപ്പെടെ 229 ത്രിവേണി യൂണിറ്റുകളും 65 മൊബൈൽ ത്രിവേണി സ്റ്റോറുകളും പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| ജില്ല | ത്രിവേണി സ്റ്റോറുകളുടെ എണ്ണം | മൊബൈൽ ത്രിവേണി സ്റ്റോറുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 19 | 12 |
| കൊല്ലം | 30 | 4 |
| ആലപ്പുഴ | 24 | 6 |
| പത്തനംതിട്ട | 13 | 3 |
| കോട്ടയം | 14 | 7 |
| ഇടുക്കി | 10 | 2 |
| എറണാകുളം | 20 | 4 |
| തൃശ്ശൂർ | 22 | 4 |
| പാലക്കാട് | 14 | 5 |
| മലപ്പുറം | 18 | 3 |
| കോഴിക്കോട് | 23 | 12 |
| വയനാട് | 4 | 3 |
| കണ്ണൂർ | 11 | -- |
| കാസർഗോഡ് | 7 | -- |
| ആകെ | 229 | 65 |

**ത്രിവേണി സ്റ്റോറുകളിലൂടെ മത്സ്യവും പച്ചക്കറികളും**

211 (1748) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ നടക്കുന്ന ത്രിവേണി സ്റ്റോറുകളിൽ നിത്യോപയോഗ സാധനങ്ങൾക്കൊപ്പം മത്സ്യഫെഡ്, ഹോർട്ടി കോർപ്പ് എന്നിവയുമായി യോജിച്ച് മത്സ്യം, പച്ചക്കറികൾ എന്നിവയുടെ വിൽപന കേന്ദ്രങ്ങൾ കൂടി ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ;ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

പരിഗണയിലുണ്ട്. സംസ്ഥാനത്ത് കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ നടക്കുന്ന ത്രിവേണി സ്റ്റോറുകളോട് അനുബന്ധിച്ച് നിത്യോപയോഗ സാധനങ്ങൾക്കൊപ്പം ഹോർട്ടികോർപ്പിന്റെ വിഷവിമുക്ത പച്ചക്കറികളുടെ വിൽപ്പന ആരംഭിച്ചിട്ടുണ്ട്.

കൂടുതൽ സ്റ്റോറുകളിലേക്ക് പച്ചക്കറി വിൽപ്പന വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതിയും മത്സ്യഫെഡുമായി സംയോജിപ്പിച്ച് മത്സ്യം ത്രിവേണി സ്റ്റോറുകളിൽക്കൂടി വിൽപ്പന നടത്തുന്നതിനുള്ള നടപടികളും പരിഗണനയിലുണ്ട്.

**സർവ്വീസ് സഹകരണ ബാങ്കിന്റെ ബൈലോ**

212 (1749) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ തത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിന്റെ ഇപ്പോഴത്തെ പ്രവർത്തന പരിധി സംബന്ധിച്ച ബൈലോയുടെ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത ബൈലോ പ്രകാരമുള്ള പ്രവർത്തന പരിധി കേരള സഹകരണ നിയമത്തിൽ നിഷ്കർഷിച്ച പ്രകാരം കൃത്യമായി നിർവ്വചിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രവർത്തന പരിധി സംബന്ധിച്ച് ചട്ടവിരുദ്ധമായ ഈ ബൈലോ നടപ്പിലാക്കിയത് ഏതു തീയതി മുതലാണെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രവർത്തന പരിധി ക്രമപ്രകാരമാക്കുന്നതിനും വ്യക്തമായി നിർവ്വചിച്ച് പൂർവ്വസ്ഥിതിയിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ തത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിന്റെ ഒറിജിനൽ ബൈലോ നമ്പർ 4-ന്റെയും 1981-ലെ ഭേദഗതിയുടെയും പകർപ്പുകൾ* അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ചട്ടവിരുദ്ധമല്ല

(ഡി) ബാധകമല്ല.

**സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം**

213 (1750) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരശ്ശേരി സർവ്വീസ് സഹകരണബാങ്കിന്റെ ബൈലോയിൽ കോഴിക്കോട് താലൂക്ക് പ്രവർത്തന പരിധിയായി സർക്കാരോ സഹകരണ വകുപ്പോ അംഗീകാരം നൽകിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) അംഗീകാരമില്ലാത്ത കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന്റെ ഏതെങ്കിലും ശാഖകൾ മറ്റു പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് അടച്ചുപൂട്ടുന്നതിന് നിയമപരമായ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന് 'സർവ്വീസ്, ' സഹകരണം' എന്ന വാക്കുകൾ ഒഴിവാക്കി കാരശ്ശേരി ബാങ്ക് എന്ന് ബോർഡ് പ്രദർശിപ്പിക്കാൻ സർക്കാരോ സഹകരണ വകുപ്പോ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ബൈലോയിൽ അംഗീകാരം നൽകിയിട്ടില്ല.

(ബി) അംഗീകാരമില്ലാതെ കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്കിന്റെ പൂവാട്ടുപറമ്പ് ശാഖ പെരുവയൽ പഞ്ചായത്തിലും പാലാഴി ശാഖ ഒളവണ്ണ പഞ്ചായത്തിലും പ്രവർത്തിക്കുന്നുണ്ട്. പൂവാട്ടുപറമ്പിൽ ശാഖ ആരംഭിക്കുന്നതിനുള്ള നടപടികൾ നിർത്തിവയ്ക്കാൻ സഹകരണ സംഘം രജിസ്ട്രാറുടെ ഓഫീസിൽ നിന്ന് നിർദ്ദേശവും പൂവാട്ടുപറമ്പ്, പാലാഴി ഉൾപ്പെടെ 13 ശാഖകൾ അനുവദിക്കുന്നതിന് ബാങ്ക് നൽകിയ അപേക്ഷ നിരസിച്ചുകൊണ്ട് കോഴിക്കോട് ജോയിന്റ് രജിസ്ട്രാർ ഉത്തരവും നൽകിയിട്ടുണ്ട്.

(സി) അനുമതി നൽകിയിട്ടില്ല.

## ജില്ലാ സഹകരണ ബാങ്കിലെ അംഗങ്ങൾ

214 (1751) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ നിലവിൽ എത്ര അംഗങ്ങളുണ്ട്; അവരുടെ പേരുവിവരങ്ങൾ വിശദമാക്കാമോ?

ഉത്തരം

കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ നിലവിൽ 633 അംഗങ്ങൾ ഉണ്ട്. അവരുടെ പേര് അനുബന്ധമായി* ചേർക്കുന്നു.

## പുതിയ സഹകരണ സംഘങ്ങൾ

215 (1752) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിലെ 13-2-2013-ലെ തെരഞ്ഞെടുപ്പിൽ ബഹു. ഹൈക്കോടതി വിധിപ്രകാരം വോട്ടർപട്ടികയിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉൾപ്പെടുത്തിയ സഹകരണ സംഘങ്ങൾ 13-2-2012-ന് മുമ്പ് അഫിലിയേഷനു വേണ്ടി കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ സംഘവും അപേക്ഷ നൽകിയ തീയതി, പ്രസ്തുത അപേക്ഷ ഭരണസമിതി മുമ്പാകെ സമർപ്പിച്ച ഓഫീസ് കുറിപ്പിന്റെയും ഫയലിന്റെയും നമ്പറും തീയതിയും പ്രസ്തുത അപേക്ഷ പരിഗണിച്ച ഭരണസമിതി യോഗത്തിന്റെ തീയതിയും അജണ്ട നമ്പറും അപേക്ഷയിന്മേൽ ഭരണസമിതി എടുത്ത തീരുമാനം എന്നിവയുടെ പകർപ്പുകളും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ബാങ്ക് രേഖകൾ പരിശോധിച്ചപ്രകാരം അപേക്ഷകൾ ലഭിച്ചതായി കാണുന്നില്ല. അംഗത്വത്തിനുള്ള അപേക്ഷ സംബന്ധിച്ച് പ്രത്യേക രജിസ്റ്ററുകൾ സൂക്ഷിച്ചതായി കാണുന്നില്ല. 26-2-2013 മുതൽ അംഗത്വം അനുവദിക്കുന്നതിന് ലഭിക്കുന്ന അപേക്ഷകൾ കൃത്യമായി രജിസ്റ്റർ ചെയ്ത് സൂക്ഷിച്ചു വരുന്നു.

**വ്യാജസ്വർണ്ണ പണയത്തട്ടിപ്പ്**

216 (1753) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിവിധ സഹകരണ സംഘങ്ങളിൽ വ്യാജ സ്വർണ്ണം പണയംവെച്ച് കോടികൾ തട്ടിപ്പു നടത്തിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ബാങ്കുകളിൽ എത്ര കോടി രൂപയുടെ തട്ടിപ്പാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) തട്ടിപ്പ് നടത്തിയ ജീവനക്കാർക്കെതിരെ വകുപ്പ് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ 7 ബാങ്ക്/സംഘങ്ങളിലായി ആകെ 5.92 കോടി രൂപയുടെ തട്ടിപ്പാണ് നടത്തിയിട്ടുള്ളത്. ആയത് ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1 | മുട്ടത്തോടി സർവ്വീസ് സഹകരണ ബാങ്ക് | - | 4.06 കോടി |
| 2 | പീലിക്കോട് സർവ്വീസ് സഹകരണ ബാങ്ക് | - | 81.88 ലക്ഷം |
| 3 | ഉദുമ പനയാൽ അർബൻ സഹകരണ സംഘം | - | 42.55 ലക്ഷം |
| 4 | മജ്ബയിൽ സർവ്വീസ് സഹകരണ ബാങ്ക് | - | 44.80 ലക്ഷം |
| 5 | പെർഡാല സർവ്വീസ് സഹകരണ ബാങ്ക് | - | 10.10 ലക്ഷം |
| 6 | ചെമ്മനാട് സർവ്വീസ് സഹകരണ ബാങ്ക് | - | 2.29 ലക്ഷം |
| 7 | പെരുമ്പള സർവ്വീസ് സഹകരണ ബാങ്ക് | - | 4.30 ലക്ഷം |
| | ആകെ | - | 5.92 കോടി |

(സി) ക്രമക്കേടുമായി ബന്ധപ്പെട്ട അപ്രൈസർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാനും തട്ടിപ്പ് നടത്തിയ വായ്പക്കാരിൽ നിന്നും ബാങ്കിന് ലഭിക്കേണ്ട തുക ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാനും ബന്ധപ്പെട്ട ബാങ്ക്/സംഘങ്ങൾക്ക് ജോയിന്റ് രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ബാങ്ക്/ സംഘങ്ങളിൽ നിന്നുള്ള റിപ്പോർട്ടുകൾ പരിശോധിച്ച് ആവശ്യമെങ്കിൽ വകുപ്പുതല അന്വേഷണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ക്രമക്കേടുമായി ബന്ധപ്പെട്ട ജീവനക്കാർക്കെതിരെ താഴെപ്പറയും പ്രകാരം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. <u>മുട്ടത്തോടി സർവ്വീസ് സഹകരണ ബാങ്ക്:</u>

   സായാഹ്നശാഖ മാനേജർ, സായാഹ്ന ശാഖയിലേയും നായന്മാർമൂല ശാഖയിലേയും അപ്രൈസർമാർ എന്നിവരെ സസ്പെൻഡ് ചെയ്യുകയും അവർക്കെതിരെ ക്രിമിനൽ കേസ് ഫയൽ ചെയ്യുകയും നായന്മാർമൂല ശാഖ മാനേജരെ ബാങ്ക് സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

2. <u>പീലിക്കോട് സർവ്വീസ് സഹകരണ ബാങ്ക്:</u>

   കാലിക്കടവ് ശാഖ മാനേജർ, അപ്രൈസർ എന്നിവരെ ബാങ്ക് സസ്പെൻഡ് ചെയ്യുകയും കാലിക്കടവ് ശാഖാ മാനേജർക്കെതിരെ ക്രിമിനൽ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

3. ഉദുമ പനയാൽ അർബൻ സഹകരണ സംഘം:

സംഘം സെക്രട്ടറി, അപ്രൈസർ, ശാഖാ മാനേജരുടെ ചാർജിലുണ്ടായിരുന്ന സീനിയർ ക്ലാർക്ക് എന്നിവരെ സംഘം സസ്പെൻഡ് ചെയ്യുകയും അവർക്കെതിരെ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

4. മജ്ബയിൽ സർവ്വീസ് സഹകരണ ബാങ്ക്:

ശാഖാ മാനേജരെ ബാങ്ക് സസ്പെൻഡ് ചെയ്തിട്ടുണ്ട്.

5. പെരുമ്പള സർവ്വീസ് സഹകരണ ബാങ്ക്:

ബാങ്ക് അപ്രൈസറെ സസ്പെൻഡ് ചെയ്യുകയും സെക്രട്ടറിക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

6. ചെമ്മനാട് സർവ്വീസ് സഹകരണ ബാങ്ക്, പെർഡാല സർവ്വീസ് സഹകരണ ബാങ്ക്:

ക്രമക്കേടുകൾ നടന്നതായി കണ്ടെത്തുകയും ഭരണസമിതി നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

**സഹകരണ സ്ഥാപനങ്ങൾ**

217 (1754) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ ജനാധിപത്യ സ്വഭാവം തകർത്തതായി പറയപ്പെടുന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരം ഇടപെടൽമൂലം സംസ്ഥാന സഹകരണ യൂണിയനുകളുടെയും സർക്കിൾ സഹകരണ യൂണിയനുകളുടെയും തെരഞ്ഞെടുപ്പ് തടസ്സപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് തിരുത്തുന്നതിനായി യൂണിയനുകളുടെ തെരഞ്ഞെടുപ്പ് സമയബന്ധിതമായി നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരിശോധിച്ചുവരുന്നു

(ബി) ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച ചട്ടഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ചട്ടഭേദഗതി പൂർത്തിയാകുന്ന മുറയ്ക്ക് തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കൺസ്യൂമർഫെഡിന് നൽകാനുള്ള തുക**

218 (1755) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന് നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ നൽകിയ വകയിൽ നിലവിൽ എത്ര കോടി രൂപ നൽകാനുണ്ടെന്ന് വിശദമാക്കാമോ;

(ബി) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ, കൺസ്യൂമർഫെഡിന് ആവശ്യമായ തുക നൽകാത്തതുമൂലം സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ നൽകാൻ കഴിയാതെ വന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതിന് പരിഹാരമായി വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ നൽകുന്നതിന് കൺസ്യൂമർ ഫെഡ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) വിപണിയിൽ ഇടപെടുന്നതിനായി കൺസ്യൂമർഫെഡിന് എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) നിത്യോപയോഗ സാധനങ്ങൾ സബ്സിഡി നിരക്കിൽ നൽകിയ വകയിൽ 28.3583 കോടി രൂപ നൽകുവാനുണ്ട്. ഇതിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 10 കോടി രൂപ അനുവദിച്ചുത്തരവായിട്ടുണ്ട്. ടി തുക നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. കൺസ്യൂമർ ഫെഡറേഷന് ലഭിക്കേണ്ടിയിരുന്ന സബ്സിഡി തുകകൾ യഥാസമയം ലഭിക്കാതിരുന്നതിനാൽ ഫെഡറേഷന് സാമ്പത്തിക പ്രതിസന്ധി നേരിടേണ്ടി വന്നിട്ടുണ്ട്. തന്മൂലം വിപണിയിൽ കാര്യക്ഷമമായി ഇടപെടുന്നതിന് കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്.

(സി) വ്യക്തമാക്കാം. അവശ്യ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനായി കൺസ്യൂമർ ഫെഡറേഷന്റെ നേതൃത്വത്തിൽ സഹകരണ മേഖലയുടെ കൂട്ടായ്മയിൽ കേര വെളിച്ചെണ്ണ ഉൾപ്പെടെ 13 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ സപ്ലൈകോ സബ്സിഡി നിരക്കിൽ ഉത്സവ കാലങ്ങളിൽ വിപണനം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നന്മ, ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം കൂടുതൽ ജനമനസ്സുകളിൽ സ്ഥാനം പിടിക്കുന്നതിനായി സപ്ലൈകോ അവരുടെ ഔട്ട്ലെറ്റുകൾ വഴി നൽകുന്നത് 13 ഇനം അവശ്യ നിത്യോപയോഗ സാധനങ്ങൾ റേഷൻ കാർഡ് മുഖേന നിയന്ത്രിച്ച് സബ്സിഡി നിരക്കിൽ വിൽപ്പന നടത്തുന്നതിനുള്ള പദ്ധതികൾ പരിശോധിച്ചു വരുന്നു.

(ഡി) 1998 ഓണം മുതൽ വിപണിയിൽ ഇടപെടുന്നതിനായി കൺസ്യൂമർ ഫെഡിന് 436.6099 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന സ്റ്റേറ്റുമെന്റ് ഇതോടൊപ്പം ഉള്ളടക്കം* ചെയ്യുന്നു. ഇതിനുപുറമെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടിശ്ശിക സബ്സിഡി ഇനത്തിൽ 10 കോടി രൂപയും 2016 റംസാൻ വിപണിക്കായി 5 കോടി രൂപയും അനുവദിച്ച് ഉത്തരവായിട്ടുണ്ട്.

**സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ**

219 (1756) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളുടെ പ്രവർത്തനം തടസ്സപ്പെട്ടു കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്റ്റോറുകൾ പുനരാരംഭിക്കുന്നതിനും സബ്സിഡി നിരക്കിൽ അവശ്യവസ്തുക്കൾ വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ ത്രിവേണി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ പുതുതായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. എല്ലാ നിയോജകമണ്ഡലങ്ങളിലും സജ്ജമാക്കിയിരുന്ന മൊബൈൽ ത്രിവേണി സ്റ്റോറുകളിൽ 77 എണ്ണത്തിന്റെ പ്രവർത്തനം ടെസ്റ്റ് വർക്കിനുവേണ്ടിയുള്ള അറ്റകുറ്റപ്പണികൾ, ഫെഡറേഷൻ നൽകി വരുന്ന കുറഞ്ഞ വേതന നിരക്കിൽ ഡ്രൈവർമാരുടെ ലഭ്യതക്കുറവ്, ആവശ്യമായ അളവിൽ സ്റ്റോക്ക്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എത്തിക്കാനുള്ള സാമ്പത്തിക പരിമിതികൾമൂലമുണ്ടാകുന്ന വിൽപ്പനക്കുറവ് എന്നീ കാരണങ്ങളാൽ താൽക്കാലികമായി നിർത്തി വച്ചിരിക്കുകയാണ്.

(ബി) സർക്കാർ നിർദ്ദേശവും ആയതിലുള്ള ധനസഹായവും ലഭ്യമാക്കുന്ന പക്ഷം മൊബൈൽ ത്രിവേണി സ്റ്റോറുകളിൽ അവശ്യ വസ്തുക്കൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനും ഘട്ടം ഘട്ടമായി മൊബൈൽ ത്രിവേണികളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി വിൽപ്പനയ്ക്ക് സജ്ജമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) തദ്ദേശഭരണ സ്ഥാപനമോ, സഹകരണ, സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനമോ, സന്നദ്ധ സംഘടനകളോ, വാടക രഹിതമായി കുറഞ്ഞത് 5 വർഷത്തെ കാലാവധിക്ക് സ്ഥലം അനുവദിച്ച് നൽകുകയാണെങ്കിൽ സ്റ്റോറുകൾ നഷ്ടം കൂടാതെ പ്രവർത്തിക്കുന്നതിനുള്ള വിൽപ്പന സാദ്ധ്യതകൂടി പരിഗണിച്ച് ത്രിവേണി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവ പുതുതായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വോട്ടവകാശമുള്ള സംഘങ്ങൾ**

220 (1757) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 13-2-2012-ൽ കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ നിലവിലുണ്ടായിരുന്ന അംഗങ്ങൾ എത്രയാണ് എന്നും ഈ സഹകരണ സംഘങ്ങളുടെ പേരു വിവരങ്ങളും വ്യക്തമാക്കാമോ;

(ബി) ഇവയിൽ വോട്ടവകാശമുള്ള സംഘങ്ങൾ ഏതെല്ലാമെന്നും വോട്ടവകാശമില്ലാത്തവ ഏതെല്ലാമെന്നും വിശദമാക്കുമോ;

(സി) 13-2-2013-ന് അധികാരമേറ്റ ഭരണ സമിതിയെ, തെരഞ്ഞെടുത്ത വോട്ടർ പട്ടികയിൽ ഉൾപ്പെട്ട സംഘങ്ങൾ ഏതെല്ലാമാണെന്ന് പേരു വിവരങ്ങൾ സഹിതം വിശദമാക്കുമോ;

(ഡി) 13-2-2013-ലെ തെരഞ്ഞെടുപ്പിന്റെ വോട്ടർ പട്ടികയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രകാരം ഉൾപ്പെടുത്തിയ സഹകരണ സംഘങ്ങൾ ഏതെല്ലാമാണ് എന്ന് പേരുകൾ സഹിതം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 13-2-2012-ൽ കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിൽ 505 അംഗങ്ങളാണ് നിലവിലുണ്ടായിരുന്നത്.

വോട്ടവകാശമുള്ള സംഘങ്ങൾ 374 (2012-ലെ ഓർഡിനൻസ് നമ്പർ 18/2012 പ്രകാരം) വോട്ടവകാശമില്ലാത്തവ 131 വിശദാംശങ്ങൾ അനുബന്ധമായി ആയി ചേർക്കുന്നു*.

(സി) 13-2-2013-ന് അധികാരമേറ്റ് ഭരണസമിതിയെ തെരഞ്ഞെടുത്ത വോട്ടർ പട്ടികയിൽ ഉൾപ്പെട്ട 593 സംഘങ്ങളുടെ പേരു വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഡി) 13-2-2013-ലെ തെരഞ്ഞെടുപ്പിന്റെ വോട്ടർ പട്ടികയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിധി പ്രകാരം ഉൾപ്പെടുത്തിയ 80 സഹകരണ സംഘങ്ങളുടെ പേരുവിവരം അനുബന്ധമായി* ചേർക്കുന്നു.

**ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലെ ട്രാൻസ്ഫർ**

221 (1758) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊല്ലം ജില്ലയിൽ നിന്നും ജില്ലയ്ക്ക് പുറത്തേക്ക് ട്രാൻസ്ഫർ ചെയ്യപ്പെട്ട ഇൻസ്പെക്ടർ/ആഡിറ്റർ എത്രയെന്നും ഏതൊക്കെ ജില്ലകളിലേക്കായിരുന്നു എന്നും വ്യക്തമാക്കുമോ;

(ബി) സഹകരണ വകുപ്പിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊല്ലം ജില്ലയിൽ നിന്നും ജില്ലയ്ക്ക് പുറത്തേക്ക് ട്രാൻസ്ഫർ ചെയ്യപ്പെട്ട വനിതാ ഇൻസ്പെക്ടർ/ ആഡിറ്റർ എത്രയെന്നും എന്നാണ് ട്രാൻസ്ഫർ ചെയ്തതെന്നും ഏതൊക്കെ ജില്ലകളിലേക്കായിരുന്നു എന്നും അറിയിക്കുമോ;

(സി) 25-5-2016-ന് ശേഷം കൊല്ലം ജില്ലയിൽ നിന്നും ജില്ലയ്ക്ക് പുറത്തേക്ക് ട്രാൻസ്ഫർ ചെയ്ത ഇൻസ്പെക്ടർ/ആഡിറ്റർമാർ എത്രയെന്നും ഏതൊക്കെ ജില്ലയിലേക്ക് എന്നും വ്യക്തമാക്കുമോ; ഇതിൽ വനിതാ ജീവനക്കാർ എത്രയെന്നും ഏതൊക്കെ ജില്ലകളിലേക്കായിരുന്നു എന്നും അറിയിക്കുമോ;

(ഡി) 25-5-2016-ന് ശേഷം ഇറങ്ങിയ സ്ഥലമാറ്റ ഉത്തരവ് തീയതിയിൽ ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലെ ഒഴിവുകളുടെ എണ്ണം എത്ര;

(ഇ) കൊല്ലത്തിന് സമീപ ജില്ലകളായ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിൽ ഒഴിവുണ്ടായിട്ടും എറണാകുളം, മലപ്പുറം, ഇടുക്കി, പാലക്കാട്, കോഴിക്കോട് ജില്ലകളിലേക്ക് ട്രാൻസ്ഫർ നൽകിയതിന്റെ കാരണം വെളിപ്പെടുത്തുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്) ഇങ്ങനെ ട്രാൻസ്ഫർ ചെയ്തവർക്ക് സമീപ ജില്ലകളിലെ ഒഴിവുകളിൽ നിയമനം നൽകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണ വകുപ്പിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊല്ലം ജില്ലയിൽ നിന്നും ജില്ലയ്ക്ക് പുറത്തേയ്ക്ക് 32 ജീവനക്കാരെ സ്ഥലം മാറ്റിയിട്ടുണ്ട്. തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിലേക്കാണ് സ്ഥലം മാറ്റം ചെയ്യപ്പെട്ടത്.

(ബി) സഹകരണ വകുപ്പിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊല്ലം ജില്ലയിൽ നിന്നും പത്തനംതിട്ട ജില്ലയിലേക്ക് 2 വനിതാ ജീവനക്കാരെ സ്ഥലം മാറ്റിയിട്ടുണ്ട്. 16-8-2011, 10-12-2015 എന്നീ തീയതികളിലാണ് ഈ സ്ഥലം മാറ്റങ്ങൾ നടത്തിയിട്ടുള്ളത്.

(സി) 25-5-2016-നുശേഷം കൊല്ലം ജില്ലയിൽ നിന്നും ജില്ലയ്ക്ക് പുറത്തേക്ക് 25 ഇൻസ്പെക്ടർ/ആഡിറ്റർമാരെ സ്ഥലം മാറ്റിയിട്ടുണ്ട്. കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിലേക്കായിരുന്നു സ്ഥലം മാറ്റം. ഇതിൽ 5 വനിതാ ജീവനക്കാരെ കോട്ടയം ജില്ലയിലേക്കും 3 വനിതാ ജീവനക്കാരെ എറണാകുളം ജില്ലയിലേക്കുമാണ് സ്ഥലം മാറ്റിയിരുന്നത്.

(ഡി) സ്ഥലംമാറ്റ ഉത്തരവ് തീയതിയിൽ ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിൽ 26 ഒഴിവുകളുണ്ടായിരുന്നു.

(ഇ) ഭരണപരമായ സൗകര്യം മുൻനിർത്തിയാണ് ടി സ്ഥലംമാറ്റങ്ങൾ നൽകിയിട്ടുള്ളത്.

(എഫ്) ഇപ്രകാരം സ്ഥലംമാറ്റം ചെയ്യപ്പെട്ട ജീവനക്കാരുടെ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കാവുന്നതാണ്.

**വിദ്യാഭ്യാസ വായ്പ**

222 (1759) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലൂടെയും ജില്ലാബാങ്കുകളിലൂടെയും പ്രൈമറി സൊസൈറ്റികളിലൂടെയും വിദ്യാഭ്യാസവായ്പ വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന നിലവിൽ വിദ്യാഭ്യാസ വായ്പ വിതരണം ചെയ്യുന്നുണ്ട്.

(ബി)ഉന്നത വിദ്യാഭ്യാസത്തിനും പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുമായി സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മുഖേന വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിന് മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ബിരുദാനന്തര ബിരുദങ്ങൾ, പോസ്റ്റ് ഗ്രാഡ്വേറ്റ്, പ്രൊഫഷണൽ ഡിപ്ലോമകൾ, ഗവേഷണങ്ങൾ, മെഡിക്കൽ, എഞ്ചിനീയറിംഗ്, അഗ്രിക്കൾച്ചറൽ, വെറ്ററിനറി, നിയമം, ദന്തൽ, ബിസിനസ് മാനേജ്മെന്റ്, നേഴ്സിംഗ്, പാരാമെഡിക്കൽ കോഴ്സുകൾ തുടങ്ങി കേരളത്തിലെ യൂണിവേഴ്സിറ്റികൾ, സർക്കാർ/സർക്കാർ അംഗീകൃത കൗൺസിലുകൾ/എ.ഐ.സി.ടി.ഇ.തുടങ്ങിയവ അംഗീകരിച്ചിട്ടുള്ള കോഴ്സുകൾക്ക് സർക്കാർ/സർക്കാർ അംഗീകൃത കോളേജുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് സഹകരണ ബാങ്കുകൾ മുഖേന വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നുണ്ട്. എന്നാൽ നാലര ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾ ഇന്ത്യൻ ബാങ്ക്സ് അസോസിയേഷന്റെ കീഴിൽ വരുന്ന ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്നെടുക്കുന്ന വിദ്യാഭ്യാസ വായ്പക്ക് പലിശ സബ്സിഡി അനുവദിക്കുന്ന 1-4-2009-ൽ നിലവിൽ വന്ന കേന്ദ്ര സർക്കാരിന്റെ വിദ്യാഭ്യാസ വായ്പയ്ക്കുള്ള പലിശ സബ്സിഡി സ്കീമിൽ കേരള സംസ്ഥാന സഹകരണ ബാങ്ക് ഒഴികെയുള്ള സംസ്ഥാനത്തെ മറ്റ് സഹകരണ ബാങ്കുകൾ ഉൾപ്പെടാത്തത് സഹകരണ ബാങ്കുൾ മുഖേനയുള്ള വിദ്യാഭ്യാസ വായ്പയെ പ്രതികൂലമായി ബാധിക്കുന്നു.

**ഗവി ടൂറിസം പദ്ധതി**

223 (1760) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവി ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ മുമ്പിൽ എന്തെങ്കിലും പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന് പണം അനുവദിച്ചിരുന്നോ;

(ബി) എങ്കിൽ എത്ര രൂപയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കുമോ; തുക അനുവദിച്ചതനുസരിച്ച് എന്നത്തേക്ക് പണികൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കുമോ;

(സി) തുക ലഭിച്ചിട്ടും നാളിതുവരെ ജോലികൾ ആരംഭിക്കാത്തത് എന്തു കൊണ്ടാണെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) സ്വദേശി ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ഇക്കോ ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി ഇടുക്കി, പത്തനംതിട്ട ജില്ലകളിലായി പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി ടൂറിസം സർക്യൂട്ടിന്റെ വികസനത്തിനായി സമർപ്പിച്ച പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്.

(ബി) ടി പദ്ധതിക്കായി 9921.87 ലക്ഷം രൂപയുടെ അനുമതി ലഭിച്ചതിൽ ആദ്യഗഡുവായി 1984.37 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി 3 മാസത്തിനകം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) പദ്ധതിയിൽ ഉൾപ്പെട്ടുവരുന്ന ഘടകങ്ങൾ (components) പരിസ്ഥിതിക്ക് ഒരു തരത്തിലും കോട്ടം വരുത്തുന്നില്ലായെന്ന് ഉറപ്പുവരുത്തി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരികയാണ്.

**വിനോദസഞ്ചാരമേഖലയിലെ നേട്ടങ്ങൾ**

224 (1761) <u>ശ്രീ. എ. പി. അനിൽ കുമാർ</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് വിനോദസഞ്ചാരമേഖലയിൽ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിച്ചതെന്ന് വിശദമാക്കുമോ;

(ബി) ഇക്കാലത്ത് സംസ്ഥാനത്ത് വിനോദസഞ്ചാരികളുടെ എണ്ണത്തിൽ എത്രമാത്രം വർദ്ധനവുണ്ടായിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ മേഖലയിൽ എത്ര കോടിരൂപയുടെ വരുമാനവർദ്ധന ഉണ്ടായിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഈ നേട്ടങ്ങൾ കൈവരിക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1. വിനോദസഞ്ചാരികളുടെ എണ്ണം വർദ്ധിച്ചു.

2. ടൂറിസത്തിൽ നിന്നുള്ള വരുമാനം 19,037.00 കോടി രൂപയിൽ നിന്നും 26, 689.63 കോടി രൂപയായി വർദ്ധിച്ചു.

3. അന്തർദേശീയ അവാർഡുകൾ നേടി.

4. ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങൾ ലോകത്തിന് മാതൃക-UNWTO അവാർഡ്.

5. മുസിരീസ് പദ്ധതി ഒന്നാംഘട്ടം പൂർത്തിയാക്കി. സ്പൈസ് റൂട്ട് പദ്ധതി ആരംഭിച്ചു.
6. മാസ്റ്റർ പ്ലാനിലൂടെ പ്രധാന ടൂറിസം കേന്ദ്രങ്ങളുടെ വികസനം.
7. ഇക്കോ ടൂറിസത്തിന് കേന്ദ്ര സർക്കാരിൽ നിന്നും 100 കോടി രൂപയുടെ സഹായം. ശബരിമല, പത്മനാഭസ്വാമി ക്ഷേത്രം പദ്ധതികൾക്ക് കേന്ദ്ര അനുമതിക്കുള്ള നടപടി.

(ബി) വിനോദസഞ്ചാരികൾ 1,01,14,440-ൽ നിന്ന് 1,34,43,050 ആയി വർദ്ധിച്ചു. എന്നാൽ (2011-2015) വർഷങ്ങളിലെ ടൂറിസ്റ്റുകളുടെ വളർച്ചാ നിരക്കിൽ കുറവ് വന്നിട്ടുണ്ട്. 2011-ൽ ആകെ വളർച്ചാ നിരക്ക് 9.29 ശതമാനമായിരുന്നത് 2015-ൽ 6.53 ശതമാനമായി കുറഞ്ഞിട്ടുണ്ട്. അതിൽ വിദേശ ടൂറിസ്റ്റുകളുടെ വളർച്ചാ നിരക്ക് 11.18 ശതമാനമായിരുന്നത് 5.86 ശതമാനമായും ആഭ്യന്തര ടൂറിസ്റ്റുകളുടെ വളർച്ചാ നിരക്ക് 9.15 ശതമാനമായിരുന്നത് 6.59 ശതമാനമായും കുറഞ്ഞിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Year | 2011 | 2012 | 2013 | 2014 | 2015 |
|---|---|---|---|---|---|
| വിദേശികൾ | 732985 | 793696 | 858143 | 923366 | 977479 |
| സ്വദേശികൾ | 9381455 | 10076854 | 10857811 | 11695411 | 12465571 |
| Total | 10114440 | 10870550 | 11715954 | 12618777 | 13443050 |

(സി) ടൂറിസത്തിൽ നിന്നുള്ള വരുമാനം 19,037.00 കോടി രൂപയിൽ നിന്നും 26, 689.63 കോടി രൂപയായി വർദ്ധിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വിദേശ വിനിമയ വരുമാനം (തുക കോടിയിൽ) | തദ്ദേശീയരായ വിനോദ സഞ്ചാരികളിൽ നിന്നുമുള്ള വരുമാനം (തുക കോടിയിൽ) | വിനോദസഞ്ചാര ത്തിലൂടെ ലഭ്യമായ ആകെ വരുമാനം (പ്രത്യക്ഷവും പരോക്ഷവും) (തുക കോടിയിൽ) | മുൻ വർഷങ്ങളിലെ വ്യതിയാനം (ശതമാനത്തിൽ) |
|---|---|---|---|---|
| 2011 | 4, 221.99 | 10, 131.97 | 19, 037.00 | 9.74 |
| 2012 | 4, 571.69 | 10, 883.00 | 20, 430.00 | 7.32 |
| 2013 | 5, 560.77 | 11, 726.44 | 22, 926.55 | 12.22 |
| 2014 | 6, 398.93 | 12, 981.91 | 24, 885.44 | 8.54 |
| 2015 | 6, 949.88 | 13, 836.78 | 26, 689.63 | 7.25 |

(ഡി) ടൂറിസം വകുപ്പിന്റെയും വിവിധ സർക്കാർ ഏജൻസികളുടെയും നേതൃത്വത്തിൽ നടത്തിവരുന്ന വിവിധ പ്രവർത്തനങ്ങളിലൂടെയാണ് ടൂറിസം രംഗത്തുള്ള നേട്ടങ്ങൾ സാധ്യമാകുന്നത്.

**ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനും പദ്ധതി**

225 (1762) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനും അവ വികസിപ്പിക്കുന്നതിനും എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കേന്ദ്രവിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുന്ന ടൂറിസം പദ്ധതികൾ ഏതൊക്കെയാണ് ; ഈ പദ്ധതിയിൽ പത്തനംതിട്ട ജില്ലയെ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഫാം ടൂറിസം, മെഡിക്കൽ ടൂറിസം, കായൽ ടൂറിസം എന്നിവയ്ക്കെല്ലാം പ്രയോജനം ചെയ്യും വിധം കേരളത്തിലെ വിവിധ ടൂറിസം മേഖലകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ചെറുവിമാന സർവ്വീസ് ആരംഭിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബന്ധപ്പെട്ട സ്ഥലങ്ങളിൽ നിന്നുള്ള ജനപ്രതിനിധികളിൽ നിന്നും ഡി.ടി.പി.സി.-കളിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുമൊക്കെ ലഭിക്കുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പുതിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ വികസിപ്പിക്കുന്നത്. ഇതൊരു തുടർ പ്രക്രിയയാണ്.

(ബി) നിലവിൽ കേന്ദ്ര ടൂറിസം മന്ത്രാലയം സ്വദേശി ദർശൻ, പ്രസാദ് എന്നീ സ്കീമുകളിലൂടെയാണ് പദ്ധതികൾ നടപ്പിലാക്കിവരുന്നത്. ഇതിൽ സ്വദേശി ദർശൻ സ്കീമിൽ ഉൾപ്പെടുത്തിയുള്ള ഇക്കോ ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി ഇടുക്കി, പത്തനംതിട്ട ജില്ലകളിലായി പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി സർക്യൂട്ടിന്റെ വികസനത്തിനായി 9921.87 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(സി) ടൂറിസം വികസനം ലക്ഷ്യമിട്ടുകൊണ്ട് ബേക്കൽ, വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ എയർ സ്ട്രിപ്പുകൾ സ്ഥാപിക്കാൻ ബഡ്ജറ്റിൽ നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്.

**വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് പദ്ധതി**

226 (1763) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായൽ തീരങ്ങളിലും ഉൾനാടൻ ജലപാതകൾക്കിരുവശവും കേന്ദ്രീകരിച്ച് കൂടുതൽ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ പരിഗണനയിൽ ഉണ്ടോ;

(ബി) കേരളത്തിന്റെ തനതായ പ്രകൃതി സൗന്ദര്യം ആസ്വദിക്കുന്നതിനായി പൊതുജനങ്ങളെക്കൂടി സഹകരിപ്പിച്ച് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് തയ്യാറാകുമോ;

(സി) ഇത്തരത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ടെന്ന് അറിയിക്കുമോ; അവയുടെ വിശദവിവരം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) അടിസ്ഥാന സൗകര്യവികസനത്തിനുള്ള പദ്ധതികൾ തയ്യാറാക്കുമ്പോൾ പൊതുജനങ്ങളുമായി ചർച്ച നടത്താറുണ്ട്. കൂടാതെ തദ്ദേശവാസികൾക്ക് നേരിട്ട് ടൂറിസത്തിൽനിന്നും ഗുണഫലം ലഭ്യമാകുന്നുവെന്ന് ഉത്തരവാദിത്വ ടൂറിസത്തിലൂടെ ഉറപ്പുവരുത്തുന്നുണ്ട്. ഇത് സംസ്ഥാനമാകെ വ്യാപിപ്പിക്കുന്നതാണ്.

**ടൂറിസം പ്രചരണം**

227 (1764) <u>ശ്രീ. പാറക്കൽ അബ്ദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന്, ടൂറിസം പദ്ധതികളുടെ മാർക്കറ്റിങ്ങും പ്രചരണ പരിപാടികളും ഗുണമേന്മ ഉറപ്പുവരുത്തലും അനിവാര്യമാണെന്ന് കരുതുന്നുണ്ടോ;

(ബി) എങ്കിൽ കാലാനുസൃതമായ നൂതന പ്രചരണ രീതികൾക്ക് രൂപം നൽകുമോ;

(സി) ഇംഗ്ലണ്ട്, ജർമനി തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള ടൂറിസ്റ്റുകൾക്കായി പ്രചരണ പരിപാടികൾ ശക്തമാക്കുമോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. വിനോദസഞ്ചാരികളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന് വിവിധങ്ങളായ മാർക്കറ്റിംഗ് രീതികളും പ്രചരണ പരിപാടികളും വകുപ്പ് സംഘടിപ്പിച്ചുവരുന്നു. ഇതിനായി ദേശീയ അന്തർദ്ദേശീയ ടൂറിസം മേഖലകളിലും മറ്റും ടൂറിസം വകുപ്പ് എല്ലാ വർഷങ്ങളിലും പങ്കെടുത്തുവരുന്നു. ടൂറിസം സ്ഥിതിവിവര കണക്കുകളെ ആശ്രയിച്ച് വളർന്നുവരുന്ന മാർക്കറ്റുകളിലും ടൂറിസം വകുപ്പ് റോഡ് ഷോകളും B2B, B2C മീറ്റുകളും സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) പല നൂതനമായ പ്രചരണ രീതികളും ടൂറിസം വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. പ്രത്യേകിച്ച് സോഷ്യൽ മീഡിയകൾ വഴിയുള്ള പ്രചരണ പരിപാടികൾ.

(സി&ഡി) WTM London, ITB Berlin എന്നീ പ്രശസ്തമായ മേളകളിൽ ടൂറിസം വകുപ്പ് പതിവായി പങ്കെടുത്തുവരുന്നുണ്ട്. കൂടാതെ കാലാനുസൃതമായ വിപണന രീതികളും വകുപ്പ് ഇവിടങ്ങളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

**ടൂറിസം പദ്ധതികൾക്ക് കേന്ദ്ര ഫണ്ട്**

228 (1765) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ 2016 വരെയുള്ള കാലയളവിൽ ടൂറിസം പദ്ധതികൾക്ക് വേണ്ടി ലഭിച്ച കേന്ദ്ര ഫണ്ടിന്റെ കണക്കുകൾ വ്യക്തമാക്കാമോ;

(ബി) ഇതിനായി ലഭിച്ച കേന്ദ്ര ഫണ്ട് പൂർണ്ണമായി വിനിയോഗിക്കപ്പെട്ടിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദവിവരം നൽകാമോ?

ഉത്തരം

(എ) 2010 മുതൽ 2016 വരെയുള്ള കാലയളവിൽ ടൂറിസം പദ്ധതികൾക്ക് വേണ്ടി ലഭിച്ച കേന്ദ്ര ഫണ്ടിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു:

| വർഷം | ലഭിച്ച തുക |
|---|---|
| 2010-11 | 29,84,76,000 |
| 2011-12 | 14,32,13,000 |
| 2012-13 | 12,00,03,000 |
| 2013-14 | 2,98,00,000 |
| 2014-15 | Nil |
| 2015-16 | 19,84,37,000 |

(ബി) കേന്ദ്ര ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച കണക്കുകൾ ചുവടെ ചേർക്കുന്നു:

| | |
|---|---|
| 2010-11 | 28,36,99,000 |
| 2011-12 | 2,09,00,000 |
| 2012-13 | 12,00,03,000 |
| 2013-14 | 2,98,00,000 |
| 2014-15 | Nil |

2015-16 വർഷം ലഭിച്ച തുക വിനിയോഗിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

**മാമ്പുഴ ടൂറിസം ഡെസ്റ്റിനേഷൻ**

229 (1766) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാമ്പുഴ ടൂറിസം ഡെസ്റ്റിനേഷനുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

കോഴിക്കോട് ജില്ലയിലെ മാമ്പുഴ സംരക്ഷിച്ച് ജലപാതയൊരുക്കാനും ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ ആക്കുന്നതിനുമുള്ള നിവേദനം വകുപ്പിന് ലഭിക്കുകയുണ്ടായി. ഇതുപ്രകാരം പ്രസ്തുത പദ്ധതിയുടെ ടൂറിസം വികസന സാദ്ധ്യതാപഠന റിപ്പോർട്ട് ലഭ്യമാക്കാൻ ഡി.ടി.പി.സി. കോഴിക്കോടിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**പേപ്പാറ ഡാമിന്റെ ടൂറിസം സാധ്യതകൾ**

230 (1767) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ പേപ്പാറ ഡാമിൽ ടൂറിസത്തിന് വലിയ സാധ്യതകൾ ഉണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പേപ്പാറ ഡാമിൽ എത്തിച്ചേരുന്ന സന്ദർശകർക്ക് മതിയായ സൗകര്യങ്ങൾ ഇല്ലായെന്നുള്ളത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ;

(സി) കഴിഞ്ഞ സർക്കാർ ടൂറിസം സാധ്യതകൾ കണക്കിലെടുത്ത് ഡാമിന്റെ സൗന്ദര്യവത്കരണത്തിനായി എന്തെങ്കിലും പ്രോജക്ടുകൾ പരിഗണിച്ചിരുന്നോ; ഇതിന്റെ തുടർനടപടികൾ എന്തായി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ആയതിലേക്ക് നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

(സി) കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ പേപ്പാറ ഡാം സൈറ്റ് വികസിപ്പിക്കുന്നതിനായി ഒരു പദ്ധതിക്ക് ഭരണാനുമതി നൽകിയിരുന്നു. കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് കേരള വാട്ടർ അതോറിറ്റി 24 മാസത്തിനകം പദ്ധതി നടപ്പാക്കണമെന്നായിരുന്നു വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ സമയ ബന്ധിതമായി പദ്ധതി ആരംഭിക്കാത്തതിനാൽ കേന്ദ്ര സർക്കാർ പദ്ധതി ഉപേക്ഷിക്കുകയും പദ്ധതിക്കനുവദിച്ച തുകയുടെ ഒരു ഭാഗം മറ്റൊരു

പദ്ധതിക്കായി അനുവദിക്കുകയും ബാക്കി തുക കേന്ദ്ര സർക്കാരിന് തിരിച്ച് നൽകുകയും ചെയ്തു. തീർത്തും കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്ന വിഭാവനം ചെയ്തിരുന്നത് എന്നതിനാൽ ടൂറിസം വകുപ്പും പദ്ധതി ഉപേക്ഷിച്ചു.

**ഹൗസ് ബോട്ട് ടെർമിനൽ നിർമ്മാണം**

231 (1768) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ടൂറിസം സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെട്ട വട്ടക്കായലിലെ ഹൗസ് ബോട്ട് ടെർമിനൽ നിർമ്മാണം എത്രത്തോളം പൂർത്തീകരിച്ചുവെന്നും ബാക്കി നിർമ്മാണപ്രവൃത്തികൾ സംബന്ധിച്ചും വിശദമായ റിപ്പോർട്ട് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ആലപ്പുഴ ടൂറിസം സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെട്ട ഹൗസ് ബോട്ട് ടെർമിനൽ (നൈറ്റ് ഹാൾട്ടിംഗ് സെന്റർ വട്ടക്കായൽ വെസ്റ്റ്) എന്ന പദ്ധതിക്ക് 12,25,25,000 രൂപ നീക്കി വച്ചിരുന്നു. കേരള സർക്കാർ സംരംഭമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻമുഖേന ടൂറിസം വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ചെയ്തുവരുന്ന പദ്ധതിയിൽ - ഹൗസ് ബോട്ടുകൾ പാർക്ക് ചെയ്യുന്നതിനുള്ള ജെട്ടികൾ, എ.ടി.എം. കൗണ്ടർ, കടമുറികൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, റെയിൻ ഷെൽട്ടർ, പോലീസ് എയ്ഡ് പോസ്റ്റ്, ടിക്കറ്റ് കൗണ്ടർ, ലൈഫ് ഗാർഡ് കൗണ്ടർ എന്നിവയുടെ നിർമ്മാണജോലികൾ അന്തിമ ഘട്ടത്തിലാണ്. ടോയ്‌ലറ്റ് ബ്ലോക്ക്, ആംഫി തീയേറ്റർ, ഗ്യാലറി, വൈദ്യുതീകരണം, യാർഡ് ലൈറ്റിംഗ് എന്നിവയുടെ ജോലികൾ നടന്നുകൊണ്ടിരിക്കുകയാണ്.

**കാപ്പാട് ബീച്ചിലെ കെട്ടിട നിർമ്മാണം**

232 (1769) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-11 കാലയളവിൽ ചേമഞ്ചേരി പഞ്ചായത്തിൽ ഉൾപ്പെടുന്ന കാപ്പാട് ബീച്ചിൽ നോമിനേറ്റഡ് എം.എൽ.എ. ശ്രീ. സൈമൺ ബ്രിട്ടോയുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് വിനോദസഞ്ചാര വികസനാർത്ഥം നിർമ്മിച്ച കെട്ടിടത്തിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) ഈ പദ്ധതി ഇതുവരെ പൂർത്തിയാവുകയോ പ്രവർത്തനമാരംഭിക്കുകയോ ചെയ്തിട്ടില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത നിർമാണം ഏറ്റെടുത്തത് ഏത് ഏജൻസിയായിരുന്നു എന്നത് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) 2006-11 കാലയളവിൽ ശ്രീ. സൈമൻ ബ്രിട്ടോ റോഡ്രിഗ്സിന്റെ (നോമിനേറ്റഡ് എം.എൽ.എ) പ്രാദേശിക വികസന ഫണ്ടിൽ നിന്നും 14,55,920 രൂപ ഉപയോഗിച്ച് കാപ്പാട് ആർട്ട് ഗ്യാലറിയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും ടി കെട്ടിടം നിലവിൽ തുറന്ന പ്രവർത്തിക്കുന്നില്ല. പ്രസ്തുത പ്രവൃത്തി ടൂറിസം വകുപ്പ് മുഖേനയല്ല നടപ്പിലാക്കിയിട്ടുള്ളത്.

(സി) നിർമ്മിതി കേന്ദ്രം, കോഴിക്കോട്.

**എറണാകുളം ജില്ലയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ**

233 (1770) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ വിവിധ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളെ ബന്ധപ്പെടുത്തി സ്വദേശ, വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; ഇത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കാമോ; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) എറണാകുളം ജില്ലയിലെ ഏതെല്ലാം ടൂറിസ്റ്റ് കേന്ദ്രങ്ങളെയാണ് നിർദ്ദിഷ്ട പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ഇത് സംബന്ധിച്ച പ്രോജക്ട് റിപ്പോർട്ട് ലഭ്യമാണോ; റിപ്പോർട്ടിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ഡി) അങ്കമാലി നിയോജക മണ്ഡലത്തിലെ ടൂറിസം ഡെസ്റ്റിനേഷൻ സെന്ററുകളിൽ പുതുതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(ഇ) നിലവിൽ അങ്കമാലി നിയോജക മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ ഏതെല്ലാമെന്നും, പ്രസ്തുത ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) എറണാകുളം ജില്ലയിലെ വിവിധ ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളുമായി ബന്ധപ്പെട്ട് അടുത്ത 30 വർഷത്തെ വികസനം മുൻപിൽ കണ്ട് ഫോർട്ട് കൊച്ചി മാസ്റ്റർപ്ലാൻ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. കാലടി-മലയാറ്റൂർ-ആതിരപ്പിള്ളി ടൂറിസം

സർക്യൂട്ട് മാസ്റ്റർപ്ലാൻ തയ്യാറാക്കി വരുന്നു. ഫോർട്ട് കൊച്ചിക്കായുള്ള മാസ്റ്റർപ്ലാൻ അംഗീകരിച്ചിട്ടുണ്ട്. ഈ മാസ്റ്റർപ്ലാനുകളും മറ്റ് സാദ്ധ്യതകളും പരിഗണിച്ച് പുതിയ പദ്ധതികൾ രൂപീകരിക്കേണ്ടതുണ്ട്.

(ഡി) മണപ്പാട്ടുചിറ ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് പദ്ധതിക്കായും മണപ്പാട്ടുചിറ സോളാർ സ്ട്രീറ്റ് ലൈറ്റിംഗ് ആന്റ് ഹൈമാസ്റ്റ് ലൈറ്റ് ഇൻസ്റ്റലേഷൻ പദ്ധതിക്കായും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഇ) അങ്കമാലി നിയോജകമണ്ഡലത്തിൽ നിലവിലുള്ള ടൂറിസം പദ്ധതികളുടെയും പ്രസ്തുത കേന്ദ്രങ്ങളിൽ ഒരുക്കിയിട്ടുള്ള സംവിധാനങ്ങളുടെയും പട്ടിക അനുബന്ധമായി* ചേർക്കുന്നു:

## ഇക്കോ ടൂറിസം പദ്ധതികൾ

234 (1771) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)പാലക്കാട് ജില്ലയിൽ ഇക്കോ ടൂറിസം പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ള നിലവിലുള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ ;

(ബി) നാറാണത്തു ഭ്രാന്തന്റെ അവശേഷിപ്പുകൾ നിലനിൽക്കുന്ന പട്ടാമ്പി നിയോജകമണ്ഡലത്തിലെ രായിരനെല്ലൂർ ഭ്രാന്താലയം ഇക്കോ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ കഴിയുമോ ;

(സി) പട്ടാമ്പി മണ്ഡലത്തിലെ സ്ഥിതിചെയ്യുന്ന ടിപ്പുസുൽത്താന്റെ പടയോട്ട കാലത്തെ അവശേഷിപ്പുകൾ നിലനിൽക്കുന്ന രാമഗിരിക്കോട്ട ഇക്കോ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 1. പറമ്പിക്കുളം ടൈഗർ റിസർവിൽ ഫോറസ്റ്റ് ഡവലപ്മെന്റ് ഏജൻസി മുഖേന നടത്തിവരുന്ന പ്രവർത്തനങ്ങൾ.

2. നെല്ലിയാമ്പതി ഡിവിഷനിൽ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി മുഖേന നടത്തിവരുന്ന പ്രവർത്തനങ്ങൾ.

3. സൈലന്റ് വാലി നാഷണൽ പാർക്കിൽ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി മുഖേന നടത്തിവരുന്ന പ്രവർത്തനങ്ങൾ.

4. ശിരുവാണി ഡാം പരിസരത്ത് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി മുഖേന നടത്തിവരുന്ന പ്രവർത്തനങ്ങൾ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

5. മീൻവല്ലം വെള്ളച്ചാട്ടം പരിസരത്ത് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി മുഖേന നടത്തിവരുന്ന പ്രവർത്തനങ്ങൾ.

6. അനങ്ങൻ മലയിൽ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി മുഖേന നടത്തിവരുന്ന പ്രവർത്തനങ്ങൾ.

7. ചൂലനൂർ മയിൽ സങ്കേതത്തിൽ ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി മുഖേന നടത്തിവരുന്ന പ്രവർത്തനങ്ങൾ.

(ബി & സി) പരിശോധിക്കുന്നതാണ്.

**ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ്**

235 (1772) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിൽ 2006-2011 കാലയളവിൽ സർക്കാർ നടപ്പിലാക്കിയ വിനോദസഞ്ചാര മേഖലയിലെ വികസന പദ്ധതികൾ എന്തെല്ലാമായിരുന്നു;

(ബി) 2011-2016 കാലയളവിൽ മുൻ സർക്കാർ അവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ;

(സി) 2006-2011-ൽ സർക്കാർ നടപ്പിലാക്കിയ ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിന്റെ മാസ്റ്റർ പ്ലാൻ അനുസരിച്ച് പ്രസ്തുത പദ്ധതിയുടെ 2-ാം ഘട്ടം 2011-2016 കാലയളവിൽ നടപ്പാക്കാതിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിനെ ദേശീയ കരകൗശല ഗ്രാമമായി വികസിപ്പിക്കാൻ കഴിയുന്ന വിധത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊയിലാണ്ടി മണ്ഡലത്തിൽ 2006-2011 കാലയളവിൽ ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജ് പദ്ധതിയും കാപ്പാട് ബീച്ച് വികസന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി)“ ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിൽ അക്കാഡമി സ്ഥാപിക്കൽ ” പദ്ധതി.

(സി&ഡി) ഇരിങ്ങൽ ക്രാഫ്റ്റ് വില്ലേജിന്റെ 2-ാം ഘട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

**മാവേലിക്കര വെട്ടിക്കോട് ചാൽ നവീകരണം**

236 (1773) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വെട്ടിക്കോട് ചാൽ നവീകരണം മെഗാ ടൂറിസം സർക്യൂട്ട് പ്രോജക്ടിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ആലപ്പുഴ ഡി.റ്റി.പി.സി. മുഖാന്തരം തയ്യാറാക്കിയ പ്രോജക്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രോജക്ട് ഈ സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) മാവേലിക്കര മണ്ഡലത്തിലെ വെട്ടിക്കോട് ചാൽ നവീകരണ പദ്ധതിക്കായി ഡി.ടി.പി.സി. തയ്യാറാക്കി സമർപ്പിച്ച 2 കോടി 50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പരിശോധിച്ചു വരുന്നു.

**താമരക്കുളം വയ്യാങ്കരച്ചിറ ടൂറിസം പ്രോജക്ട്**

237 (1774) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര താമരക്കുളം വയ്യാങ്കരച്ചിറ ടൂറിസം പ്രോജക്ട് പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രോജക്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പ്രോജക്ടിൽ ഇരപ്പൻപാറയും ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദവിവരം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) കേന്ദ്ര സഹായത്തോടെ നടപ്പിലാക്കിവരുന്ന ആലപ്പുഴ കായലോര മെഗാ സർക്യൂട്ട് ടൂറിസം പദ്ധതിയുടെ ഭാഗമായി വരുന്ന താമരക്കുളം വയ്യാങ്കരച്ചിറ ടൂറിസം പ്രോജക്ട് കേരള സർക്കാർ പങ്കാളിത്തമുള്ള കിറ്റ്കോ എന്ന ഏജൻസിവഴി വകുപ്പിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ചെയ്തുവരുന്നു. മൈക്രോ ഡെസ്റ്റിനേഷൻ പദ്ധതിയിൽ വയ്യാങ്കരച്ചിറ പ്രോജക്ടിൽ 2,59,52,000 രൂപ വകയിരുത്തിയിരിക്കുന്നു. ടി പ്രോജക്ടിൽ ഉൾപ്പെട്ടിരിക്കുന്ന ഘടകങ്ങൾ ടോയ്‌ലെറ്റ് ബ്ലോക്ക് നിർമ്മാണം, നടപ്പാത നിർമ്മാണം, പേവ്ട് കോർട്ട് നിർമ്മാണം, ബോർഡ് വാക്ക് വ്യൂ പോയിന്റ്, സ്ഥിരമായ ബോട്ട് ജെട്ടി, ലാൻഡ് സ്കേപ്പിംഗ്, വൈദ്യുതീകരണം, യാർഡ് ലൈറ്റ് നിർമ്മാണം എന്നിവയാണ്.

(സി) കേന്ദ്ര സർക്കാർ അനുമതി നേടി നടപ്പിലാക്കി വരുന്ന പദ്ധതിയായതിനാൽ ഇരപ്പൻപാറ ഉൾപ്പെടുത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല

### ഉൾനാടൻ ജലഗതാഗതത്തിന്റെ ടൂറിസം സാധ്യത

238 (1775) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ടൂറിസം മേഖലയിൽ ഉൾനാടൻ ജലഗതാഗതത്തിന് വൻ സാധ്യതയാണുള്ളതെന്ന് കരുതുന്നുണ്ടോ;

(ബി) ഇതിനായി ഒരു പാക്കേജിന് രൂപം നൽകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിരവധി പാക്കേജുകൾ ഇപ്പോൾത്തന്നെ ആലപ്പുഴ, കുമരകം, കൊല്ലം മേഖലകളിൽ നിലവിലുണ്ട്.

### വെള്ളിനേഴി കലാഗ്രാമം

239 (1776) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണൂർ നിയോജക മണ്ഡലത്തിലെ സർക്കാർ അംഗീകൃത വെള്ളിനേഴി കലാഗ്രാമത്തിന്റെ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു എന്നും ഇതിനായി ടൂറിസം വകുപ്പ് എത്ര തുക വകയിരുത്തി എന്നും എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും എത്ര തുക വകയിരുത്തി എന്നും ഈ തുകകളിൽ നിന്ന് കലാഗ്രാമ പ്രവർത്തനങ്ങൾക്ക് ചെലവാക്കിയ തുക എത്ര എന്നും വ്യക്തമാക്കാമോ;

(ബി) വെള്ളിനേഴി കലാഗ്രാമത്തിന്റെ 85 കോടി രൂപയുടെ എസ്റ്റിമേറ്റുള്ള തുടർ പ്രവർത്തനങ്ങൾക്കായി ടൂറിസം വകുപ്പ് എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഷൊർണ്ണൂർ എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച ഒരു കോടി രൂപ സംബന്ധിച്ച ടൂറിസം വകുപ്പിന്റെ 1702/C2/2015 നമ്പർ ഫയലിൻമേലുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്നും പ്രസ്തുത തുക അനുവദിക്കാനുള്ള കാലതാമസത്തിന്റെ കാരണം എന്തെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കലാഗ്രാമവുമായി ബന്ധപ്പെട്ട പ്രവർത്തനം എപ്പോൾ പൂർത്തീകരിക്കാനാണ് ടൂറിസം വകുപ്പ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

## ഉത്തരം

(എ) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ സർക്കാർ അംഗീകൃത വെള്ളിനേഴി കലാഗ്രാമത്തിന്റെ പ്രവർത്തനങ്ങൾക്കായി സർക്കാർ 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഒരു കോടി രൂപ ടൂറിസം വകുപ്പും ഒരു കോടി രൂപ എം.എൽ.എ.-ഫണ്ടിൽ നിന്നുമാണ് കണക്കാക്കുന്നത്. ടൂറിസം വകുപ്പിന്റെ ആദ്യ ഗഡുവായി 50 ലക്ഷം രൂപ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന് (ഡി.ടി.പി.സി) കൈമാറിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിനായി നാളിതുവരെ 58,09,045 രൂപ (അൻപത്തിയെട്ട് ലക്ഷത്തി ഒൻപതിനായിരത്തി നാല്പത്തിയഞ്ച് രൂപ) ചെലവഴിച്ചു.

(ബി) എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് അവ പരിശോധിക്കുന്നതാണ്.

(സി) ഷൊർണ്ണൂർ നിയോജക മണ്ഡലത്തിലെ സർക്കാർ അംഗീകൃത വെള്ളിനേഴി കലാഗ്രാമത്തിന്റെ പ്രവർത്തനങ്ങൾക്കായി രണ്ട് ഫണ്ടുകളിലുൾപ്പെടുത്തിയാണ് പദ്ധതിക്ക് ഭരണാനുമതി നൽകിയത്. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് മറ്റ് ഫണ്ടുകളോടുകൂടി ചേർത്ത് പദ്ധതി നടപ്പിലാക്കുന്നത് അനുവദനീയമല്ലാത്തതിനാൽ എം.എൽ.എ. ഫണ്ട് ഉപയോഗപ്രദമാക്കുന്നതിനുവേണ്ടി പ്രത്യേക കംപോണന്റ്സ് തിരിച്ചു നൽകേണ്ടതായിട്ടുണ്ട്. ഇക്കാരണത്താലാണ് ആസ്തി വികസന ഫണ്ടിൽ അനുവദിച്ച ഒരു കോടി രൂപ അനുവദിച്ച് നൽകാൻ സാധിക്കാതെ വന്നത്. ഇത് സംബന്ധിച്ച് ടൂറിസം വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വെള്ളിനേഴി കലാഗ്രാമവുമായി ബന്ധപ്പെട്ട് ഇപ്പോൾ നിർമ്മാണ പ്രവൃത്തികൾ നടന്നുക്കൊണ്ടിരിക്കുന്ന സാംസ്കാരിക സമുച്ചയം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുകൂടി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ.

## കൊച്ചിയിലെ വിനോദസഞ്ചാര മേഖലയുടെ വികസനം

240 (1777) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ വിനോദ സഞ്ചാര മേഖലയുടെ വികസനത്തിനും സൗന്ദര്യവൽക്കരണത്തിനുമായി കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ടൂറിസം വകുപ്പിൽ നിന്ന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച ഏതെല്ലാം പ്രവൃത്തികളാണ് കൊച്ചിയിൽ പൂർത്തിയാക്കാനുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിന് തടസ്സം എന്തെങ്കിലുമുണ്ടോയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കൊച്ചി വിനോദസഞ്ചാര മേഖലയുടെ വികസനത്തിന് വിനോദ സഞ്ചാര വകുപ്പ് 10,51,43,000 (പത്തുകോടി അൻപത്തിയൊന്ന് ലക്ഷത്തി നാല്പത്തി മൂവായിരം രൂപ) ചെലവഴിച്ചിട്ടുണ്ട്.

(ബി) പൂർത്തിയാക്കാനുള്ള പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) ഫോർട്ട് കൊച്ചിയിലെ ടൂറിസ്റ്റ് ഇൻഫർമേഷൻ ഓഫീസിന്റെ പ്രവൃത്തി പൂർത്തിയാക്കുന്നതിന് കൊച്ചിൻ കോർപ്പറേഷനിൽ നിന്നും പെർമിസീവ് സാങ്ഷൻ ലഭിച്ചിട്ടില്ല. അതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

**ആറന്മുളയിലെ ടൂറിസം പദ്ധതികൾ**

241 (1778) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറന്മുള നിയോജകമണ്ഡലത്തിൽ നിന്നും കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഏതെങ്കിലും പുതിയ ടൂറിസം പ്രോജക്ട് സമർപ്പിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം; പ്രസ്തുത പ്രോജക്ടുകൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഉത്തരം

ആറന്മുള നിയോജകമണ്ഡലത്തിൽ നിന്നും കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ലഭിച്ച പ്രോജക്ടുകൾ താഴെപ്പറയുന്നവയാണ്.

1. റൂറൽ ടൂറിസം പ്രോജക്ട് കടമ്മനിട്ട (I[st] and 2[nd] Phase)
2. റൂറൽ ടൂറിസം പ്രോജക്ട് കടമ്മനിട്ട (3[rd] Phase)
3. ശബരിമല ഇടത്താവളം
4. റിനൊവേഷൻ &ബ്യൂട്ടിഫിക്കേഷൻ ഓഫ് ഇലവുംതിട്ട മൂലൂർ സ്മാരകം
5. ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ, ആറന്മുള
6. ആറന്മുള ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് പ്രോജക്ട്
7. സുബല പാർക്ക്, പത്തനംതിട്ട

പ്രസ്തുത പ്രോജക്ടുകൾക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഡെസ്റ്റിനേഷൻ കേരള സ്കീം**

242 (1779) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായലോര ടൂറിസത്തിന്റെ ഭാഗമായി വിവിധ ടൂറിസം പദ്ധതികൾ പുരോഗമിച്ചുവരുന്ന കായംകുളത്തെ, ടൂറിസം വകുപ്പിന്റെ ഡെസ്റ്റിനേഷൻ കേരള സ്കീമിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

ബന്ധപ്പെട്ട ഡി.ടി.പി.സി.-യുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ഡെസ്റ്റിനേഷൻ കേരള സ്കീമിൽ ഉൾപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിക്കുന്നത്. കായംകുളത്തെ ടൂറിസം വകുപ്പിന്റെ ഡെസ്റ്റിനേഷൻ സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി ഡി.ടി.പി.സി.-യുടെ ശിപാർശ ലഭിച്ചിട്ടില്ല. ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**വിനോദസഞ്ചാരമേഖലയിൽ ലഭിച്ച അംഗീകാരങ്ങൾ**

243 (1780) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിൻെറ കാലത്ത് വിനോദസഞ്ചാര മേഖലയിൽ ലഭിച്ചിട്ടുള്ള അംഗീകാരങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത അംഗീകാരങ്ങൾ ലഭിച്ച പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത അംഗീകാരങ്ങൾ ലഭിച്ചത് ഏതെല്ലാം ടൂറിസം പദ്ധതികൾ നടപ്പാക്കിയതിനാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത അംഗീകാരങ്ങൾ ലഭിക്കുന്നതിന് ഭരണതലത്തിൽ കൈക്കൊണ്ട നടപടികളെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) 2011 മുതൽ 2016 വരെയുള്ള വർഷങ്ങളിൽ കേരള ടൂറിസത്തിന് ലഭിച്ച പ്രധാനപ്പെട്ട അംഗീകാരങ്ങൾ താഴെ കൊടുക്കുന്നു.

<u>2011</u>

1. മികച്ച പാരിസ്ഥിതിക ടൂറിസത്തിനുള്ള പാറ്റാ (PATA) ഗ്രാന്റ് അവാർഡ് (കുമരകം).
2. മികച്ച വെബ്സൈറ്റിനും ഐ.ടി. മേഖലയുടെ നൂതന സാങ്കേതികവിദ്യയുടെ ഉപയോഗത്തിനുമുള്ള കേന്ദ്ര സർക്കാരിന്റെ ടൂറിസം അവാർഡ്.
3. മികച്ച ഹരിത തീരത്തിനും മികച്ച ഇന്ത്യൻ സംസ്ഥാനത്തിനുമുള്ള ട്രാവൽ & ലീഷർ അവാർഡ്.

<u>2012</u>

1. മികച്ച കടൽത്തീര ടൂറിസ്റ്റ് കേന്ദ്രത്തിനുള്ള ഔട്ട് ലുക്ക് ട്രാവൽ അവാർഡ് (കോവളം).
2. മികച്ച ശൈത്യകാല ടൂറിസ്റ്റ് കേന്ദ്രത്തിനുള്ള ഔട്ട് ലുക്ക് ട്രാവൽ അവാർഡ്.
3. മികച്ച ടൂറിസം സംസ്ഥാനത്തിനുള്ള CNBC Awaza Travel Award 2012.
4. ഇന്ത്യയിലെ മികച്ച ടൂറിസം ബ്രാന്റിനുള്ള കോണ്ടെനാസ്റ്റ് ട്രാവൽ റീഡേഴ്സ് ട്രാവൽ അവാർഡ്.
5. മികച്ച വിശ്രമ ടൂറിസം കേന്ദ്രത്തിനുള്ള കോണ്ടെനാസ്റ്റ് ട്രാവൽ റീഡേഴ്സ് ട്രാവൽ അവാർഡ്.
6. മികച്ച വെബ്സൈറ്റിനുള്ള കേന്ദ്ര സർക്കാർ അവാർഡ്.

<u>2013</u>

1. മികച്ച വിശ്രമ ടൂറിസം കേന്ദ്രത്തിനുള്ള ലോൺലി പ്ലാനറ്റ്-ഇന്ത്യ ട്രാവൽ അവാർഡ്
2. സകുടുംബം യാത്ര ചെയ്യാൻ യോഗ്യമായ നല്ല ടൂറിസ്റ്റ് കേന്ദ്രത്തിനുള്ള ലോൺലി പ്ലാനറ്റ് -ഇന്ത്യാ ട്രാവൽ അവാർഡ്
3. ഇന്ത്യാ ടൂറിസത്തിന്റെ താഴെപ്പറയുന്ന നാല് ദേശീയ ടൂറിസം അവാർഡുകൾ കേരളാ ടൂറിസത്തിന് ലഭിക്കുകയുണ്ടായി

- ഏറ്റവും നല്ല സംസ്ഥാനം
- ഏറ്റവും നല്ല നൂതന ടൂറിസം ആശയത്തിനുള്ള അവാർഡ് (കൊച്ചി മുസിരിസ്, ബിനാലെ)
- ബെസ്റ്റ് സിവിക് മാനേജ്മെന്റ് അവാർഡ് (റെസ്പോൺസിബിൾ ടൂറിസം-കുമരകം പഞ്ചായത്ത്)
- ബെസ്റ്റ് ഇന്നൊവേറ്റീവ് ഐഡിയ ഇൻ ഐ.ടി.- വെബ്സൈറ്റ്

2014

1. 2014 വർഷത്തെ ഗ്രാമീണ ടൂറിസം പദ്ധതിക്കുള്ള (റെസ്പോൺ സിബിൾ ടൂറിസം-കുമരകം ഗ്രാമീണ ടൂറിസം പദ്ധതി) ഐക്യ രാഷ്ട്രസഭയുടെ (UNWTO) അവാർഡ് ലഭിച്ചു.
2. Travel Leisure South Asia Award in Best Green destination in India and Best Indian State
3. സകുടുംബം യാത്ര ചെയ്യാൻ യോഗ്യമായ നല്ല ടൂറിസ്റ്റ് കേന്ദ്രത്തിനുള്ള ലോൺലി പ്ലാനറ്റ്-ഇന്ത്യാ ട്രാവൽ അവാർഡ്.
4. Conde Nast Travel Readers Award 2014 - ഏറ്റവും നല്ല ഇന്ത്യൻ ഡെസ്റ്റിനേഷൻ- കേരള (റണ്ണർ അപ്പ്).

2015

1. പസഫിക് ഏഷ്യാ ട്രാവൽ അസോസിയേഷന്റെ (PATA) കേരളത്തിലെ മികച്ച ടൂറിസം കേന്ദ്രത്തിനുള്ള അവാർഡ് തേക്കടിക്ക് ലഭിച്ചു.
2. പസഫിക് ഏഷ്യാ ട്രാവൽ അസോസിയേഷന്റെ (PATA) ഏറ്റവും നല്ല പൈതൃകവും സാംസ്കാരികവുമായ പദ്ധതിക്ക് ഗോൾഡൻ അവാർഡ് മുസിരിസ് പൈതൃക ടൂറിസം പദ്ധതിക്ക് ലഭിച്ചു.
3. മികച്ച നൂതനമായ ഇൻഫർമേഷൻ ടെക്നോളജിക്ക് ബെസ്റ്റ് വെബ്സൈറ്റ് അവാർഡ് ലഭിച്ചു.

4. ഏറ്റവും നല്ല ഉത്തരവാദിത്ത ടൂറിസം പദ്ധതിക്ക് അവാർഡ് ലഭിച്ചു.

2016

1. ഇന്ത്യയിലെ മികച്ച വിശ്രമ ടൂറിസം കേന്ദ്രമായി കേരളത്തെ തെരഞ്ഞെടുത്തു (Runner Up).

2. വെബ് രത്ന അവാർഡ്: ഔട്ട്സ്റ്റാന്റിംഗ് കണ്ടന്റ് വിഭാഗത്തിൽ ഗോൾഡൻ ഐക്കൺ അവാർഡ് കേരള ടൂറിസത്തിന്റെ വെബ്സൈറ്റിന് ലഭിച്ചു. (www.keralatorurism.org)

3. ലോൺലി പ്ലാനറ്റ് മാഗസിൻ ഇന്ത്യയുടെ ഏറ്റവും മികച്ച ഫാമിലി ഡെസ്റ്റിനേഷനുള്ള അവാർഡ് കേരളത്തിന് ലഭിച്ചു.

(ഡി) കൃത്യമായ ആസൂത്രണവും നടത്തിപ്പും കൊണ്ടാണ് ടൂറിസം രംഗത്ത് മികച്ച പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാനായത്.

**അതിരപ്പിള്ളി മേഖലയിലെ ടൂറിസം വികസനം**

244 (1781) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി, തുമ്പൂർമുഴി എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പാർക്കിംഗ്, ടോയ്‌ലറ്റ് അടക്കമുള്ള അടിസ്ഥാന സൗകര്യങ്ങളും കൂടുതൽ വികസന പദ്ധതികളും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അതിരപ്പിള്ളി മേഖലയിലെ ടൂറിസം വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കുന്നത് എന്നറിയിക്കാമോ;

(സി) നേരത്തെ പ്രഖ്യാപിച്ചിരുന്ന 'അതിരപ്പിള്ളി- മലയാറ്റൂർ-കോടനാട്, ഭൂതത്താൻ കെട്ട് ടൂറിസം സർക്യൂട്ട്'നടപ്പിലാക്കുവാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) അതിരപ്പിള്ളി മലയാറ്റൂർ ടൂറിസം സർക്യൂട്ട് മാസ്റ്റർ പ്ലാനിൽ പാർക്കിംഗ്, ടോയ്‌ലെറ്റ് ഉടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങളുണ്ട്. ഇത് പരിശോധിച്ചുവരുന്നു.

(ബി) പദ്ധതികളെ സംബന്ധിച്ചുള്ള പഠനം നടന്നുവരുന്നതേയുള്ളൂ. പഠന റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിസ്ഥിതി സൗഹൃദ പദ്ധതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

**തിരുവനന്തപുരം ഡി.ടി.പി.സി.-യുടെ പ്രവർത്തനം**

245 (1782) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഡി.ടി.പി.സി.-യുടെ പ്രവർത്തനം തൃപ്തികരമല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സെക്രട്ടറിയുടെ ചാർജ് വഹിക്കുന്ന എ.ഡി.എമ്മിന്റെ ശ്രദ്ധക്കുറവ് സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ബാധിക്കുന്നു എന്ന പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇതും ഡി.ടി.പി.സി.-ക്ക് സെക്രട്ടറിയെ നിയമിക്കാത്തതും പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ;

(സി) ഡി.ടി.പി.സി.-ക്ക് സെക്രട്ടറിയെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ചില പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരാതി ലഭിച്ചിട്ടുണ്ട്. ഇത് പരിശോധിച്ചു വരുന്നു.

(സി) സ്വീകരിക്കുന്നതാണ്.

**വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതിയിൽപ്പെടുത്തിയ പ്രവൃത്തികൾ**

246 (1783) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ വിനോദ സഞ്ചാര വകുപ്പിന്റെ പദ്ധതിയിൽപ്പെടുത്തിയ ഏതെങ്കിലും റോഡുകളുടെ പ്രവൃത്തി പൂർത്തീകരിക്കാതെയുണ്ടോയെന്ന് അറിയിക്കാമോ; കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ മണ്ഡലത്തിൽ പ്രസ്തുത വകുപ്പിന്റെ കീഴിൽ നടന്നിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) കായംകുളം ഫിഷിംഗ് ഹാർബറിന് സമീപമുള്ള അഴീക്കൽ ബീച്ച് നവീകരിക്കുന്നതിന് വിനോദ സഞ്ചാര വകുപ്പിന് നിലവിൽ പദ്ധതിയുണ്ടോ; അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) മാതാ അമൃതാനന്ദമയി മഠത്തിലേക്ക് പോകുന്നതിനുള്ള പ്രധാന റോഡായ ചെറിയഴിക്കൽ - അഴീക്കൽ, ആയിരം തെങ്ങ് റോഡിന്റെ ഇരുവശങ്ങളും മനോഹരമാക്കുന്നതിന് വിനോദ സഞ്ചാര വകുപ്പ് പദ്ധതി തയ്യാറാക്കാമോ; പദ്ധതിയുടെ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതിയിൽ റോഡുകളുടെ പ്രവൃത്തികൾ ഉൾപ്പെടുത്തിയിരുന്നില്ല. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അനുമതി നൽകിയ വിനോദസഞ്ചാര വകുപ്പിന്റെ താഴെപ്പറയുന്ന പദ്ധതി നടന്നു വരികയാണ്. കണ്ണേറ്റി കായലിൽ ടൂറിസം അമിനിറ്റി സെന്ററും നടപ്പാതയും പവിലിയനും ബോട്ടുജെട്ടിയും നിർമ്മാണം (അനുവദിച്ച തുക ഒരു കോടി രൂപ)

(ബി) അഴീക്കൽ ബീച്ചിന്റെ നവീകരണത്തിനായി താഴെപ്പറയുന്ന പ്രവൃത്തികൾ വിനോദസഞ്ചാര വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്.

1. നടപ്പാതയും ഗ്യാലറിയും
2. പടിപ്പുര
3. ഓപ്പൺ സ്റ്റേജ്
4. കളിത്തട്ട്

(സി) ടി പ്രദേശത്തിന്റെ ടൂറിസം വികസന സാധ്യത പരിശോധിച്ച് മാത്രമേ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാനാകൂ.

**റിസോർട്ടുകൾ, ഹോംസ്റ്റേകൾ എന്നിവയിലെ സുരക്ഷ**

247 (1784) <u>ശ്രീ. കെ. എം. ഷാജി</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസോർട്ടുകളിലും ഹോംസ്റ്റേകളിലും താമസിക്കുന്നവരുടെ സുരക്ഷയുടെ കാര്യത്തിൽ ഉയർന്നിട്ടുള്ള ആശങ്കകൾ ദൂരീകരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയുടെ പ്രവർത്തനം നിരീക്ഷിക്കാൻ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) റിസോർട്ടുകൾക്ക് പ്രവർത്തനാനുമതി നൽകുന്നത് വിനോദസഞ്ചാര വകുപ്പല്ല. എന്നാൽ ഹോംസ്റ്റേകൾക്കുള്ള ക്ലാസ്സിഫിക്കേഷൻ സ്കീം വിനോദസഞ്ചാര വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. ഹോംസ്റ്റേകൾ ഉപയോഗിക്കുന്ന വിനോദ സഞ്ചാരികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള മാർഗ്ഗരേഖകൾ ഹോംസ്റ്റേ ക്ലാസ്സിഫിക്കേഷൻ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പോലീസിന്റെയും അതത് തദ്ദേശഭരണ സ്ഥാപനത്തിന്റെയും തടസവാദങ്ങളില്ലാത്തവയ്ക്ക് മാത്രമേ ഹോംസ്റ്റേയ്ക്കുള്ള അനുമതി നൽകാറുള്ളൂ.

(ബി) വിനോദസഞ്ചാര വകുപ്പ് ക്ലാസ്സിഫിക്കേഷൻ നൽകിയിട്ടുള്ള ഹോംസ്റ്റേകളിൽ വകുപ്പിന്റെ ജില്ലാ ഓഫീസുകൾ മുഖേന തുടർ നിരീക്ഷണം നടത്തിവരുന്നുണ്ട്. ക്ലാസ്സിഫൈഡ് ഹോംസ്റ്റേകളെ സംബന്ധിച്ചുള്ള പരാതികൾ പരിശോധിച്ച് ഉചിത നടപടി സ്വീകരിച്ചുവരുന്നുമുണ്ട്. സുരക്ഷ സംബന്ധിച്ച കാര്യങ്ങളിൽ പോലീസ് വകുപ്പിന് തുടർ നടപടിക്കായി വകുപ്പിൽ നിന്നും അറിയിപ്പും നൽകുന്നുണ്ട്.

**അരുവികാഴി വെള്ളച്ചാട്ടം**

248 (1785) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറന്മുള മണ്ഡലത്തിലെ തോട്ടപ്പുഴശ്ശേരി പഞ്ചായത്തിലെ അരുവികാഴി വെള്ളച്ചാട്ടം പ്രൊജക്ടിനായി ഇതിനോടകം ചെലവഴിക്കപ്പെട്ട തുക എത്രയെന്നും ഏതു ഘട്ടത്തിലെന്നും വ്യക്തമാക്കാമോ; പ്രൊജക്ടിന്റെ വിശദമായ രൂപരേഖ വകുപ്പിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

<u>ഉത്തരം</u>

ആറന്മുള മണ്ഡലത്തിലെ തോട്ടപ്പുഴശ്ശേരി പഞ്ചായത്തിലെ അരുവികാഴി വെള്ളച്ചാട്ടം പദ്ധതിക്കായി 1999, 2000 വർഷങ്ങളിൽ സർക്കാർ ആകെ 20 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി തുക പ്രസ്തുത പദ്ധതിക്കുവേണ്ടി ചെലവഴിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദമായ രൂപരേഖ വകുപ്പിൽ ലഭ്യമാണ്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

## II ശ്രദ്ധ ക്ഷണിക്കൽ

### (1) പ്രവാസികളുടെ പുനരധിവാസം

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, നമ്മുടെ രാജ്യത്തിന്റെ വരുമാനത്തിൽ സുപ്രധാന പങ്ക് വഹിക്കുന്നവരാണ് പ്രവാസികൾ, പ്രത്യേകിച്ച് ഗൾഫ് മലയാളികൾ. അവരിന്ന് വലിയ പ്രതിസന്ധി നേരിടുകയാണ്. എണ്ണയുടെ വിലത്തകർച്ചമൂലം വരുമാനത്തിലുണ്ടായ കുറവ് സ്വാഭാവികമായും പ്രവാസികളെയാണ് നേരിട്ട് ബാധിക്കുന്നത്. വലിയ തോതിലുള്ള പിരിച്ചുവിടൽ പല സ്ഥാപനങ്ങളിലും നടന്നു കൊണ്ടിരിക്കുകയാണ്. ഓയിൽ സെക്ടറിലും ഗവൺമെന്റ് സെക്ടറിലും ജോലി ചെയ്യുന്നവരെ ഖത്തർ പോലുള്ള രാജ്യങ്ങളിൽ പിരിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്; ഒരു കൂട്ടപ്പിരിച്ചുവിടൽ നടന്നിട്ടില്ലെന്ന് മാത്രമേയുള്ളൂ. എണ്ണയുടെ വിലത്തകർച്ചമൂലം പ്രവാസികൾ നാട്ടിലേക്ക് വന്നുകൊണ്ടിരിക്കുയാണ്. അതുപോലെതന്നെ സൗദി അറേബ്യപോലുള്ള രാജ്യങ്ങളിലും നിതാഖത്തുമൂലമുള്ള പിരിച്ചുവിടൽ സമീപ കാലത്ത് വ്യാപകമായിരിക്കുകയാണ്. ഗൾഫ് രാജ്യങ്ങളിൽ രണ്ട് രീതിയിലുള്ള പ്രശ്നങ്ങളുണ്ട്. ഒന്ന് അസംസ്കൃത എണ്ണയുടെ വിലത്തകർച്ചയും മറ്റൊന്ന് സ്വദേശീവൽക്കരണവുമാണ്. ഇത് രണ്ടും പ്രത്യക്ഷത്തിൽ ബാധിക്കുന്നത് കേരളീയരെയാണ്. തിരിച്ചുവരുന്നവർക്ക് പുനരധിവാസ പദ്ധതികൾ ഏർപ്പെടുത്തുക എന്നതാണ് നമ്മുടെ മുന്നിലുള്ള പ്രധാന വിഷയം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിതാഖത്തുമായി ബന്ധപ്പെട്ട് തിരിച്ചുവരുന്നവർക്ക് റീഹാബിലിറ്റേഷൻ പ്രോജക്ടുകൾ പ്രഖ്യാപിച്ചിരുന്നെങ്കിലും പ്രസ്തുത പദ്ധതികളൊന്നും ഫലവത്താക്കാൻ സാധിച്ചിട്ടില്ല. ഇത്തരത്തിൽ തിരിച്ചുവരുന്നവർക്ക് തൊഴിൽ നൽകുന്നതിനും അവരെ പുനരധിവസിപ്പിക്കുന്നതിനുമുള്ള പദ്ധതികൾക്ക് സർക്കാർ രൂപം നൽകണമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊന്ന്,പ്രവാസി മലയാളികൾക്കുവേണ്ടിയുള്ള സാന്ത്വനംപോലുള്ള പദ്ധതികൾ കാര്യക്ഷമമായും കാലോചിതമായും നടപ്പിലാക്കേണ്ടതുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആരംഭിച്ച പ്രവാസി ക്ഷേമനിധിയുടെ പ്രവർത്തനം ഫലപ്രദമായ രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ നമുക്കിതുവരെ സാധിച്ചിട്ടില്ല. അത് നല്ല രീതിയിൽ സംഘടിപ്പിക്കുന്നതിനും അതിലൂടെ നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും സാധിച്ചാൽ മാത്രമേ ക്ഷേമനിധിയിൽ പ്രവാസികൾ അംഗങ്ങളാകുകയുള്ളൂ. ഇപ്പോൾ 30 ലക്ഷത്തോളം പ്രവാസികളുണ്ടെന്നാണ്

കണക്ക്. പക്ഷേ ഈ ക്ഷേമനിധിയിൽ കഴിഞ്ഞ ഏഴ് വർഷക്കാലംകൊണ്ട് 1,40,000 പേർ മാത്രമാണ് അംഗങ്ങളായത്. കാലോചിതമായിട്ടുള്ള ആനുകൂല്യങ്ങൾ നൽകാൻ സാധിക്കാത്തതുകൊണ്ടാണ് ക്ഷേമനിധിയിൽ ആളുകൾ ചേരാത്തത്. അതുപോലെ പെൻഷൻ തുകയും വളരെ കുറവാണ്. ആയതിനാൽ പ്രസ്തുത തുകയും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം. പ്രവാസി ക്ഷേമനിധിയിൽ ചേരുന്നവർക്ക് കാലാവധി പൂർത്തിയാകുന്ന സമയത്ത് അവർ അടച്ച തുകയും അതിന്റെ ഇന്ററസ്റ്റും നൽകാൻ സാധിച്ചാൽ മാത്രമേ കൂടുതൽ ആളുകൾ ഇതിൽ ചേരുകയുള്ളൂ. അതുപോലെ അവരെ ബാധിക്കുന്ന ഒരു പ്രധാനപ്പെട്ട വിഷയമാണ് യാത്രാപ്രശ്നം. ഇക്കാര്യം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിരവധി തവണ സൂചിപ്പിച്ചിരുന്നെങ്കിലും അതിനൊരു പരിഹാരമുണ്ടാക്കാൻ ഇതുവരെ സാധിച്ചില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യങ്ങളിൽ ശ്രദ്ധയുള്ള വ്യക്തിയാണ്. അദ്ദേഹം പ്രവാസികളുമായി നിരന്തരം ബന്ധമുള്ളയാളാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നമ്മുടെ സംസ്ഥാനത്തെ ഗൗരവമായി ബാധിക്കുന്ന ഒരു പ്രശ്നമാണ് ശ്രീ. കെ. വി. അബ്ദുൾ ഖാദർ ഇവിടെ ഉന്നയിച്ചത്. ഭൂപരിഷ്കരണ നിയമം കഴിഞ്ഞാൽ സംസ്ഥാനത്തിന്റെ അഭിവൃദ്ധിയിൽ ഏറ്റവും കൂടുതൽ പങ്കുവഹിച്ചത് പ്രവാസികളുടെ സംഭാവനയാണെന്നത് വസ്തുതയാണ്. പ്രവാസികൾ വലിയതോതിൽ തിരിച്ചുവരാൻ ഇടയാകുമോയെന്ന ആശങ്കയാണ് അദ്ദേഹം ഇവിടെ പങ്കുവെച്ചിരിക്കുന്നത്. ഗൾഫ് രാജ്യങ്ങളിലെ സാമ്പത്തിക പ്രശ്നങ്ങളും ആഭ്യന്തരപ്രശ്നങ്ങളുമാണ് ഇത്തരം പ്രതിസന്ധികൾക്ക് ഇടയാകുന്നത്. ഈ പ്രതിസന്ധി അവിടെ ജോലിയെടുക്കുന്നവർക്ക് തിരിച്ച് നാട്ടിലേക്ക് വരേണ്ട സാഹചര്യം സംജാതമാക്കുന്നുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ അസംസ്കൃത എണ്ണയുടെ വില താഴേക്ക് പോകുമ്പോഴുള്ള പ്രത്യാഘാതം ചെറിയ തോതിൽ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈ പ്രത്യാഘാതം സ്വാഭാവികമായും നമ്മെ ബാധിക്കുമോ എന്നതിനെക്കുറിച്ച് നാം ആശങ്കപ്പെടേണ്ടതായിട്ടുണ്ട്. സൗദി അറേബ്യയിലെ നിതാഖത് സമ്പ്രദായംമൂലം നേരത്തെതന്നെ മലയാളികളിൽ പലർക്കും ജോലി നഷ്ടപ്പെട്ട അവസ്ഥ സംജാതമായിട്ടുണ്ട്. കൂടുതൽ വിദേശികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽനിന്നും കുറച്ച് വിദേശികളുള്ള സ്ഥാപനങ്ങളിലേക്ക് ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെടുന്നവരെ മാറ്റാൻ സാധിക്കുമോയെന്നതാണ് ഇവിടെ പരിശോധിക്കാൻ കഴിയുന്ന ഒരു രീതി. പക്ഷേ ഇത്തരം നടപടികളൊന്നും അത്രകണ്ട് പ്രായോഗികമല്ലാത്തതിനാൽ സ്വാഭാവികമായും അവർക്ക് നാട്ടിലേക്ക്

മടങ്ങിവരേണ്ടതായിവരും. അതുപോലതന്നെ ഇത്തരം പരിശോധനകൾ ആരംഭിക്കുമ്പോൾ അതിന്റെ ഭാഗമായി അധികം വരുന്ന ആളുകൾക്ക് മാത്രമല്ല നാട്ടിലേക്ക് മടങ്ങി വരേണ്ടിവരുന്നത്. മറ്റ് തരത്തിൽ ജോലി ചെയ്യുന്നവർക്കും സ്വാഭാവികമായി അവിടെനിന്ന് തിരച്ചുവരേണ്ടതായി വരും. ഇതിന്റെ ഭാഗമായി പരിശോധന നിർബന്ധിതമാകുന്ന നില സംജാതമാകും. ഇന്ത്യൻ എംബസി, അതുപോലെ തന്നെ കേരളീയരായ വിദേശ തൊഴിൽ ദാതാക്കൾ എന്നിവരുമായി ബന്ധപ്പെട്ട് ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെടുന്നവർക്ക് പകരം തൊഴിൽ ഉറപ്പുവരുത്താൻ കഴിയുമോ എന്ന ശ്രമമാണ് നമുക്ക് നടത്താൻ സാധിക്കുന്നത്. ആ ശ്രമം സംസ്ഥാന ഗവൺമെന്റ് നടത്തുക തന്നെ ചെയ്യും. എന്നാൽ ഇത് നമ്മുടെ കയ്യിൽ മാത്രം നിൽക്കുന്ന ഒരു കാര്യമല്ല. എങ്കിലും ഇക്കാര്യത്തിൽ നമുക്ക് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യാവുന്നതാണ്. തിരികെ എത്തുന്ന പ്രവാസികളെ പുനരധിവസിപ്പിക്കുന്നതിനായി ഒരു പുനരധിവാസ പാക്കേജ് നടപ്പാക്കുന്നതിന്റെ ഭാഗമായി സ്വയം തൊഴിൽ വായ്പകൾ നൽകുന്ന പദ്ധതി തയ്യാറാക്കുന്നുണ്ട്. എന്നാൽ അതിന്റെ വിവരങ്ങൾ പരിശോധിക്കുമ്പോൾ അത് എത്രത്തോളം കാര്യക്ഷമമാണെന്ന് പറയാൻ സാധിക്കില്ല. പ്രവാസികൾക്കിടയിൽ ഇതുസംബന്ധിച്ച് വലിയ തോതിലുള്ള അസംതൃപ്തി നിലനിൽക്കുന്നുണ്ട്. നോർക്ക വകുപ്പിന്റെ പ്രവർത്തനങ്ങൾക്ക് 28 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ശ്രീ. കെ. വി. അബ്ദുൾ ഖാദർ സൂചിപ്പിച്ചതുപോലെ പ്രവാസി ക്ഷേമനിധി ആനുകൂല്യങ്ങൾ കാലാനുസൃതമായി വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ട്. 30 ലക്ഷത്തോളം പ്രവാസികളുണ്ടെങ്കിലും ക്ഷേമനിധിയിൽ കഴിഞ്ഞ ഏഴ് വർഷക്കാലംകൊണ്ട് അംഗങ്ങളായ പ്രവാസികളുടെ എണ്ണം 1,40,000 മാത്രമാണെന്നും അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. ഇത്തരം ആനുകൂല്യങ്ങളുടെ കാര്യത്തിൽ മാറ്റം ഉണ്ടാകേണ്ടതായിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിക്കുകതന്നെ ചെയ്യും. കാലാനുസൃതമായി ക്ഷേമനിധി ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ ശ്രദ്ധിക്കും. ഗൾഫിൽ നിന്ന് തിരികെ വരുന്നവരെ പുനരധിവസിപ്പിക്കാൻ പുതിയ പദ്ധതികൾക്ക് രൂപം നൽകേണ്ടതായി വരും. സംസ്ഥാന സർക്കാർ അതീവ താൽപര്യത്തോടുകൂടി ഇത്തരം പദ്ധതികൾക്ക് രൂപം നൽകുന്നതായിരിക്കും. ധനകാര്യ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് വിദേശത്തുനിന്ന് മടങ്ങി വരുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി ബാക്ക് എൻഡ് സബ്സിഡി എന്നൊരു സംവിധാനം ഉണ്ടായിരുന്നു. പക്ഷേ അതിപ്പോൾ അവതാളത്തിലായിരിക്കുകയാണ്. ഈ സബ്സിഡി മുൻകൂറായി നൽകാനാകണമെന്നതാണ് സർക്കാർ നിലപാട്. അതോടൊപ്പം പ്രവാസി സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുകയും വായ്പാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതായിട്ടുണ്ട്. പ്രവാസികൾക്ക്

സംരക്ഷണം നൽകുന്നതിനുള്ള പ്രത്യേക സ്കീം ഉണ്ടാകേണ്ടതായിട്ടുണ്ട്. ഇതിനെല്ലാം സർക്കാർ മുൻഗണന നൽകും. അതോടൊപ്പം പ്രവാസികൾ നേരിടുന്ന ഒരു പ്രധാനപ്പെട്ട പ്രശ്നമാണ് നിസ്സാരമായ കേസുകളുടെ കാര്യത്തിൽ ദീർഘകാലമായി വിദേശത്ത് ജയിലിൽ കഴിയേണ്ടിവരുന്നത്. നിസ്സഹായരായ അവർക്ക് നിയമസഹായം ലഭ്യമാകാത്ത അവസ്ഥയുണ്ട്. അങ്ങനെയുള്ളവർക്ക് നിയമസഹായമുൾപ്പെടെ നൽകുന്നതിനുള്ള പദ്ധതികളും ആവിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്. അതോടൊപ്പം അദ്ദേഹം ഉന്നയിച്ച മറ്റൊരു വിഷയമാണ് യാത്രാപ്രശ്നം. എല്ലാ വിഷയങ്ങളിലും നമുക്ക് ഒരേ വികാരം തന്നെയാണുള്ളത്. യാത്രാപ്രശ്നത്തിന്റെ കാര്യത്തിൽ ഫലപ്രദമായ നടപടിയിലേക്ക് സർക്കാർ നീങ്ങുകതന്നെ ചെയ്യുമെന്നാണ് എനിക്ക് ഉറപ്പ് നൽകാനുള്ളത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അങ്ങ് വളരെ പോസിറ്റീവായി പ്രതികരിച്ചതിൽ വളരെയധികം നന്ദിയുണ്ട്. സാന്ത്വനം പോലുള്ള പദ്ധതികളിൽ നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യങ്ങൾ പരിശോധിച്ച് കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിന് സർക്കാർ തയ്യാറാകും.

## (2) ശ്രവണ സഹായ ഉപകരണങ്ങളുടെ വാറന്റി

ഡോ. എം. കെ. മുനീർ: സർ, സർക്കാരിന്റെ ഏറ്റവും ശ്രദ്ധേയമായ പദ്ധതികളിലൊന്നാണ് 'ശ്രുതി തരംഗം'. തീവ്ര ശ്രവണവൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷനിലൂടെ ശ്രവണശക്തിയും സർജറിക്കുശേഷം രണ്ടുവർഷം നീണ്ടുനിൽക്കുന്ന ഓഡിയോ വെർബൽ റീഹാബിലിറ്റേഷനിലൂടെ സംസാരശേഷിയും തിരിച്ച് നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. സർജറിക്കുശേഷം രണ്ടുവർഷം നീണ്ടു നിൽക്കുന്ന ഓഡിയോ വെർബൽ റീഹാബിലിറ്റേഷന് ഒരു ലക്ഷം രൂപയാണ് ചെലവ്. പൊതുമേഖലയിൽ ആ കാലഘട്ടത്തിൽ സർക്കാർ ആശുപത്രികളിൽ ഇങ്ങനെയുള്ള ഒരു സംവിധാനമുണ്ടായിരുന്നില്ല. പക്ഷേ ഇപ്പോൾ പാരാമെഡിക്കൽ ജീവനക്കാർക്കും ഡോക്ടർമാർക്കുമൊക്കെ പരിശീലനം നൽകി പദ്ധതി നല്ലരീതിയിൽ നടന്നുവരികയാണ്. കഴിഞ്ഞ മാർച്ച് 31 വരെ 640-ഓളം കുട്ടികൾക്ക് സർജറി നടത്താൻ സാധിച്ചു. ആദ്യം ആന്ധ്രാപ്രദേശിൽ ഇത് തുടങ്ങിയെങ്കിലും അവിടെ വിജയകരമായില്ല. ഇപ്പോൾ ആന്ധ്രാപ്രദേശ് കേരളത്തിന്റെ മാതൃക സ്വീകരിച്ചുകൊണ്ട് ആ പദ്ധതി പുനരാവിഷ്ക്കരിക്കുകയാണ്. കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണത്തിന് പ്രധാനപ്പെട്ട രണ്ട് ഭാഗങ്ങളാണുള്ളത്.

ഇന്റേണൽ ഇംപ്ലാന്റ് എന്നുപറയുന്ന സർജറി ചെയ്ത് അകത്ത് വയ്ക്കുന്ന ഇംപ്ലാന്റും ബാഹ്യ കർണ്ണത്തിൽ ഘടിപ്പിക്കുന്ന സ്പീച്ച് പ്രോസസറും. ഇന്റേണൽ ഇംപ്ലാന്റിന് 10 വർഷത്തെ വാറന്റിയുണ്ട്. പക്ഷേ സ്പീച്ച് പ്രോസസറിന് സാധാരണ കമ്പനികൾ 3 വർഷമാണ് വാറന്റി കൊടുക്കാറുള്ളതെങ്കിലും സർക്കാർ കമ്പനികളുമായി നെഗോഷിയേറ്റ് ചെയ്തതിനാൽ സംസ്ഥാനത്ത് 4 വർഷത്തെ വാറന്റി ലഭിച്ചിട്ടുണ്ട്. 2012 ആഗസ്റ്റ് മുതൽ 'ശ്രുതി തരംഗം' പദ്ധതിവഴി സർജറി ആരംഭിച്ചിട്ടുണ്ട്. ഈ കാലയളവിൽ സർജറി ചെയ്തിട്ടുള്ള അൻപതോളം കുട്ടികളുടെ സ്പീച്ച് പ്രോസസറുകളുടെ 4 വർഷത്തെ വാറന്റി 2016 ആഗസ്റ്റ്-സെപ്റ്റംബർ മാസത്തിൽ അവസാനിക്കുകയാണ്. ക്രമാനുഗതമായി മറ്റ് കുട്ടികളുടെ സ്പീച്ച് പ്രോസസറുകളുടെ വാറന്റിയും അവസാനിക്കും. 2 ലക്ഷം രൂപയാണ് സ്പീച്ച് പ്രോസസറിന്റെ തുക. അത് പാവപ്പെട്ട ജനങ്ങളെ സംബന്ധിച്ചിടത്തോളം താങ്ങാൻ പറ്റാത്തതാണ്. അമ്മമാരെ സംബന്ധിച്ചിടത്തോളം ഇത് വലിയ സന്തോഷമാണ്. ഒരിക്കലും സംസാരിക്കില്ലെന്ന് വിചാരിച്ച കുട്ടി അമ്മേ എന്ന് വിളിക്കുന്ന, നന്നായി പാടുകയും സംസാരിക്കുകയും പ്രസംഗിക്കുകയുമൊക്കെ ചെയ്യുന്നു. നിരവധി കുടുംബങ്ങളുടെ ആശ്രയമാണ് ഈ പദ്ധതി. എനിക്ക് ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത് ഈ കുടുംബങ്ങളുടെ സന്തോഷം നിലനിർത്താനായി സ്പീച്ച് പ്രോസസറുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും എക്സ്റ്റന്റഡ് വാറന്റിയോ ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റോ കോംപ്രിഹെൻസീവ് ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റോ ഏർപ്പെടുത്തി ഇതിന്റെ ചുമതല സർക്കാർതന്നെ ഏറ്റെടുക്കണമെന്നാണ്. അത്തരം നടപടികൾ സ്വീകരിക്കാൻ സാധിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ വളരെ ഉപകാരപ്രദമായിട്ടുള്ള ഒരു പദ്ധതിയാണ് 'ശ്രുതി തരംഗം'. ഡോ. എം. കെ. മുനീർ ഈ പദ്ധതി നടപ്പിലാക്കുന്നതിന് മുൻകൈ എടുത്തിട്ടുമുണ്ട്. 5 വയസ്സുവരെയുള്ള ബധിരരും മൂകരുമായ കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയും രണ്ടുവർഷം നീണ്ടു നിൽക്കുന്ന ഓഡിയോ വെർബൽ ഹാബിറ്റേഷനും നൽകി കേൾവി ശക്തിയും സംസാരശേഷിയും വീണ്ടെടുക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് 'ശ്രുതി തരംഗം' പദ്ധതി സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയുടെ ആദ്യ സർജറി 2012 ഏപ്രിൽമാസം കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളേജിലാണ് നടന്നത്. സർജറി ചെയ്ത ഇംപ്ലാന്റിന് ഇവിടെ സൂചിപ്പിച്ചതുപോലെ 10 വർഷവും സ്പീച്ച് പ്രോസസറിന് 4 വർഷവും മറ്റ്

അനുബന്ധ സ്പെയറുകൾക്ക് സ്റ്റാന്റേർഡ് വാറന്റിയായ 3 മാസം മുതൽ 3 വർഷം വരെയുമാണ് കാലാവധിയുള്ളത്. 2012-13 വർഷം സർജറി പൂർത്തീകരിച്ച കുട്ടികളുടെ സ്പീച്ച് പ്രോസസറിന്റെ കാലാവധി 2016 ഏപ്രിൽ മാസത്തിൽ അവസാനിച്ചു. പ്രസ്തുത സാഹചര്യത്തിൽ 2016 ജൂൺ ഒന്നാം തീയതി തന്നെ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി യോഗം ചേരുകയും ആദ്യഘട്ട സർജറി നടത്തിയ കുട്ടികളിൽ വച്ചുപിടിപ്പിച്ച സ്പീച്ച് പ്രോസസറുകളുടെയും അനുബന്ധ സ്പെയറുകളുടേയും വാറന്റി പീരീഡ് അവസാനിക്കുന്ന വിഷയം പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. കാലാവധി അവസാനിക്കുന്ന മുറയ്ക്ക് വാറന്റി ദീർഘിപ്പിച്ച് ലഭിക്കുന്നതിനായി ബന്ധപ്പെട്ട കമ്പനികളിൽ നിന്നും ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റ്/കോംപ്രിഹെൻസീവ് ആന്വൽ മെയിന്റനൻസ് കോൺട്രാക്റ്റ് റേറ്റുകളും നിബന്ധനകളും വാങ്ങുവാനായി തീരുമാനിക്കുകയും മേൽനടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എ.എം.സി. റേറ്റിൽപ്പെടാത്ത വിലകൂടിയ സ്പെയേഴ്സിന്റെ റേറ്റ് ഉൾക്കൊള്ളിച്ച പ്രൊപ്പോസൽ സമർപ്പിക്കുകയും അവ വാങ്ങുവാൻ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ കമ്പനികളിൽ നിന്നും റേറ്റ് കോൺട്രാക്റ്റ് വാങ്ങി ഉപകരണങ്ങളുമായി ബന്ധപ്പെട്ടുള്ള സേവനം തുടർന്നും ലഭിക്കുന്നതിനുള്ള നടപടികൾ സാമൂഹ്യസുരക്ഷാ മിഷൻ സ്വീകരിച്ചു വരുന്നുണ്ട്. 2015 ജൂൺ മാസം മുതൽ മെഡ്സൽ ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽ നിന്നുള്ള കോക്ലിയർ ഇംപ്ലാന്റാണ് ഉപയോഗിച്ചുവരുന്നത്. അതിന് മുൻപുള്ള വർഷങ്ങളിൽ കോക്ലിയർ മെഡിക്കൽ ഡിവൈസ് കമ്പനി, അഡ്വാൻസ്ഡ് ബയോണിക്സ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് എന്നീ കമ്പനികളിൽ നിന്നാണ് കോക്ലിയർ ഇംപ്ലാന്റുകൾ വാങ്ങിയിരുന്നത്. ഈ രണ്ട് കമ്പനികളും ഇംപ്ലാന്റുകൾക്ക് 10 വർഷവും സ്പീച്ച് പ്രോസസറിന് 4 വർഷവുമാണ് ഗ്യാരന്റി നൽകിയിരുന്നത്. 2016 ജൂലൈ മുതൽ കോക്ലിയർ ഇംപ്ലാന്റുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ഇ-ടെണ്ടർ നടപടി ആരംഭിച്ചുവരികയാണ്. ഒന്നാം ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള ഗ്യാരന്റിയായി 10 വർഷവും 4 വർഷവും എന്നുള്ളത് ദീർഘിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരികയാണ്. ഗ്യാരന്റി ദീർഘിപ്പിക്കുന്നതോടൊപ്പം എ.എം.സി./സി.എ.എം.സി. എന്നിവ ഉൾപ്പെടുന്ന റേറ്റുകൾക്കനുസരിച്ചുള്ള പർച്ചേസ് നടപടികൾക്കൊപ്പം നിരക്ക് കുറച്ച് കരാർ ഉറപ്പിക്കുന്നതിനും സർക്കാർ ആഗ്രഹിക്കുന്നുണ്ട്. ഇക്കാര്യങ്ങളെല്ലാം പരിശോധിച്ച് കുട്ടികൾക്ക് ഉപകാരപ്രദമായിട്ടുള്ള ഈ പദ്ധതി തുടർന്ന് നടത്തുന്നതിനും വാറന്റി പീരീഡ് അവസാനിച്ചത് പുനഃസ്ഥാപിക്കുന്നതിനുമാവശ്യമായ അടിയന്തര നടപടി സർക്കാർ സ്വീകരിക്കുകയാണ്.

ഡോ. എം. കെ. മുനീർ: സർ, വലിയ സന്തോഷമുള്ള കാര്യമാണ് 'ശ്രുതി തരംഗം' എന്ന പദ്ധതി തുടരുന്നു എന്നുള്ളത്. നെഗോസിയേഷൻ വളരെ പ്രധാനമാണ്. കാരണം ഈ പദ്ധതി തുടങ്ങുമ്പോൾ പുറത്ത് 8 ലക്ഷം, 9 ലക്ഷം രൂപ വരെ കോക്ലിയർ ഇംപ്ലാന്റിന് വിലയുണ്ടായിരുന്നു. പക്ഷേ നെഗോഷിയേറ്റ് ചെയ്ത് സംസ്ഥാനത്ത് നാലര ലക്ഷം രൂപയ്ക്ക് നമുക്കത് ചെയ്യാൻ സാധിച്ചു. ഇന്ത്യയിൽ കിട്ടുന്ന ഏറ്റവും നല്ല റേറ്റാണിത്. ഇതിന്റെകൂടെ ഓഡിയോ വെർബൽ ഹാബിറ്റേഷനാണ് ഏറ്റവും പ്രധാനമായിട്ടുള്ളത്. അതിനുള്ള കൂടുതൽ സൗകര്യങ്ങൾ മറ്റ് സർക്കാർ ആശുപത്രികളിലേക്ക് കൊണ്ടുവരുന്നതിനും മേലിൽ കേൾവി ശക്തിയില്ലാത്ത കുട്ടികൾ ജനിക്കാതിരിക്കാനുംവേണ്ടി നമ്മൾ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഫോർ ഡിസെബിലിറ്റി ഉണ്ടാക്കിയിട്ടുണ്ട്. അതുപ്രകാരം എല്ലാ ആശുപത്രികളിലും—ഗർഭാവസ്ഥയിൽതന്നെ ഇത് കണ്ടെത്തുന്നതിനും അപ്പോൾ തന്നെ കറക്ട് ചെയ്യാനുമുള്ള നടപടി ത്വരിതപ്പെടുത്തുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: തീർച്ചയായിട്ടും. ഇതിന്റെ ഓപ്പറേഷനും അതുപോലുള്ള മറ്റ് കാര്യങ്ങളും ജില്ലാ തലത്തിലുള്ള സർക്കാർ ആശുപത്രികളിലേക്കു കൂടി വ്യാപിപ്പിക്കാൻ കഴിയുമോയെന്ന് നോക്കുന്നുണ്ട്. മാത്രമല്ല ഏർലി ഡിറ്റക്ഷനാണ് ഏറ്റവും പ്രധാനപ്പെട്ട ആവശ്യകത. അതുകൊണ്ട് ജനിച്ചയുടൻതന്നെ കുട്ടികളിൽ കേൾവി വൈകല്യമുണ്ടോ എന്ന് പരിശോധിക്കാനുള്ള നടപടി ക്രമങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കൂടുതൽ ചികിത്സയും ഓപ്പറേഷനുമെല്ലാം കീഴ്ഘടകങ്ങളിലേക്കടക്കമുള്ള ആശുപത്രികളിൽ വ്യാപിപ്പിക്കണം. അതിന് ആവശ്യമായിട്ടുള്ള ഡോക്ടർമാരെ ട്രെയിൻ ചെയ്യേണ്ടതായിട്ടുവരും. അതിന് ആവശ്യമായ സംവിധാനങ്ങളും ആശുപത്രികളിൽ ഒരുക്കേണ്ടതായിവരും. എന്തായാലും ഈ ഓപ്പറേഷൻ സംബന്ധിച്ച കാര്യങ്ങൾ വികേന്ദ്രീകരിക്കാനും ജനിച്ച ഉടൻതന്നെ കേൾവി വൈകല്യം പരിശോധിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനും സർക്കാർ നടപടി സ്വീകരിക്കുകയാണ്.

## III സബ്മിഷൻ

### (1) മുഖ്യമന്ത്രിയുടെ നിയമോപദേശകൻ പ്രതിക്കുവേണ്ടി കോടതിയിൽ ഹാജരായത് സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഏറ്റവും ഗൗരവമുള്ള ഒരു കാര്യം സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. 5 കോടി രൂപയുടെ തട്ടിപ്പ് നടത്തി എന്ന പരാതിയിൽ സംസ്ഥാന ഡയറക്ടർ ജനറൽ ഓഫ്

പ്രോസിക്യൂഷൻ അഡ്വ. മഞ്ചേരി ശ്രീധരൻ നായരെ രണ്ടാം പ്രതിയാക്കി കോഴിക്കോട് ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി കേസ് എടുക്കാനുള്ള നിർദ്ദേശം നൽകിയിരിക്കുകയാണ്. അഡ്വ. മഞ്ചേരി ശ്രീധരൻ നായരെ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനായി ഈ ഗവൺമെന്റാണ് നിയോഗിച്ചത്. അഡ്വ. മഞ്ചേരി ശ്രീധരൻ നായർ ഉൾപ്പെടെ 7 പേർ ഡയറക്ടർമാരായിരുന്ന നിലമ്പൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുടെ 6 ഏക്കർ 12 സെന്റ് സ്ഥലം കമ്പനിയുടെ മറ്റ് ഡയറക്ടർമാർ അറിയാതെ ഈടുനൽകി 5 കോടി രൂപ വായ്പാത്തട്ടിപ്പ് നടത്തി എന്നുള്ളതാണ് ഇതിനകത്തെ പ്രധാനപ്പെട്ട കാര്യം. റിയൽ എസ്റ്റേറ്റ് ബിസിനസ്സിനുവേണ്ടിയാണ് ഈ തുക വായ്പയെടുത്തത്. സ്ഥലത്തിന്റെ ജപ്തി നോട്ടീസ് വന്നപ്പോഴാണ് മറ്റുള്ള ഡയറക്ടർമാർ ഇങ്ങനെയൊരു വായ്പയെടുത്തുവെന്നുള്ള വിവരം അറിയുന്നത്. മുൻ ഡി.എം.ഒ.-യും മറ്റൊരു ഡയറക്ടറുമായ ഡോ. കെ. ആർ. വാസുദേവൻ ഇതിനെതിരെ കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർക്കും കസബ പോലീസ് സ്റ്റേഷനിലും പരാതി നൽകുകയുണ്ടായി. എന്നാൽ ഒരു നടപടിയും സ്വീകരിച്ചില്ല. ഇതിനിടയിൽ ചില മദ്ധ്യസ്ഥശ്രമങ്ങൾ നടക്കുകയുണ്ടായി. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. അവിടെയും ഒരു നടപടിയും സ്വീകരിക്കാത്ത സാഹചര്യത്തിലാണ് കോഴിക്കോട് ജുഡീഷ്യൽ ഒന്നാം ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയെ അഭയം പ്രാപിക്കേണ്ട സാഹചര്യമുണ്ടായത്. സംസ്ഥാനത്ത് നടക്കുന്ന കേസുകളിൽ ലീഗൽ അഡ്വൈസ് നൽകേണ്ട പ്രധാന വ്യക്തി എന്നുപറയുന്നത് ഡി.ജി.പി. ആണ്. ഈ ഡി.ജി.പി.-യെ നിലനിർത്തികൊണ്ട് ഒരു കേസ് അന്വേഷിക്കാൻ കഴിയുമോ? പ്രതിയെ കേസന്വേഷണം ഏൽപ്പിക്കുന്നതിന് തുല്യമല്ലേ ഈ നടപടി എന്ന് ആലോചിക്കണം. ഒരു കേസ് കുഴിച്ചുമൂടുന്നതിന് തുല്യമല്ലേ ഈ നടപടി? യു.ഡി.എഫ്. സർക്കാർ അധികാരത്തിലിരുന്നപ്പോൾ കേരളത്തിൽനിന്ന് നാടുകടത്തിയ ലോട്ടറി മാഫിയയായ സാന്റിയാഗോ മാർട്ടിനുവേണ്ടി ഹാജരാകുന്നത് മുഖ്യമന്ത്രിയുടെ നിയമോപദേഷ്ടാവായ ശ്രീ. എം. കെ. ദാമോദരനാണ്. ഇങ്ങനെ പോയാൽ ജിഷാ വധകേസ്സിലെ പ്രതിയായ അൻവറിനുവേണ്ടി ശ്രീ. എം. കെ. ദാമോദരൻ ഹാജരാകുമോ എന്നുള്ളതാണ് സംശയിക്കേണ്ടത്. എന്താണ് ഇവിടെ നടക്കുന്നത്? മുഖ്യമന്ത്രിയുടെ നിയമോപദേഷ്ടാവ് ക്രിമിനൽ കേസുകളിലെ പ്രതികൾക്കുവേണ്ടി ഹാജരാകുന്നു, ഡി.ജി.പി. ക്രിമിനൽ കേസിൽ പ്രതിയായിരിക്കുന്നു. ഈ സംസ്ഥാനത്ത് സർക്കാർ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ സ്ഥിതിയെ സംബന്ധിച്ചാണ് ഞാൻ പറയുന്നത്. ഡി.ജി.പി. ഒരു കേസിൽ പ്രതിയാകുന്നത്

ആർ.ബി.ഐ. ഗവർണ്ണർ കള്ളനോട്ട് കേസിലെ പ്രതിയാകുന്നതുപോലെയല്ലേ? അത് നമ്മൾ ഗൗരവമായി ആലോചിക്കേണ്ടതാണ്. ഈ കേസ് തീരുന്നതുവരെ അഡ്വ. മഞ്ചേരി ശ്രീധരൻ നായർ എന്ന ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനെ മാറ്റിനിർത്താൻ സർക്കാർ തയ്യാറാകണമെന്നാണ് എനിക്ക് പറയാനുള്ളത്. അസാധാരണമായ ഒരു സാഹചര്യമാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ആ പദവിയിലിരിക്കാൻ യോഗ്യനല്ലെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. സർക്കാർ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ പ്രതിപക്ഷനേതാവ് ഇവിടെ പ്രസ്താവിച്ച കാര്യങ്ങളിൽ കോടതിയിൽ ഒരു കേസുണ്ട് എന്ന കാര്യം ശരിയാണ്. എന്നാൽ ആ കേസ് വരാനിടയായ സാഹചര്യം അദ്ദേഹം 'വീക്ഷണം' ദിനപ്പത്രത്തിലൂടെ മനസ്സിലാക്കിയിട്ടുണ്ടാകുമെന്ന് ഞാൻ കരുതുന്നു. നിലമ്പൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് എന്ന സ്ഥാപനത്തിന്റെ ഡയറക്ടർ ബോർഡ് അംഗമായിരുന്നു അഡ്വ. മഞ്ചേരി ശ്രീധരൻ നായർ. ഡയറക്ടർ ബോർഡ് കെ.എഫ്.സി.-യിൽനിന്ന് 5 കോടിരൂപ വായ്പയെടുക്കാൻ തീരുമാനിച്ചു. അങ്ങനെ ആ കടം ആ സ്ഥാപനം ഏറ്റെടുത്തു. കമ്പനി നിയമപ്രകാരം ചെയർമാനും ഒരു ഡയറക്ടറും അതിൽ ഒപ്പ് വയ്ക്കണം. ചെയർമാനുപുറമേ ഒപ്പ് വച്ചത് ഡയറക്ടർമാരിലൊരാളായ അഡ്വ. മഞ്ചേരി ശ്രീധരൻ നായരായിരുന്നു. ഇങ്ങനെയാണ് അഡ്വ. മഞ്ചേരി ശ്രീധരൻ നായരുടെ ബാദ്ധ്യത അങ്ങ് പറയുന്ന തരത്തിലുണ്ടായത്. ഇപ്പോൾ പണം തിരിച്ചടയ്ക്കാൻ പ്രയാസമുണ്ടായപ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങളായിരിക്കാം ഉയർന്നുവന്നിട്ടുള്ളത്. കമ്പനി അറിയാതെയാണ് ലോണെടുത്തതെന്ന് ഇപ്പോൾ പരാതി വന്നിട്ടുണ്ട്. കോഴിക്കോട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയുടെ പരിഗണനയിലാണ് ഈ പരാതി. ഈ പരാതിയെക്കുറിച്ച് മറ്റ് അഭിപ്രായങ്ങളൊക്കെയുണ്ടാകും. അതിലേക്കൊന്നും ഞാൻ ഇപ്പോൾ കടക്കുന്നില്ല. ഇതാണ് വസ്തുത. അപ്പോൾ ഏതെങ്കിലും ഒരു തട്ടിപ്പിന് അദ്ദേഹം പോയതല്ല, ഒരു സ്ഥാപനത്തിന്റെ ഡയറക്ടർ ബോർഡിലെ അംഗമായിരിക്കുമ്പോൾ ആ സ്ഥാപനത്തിനുവേണ്ടി എടുത്ത വായ്പയിൽ ചെയർമാനോടൊപ്പം ഒപ്പിട്ടു എന്നതാണ് വസ്തുത.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബോർഡിലെ മറ്റ് ഡയറക്ടർമാരാരും ഈ കേസ് അറിയുന്നില്ല. കമ്പനി തീരുമാനംതന്നെ വ്യാജമാണ്. ജപ്തി നടപടി ഉണ്ടായപ്പോഴാണ് ഡയറക്ടർ ബോർഡിലെ അംഗമായ മുൻ ഡി.എം.ഒ.

ശ്രീ. വാസുദേവൻ ഉൾപ്പെടെയുള്ളവർ കേസിന് പോയത്. അങ്ങ് അദ്ദേഹത്തെ സംരക്ഷിക്കുന്നത് ശരിയല്ല. ഇതിന്റെ വസ്തുത ബഹുമാനപ്പെട്ട മുഖ്യമന്ത്രി മനസ്സിലാക്കണം.

ശ്രീ. പിണറായി വിജയൻ: സർ, നേരത്തെ അങ്ങ് പറഞ്ഞതും ഇതുതന്നെയാണ്. അതിൽ അങ്ങ് മനസ്സിലാക്കേണ്ട കാര്യം ഒരു സ്ഥാപനത്തിന്റെ ഡയറക്ടർ ബോർഡ് വായ്പ എടുക്കാൻ തീരുമാനിക്കുന്നുവെന്നതാണ്. ഇതാണ് സംഭവിച്ചത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങനെ ഒരു യോഗം ചേർന്നതായി യാതൊരു അറിവുമില്ല.

ശ്രീ. പിണറായി വിജയൻ: സർ, തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ വായ്പ എടുക്കുമ്പോൾ ബോർഡ് ചെയർമാനുപുറമേ ഒപ്പുവച്ച ഡയറക്ടർ ബോർഡ് അംഗം അഡ്വ. മഞ്ചേരി ശ്രീധരൻ നായരായിരുന്നു. ഇതാണ് സംഭവിച്ചത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, അദ്ദേഹത്തിന്റെ പേരിൽ കേസ് എടുക്കാനാണ് കോടതി പറഞ്ഞത്.

ശ്രീ. പിണറായി വിജയൻ: സർ, അല്ല. ഇത്തരം ഒരു പരാതിയാണ് അവിടെ ഉയർന്നുവന്നിരിക്കുന്നത്. അത് കോടതിയുടെ പരിഗണനയിലാണ്......(ബഹളം)... ഉള്ള വസ്തുത പറയണ്ടേ? വസ്തുതകൾ പറയാതിരിക്കണോ? അഡ്വ. മഞ്ചേരി ശ്രീധരൻ നായർ എന്ന് പറയുന്ന, നിങ്ങൾ ആക്ഷേപിക്കാൻ തയ്യാറാകുന്നയാൾ കേരളത്തിലെ ഏറ്റവും നല്ല ക്രിമിനൽ ലായേഴ്സിൽ ഒരാളാണ്. ആ അടിസ്ഥാനത്തിലാണ് അദ്ദേഹത്തെ ഞങ്ങൾ ഡി.ജി.പി. ആയി നിയമിച്ചത്. അതുകൊണ്ട് അക്കാര്യത്തിലൊന്നും ഒരുതരത്തിലുള്ള വീഴ്ചയും ഞങ്ങൾക്ക് സംഭവിച്ചിട്ടില്ല. ഈ പറയുന്ന ആക്ഷേപത്തിന് അദ്ദേഹം വ്യക്തിപരമായി എന്തെങ്കിലും തട്ടിപ്പ് നടത്തിയെന്ന് പറയാൻ പറ്റില്ല. അത്തരം ഒരാക്ഷേപം ഇതിന്റെ ഭാഗമായി ഉന്നയിക്കുന്നത് ശരിയല്ല.

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അദ്ദേഹത്തിന്റെ പേരിൽ കേസ്സെടുക്കാൻ കോഴിക്കോട് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ഉത്തരവ് ഇട്ടിട്ടുണ്ട്.

ശ്രീ. പിണറായി വിജയൻ: സർ, അതാണല്ലോ അങ്ങ് പറഞ്ഞു കൊണ്ടിരുന്നത്. അങ്ങ് പറഞ്ഞ കാര്യത്തെക്കുറിച്ചാണ് ഞാൻ പറയുന്നത്. ഇത് കോഴിക്കോട് ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു വിഷയമാണ്. പരാതിയെക്കുറിച്ച് വ്യത്യസ്ത അഭിപ്രായങ്ങളുണ്ടാകും. ആ

അഭിപ്രായങ്ങളിലേക്ക് ഞാൻ പോയിട്ടില്ല. ശ്രീ. എം. കെ. ദാമോദരൻ മുഖ്യമന്ത്രിയുടെ ഉപദേശകനായി എന്ന് അദ്ദേഹം പറയുകയുണ്ടായി. ശ്രീ. എം. കെ. ദാമോദരൻ മുഖ്യമന്ത്രിയുടെ ഉപദേശകനായിരിക്കുന്നത് ഏതെങ്കിലും തരത്തിലുള്ള പ്രതിഫലം പറ്റികൊണ്ടല്ല, ഒരു പ്രതിഫലവും അദ്ദേഹം പറ്റുന്നില്ല. ആ നിലയ്ക്ക് അദ്ദേഹം മുഖ്യമന്ത്രിയുടെ ഉപദേശകനായിതന്നെ തുടരുകയാണ്. ഏതെങ്കിലും കേസെടുക്കുന്നതിന് അദ്ദേഹത്തിന് ഒരു തരത്തിലുള്ള വിരോധവുമില്ല. ഏത് കേസ് എടുക്കണമെന്നൊക്കെ തീരുമാനിക്കേണ്ടത് അദ്ദേഹമാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ആയിരിക്കുന്ന ഒരു വ്യക്തിക്കെതിരെ കോടതി കേസെടുക്കാൻ പറയുന്നു. അദ്ദേഹം നിയമോപദേശം നൽകാൻ ബാദ്ധ്യസ്ഥനായ വ്യക്തിയാണ്. അദ്ദേഹത്തിന് എങ്ങനെ ഈ സ്ഥാനത്ത് തുടരാൻ കഴിയും; അത് ശരിയായ നടപടിയാണോ?

ശ്രീ. പിണറായി വിജയൻ: സർ, ഏതൊരു പരാതിയും കോടതിയുടെ മുന്നിൽ വന്നാൽ അത് കോടതി പരിഗണിക്കും. ആദ്യം പരാതി വലിച്ചെറിയുകയല്ല കോടതി ചെയ്യുന്നത്. പരാതി പരിഗണിച്ചതിനുശേഷമാണ് ആ പരാതിയെ കുറിച്ചുള്ള നിലപാട് എന്താണെന്ന് കോടതി വ്യക്തമാക്കുന്നത്. ഇപ്പോൾ ഒരു പരാതി കോടതിയുടെ മുന്നിൽ വന്നുവെന്ന് മാത്രമേയുള്ളൂ. ആ പരാതി വന്ന ഉടൻതന്നെ കോടതി നിഗമനത്തിൽ എത്തുകയല്ല ചെയ്യുന്നത്. അതാണ് ഇവിടെ സംഭവിച്ചിരിക്കുന്നത്. 5 കോടി രൂപയുടെ തട്ടിപ്പ് നടത്തി എന്ന പരാതിയിൽ സംസ്ഥാന ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ അഡ്വ. മഞ്ചേരി ശ്രീധരൻ നായർക്കെതിരെ കോടതി കേസെടുത്തുവെന്നാണ് 'വീക്ഷണം' ദിനപത്രം റിപ്പോർട്ട് ചെയ്തത്. കോടതി കേസെടുത്തുവെന്ന് പറഞ്ഞാൽ കോടതിയുടെ മുന്നിൽ ഒരു പരാതി വന്നു, ആ പരാതി സ്വീകരിച്ചുവെന്നാണ്. ആ പരാതിയെക്കുറിച്ചുള്ള നിഗമനങ്ങൾ വരട്ടെ. ............(ബഹളം)............

മി. സ്പീക്കർ: നിയമകാര്യ വകുപ്പുമന്ത്രികൂടി പറയട്ടെ. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് നിയമകാര്യ വകുപ്പുമന്ത്രി പറയുന്ന അഭിപ്രായം കേൾക്കണ്ടേ? അതുകൂടി കേട്ടതിനുശേഷം അങ്ങ് സംസാരിക്കണം....പ്ലീസ്.....പ്ലീസ്................. (ബഹളം)........ഗവൺമെന്റിനുവേണ്ടി നിയമകാര്യ വകുപ്പുമന്ത്രി പറയട്ടെ....... (ബഹളം)...... മന്ത്രി എഴുന്നേറ്റ് നിൽക്കുകയാണ്. പ്രതിപക്ഷനേതാവിന് അവസരം നൽകാം. അങ്ങ് സഭയിൽ ഉന്നയിച്ച സബ്മിഷന്റെ കാര്യത്തിൽ നിയമകാര്യ വകുപ്പുമന്ത്രി പറയുന്നത് ദയവായി കേൾക്കണം. .....(ബഹളം)...... അങ്ങ് അത്

കേൾക്കാതെ സംസാരിക്കുന്നത് ശരിയാണോ?........(ബഹളം)...... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് എന്താണ് പറയാനുള്ളത്? ബഹുമാനപ്പെട്ട നിയമകാര്യ വകുപ്പുമന്ത്രി ദയവായി ഇരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ ബാലൻ): Sir, I am on a point of order.....

മി. സ്പീക്കർ: അങ്ങേക്ക് പോയിന്റ് ഓഫ് ഓർഡർ അനുവദിക്കാം. അങ്ങ് ഒരു മിനിട്ട് ഇരിക്കണം.

ശ്രീ. എ. കെ. ബാലൻ: സർ, ഞാനാണ് ആദ്യം പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിക്ക് പോയിന്റ് ഓഫ് ഓർഡർ അനുവദിക്കാം. പ്രതിക്ഷനേതാവ് ഒരു മിനിട്ട് പറയട്ടെ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് വാസ്തവ വിരുദ്ധമാണ്. ഒന്നാം ക്ലാസ്സ് മജിസ്ട്രേട്ട് കോടതി കേസെടുക്കാൻ നിർദ്ദേശിച്ചു എന്നാണ് വ്യക്തമായി പറയുന്നത്, കേസെടുക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. സംസ്ഥാനത്തെ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ഇപ്പോൾ പ്രതിയാണ്.

മി. സ്പീക്കർ: ഇനി അങ്ങ് ഇരിക്കണം. ബഹുമാനപ്പെട്ട മന്ത്രി പറയട്ടെ. ....... (ബഹളം)....... ഇത് ശരിയല്ല. അങ്ങ് പറഞ്ഞുകഴിഞ്ഞു. ഇനി മന്ത്രി പറയുന്നത് കേൾക്കണം. പ്ലീസ്....പ്ലീസ്....സാന്ദർഭികമായി ചെയറിന് ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താനുണ്ട്. അങ്ങയുടെ സബ്മിഷൻ ഞാൻ അനുവദിച്ചു. ആ സബ്മിഷന് സപ്പോർട്ടിംഗായി അങ്ങ് നൽകിയ ദിനപ്പത്രത്തിലെ ചിത്രം അഡ്വ. മഞ്ചേരി ശ്രീധരൻ നായരുടെതല്ല. അങ്ങ് പരിശോധിക്കണം. ആ ചിത്രത്തിലുള്ളത് മറ്റൊരുശ്രീധരൻനായരാണ്......(ബഹളം)....അങ്ങ് പ്രസംഗം പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പൂർത്തീകരിക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളം കണ്ട ഏറ്റവും വലിയ തട്ടിപ്പ് നടത്തിയ സാന്റിയാഗോ മാർട്ടിനുവേണ്ടി മുഖ്യമന്ത്രിയുടെ ഉപദേഷ്ടാവ് ഹാജരായതിനെ അദ്ദേഹം ന്യായീകരിക്കുകയാണ് ചെയ്യുന്നത്.

മി. സ്പീക്കർ: അങ്ങ് നൽകിയ സബ്മിഷനിൽ അത് പറഞ്ഞിട്ടില്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, അതുപോലെതന്നെയാണ് ഈ കാര്യവും.

ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ ഒരു കേസിൽ പ്രതിയാണ്. അദ്ദേഹത്തിന് എങ്ങനെ ഈ സ്ഥാനത്ത് ഇരിക്കാൻ കഴിയുമെന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വ്യക്തമാക്കണം. അങ്ങനെയുള്ള ഒരാളിനെ ഈ കേസ് തീരുന്നതുവരെ മാറ്റിനിർത്താൻ തയ്യാറാവുകയല്ലേ വേണ്ടത്. അസാധാരണമായ സംഭവമാണ് ഇവിടെ ഉണ്ടായിരിക്കുന്നത്. അദ്ദേഹം എല്ലാറ്റിനെയും ന്യായീകരിക്കുകയാണ്. ശ്രീ. എം. കെ. ദാമോദരൻ സാന്റിയാഗോ മാർട്ടിനുവേണ്ടി ഹാജരായതിനെ അദ്ദേഹം ന്യായീകരിക്കുന്നു. ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷനെതിരെ കേസ് വന്നപ്പോൾ അതിനെയും ന്യായീകരിക്കുന്നു. ഇത് ശരിയായ നടപടിയാണോ? ഈ സംസ്ഥാനത്തെ നീതി നിർവഹണത്തിനുതന്നെ വലിയ തോതിലുള്ള ആഘാതമേൽപ്പിക്കുന്ന നടപടിയാണിത്. അദ്ദേഹത്തെ മാറ്റിനിർത്താനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ അഡ്വ. മഞ്ചേരി ശ്രീധരൻ നായരുടെ പ്രശ്നമല്ല പറയുന്നത്. ഒരു കേസിലെ പ്രതിയാകുകയും ചാർജ്ഷീറ്റ് കൊടുക്കുകയും ചെയ്യുന്നു. കോടതിയുടെ മുന്നിൽ പ്രതിയായ ഒരാളെ ചീഫ് സെക്രട്ടറിയാക്കാൻ നേതൃത്വം നൽകിയ ആളാണ്. പാം ഓയിൽ കേസുമായി ബന്ധപ്പെട്ടുകൊണ്ട് ചാർജ് ഷീറ്റ് കൊടുത്ത് കോടതിയിൽ പ്രതിയായിട്ടുള്ള ആൾ.....(ബഹളം).... സ്വകാര്യ അന്യായത്തിന്റെ ഭാഗമായി ഒരു cognizance എടുക്കാൻ കോടതി പറഞ്ഞുകഴിഞ്ഞാൽ അയാളെ ഡിസ്ക്വാളിഫൈ ചെയ്യണമെന്നാണെങ്കിൽ മുൻകാല പ്രാബല്യത്തോടുകൂടി ഇവർ നിശ്ചയിച്ച ചീഫ് സെക്രട്ടറിയെയാണ് ആദ്യം മാറ്റേണ്ടിയിരുന്നത്........(ബഹളം)....... ഇവരുടെ കാലഘട്ടത്തിലുള്ള അഡ്വക്കേറ്റ് ജനറൽ...............(ബഹളം).......നൂറുകണക്കിനേക്കർ ഭൂമിയുമായി ബന്ധപ്പെട്ട് കോടതിയിലുള്ള കേസിൽ സ്വകാര്യ വ്യക്തിക്ക് അനുകൂലമായ നിയമോപദേശം കൊടുത്ത അഡ്വക്കേറ്റ് ജനറൽ ആരുടെ കാലത്താണുണ്ടായിരുന്നത്...(ബഹളം).....

മി. സ്പീക്കർ: ഒരു സബ്മിഷന് ഇത്രയും ചർച്ച അനുവദിക്കുന്നതിൽ പ്രയാസമുണ്ട്. അദ്ദേഹം നിയമകാര്യ വകുപ്പുമന്ത്രിയാണ്. അദ്ദേഹത്തിന് പറയണ്ടേ? ഉന്നയിച്ച സബ്മിഷനുമായി ബന്ധപ്പെട്ട വകുപ്പിന്റെ മന്ത്രിയാണ് അദ്ദേഹം.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയും അങ്ങ് മന്ത്രിയുമായിരുന്നപ്പോൾ കേസിൽ പ്രതിയായ ശ്രീ. പി. ജെ. തോമസിനെ ചീഫ് സെക്രട്ടറിയാക്കിയത് മറന്നുപോകരുത്. ഇങ്ങോട്ട് പറയുമ്പോൾ അങ്ങോട്ടും പറയുമെന്നറിയണം.

മി. സ്പീക്കർ: സഭയുടെ ശ്രദ്ധയിൽ അങ്ങയുടെ സബ്മിഷൻ കൊണ്ടുവന്നു, മുഖ്യമന്ത്രി അതിന് മറുപടിയും പറഞ്ഞു. ഇനി എന്താണ് അങ്ങ് ആവശ്യപ്പെടുന്നത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, നിയമകാര്യ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ എന്ത് പോയിന്റ് ഓഫ് ഓർഡറാണ് ഉന്നയിച്ചത്? ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രി ആയിരുന്നപ്പോൾ ശ്രീ. പി. ജെ. തോമസ് ചീഫ് സെക്രട്ടറിയായിരുന്നു. അതിൽ എന്ത് പോയിന്റ് ഓഫ് ഓർഡറാണുള്ളത്.

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറയുന്നതുപോലെയല്ല കാര്യം. കേസിൽ അന്യായക്കാരന്റെ തെളിവെടുപ്പ് പൂർത്തിയായിട്ടില്ല. തെളിവെടുപ്പ് പൂർത്തിയായശേഷം മാത്രമേ കേസ് വേണമോ എന്നതന്നെ കോടതി തീരുമാനിക്കുകയുള്ളൂ. ഇപ്പോൾ അങ്ങ് പറയുന്നതുപോലെ കേസിന്റെ കാര്യത്തിൽ അഡ്വ. മഞ്ചേരി ശ്രീധരൻ നായർ പ്രതിയല്ല. കാര്യം തീരുമാനിക്കാനിരിക്കുന്നതേയുള്ളൂ.

മി. സ്പീക്കർ: പ്ലീസ്..... ഇത് അവസാനിപ്പിക്കാം. പ്രതിപക്ഷനേതാവ് സബ്മിഷൻ ഉന്നയിച്ചു, മുഖ്യമന്ത്രി മറുപടി പറയുകയും ചെയ്തു. സബ്മിഷന്റെ ഭാഗമായി ചർച്ചയില്ലെന്ന കാര്യം പ്രതിപക്ഷനേതാവിന് അറിയാവുന്നതാണ്.

## (2) പട്ടയവും ഭൂനികുതി സ്വീകരിക്കലും

ശ്രീ. സി. കൃഷ്ണൻ: സർ, പയ്യന്നൂർ നിയോജകമണ്ഡലത്തിലെ 470-ഓളം കുടുംബങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന ഒരു പ്രശ്നം സഭയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ആലപ്പടമ്പ് വില്ലേജിൽ വെളിച്ചംതോട്, കരക്കാട്, കുട്ടപ്പുന്ന പ്രദേശങ്ങളിൽ 85-ഓളം കുടുംബങ്ങൾ കഴിഞ്ഞ 35 വർഷമായി 50 സെന്റ് വരെയുള്ള ഭൂമി കൈവശംവച്ച് താമസിച്ചുവരികയാണ്. ഇവരിൽ 52 കുടുംബങ്ങൾക്ക് 1995-ൽ 50 സെന്റ് ഭൂമിവീതം പ്ലോട്ട് തിരിച്ചുവച്ചിട്ടുണ്ടെങ്കിലും ഇതുവരെയും ആർക്കും പട്ടയം ലഭിച്ചിട്ടില്ല. വെളിച്ചംതോട്, കുട്ടപ്പുന്ന, കരിയാപ്പ് പ്രദേശങ്ങളിലെ 152-ഓളം കുടുംബങ്ങളിൽനിന്ന് 1994-95-നു ശേഷം ഭൂനികുതി സ്വീകരിക്കുന്നില്ല. പെരിങ്ങോം വില്ലേജിൽ മടക്കാംപൊയിൽ, ചിലക്, വണ്ണാരപ്പൊയിൽ, കരിന്തടം, പുക്കൽ, കുവപ്പൊയിൽ, കോട്ടോൽ, അരവഞ്ചാൽ എന്നിവിടങ്ങളിലെ 60-ൽപ്പരം കൈവശക്കാരിൽനിന്നും 1996 മുതൽ വില്ലേജ് അധികൃതർ നികുതി സ്വീകരിക്കുന്നില്ല. 40 വർഷമായി താമസിക്കുന്നവരുൾപ്പെടെ 40-ൽപ്പരം കുടുംബങ്ങൾക്ക് കൈവശരേഖയും അനുവദിച്ചിട്ടില്ല. എരമം വില്ലേജിൽ എരമം,

പുല്ലുപാറ, കണ്ണാപ്പള്ളിപ്പൊയിൽ പ്രദേശങ്ങളിൽ രേഖപ്രകാരം സ്ഥലം കൈവശം വച്ചിരിക്കുന്ന 200-ഓളം കുടുംബങ്ങളിൽനിന്ന് 1997-നുശേഷം നികുതി സ്വീകരിക്കുന്നില്ല. വെള്ളാറ വില്ലേജിൽ കൈവശരേഖയും പട്ടയവുമുള്ള 7 കുടുംബങ്ങളിൽനിന്നും 1984-നുശേഷം നികുതി സ്വീകരിക്കുന്നില്ല. കഴിഞ്ഞ 30 വർഷത്തിലധികമായി വെള്ളോറ, കായപ്പൊയിൽ, കടവനാട് പ്രദേശങ്ങളിൽ താമസിക്കുന്നവരിൽ ഭൂരിഭാഗവും പട്ടികജാതി പട്ടികവർഗ്ഗത്തിൽ ഉൾപ്പെട്ടവരാണ്. ഇങ്ങനെയുള്ള 123-ഓളം കുടുംബങ്ങൾക്ക് കൈവശരേഖയോ പട്ടയമോ ലഭിക്കുന്നില്ല. ഇതുൾപ്പെടെ എന്റെ മണ്ഡലത്തിലെ 470-ഓളം കുടുംബങ്ങൾ നേരിടുന്ന ഈ ഭൂപ്രശ്നത്തിൽ ഇടപെട്ട് അത് പരിഹരിക്കുകയും അർഹരായവർക്ക് കൈവശരേഖ നൽകാൻ അടിയന്തര നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിന്റെ പരിധിയിൽ ഉൾപ്പെടുന്ന പെരിങ്ങോം, പെരിന്തട്ട, ആലപ്പടമ്പ്, കാങ്കോൽ, എരമം, വെള്ളോറ, കുറ്റൂർ, പുളിങ്ങോം, രാമന്തളി, ബെള്ളൂർ, പയ്യന്നൂർ വില്ലേജുകളിലായി താമസിക്കുന്ന ചില കുടുംബങ്ങൾക്ക് പട്ടയം ലഭിക്കാത്തതും ഭൂമിയുടെ കൈവശക്കാരിൽനിന്ന് ഭൂനികുതി സ്വീകരിക്കാത്തതുമായ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. ഇവർ കഴിഞ്ഞ 25 വർഷത്തിലധികമായി മിച്ചഭൂമി കയ്യേറി താമസിച്ചവരാണ്. ഇവരിൽനിന്ന് ഭൂനികുതി സ്വീകരിക്കുവാനോ ഇവർക്ക് പട്ടയം അനുവദിക്കാനോ നിലവിൽ കേരള ഭൂപരിഷ്കരണ നിയമപ്രകാരം നിർവ്വാഹമില്ല. എങ്കിലും ഈ വിഷയം പ്രത്യേകം പരിഗണിച്ച് പ്രസ്തുത കൈവശക്കാർക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. വെള്ളോറ വില്ലേജിലെ 113 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് ഭൂമി അളന്നുതിരിച്ച് കൈവശക്കാരുടെ ഭൂമിയുടെ സ്കെച്ചും മഹസ്സറും തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നുണ്ടെന്ന് കണ്ണൂർ ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ പെരിങ്ങോം, പെരിന്തട്ട, ആലപ്പടമ്പ്, കാങ്കോൽ, എരമം, വെള്ളോറ, കുറ്റൂർ, പുളിങ്ങോം, രാമന്തളി, ബെള്ളൂർ, പയ്യന്നൂർ എന്നീ വില്ലേജുകളിൽ താമസിക്കുന്ന പട്ടയം ലഭിക്കാത്തവരുടെ വിശദവിവരങ്ങൾ അടങ്ങിയ ലിസ്റ്റ് തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട വില്ലേജ് ആഫീസർമാർക്ക് കണ്ണൂർ ജില്ലാ കളക്ടർ നിർദ്ദേശം നൽകിയതായും അറിയിച്ചിട്ടുണ്ട്.

## (3) ബാവിക്കര റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഇപ്പോൾ സംസ്ഥാനത്തിന്റെ എല്ലാ ഭാഗങ്ങളിലും മഴ ലഭിക്കുന്നുണ്ട്. കാസർഗോഡ് ജില്ലയിലും മഴ തിമർത്ത് പെയ്യുകയാണ്. എന്നാൽ ഈ സമയത്തുപോലും കാസർഗോഡ് ജില്ലയിലെ ആളുകൾ, പ്രത്യേകിച്ചും വീട്ടമ്മമാർ വിളിച്ചുപറയുന്ന ഒരു കാര്യമാണ് കുടിവെള്ള ക്ഷാമം. ഞാനിവിടെ ഉന്നയിക്കുന്ന വിഷയത്തിന്റെ ഗൗരവം എന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രിയെ ബോദ്ധ്യപ്പെടുത്തുന്നതിനുവേണ്ടിയാണ് ഇക്കാര്യം പറഞ്ഞത്. കാസർഗോഡ് ജില്ലയിൽ മൂളിയാർ ഗ്രാമപഞ്ചായത്തിൽ ചന്ദ്രഗിരിപ്പുഴയ്ക്ക് കുറുകെയുള്ള പദ്ധതിയാണ് ബാവിക്കര റെഗുലേറ്റർ-കം-ബ്രിഡ്ജ്. 1992-ലെ പ്രൊപ്പോസലാണിത്. തുടക്കത്തിൽ ഈ പ്രവൃത്തിയുടെ അടങ്കൽ തുക 98 ലക്ഷം രൂപയായിരുന്നു. കാസർഗോഡ് ജില്ലയിലെ പ്രധാനപ്പെട്ട വിവിധോദ്ദേശ്യ പദ്ധതിയാണിതെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കും അറിയാവുന്നതാണ്. കാസർഗോഡ് ജില്ലയിലെ കാസർഗോഡ് മുനിസിപ്പാലിറ്റിയിലും മൂളിയാർ, ചെങ്കള, മധൂർ, മൊഗ്രാൽ പുത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലും കുടിവെള്ളത്തിനായും പ്രസ്തുത പ്രദേശത്തെ 407 ഏക്കർ കൃഷിസ്ഥലത്തെ ജലസേചനത്തിനായും ഈ പദ്ധതി ഉപയോഗിക്കാം. 1995-ലാണ് ഈ പദ്ധതിക്കുള്ള അംഗീകാരം ലഭിച്ചത്. പിന്നീട് എസ്റ്റിമേറ്റ് തുക 258 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുകയും ചെയ്തു. രണ്ട് കരാറുകാർ ഏറ്റെടുത്തെങ്കിലും കുറച്ചുപണി ചെയ്ത് ഉപേക്ഷിച്ചുപോവുകയാണ് ചെയ്തത്. കരാറുകാർ ഓരോരുത്തരും ചെയ്ത പ്രവൃത്തികളും കൈപ്പറ്റിയ തുകയും വ്യക്തമാക്കാമോ എന്ന എന്റെ ചോദ്യത്തിന്, ആദ്യത്തെ കരാറുകാരൻ 277.42 ലക്ഷം രൂപയും രണ്ടാമത്തെ കരാറുകാരൻ 164.83 ലക്ഷം രൂപയും കൈപ്പറ്റിയെന്നാണ് സഭയിൽ അങ്ങുതന്ന മറുപടി. രണ്ട് കരാറുകാരും ഇത്രയും രൂപ കൈപ്പറ്റിയെന്നല്ലാതെ കാസർഗോഡ് ജില്ലക്കാർ കഴിഞ്ഞ 35 വർഷമായി കുടിക്കുന്നത് ഉപ്പുവെള്ളമാണ്. മഴക്കാലത്തുപോലും കുടിക്കാൻ വെള്ളം ലഭിക്കില്ലെന്നുള്ളതാണ് ഈ പ്രശ്നത്തിന്റെ ഗൗരവം. റീ-ടെണ്ടർ വിളിക്കുമ്പോൾ മൂന്നാമതൊരു കരാറുകാരൻ പണി ഏറ്റെടുക്കുമായിരിക്കും. അയാളും ഇതുപോലെ കോടിക്കണക്കിന് രൂപ കൈപ്പറ്റി ഉപേക്ഷിച്ചുപോകും. ഈ പദ്ധതി നടക്കില്ലെന്നുള്ളതിന് തെളിവുണ്ട്. ഗവൺമെന്റ് ഉത്തരവിൽ പറയുന്നത്, " The Government feel that the field unit of Irrigation Department failed to examine properly the actual site condition and the feasibility of Box type caisson cut of wells before award of balance work to the contractor and also seen lapses on the part of Officers in Planning, investigation and

execution of the scheme which was taken up in 1995. Therefore it is found necessary to conduct a departmental enquiry in this case to find out whether there were any lapses on the part of the officials in the planning, designing and execution of work എന്നാണ്. ഈ പദ്ധതി തുടങ്ങുമ്പോൾതന്നെ ചില അപാകതകൾ സംഭവിച്ചിട്ടുണ്ടെന്ന് ഇതിൽനിന്നും വ്യക്തമാണ്. മൂന്നാമതൊരു കരാറുകാരനെ ഏൽപ്പിച്ചാലും പദ്ധതി നടപ്പിലാകാൻ പോകുന്നില്ല. കോടിക്കണക്കിന് രൂപയാണ് ഇതുവരെ പാഴാക്കിയത്. അതുകൊണ്ട്, ബാവിക്കര റെഗുലേറ്റർ-കം-ബ്രിഡ്ജ് ഇപ്പോഴത്തെ സൈറ്റിൽ പൂർത്തീകരിക്കാൻ കഴിയുമോ ഇല്ലയോ എന്നുള്ള കാര്യം ബഹുമാനപ്പെട്ട മന്ത്രി വിദഗ്ദ്ധമായ ഒരു സംഘത്തെക്കൊണ്ട് പരിശോധിപ്പിക്കണം. വ്യക്തമായ നിലപാട് ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടതുണ്ട്. കോടിക്കണക്കിന് രൂപ കരാറുകാർക്ക് നൽകുന്നതല്ലാതെ കുടിവെള്ളം ലഭിക്കുന്നില്ലെന്ന് മാത്രമല്ല, ജനപ്രതിനിധികളും പൊതുപ്രവർത്തകരും സർക്കാരും പഴി കേൾക്കേണ്ടിവരികയും ചെയ്യുന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ വ്യക്തമായ നിലപാട് ഉണ്ടാകണം; പരിശോധിക്കാം എന്നുള്ള മറുപടി നൽകരുതെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞതനുസരിച്ച് ബാവിക്കര റെഗുലേറ്റർ-കം-ബ്രിഡ്ജിന് ആദ്യം ഭരണാനുമതി ലഭിച്ചത് 1995-ലാണ്. എന്റെ കയ്യിലുള്ള റിക്കോർഡനുസരിച്ച് 2005-ലാണ് നിർമ്മാണം തുടങ്ങിയത്. കാസർഗോഡ് നഗരസഭയിലും മൂളിയാർ, ചെങ്കള, മധൂർ, മൊഗ്രാൽ പുത്തൂർ എന്നീ ഗ്രാമപഞ്ചായത്തുകൾക്കും ശുദ്ധജല വിതരണത്തിന് വെള്ളം സംഭരിക്കുക, പയസ്വിനി, കരിച്ചേരി നദികളുടെ തീരങ്ങളിലെ 407 ഹെക്ടർ സ്ഥലത്ത് ജലസേചനം ഒരുക്കുക, ചന്ദ്രഗിരിപ്പുഴയിൽ ഉപ്പുവെള്ളം കയറുന്നത് തടയുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യങ്ങൾ. 2005-ൽ ആരംഭിച്ച പ്രവൃത്തി പുരോഗമിക്കുമ്പോൾ സൈറ്റിൽവന്ന വ്യതിയാനങ്ങൾക്കനുസരിച്ച് ആദ്യകരാറുകാരൻ അധികനിരക്ക് ആവശ്യപ്പെട്ടപ്പോൾ പ്രസ്തുത കരാർ റദ്ദാക്കി. ബാക്കി പ്രവൃത്തി ഏറ്റെടുത്ത രണ്ടാമത്തെ കരാറുകാരൻ പണി തുടർന്നുവന്നപ്പോൾ റെഗുലേറ്റർ വരുന്ന പൊഴിയുടെ അടിഭാഗം ഒലിച്ചുപോയതായി ശ്രദ്ധയിൽപ്പെട്ടു. ഇതുകാരണം ഡിസൈനിൽ മാറ്റംവരുത്തുകയും എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടി വരികയും ചെയ്തു. ഒറിജിനൽ എഗ്രിമെന്റ് ഷെഡ്യൂളിലില്ലാത്ത സപ്ലിമെന്ററി എഗ്രിമെന്റ് വയ്ക്കാൻ രണ്ടാമത്തെ കരാറുകാരൻ തയ്യാറാകാത്തതുകൊണ്ട് അദ്ദേഹത്തെ ഒഴിവാക്കേണ്ടിവന്നു. ഇതാണ് പ്രധാനമായും ഉണ്ടായ തടസ്സങ്ങൾ. ഇപ്പോൾ ബഹുമാനപ്പെട്ട എം.എൽ.എ. സൂചിപ്പിച്ചതുപോലെ, അടിത്തട്ട് ക്രമാതീതമായി

താഴ്ന്നതുമൂലം നിലവിലുള്ള സൈറ്റ് കണ്ടീഷൻ അനുസരിച്ച് നൂതന സാങ്കേതികവിദ്യ ഉപയോഗിച്ച് പരിഹരിക്കാൻ കഴിയുമോയെന്നും ബഡ്ലെവൽ ക്രമാതീതമായി താഴ്ന്നതുകാരണം കട്ട് ഓഫ് ചെയ്യാനുള്ള പ്രായോഗിക ബുദ്ധിമുട്ട് കണക്കിലെടുത്തുകൊണ്ട് പുതിയ ലോക്കേഷനിൽ റെഗുലേറ്റർ പണിയുന്നതാണോ അഭികാമ്യമെന്നും പരിശോധിച്ചുവരികയാണ്.

## (4) ജലവിതരണത്തിലെ തടസ്സം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കോട്ടയം പട്ടണത്തിലെ കുടിവെള്ള പ്രശ്നം രൂക്ഷമായിരിക്കുകയാണ്. വെള്ളമില്ലാത്ത പ്രശ്നമല്ല, നിരന്തരമായി പൈപ്പ് പൊട്ടുകയാണ്. അങ്ങനെ വരുന്നതുകൊണ്ട് ഒരു പട്ടണം മുഴുവൻ നിവൃത്തിയില്ലാത്ത സാഹചര്യത്തിലേക്ക് പോകുകയാണ്. അതുകൊണ്ട് ഇപ്പോൾ കരാർ നൽകിയ പണികൾ അടിയന്തരമായി തീർക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയും പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തുകയും വേണം. ഇപ്പോൾത്തന്നെ അതിന്റെ കരാറുകാരൻ പണി പകുതിയാക്കി നിർത്തിയിരിക്കുകയാണ്. അദ്ദേഹം കോടതിയിൽ ഒരു കേസും കൊടുത്തു. ഏതായാലും ഗവൺമെന്റിന്റെ സത്വരമായ ഇടപെടലുണ്ടായി പ്രസ്തുത പ്രശ്നത്തിന് പരിഹാരമുണ്ടാക്കണം. രണ്ടാമത്തെ പ്രശ്നം, അവിടെ വിജയപുരം കുടിവെള്ള പദ്ധതിയുണ്ട്. വിജയപുരം കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ഭാഗികമായിട്ടുപോലും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. അടിയന്തരമായി വിജയപുരം കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുവേണ്ട നടപടി എടുക്കണം. ഈ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ ചെയ്തുവെങ്കിൽമാത്രമെ അവിടെ കുടിവെള്ള വിതരണം റഗുലറാക്കാൻ സാധിക്കുകയുള്ളൂ. മൂന്നാമത്തെ പ്രശ്നം, പൊട്ടിക്കൊണ്ടിരിക്കുന്ന പൈപ്പുകളാണ്. ക്വാളിറ്റി വളരെ മോശമായതു കൊണ്ടാണ് പൈപ്പുകൾ പൊട്ടുന്നതെന്നാണ് വിദഗ്ദ്ധർ പറയുന്നത്. അത് മനസ്സിലാക്കി മോശമായ പൈപ്പുകൾ മാറ്റുന്നതിനുവേണ്ട നടപടികളുണ്ടാകണം. ഈ മൂന്നുകാര്യങ്ങളും അടിയന്തര പ്രാധാന്യത്തോടുകൂടി ചെയ്യണമെന്നഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, കോട്ടയം നഗരത്തിലെ 30 കൊല്ലം പഴക്കമുള്ള പൈപ്പുകളിൽ ഭൂരിഭാഗവും എ.സി. പൈപ്പുകളാണ്. അവ പൊട്ടുന്നതുമൂലം ഉപഭോക്താക്കൾക്ക് വെള്ളം നൽകാൻ കഴിയുന്നില്ലെന്ന് മാത്രമല്ല വലിയ തോതിൽ ജലനഷ്ടം ഉണ്ടാകുകയും ചെയ്യുന്നുണ്ട്. ആയതിനാൽ എ.സി. പൈപ്പുകൾ മാറ്റി ഡെക്ടൈൽ അയൺ (ഡി.ഐ.) പൈപ്പുകൾ ഘട്ടംഘട്ടമായി സ്ഥാപിച്ചുവരികയാണ്. പേരൂർ ട്രീറ്റ്മെന്റ് പ്ലാന്റിൽ

നിന്ന് കോട്ടയം ഓഫീസ് ജലസംഭരണിവരെ ഇപ്പോഴുള്ള 600 m.m എ.സി. പൈപ്പുകൾ മാറ്റി 1000 m.m ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തി അന്തിമഘട്ടത്തിലാണ്. വിജയപുരം പദ്ധതി എന്ന് ബഹുമാനപ്പെട്ട അംഗം ഉദ്ദേശിച്ചത് വിപുലീകരണ പദ്ധതിയാണെന്ന് എനിക്ക് തോന്നുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വിജയപുരം പദ്ധതി പുതിയ പദ്ധതിയാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, അത് പ്രത്യേകമായി എഴുതിത്തന്നാൽ പരിശോധിച്ച് മറുപടി പറയാം. വിജയപുരം പദ്ധതിയെക്കുറിച്ച് ഞാൻ കൃത്യമായി മനസ്സിലാക്കിയിട്ടില്ല. വിപുലീകരണ പദ്ധതി കോട്ടയം ജില്ലയെ സംബന്ധിച്ചുണ്ട്. കോട്ടയം ജലവിതരണ പദ്ധതി വിപുലീകരിക്കുന്നതിന്റെ ഭാഗമായി എ.സി. പൈപ്പുകൾക്കുപകരം ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്നതുൾപ്പെടെയുള്ള ഒരു പദ്ധതി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. കോട്ടയം നഗരത്തിലും സമീപ പഞ്ചായത്തുകളിലും എ.സി. പൈപ്പുകൾ മാറ്റുന്നതിന് 27.64 കോടി രൂപ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ ഈ പൈപ്പുകൾ പൊട്ടുന്നത് യഥാസമയം നന്നാക്കുന്നതിനും ലീക്കുണ്ടാകുന്നത് ശരിയാക്കുന്നതിനും വേണ്ടി ബ്ലൂ ബ്രിഗേഡ് സംവിധാനവും പ്രവർത്തിച്ചുവരുന്നുണ്ട്. അങ്ങുദ്ദേശിച്ച വിജയപുരം പദ്ധതിയുടെ വിശദാംശങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## (5) കാർഷികാവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ

ശ്രീ. റോഷി അഗസ്റ്റിൻ: സർ, കാർഷികാവശ്യത്തിനുവേണ്ടി കർഷകർ എടുത്തിട്ടുള്ള ത്രീ ഫേസ് കണക്ഷൻ വൈദ്യുതി നിരക്കിൽ വൻ വർദ്ധനയാണ് ഉണ്ടായിട്ടുള്ളത്. പഴം, പച്ചക്കറികൾ, പയർ വർഗ്ഗങ്ങൾ, ഖാരിഫ് വിളകൾ എന്നിവയുടെ കൃഷിക്കുപുറമെ നാണ്യവിളകൾക്കാവശ്യമായ ജലസേചനത്തിനും എൽ.റ്റി. ഫേസ് സ്കീമിൽപ്പെടുത്തി കർഷകർക്ക് സബ്സിഡി നൽകിയിരുന്നു. എന്നാൽ ഏലം, കാപ്പി, റബ്ബർ, കുരുമുളക്, തെങ്ങ് തുടങ്ങിയ കൃഷികൾക്ക് നൽകുന്ന വൈദ്യുതി ഒരു താരിഫിലും ഉൾപ്പെടുത്താത്തതിനാൽ ഇത്തരം കൃഷികൾക്കാവശ്യമായ ജലസേചനത്തിനായി എടുത്തിട്ടുള്ള വൈദ്യുതി എൽ.റ്റി. IV താരിഫിലാണ് കണക്കാക്കുന്നത്. തന്മൂലം യൂണിറ്റിന് 5.20 രൂപയാണ് കർഷകർ അടയ്ക്കേണ്ടി വരുന്നത്. ഇപ്രകാരമുള്ള ഭീമമായ വൈദ്യുതി നിരക്ക് ചെറുകിട കർഷകർക്ക് താങ്ങാനാകാത്തതിനാൽ ഇടുക്കി ജില്ലയിലെ നിരവധി കർഷകരുടെ വൈദ്യുതി

കണക്ഷനുകൾ വിച്ഛേദിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്. സംസ്ഥാന സർക്കാരിന്റെ 2016-17 ബഡ്ജറ്റ് പ്രസംഗത്തിൽ 5 ഹെക്ടറിൽ താഴെയുള്ള നാണ്യവിളകൾ ഒഴികെയുള്ള കാർഷികവിളകൾക്ക് നിലവിൽ വൈദ്യുതി സബ്സിഡി നൽകുമെന്നും ഈ സൗജന്യം നാണ്യവിളകൾക്കുകൂടി ലഭ്യമാക്കുമെന്നും പറഞ്ഞിട്ടുണ്ട്. ഏലം ഉൾപ്പെടെ 5 ഹെക്ടറിൽ കൂടുതൽ കൃഷി ചെയ്യുന്നവരുടെ വൈദ്യുതി ചാർജ് കുറയ്ക്കുവാനായി ആ വിഭാഗത്തിന്റെ താരിഫ് പിൻവലിക്കുമെന്നും ഇതുവഴി പ്രതിവർഷമുണ്ടാകുന്ന 30 കോടി രൂപയുടെ അധികബാധ്യത ഏറ്റെടുക്കാൻ കെ.എസ്.ഇ.ബി. ലിമിറ്റഡിന് സർക്കാർ സാമ്പത്തിക സഹായം നൽകുമെന്നും പ്രഖ്യാപിച്ചിരുന്നു. ഇതേത്തുടർന്ന് കാർഷികവിളകളുടെ ജലസേചനത്തിനായി കർഷകർ എടുത്തിട്ടുള്ള വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നത് ഒഴിവാക്കുന്നതിനും വിലത്തകർച്ചയും കാലാവസ്ഥാ വ്യതിയാനവുംമൂലം കഷ്ടപ്പെടുന്ന കർഷകർക്ക് ആശ്വാസകരമാകുന്നതിനായി എൽ.റ്റി. IV കണക്ഷന് നൽകുന്ന സബ്സിഡി സർക്കാർ കെ.എസ്.ഇ.ബി. ലിമിറ്റഡിന് നേരിട്ട് കൈമാറുന്നതിനും വൈദ്യുതി നിരക്കിലുള്ള ഇളവ് വൈദ്യുതി ബില്ലിൽത്തന്നെ ലഭിക്കത്തക്ക രീതിയിൽ നടപടി സ്വീകരിക്കണമെന്നുമാണ് എന്റെ സബ്മിഷൻ.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, സംസ്ഥാനത്ത് വൈദ്യുതി നിരക്കുകൾ നിശ്ചയിക്കുന്നതിനുള്ള അധികാരം വൈദ്യുതി നിയമം 2003-ലെ 62, 64, 86 എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. 14-8-2014-ലെ താരിഫ് പരിഷ്കരണ ഉത്തരവുപ്രകാരം എല്ലാ വിഭാഗം ഉപഭോക്താക്കളുടെയും കാർഷിക ആവശ്യത്തിന് ഉൾപ്പെടെയുള്ള വൈദ്യുതി നിരക്ക് പരിഷ്കരിച്ചിരുന്നു. പരിഷ്കരിച്ച നിരക്കുകൾ 16-8-2014 മുതൽതന്നെ പ്രാബല്യത്തിൽ വന്നിട്ടുമുണ്ട്. 14-8-2014-ലെ താരിഫ് പരിഷ്കരണ ഉത്തരവുപ്രകാരം ഭക്ഷ്യവിളകളായ ധാന്യങ്ങൾ, പയറു വർഗ്ഗങ്ങൾ, പച്ചക്കറികൾ, പഴങ്ങൾ മുതലായവയുടെ കൃഷിക്കാവശ്യമായ വൈദ്യുതി എൽ.റ്റി. V എ കാർഷിക താരിഫിലും കോഴി, പട്ടുനൂൽപ്പുഴു, മുയൽ, കന്നുകാലി, പന്നിവളർത്തൽ കേന്ദ്രങ്ങൾ, ചെമ്മീൻ കൃഷി, അലങ്കാര മത്സ്യമുൾപ്പെടെയുള്ള മത്സ്യവളർത്തൽ കേന്ദ്രങ്ങൾ, അഗ്രികൾച്ചറൽ നഴ്സറികൾ, കൂൺ കൃഷി, പുഷ്പ കൃഷി, ടിഷ്യൂ കൾച്ചർ, അക്വാകൾച്ചർ എന്നിവയ്ക്കുള്ള വൈദ്യുതി എൽ.റ്റി V ബി കാർഷിക താരിഫിലുമാണ് നൽകിവരുന്നത്. 16-08-2014 മുതൽ എൽ.റ്റി. V എ കാർഷിക വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കളുടെ എനർജി ചാർജ് യൂണിറ്റിന് 2 രൂപയും ഫിക്സഡ് ചാർജ്ജ് പ്രതിമാസം 8 രൂപയുമാണ്. നിലവിൽ മേൽപ്പറഞ്ഞ

വിഭാഗത്തിലുള്ള കാർഷിക ഉപഭോക്താക്കൾക്ക് ഗവൺമെന്റ് 85 പൈസ നിരക്കിൽ സബ്സിഡി നൽകി വരുന്നതിനാൽ 115 പൈസ നിരക്കിൽ ഇവർ വൈദ്യുതി ചാർജ് നൽകിയാൽ മതിയാകും. എൽ.റ്റി. V ബി താരിഫ് വിഭാഗത്തിൽപ്പെടുന്ന ഉപഭോക്താക്കൾക്ക് എനർജി ചാർജിനത്തിൽ യൂണിറ്റ് ഒന്നിന് 2.50 രൂപയും ഫിക്സഡ് ചാർജ്ജ് പ്രതിമാസം ഒരു കിലോ വാട്ടിന് 8 രൂപയുമാകുന്നു. എന്നാൽ നാണ്യവിളകളുടെ കൃഷിക്കാവശ്യമായ വൈദ്യുതിക്ക് 14-8-2014 വരെ ഒരു പ്രത്യേക താരിഫ് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചുനൽകാത്തതിനാൽ ഭക്ഷ്യവിളകളുടെ താരിഫായ എൽ.റ്റി. V എ തന്നെ നൽകിവന്നിരുന്നു. എന്നാൽ എച്ച്.റ്റി. വിഭാഗത്തിൽപ്പെടുന്ന നാണ്യവിളത്തോട്ടങ്ങളെ 1983 മുതൽ തന്നെ എച്ച്.റ്റി.1 വ്യാവസായിക വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് ബിൽ ചെയ്തുവന്നിരുന്നത്. 14-8-2014-ലെ താരിഫ് പരിഷ്കരണ ഉത്തരവോടുകൂടി നാണ്യവിള കൃഷിക്കുള്ള വൈദ്യുതിയുടെ താരിഫ് വ്യാവസായിക താരിഫ് കാറ്റഗറിയിൽ ഉൾപ്പെടുത്തിയതിനാൽ എൽ.റ്റി. IV എ യൂണിറ്റ് ഒന്നിന് 5.20 രൂപ ക്രമത്തിൽ എനർജി ചാർജും 10 കിലോവാട്ട് വരെ കണക്ടഡ് ലോഡുള്ള ഉപഭോക്താക്കളിൽനിന്ന് പ്രതിമാസം 100 രൂപ ഫിക്സഡ് ചാർജ്ജും 10 കിലോവാട്ടിനുമുകളിൽ കണക്ടഡ് ലോഡുള്ള ഉപഭോക്താക്കളിൽനിന്ന് പ്രതിമാസം കിലോവാട്ടിന് 60 രൂപ ക്രമത്തിൽ ഫിക്സഡ് ചാർജും ഈടാക്കി വരുന്നുണ്ട്. എന്നാൽ കേരകർഷകർക്ക് എൽ.റ്റി V എ-യിൽത്തന്നെയാണ് വൈദ്യുതി നൽകിവരുന്നത്. നാണ്യവിള കൃഷിക്ക് ജലത്തിന്റെ ആവശ്യകത വളരെ കുറവുമാത്രം മതിയെന്നും യന്ത്രവൽകൃത കൃഷിരീതികൾ കൂടുതൽ അവലംബിക്കാത്തതിനാലും വൈദ്യുതിയുടെ ആവശ്യകത വളരെ കുറച്ചുമാത്രം മതിയാകുമെന്നും വിലയിരുത്തിയാണ് നാണ്യവിളകൾക്ക് വ്യാവസായിക താരിഫിന്റെ നിരക്കിൽ വൈദ്യുതി നൽകിയാൽ മതിയെന്ന് സംസ്ഥാന റഗുലേറ്ററി കമ്മീഷൻ ഉത്തരവിറക്കിയത്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബുദ്ധിമുട്ടിലായ ചെറുകിട കർഷകരെ സഹായിക്കുന്നതിന് നാണ്യവിളകൾ, ഭക്ഷ്യവിളകളോടൊപ്പം ഇടവിളയായി കൃഷി ചെയ്യുന്ന സന്ദർഭങ്ങളിൽ ഭക്ഷ്യവിളകൾ നാണ്യവിളകളേക്കാൾ കൂടുതൽ അളവിൽ കൃഷി ചെയ്തിട്ടുണ്ടെങ്കിൽ അത്തരം കർഷകർക്ക് കുറഞ്ഞ താരിഫായ എൽ.റ്റി. V എ താരിഫ് നൽകാനുള്ള ഉത്തരവ് 4-6-2015-ൽ പുറപ്പെടുവിക്കുകയും ആയതിന് സംസ്ഥാന റെഗുലേറ്ററി കമ്മീഷന്റെ അനുമതി 4-2-2016-ൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 4-2-2016-ലെ ഉത്തരവുപ്രകാരം കാപ്പി കർഷകർക്കുകൂടി ഭക്ഷ്യവിളകൾക്കുള്ള താരിഫ് പ്രകാരം വൈദ്യുതി നൽകി വരുന്നുണ്ട്. 4.75 ലക്ഷം വരുന്ന മൊത്തം കാർഷിക ഉപഭോക്താക്കളിൽ

പതിനായിരത്തിൽ താഴെ ഉപഭോക്താക്കൾ മാത്രമെ നാണ്യവിള കൃഷി ചെയ്യുന്നവരായുള്ളൂ. ഇതിൽതന്നെ ഏറിയപങ്കും ഇടുക്കി, വയനാട് ജില്ലകളിൽപ്പെട്ടവരാണ്. തൊടുപുഴ സർക്കിളിന് കീഴിൽത്തന്നെ 7500-ഓളം ഉപഭോക്താക്കൾ ഏലം കർഷകരാണ്. നാണ്യവിള ഉപഭോക്താക്കളുടെ താരിഫ് എൽ.റ്റി IV എ - യിലേക്ക് മാറ്റിയതിനുശേഷം കൃഷിഭവൻമുഖേന ഇവരുടെ വൈദ്യുതി ചാർജ് ഒടുക്കുന്നതായി കാണുന്നില്ല. അതാണിപ്പോൾ പ്രശ്നമായിരിക്കുന്നത്. ആയതിനാൽ ഇവരുടെ വൈദ്യുതബന്ധം വിച്ഛേദിക്കേണ്ടതായിട്ടുള്ള സ്ഥിതിവിശേഷം സംജാതമായിരിക്കുകയാണ്. വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ചുനൽകുന്ന നിരക്കുകളിന്മേൽ ഇളവുകൾ അനുവദിക്കുന്നതിന് വിതരണ ലൈസൻസിയായ കെ.എസ്.ഇ.ബി. ലിമിറ്റഡിന് നിയമപ്രകാരം അധികാരമില്ല. എന്നാൽ 2003-ലെ കേന്ദ്ര വൈദ്യുതി നിയമം 65-ാം വകുപ്പനുസരിച്ച് ഏതൊരു വിഭാഗത്തിലെ വൈദ്യുതി ഉപഭോക്താവിനും സബ്സിഡി അനുവദിക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിക്കുന്നപക്ഷം അത്തരം സബ്സിഡി മുൻകൂറായി വൈദ്യുതി വിതരണ ലൈസൻസിക്ക് ലഭ്യമാക്കാനും അങ്ങനെ വിവിധ ഉപഭോക്താക്കൾക്ക് നിലവിലുള്ള നിരക്കിൽ ഇളവുകൾ അനുവദിച്ചുകൊണ്ട് വൈദ്യുതി ചാർജ് ഈടാക്കാനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പക്ഷെ അങ്ങിവിടെ ചൂണ്ടിക്കാണിച്ച 2016-17-ലെ ബഡ്ജറ്റ് ഞാൻ പരിശോധിച്ചു. അതിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിൽ നാണ്യവിള കൃഷിക്കാർക്ക് താരിഫ് ഇളവ് അനുവദിക്കാൻ കെ.എസ്.ഇ.ബി.-ക്ക് 30 കോടി രൂപ സഹായം നൽകുമെന്ന് പറഞ്ഞിട്ടുള്ളതല്ലാതെ ബഡ്ജറ്റിന്റെ ഉള്ളടക്കത്തിൽ അപ്രകാരം തുക വകയിരുത്തിയതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ഇപ്പോൾ നിരക്കിളവ് അനുവദിക്കാൻ സാധിക്കില്ലായെന്ന കാര്യമാണ് സഭയെ അറിയിക്കാനുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

**(6) കുടിവെള്ള പദ്ധതി**

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, പാലക്കാട് നിയോജക മണ്ഡലത്തിൽ ഏകദേശം നാൽപ്പത്തയ്യായിരത്തോളം ആളുകൾ താമസിക്കുന്ന പിരായിരി പഞ്ചായത്ത്, ഇരുപത്തയ്യായിരത്തോളം ആളുകൾ താമസിക്കുന്ന മാത്തൂർ പഞ്ചായത്ത് എന്നിവിടങ്ങളിൽ യഥാക്രമം 21 വാർഡും 17 വാർഡുകളുമാണുള്ളത്. ഈ രണ്ട് പഞ്ചായത്തുകളിലും സമഗ്ര കുടിവെള്ള പദ്ധതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിക്കുകയും എസ്റ്റിമേറ്റ്,

പ്ലാൻ, ഡിസൈൻ, ഡി.പി.ആർ. തുടങ്ങിയവ തയ്യാറാക്കി വാട്ടർ അതോറിറ്റിവഴി സർക്കാരിലേക്കെത്തിക്കുകയും ചെയ്തു. നബാർഡിന്റെ പരിഗണനയിലേക്ക് പ്രസ്തുത പദ്ധതി സമർപ്പിക്കുന്നുവെന്നാണ് ഇലക്ഷൻ സമയത്ത് അറിയാൻ കഴിഞ്ഞത്. കഴിഞ്ഞ തെരഞ്ഞെടുപ്പ് സമയത്ത് പാലക്കാട് 42 ഡിഗ്രിയിലധികം ചൂട് അനുഭവപ്പെടുകയും കുടിവെള്ളത്തിന് വലിയ പ്രയാസമുണ്ടാവുകയും ചെയ്ത സാഹചര്യമുണ്ടായി. എം.എൽ.എ. ഫണ്ടിൽനിന്നും മറ്റും അനുവദിച്ച ചെറുകിട കുടിവെള്ള പദ്ധതികൊണ്ട് അവിടുത്തെ ഭൂരിഭാഗം ജനങ്ങളുടെയും കുടിവെള്ളാവശ്യം നിർവ്വഹിക്കാൻ സാധിക്കുന്നില്ല. ആയതിനാൽ അവിടെയൊരു സമഗ്ര കുടിവെള്ള പദ്ധതി അനിവാര്യമാണ്. പാലക്കാടിന്റെ പ്രകൃതി പ്രത്യേകതകൾകൂടി പരിഗണിച്ച് അത്തരമൊരു പദ്ധതിക്ക് അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച രണ്ട് പഞ്ചായത്തുകളിൽ പൂർണ്ണമായും ജലവിതരണം നടത്താൻ നിലവിലുള്ള പദ്ധതികൾ പര്യാപ്തമല്ല. സ്രോതസ്സിന്റെ അപര്യാപ്തതയും ജലവിതരണത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അതുകൊണ്ട് പിരായിരി, മാത്തൂർ, കോട്ടായി എന്നീ പഞ്ചായത്തുകൾക്കായി ഒരു സമഗ്ര കുടിവെള്ള പദ്ധതി ജല അതോറിറ്റി വിഭാവന ചെയ്ത് എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ സ്രോതസ്സ് കണ്ണാടിപ്പുഴയാണ്. 12.5 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജല ശുദ്ധീകരണശാലയും മൂന്ന് പഞ്ചായത്തുകളിലും ഉന്നതതല ജലസംഭരണികളും ഇവയ്ക്കുള്ള പമ്പിംഗ് മെയിനുകളും പമ്പുസെറ്റും ഉൾപ്പെടുന്ന പദ്ധതിയുടെ അടങ്കൽത്തുക 35 കോടി 10 ലക്ഷം രൂപയാണ്. പാലക്കാട് ജില്ലയുടെ Comprehensive District Plan (CDP)-ൽ ഈ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## (7) കൊച്ചി തുറമുഖം നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഇന്ത്യയിലെ 8 മേജർ തുറമുഖങ്ങളിൽ ഒന്നാണ് കൊച്ചി തുറമുഖം. കേരളത്തിന്റെ സമ്പദ്ഘടനയ്ക്കും വ്യാവസായിക പുരോഗതിക്കും കൊച്ചി തുറമുഖം വലിയ പങ്കുവഹിച്ചിട്ടുണ്ട്. ഇന്ന് കൊച്ചി തുറമുഖം പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. ചരിത്രപ്രാധാന്യമുള്ള കൊച്ചി തുറമുഖത്തിന്റെ പ്രവർത്തനങ്ങൾ ഏറെക്കുറെ നിലച്ച മട്ടിലാണ്. അന്താരാഷ്ട്ര കപ്പൽച്ചാലിന്റെ സാമീപ്യമുള്ളതുകൊണ്ടാണ് അന്താരാഷ്ട്രതലത്തിൽത്തന്നെ കണ്ടെയ്നർ ട്രാൻഷിപ്മെന്റ് ടെർമിനൽ ആരംഭിക്കാൻ തീരുമാനിച്ചത്. ഇന്ത്യയിൽ ആദ്യമായി കണ്ടെയ്നർ

കൈകാര്യം ചെയ്തുതുടങ്ങിയത് കൊച്ചി തുറമുഖത്താണ്. അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ദുബായ് പോർട്ട് വേൾഡുമായി കരാറുണ്ടാക്കി. പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിലാണ് 2011 മുതൽ അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനൽ പ്രവർത്തിച്ചുവരുന്നത്. എന്നാൽ സ്ഥാപിതശേഷിയുടെ 40 ശതമാനം മാത്രമേ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളൂ. അതിന്റെ ഫലമായി കൊച്ചി തുറമുഖത്തിന് ലഭിക്കേണ്ട റവന്യൂ വിഹിതം ഇന്ന് ലഭിക്കുന്നില്ല. എന്നാൽ ലഭിക്കുന്ന വരുമാനത്തെക്കാൾ കൂടുതൽ ഓരോ വർഷവും അഴിമുഖം ഡ്രഡ്ജ് ചെയ്യുന്നതിനുവേണ്ടി ചെലവഴിക്കേണ്ടിവരികയാണ്. ഇതിന്റെ ഫലമായി കൊച്ചി തുറമുഖത്തെ പെൻഷൻകാർക്ക് പെൻഷനും ജീവനക്കാർക്ക് ശമ്പളവും കൊടുക്കാൻ കഴിയാതെവരുന്നു. ദുബായ് പോർട്ടുമായിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിൽ ആദ്യമായി പ്രവർത്തനം ആരംഭിച്ച രാജീവ് ഗാന്ധി കണ്ടെയ്നർ ടെർമിനൽ ഇന്ന് പ്രവർത്തനരഹിതമായിരിക്കുകയാണ്. ഇതിന്റെയെല്ലാം ഫലമായി കൊച്ചി തുറമുഖം വല്ലാത്ത പ്രതിസന്ധി നേരിടുകയാണ്. ഈ പ്രതിസന്ധി പരിഹരിക്കാൻ ആവശ്യമായ നടപടിയുണ്ടാകണം. രാജീവ്ഗാന്ധി കണ്ടെയ്നർ ടെർമിനൽ പ്രവർത്തനക്ഷമമാക്കി കേരളത്തെ കോസ്റ്റൽ ഷിപ്പിംഗിന്റെ ഒരു കേന്ദ്രമാക്കി മാറ്റാൻ തയ്യാറാകണം. ദുബായ് പോർട്ടുമായി ഉണ്ടാക്കിയിട്ടുള്ള കരാർ പുനഃപരിശോധിച്ച് ആവശ്യമായ ഭേദഗതി വരുത്തി സംസ്ഥാന താല്പര്യംകൂടി സംരക്ഷിക്കാൻ കഴിയേണ്ടതുണ്ട്. തുറമുഖത്തിന്റെ മറ്റ് പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു ചർച്ച നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച കാര്യം വളരെ പ്രധാനപ്പെട്ടതാണ്. കൊച്ചി തുറമുഖത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണം വല്ലാർപാടം ഐ.സി.ടി.ടി. ടെർമിനലിന്റെ പ്രവർത്തനത്തിലുണ്ടായ മാന്ദ്യമാണ്. 10 ലക്ഷം കണ്ടെയ്നർ ശേഷിയുള്ള ടെർമിനലിന്റെ 40 ശതമാനം മാത്രമേ ഉപയോഗപ്പെടുത്തിയിരുന്നുള്ളൂ. 2015 നവംബർ മുതൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള കയറ്റുമതി കണ്ടെയ്നറുകൾക്ക് സഹായകമാകുന്ന രീതിയിൽ വാളയാറിലെ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുവാൻ സർക്കാർ നടപടികളെടുത്തതോടെ ഐ.സി.ടി.ടി.-യിൽ 15 ശതമാനം വർദ്ധനവ് കണ്ടുവരുന്നു. മലബാർ സിമന്റ്സ് ഉൾപ്പെടെയുള്ള കമ്പനികളുടെ വരവോടെ ബൾക്ക് കാർഗോ മേഖലകളിലും നേരിയ വർദ്ധനവ് കണ്ടുതുടങ്ങിയിട്ടുണ്ട്. ട്രക്കിംഗ്, വെയർഹൗസിംഗ് മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങൾ വരുന്നുണ്ട്. ഇന്ത്യയിൽനിന്ന് കയറ്റുമതി ചെയ്യപ്പെടുന്ന

കണ്ടെയ്നറുകളിൽ ഭൂരിഭാഗവും കൊളംബോ, സിംഗപ്പൂർ മുതലായ വൻകിട ട്രാൻസ്ഷിപ്മെന്റ് പോർട്ടുകളിൽ ട്രാൻസ്ഷിപ് ചെയ്യുന്നതിനാൽ ഇന്ത്യക്കുണ്ടാകുന്ന സാമ്പത്തികവും സമയബന്ധിതവുമായ നഷ്ടം ഒഴിവാക്കുന്നതിന് വല്ലാർപാടത്ത് 2011-ൽ അന്താരാഷ്ട്ര ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ പ്രവർത്തനം ആരംഭിച്ചു. പതിനാലര മീറ്റർ ആഴം ആവശ്യമുള്ള വൻ മദർഷിപ്പുകൾ കൈകാര്യം ചെയ്യാൻ ശേഷിയുള്ള ഈ ടെർമിനൽ കൊച്ചി തുറമുഖത്തിന്റെ ഉടമസ്ഥയിൽ ഡി.പി. വേൾഡ് എന്ന പ്രമുഖ അന്താരാഷ്ട്ര കമ്പനി 30 വർഷത്തെ പി.പി.പി. കരാർ അടിസ്ഥാനത്തിൽ നിർമ്മിച്ച് നടത്തിവരികയാണ്. ഏകദേശം 1500 കോടി രൂപ മൂലധനച്ചെലവിൽ 10 ലക്ഷം ടി.യു. കൈകാര്യം ചെയ്യാനുള്ള ശേഷിയോടെ ഒന്നാംഘട്ടം പൂർത്തീകരിച്ച പ്രസ്തുത പദ്ധതി അഞ്ചുവർഷമായി പുരോഗമിച്ച് കഴിഞ്ഞ വർഷം 4,20,000 ടി.യു. കൈകാര്യം ചെയ്തു. ഇത് മുൻ വർഷത്തെക്കാൾ 14.5 ശതമാനം കൂടുതലാണ്. ഈ ടെർമിനലിന്റെ പ്രവർത്തനത്തിന് സഹായകമായി കേരള സർക്കാർ എടുത്തിട്ടുള്ള പ്രധാന നടപടികൾ താഴെച്ചേർക്കുന്നു.

1. തമിഴ്നാട്-കർണ്ണാടക സംസ്ഥാനങ്ങളിൽനിന്നും വല്ലാർപാടം ടെർമിനലിലേക്ക് കയറ്റുമതി ആവശ്യങ്ങൾക്കായി വരുന്ന കണ്ടെയ്നർ ലോറികൾക്ക് ഒരു ഗ്രീൻ ചാനൽ പദ്ധതി വാളയാർ ചെക്ക്പോസ്റ്റിൽ നടപ്പാക്കിവരുന്നു. ഇതിനായി വാണിജ്യ നികുതി, എക്സൈസ്, ഗതാഗതം എന്നീ വകുപ്പുകൾ ഗ്രീൻ ചാനൽ പദ്ധതി നടപ്പാക്കുന്നു. കൊച്ചി തുറമുഖത്തു നിന്നുള്ള കണ്ടെയ്നർ ട്രെയ്ലർ വാഹനങ്ങൾക്ക് ഇ-ട്രാൻസിറ്റ് പാസ്സ് വാണിജ്യ നികുതി വകുപ്പ് വിതരണംചെയ്യുന്നു. കൂടാതെ വാളയാർ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകൾ വഴിയുള്ള ചരക്ക് ഗതാഗതം സുഗമമാക്കുന്നതിന് പ്രസ്തുത സ്ഥലങ്ങളിൽ ആധുനിക സൗകര്യങ്ങളോടെയുള്ള ഇന്റഗ്രേറ്റഡ് ചെക്ക്പോസ്റ്റ് ഡാറ്റാ കളക്ഷൻ-കം-ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിന് നികുതി വകുപ്പിൽ നടപടി സ്വീകരിച്ചുവരികയാണ്. ബാർകോഡ് സീലിംഗ് മെക്കാനിസം നിലവിൽ വരുന്നതാണ്. ചെക്ക്പോസ്റ്റിൽ നിലവിലുള്ള അശാസ്ത്രീയമായ ചെക്കിംഗ് രീതി ഒഴിവാക്കാമെന്ന് എക്സൈസ് വകുപ്പ് ഉറപ്പ് നൽകിയിരിക്കുകയാണ്.

2. കേരള സർക്കാർ വല്ലാർപാടത്തും കൊച്ചിൻ പോർട്ടിലും യഥാസമയങ്ങളിൽ തൊഴിൽ തർക്കങ്ങളിലും കണ്ടെയ്നർ പാർക്കിംഗ് സംബന്ധിച്ച തർക്കങ്ങളിലും വേണ്ട നടപടികൾ സ്വീകരിച്ച് പ്രശ്നപരിഹാരം നടത്തിവരുന്നു.

3. വല്ലാർപാടം ടെർമിനലിന്റെ കബോട്ടാഷ് നിയമം ഇളവ് ചെയ്തുകിട്ടുന്നതിനായി കേന്ദ്രസർക്കാരിന് കത്തുനൽകിയിട്ടുണ്ട്. വല്ലാർപാടം ടെർമിനലിന്റെ വളർച്ച കേരളത്തിന്റെയും ഇന്ത്യയുടെയും സമ്പദ്‌വ്യവസ്ഥയ്ക്കും മുതൽക്കൂട്ടാവാൻ സാധ്യതയുള്ള പദ്ധതിയാണ്. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ഈ പദ്ധതി കാര്യക്ഷമമായി വളർത്തിയെടുക്കാൻ ആവശ്യമായ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച മറ്റ് വിഷയങ്ങൾകൂടി ഗവൺമെന്റ് ഗൗരവപൂർവ്വം പരിഗണിക്കുന്നതാണ്.

## (8) കുഞ്ഞുണ്ണിമാഷ് സ്മാരകം

ശ്രീമതി ഗീതാ ഗോപി: സർ, തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ വലപ്പാട് വില്ലേജിൽ അന്തരിച്ച കവി കുഞ്ഞുണ്ണിമാഷ് സ്മാരക സമിതി സമിതിയുടെയും സർക്കാരിന്റെയും നേതൃത്വത്തിൽ കുഞ്ഞുണ്ണിമാഷിന് സ്മാരകം പണിയുന്നതിനായി വലപ്പാട് വില്ലേജിൽ പള്ളിപ്പുറം ദേശത്ത് റീസർവ്വെ നമ്പർ 160/8-ൽ ഭാഗം 1.35 സെന്റും റീസർവ്വെ നമ്പർ 112/1-ൽ ഭാഗം 3.65 സെന്റുംകൂടി ആകെ 5 സെന്റ് സ്ഥലമുണ്ട്. ഈ സ്ഥലത്ത് കുഞ്ഞുണ്ണിമാഷിന്റെ സ്മരണയ്ക്കായി സ്മാരകം നിർമ്മിക്കാൻ സത്വര നടപടിയെടുക്കണമെന്ന ആവശ്യം ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പ്രശസ്ത കവി കുഞ്ഞുണ്ണിമാഷിന് സ്മാരകം നിർമ്മിക്കുന്നതിന് 2010 ജൂലൈ മാസം 17-ാം തീയതി കുഞ്ഞുണ്ണിമാഷിന്റെ കുടുംബാംഗങ്ങൾ അനുവദിച്ചുനൽകിയ 5 സെന്റ് സ്ഥലം സാംസ്കാരിക വകുപ്പിനുവേണ്ടി സാഹിത്യ അക്കാദമിക്ക് കൈമാറിയിട്ടുണ്ട്. ഇതുസംബന്ധിച്ച് 2010 ഒക്ടോബർ ഒന്നാം തീയതിയിലെ ഗവൺമെന്റ് ഉത്തരവു പ്രകാരം ശ്രീ. ടി. എൻ. പ്രതാപൻ, എം.എൽ.എ. അദ്ധ്യക്ഷനായി കുഞ്ഞുണ്ണിമാഷ് സ്മാരക സമിതിയുടെ ഭരണസമിതി പുനഃസംഘടിപ്പിച്ചിരുന്നു. ഈ സമിതിയാണ് അടുത്തകാലംവരെ സ്മാരകത്തിന്റെ പ്രവർത്തനങ്ങൾ നടത്തിയിരുന്നത്. എങ്കിലും മുൻസർക്കാർ കെട്ടിടനിർമ്മാണത്തിന് തുകയൊന്നും വകയിരുത്തിയിരുന്നില്ല. കുഞ്ഞുണ്ണിമാഷ് സ്മാരകത്തിന്റെ നിർമ്മാണം എത്രയുംപെട്ടെന്ന് തുടങ്ങാൻ കുഞ്ഞുണ്ണിമാഷ് സ്മാരക സമിതിക്ക് സാഹിത്യ അക്കാദമി അനുമതി നൽകിയിരുന്നു. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കുഞ്ഞുണ്ണിമാഷിന്റെ സ്മാരകം കേരള

സാഹിത്യ അക്കാദമിയുടെ നേതൃത്വത്തിൽ നിർമ്മിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാനും സ്മാരകത്തിന്റെ വിശദമായ പ്ലാനും എസ്റ്റിമേറ്റും സർക്കാരിന് ലഭ്യമാക്കാനും അക്കാദമി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ അക്കാദമി നിർവ്വാഹക സമിതി സ്മാരക നിർമ്മാണത്തിനുള്ള വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി നൽകാൻ ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ കുഞ്ഞുണ്ണിമാഷ് സ്മാരക നിർമ്മാണത്തിന് 25 ലക്ഷം രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. കുഞ്ഞുണ്ണിമാഷ് സ്മാരക നിർമ്മാണത്തിനുള്ള വിശദമായ പ്ലാനും എസ്റ്റിമേറ്റും സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ള തുകയ്ക്കനുസരിച്ചുള്ള സ്മാരക നിർമ്മാണത്തിന് നടപടി സ്വീകരിക്കുന്നതാണ്.

## (9) മാനന്തവാടി ജില്ലാ ആശുപത്രി

ശ്രീ. ഒ. ആർ. കേളു: സർ, കഴിഞ്ഞ 5 വർഷമായി മാനന്തവാടി ജില്ലാ ആശുപത്രിയിൽ നിരന്തരം പ്രശ്നങ്ങളാണ് അനുഭവപ്പെടുന്നത്. ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും കുറവുകാരണമാണ് പ്രധാനമായും പ്രശ്നങ്ങളുണ്ടാകുന്നത്. ഇന്നലെയും മാനന്തവാടി ആശുപത്രിയിൽ ഒരു ആദിവാസി സ്ത്രീയുടെ മരണവുമായി ബന്ധപ്പെട്ട് സമരവും പ്രക്ഷോഭവുമുണ്ടായി. രണ്ടാമത്തെ കാര്യം, അവിടത്തെ എച്ച്.എം.സി. ഫലപ്രദമല്ല. എക്സ്റേ എടുക്കുന്നതിനുള്ള എക്സ്റേ ഫിലിമിനുപോലും കാശില്ലെന്നാണ് പറയുന്നത്. അതുപോലെതന്നെ സി.ടി. സ്കാൻ എടുക്കുന്നതിന വേണ്ടിയുള്ള കമ്പ്യൂട്ടർ റിസൾട്ടുമായി ബന്ധപ്പെട്ട് എ.എം.സി. ചെയ്യാൻ 5000 രൂപയില്ല എന്നാണ് എച്ച്.എം.സി. പറയുന്നത്. എച്ച്.എം.സി.-ക്ക് പണമില്ലാത്തതും അവരുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതും മറ്റ് അടിസ്ഥാന സൗകര്യങ്ങളില്ലാത്തതും ആശുപത്രിയുടെ പ്രവർത്തനത്തെ താളം തെറ്റിക്കുന്നുണ്ട്. മരുന്ന് സൂക്ഷിക്കുന്നതിന് ഒരു സ്റ്റോർ റൂം പോലുമില്ല. ടെറസ്സിന്റെ മുകളിലാണ് മരുന്ന് സൂക്ഷിച്ചിരിക്കുന്നത്. ഇത്രയും വിഷയങ്ങൾ കൊണ്ട് വീർപ്പുമുട്ടുന്നതിനിടയിലാണ് മാനന്തവാടി ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും കുറവുള്ളത്. ഇക്കാര്യങ്ങൾ അടിയന്തരമായി പരിഹരിക്കാതെ വയനാട് ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ജില്ലാ ആശുപത്രിക്ക് മുന്നോട്ടുപോകാൻ കഴിയില്ല.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, വയനാട്ടിൽ ആദിവാസി ജനവിഭാഗമടക്കം വലിയൊരു വിഭാഗം ജനങ്ങൾ ആശ്രയിക്കുന്ന പ്രധാനപ്പെട്ട ആശുപത്രിയാണ് മാനന്തവാടി ഗവൺമെന്റ് ജില്ലാ ആശുപത്രി. ഇപ്പോൾ അവിടെ സൂപ്രണ്ട് ഉൾപ്പെടെ 57 ഡോക്ടർമാരുടെ

തസ്തികകളാണുള്ളത്. അതിൽ 19 തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന കാഷ്വാലിറ്റി, ബ്ലഡ് ബാങ്ക്, ഐ.സി.യു., എൻ.എൻ.ഐ.സി.യു., എക്സ്റേ, ഡയാലിസിസ്, സി.ടി. സ്കാൻ, NABH Accredited Lab എന്നിവ പ്രവർത്തിച്ചുവരുന്നു. ജില്ലാ മെഡിക്കൽ ബോർഡും നല്ല നിലയിൽ പ്രവർത്തിക്കുന്ന മെഡിക്കൽ റെക്കോർഡ് ലൈബ്രറിയും അവിടെയുണ്ട്. പ്രസവവാർഡ് പുതുതായി നിർമ്മിക്കപ്പെട്ടിട്ടുണ്ട്. കൂടാതെ നബാർഡ് അനുവദിച്ച തുക വിനിയോഗിച്ചുള്ള ബഹുനില മന്ദിരത്തിന്റെ നിർമ്മാണവും നടക്കുന്നുണ്ട്. ഫോറൻസിക് സർജന്റെ സേവനത്തോടുകൂടിയ ഫ്രീസർ സൗകര്യമുള്ള മോർച്ചറിയും അവിടെയുണ്ട്. 61 ഗസറ്റഡ് ജീവനക്കാരുണ്ട്. എൻ.എച്ച്.എം. വഴി ഡോക്ടർമാരെ നിശ്ചയിച്ചിട്ടുണ്ട്. അഡ്ഹോക് സംവിധാനത്തിൽ ഡോക്ടർമാരെ നിശ്ചയിക്കുന്നുണ്ട്. അതുപോലെ തന്നെ എച്ച്.എം.സി. വഴി നിശ്ചയിച്ചിക്കപ്പെട്ടിട്ടുള്ള ഡോക്ടർമാരും പാരാമെഡിക്കൽ ജീവനക്കാരുമാണ് അവിടെയുള്ളത്. ഇതൊക്കെ പറയുമ്പോഴും വർഷങ്ങളായി 19 തസ്തികകൾ അവിടെ ഒഴിഞ്ഞുകിടക്കുന്നുവെന്നുള്ളത് ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ വളരെയേറെ ബുദ്ധിമുട്ടുള്ള വസ്തുതയാണ്. ആശുപത്രിയുടെ ഈ പറഞ്ഞ കുറവുകൾ അടിയന്തരമായി പരിഹരിക്കണമെന്നാണ് ഗവൺമെന്റ് കരുതുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയടക്കം നിർദ്ദേശമനുസരിച്ച് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനാവശ്യപ്പെടുകയും അപ്രകാരം പി.എസ്.സി. ലിസ്റ്റിൽനിന്ന് നിയമനം നടത്താനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അസിസ്റ്റന്റ് സർജന്മാരുടെ ഒരു കൗൺസിലിംഗ് ഇന്ന് നടക്കുന്നുണ്ട്. നേരത്തെ 200 പേരുടെ കൗൺസിലിംഗ് നടന്നപ്പോൾ 54 പേർ മാത്രമാണ് ജോയിൻ ചെയ്തത്. അതിൽ കണ്ണൂർ, വയനാട്, കോഴിക്കോട്, കാസർഗോഡ് മേഖലകളിലേക്ക് ആരെയും കിട്ടിയില്ലെന്നുള്ളതാണ് വസ്തുത. എന്നാൽ ഇന്ന് നടക്കുന്ന കൗൺസിലിംഗിൽ വയനാട്ടിലേക്കുകൂടി ഡോക്ടർമാരെ കിട്ടുമെന്നാണ് കരുതുന്നത്. അവരെ നിയമിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. അതുപോലെ അവിടെ നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തും. എച്ച്.എം.സി.-ക്ക് ഫണ്ടില്ലാത്തതുകൊണ്ട് എക്സ്റേ, സി.ടി. സ്കാൻ തുടങ്ങിയവ പ്രവർത്തിക്കാത്ത അനുഭവമുണ്ടാകരുത്. അത് പ്രവർത്തിപ്പിക്കാനുള്ള അടിയന്തര നടപടി വകുപ്പുതന്നെ സ്വീകരിക്കുന്നതാണ്. എച്ച്.എം.സി. കാര്യക്ഷമമാക്കാനുള്ള ഇടപെടലും നടത്തുന്നതാണ്. വയനാട് ജില്ലാ ആശുപത്രി ഞാൻ അടുത്തുതന്നെ സന്ദർശിക്കുന്നുണ്ട്. ആ സമയത്ത് അവിടുത്തെ എച്ച്.എം.സി.-യുടെ പ്രവർത്തനം ശക്തമാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്. അതുപോലെ ഗവൺമെന്റിന്റെ നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യമുള്ള ആശുപത്രികളാക്കി മാറ്റുമെന്ന തീരുമാനവുമെടുത്തിട്ടുണ്ട്. പശ്ചാത്തല സൗകര്യത്തിനുവേണ്ട ഡി.പി.ആർ.

സമർപ്പിക്കാൻ ബന്ധപ്പെട്ട ഡി.എം.ഒ.മാരോട് ആവശ്യപ്പെട്ടിട്ടുണ്ട്. പൂർണ്ണമായിട്ടുള്ള ഡി.പി.ആർ. കിട്ടി പ്രവർത്തനം തുടങ്ങുന്നതിനുമുമ്പുതന്നെ കാത്ത് ലാബ്, നെഫ്രോളജി യൂണിറ്റ് തുടങ്ങിയ സൗകര്യങ്ങൾ അവിടെ ഏർപ്പെടുത്താനുള്ള അടിയന്തര ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകും. മരുന്നിന്റെ സ്റ്റോർ റൂം ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ്. മരുന്ന് സൂക്ഷിച്ചുവയ്ക്കാനുള്ള സ്റ്റോർ റൂമുകളില്ലെന്നുള്ളത് ഇന്ന് പല ജില്ലാ ആശുപത്രികളുടെയും ഏറ്റവും വലിയൊരു ബുദ്ധിമുട്ടാണ്. അത് പരിഹരിക്കാനുള്ള അടിയന്തര നടപടികളും സ്വീകരിക്കും. വളരെയേറെ പ്രാധാന്യം നൽകിക്കൊണ്ട് മലയോര മേഖലയിലെ ഈ ജില്ലാ ആശുപത്രിയെ എല്ലാ സൗകര്യങ്ങളുമുള്ള ആശുപത്രിയാക്കി മാറ്റാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തരമായി സ്വീകരിക്കുന്നതാണ്.

## (10) വന്യജീവി ആക്രമണം

ശ്രീ. എസ്. രാജേന്ദ്രൻ: സർ, പൊതുവിൽ മറ്റ് വനമേഖലയെക്കാൾ എന്റെ മണ്ഡലത്തിൽ വളരെയധികം പ്രയാസം സൃഷ്ടിക്കുന്ന ഒരു വലിയ പ്രശ്നമാണ് വന്യജീവികളുടെ ആക്രമണം. പാമ്പ് വീട്ടിൽക്കയറി ക്ഷേമം അന്വേഷിക്കുന്ന സാഹചര്യമുണ്ട്. കിടക്കയിൽ കിടക്കുകയും തലപൊക്കി നോക്കുകയും ഞാൻ കിടന്നതിനുശേഷം നീ ഉറങ്ങിയാൽ മതിയെന്ന് വീട്ടുകാരോട് പറയുകയും ചെയ്യുന്ന ഒരു സാഹചര്യവുമാണുള്ളത്. കടുവയാണെങ്കിൽ ലൈവായി തൊലിപൊളിക്കാത്ത ചിക്കനും മട്ടനും ബീഫുമുണ്ടോയെന്ന് അന്വേഷിക്കുകയും അതില്ലെങ്കിൽ നീ വന്നാൽ മതിയെന്ന് വീട്ടുകാരെ വിളിക്കുന്ന സാഹചര്യവുമുണ്ട്. ആനയാണെങ്കിൽ വീടിനു ചുറ്റും കറങ്ങുകയും മുഴുവൻ കൃഷിയും നശിപ്പിക്കുകയും ചെയ്യുന്നു. നെല്ലിപ്പാറ, കൊരങ്ങാട്ടി തുടങ്ങിയ പ്രദേശത്ത് ആളുകൾക്ക് ഒളിച്ചിരിക്കേണ്ട സാഹചര്യമാണുള്ളത്. വന്യമൃഗമാണെന്ന് പറഞ്ഞാൽ കേസെടുക്കാൻ വനം വകുപ്പുകാർ പുറകെ വരും. നശിപ്പിച്ച കൃഷിയുടെ കണക്ക് വനം വകുപ്പിന് എഴുതിക്കൊടുത്ത് അവരോട് കാശ് വാങ്ങിച്ചോ എന്ന നിലയിലാണ് കാട്ടുപോത്തിന്റെ സ്ഥിതി. വലിയ പ്രശ്നങ്ങൾ അവിടെ നിലനിൽക്കുന്നു. വന്യജീവികളുടെ എണ്ണം വളരെയധികം കൂടിയതു കൊണ്ടായിരിക്കും ഇത്രയും പ്രശ്നം ഉണ്ടാകുന്നത്. വന്യജീവികളുടെ എണ്ണം കൂടിയിട്ടുണ്ടെങ്കിൽ എണ്ണം കുറയ്ക്കാനുള്ള താല്ക്കാലിക നടപടി എന്തെങ്കിലും വനം വകുപ്പ് ആലോചിക്കണം. പന്നിയുടെ കാര്യത്തിൽ പെണ്ണാണോ ആണാണോ എന്നൊന്നും നോക്കാതെയുള്ള നടപടി സ്വീകരിക്കണം ഇത്തരത്തിലുള്ള ചില ഇടപെടലുകൾ നടത്തിയില്ലെങ്കിൽ നാടുവിട്ട് പോകേണ്ട സ്ഥിതിയാണ്. എനിക്കാണെങ്കിൽ മൂന്നാറിൽ പോകാൻ പറ്റാത്ത സ്ഥിതിയുമുണ്ടായിട്ടുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട

വനം വകുപ്പുമന്ത്രി അവിടെ എത്തിച്ചേരുകയും നാട്ടുകാരെ വിളിച്ചുകൂട്ടി അവരുടെ ആശങ്ക മനസ്സിലാക്കി നടപടി സ്വീകരിക്കുകയും ചെയ്യണം. അവിടെ വരുന്നതിനു മുമ്പ് ഒരു യോഗം വിളിച്ചുകൂട്ടി ഈ വിഷയത്തിൽ ഇടപെടണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, തമിഴ് ചുവയിൽ ശ്രീ. എസ്. രാജേന്ദ്രൻ ഇവിടെ ഉന്നയിച്ച സബ്മിഷൻ എഴുതിക്കൊടുത്തത് ഇങ്ങനെയൊന്നുമല്ല. തോട്ടം മേഖലകളിലും കാർഷിക മേഖലകളിലും വന്യജീവികൾ ആൾനാശവും കൃഷിനാശവും വരുത്തുന്നതിനാൽ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗം വിളിച്ചുകൂട്ടി ആവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് സബ്മിഷൻ.

കേരളത്തിലെ വനാതിർത്തിയോട് ചേർന്നുകിടക്കുന്ന തോട്ടം മേഖലകളിലും മറ്റ് കാർഷിക മേഖലകളിലും വന്യജീവികൾ വരുത്തുന്ന ആൾനാശവും കൃഷിനാശവും വളരെ പ്രാധാന്യമേറിയ ഒരു വിഷയം തന്നെയാണ്. വന്യജീവികളുടെ ആക്രമണം തടയുന്നതിനും അവ കൃഷിസ്ഥലങ്ങളിലെത്തി കൃഷി നശിപ്പിക്കുന്നത് തടയുന്നതിനുമായി പല സ്ഥലങ്ങളിലും സൗരോർജ്ജ വേലികളും ആന പ്രതിരോധ കിടങ്ങുകളും നിർമ്മിച്ചിട്ടുണ്ട്. എങ്കിലും ജനവാസ മേഖലകളെ മുഴുവൻ സംരക്ഷിച്ചു നിർത്തുന്നതിന് അത് പര്യാപ്തമായിട്ടില്ല. അപകടങ്ങളുടെ ആവൃത്തി പരിശോധിച്ച് കൂടുതൽ മേഖലകളിൽ ഇവ നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനായി വനം വകുപ്പിന്റെ കീഴിലുള്ള ദ്രുതകർമ്മസേനയും elephant depredation squad-ഉം ഊർജ്ജിതമായി പ്രവർത്തിക്കുന്നുണ്ട്. ഇക്കാര്യത്തിൽ ഫലപ്രദമായി എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് പരിശോധിക്കേണ്ടത് വിലയേറിയ മനുഷ്യജീവനുകളും മനുഷ്യാദ്ധ്വാനവും നഷ്ടപ്പെടുന്ന ഈ സാഹചര്യത്തിൽ അത്യാവശ്യമാണ്. അതിന്റെ ആദ്യപടി എന്ന നിലയ്ക്ക് ഈ കാര്യം പരിശോധിക്കുന്നതിന് വനം വകുപ്പിലെ ഉദ്യോഗസ്ഥരുടെ ഒരു ഉന്നതതല യോഗം വനം വകുപ്പുമന്ത്രിയുടെ ഓഫീസിൽ വച്ച് ഈ മാസം 20-ന് കൂടുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചപ്രകാരം വനംവകുപ്പ് ഉദ്യോഗസ്ഥർ, പ്ലാന്റേഷൻ പ്രതിനിധികൾ, ബാങ്ക് അധികൃതർ, വിവിധ എൻ.ജി.ഒ.-കൾ, കർഷക പ്രതിനിധികൾ തുടങ്ങിയവരുടെ സംയുക്തയോഗം അതാതു ജില്ലകളിൽ വിളിച്ചുകൂട്ടാനുദ്ദേശിക്കുന്നുണ്ട്. അതനുസരിച്ച് ഈ വിഷയത്തിലെ ആദ്യയോഗം വയനാട് കളക്ടേറ്റിൽ ഈ മാസം 25-ാം തീയതി കൂടുന്നതാണ്. ഇടുക്കി ജില്ലയിൽ ഉദ്യോഗസ്ഥരുടെ യോഗം അടിയന്തരമായി വിളിച്ചു കൂട്ടുന്നതിനാവശ്യമായ നടപടികൾ വനം വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകുന്നതാണ്.

## (11) മാലിന്യപ്രശ്നം

ശ്രീ. വി. എസ്. ശിവകുമാർ: സർ, തലസ്ഥാന നഗരമായ തിരുവനന്തപുരത്തും പരിസര പ്രദേശങ്ങളിലും മുമ്പെങ്ങുമുണ്ടാകാത്ത വിധത്തിൽ മാലിന്യങ്ങൾ കുമിഞ്ഞുകൂടുകയാണ്. മാലിന്യംമൂലമുള്ള പകർച്ചവ്യാധികൾ ഏറ്റവും കൂടുതലുള്ളത് തിരുവനന്തപുരത്താണ്. പത്ത് ദിവസത്തിനിടയിൽ 50 പേർക്ക് ഡെങ്കിപ്പനി ബാധിച്ചതായി പത്രമാധ്യമങ്ങളിലൂടെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അത് യാഥാർത്ഥ്യവുമാണ്. എലിപ്പനിയും ചെള്ളുപനിപോലുള്ള പകർച്ചവ്യാധികളും പടർന്നുപിടിച്ചുകൊണ്ടിരിക്കുകയാണ്. ഇത് പരിഹരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ട കോർപ്പറേഷൻ ഇതുമായി ബന്ധപ്പെട്ട് യാതൊരു കാര്യവും ചെയ്യുന്നില്ലെന്നുള്ളതും ഈ കാര്യത്തിൽ സർക്കാർ നിസ്സംഗത പാലിക്കുന്നുവെന്നുള്ളതുമാണ് യാഥാർത്ഥ്യം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇക്കാര്യങ്ങൾക്കുവേണ്ടി പരമാവധി പരിശ്രമിച്ചിരുന്നുവെങ്കിലും സർക്കാരും കോർപ്പറേഷനും വ്യത്യസ്തമായിട്ടുള്ള നിലപാടുകളുള്ള ഒരു സാഹചര്യമായിരുന്നതുകൊണ്ട് അത് വിജയത്തിലെത്തിക്കാൻ കഴിഞ്ഞില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യവുമാണ്. ഇപ്പോൾ സർക്കാരും കോർപ്പറേഷനും ഒരു മുന്നണിയുടെതന്നെ ഭാഗമായതുകൊണ്ട് അടിയന്തര നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സംസ്ഥാന തലസ്ഥാനം എന്നുള്ള രീതിയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വികേന്ദ്രീകൃത മാലിന്യസംസ്കരണ പദ്ധതികൾ നടപ്പിലാക്കാൻ മുന്നോട്ടുവന്നിട്ടുണ്ട്. അദ്ദേഹംതന്നെ കൊണ്ടുവന്ന ബയോഗ്യാസ് പ്ലാന്റുകൾ, എയ്റോ ബിന്നുകൾ, തുമ്പൂർമൊഴി പദ്ധതികൾ തുടങ്ങിയവ 15 സ്ഥലത്ത് വച്ചിട്ടുണ്ടെങ്കിലും യാതൊരു വിധത്തിലുള്ള പ്രയോജനവും ലഭിക്കുന്നില്ലെന്നുള്ളതാണ് വസ്തുത. ഇതൊക്കെ സ്ഥാപിച്ചിരിക്കുന്ന സ്ഥലം മുഴുവൻ മാലിന്യക്കൂമ്പാരങ്ങളായി മാറിയിരിക്കുന്നു. ഇതുപോലുള്ള സംവിധാനങ്ങൾ തിരുവനന്തപുരം നഗരത്തിന്റെ ജനജീവിതം ദുസ്സഹമാക്കിയിരിക്കുന്ന സാഹചര്യമാണ് ഇന്നുള്ളത്. അതുകൊണ്ട്, വികേന്ദ്രീകൃതമായ മാലിന്യസംസ്കരണ പ്ലാന്റ് കൊണ്ടുവരുമെന്നാണ് ഈ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരിക്കുന്നത്. ഒരു കാരണവശാലും അത് വിജയകരമാകില്ല. വിളപ്പിൽശാലയിൽ പ്രശ്നങ്ങളുണ്ടായപ്പോൾ, അവിടെ മാലിന്യ സംസ്കരണ പ്ലാന്റ് പൂട്ടിയതിന്റെ പശ്ചാത്തലത്തിലാണ് ഇവിടെ ബുദ്ധിമുട്ടുണ്ടായത്. അത് അവിടത്തെ ജനങ്ങളെ ബാധിക്കുന്ന പ്രശ്നമാണ്. അതിന് അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. പക്ഷെ, വികേന്ദ്രീകൃതമായ മാലിന്യസംസ്കരണ പ്ലാന്റുകൾ പരാജയപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ തിരുവനന്തപുരത്ത് രണ്ടോ മൂന്നോ സ്ഥലം

കണ്ടെത്തി കേന്ദ്രീകൃതമായ മാലിന്യ പ്ലാന്റുകൾ സ്ഥാപിച്ചില്ലെങ്കിൽ ശാശ്വതമായിട്ടുള്ള പരിഹാരമുണ്ടാക്കാൻ കഴിയില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. വികേന്ദ്രീകൃത മാലിന്യത്തിന് ബഡ്ജറ്റിൽ തുക ഉൾകൊള്ളിച്ചിരിക്കുകയാണ്. അതുപോലെ പ്ലാസ്റ്റിക് സംസ്കരണവുമായി ബന്ധപ്പെട്ട് യാതൊരു മുന്നൊരുക്കങ്ങളുമില്ലാത്ത നടപടികളാണ് കോർപ്പറേഷൻ സ്വീകരിച്ചിരിക്കുന്നത്. അത് വിജയിക്കുമോയെന്നുള്ളത് അറിയില്ല. പക്ഷെ, കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജ്ജനത്തിനുവേണ്ടിയുള്ള പ്ലാസ്റ്റിക് പാർക്ക് പ്രഖ്യാപിച്ചിട്ടുണ്ട്. അത് തിരുവനന്തപുരത്ത് സ്ഥാപിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. അത് സ്ഥാപിച്ചാൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ ട്രീറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയും. നഗരത്തിന്റെ കാര്യം മാത്രമല്ല ഇവിടെയിരിക്കുന്ന മുഴുവൻ എം.എൽ.എ.-മാരും തിരുവനന്തപുരത്തുവന്ന് താമസിക്കുന്ന ആളുകളാണ്. ആ ബുദ്ധിമുട്ട് അങ്ങേക്കും നേരിട്ട് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ഇതിന് യുദ്ധകാലാടിസ്ഥാനത്തിൽ തീരുമാനമെടുക്കണം. അതിന് രാഷ്ട്രീയ സാഹചര്യം അനുകൂലമായിട്ടുണ്ടെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ഇക്കാര്യത്തിലുണ്ടാകണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, തിരുവനന്തപുരത്തെ മാലിന്യപ്രശ്നം കേരളത്തിലെ മറ്റേതൊരു പ്രദേശത്തെയുംപോലെതന്നെ ഗുരുതരമാണ്. കഴിഞ്ഞ ഒന്നോ രണ്ടോ മാസമായിട്ടുണ്ടായിട്ടുള്ളതല്ല അത്. കാലങ്ങളായി തലസ്ഥാന നഗരിയിൽ നിലനിൽക്കുന്ന പ്രശ്നമാണ്. 2011 ഡിസംബറിൽ വിളപ്പിൽശാലയിലെ കേന്ദ്രീകൃത മാലിന്യസംസ്കരണ പ്ലാന്റ് അടച്ചുപൂട്ടുന്നതുവരെ തിരുവനന്തപുരത്തെ മാലിന്യസംസ്കരണം പ്രസ്തുത പ്ലാന്റിനെ മാത്രം ആശ്രയിച്ചായിരുന്നു നിലനിന്നിരുന്നത്. ബദൽസംവിധാനം ഒരുക്കാതെയാണ് പ്ലാന്റ് അടച്ചുപൂട്ടിയത്. ഇതുമൂലം ഗുരുതര പ്രതിസന്ധിയാണ് തിരുവനന്തപുരം പട്ടണത്തിൽ ഉണ്ടായിരിക്കുന്നത്. നഗരസഭയും ശുചിത്വമിഷനും സന്ദർഭോചിതമായും സംയുക്തമായും ഫലപ്രദമായ ഇടപെടലാണ് തുടർന്ന് നടത്തിയത്. അതുകൊണ്ടുതന്നെയാണ് മാലിന്യപ്രശ്നം ഒരു പരിധിവരെ നിയന്ത്രണവിധേയമാക്കുവാൻ കഴിഞ്ഞത്. മുരുക്കുംപുഴയിലും വേളിയിലും റെയിൽവെ പ്ലാറ്റ്ഫോമുകൾ നിർമ്മിക്കുന്നതിന് ലാന്റ് ഫില്ലിംഗിനായി നഗരത്തിലെ മാലിന്യങ്ങൾ ഉപയോഗപ്പെടുത്തിയും വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംരംഭങ്ങൾ ആരംഭിച്ചുമാണ് നഗരസഭ ഇക്കാര്യത്തിൽ അവരുടെ പങ്ക് നിർവ്വഹിച്ചത്. 'എന്റെ നഗരം സുന്ദര നഗരം' പദ്ധതിയുടെ ഭാഗമായി 83000-ത്തിലധികം പൈപ്പ് കമ്പോസ്റ്റിംഗ് യൂണിറ്റുകളും 2500 വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകളും സബ്സിഡിയോടെ

നഗരസഭ നടപ്പിലാക്കുകയുണ്ടായി. എയ്റോബിക് ബിന്നുകളും വേസ്റ്റ് കൺവെർട്ടറുകളും കിച്ചൺ ബിന്നുകളും പട്ടണത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചും പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് ക്ലീൻ കേരള കമ്പനി ശേഖരിച്ച് റീ സൈക്ലിംഗ് നടത്തുന്നതിന് അയൽ സംസ്ഥാനങ്ങളിലേക്ക് അയച്ചും തിരുവനന്തപുരത്തെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിന് തീവ്രമായ യത്നങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം കോർപ്പറേഷൻ കഴിഞ്ഞ ഒന്നാം തീയതി മുതൽ 50 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ നഗര പരിധിയിൽ പൂർണ്ണമായും നിരോധിച്ചുകൊണ്ടുള്ള നീക്കത്തിനും തുടക്കമിട്ടിട്ടുണ്ട്. ശ്ലാഘനീയമായിട്ടുള്ള പ്രവൃത്തികളാണ് നഗരസഭയുടെ ഭാഗത്തുനിന്നുണ്ടായിക്കൊണ്ടിരിക്കുന്നത്. സംസ്ഥാന സർക്കാരും തിരുവനന്തപുരം നഗരത്തിന്റെ കാര്യത്തിൽ പ്രത്യേക പരിഗണന തന്നെ നൽകും. ഒരു ശരീരത്തോട് കേരളത്തെ ഉപമിച്ചാൽ അതിന്റെ ഹൃദയമാണ് തിരുവനന്തപുരം. ഹൃദയം നന്നായാൽ ശരീരം നന്നായിയെന്നാണ് പറയുന്നത്. തിരുവനന്തപുരം മാലിന്യമുക്തമായാൽ കേരളംതന്നെ മാലിന്യമുക്തമായിയെന്ന് നമുക്ക് പറയാൻ സാധിക്കും. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതി വിഹിതത്തിന്റെ ഏറ്റവും ചുരുങ്ങിയത് 10 ശതമാനം മാലിന്യസംസ്കരണത്തിനു വേണ്ടി നീക്കിവയ്ക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇതിനകം കൈമാറിക്കഴിഞ്ഞു.

കേരളത്തെ വരുന്ന നവംബർ മാസം ഒന്നാം തീയതിയോടുകൂടി ഒരു ഒ.ഡി.എഫ്. സംസ്ഥാനമായി പ്രഖ്യാപിക്കുവാനുള്ള തീവ്രയത്നത്തിലാണ് സർക്കാർ. സംസ്ഥാന മുഖ്യമന്ത്രി പ്രധാനമന്ത്രിയെക്കണ്ട സന്ദർഭത്തിൽ ഇത്തരമൊരു ഖ്യാതി നേടിയെടുക്കുന്നതിന് പ്രഥമ പരിഗണന സംസ്ഥാനം നൽകുമെന്നും കേരളപ്പിറവി ദിനമായ നവംബർ ഒന്നിനുമുമ്പ് കേരളത്തിലെ മുഴുവൻ ഗ്രാമീണ മേഖലകളിലും ഇത് സാധ്യമാക്കുമെന്നും ഉറപ്പുകൊടുത്തിട്ടുണ്ട്. അതിന്റെ തീവ്രയജ്ഞത്തിലാണ് സംസ്ഥാന സർക്കാരും ശുചിത്വമിഷനും തദ്ദേശഭരണ സ്ഥാപനങ്ങളുമെല്ലാം. അങ്ങും അങ്ങയുടെ ആസ്തി വികസന ഫണ്ട് ഉൾപ്പെടെയുള്ള വികസന ഫണ്ടുകൾ ഇക്കാര്യത്തിന് പ്രയോജനപ്പെടുത്തുവാൻ മുന്നോട്ടുവന്നാൽ അതും നമുക്കൊരു മുതൽക്കൂട്ടാകുമെന്നുകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

### ചട്ടം 47(2) അനുസരിച്ചുള്ളത്

1. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 3302, പതിനഞ്ചാം സമ്മേളനത്തിലെ 1885, പതിനാറാം സമ്മേളനത്തിലെ 98 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 4545, 5893 പതിനഞ്ചാം സമ്മേളനത്തിലെ 569 എന്നീ നമ്പരുകളിലുള്ള നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

മി. സ്പീക്കർ: ചട്ടം 288 പ്രകാരം ശ്രീ. എം. സ്വരാജ് ഒരു കത്ത് നൽകിയിട്ടുണ്ട്. അങ്ങേക്ക് വിശദീകരിക്കാവുന്നതാണ്.

## V വ്യക്തിപരമായ വിശദീകരണം

### ബൈബിൾ പരാമർശം

ശ്രീ. എം. സ്വരാജ്: സർ, ബഡ്ജറ്റ് ചർച്ചയുടെ ഭാഗമായി ഇവിടെ ഞാൻ നടത്തിയ ബൈബിളിലെ ഒരു പരാമർശം സഭയ്ക്കകത്തും പുറത്തും വിവാദമായിരിക്കുകയാണ്. യഥാർത്ഥത്തിൽ തെറ്റിദ്ധാരണയിൽ നിന്നുണ്ടായ വിവാദമാണിത്. ശൂന്യതയിൽ നിന്നുണ്ടായ ബഹളമെന്നും മറ്റും ഷേക്സ്പിയർ പരാമർശിച്ചതിന് തുല്യമാണത്. ബൈബിളിന്റെ ഭാഷയും പ്രയോഗങ്ങളും സാഹിത്യവും വളരെ സവിശേമായിട്ടുള്ളതാണ്. സവിശേഷമായ ഭാഷ, പ്രതീകാത്മകമായ പ്രയോഗങ്ങൾ, അതുല്യമായ സാഹിത്യ ഭാവം ഇവയെല്ലാംകൊണ്ട് സമ്പന്നമാണ് ബൈബിൾ. ഇത് ഒറ്റ വായനയിൽ മനസ്സിലായിക്കൊള്ളണമെന്നില്ല. മത്തായിയുടെ സുവിശേഷത്തിൽ യഥാർത്ഥത്തിൽ പറയുന്നത് പന്നികളെയും നായ്ക്കളെയുംകുറിച്ചൊന്നുമല്ല. ഒറ്റ വായനയിൽ അങ്ങനെ തെറ്റദ്ധരിക്കാനിടയുണ്ട്. അമൂല്യമായതിനെ അനർഹരായവർക്ക് അർഹിക്കുന്ന ഗൗരവത്തോടെ സമീപിക്കാനാവില്ലെന്ന സന്ദേശം മാത്രമാണ് അതിൽ പറയുന്നത്. അതിനുപകരം തെറ്റായ നിലയിലാണ് പലർക്കും അത് മനസ്സിലാക്കാൻ കഴിഞ്ഞത്. ബൈബിൾ ആഴത്തിൽ പഠിക്കാത്തതുകൊണ്ടും ബൈബിളിന്റെ ഹൃദയത്തെ സ്പർശിക്കാത്തതുകൊണ്ടുമാണിത്. പത്രങ്ങളിലും മറ്റും വന്ന വാർത്തകളായിരിക്കും

ഒരുപക്ഷെ ചിലരെ അങ്ങനെ വഴിതെറ്റിച്ചിട്ടുണ്ടാകുക എന്ന് ഞാൻ കരുതുന്നു. ഏതെങ്കിലും അംഗത്തെയോ അംഗങ്ങളെയോ ആക്ഷേപിക്കുവാൻ ഉദ്ദേശിച്ചു കൊണ്ടല്ല മത്തായി അത് എഴുതിയതും ഞാൻ അത് ഇവിടെ പറഞ്ഞതും. സത്യത്തിൽ മത്തായി ഒരു കുഴപ്പക്കാരനേയല്ലായെന്ന് ഈ സഭയുടെ മുമ്പാകെ ആവർത്തിച്ച് വ്യക്തമാക്കാൻ ഞാൻ ഉദ്ദേശിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. എം. സ്വരാജ്: സർ, റൂൾ 288 പ്രകാരമുള്ള വ്യക്തിപരമായ വിശദീകരണത്തിന് ചർച്ച പാടില്ലാത്തതാണ്. പിന്നെങ്ങനെ ചർച്ച ചെയ്യും.

മി. സ്പീക്കർ: ഇവിടെ ചർച്ചയൊന്നുമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അതല്ല പറഞ്ഞത്, ഞാൻ എന്താണ് പറയാൻ പോകുന്നതെന്ന് ഇദ്ദേഹം എങ്ങനെയാണ് മുൻകൂട്ടി അറിയുന്നത്. ഞാൻ പറഞ്ഞത്, കഴിഞ്ഞ ദിവസത്തെ പ്രസംഗത്തിൽ പറഞ്ഞതാണ്, ഇതുമായി ബന്ധപ്പെട്ടല്ല.

മി. സ്പീക്കർ: ഏത് ചട്ടപ്രകാരമാണ് പറയുന്നത്? എപ്പോഴും ചട്ടം ഉദ്ധരിക്കുന്ന ആളല്ലേ അങ്ങ്. ഏത് ചട്ടപ്രകാരമാണ് അങ്ങ് സംസാരിക്കുന്നത്?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ റൂൾ 303 അനുസരിച്ച് ക്രമപ്രശ്നം ഉന്നയിക്കുകയാണ്. കഴിഞ്ഞ ദിവസത്തെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഈ ഭാഗമല്ല, ഈ ഭാഗമാണെങ്കിലല്ലേ പേഴ്സണൽ എക്സ്പ്ലനേഷനിൽ വരികയുള്ളൂ. ഈ ഭാഗമല്ല, അദ്ദേഹം അല്ലാതെ പറഞ്ഞു. പ്രതിപക്ഷത്ത്, പ്രതിപക്ഷ നേതാവ് ഒഴിച്ചുള്ള ഒരാളും പുസ്തകം വായിക്കുന്ന ആളുകളല്ല, പുസ്തകം കത്തിച്ചുകളയുന്ന ആളുകളാണെന്നുള്ള പരാമർശം നടത്തി. അദ്ദേഹം അന്ന് പരാമർശം നടത്തിയപ്പോൾ ഞങ്ങൾ ഇടപെടാതിരുന്നത് ഈ സഭയിലെ കീഴ്‌വഴക്കം അനുസരിച്ച് ഒരാളുടെ ആദ്യത്തെ പ്രസംഗത്തിൽ ഇടപെടാൻ പാടില്ലായെന്നുള്ളതുകൊണ്ടാണ്. ശ്രീ. വി. ടി. ബൽറാം പറഞ്ഞ വിഷയത്തെപ്പറ്റിയും പറഞ്ഞു. കുറ്റപത്രമാണെന്ന് വൈറ്റ് പേപ്പറിനെക്കുറിച്ച് പറഞ്ഞു. സാമ്പത്തിക കുറ്റവാളികൾ അതൊരു കുറ്റപത്രമായേ കാണുന്നുള്ളൂവെന്ന് പറഞ്ഞു. ശ്രീ. വി. ടി. ബൽറാം ഏത് സാമ്പത്തിക കുറ്റമാണ് ചെയ്തിട്ടുള്ളത്? ഇതിൽ അദ്ദേഹം പറഞ്ഞത് ഞങ്ങൾ ബൈബിൾ വായിക്കാത്തവരും ഇതുമായി ബന്ധമില്ലാത്തവരും ബൈബിളിന്റെ ഹൃദയം സ്പർശിക്കാത്ത ആളുകളുമാണെന്നുമൊക്കെയാണ്. അങ്ങനെ ഈ സഭയിൽ പരാമർശം നടത്തുന്നത് ഓർഡറിലാണോ?

മി. സ്പീക്കർ: ചട്ടം 288 പ്രകാരം ചർച്ചയില്ല. ശ്രീ. വി. ഡി. സതീശനും ശ്രീ. എം. സ്വരാജും ഇരിക്കണം. അദ്ദേഹം ആരെയും അപമാനിക്കാൻ ഉദ്ദേശിച്ചിട്ടില്ലെന്ന് വ്യക്തമായി പറഞ്ഞുകഴിഞ്ഞു. വീണ്ടും അത് ഉയർത്തിക്കൊണ്ടു വരേണ്ട യാതൊരു ആവശ്യവുമില്ല. പ്രധാനപ്പെട്ട കാര്യങ്ങളിലേക്ക് കടക്കേണ്ടതുണ്ട്.

## VI ധനകാര്യം

### വോട്ട് ഓൺ അക്കൗണ്ട് - ചർച്ചയും വോട്ടെടുപ്പും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, "ഈ ഉപക്ഷേപത്തോടനുബന്ധിച്ചുള്ള പട്ടികയിലെ നാലാം കോളത്തിൽ യഥാക്രമം കാണിച്ചിരിക്കുന്ന സംഖ്യകളിൽ കവിയാത്ത തുകകൾ പ്രസ്തുത പട്ടികയിലെ മൂന്നാം കോളത്തിൽ ചേർത്തിട്ടുള്ള അനുയോജ്യമായ ഡിമാന്റ് ഹെഡ്ഡുകൾ സംബന്ധിച്ച് 2016-17 സാമ്പത്തിക വർഷത്തിലെ ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലേക്കുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനു വേണ്ടിയോ ചെലവ് ചെയ്യുന്നതിലേക്കോ ആയി ഗവർണ്ണർക്ക് നൽകണമെന്ന ഉപക്ഷേപം" ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. മോൻസ് ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 71,81,60,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ഭൂനികുതി എന്ന VI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 144,25,91,000 ക.യിൽനിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,26,95,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

മുദ്രപത്രങ്ങളും രജിസ്ട്രേഷനും എന്ന VII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,26,95,000 ക.യിൽ നിന്ന് ഒരുന്നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 65,49,62,000 ക.യിൽ നിന്ന് ഒരുന്നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 30,02,35,000 ക.യിൽ നിന്ന് ഒരുന്നൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 148,60,02,000 ക.യിൽ നിന്ന് ഒരുന്നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. അബ്ദുൽ ഹമീദ്. പി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 843,08,50,000 ക.യിൽ നിന്ന് ഒരുന്നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 843,08,50,000 ക.യിൽ നിന്ന് ഒരുന്നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 29,25,18,000 ക.യിൽ നിന്ന് ഒരുന്നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

സ്റ്റേഷനറിയും അച്ചടിയും മറ്റ് ഭരണപരമായ സർവ്വീസുകളും എന്ന XIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 105,89,31,000 ക.യിൽ നിന്ന് ഒരുന്നൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1186,75,79,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവ് ചെയ്യേണ്ടതാണ്.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4371,92,62,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1324,33,91,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 38,22,29,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 332,40,13,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. റോജി എം. ജോൺ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 252,19,30,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 758,10,83,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 98,06,03,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 832,63,35,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

മൃഗസംരക്ഷണം എന്ന XXXI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 166,22,86,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

ക്ഷീരവികസനം എന്ന XXXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 40,86,81,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 758,16,60,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 43,57,49,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1111,04,19,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 183,06,49,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 120,02,48,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 100,82,33,000 ക.യിൽ നിന്ന് ഒരുനൂറു ഉറുപ്പിക കുറവു ചെയ്യേണ്ടതാണ്.

11.02 AM]

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഞാൻ വോട്ട് ഓൺ അക്കൗണ്ടിനെ അനുകൂലിക്കുകയാണ്. സ്വന്തമായി ഒരു വീട് എന്നത് കേരളത്തിലെ എല്ലാ മനുഷ്യരുടെയും ആവശ്യവും ആഗ്രഹവുമാണ്. സാദ്ധ്യതയുള്ളവരൊക്കെയും അവരവരുടെ കഴിവിനനുസരിച്ച് വീടുവയ്ക്കുന്നു. എന്നാൽ വീടില്ലാത്ത പാവപ്പെട്ടവർ നിരവധിയാണ്. ഇവരുടെ വീട് എന്ന സ്വപ്നം സാക്ഷാൽക്കരിക്കുന്നതിനു വേണ്ടിയാണ് എൽ.ഡി.എഫ്. സർക്കാർ ഇ.എം.എസ്. ഭവന പദ്ധതിയും എം.എൻ. ഭവനപദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കിവന്നത്. കുറേപേർക്ക് വീട് വയ്ക്കാനായെങ്കിലും യു.ഡി.എഫ്. സർക്കാർ ഈ പദ്ധതി ഉപേക്ഷിച്ചു. രണ്ട് കമ്മ്യൂണിസ്റ്റ് നേതാക്കളുടെ പേരുകളോടുള്ള എതിർപ്പാണ് കാരണമെങ്കിൽ മറ്റേത് പേരിലായാലും പാവങ്ങൾക്ക് വീടുവയ്ക്കാനായാൽ ഞങ്ങൾ സഹകരിക്കുമായിരുന്നു. അത് ചെയ്തില്ല. ഒന്നും രണ്ടും ഗഡുക്കൾ വാങ്ങി ഭാഗികമായി പണിത ഒരു ലക്ഷത്തോളം വീടുകൾ യു.ഡി.എഫ്. ഭരണകാലം മുഴുവൻ അങ്ങനെതന്നെ കിടക്കുകയായിരുന്നു. പാവങ്ങളോട് ഇത്രയും ക്രൂരത വേണ്ടിയിരുന്നില്ല. 2015-16-ലെ ബഡ്ജറ്റിൽ പെട്രോൾ, ഡീസൽ വിലയിൽ ലിറ്ററിന് ഒരു രൂപ അധിക നികുതി പിരിക്കാൻ തീരുമാനിച്ചു. 375 കോടി രൂപയാണ് ലക്ഷ്യമിട്ടത്; ഏഴ് മാസംകൊണ്ട് 254 കോടി രൂപ പിരിച്ചെടുത്തതായി അന്ന് നിയമസഭയിൽ പറഞ്ഞിട്ടുണ്ട്. ഇത് പാവങ്ങൾക്ക് വീടുവച്ച് കൊടുക്കാനാണെന്നാണ് പറഞ്ഞത്. എന്നാൽ ഇതിൽനിന്നും ഒരു വീടുപോലും വച്ചുകൊടുത്തില്ല. ഇപ്പോൾ ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിൽ അഞ്ച് വർഷം കൊണ്ട് വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീടുവച്ചുകൊടുക്കുമെന്ന് പറഞ്ഞിരിക്കുകയാണ്.

പാവപ്പെട്ടവരുടെ വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയുന്ന ധീരമായ ഈ തീരുമാനം അഭിമാനകരമാണ്. കോഴിക്കോട് ജില്ലയിൽ രണ്ട് സെന്റുമുതൽ അഞ്ച് സെന്റുവരെ ഭൂമിയുള്ളവരും സ്വന്തമായി വീടില്ലാത്തവരുമായ നിരവധി ആളുകളുണ്ട്. അവരുടെ രേഖയിൽ നിലമെന്ന് കാണിച്ചതിനാൽ വീട് വയ്ക്കാൻ അനുവാദം ലഭിക്കാതെ കഷ്ടത്തിലാണ്. റിക്കോർഡുകളിൽ നിലം എന്നാണെങ്കിലും നാല്പതും അമ്പതും വർഷം പഴക്കമുള്ള തെങ്ങുകളും അവിടെയുണ്ട്. ഇക്കാര്യം ഗൗരവമായി പരിശോധിച്ച് ഈ പാവപ്പെട്ടവർക്ക് വീടുവയ്ക്കാൻ അനുവാദം നൽകാൻ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞ യു.ഡി.എഫ്. ഭരണകാലത്ത് കുറെ പഞ്ചായത്തുകളെ മുനിസിപ്പാലിറ്റികളാക്കി പ്രഖ്യാപിച്ചു. പേര് മാറ്റിയതല്ലാതെ വേറൊന്നും മാറിയിട്ടില്ല. എന്നുമാത്രമല്ല പഞ്ചായത്തിലുള്ള പലരും മറ്റ് പഞ്ചായത്തുകളിലേക്ക് സ്ഥലംമാറി പോകുകയും ചെയ്തു. മുനിസിപ്പാലിറ്റിയിൽ ചുരുങ്ങിയത് 29 വാർഡുകളെങ്കിലും വേണം. ഇപ്പോൾ പല മുനിസിപ്പാലിറ്റികളിലും 12-ഉം 14-ഉം വാർഡുകൾ മാത്രമാണുള്ളത്. ഭരണം പിടിക്കാൻവേണ്ടി മാത്രം ചെയ്ത സൂത്രപ്പണിയാണ് ഇതെന്നുകാണാം. 2014-15 വർഷത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഫണ്ട് ചെലവഴിച്ചത് 41 ശതമാനം മാത്രമാണ്. ഇതിന്റെ കാരണം ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, സഞ്ചിത നിധിയിൽനിന്ന് പബ്ലിക് അക്കൗണ്ടിലേക്ക് മാസംതോറും ഫണ്ട് മാറ്റാതെ 110 ദിവസം വരെ കാലതാമസം വരുത്തിയതായി ഓഡിറ്റ് നിരീക്ഷിക്കുന്നു എന്നാണ്.

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ 2500 കോടി രൂപ ചെലവഴിച്ചിട്ടും കുടിവെള്ളം എത്തിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. കോഴിക്കോട് കോർപ്പറേഷനിലും രണ്ട് മുനിസിപ്പാലിറ്റികളിലും 13 ഗ്രാമ പഞ്ചായത്തുകളിലുമുള്ള കുടിവെള്ള പദ്ധതിയിൽ 172 എം.എൽ.ഡി. വെള്ളമാണ് എത്തിക്കേണ്ടത്. ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ഇത് ഉദ്ഘാടനം ചെയ്തിട്ട് ഒരു വർഷത്തിലധികമായി. ഇപ്പോൾ 172-ൽ 40 എം.എൽ.ഡി. വെള്ളം മാത്രമാണ് ഉപയോഗത്തിന് ലഭ്യമാകുന്നത്. വിതരണ പൈപ്പുകൾ യഥാസമയം സ്ഥാപിക്കാത്തതുകാരണം 20 ഓവർഹെഡ് ടാങ്കുകളിലും വെള്ളം നിറഞ്ഞുകിടക്കുന്ന സമയത്ത് ജനങ്ങൾക്ക് ടാങ്കർ ലോറികളിൽ വെള്ളം എത്തിച്ചു കൊണ്ടിരിക്കുകയാണ്. ഇത് യു.ഡി.എഫ്. ഭരണത്തിന്റെ കെടുകാര്യസ്ഥതയല്ലാതെ മറ്റെന്താണ്? ജലാശയങ്ങളാൽ സമ്പന്നമായ നമ്മുടെ നാട്ടിലെ നദികൾ, കായലുകൾ, തടാകങ്ങൾ, ചെറുജലാശയങ്ങൾ എന്നിവ വേണ്ടവിധം സംരക്ഷിക്കാനോ പ്രയോജനപ്പെടുത്താനോ തയ്യാറാകാത്തതാണ് കാരണം. ജനം കുടിവെള്ളത്തിന് വളരെ പ്രയാസമനുഭവിക്കുകയാണ്.

2006-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോഴുണ്ടായിരുന്ന 96 പൊതുമേഖലാ സ്ഥാപനങ്ങളുടെ ശരാശരി നഷ്ടം 213.74 കോടി രൂപയായിരുന്നു. 2011-ൽ എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽനിന്നും പോകുമ്പോൾ ശരാശരി 292.45 കോടി രൂപ ലാഭത്തിലായിരുന്നു. അന്ന് പൂട്ടിക്കിടന്ന പല സ്ഥാപനങ്ങളും തുറന്ന് പ്രവർത്തിപ്പിച്ചു. പത്ത് പുതിയ വ്യവസായങ്ങൾ ആരംഭിച്ചു. എല്ലാം ലാഭത്തിലാക്കി. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ അഞ്ച് വർഷം ഭരണം നടത്തി അധികാരം ഒഴിയുമ്പോൾ 646 കോടി രൂപ നഷ്ടത്തിലായി. ഇതെന്താണ് കാണിക്കുന്നത്? അഴിമതിയും ദുർഭരണവും തന്നെയല്ലേ? യു.ഡി.എഫ്. ഭരണത്തിൽ പുതിയ കേന്ദ്ര വ്യവസായ സ്ഥാപനങ്ങൾ തുടങ്ങാൻ ധൈര്യമില്ലെന്ന് മുൻ കേന്ദ്രമന്ത്രി ശ്രീ. എ. കെ. ആന്റണി പറഞ്ഞത് ഇതുകൊണ്ടുതന്നെയാണ്. കോഴിക്കോട്ടെ പ്രമുഖ പൊതുമേഖലാ സ്ഥാപനമായ സ്റ്റീൽ കോംപ്ലക്സ്, തിരുവണ്ണൂർ കോട്ടൺ മിൽ എന്നിവ യു.ഡി.എഫ്. ഭരണത്തിൽ ഉൽപ്പാദനം നിലച്ച് താറുമാറായി കിടക്കുകയാണ്. ബാംബൂ കോർപ്പറേഷന്റെ ഭാഗമായുള്ള മുള കൊണ്ടുള്ള ഫ്ലോർ ടൈൽ നിർമ്മാണ ഫാക്ടറിയിൽ ഉൽപ്പാദനവും തൊഴിലും നിലച്ചിരിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളോടുള്ള യു.ഡി.എഫ്. സർക്കാരിന്റെ നയം ഇതുതന്നെയായിരുന്നു. പുതിയത് തുടങ്ങുന്നില്ലെന്ന് മാത്രമല്ല ഉള്ളത് നഷ്ടത്തിലാക്കി പൂട്ടുന്ന നിലപാടാണ് കാണാൻ കഴിയുന്നത്. കയർ തൊഴിലാളികൾക്ക് പണിയില്ല, പണിയെടുത്തതിനു തന്നെ കൂലിയുമില്ലാതെ പട്ടിണിയിലാണ്. അരപ്പട്ടിണിക്കാരായ കയർ തൊഴിലാളികളോട് കഴിഞ്ഞ സർക്കാർ ദയ കാണിച്ചില്ല. എല്ലാ കാലത്തും യു.ഡി.എഫ്. സർക്കാർ അരപ്പട്ടിണിക്കാരായ കയർ തൊഴിലാളികളെയും പരമ്പരാഗത തൊഴിലാളികളെയും സംരക്ഷിക്കാൻ നടപടിയെടുക്കാറില്ല. എന്നാൽ എൽ.ഡി.എഫ്. സർക്കാരിന്റെ ബഡ്ജറ്റിൽ മിനിമം കൂലി ഉറപ്പുവരുത്തി ഉൽപ്പന്നം സർക്കാർ സംഭരിക്കുമെന്ന് പറഞ്ഞത് ഈ മേഖലയ്ക്ക് ആശ്വാസം പകരുന്നതാണ്. കൂടാതെ ആധുനികവൽക്കരണവും ഉൽപ്പാദന വർദ്ധനവും ഉറപ്പുവരുത്താൻ 50 ശതമാനം വരെ സബ്സിഡി നൽകാൻ തീരുമാനിച്ചതും ധീരമായ നടപടിയാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീമതി ഇ. എസ്. ബിജിമോൾ]

കോഴിക്കോട് വേങ്ങേരിയിൽ യൂറോപ്യൻ യൂണിയന്റെ സഹായത്തോടെ 40 ഏക്കർ ഭൂമിയെടുത്ത് കാർഷിക വിപണന കേന്ദ്രം തുടങ്ങി. ഇന്നവിടെ നാമമാത്രമായ പ്രവർത്തനമാണ് നടക്കുന്നത്. വലിയ മുതൽമുടക്കുള്ള ഈ സ്ഥാപനത്തിൽ മാതൃകാ കൃഷിത്തോട്ടവും ട്രെയിനിംഗ് സെന്ററും ആഗ്രോ ലാബും ഉള്ളതാണ്. ഇപ്പോൾ കോഴിക്കോട് വാടക മുറിയിൽ പ്രവർത്തിക്കുന്ന മണ്ണുത്തി

അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ ഔട്ട്ലെറ്റ് അവിടേക്ക് മാറ്റാൻ കഴിയും. കൃഷി ഡയറക്ടറുടെ ജില്ലാതല ഓഫീസും അവിടേക്ക് മാറ്റി ഇത് പ്രയോജനപ്പെടുത്തുന്നത് നല്ലതാണ്. എന്റെ മണ്ഡലത്തിലാണ് ഞെളിയംപറമ്പ്. അവിടെ മാലിന്യം സംസ്കരിച്ചുകഴിഞ്ഞാലുണ്ടാകുന്ന റിജക്ഷൻ കുന്നുകൂടി കിടക്കുകയാണ്. ഇത് നീക്കം ചെയ്യുന്നതിനാവശ്യമായ സാമ്പത്തിക സഹായം ചെയ്തുതരണമെന്ന് അഭ്യർത്ഥിക്കുന്നു. എന്റെ മണ്ഡലം കടലോര മേഖലയിലാണ്. ഗോതീശ്വരം, വാക്കടവ്, കപ്പലങ്ങാടി മുതലായ സ്ഥലത്തെല്ലാം കടലാക്രമണം കാരണം മത്സ്യത്തൊഴിലാളികൾ വീട് വിട്ടുപോകേണ്ട അവസ്ഥയിലാണ്. ഇതിന് പരിഹാരം കാണാൻ ശാസ്ത്രീയമായി കടൽ ഭിത്തി നവീകരിക്കുകയും ഇല്ലാത്ത സ്ഥലത്ത് പുതുതായി ഭിത്തി കെട്ടി സംരക്ഷിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ റോഡ് സൈഡിലാണ് പ്രവർത്തിക്കുന്നത്. അവിടെ നീണ്ട ക്യൂവാണ്. മണിക്കൂറുകളോളം അവർ റോഡിൽ നിന്നാണ് സാധനം വാങ്ങുന്നത്. ഇത് മാറ്റി മദ്യപൻമാർക്ക് മാന്യമായി കള്ള് കുടിക്കാൻ അവസരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

11.12 AM]

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുകയാണ്. പുതിയ സർക്കാർ ഭരണമേറിയതിനുശേഷമുള്ള മൂന്ന് പ്രധാനപ്പെട്ട പോളിസി ഡോക്യുമെന്റുകളായ ഗവർണ്ണറുടെ നയപ്രഖ്യാപനം, ധവളപത്രം, അതിനുശേഷമുള്ള ബഡ്ജറ്റ് ഡോക്യുമെന്റ് എന്നിവ വായിച്ചതിനും പഠിച്ചതിനും ശേഷം എനിക്ക് ഓർമ്മ വന്നത് 19-ാം നൂറ്റാണ്ടിലെ ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന ബെഞ്ചമിൻ ഡിസ്രേലി പറഞ്ഞതും വളരെ വിശ്വപ്രസിദ്ധവുമായ ഒരു പ്രയോഗമാണ്. "There are three kinds of lies in this world: lies, damn lies and statistics". അദ്ദേഹം പറഞ്ഞത് ഈ ലോകത്ത് മൂന്നുതരത്തിലുള്ള കള്ളങ്ങളുണ്ടെന്നാണ്. ഒന്ന് - ചെറിയ നുണകൾ, രണ്ട് - കല്ലുവച്ച നുണകൾ, മൂന്ന് - കണക്കുകൾ കൊണ്ടുള്ള നുണകൾ. ഇതുകൊണ്ട് ഞാൻ ഉദ്ദേശിക്കുന്നത് ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക് കള്ളം പറഞ്ഞുവെന്നല്ല. അദ്ദേഹം വളരെ ഷാർപ്പായി കണക്കുകൾ ഉപയോഗിച്ച്, കണക്കിലെ ചെറിയ കാര്യങ്ങൾ കാണിച്ചുകൊണ്ട് കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് യു.ഡി.എഫ്. സർക്കാർ ഈ നാട്ടിൽ ചെയ്ത വികസന പ്രവർത്തനങ്ങളെയും ക്ഷേമ പ്രവർത്തനങ്ങളെയും താറുമാറാക്കി കാണിക്കാനാണ് ശ്രമിച്ചിട്ടുള്ളത്. ആ കൗശലത്തെക്കുറിച്ചാണ് പറഞ്ഞത്. അദ്ദേഹം ഏറ്റവും കൂടുതൽ വിലപിക്കുന്നത് റവന്യൂ എക്സ്പെൻഡിച്ചറിനെ കുറിച്ചാണ്.

കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് കേരളത്തിലുണ്ടായ റവന്യൂ എക്സ്പെൻഡിച്ചർ നമുക്കെല്ലാം അറിയാം. അദ്ദേഹം പറയുന്ന ഡോക്യുമെന്റ്സിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം, സാലറിയും പെൻഷനും ഇന്ററസ്റ്റും കൂടാതെയുള്ള റവന്യൂ എക്സ്പെൻഡിച്ചർ 2011-ൽ 12000 കോടി രൂപയിൽ നിന്ന് 2016 ആയപ്പോൾ 30000 കോടി രൂപയായി എന്നുള്ളതാണ്. അത് വസ്തുത തന്നെയാണ്. ആ സമയത്ത് Other Revenue expenditure കൂടിയത് ഏതൊക്കെ വകുപ്പുകളിലും ഘടകങ്ങളിലുമാണെന്നുള്ള കാര്യം അദ്ദേഹം പറഞ്ഞിട്ടില്ല. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് കേരളത്തിൽ പുതിയ മെഡിക്കൽ കോളേജുകൾ വന്നതും പുതിയ താലൂക്കുകൾ വന്നതും 45000 പുതിയ തസ്തികകൾ വന്നതുമൊക്കെ ഈ പണം കൊണ്ടാണ്. അതുപോലെതന്നെ ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞാൻ പഠിച്ചിരുന്ന തിരുവനന്തപുരത്തെ കോളേജ് ഓഫ് എൻജിനീയറിംഗിൽ സ്റ്റാർട്ട്-അപ് വില്ലേജിന്റെ രണ്ടാമത്തെ ഘട്ടത്തിനുള്ള പ്രോഗ്രാം ഉദ്ഘാടനം ചെയ്തിരുന്നു. അതിന്റെ ഒന്നാമത്തെ ഘട്ടം തുടങ്ങിയത് യു.ഡി.എഫ്. സർക്കാരിന്റെ സമയത്താണ്. ആളുകളോട് സ്വപ്നം കാണാനാണല്ലോ ഡോ. എ. പി. ജെ. അബ്ദുൽക്കലാം പറഞ്ഞത്. കഴിഞ്ഞ പ്രാവശ്യം സ്വപ്നം കാണുന്ന എഞ്ചിനീയറിംഗ് വിദ്യാർത്ഥികളെ, സ്റ്റാർട്ട്-അപ് വില്ലേജിലെ കുട്ടികളെ, അമേരിക്കയിലെ സിലിക്കോൺ വാലിയിലും ഫെയ്സ് ബുക്കിന്റെയും മോസിലയുടെയും ലിങ്ക്ഡ്ഇൻ ഓഫീസുകളിലും വിട്ട് ട്രെയിനിംഗ് നൽകുകയും അതുകഴിഞ്ഞ് തിരിച്ചുവന്ന അവരെയെല്ലാംകൊണ്ട് ക്യാബിനറ്റിൽ ക്ലാസ്സ് എടുപ്പിക്കുകയും ചെയ്തതും ഈ പണം കൊണ്ടാണ്. അതും റവന്യൂ എക്സ്പെൻഡിച്ചറാണ്. അതുപോലെതന്നെ കഴിഞ്ഞ അരുവിക്കര ഉപതെരഞ്ഞെടുപ്പ് നടന്നപ്പോൾ ഏറ്റവും പ്രധാനപ്പെട്ട ഒരു പരാതിയുണ്ടായത് വിതുരയിലെ ജെഴ്സിഫാമിലെ തൊഴിലാളികളുടെ തൊഴിൽ സ്ഥിരതയെക്കുറിച്ചായിരുന്നു. നമ്മളെല്ലാവരും ഇലക്ഷന് പോയപ്പോൾ വിലപിച്ച ഒരു കാര്യമാണ്. അന്ന് ഡെയ്‌ലി വേജസായിരുന്ന 145 തൊഴിലാളികളെ കാഷ്വൽ തൊഴിലാളികളാക്കണമെന്ന വലിയൊരു ആവശ്യമുണ്ടായിരുന്നു. ആ ആവശ്യവുമായി ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും കൃഷിമന്ത്രിയുടെയും അടുത്തു പോയപ്പോൾ എന്റെ കൂടെ വന്നത് അവിടത്തെ ഐ.എൻ.ടി.യു.സി., എ.ഐ.ടി.യു.സി., സി.ഐ.ടി.യു. തുടങ്ങി എല്ലാവിഭാഗം തൊഴിലാളികളുമാണ്. എല്ലാവരും ഒരുമിച്ച് ഈയൊരു ആവശ്യം പറഞ്ഞപ്പോൾ കേരളത്തിന്റെ മുഖ്യമന്ത്രിയും യു.ഡി.എഫ്. സർക്കാരും വിതുരയിലെ മാത്രമല്ല കേരളത്തിലെ 234 ജെഴ്സിഫാം തൊഴിലാളികളെയും സ്ഥിരപ്പെടുത്തുക യാണുണ്ടായത്. അവരുടെ ശമ്പളം ഇരട്ടിയാക്കി. ഇതൊക്കെ മുൻ സർക്കാരിന്റെ കനിവുകൊണ്ടുണ്ടായതാണ്. അതിനെ വിതുരയിലുള്ള പാർട്ടിക്കാരും ആളുകളും

വിളിക്കുന്നത് financial mismanagement എന്നല്ല, unprudent financial management എന്നല്ല, wasteful expenditure എന്നുമല്ല, അതിന് കൊടുത്തിരിക്കുന്ന പേര് 'സ്നേഹം' എന്നാണ്, 'മനുഷ്യത്വം' എന്നാണ്, കമ്പാഷൻ എന്നാണ്. രണ്ടാമത്തെ ഒരു വാദഗതി, അങ്ങയുടെ സ്ട്രാറ്റജി ഡോക്യുമെന്റിന്റെ (capital expenditure) മൂന്നാം ചാപ്റ്ററിൽ 'Outlines of strategy'-യെക്കുറിച്ച് വിവരിക്കുന്നുണ്ട്. അതിൽ അങ്ങ് പറയുന്ന CAPEX as a percentage of GSDP/ GDP എന്നൊരു റേഷ്യോ ഉണ്ട്. കേരളത്തിന്റെ ആ റേഷ്യോ 1.79 ശതമാനമാണ്, അത് കുറവാണ്. അത് 4 ശതമാനം ആകണമെന്നാണ് അങ്ങ് പറയുന്നത്. അത് വിവരിക്കുവാൻവേണ്ടി ഒരു വലിയ ടേബിളും ഇതിൽ തന്നിട്ടുണ്ട്. അങ്ങ് സ്വപ്നം കാണുന്ന കിനാശ്ശേരിയിലുള്ള ആ ടേബിളിൽ ആദ്യത്തെ സംസ്ഥാനം ഉത്തർപ്രദേശാണ്. പട്ടിണിപ്പാവങ്ങളുടെയും ഏറ്റവും കൂടുതൽ ശിശുമരണങ്ങൾ നടക്കുന്നതുമായ ഉത്തർപ്രദേശ് ആകണം കേരളം എന്നാണ് അങ്ങ് പറയുന്നത്. അങ്ങ് കാണുന്ന കിനാശ്ശേരിയിൽ നാലാമത്തെ സംസ്ഥാനം ഗുജറാത്താണ്. നമ്മളൊക്കെ ഇലക്ഷൻ സമയത്ത് ഏറ്റവും കൂടുതൽ വാദഗതി നടത്തിക്കൊണ്ടിരുന്നത് കേരള മോഡൽ ഓഫ് ഡെവലപ്പ്മെന്റിനെക്കുറിച്ചും ഗുജറാത്ത് മോഡലിനെക്കുറിച്ചുമാണ്. ഇല്ക്ഷനിൽ സി.പി.ഐ.(എം) സ്ഥാനാർത്ഥിയായി വട്ടിയൂർക്കാവിൽ മത്സരിച്ച സ്ഥാനാർത്ഥിയുടെ പ്രചരണാർത്ഥം പേരൂർക്കട ജംഗ്ഷനിൽ ഒരു ഫ്ലക്സുണ്ടായിരുന്നു. ശ്രീ. കെ. മുരളീധരൻ ആ സ്ഥാനാർത്ഥിയെ തോല്പിച്ചു. ആ സ്ഥാനാർത്ഥി മൂന്നാമതായി. കേരളത്തിന്റെ ഡെവലപ്മെന്റ് ഇൻഡിക്കേറ്റേഴ്സും മധ്യപ്രദേശിന്റെ ഡെവലപ്മെന്റ് ഇൻഡിക്കേറ്റേഴ്സും ഗുജറാത്തിലെ ഡെവലപ്മെന്റ് ഇൻഡിക്കേറ്റേഴ്സും കാണിച്ചാണ് ആ സ്ഥാനാർത്ഥിക്കുവേണ്ടി വോട്ട് പിടിച്ചത്. ഇന്ന് ഇലക്ഷനിൽ ജയിച്ചതിനു ശേഷവും കേരളാ മോഡൽ വിട്ട് നമ്മളെല്ലാവരും ഗുജറാത്ത് മോഡലിലേക്ക് പോകണമെന്നാണ് ഈ ഡോക്യുമെന്റിലൂടെ അങ്ങ് പറയുന്നത്.

ഇനി പ്രധാനയും പറയാനുള്ളത് ബഡ്ജറ്റിനെക്കുറിച്ചാണ്. എന്റെ എളിയ അഭിപ്രായത്തിൽ ഇതൊരു ഔട്ട്സോഴ്സ് ബഡ്ജറ്റാണ്. കുപ്പിയിൽ കിടന്നുറങ്ങുന്ന കിഫ്ബി എന്ന ഒരു ഭൂതത്തിന് ഭക്ഷണം കൊടുത്ത് വലുതാക്കി പുറത്ത് കൊണ്ടുവരുന്ന ഒരു പുതിയ ബഡ്ജറ്റാണിത്. ഞാൻ അത്യാവശ്യം ഫിനാൻഷ്യൽ നോളഡ്ജുള്ള ആളാണ്. അങ്ങ് കിഫ്ബിയിൽക്കൂടി എങ്ങനെ പണം സമാഹരിക്കും, ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസിന് എങ്ങനെ പണം കിട്ടുമെന്നുമുള്ള കാര്യമൊക്കെ വിശദമായി ഇതിൽ പറഞ്ഞിട്ടുണ്ട്. അത് ഇന്നലെ സഭയിലും പറഞ്ഞതാണ്.

ബാങ്കിംഗ് മേഖലയിലുള്ള ആളുകൾ, പ്രത്യേകിച്ച് ബോംബെയിലെ ബാന്ദ്ര കുർള കോംപ്ലക്സിലും നരിമൻ പോയിന്റിലും ഡൽഹിയിലെ ബാറാഖമ്പ റോഡിലുമൊക്കെയുള്ള ബാങ്കിംഗ് ഇൻസ്റ്റിറ്റ്യൂഷൻസിലെ പി.ഇ. പ്ലേയേഴ്സ് ആവട്ടെ ഇക്വിറ്റി പാർട്ട്ണേഴ്സാവട്ടെ അതിന്റെ ഫണ്ട് മാനേജേഴ്സ് ആവട്ടെ, എന്റെ അഭിപ്രായത്തിൽ ഇവർക്കൊക്കെ സാമൂഹിക പ്രതിബദ്ധത അല്പം കുറവാണ്. അങ്ങ് ബുദ്ധി ജീവിയായതുകൊണ്ടോ, Fab India കുർത്ത ധരിക്കുന്നതുകൊണ്ടോ, 3132 ചെടികൾ നട്ടതുകൊണ്ടോ അവർ എളുപ്പത്തിൽ വന്ന് നമുക്ക് ലോൺ തരില്ല. അവരെല്ലാവരും നോക്കുന്നത് ലാഭമാണ്. പ്രശസ്തമായ ഒരു ഇംഗ്ലീഷ് സിനിമയുണ്ട്, Jerry Maguire. അതിൽ പ്രശസ്തമായ ഒരു ലൈനുണ്ട്, 'show me the money...' മലയാളത്തിൽ പറയുകയാണെങ്കിൽ, 'എനിക്ക് ലാഭം കാണിച്ചുതരൂ' എന്നാണ്. എനിക്ക് ലാഭം കാണിച്ചുതരൂ എന്ന് പറഞ്ഞുവരുന്ന ഫണ്ട് മാനേജർമാരെയാണ് അങ്ങ് അപ്രോച്ച് ചെയ്യാൻ പോകുന്നത്. അങ്ങനെ അവരെ അപ്രോച്ച് ചെയ്യാൻ പോകുമ്പോൾ അവരുടെ ഏറ്റവും പ്രധാനപ്പെട്ട ലക്ഷ്യം നമ്മുടെ കയ്യിൽ നിന്നും ഏറ്റവും കൂടുതൽ പണം എങ്ങനെ നേടിയെടുക്കാമെന്നതായിരിക്കും.ഒരുപക്ഷേ മുന്നോട്ടുപോകുമ്പോൾ നമ്മുടെ സാമൂഹിക സുരക്ഷയ്ക്കുള്ള ഫണ്ട് വെട്ടിക്കുറയ്ക്കാൻ അവർ പറയും. ഇതിന്റെ ചെറിയ ലക്ഷണങ്ങൾ കേന്ദ്രസർക്കാരിൽ കാണുന്നുണ്ട്. നമ്മളെല്ലാവരും ഇവിടെ ഉച്ചക്കഞ്ഞിക്കും തൊഴിലുറപ്പിനുമുള്ള ബഡ്ജറ്റ് കുറച്ചു എന്നുപറഞ്ഞ് വിലപിക്കുന്നുണ്ട്. കേന്ദ്രസർക്കാർ അതൊക്കെ കുറയ്ക്കുന്ന ഇതുപോലെയുള്ള തീരുമാനങ്ങളെടുത്തത് ഫണ്ട് മാനേജർമാർ പറഞ്ഞതു കൊണ്ടായിരിക്കും. ഞാൻ മറ്റൊരു ഉദാഹരണംകൂടി പറയാം. നവഇടതുപക്ഷത്തിന്റെയും ഇടതുപക്ഷക്കാരുടെയുമൊക്കെ പറുദീസയാണ് എന്നതിന് ഏറ്റവും നല്ല ഉദാഹരണമായി മാറിക്കൊണ്ടിരിക്കുന്നത് വിയറ്റ്നാമാണ്. ദൂരെയൊന്നും പോകണ്ട, റഷ്യയിലും ചൈനയിലുമൊന്നും പോകണ്ട. നമ്മുടെ അയൽപക്കത്തുള്ള വിയറ്റ്നാമിൽ പോകുകയാണെങ്കിൽ അവിടെ 'Vinashin' എന്ന ഒരു കമ്പനിയുണ്ടായിരുന്നു. വിയറ്റ്നാം സർക്കാരിന്റെ കീഴിലുള്ള വിയറ്റ്നാം ഷിപ്പിംഗ് കോർപ്പറേഷനാണ്. 2010-ൽ അങ്ങ് പറഞ്ഞതുപോലെ എസ്.പി.വി.-യൊക്കെയുണ്ടാക്കി ഒരു ബില്യൻ ഡോളർ മാർക്കറ്റിൽ നിന്നും Vinashin എന്ന ഷിപ്പിംഗ് കമ്പനി എടുക്കാൻ പോയി. ആ ഒരു ബില്യൻ ഡോളർ ഡിഫാൾട്ട് ചെയ്ത് 60 മില്യൻ ഡോളറിന്റെ കടം Credit Suisse-ന് കൊടുക്കാൻ പറ്റാതെ Vinashin എന്ന ഷിപ്പിംഗ് കമ്പനി തകർന്നിരിക്കുകയാണ്. Vinashin തകർന്നപ്പോൾ അവിടെ തകർന്നത് ആ കമ്പനിയും തൊഴിലാളികളും അവരുടെ കുടുംബങ്ങളും മാത്രമല്ല, അവിടെ തകർന്നത് വിയറ്റ്നാം എന്ന രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയാണ്. അവിടെ തകർന്നത് വിയറ്റ്നാം എന്ന രാജ്യത്തിന്റെ വിശ്വാസങ്ങളാണ്. ഞാൻ

നീട്ടുന്നില്ല, എനിക്ക് ഒരു കാര്യമേ പറയാനുള്ളൂ, അങ്ങ് വളരെ prudent ആയ ഒരു എക്കണോമിസ്റ്റാണ്. അങ്ങ് ഈ സിനാരിയോ പറഞ്ഞപ്പോഴും ഇന്നലെ സംസാരിച്ചപ്പോഴും വളരെ വിശദമായി, വളരെ ലാഘവത്തോടെ 30,000 കോടിയെന്നും 40,000 കോടിയെന്നും പറയുന്നത് ഒരു ഐഡിയൽ സിറ്റ്വേഷനാണ്. എന്നാൽ ഒരു സിനാരിയോ അനാലിസിസ് നടത്തുമ്പോൾ കിഫ്ബിയിൽക്കൂടി ഏറ്റവും നല്ല രീതിയിൽ, 30 ശതമാനവും 50 ശതമാനവും എഫിഷ്യൻസിയിലാണെങ്കിൽ അതെങ്ങനെ വരുന്നുവെന്ന് മലയാളികളെ കാണിക്കുവാനുള്ള ബാദ്ധ്യത അങ്ങേക്കുണ്ട്. അങ്ങ് വൈറ്റ്പേപ്പർ ഇട്ടപ്പോൾ 2020-ൽ യു.ഡി.എഫ്. സർക്കാർ പോയിരുന്നെങ്കിൽ എങ്ങനെ വന്നേനെ എന്നുള്ള ഒരു സിനാരിയോ അനാലിസിസ് നടത്തിയിട്ടുണ്ട്. അതുപോലെ കിഫ്ബിയിലൂടെ നമ്മൾ വിചാരിച്ച രീതിയിൽ കാര്യങ്ങൾ വന്നില്ലെങ്കിൽ എങ്ങനെ വരുമെന്ന സിനാരിയോ അനാലിസിസ് നടത്തണമെന്ന ഒരു അഭിപ്രായം എനിക്കുണ്ട്. അതോടൊപ്പം എനിക്ക് പറയാനുള്ള ഒരു കാര്യം, ഈ ബഡ്ജറ്റ് ഡോക്യുമെന്റിന്റെ അവസാനം 114-ാം പേജിൽ 306-ാം നമ്പർ പാരഗ്രാഫായി 2015-16-ലെ സംസ്ഥാന സർക്കാരിന്റെ വരവ്-ചെലവ് എന്നാണ് എഴുതിയിരിക്കുന്നത്. ആ ടേബിൾ 2015-16 ആണോ 2016-17 ആണോ എന്നുള്ളതിന് ക്ലാരിഫിക്കേഷൻ ആവശ്യമുണ്ട്. അത് ഇംഗ്ലീഷ് വെർഷനിലുമില്ല.

ഞാൻ ഒരു ക്വട്ടേഷൻ ക്വാട്ട് ചെയ്ത് സംസാരിക്കണമെന്ന് ആഗ്രഹിച്ചതാണ്. പക്ഷേ ഇവിടെ ശ്രീനാരായണ ഗുരുവിന്റെയും മഹാത്മാഗാന്ധിയുടെയും ക്വാട്ടുകൾ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഞാൻ അതിലേക്ക് പോകുന്നില്ല. എനിക്ക് ഒരു കാര്യം കൂടിയേ പറയാനുള്ളൂ, താങ്കളുടെ വിശ്വാസം താങ്കളെ രക്ഷിക്കുമെന്ന് ബൈബിളിൽ പറയുന്നുണ്ട്. അതുപോലെ കിഫ്ബിയിലുള്ള ഡോ. ടി. എം. തോമസ് ഐസക്കിന്റെ വിശ്വാസം അങ്ങയെ രക്ഷിക്കട്ടെ എന്നുപറഞ്ഞുകൊണ്ട് ഞാൻ പ്രസംഗം അവസാനിപ്പിക്കുന്നു. നന്ദി.

11.21 AM]

ശ്രീമതി സി. കെ. ആശ: സർ, ജനപക്ഷത്തുനിന്നുകൊണ്ട് കേരളത്തിന്റെ സമഗ്ര പുരോഗതി മുന്നിൽക്കണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ഈ മന്ത്രിസഭയുടെ കന്നി ബഡ്ജറ്റിന്മേലുള്ള വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പൂർണ്ണമായും പിൻതാങ്ങുന്നു. അതോടൊപ്പം ശ്രീ. കെ. സുരേഷ് കുറുപ്പ് എം.എൽ.എ പ്രതിപാദിച്ചതുപോലെ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ ഒരു പ്രതിപക്ഷ എം.എൽ.എ.-യുടെ മണ്ഡലമെന്ന നിലയിൽ പൂർണ്ണമായും അവഗണിക്കപ്പെട്ട വൈക്കം മണ്ഡലത്തിന് അതിന്റെ

പിന്നോക്കാവസ്ഥ മനസ്സിലാക്കി ഈ ബഡ്ജറ്റിൽ അർഹമായ പരിഗണന നൽകിയ ധനകാര്യ വകുപ്പുമന്ത്രിക്ക് ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നതിനു കൂടി ഈ അവസരം വിനിയോഗിക്കുന്നു. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് നിർത്തലാക്കപ്പെട്ട എം.എൻ. ലക്ഷം വീട് പദ്ധതി, ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി എന്നിവ പുനരാരംഭിക്കാൻ അങ്ങ് ഈ ബഡ്ജറ്റിലൂടെ എടുത്ത തീരുമാനം അഭിനന്ദനാർഹമാണ്. കാരണം അത് നിർത്തലാക്കപ്പെട്ടതിന്റെ ദുരന്തം അനുഭവിക്കുന്ന നിരവധി ആളുകളുള്ള ഒരു മണ്ഡലമാണ് എന്റേത്. യു.ഡി.എഫ്. ഭരണകാലത്ത് കിടപ്പാടത്തിനായി സമരം ആരംഭിച്ച് ഇരുന്നൂറിനടുത്ത ദിവസങ്ങൾ പിന്നിട്ട നിലനിൽപ്പ് സമരം വൈക്കം താലൂക്ക് ഓഫീസിന്റെ പടിക്കൽ നടക്കുന്നത് കണ്ടുകൊണ്ടാണ് ഞാൻ ഈ സഭയിലെത്തിയത്. അത് അവസാനിപ്പിക്കുന്നതിനും അർഹമായ അവകാശം അവർക്ക് കൊടുക്കുന്നതിനും ഈ തീരുമാനം ഗുണകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

ബഡ്ജറ്റിലെ മറ്റൊരു പ്രധാനപ്പെട്ട നിർദ്ദേശം അങ്കണവാടി ടീച്ചർമാർക്കും ഹെൽപ്പർമാർക്കും ശമ്പളം വർദ്ധിപ്പിച്ചു നൽകിയതാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇത്തരത്തിലുള്ള ഒരു തീരുമാനമെടുക്കുകയും എന്നാൽ അത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ മേൽ ചുമത്തപ്പെടുകയുമാണുണ്ടായത്. ഈ സാഹചര്യത്തിൽ അതിന് തുക കണ്ടെത്താനാകാതെ വിഷമിച്ചിരുന്ന, സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വർദ്ധിപ്പിച്ച ശമ്പളത്തിന്റെ പകുതി തുക സർക്കാർ നൽകുമെന്നെടുത്ത തീരുമാനം വളരെയേറെ സഹായകരമാണ്. ആയതിനാൽ ഈ ബഡ്ജറ്റ് നിർദ്ദേശം അഭിനന്ദനാർഹമാണ്. പുന്നപ്ര-വയലാർ സമരത്തെ സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി അംഗീകരിക്കുകയും സമരസേനാനികളെ സ്വാതന്ത്ര്യസമര സേനാനികളായി അംഗീകരിക്കുകയും ചെയ്തത് സഖാവ് ഇന്ദ്രജിത് ഗുപ്ത കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലയളവിലാണ്. 2011 മുതൽ പുന്നപ്ര-വയലാർ സമരസേനാനികളുടെ ഡി.എ. കുടിശ്ശികയാണ്. പ്രസ്തുത ഡി.എ. കുടിശ്ശിക കൊടുത്തുതീർക്കുമെന്ന് ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചത് സ്വാഗതാർഹ മെന്നതിലുപരി യു.ഡി.എഫ്. സർക്കാർ അപമാനിച്ച സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള ആദരവുകൂടിയാണ്. എൽ.ഡി.എഫ്. പ്രകടനപത്രികയിൽ നൽകിയിരുന്ന ഒരു പ്രധാന വാഗ്ദാനമായിരുന്നു സ്ത്രീകൾക്കായി ഒരു പ്രത്യേക വകുപ്പ്, ഈ ബഡ്ജറ്റിൽ അത് പ്രഖ്യാപിച്ചിട്ടുമുണ്ട്. എന്നാൽ സ്ത്രീകളുടെ പ്രശ്നങ്ങൾ പോലെതന്നെയാണ് കുട്ടികളുടെയും പ്രശ്നങ്ങൾ. പന്ത്രണ്ട് വയസിനുതാഴെയുള്ള കുട്ടികൾ ശാരീരിക പീഡനങ്ങൾ മുതൽ ലഹരിമാഫിയയുടെ ആക്രമണങ്ങൾ വരെ നേരിടുന്നുണ്ട്. ആയതിനാൽ ഭാവിതലമുറയെ സംരക്ഷിക്കുന്നതിനുവേണ്ടി ഈ പ്രത്യേക വകുപ്പിൽ

കുട്ടികളെക്കൂടി ഉൾപ്പെടുത്തി സ്ത്രീകൾക്കും കുട്ടികൾക്കുമായി ഒരു പ്രത്യേക വകുപ്പ് എന്ന രീതിയിൽ വിപുലപ്പെടുത്തണമെന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുന്നു. ഈ പ്രത്യേക വകുപ്പിൽ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾക്കും ഫയൽ ചെയ്യപ്പെടുന്ന കേസുകൾക്കും അതിവേഗം നിയമനടപടികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നിയമ സംവിധാനംകൂടി ഉൾപ്പെടുത്തണമെന്ന് ഈ അവസരത്തിൽ ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്.

ഞാൻ വൈക്കം മണ്ഡലത്തിലെ വെച്ചൂർ എന്ന പഞ്ചായത്തിൽ നിന്നാണ് വരുന്നത്. എന്റെ പഞ്ചായത്തിന്റെ പേരിൽ അറിയപ്പെടുന്ന വെച്ചൂർ പശുക്കളുടെ സംരക്ഷണവുമായി ബന്ധപ്പെട്ട കാര്യമാണ് എനിക്ക് പറയാനുള്ളത്. രോഗ പ്രതിരോധശേഷിയും പാലിന്റെ ഔഷധഗുണപരമായ സവിശേഷതകളും ആരോഗ്യപരമായി ഏറെ പ്രത്യേകതകളുമുള്ളതാണ്. കേരളത്തിന്റെ തനത് നാടൻ പശുയിനമായ വെച്ചൂർ പശു. വളർത്താൻ എളുപ്പമുള്ളതും എന്നാൽ പരിപാലന ചെലവ് കുറവുള്ളതുമായ ലോകത്തിലെ ഏറ്റവും കുറുകിയ പശുവർഗ്ഗവുമാണിത്. ഇവ ഇന്ന് വംശനാശഭീഷണി നേരിടുകയാണ്. ഇന്ന് ഈ പശുക്കൾ കേരളത്തിൽ വളരെ വിരളമാണ്. അതുകൊണ്ട് ഇവയുടെ തനത് ജനുസ്സിനെ നിലനിർത്തുന്നതിനും വ്യാപിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായി പുതിയ പദ്ധതികൾ ആവിഷ്കരിക്കണമെന്ന് ഈ അവസരത്തിൽ ഞാൻ വിനയപുരസരം അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ മാധ്യമ മേഖലയിൽ പതിനായിരത്തോളം പ്രാദേശിക ലേഖകന്മാരും ഫോട്ടോഗ്രാഫർമാരും പ്രവർത്തിക്കുന്നുണ്ട്. ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വ്യക്തമായ സേവന വേതന വ്യവസ്ഥകളോ ആരോഗ്യ സുരക്ഷാ പദ്ധതികളോ ക്ഷേമനിധിയോ ലഭിക്കുന്നില്ല. പ്രാദേശിക വാർത്തകളുടെ 90 ശതമാനത്തിലധികവും ശേഖരിക്കുന്നത് ഇത്തരത്തിലുള്ള പ്രാദേശിക പത്രപ്രവർത്തകരാണ്. എന്നാൽ ഇവർക്ക് അർഹമായ പരിഗണന ലഭിക്കുന്നില്ല. പ്രാദേശിക പത്രപ്രവർത്തകർക്കുവേണ്ടി പത്രപ്രവർത്തക ക്ഷേമനിധിയിലേക്ക് 2013-14-ലെ ബഡ്ജറ്റിൽ മുൻ ധനകാര്യ വകുപ്പുമന്ത്രി ഒരു കോടി രൂപ വകയിരുത്തിയെങ്കിലും തുടർനടപടികളൊന്നുമുണ്ടായില്ല. ഇത്തരത്തിലുള്ള പ്രഖ്യാപനങ്ങൾ മാത്രമാണ് ആ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയിട്ടുള്ളത്. 2014 ജൂൺ 14-ന് പത്രപ്രവർത്തക യൂണിയൻ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ആറ് മാസത്തിനകം ഈ പദ്ധതി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇക്കാര്യത്തിലും ഒരു നടപടിയുമുണ്ടായില്ല. ഈ വസ്തുത കണക്കിലെടുത്ത് പത്രപ്രവർത്തനത്തിന്റെ അടിസ്ഥാന സ്രോതസ്സായി പ്രവർത്തിക്കുന്ന പ്രാദേശിക

മാധ്യമസമൂഹത്തിന്റെ ന്യായമായ അവകാശങ്ങൾ അംഗീകരിക്കണമെന്ന് ഈ അവസരത്തിൽ ഞാൻ വിനയപുരസരം അറിയിക്കുകയാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ പ്രകടനപത്രികയിൽ വിദ്യാഭ്യാസത്തിന് പ്രത്യേക പരിഗണന നൽകുന്നുണ്ട്. സർക്കാർ കോളേജുകളിൽ പുതിയതായി അനുവദിക്കുന്ന കോഴ്സുകളിൽ മാധ്യമ പഠനത്തിന് പ്രത്യേക പരിഗണന നൽകണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുന്നു.

കൈത്തറിക്കും ഖാദിക്കും മുന്തിയ പരിഗണനയാണ് ഈ ബഡ്ജറ്റിൽ നൽകിയിരിക്കുന്നത്. ഖാദിഗ്രാമ വ്യവസായത്തിന് 14 കോടി രൂപയും വരുമാന ഉറപ്പു പദ്ധതിപ്രകാരം 10 കോടി രൂപ അധികമായും ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ വളരെ വേദനയോടെ ഞാൻ അറിയിക്കട്ടെ, ഈ മേഖലയിൽ മിനിമം വേജസ് ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. ഈ മേഖലയിലെ സ്ത്രീകൾ ഒരു മാസത്തിൽ ആയിരം രൂപയ്ക്കുവരെ ജോലി ചെയ്യുന്നുണ്ട്. ഈ തുക തവണകളായിട്ടാണ് അവരുടെ കയ്യിൽ കിട്ടുന്നത്. അതുകൊണ്ട് ജീവിതത്തിലെ യാതൊരുകാര്യവും മുന്നോട്ട് കൊണ്ടുപോകാനാവാത്ത അവസ്ഥയാണ്. ഖാദി മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേജസ് പ്രഖ്യാപിക്കുകയും അത്തരത്തിൽ അവർ ആർജ്ജിക്കുന്ന വരുമാനം മാസശമ്പളമായി അവരുടെ കൈകളിൽ എത്തിക്കുന്നതിനുംവേണ്ട നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. കേരളത്തിലെ പല പ്രദേശങ്ങളിലുമുള്ള കുടിൽ വ്യവസായമാണ് തഴപ്പായ നിർമ്മാണം. കേരളത്തിൽ അന്യംനിന്നുകൊണ്ടിരിക്കുന്ന ഒരു കുടിൽ വ്യവസായമാണിത്. വളരെയേറെ സ്ത്രീകൾ ഉപജീവനമാർഗ്ഗമായി ഇതിനെ കണക്കാക്കുന്നുണ്ട്. അവർക്ക് അർഹമായ പരിഗണന ലഭിക്കുന്നില്ല. തഴപ്പായ നിർമ്മാണ വികസന സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടെങ്കിലും സാമ്പത്തികപരാധീനതമൂലം ഇവരുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. ആയതിനാൽ ഗ്രാമ വ്യവസായത്തിന് ബഡ്ജറ്റിൽ നീക്കിവച്ചിരിക്കുന്ന തുക തഴപ്പായ നിർമ്മാണ വികസനത്തിനുകൂടി ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. തൊഴിലുറപ്പു പദ്ധതി വളരെയേറെ പ്രതിസന്ധിയിൽ നിൽക്കുന്ന ഒരു കാലഘട്ടമാണിത്. കേന്ദ്രസർക്കാരിന്റെ ചില നിയമങ്ങളുടെ നൂലാമാലകൾ കാരണം നൂറ് തൊഴിൽദിനങ്ങൾ സാധ്യമാകാത്ത അവസ്ഥയാണുള്ളത്. ഒരു പ്രാവശ്യം ജോലി ചെയ്ത കൃഷിയിടത്തിലോ സ്ഥലത്തോ വീണ്ടും തൊഴിൽ ചെയ്യുന്നതിന് തൊഴിലുറപ്പ് പദ്ധതി ഇപ്പോൾ അനുവദിക്കുന്നില്ല. അതിൽ ചെറിയ മാറ്റം വരുത്തി, തരിശുനിലങ്ങളെ കൃഷിയോഗ്യമാക്കുന്നതിനു വേണ്ടി തൊഴിലുറപ്പ് പദ്ധതിയുമായി ക്ലബ് ചെയ്താൽ കൂടുതൽ തൊഴിൽദിനങ്ങൾ

ലഭ്യമാക്കുന്നതിനും കാർഷികമേഖലയിലെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സാധ്യമാകും. ഇതിലൂടെ തൊഴിലുറപ്പ് പദ്ധതി വിഭാവനം ചെയ്യുന്ന നൂറ് തൊഴിൽദിനങ്ങൾ എന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കും. ഇതിലൂടെ കേരളം തരിശുരഹിത സംസ്ഥാനമായി മാറുമെന്നുമുള്ള വസ്തുത അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ട് ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിനേയും വോട്ട് ഓൺ അക്കൗണ്ടിനേയും ഒരിക്കൽക്കൂടി പിൻതുണച്ചുകൊണ്ട് നിർത്തുന്നു.

11.29 AM]

<u>ശ്രീ. സി. കെ. നാണു</u>: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്താങ്ങുന്നു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സംസ്ഥാനത്തെ കടലോരങ്ങളിൽ വമ്പിച്ച കടൽക്ഷോഭമുണ്ടാകുന്നതിന്റെ ഫലമായി മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭയത്തിലാകുമ്പോൾ അവരെ സംരക്ഷിക്കുന്നതിന് കടൽഭിത്തി നിർമ്മിക്കാൻ കഴിഞ്ഞകാലത്തേക്കാൾ കൂടുതൽ ഫണ്ട് അനുവദിക്കുകയും കടലോരങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനാവശ്യമായ സകല സൗകര്യങ്ങളും ചെയ്യാൻ ഫണ്ട് അനുവദിക്കുകയും ചെയ്തു. വർഷംതോറും ഇത്തരത്തിലുള്ള സാഹചര്യമുണ്ടാകുമ്പോൾ അതിൽനിന്നും രക്ഷനേടാൻ കുറച്ചുകൂടി ശാസ്ത്രീയമായ പരിശോധനയ്ക്ക് കേരളത്തിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളും ആ മേഖലയിലുള്ള എല്ലാ ആളുകളും ചിന്തിക്കണമെന്ന രൂപത്തിൽ വളരെ ശാസ്ത്രീയമായ ഒരു സമീപനം സ്വീകരിച്ചത് അവർ അംഗീകരിക്കുമെന്ന് ഞാൻ കരുതുന്നു. ഇന്ത്യാഗവൺമെന്റ് സാമ്പത്തികമേഖലയിൽ മുതലാളിത്തത്തിന് അനുകൂലമായ, വൻകിട കുത്തകകൾക്ക് അനുകൂലമായ നിലപാട് സ്വീകരിച്ചപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രധാനമായും ശ്രദ്ധിച്ചത് കേരളത്തിലെ കാർഷികമേഖലയിലെ ഉല്പാദന വർദ്ധനവിലാണ്. അതിന് സഹായകരമായ രീതിയിൽ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. വേറെ എന്തൊക്കെ തരത്തിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതുണ്ടോ ആ സൗകര്യങ്ങൾ മുഴുവൻ വർദ്ധിപ്പിച്ചു. കുട്ടനാട് പ്രദേശത്തുള്ള നെല്ലുൽപ്പാദനം അങ്ങേയറ്റം വർദ്ധിപ്പിക്കുന്ന വിധത്തിൽ അതിന് പ്രോൽസാഹനം നൽകി. കേരളത്തിലുടനീളം കുറേ വർഷങ്ങളായി നിശ്ചലമായ കാർഷിക മേഖലയെ സജീവമാക്കി ഉൽപ്പാദന വർദ്ധനവിലേക്ക് കേരളത്തിലെ ജനങ്ങളെ മുന്നോട്ടുനയിക്കാൻ ആവശ്യമായ സമീപനമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജറ്റിൽ സ്വീകരിച്ചിരിക്കുന്നത്. ഒരു വിഭാഗത്തെയും അദ്ദേഹം ഒഴിവാക്കിയിട്ടില്ല. അദ്ദേഹം ഇവിടെ ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിലിരിക്കുന്നു. ഇന്നലെ എല്ലാ പത്രങ്ങളും അദ്ദേഹത്തിന്റെ സമീപനത്തെക്കുറിച്ച് എഴുതിയിട്ടുണ്ട്.

ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ധനകാര്യ വകുപ്പുമന്ത്രി എന്നുള്ള നിലയ്ക്ക് അദ്ദേഹം മുമ്പോട്ടുവച്ച സമീപനങ്ങൾ, ഓരോ നിയോജകമണ്ഡലത്തിനും കഴിഞ്ഞ കാലത്തൊന്നും ലഭിച്ചിട്ടില്ലാത്ത വിധം ആ നിയോജകമണ്ഡലത്തിന്റെ അടിസ്ഥാനപരമായ വികസനങ്ങൾക്കുവേണ്ടി ഫണ്ട് അനുവദിച്ചുകൊണ്ട് ഭരണകക്ഷിയോ പ്രതിപക്ഷമോ വിമർശിക്കുന്നുവോ ഇല്ലയോ എന്ന് നോക്കാതെ, നാടിന്റെ ആവശ്യങ്ങൾ മനസ്സിലാക്കിക്കൊണ്ടാണ് അദ്ദേഹം ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. ഞാൻ കുറച്ചുവർഷങ്ങളായി എല്ലാം പരാജയപ്പെട്ടുമെന്ന് പ്രതിപക്ഷം പറയുന്ന ഘട്ടത്തിലും ഒരു കാലത്തുമില്ലാത്ത വിധം പ്രതിപക്ഷത്തെയും ഭരണപക്ഷത്തെയും സംതൃപ്തരാക്കുന്ന, നാടിന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്ന രൂപത്തിലുള്ള നിലപാടുകൾ സ്വീകരിക്കാനാണ് അദ്ദേഹത്തിന് സാധിച്ചത്. ഒരു ധനകാര്യ വകുപ്പുമന്ത്രി എന്നുള്ള നിലയ്ക്ക് ഏതെല്ലാം തരത്തിലുള്ള ഫണ്ട് ശേഖരിച്ചുകൊണ്ട് തന്നിൽ ഒരു ഗവൺമെന്റ് ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വം വളരെ നല്ല നിലയിൽ, മാതൃകാപരമായി ഈ സംസ്ഥാനത്തിന് നൽകാമോ അതാണ് ഡോ. ടി. എം. തോമസ് ഐസക് ഇന്നലെ കേരളത്തിലെ ജനങ്ങൾക്ക് ഈ ഗവൺമെന്റിന്റെ ആദ്യത്തെ ബഡ്ജറ്റ് എന്നുള്ള നിലയ്ക്ക് നൽകിയിരിക്കുന്നത്. അതിൽ അദ്ദേഹത്തിന് അഭിമാനിക്കാം. അതുവഴി ഇടതുപക്ഷ ജനാധിപത്യമുന്നണിക്കും അഭിമാനിക്കാമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

പൊതുമേഖലയിലുള്ള നമ്മുടെ സർക്കാർ വിദ്യാലയങ്ങളും കോളേജുകളും ഏറ്റവും നല്ല നിലയിൽ എങ്ങനെ കൊണ്ടുപോകാൻ സാധിക്കും? ബഡ്ജറ്റ് അംഗീകരിച്ചശേഷം കോളേജുകളിൽ സീറ്റുകൾ കൂട്ടുമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞിരിക്കുന്നു. അങ്ങനെ പറയാനുണ്ടായ ധൈര്യം നമ്മുടെ നാട്ടിലെ സർക്കാർ കോളേജുകളും സർക്കാർ വിദ്യാലയങ്ങളും ഏറ്റവും മാതൃകാപരമായ വിധത്തിൽ മുമ്പോട്ടുവരുന്നു എന്നതുകൊണ്ടല്ലേ? ഓരോ നിയോജകമണ്ഡലത്തിലെയും പാവപ്പെട്ട ആളുകൾക്ക് അവരുടെ മക്കളെ ചെറിയ ക്ലാസ്സുകളിൽ ചേർക്കാൻ ആയിരങ്ങൾ ചെലവഴിക്കേണ്ടത് ഒഴിവാക്കാൻ തക്കതരത്തിൽ നല്ല വിദ്യാഭ്യാസം സർക്കാർ മേഖലയിൽ നൽകുന്നതിന് സഹായകരമായ എന്തൊക്കെ വേണം എന്നുള്ള നിലപാട് സ്വീകരിക്കുന്ന ഒരു ധനകാര്യ വകുപ്പുമന്ത്രി. അദ്ദേഹത്തിന്റെ സമീപനങ്ങൾ ഒരുപക്ഷേ വിലയിരുത്തുന്ന കാര്യത്തിൽ നമ്മൾ അവിടെ എത്തിപ്പെടുന്നില്ല എന്നു ഞാൻ മനസ്സിലാക്കുന്നു. ഇന്ത്യയിലെ വൻകിട കുത്തകകൾക്ക് അനുകൂലമായ സാമ്പത്തിക നിലപാട് കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്നതിന്റെ ഫലമായി പല തരത്തിലും സാമ്പത്തികമായി തകർന്ന

കൊണ്ടിരിക്കുന്ന ഇന്ത്യയിലെ സംസ്ഥാനങ്ങൾക്ക് മാതൃകാപരമായ ഒരു ബഡ്ജറ്റ്, കേന്ദ്രം സംസ്ഥാനങ്ങളെ അവഗണിച്ചാലും സംസ്ഥാനത്തെ രക്ഷപ്പെടുത്താൻ സാധിക്കുമെന്ന് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ ബോദ്ധ്യപ്പെടുത്തുന്ന വിധത്തിലുള്ള ഒരു ബഡ്ജറ്റ് ഡോ. ടി. എം. തോമസ് ഐസക്കിന് ഇവിടെ അവതരിപ്പിക്കാനും പാസ്സാക്കി എടുക്കാനും സാധിച്ചു. സ്വാഭാവികമായും അടിസ്ഥാനപരമായി ഇത് നമ്മുടെ നാട്ടിലെ ഉൽപ്പാദന വർദ്ധനവിനുള്ളതാണ് എന്നാണ് എനിക്ക് തോന്നുന്നത്. നാളികേര കർഷകർക്ക് ഉൽപ്പാദനം എങ്ങനെ വർദ്ധിപ്പിക്കാൻ സാധിക്കും; കാർഷിക മേഖലയെ എങ്ങനെ മെച്ചപ്പെടുത്തി എടുക്കാൻ സാധിക്കും; നെൽകൃഷിക്കാർക്ക് എങ്ങനെ ഉൽപ്പാദനം വർദ്ധിപ്പിച്ചെടുക്കാൻ സാധിക്കും; എന്ന രീതിയിൽ ഉൽപ്പാദന വർദ്ധനവിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു ബഡ്ജറ്റാണിത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ലാഭത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലായി. ഇവിടത്തെ വ്യാവസായിക മേഖലയിൽ തൊഴിലെടുക്കുന്നവരുടെ തൊഴിലുകൾ നഷ്ടപ്പെട്ടു. ആ സ്ഥിതിയിൽനിന്ന് അവരെ രക്ഷപ്പെടുത്തിക്കൊണ്ടു വരാൻ ഒരു ധനകാര്യ വകുപ്പുമന്ത്രിയുടെ സമീപനങ്ങൾക്ക് സാധിക്കുന്നു. കേരളത്തിലെ നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് തങ്ങളുടെ സ്ഥാപനം വീണ്ടും ലാഭത്തിലേക്കും പുരോഗതിയിലേക്കും വരുമെന്ന് പ്രതീക്ഷ നൽകുന്ന രൂപത്തിൽ ഒരു ധനകാര്യ വകുപ്പുമന്ത്രി നിലപാടുകൾ സ്വീകരിക്കുന്നു. അടിസ്ഥാനപരമായി ഇന്നും നമ്മുടെ നാട്ടിലെ പ്രശ്നം കുടിവെള്ളത്തിന്റേതാണ്. കുടിവെള്ളം പരിശുദ്ധമാക്കുന്നത് എങ്ങനെ; ഭൂഗർഭ ജലം മോശമാകാതിരിക്കാൻ എന്തൊക്കെ ചെയ്യണം; കാർഷികമേഖലയിലും അതുപോലെ കൃഷിക്കും വെള്ളം കൊടുക്കുന്നതിനും കുടിക്കാനുള്ള വെള്ളം ലഭ്യമാക്കുന്നതിനും ഭൂഗർഭജലം സംരക്ഷിക്കുന്നതിനും എന്തുചെയ്യണം, ഇത്തരത്തിലുള്ള പ്രധാനപ്പെട്ട പ്രശ്നങ്ങൾക്കുവേണ്ടിയാണ് നമ്മൾ ശ്രമിക്കാനുള്ളത്. അതെല്ലാം വളരെ സമർത്ഥമായ രൂപത്തിൽ പരിശോധിച്ച് നമ്മുടെ അഭിമാനമായ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ സമർപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്താങ്ങുന്നു.

11.37 PM]

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുകയാണ്. കഴിഞ്ഞ രണ്ട് ദിവസമായി ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും ഒട്ടനവധിപേർ ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുകയും അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയുമുണ്ടായി. ആ അഭിപ്രായങ്ങളിൽ നമ്മുടെ മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ വ്യക്തമായ നിർദ്ദേശങ്ങളും അടങ്ങുന്നു.

അദ്ദേഹം ചർച്ച ചെയ്ത കാര്യങ്ങൾ സഭ നിശ്ശബ്ദം കേൾക്കുകയുണ്ടായി. അത്തരം നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കുകയും അതിലെ പോരായ്മകൾ തിരുത്തുകയും ചെയ്തുകൊണ്ട് ഈ ബഡ്ജറ്റ് കുറ്റമറ്റതാക്കാൻ അങ്ങ് തയ്യാറായതിലുള്ള സന്തോഷം ഞാൻ ആദ്യമായി രേഖപ്പെടുത്തുന്നു. ഒരു സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയും ഭാവിയുടെ നിലനിൽപ്പും അടിസ്ഥാനമാക്കേണ്ടത് സംസ്ഥാനത്തെ ജനങ്ങളെ സാമ്പത്തിക ഭദ്രതയുള്ളവരാക്കുകയും അവർക്ക് ക്രയവിക്രയം ചെയ്യാൻ സാധിക്കുകയും ചെയ്യുക എന്നതിലൂടെയാണ്. ഈ ബഡ്ജറ്റിനെ വിശകലനം ചെയ്യുമ്പോൾ ജനങ്ങളുടെ കയ്യിൽ കാശ് ഇല്ലാത്ത അവസ്ഥയും കമ്പോളങ്ങളിൽ ഇടപെട്ടുകൊണ്ട് സാധാരണക്കാരന് ക്രയവിക്രയം ചെയ്യാൻ കഴിയാത്ത അവസ്ഥയുമാണുള്ളത്. ഒരു നയം ഏറ്റവും നല്ലതാകുന്നുവെങ്കിൽ അത് അടിസ്ഥാനവർഗ്ഗത്തിന്, താഴെത്തട്ടിലുള്ള ജനങ്ങൾക്ക് വികസനം എന്ന കോണിയിലൂടെ ഉയരത്തിലേക്ക് പോകുവാൻ സാധിക്കുന്നു എന്നാണ്. ഇവിടെ വളർച്ച താഴോട്ടാണ്. മിക്ക മേഖലകളിലും നികുതിഭാരം ജനങ്ങളുടെമേൽ അടച്ചേൽപ്പിക്കുന്ന നയമാണ് കാണാൻ സാധിക്കുന്നത്. ചരക്കുകടത്ത് വാഹനങ്ങൾക്ക് ടാക്സ് കൂട്ടുമെന്ന് പറയുന്നു. ഫലത്തിൽ ഇതിലൂടെ വിലവർദ്ധനവാണുണ്ടാകുന്നത്. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് സാധാരണക്കാരന്റെ നട്ടുവൊടിക്കുകയാണ് ചെയ്യുന്നത്. റോഡ് ടാക്സ് വർദ്ധനവ് കേരളത്തിലെ സാധാരണക്കാരെയും യാത്രക്കാരായ ആളുകളെയും ബുദ്ധിമുട്ടിക്കുകയാണ്. ഫ്ലോർ ഏരിയ പ്രകാരം ടാക്സ് വർദ്ധിപ്പിക്കുമെന്നാണ് പറഞ്ഞിട്ടുള്ളത്. കേരളത്തിലെ സ്വകാര്യ ബസ് ഉടമകൾ ഈ നയത്തിനെതിരെ സമരപ്രഖ്യാപനം നടത്തിക്കഴിഞ്ഞു. ഹരിത ട്രിബ്യൂണലിന്റെ വിധിയനുസരിച്ച് അന്തരീക്ഷ മലിനീകരണം ഒഴിവാക്കാൻ ശ്രമിക്കുന്നതിനെ സ്വാഗതം ചെയ്യുന്നു. പക്ഷേ 10 കൊല്ലം കഴിഞ്ഞ വാഹനങ്ങൾ എന്നുപറയുമ്പോൾ, കേരളത്തിലെ പതിനായിരക്കണക്കിന് കുടുംബങ്ങളിൽ ഗുഡ്സ് ഓട്ടോയും പിക് അപ് വാനും ഓടിച്ചുകൊണ്ട് ഉപജീവനം നടത്തുന്നവരുണ്ട്. വർഷത്തിന്റെ കണക്ക് പറയുമ്പോൾ അത്തരം കുടുംബങ്ങളൊക്കെ പട്ടിണിയിലേക്ക് പോകുന്നത് തടയാൻ ആവശ്യമായ നിർദ്ദേശങ്ങളും നടപടികളും ഉണ്ടാകേണ്ടതാണ്. രണ്ട് വർഷത്തേക്ക് തസ്തികകളൊന്നും സൃഷ്ടിക്കുകയില്ലെന്ന് ബഡ്ജറ്റിലൂടെ ബോദ്ധ്യമാകുന്നു. എന്നാൽ ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലൂടെയും പ്രകടനപത്രികയിലൂടെയും 25 ലക്ഷം യുവാക്കൾക്ക് തൊഴിൽ നൽകുമെന്ന് പറയുന്നത് എങ്ങനെ യാഥാർത്ഥ്യമാക്കാനാണ്? അഭ്യസ്തവിദ്യരായ ലക്ഷക്കണക്കിന് യുവാക്കളെ നിരാശരാക്കുന്ന നിലപാടിൽനിന്ന് ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി പിന്തിരിയണമെന്ന് ആവശ്യപ്പെടുന്നു. വികസന പദ്ധതി വിഹിതത്തേക്കാൾ ഉയർന്ന വികസനേതര ചെലവും ഉയർന്ന നികുതി ഭാരവും

സാധാരണക്കാരനെ പ്രയാസപ്പെടുത്തുന്നതാണെന്ന് കാണാൻ സാധിക്കുന്നു. കടം എടുക്കുന്നതിനെക്കുറിച്ച് പറയുകയും നികുതിയേതര വരുമാനത്തെക്കുറിച്ച് പറയാതിരിക്കുകയും ചെയ്യുന്നതാണ് ഈ ബഡ്ജറ്റ്. ഈ ഗവൺമെന്റിന്റെ ആദ്യബഡ്ജറ്റിലൂടെ തന്നെ കേരളത്തിന്റെ കടബാദ്ധ്യതയും പലിശയും വർദ്ധിപ്പിക്കുന്നതിനും കടക്കെണിയിലേക്ക് കേരളത്തെ വീഴ്ത്താനുമുള്ള നിലപാടുകളാണ് ഈ നിർദ്ദേശത്തിലൂടെ കാണാൻ സാധിക്കുന്നത്. സോഷ്യലിസ്റ്റ് ആശയത്തെക്കുറിച്ച് അഭിമാനം കൊള്ളുന്ന അങ്ങയെപ്പോലുള്ള ഒരാൾക്ക് എങ്ങനെ ജനങ്ങൾക്കെതിരായ ഇത്തരം നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന ഒരു ബഡ്ജറ്റ് അവതരിപ്പിക്കാൻ കഴിയുന്നുവെന്നതിൽ അത്ഭുതപ്പെടുന്നു. ഇത് തീർത്തും ജനവിരുദ്ധമാണ്, സാധാരണക്കാരന് എതിരാണ്, യുവാക്കൾക്ക് എതിരാണ്.

നയപ്രഖ്യാപന പ്രമേയത്തിന്റെ ചർച്ചകൾക്കിടയിലും യു.ഡി.എഫ്.നെതിരായ രാഷ്ട്രീയ വിമർശനങ്ങൾ ഒട്ടേറെ കേൾക്കാൻ സാധിച്ചു. തെരഞ്ഞെടുപ്പ് പരാജയത്തെ വിലയിരുത്തിക്കൊണ്ടാണ് പല അംഗങ്ങളും ഇതുമായി ബന്ധപ്പെട്ട് അഭിപ്രായങ്ങൾ പറഞ്ഞത്. എനിക്ക് ഒരു കാര്യം പറയാനുള്ളത്, ഈ പറയുന്ന അംഗങ്ങൾ കുറച്ചുവർഷം പുറകിലേക്ക് തിരിച്ചുപോകണമെന്നാണ്. 2006-ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ മൂന്നിൽ രണ്ട് ഭൂരിപക്ഷത്തിനാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ഇവിടെ അധികാരത്തിൽ വന്നത്. 140 നിയമസഭാ മണ്ഡലത്തിലേക്ക് തെരഞ്ഞെടുപ്പ് നടന്നപ്പോൾ 100 അസംബ്ലി സീറ്റിലും ഇടതുപക്ഷ ജനാധിപത്യ മുന്നണി വിജയിച്ചു. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് അധികാരത്തിൽ വന്നു. തുടർന്ന് 2006 മുതൽ 2011 വരെയുള്ള കാലഘട്ടത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിലും പാർലമെന്റ് തെരഞ്ഞെടുപ്പിലും 2011-ലെ നിയമസഭാ തെരഞ്ഞെടുപ്പിലും അഭൂതപൂർവ്വമായ മുന്നേറ്റം ഐക്യ ജനാധിപത്യ മുന്നണി കരസ്ഥമാക്കുകയുണ്ടായി. അതുകൊണ്ട് അഹന്തയും അഹങ്കാരവും ഒഴിവാക്കണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് പറയാനുള്ളത്.

വള്ളിക്കുന്ന് നിയോജക മണ്ഡലം തീരദേശ മേഖല ഉൾക്കൊള്ളുന്ന ഒരു മേഖലയാണ്. കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളവും കാലിക്കറ്റ് യൂണിവേഴ്സിറ്റിയും ഉൾക്കൊള്ളുന്ന ഒരു മണ്ഡലമാണ്. തീരദേശ മേഖലയിലെ മത്സ്യത്തൊഴിലാളികളുടെ പ്രശ്നത്തെ സംബന്ധിച്ച് ഇവിടെ കഴിഞ്ഞ ദിവസവും ഇന്നുമൊക്കെ ഒട്ടനവധി അംഗങ്ങൾ സംസാരിക്കുകയുണ്ടായി. ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കുന്നതിനു വേണ്ടി പെടാപ്പാട് പെടുകയാണ് നമ്മുടെ മത്സ്യത്തൊഴിലാളികൾ. മത്സ്യത്തൊഴിലാളി

മേഖലയിൽ വറുതിയും പട്ടിണിയുമാണ്. ജീവിക്കാൻവേണ്ടി അവർ പ്രയാസപ്പെടുകയാണ്. അവരുടെ പ്രയാസം ലഘൂകരിച്ചുകൊണ്ടുവരുന്നതിനുവേണ്ടി എന്തെങ്കിലും ചെയ്യാൻ സാധിക്കുമെങ്കിൽ തീർച്ചയായും ഒരു പ്രത്യേക പാക്കേജിലൂടെ ഗവൺമെന്റ് അത് ചെയ്യാൻ മുന്നോട്ടുവരണമെന്നാണ് ഈ സന്ദർഭത്തിൽ എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ, കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളവുമായി ബന്ധപ്പെട്ട് ഈ നിയമസഭയിൽത്തന്നെ ചർച്ച നടക്കുകയുണ്ടായി. വിമാനത്താവളത്തിനു വേണ്ടി സ്ഥലം കൊടുത്ത ആൾക്കാരാണ് അതിന്റെ പരിസരത്ത് ജീവിക്കുന്നത്. ഇനിയും സ്ഥലം കൊടുക്കാൻ അവർ തയ്യാറാണ്. പക്ഷെ അവർക്ക് മാർക്കറ്റ് വില നൽകാൻ ആവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അപേക്ഷിക്കുകയാണ്. ബഹുപ്പെട്ട മുഖ്യമന്ത്രി ആ വിഷയത്തിൽ ഇടപെട്ട് പ്രത്യേക മീറ്റിംഗ് വിളിച്ചുകൂട്ടാൻ തീരുമാനിച്ചുവെന്നറിയുന്നതിൽ വളരെ സന്തോഷമുണ്ട്. ആ വിഷയത്തിൽ മുഖ്യമന്ത്രിയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അതോടൊപ്പംതന്നെ വികസനവുമായി ബന്ധപ്പെട്ട ഒരു കാര്യം കൂടി പറയാനുണ്ട്. കുടിവെള്ളത്തിന് അങ്ങേയറ്റം ബുദ്ധിമുട്ടുന്ന ഒരു നിയമസഭാ മണ്ഡലമാണ് വള്ളിക്കുന്ന്. ഇരുമ്പോത്തിക്കടവ് പാലം യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അപേക്ഷിക്കുകയാണ്. അതോടൊപ്പംതന്നെ ആനങ്ങാടി മുതൽ കടലുണ്ടി നഗരം വരെ വരുന്ന തീരദേശ മേഖലയിൽ ഒരു മിനി ഹാർബർ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നുകൂടി ഞാൻ അപേക്ഷിക്കുകയാണ്. ഇരുമ്പോത്തിക്കടവ് റെഗുലേറ്റർ-കം-ബ്രിഡ്ജ് യാഥാർത്ഥ്യമാക്കുന്നതോടു കൂടി കുടിവെള്ളക്ഷാമത്തിന് പരിഹാരം ഉണ്ടാകുമെന്നുകൂടി ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. തീരദേശ മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് അടിയന്തരമായ പരിഹാരം ഉണ്ടാകണമെന്ന് ഒരിക്കൽകൂടി അപേക്ഷിച്ചുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

11.44 AM]

<u>ശ്രീ. എ. എൻ. ഷംസീർ:</u> സർ, മാർക് ആന്റണിയുടെ ഒരു പ്രസംഗമുണ്ട്, "Friends, Romans, Countrymen, lend me your ears." ഞാൻ അതിൽ ചെറിയൊരു വകഭേദം വരുത്തുന്നു, "Friends, Comrades and Senior Leaders lend me your ears to listen my first speech." ഞാൻ ഈ ബഡ്ജറ്റിനെ വിശേഷിപ്പിക്കുന്നത് welfare economics എന്നാണ്. ഇവിടെ ഈ സർക്കാരിനെ കുറിച്ച് ചില യുവജന എം.എൽ.എ.-മാർ ചോദിച്ചു, യുവാക്കൾക്കുവേണ്ടി എന്ത്

ചെയ്തുവെന്ന്. കേരളത്തിലെ പതിനായിരക്കണക്കിന് യുവാക്കളും വിദ്യാർത്ഥികളും ഒഴുക്കിയ ചോരയിൽ നിന്നാണ് ഈ സർക്കാർ രൂപാന്തരപ്പെട്ടത്. അതിന്റെ ഭാഗമായിത്തന്നെയാണ് ഈ സർക്കാർ അധികാരം ഏറ്റെടുത്ത 25-ാം തീയതിയിലെ പ്രഥമ ക്യാബിനറ്റ് യോഗത്തിൽ ഒഴിവുള്ള തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം നടത്താൻ ആവശ്യമായ ഉത്തരവ് നൽകുന്നതിന് തീരുമാനിച്ചത്. അത് മാത്രമല്ല, ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനകത്ത് യുവ സംരംഭകർക്ക് രണ്ട് ലക്ഷത്തോളം വരുന്ന ഉപാധിരഹിത വായ്പയും അതിൽ വിജയിച്ചവർക്ക് ഒരു കോടി രൂപയുടെ ഉപാധിരഹിത വായ്പയും സംബന്ധിച്ച് സൂചിപ്പിക്കുന്നു. ഇങ്ങനെ ഒരു നിലപാട് സ്വീകരിക്കാൻ പിണറായി സർക്കാരിന്റെ ക്യാബിനറ്റിനല്ലാതെ വേറൊരു ഗവൺമെന്റിനും സാധിക്കില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഒരു സമൂഹത്തിന്റെ നിലനിൽപ്പ് മുഖ്യമായും ആരോഗ്യമാണ്. Dr. T. M. Thomas Isaac, you are not only a scholar, you are real doctor. അതാണ് ഡോ. ടി. എം. തോമസ് ഐസക്കിനെ ഫാറ്റ് ടാക്സുമായി ബന്ധപ്പെട്ട് ഹിന്ദു എന്ന പത്രം വിശേഷിപ്പിച്ചത്. അതുപോലെ ഇന്നലത്തെ ഹിന്ദു പത്രത്തിന്റെ മുഖപ്രസംഗം, slowing fast food സംബന്ധിച്ചാണ്. ഡെൻമാർക്കിലും മെക്സിക്കോയിലും പരീക്ഷിച്ച അതേ പരീക്ഷണമാണ് ഡോ. ടി. എം. തോമസ് ഐസക് ഇവിടെ നടപ്പിലാക്കുന്നത്. അത് മാത്രമല്ല, Right to Medical care, ഒരു പൗരന്റെ right to livelihood. right to life എന്ന് പറഞ്ഞതുപോലെതന്നെ right to medical care നടപ്പിലാക്കിയ സർക്കാരാണ് ഈ സർക്കാർ. അത് മാത്രമല്ല, കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഹോസ്പിറ്റൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനുവേണ്ടി ഈ സർക്കാർ ബഡ്ജറ്റിൽ തുക വകയിരുത്തിയിരിക്കുകയാണ്. സ്കൂൾ വിദ്യാഭ്യാസത്തിനു വേണ്ടി 140 മണ്ഡലത്തിലേയും ഓരോ സ്കൂളുകൾ ഹൈടെക് ആക്കിമാറ്റാൻ 1,000 കോടി രൂപ ഈ സർക്കാർ നീക്കിവച്ചു. അത് മാത്രമല്ല, മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, കുടിവെള്ളം എന്നിവയ്ക്കെല്ലാം തുക നീക്കിവച്ച സർക്കാരാണിതെന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്തായിരുന്നു യു.ഡി.എഫ്.; നിങ്ങളുടെ ഫ്ലാഗ്ഷിപ്പ് പ്രോജക്ടുകൾ എവിടെ? അതിലൊന്നായിരുന്നല്ലോ കണ്ണൂർ എയർപോർട്ട്. ഞാൻ ആ കണ്ണൂർ എയർപോർട്ട് ഉൾപ്പെടുന്ന ജില്ലയിൽനിന്ന് വരുന്ന ഒരാളാണ്. അതിന്റെ ഉദ്ഘാടനത്തിന് ഇവർ ഒരു ചെറിയ വിമാനം കൊണ്ടുവന്നിറക്കി. അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും അന്ന് വകുപ്പ് കൈകാര്യം ചെയ്തിരുന്ന ശ്രീ. കെ. ബാബുവും

ആ വിമാനത്തിൽ ഉണ്ടാകുമെന്നാണ് ഞാൻ ധരിച്ചത്. പക്ഷെ അവർ ഉണ്ടായിരുന്നില്ല, അവർ ബുദ്ധിയുള്ളവരാണ്. കാരണം, അഥവാ ഈ വിമാനം ലാന്റ് ചെയ്യുമ്പോൾ അതിന്റെ അടിഭാഗം കുത്തിപ്പോയാലോ, അതുകൊണ്ട് അവർ കയറിയില്ല. എവിടെപ്പോയി വിഴിഞ്ഞം തുറമുഖം, എവിടെപ്പോയി സ്മാർട്ട് സിറ്റി, എവിടെപ്പോയി മെട്രോ? എല്ലാം ഉദ്ഘാടനം ചെയ്തതിനപ്പുറത്തേക്ക് നിങ്ങൾക്ക് എന്ത് നടപ്പിലാക്കാൻ സാധിച്ചുവെന്ന ചോദ്യമാണ് എനിക്ക് ഉന്നയിക്കാനുള്ളത്. അത് മാത്രമല്ല, കഴിഞ്ഞ സർക്കാർ ജനസമ്പർക്ക പരിപാടി നടത്തി. തെരഞ്ഞെടുപ്പ് സമയത്ത് ഞാനൊക്കെ വെള്ളാനകളുടെ നാട്ടിലെ കുതിരവട്ടം പപ്പുവിനോട് മുഖ്യമന്ത്രിയെ കളിയാക്കി പറഞ്ഞിട്ടുണ്ട്. ഇപ്പം ശര്യാക്കിത്തരാമെന്നായിരുന്നു അന്ന് സൂചിപ്പിച്ചത്. യഥാർത്ഥത്തിൽ ഈ തെരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി മത്സരിച്ചപ്പോഴായിരുന്നു ജനസമ്പർക്ക പരിപാടിയുടെ മറവിൽ ആളുകളെ പറ്റിച്ച കാര്യം ഞാൻ മനസ്സിലാക്കുന്നത്. ഡയാലിസിസ് രോഗിയോട് കാശ് തരാമെന്നുപറഞ്ഞു, എവിടെ കിട്ടി? ആർക്കാണ് നൽകിയതെന്ന് പറയട്ടെ. ഇപ്പോൾ ഇത് നടപ്പിലാക്കാൻ സാധിക്കുമോയെന്ന് നിങ്ങൾ ഞങ്ങളെ കളിയാക്കുന്നു. ഒരു സംശയവും നിങ്ങൾക്കാർക്കും വേണ്ട; ടീം പിണറായി അഞ്ച് വർഷം ഇത് നടപ്പിലാക്കും. പെൻഡുലം പൊളിറ്റിക്സ് കേരളത്തിൽ അവസാനിച്ചിരിക്കുന്നു. ഇനി ഇടതുപക്ഷത്തിന്റെ ഭരണത്തുടർച്ചയായിരിക്കും കേരളത്തിലെന്ന കാര്യത്തിൽ നിങ്ങൾക്കാർക്കും സംശയം വേണ്ടെന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അത് മാത്രമല്ല, എങ്ങനെ നികുതി കണ്ടെത്തും. നിങ്ങൾ കള്ളപ്പണക്കാരെ സഹായിച്ചു. നികുതി വെട്ടിപ്പുകാർക്ക് കൂട്ടുനിന്നു. 25 ശതമാനമായി നികുതി വർദ്ധിപ്പിക്കുമെന്നാണ് ഡോ. ടി. എം. തോമസ് ഐസക് പ്രഖ്യാപിച്ചിട്ടുള്ളത്. അത് ഈ സർക്കാർ നടപ്പിലാക്കുമെന്ന കാര്യത്തിൽ ഒരു സംശയവും നിങ്ങൾക്ക് വേണ്ട.

രാഷ്ട്രീയത്തിൽ ചില മര്യാദകളുണ്ട്. ഇവിടെ ഈ സഭയ്ക്കകത്ത് ഏറ്റവും പ്രായംചെന്ന നിയമസഭാ സാമാജികൻ ശ്രീ. വി. എസ്. അച്ചുതാനന്ദനാണ്. നിങ്ങളുടെ ഏറ്റവും സീനിയർ ലീഡർമാർ സംസാരിക്കുമ്പോൾ ഞങ്ങൾ മൗനം പാലിച്ചത് ദൗർബല്യമല്ല. മറിച്ച് സഭയ്ക്കകത്ത് ചില അൺ-റിട്ടൺ റൂൾസുണ്ട്, നിയമസഭാ സാമാജികരിൽ മുതിർന്നവർ സംസാരിക്കുമ്പോൾ മൗനം പാലിക്കണമെന്നുള്ളത്. അതുപ്രകാരം ഞങ്ങൾ മൗനംപാലിച്ചു. കേരളത്തിന്റെ മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി അഞ്ച് മിനിട്ടിലധികം ഈ സഭയ്ക്കകത്ത് സംസാരിച്ചപ്പോൾ ഞങ്ങളാരും ഒച്ചവച്ചില്ലല്ലോ; എന്തിനായിരുന്നു ഈ അസഹിഷ്ണുത? ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ വാക്കുകളെ നിങ്ങൾ ഭയപ്പെടുന്നു. സഖാവ് വി. എസ്. അച്ചുതാനന്ദൻ സഭയ്ക്കകത്ത് പ്രസംഗിക്കുമ്പോൾ നിങ്ങളുടെ യുവജന എം.എൽ.എ.മാർ ഒച്ച

വച്ചപ്പോൾ നിയന്ത്രിക്കാൻ മുൻനിരയിലെ നിങ്ങളുടെ സീനിയർ ലീഡർമാരാരും തയ്യാറായില്ലെന്നത് വളരെ ദൗർഭാഗ്യകരമായ കാര്യമാണ്. മാർക്ക് സൂക്കർ ബർഗ്ഗല്ല ഞങ്ങളെ രാഷ്ട്രീയത്തിൽ കൊണ്ടുവന്നത്. മാർക്ക് സൂക്കർ ബർഗ്ഗ് ഇല്ലെങ്കിൽ പലരും ഇന്ന് ഈ രാഷ്ട്രീയത്തിൽ ഉണ്ടാകുമായിരുന്നില്ല. ത്യാഗനിർഭരമായ സമരത്തിന്റെ ഉൽപ്പന്നമായാണ് ഈ നിയമസഭയ്ക്കകത്ത് ഇരിക്കുന്ന യുവജന പ്രസ്ഥാനത്തിന്റെ ഓരോ പ്രതിനിധികളുമെന്ന കാര്യത്തിൽ ഒരു സംശയവും ആർക്കും വേണ്ട എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നിങ്ങൾ ഒന്നേകാൽ സ്റ്റേറ്റ് എന്ന് കളിയാക്കി. നിങ്ങളുടെ സ്ഥിതി ഇപ്പോൾ എവിടെയെത്തി? കോൺഗ്രസ്സിന് 415 പാർലമെന്റ് മെമ്പർമാരുണ്ടായിരുന്നു . ഇപ്പോൾ ശ്രീ. രാഹുൽ ഗാന്ധിക്ക് വയസ്സ് 46, കോൺഗ്രസ്സിന്റെ സീറ്റ് 45. എന്താണ് ഇങ്ങനെ എത്തിപ്പോയത്? നിങ്ങൾക്കിനി തിരിച്ചുവരാൻ സാധിക്കില്ല. കോൺഗ്രസ്സിന്റെ ചരിത്രത്തിലാദ്യമായി 1967-ന് ശേഷമുള്ള ഏറ്റവും വലിയ പോൾ ഡിബേക്കിളല്ലേ കേരളം കണ്ടത്? ഇനിയെങ്കിലും നിങ്ങൾ പാഠം ഉൾക്കൊള്ളണം. നിങ്ങൾ തകർന്നുപോകണമെന്ന് ആഗ്രഹിക്കുന്നവരല്ല ഞങ്ങൾ. പക്ഷെ, നിങ്ങൾക്കിനി തിരിച്ചുവരാൻ സാധിക്കുമോയെന്ന കാര്യത്തിൽ ഞങ്ങൾക്ക് ആശങ്കയുണ്ട്. എവിടെപ്പോയി കോൺഗ്രസ്സിന്റെ അവസ്ഥ; ഇത്ര തകർന്ന നിലയിലേക്ക് കോൺഗ്രസ്സ് എന്തുകൊണ്ട് എത്തി? നിങ്ങളുടെ കയ്യിലിരുപ്പാണ്. നിങ്ങൾ അനുവർത്തിച്ചുവന്ന നയത്തിന്റെ പ്രത്യാഘാതമാണ് ഈ നിലയിലേക്ക് കോൺഗ്രസ്സ് തകർന്നുപോയത്.

ഞങ്ങൾക്ക് ഒരു പോറലുപോലും ഏറ്റിട്ടില്ലെന്ന് ചിലർ പറഞ്ഞു. ഞാൻ വെല്ലുവിളിക്കുകയാണ്, കോണി കുത്തനെ വയ്ക്കുമോ; കോണി എവിടെയെങ്കിലും ചാരിവയ്ക്കണം. ചാരിവയ്ക്കാതെ കോണിക്ക് എവിടെയും ഒറ്റയ്ക്ക് നിൽക്കാൻ സാധിക്കില്ല. ഒരുകാര്യം ഞങ്ങൾ ഉറപ്പിച്ചു പറയാം. പണ്ട് സ്കൂളിൽ പഠിക്കുമ്പോൾ ഞാൻ കോഴിക്കോട്ടെ മുതലക്കുളം മൈതാനം കാണാൻ പോയിരുന്നു. അവിടെ മുതലയും കുളവും മൈതാനവുമൊക്കെയുണ്ടെന്നാണ് ധരിച്ചുവച്ചിരുന്നത്. പക്ഷേ ചെന്നുനോക്കുമ്പോൾ മുതലയുമില്ല, കുളവുമില്ല, മൈതാനവുമില്ല. അതുപോലെയാണ് ഇൻഡ്യൻ യൂണിയൻ മുസ്ലീം ലീഗ്. നിങ്ങളിപ്പോൾ മലപ്പുറത്തു മാത്രമേയുള്ളൂ. ഒരു സംശയവും വേണ്ട, 2026 എത്തുമ്പോഴേക്കും മുസ്ലീം ലീഗ് എന്ന രാഷ്ട്രീയ പാർട്ടി ഇല്ലാത്ത, മുസ്ലീം ലീഗ് മുക്ത മലപ്പുറം ജില്ലയുണ്ടാക്കാൻ ഞങ്ങൾക്ക് സാധിക്കുമെന്നുള്ള വിശ്വാസം ഞങ്ങൾക്കുണ്ട്. അതുപോലെ ഇന്നലെ ഞങ്ങളെ കളിയാക്കി. എ.കെ.ജി.-യെ കുറിച്ചു പറഞ്ഞു; ഇ.എം.എസ്.-നെക്കുറിച്ചു പറഞ്ഞു; നല്ലതുതന്നെയാണ്. 1983

സെപ്റ്റംബർ 28-നാണ് മഹാനായ മർഹ്ഹൂം സി. എച്ച്. മുഹമ്മദ് കോയ സാഹിബ് അന്തരിച്ചത്. അദ്ദേഹം കേരളത്തിന്റെ മുഖ്യമന്ത്രിയായിരുന്നു; അദ്ദേഹം ഉപ മുഖ്യമന്ത്രിയായിരുന്നു; സ്പീക്കറായിരുന്നു; പാർലമെന്റ് മെമ്പറായിരുന്നു. അദ്ദേഹം മരിച്ച് അദ്ദേഹത്തിന്റെ മയ്യത്ത് കബറടക്കത്തിനുശേഷം കേരളം കേട്ടത് ഒരു നയാ പൈസപോലുമില്ലാതെയാണ് അദ്ദേഹം അന്തരിച്ചതെന്നാണ്. ഇന്ന് ലീഗിന്റെ നേതൃത്വം അങ്ങനെയാണോ; നിങ്ങൾക്ക് വിശുദ്ധ ഖുർആൻ സത്യം ചെയ്ത് പറയാൻ സാധിക്കുമോ? മുഹമ്മദ് കോയ സാഹിബിന്റെ മകനായ മുനീറിന്റെ ഉൾപ്പെടെ സ്വത്ത് എത്രയെന്ന് ഇവിടെ വെളിപ്പെടുത്തണം. അതുകൊണ്ട് ലീഗ് എന്ന രാഷ്ട്രീയപാർട്ടി അപഥസഞ്ചാരം നടത്തിയപ്പോൾ, മുസ്ലീം ലീഗ് എന്ന രാഷ്ട്രീയ പാർട്ടിയുടെ ഗതികേട് ഇന്നെവിടെയാണ്? ഇവിടെ പിന്നൊരു പാർട്ടിയുണ്ട്, ശ്രീ. കെ. എം. മാണിയുടേത്. നിങ്ങളുടെ ഇടത്തും വലത്തുമിരിക്കുന്നവരെ വിശ്വസിക്കരുത്. നീലകണ്ഠ ശർമ്മ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം മാത്യു അച്ചാടന് ഘടിപ്പിക്കാൻ കൊണ്ടുപോയൊരു വേഗതയുണ്ടായിരുന്നു, ആ വേഗതയായിരുന്നു മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്ക് നിങ്ങളുടെ രാജി ഗവർണ്ണറുടെ ഹൗസിലേക്ക് എത്തിച്ചപ്പോഴുണ്ടായിരുന്നത്. എന്നാൽ അദ്ദേഹത്തിന്റെ വിശ്വസ്തനായ ശ്രീ. കെ. ബാബുവിന്റെ രാജി അദ്ദേഹം കീശയിലിട്ടു നടന്നു. ഇതല്ലേ കേരളം കണ്ടത്? അതുകൊണ്ട് യു.ഡി.എഫ്. എന്നുപറയുന്ന രാഷ്ട്രീയ സംവിധാനം വംശനാശം സംഭവിച്ച ഡൈനോസറുകളാണ്. 2011-ൽ ഒൻപതു പാർട്ടികളുമായി അധികാരത്തിലേക്ക് വന്നവർ ഇന്ന് കേവലം രണ്ടേകാൽ പാർട്ടിമാത്രമുള്ള രാഷ്ട്രീയ മുന്നണിയായി എന്തുകൊണ്ടു മാറി? ഈ തെരഞ്ഞെടുപ്പ് യഥാർത്ഥ തെരഞ്ഞെടുപ്പായിരുന്നു. രാഷ്ട്രീയ ഒറ്റുകാരെല്ലാം പരാജയപ്പെട്ടു. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി തോറ്റു, ശ്രീ. ആർ. സെൽവരാജ് തോറ്റു. ഒരാൾ മാത്രമവശേഷിക്കുന്നു. അത് 2021 ആകുമ്പോഴേക്കും ഞങ്ങൾ അവസാനിപ്പിക്കും. ഒരു സംശയവും നിങ്ങൾക്ക് വേണ്ട. എവിടെപ്പോയി ജെ.ഡി.യു; എവിടെപ്പോയി ആർ.എസ്.പി? വെളുപ്പാൻ രാവിലെ കോഴികൂവുന്നതിനുമുൻപ് യേശുവിനെ തള്ളിപ്പറഞ്ഞ പത്രോസിനെപ്പോലെ ആർ.എസ്.പി. എന്ന രാഷ്ട്രീയ പ്രസ്ഥാനം ഇടതുപക്ഷത്തെ വഞ്ചിച്ചുകൊണ്ട് യു.ഡി.എഫ്. കൂടാരത്തിലേക്ക് കയറി. ഞാൻ ഒരുകാര്യം കൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുകയാണ്. Richard J. Daley എന്നയാളുടെ ഒരു ക്വാട്ടിംഗ് Good government is good politics എന്നാണ്. ഞങ്ങളൊന്നേ പറയുന്നുള്ളൂ, നല്ലതിനെ അംഗീകരിക്കാൻ നിങ്ങൾ തയ്യാറാകണം.

<u>ചെയർപേഴ്സൺ</u>: ബഹുമാനപ്പെട്ട അംഗം പ്രസംഗം അവസാനിപ്പിക്കുു.

ശ്രീ. എ. എൻ. ഷംസീർ: സർ, അമേരിക്കൻ പ്രസിഡന്റായിരുന്ന ജോൺ ആഡംസിന്റെ ഒരു ക്വട്ടേഷൻ പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. " As the happiness of the people is the sole end of government, so the consent of the people is the only foundation of it." ഇതിവിടെ ആവർത്തിച്ച് പറഞ്ഞുകൊണ്ട് ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ ശക്തമായി പിന്തുണയ്ക്കുന്നു.

11.53 AM]

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇവിടെ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുകയാണ്. സാധാരണക്കാരന്റെ ജീവിതഭാരം കൂട്ടുന്ന നികുതി നിർദ്ദേശങ്ങളടങ്ങുന്ന ബഡ്ജറ്റാണിവിടെ ശ്രവിച്ചത്. കേരളത്തെ വിലക്കയറ്റത്തിന്റെ പടുകുഴിയിലേക്ക് തള്ളിവിടുന്ന നികുതി നിർദ്ദേശങ്ങൾ ആദ്യ ബഡ്ജറ്റിൽതന്നെ ഇടംപിടിച്ച എന്നുള്ളത് കേരളജനത എങ്ങനെയാണ് വിലയിരുത്തുന്നത് എന്നതിനെക്കുറിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയാണ്. ചരക്കുവാഹനങ്ങൾക്ക് നികുതി വർദ്ധിപ്പിച്ചു. അതുമൂലം നിത്യോപയോഗ സാധന വിലവർദ്ധനവിലൂടെ സാധാരണക്കാരന്റെ ജീവിത നിലവാരത്തെ ഭാരിച്ചതായ ഒരു ചുമതലയിലേക്ക് മാറ്റിക്കൊണ്ടിരിക്കുകയാണ്. കേരകർഷകരെ സഹായിക്കാൻ കൊണ്ടുവന്ന വെളിച്ചെണ്ണ നികുതിവർദ്ധനവിലൂടെ പാവപ്പെട്ടവനെ പാമോയിൽ കുടിപ്പിച്ച് കേരകർഷകന്റെ വയറ്റത്തടിക്കാനുള്ള നീക്കമാണ് നടക്കുന്നത്. കുടുംബാംഗങ്ങൾ തമ്മിലുള്ള ഭൂമിയിടപാടിലെ ആധാര മുദ്രവില വസ്തുവിലയുടെ മൂന്ന് ശതമാനമായി വർദ്ധിപ്പിച്ച നടപടി പിൻവലിക്കുമെന്നാണ് കരുതിയത്. പക്ഷേ പിൻവലിച്ചില്ല. ഇതിനെല്ലാം ഉപരിയായി യു.ഡി.എഫ്. ഗവൺമെന്റിന്റെകാലത്ത് അനുവദിച്ച മെഡിക്കൽ കോളേജുകളെ അതിന്റെ ശൈശവദശയിൽത്തന്നെ ഞെരുക്കി കൊന്നുകളയുന്ന ഒരു ക്രൂരവിനോദത്തിന് നിന്നുകൊടുക്കരുത് എന്ന എളിയ അഭ്യർത്ഥന എനിക്കുണ്ട്. എന്ത് നടപടികളുടെ പേരിലാണെങ്കിലും അത് ന്യായീകരിക്കാൻ സാധിക്കുകയില്ല.

"പട്ടിണിയായ മനുഷ്യാ നീ
പുസ്തകം കൈയിലെടുത്തോളൂ.
പുത്തനൊരായുധമാണ നിനക്കതു-

പുസ്തകം കൈയിലെടുത്തോളൂ" എന്ന് ആവേശം കൊള്ളിച്ചവർ തന്നെയാണ് പഠിക്കാൻ സമർത്ഥരായ വിദ്യാർത്ഥികൾക്ക് മെഡിക്കൽ വിദ്യാഭ്യാസത്തിനുള്ള

അവസരം നിഷേധിച്ചിരിക്കുന്നത്. ശ്രീ. ആർ. രാജേഷ് ഉൾപ്പെടെ ഇവിടെ സംസാരിച്ചപ്പോൾ ഞാൻ ശ്രദ്ധിച്ചു, വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങളിലൂടെ പൊതുരംഗത്തുവന്ന് നിയമസഭാംഗമായി മാറിക്കഴിഞ്ഞപ്പോൾ അവരുടെ വിദ്യാർത്ഥി ജീവിത കാലഘട്ടത്തിലെ മുദ്രാവാക്യങ്ങൾപോലും മാറ്റിക്കൊണ്ടു പോകുന്ന എന്നുള്ളത് ഏറെ ബുദ്ധിമുട്ടാണ്. അത് പ്രത്യേകമായി ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. സർക്കാർ മേഖലയിൽ ഉണ്ടായിരുന്ന അഞ്ച് മെഡിക്കൽ കോളേജുകൾക്കുശേഷം മൂന്ന് പതിറ്റാണ്ട് കഴിഞ്ഞതിനുശേഷമല്ലേ പുതിയ മെഡിക്കൽ കോളേജുകളെ കുറിച്ചുള്ള ഒരാരംഭം കുറിക്കാനായി കഴിഞ്ഞത്? 1951-ലെ തിരുവനന്തപുരം മെഡിക്കൽ കോളേജ്, 1957-ലെ കോഴിക്കോട് മെഡിക്കൽ കോളേജ്, 1960-ൽ അനുവദിച്ച് 1970-ൽ പ്രവർത്തനം ആരംഭിച്ച കോട്ടയം മെഡിക്കൽ കോളേജ്, 1972-ൽ സർക്കാർ ഏറ്റെടുത്ത ആലപ്പുഴ ടി. ഡി. മെഡിക്കൽ കോളേജ്, 1981-ൽ അനുവദിച്ച് 1982-ൽ എസ്റ്റാബ്ലിഷ് ചെയ്ത തൃശ്ശൂർ മെഡിക്കൽ കോളേജ് ഈ മെഡിക്കൽ കോളേജുകൾ എന്നിവയ്ക്കുശേഷം മൂന്ന് പതിറ്റാണ്ടുകൾ കഴിഞ്ഞ് പുതിയതായി കേരളത്തിൽ അനുവദിക്കപ്പെട്ട മെഡിക്കൽ കോളേജുകൾ, അതിന്റെ ചരിത്രപരമായ പശ്ചാത്തലത്തിലേക്ക് നോക്കുമ്പോൾ ഈ നീക്കങ്ങൾ നമ്മൾ ഏതുവിധത്തിലാണ് കൈകാര്യം ചെയ്യേണ്ടത് എന്നതിനെക്കുറിച്ച് ഈ സഭതന്നെ ചർച്ച ചെയ്യണം. മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ അംഗീകാരം ഇടുക്കി മെഡിക്കൽ കോളേജിനു ലഭിച്ചു. അതുകൊണ്ടാണല്ലോ ക്ലാസ്സ് ആരംഭിച്ചത്. രണ്ടു വർഷം കഴിഞ്ഞു. ഒന്നാം വർഷ വിദ്യാർത്ഥികളുടെ പരീക്ഷ കഴിഞ്ഞു. അടിസ്ഥാന സൗകര്യങ്ങളില്ല എന്നതാണ് പറയുന്ന പോരായ്മ. കേരളത്തിലെ എല്ലാ മെഡിക്കൽ കോളേജുകളിലെയും കുട്ടികൾ പരീക്ഷ എഴുതിയിട്ട്, പരീക്ഷ എഴുതിയ മുഴുവൻ കുട്ടികളും വിജയിച്ച് കേരളത്തിൽ ഒന്നാമതെത്തിയ മെഡിക്കൽ കോളേജാണ് ഇടുക്കി മെഡിക്കൽ കോളേജ്. അതുകൊണ്ട് അവിടെ സൗകര്യങ്ങൾ ഇല്ലാത്തതല്ല പ്രശ്നം. ഈ ഗവൺമെന്റ് വളരെ ഗൗരവമായി ആ തലത്തിൽ ചിന്തിക്കണം. ഇവിടെ പെരുമാറ്റച്ചട്ടം നിലനിന്ന സമയത്ത് ഉദ്യോഗസ്ഥ തലത്തിൽ നടത്തിയ തീരുമാനത്തിന്റെ ഫലമായി അവിടെ അസൗകര്യങ്ങളുണ്ടെന്നും അങ്ങോട്ടേക്ക് ജോലിക്കുവരാൻ സാധ്യമല്ലെന്നു വിചാരിക്കുന്ന ചില ഡോക്ടർമാരുംകൂടി ചേർന്നെടുത്ത നടപടിയുടെ ഭാഗം ഈ ഗവൺമെന്റ് അംഗീകരിച്ചു കൊടുക്കരുത്. അവിടെ മെഡിക്കൽ വിദ്യാഭ്യാസത്തിനോടൊപ്പം പാവപ്പെട്ടവർക്ക് ഉയർന്ന ചികിത്സ ലഭ്യമാകാൻ വേണ്ടി ഗവൺമെന്റ് കൊണ്ടുവന്ന സംരംഭമാണത്. പോരായ്മകളുണ്ടാകാം. ഒരു മെഡിക്കൽ കോളേജും ഒരു എഞ്ചിനീയറിംഗ് കോളേജും എല്ലാ സൗകര്യങ്ങളും പൂർത്തീകരിച്ച് തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ആലപ്പുഴ മെഡിക്കൽ

കോളേജിന് ഇപ്പോഴല്ലേ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി നല്ല നിലയിലേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടുള്ളത്. അതുകൊണ്ട് ഘട്ടം ഘട്ടമായി ഡെവലപ് ചെയ്ത് കൊണ്ടുവന്ന് മെഡിക്കൽ വിദ്യാഭ്യാസത്തിനും ആരോഗ്യ ചികിത്സാ രംഗത്തും പുതിയ രീതി അവലംബിക്കാൻ തുടക്കം കുറിച്ചിട്ടുള്ള മെഡിക്കൽ കോളേജുകളെക്കുറിച്ച് പുനർവിചിന്തനം നടത്തണം. അവിടെനിന്ന് മറ്റു മെഡിക്കൽ കോളേജുകളിലേക്ക് മാറ്റിയിരിക്കുന്ന കുട്ടികളെ തിരിച്ച് ഇടുക്കിയിലേക്കു തന്നെ എത്തിക്കുന്നതിന് വേണ്ടിയുള്ള നടപടികളെക്കുറിച്ചാണ് ചിന്തിക്കേണ്ടത്. അത് വളരെ ഗൗരവപൂർവ്വം കണക്കാക്കുമെന്നുതന്നെ കരുതുകയാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് രേഖാമൂലം എഴുതിക്കൊടുക്കുകയും സംസാരിക്കുകയും ചെയ്തിരുന്നു. ഒരു മീറ്റിംഗ് വിളിച്ചു ചേർക്കാമെന്നു പറഞ്ഞെങ്കിലും അതുണ്ടായില്ല. അടിയന്തരമായി ഒരു മീറ്റിംഗ് വിളിച്ചു ചേർക്കുകതന്നെ ചെയ്യണം. ആരോഗ്യ വകുപ്പുമന്ത്രിയോടൊപ്പം പ്രത്യേകിച്ച് ധനകാര്യ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ നല്ലൊരു ഇടപെടൽ നടത്തണം. മുഖ്യമന്ത്രിയും ഇക്കാര്യത്തിൽ ഇടപെടണമെന്ന ഒരു എളിയ റിക്വസ്റ്റ് ഇടുക്കിക്കുവേണ്ടി ഞാൻ ഈ സഭയിൽ സമർപ്പിക്കുകയാണ്.

അതുപോലെതന്നെ പ്രധാനപ്പെട്ടതാണ് മുല്ലപ്പെരിയാർ. മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ടിട്ടുള്ള വിഷയം ഇടുക്കിയിലെ സാധാരണക്കാരായ ജനങ്ങളെ മുഴുവൻ ബാധിക്കുന്ന ആപൽക്കരമായ ബുദ്ധിമുട്ടിന്റെ വക്കിൽ നിൽക്കുന്ന പ്രശ്നമാണ്. അവിടെ പുതിയ അണക്കെട്ടുണ്ടാക്കണം. അത് ഈ നിയമസഭയുടെ തന്നെ ആവശ്യമായിരുന്നു. നമ്മുടെ സഭയിൽ ചർച്ച ചെയ്യപ്പെട്ടു. പ്രതിപക്ഷ-ഭരണകക്ഷി വ്യത്യാസമില്ലാതെ യുനാനിമസായി പ്രമേയം പാസ്സാക്കി എടുത്തിട്ടുണ്ട്. അക്കാര്യത്തെ കുറിച്ച് പരാമർശിക്കാതെ പോയത് ഏറെ ഖേദകരമാണ്. പ്രധാനമന്ത്രിയെ മുഖ്യമന്ത്രി ആദ്യമായി കണ്ടു സംസാരിച്ചതിനുശേഷം അദ്ദേഹം നടത്തിയ സ്റ്റേറ്റ്മെന്റ് കേരളത്തിലും ഇടുക്കിയിലും ഭീതി വളർത്തി. പക്ഷേ പിന്നീട് അദ്ദേഹം അതിൽനിന്ന് പുറകോട്ടുപോയി. ഒരു പുതിയ ഡാം ഉണ്ടാകണം എന്നൊക്കെ സംസാരിക്കുമ്പോഴും ഈ ബഡ്ജറ്റ് പരാമർശത്തിന്റെ ഭാഗമായി അത് ഉണ്ടായില്ല. കഴിഞ്ഞ ബഡ്ജറ്റിൽ 100 കോടി രൂപ അതിനുവേണ്ടി വകകൊള്ളിച്ചു. 1984-ലെ സെൻട്രൽ വാട്ടർ കമ്മീഷന്റെ റിപ്പോർട്ട് അനുസരിച്ച് അവിടെ ബലക്ഷയമുണ്ട് എന്നുള്ളതിന്റെ പേരിൽ തന്നെ 1,300 അടി താഴെ പുതിയ ഡാം ഉണ്ടാകണം. അതിനുവേണ്ടിയുള്ള സ്ഥലം കണ്ടെത്തി അവിടെ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി വാങ്ങി പുതിയ ഡാം നിർമ്മിക്കുമെന്നുള്ള ഡെഡിക്കേഷനോടുകൂടിയുള്ള ഒരു അചഞ്ചലമായ തീരുമാനം ഈ നിയമസഭയുടേതാണ്. അതുകൊണ്ട് തീർച്ചയായിട്ടും അത് പരാർശിക്കാതെ പോയത് ഖേദകരമാണ്. 2011 ഡിസംബറിൽ ശ്രീമതി

ഇ. എസ്. ബിജിമോൾ, സർവ്വശ്രീ. ചിറ്റയം ഗോപകുമാർ, കെ. അജിത്ത്, ജി. എസ്. ജയലാൽ, മോൻസ് ജോസഫ്, എസ്. രാജേന്ദ്രൻ, സാജുപോൾ ഉൾപ്പെടെ അവിടെ നിരാഹാരം അനുഷ്ഠിച്ച സാഹചര്യം ഓർക്കുന്നു. 2011 ഡിസംബർ 9-ന് ശ്രീ. എസ്. രാജേന്ദ്രൻ എം.എൽ.എ. നിരാഹാരം കിടന്ന വണ്ടിപ്പെരിയാറിലെ സമരപ്പന്തലിൽ വന്ന് ഇന്നത്തെ മുഖ്യമന്ത്രി സഖാവ് പിണറായി വിജയൻ നടത്തിയ പ്രസ്താവനയും പ്രസംഗവും ഞങ്ങളോർക്കുന്നുണ്ട്. എന്താണതിൽ വന്ന മാറ്റം? തീർച്ചയായിട്ടും ഖേദകരമാണ്. മലയോര മേഖലയുടെ ഉറക്കം കെടുത്തുന്ന ഏറെ ദുഃഖകരമായ ഒരു വിഷയമാണ്. മഴക്കാലം രൂക്ഷമാകുന്നതോടെ ജലനിരപ്പുയരും. ഡാമിന്റെ ചോർച്ച വർദ്ധിക്കുകയും ചെയ്തിരിക്കുന്നു. അതുകൊണ്ട് തദ്ദേശവാസികളായ 250-ലധികം ആളുകളെ മാറ്റിപ്പാർപ്പിച്ചുവരികയാണ്. അതിന് പരിഹാരം കാണാനുള്ള തീരുമാനത്തിൽനിന്ന് ഈ സഭയും ഗവൺമെന്റും പുറകിലേക്ക് പോയിട്ടില്ലെന്ന അടിയുറച്ച വിശ്വാസം രൂപപ്പെടുത്തിയെടുക്കാൻ, മുല്ലപ്പെരിയാറുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വിഷയം അദ്ദേഹത്തിന്റെ ചർച്ചയിൽ ഉണ്ടാകേണ്ടതായിരുന്നു. അത് ഉപേക്ഷിക്കരുതെന്ന് അതുസംബന്ധിച്ച് സൂചിപ്പിക്കട്ടെ. MGLC സ്കൂളുകളിൽ 369 അദ്ധ്യാപകരാണുള്ളത്. അവർക്ക് വേതനം കൈപ്പറ്റാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഗവൺമെന്റ് അവർക്ക് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സർക്കാർ ഉത്തരവ് നം.954/14 പ്രകാരം സഞ്ചിത വേതനമായി 10,000 രൂപ അനുവദിച്ചെങ്കിലും കഴിഞ്ഞ നാലുമാസമായി അവർക്കത് ലഭിക്കുന്നില്ല. ഏറെ ബുദ്ധിമുട്ടുകൾ സഹിച്ച് മലയോര മേഖലയോടു ചേർന്നുള്ള വനാന്തരങ്ങളോട് ചേർന്നു കിടക്കുന്ന പ്രദേശങ്ങളിൽ പാവപ്പെട്ട കുട്ടികളെ വിദ്യ അഭ്യസിപ്പിക്കുവാനായി തുടങ്ങിയ ആ ഏകാദ്ധ്യാപകർക്ക് 10,000 രൂപ consolidated pay ആയി കൊടുക്കേണ്ടതാണ്. അവരുടെ ശമ്പളം എത്രയും പെട്ടെന്ന് കൊടുക്കാൻ തീരുമാനം ഉണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു. അതുകൊണ്ടുതന്നെ ഒട്ടേറെ വിലപ്പെട്ട നിർദ്ദേശങ്ങൾ തീച്ചയായിട്ടും ഇതുമായി ബന്ധപ്പെട്ട് സംസാരിക്കുവാനുണ്ട്. സമയപരിമിതികൊണ്ടൊന്നും സൂചിപ്പിക്കുന്നില്ല.

12.01 PM]

<u>ശ്രീ. കാരാട്ട് റസാഖ്</u>: സർ, ഇവിടെ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ അനുകൂലിക്കുന്നു. ഞാൻ ഉൾപ്പെടെയുള്ള കൊടുവള്ളിക്കാർ പരമ്പരാഗതമായി വ്യാപാര രംഗത്ത് പ്രവർത്തിക്കുന്നവരാണ്. മലയോര പ്രദേശത്തെ കർഷകർ ഉൾപ്പെടെയുള്ളവരുടെ ഇടയിലാണ് ഞാൻ ജീവിക്കുന്നത്. വ്യാപാര ആവശ്യങ്ങൾക്കായി ഗ്രാമീണ പാതയിലൂടെയും പട്ടണങ്ങളിലൂടെയും ഏറെ യാത്ര ചെയ്യുന്നവരാണ് ഞങ്ങൾ. ഇത്തരം യാത്രകൾ ഞങ്ങൾക്ക് നൽകുന്നത് പുതിയ

അനുഭവങ്ങളാണ്. പ്രാദേശികമായ വിഷയങ്ങളെയും ജനങ്ങളെയും അടുത്തറിയാൻ എനിക്ക് സാധിച്ചിട്ടുണ്ട്. 2006-2011 കാലത്തെ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലം കേരളത്തിന്റെ സുവർണ്ണ കാലഘട്ടമായിരുന്നല്ലോ; അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ഡോ. ടി. എം. തോമസ് ഐസക്കിന്റെ വികസന കാഴ്ചപ്പാടാണ് കൊടുവള്ളിയുടെ വികസനക്കുതിപ്പിന് കാരണമായതെന്ന് പറയാതെ വയ്യ. അതുകൊണ്ടുതന്നെ ഈ സർക്കാരിന്റെ കന്നി ബഡ്ജറ്റിനെ ഞാനടക്കമുള്ള കേരള ജനത പ്രതീക്ഷയോടെ പിന്തുണയ്ക്കുന്നു. പതിറ്റാണ്ടുകളായി യു.ഡി.എഫ്.-ന്റെ ഭാഗമായി നിന്ന ഒരാളാണ് ഞാൻ. മുന്നണിയുടെ ഭാഗമായി നിൽക്കുമ്പോൾ തന്നെ വീർപ്പുമുട്ടലിന്റെ സുദീർഘമായ കഴിഞ്ഞ അഞ്ച് വർഷം എന്റെ മനസ്സിലുണ്ടാക്കിയ വിങ്ങലുകളും കുറ്റബോധവും ചെറുതല്ല. ബന്ധങ്ങൾ സ്ഥാപിക്കുന്നതിലും അത് കെടാതെ കാത്തുസൂക്ഷിക്കുന്നതിനും എന്നും മുൻപന്തിയിൽ നിൽക്കാറുള്ള എന്റെ നാട്ടുകാർ പലപ്പോഴും ഞങ്ങളുടെ സ്വകാര്യ സംഭാഷണങ്ങളിൽ പങ്കുവെച്ച അനുഭവങ്ങൾ ഞാനിന്നും ഓർക്കുന്നു. മനഃസാക്ഷിയുടെ പിൻതുണയില്ലാതെ ഇത്രയുംകാലം എങ്ങനെ യു.ഡി.എഫിനോടൊപ്പം നിൽക്കാനായി എന്നത് എന്നെ അത്ഭുതപ്പെടുത്തുന്നു. യു.ഡി.എഫിനോടൊപ്പം നിൽക്കുമ്പോൾത്തന്നെ 2006-2011 കാലഘട്ടത്തെ വളരെ പ്രതീക്ഷയോടെയാണ് ഞാനും സമാന മനഃസ്ഥിതിയുള്ളവരും നോക്കി കൊണ്ടിരുന്നത്. ആരോഗ്യം, വിദ്യാഭ്യാസം, പൊതുവിതരണം, കാർഷികം, വ്യാപാരം തുടങ്ങിയ രംഗങ്ങളുടെ സുവർണ്ണകാലഘട്ടമെന്ന് വിശേഷിപ്പിക്കാൻ ആഗ്രഹിച്ചു. എന്നാൽ ആയത് വെളിപ്പെടുത്താൻ സാധിക്കാതെ നീറുന്ന മനസ്സുമായി കഴിഞ്ഞത് ഞെട്ടലോടെ ഞാൻ ഓർക്കുന്നു. കഴിഞ്ഞ അഞ്ചു വർഷക്കാലം ഇവിടെ ദല്ലാളുമാരുടെയും ഭൂമാഫിയയുടെയും കൈക്കൂലിക്കാരുടെയും തേരോട്ടമായിരുന്നു. കൈക്കൂലി നൽകാതെ സാധാരണക്കാരന് ഒരു കാര്യവും നടക്കാത്ത കിരാത കാലമായിരുന്നു അത്. ഭരണമുന്നണി പാർട്ടിയുടെ ജില്ലാ നേതാക്കൾവരെ കൈക്കൂലിക്കാരുടെ ഏജന്റായി മാറിയത് എനിക്ക് നേരിൽ അറിയാവുന്നതാണ്. ഇത്തരം മാഫിയകളുടെയും കുത്തക താൽപ്പര്യക്കാരുടെയും ആഗ്രഹത്തിനൊത്ത് ഭരണം നടത്തിയ കഴിഞ്ഞ സർക്കാരിനെ ബാലറ്റിലൂടെ പിഴുതെറിഞ്ഞതിൽ മറുചേരിയിൽ നിൽക്കുന്നവർക്കുപോലും അത്ഭുതമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. പാവപ്പെട്ട കർഷകരുടെ നടുവൊടിച്ച തെറ്റായ നയങ്ങളാണ് കഴിഞ്ഞ സർക്കാർ സ്വീകരിച്ചത്. ഭക്ഷ്യധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ, മധുരവിളകൾ, സുഗന്ധവിളകൾ, പഴവർഗ്ഗങ്ങൾ, തോട്ടവിളകൾ തുടങ്ങിയവയുടെ ഉൽപ്പാദനം ഗണ്യമായി കുറഞ്ഞു. ഭക്ഷ്യധാന്യവിളകൾ 2001-02 കാലഘട്ടത്തേക്കാൾ 40 ശതമാനമായി കുറഞ്ഞു. 2005-06-ൽ 26,100 ഏക്കറിൽ കൃഷി ചെയ്തിരുന്ന പയർവിളകൾ 2014-15 ആയപ്പോഴേക്കും 8899 ഏക്കറായി കുറഞ്ഞു. റബ്ബർ ഉൽപ്പാദനം 2001-02-ൽ 5.80 ലക്ഷം ടൺ ആയിരുന്നത് 2014-15 ആയപ്പോഴേക്കും 5.07 ലക്ഷം ടണ്ണായി ഇടിഞ്ഞു. കപ്പകൃഷി 32 ശതമാനവും, തെങ്ങ് കൃഷി 12 ശതമാനവും കുറഞ്ഞു. കൃഷി മൊത്തത്തിൽ 17 ശതമാനം കുറഞ്ഞു. വിലക്കയറ്റത്തിന്റെ 5 വർഷക്കാലമാണ്

കഴിഞ്ഞുപോയത്. കൺസ്യൂമർഫെഡ്, സപ്ലൈകോ, മറ്റു സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ കെടുകാര്യസ്ഥതയുടെ പൂട്ടുകൾ വീഴാൻ തുടങ്ങി. ആഘോഷ കാലത്തെ വിലയിടിവ് നേരിടുന്നതിന് 2006-ലെ എൽ.ഡി.എഫ്. സർക്കാർ 400 കോടി രൂപ മാറ്റിവച്ചപ്പോൾ 2011-ലെ യു.ഡി.എഫ്. സർക്കാർ വെറും 30 കോടി രൂപയാണ് മാറ്റിവച്ചത്. 2006-ലെ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ബഹുമാനപ്പെട്ട ജി. സുധാകരൻ സഹകരണ വകുപ്പുമന്ത്രിയായിരിക്കെ രാജ്യത്തിനാകെ മാതൃകയായതരത്തിൽ മുക്കിനുമുക്കിന് സംഘടിപ്പിച്ച സഹകരണ ചന്തകൾ ഇന്ന് ഓർമ്മ മാത്രമായി. 569 നന്മ സ്റ്റോറുകളും 11 ത്രിവേണി മാർക്കറ്റുകളും അടച്ചുപൂട്ടുന്ന വേദനാജനകമായ കാഴ്ചയാണ് നമുക്ക് കാണാൻ കഴിഞ്ഞത്. സർക്കാർ ആവശ്യത്തിന് പണം അനുവദിക്കാത്തതിനാലും വിതരണക്കാർക്ക് 400 കോടിയോളം രൂപ കുടിശ്ശിക വന്നതിനാലും കൺസ്യൂമർ ഫെഡ്, സപ്ലൈകോ എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനം നിലച്ച മട്ടാണ്. ആഘോഷനാളുകളിൽപ്പോലും കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ഇടപെടാതിരുന്നതിലൂടെ നിത്യോപയോഗ സാധനങ്ങളുടെ വില ഇരട്ടിയായി കുതിച്ചുയർന്നു. കഴിഞ്ഞ വിഷു ദിനത്തിൽ സാധാരണക്കാരുടെ അടുപ്പ് പുകയാത്ത അവസ്ഥയാണുണ്ടായിരുന്നത്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് ഒരു രൂപയ്ക്കും മുകളിലുള്ളവർക്ക് രണ്ടു രൂപയ്ക്കും പ്രതിമാസം 25 കിലോ അരി നൽകുമെന്ന് കഴിഞ്ഞ സർക്കാർ വാഗ്ദാനം നൽകിയിരുന്നുവെങ്കിലും മിക്ക മാസങ്ങളിലും 17 കിലോ അരി മാത്രമാണ് നൽകിയത്. എ.പി.എൽ. കുടുംബങ്ങൾക്കാകട്ടെ 7 കിലോ അരി മാത്രമേ നൽകിയിട്ടുള്ളു. അഞ്ചുവർഷം ഇത്തരം പൊള്ളയായ വാഗ്ദാനങ്ങളുടെ പെരുമഴക്കാലമായിരുന്നു. എൻഡോസൾഫാൻ ഇരകളെ ദത്തെടുക്കുമെന്ന് പറഞ്ഞെങ്കിലും അഞ്ചുവർഷമായി ഇവർ കുടുംബസമ്മേതം സെക്രട്ടേറിയറ്റിലും മുഖ്യമന്ത്രിയുടെ വീട്ടിലും കയറിയിറങ്ങുന്ന ദയനീയമായ കാഴ്ചയാണ് നാം കണ്ടത്. സൗജന്യ ചികിത്സ, 3 ശതമാനം പലിശനിരക്കിൽ കാർഷിക വായ്പ തുടങ്ങിയ ഒരുപാട് വാഗ്ദാനങ്ങൾ നടപ്പിലായില്ല. അഞ്ചുവർഷം കൊണ്ട് 3000 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുമെന്ന് പറഞ്ഞവരുടെ ഔദ്യോഗിക കണക്കുപ്രകാരം 44.06 മെഗാവാട്ട് വൈദ്യുതിയാണ് അധികമായി ഉൽപ്പാദിപ്പിച്ചത്. ചുരുക്കത്തിൽ പാഴ്‌വാക്കുകൾ കേട്ട് ജനം തഴമ്പിച്ച് എൽ.ഡി.എഫി.-നോടൊപ്പം നിന്നു. നാലു വോട്ടിനുവേണ്ടി ഡോ. എം. കെ. മുനീർ സാഹിബിന്റെ പിതാവ് സി. എച്ച്. മുഹമ്മദ് കോയ സാഹിബിന്റെ പേരിലുള്ള സി.എച്ച്. സെന്ററിന്റെ പേരുപോലും മുസ്ലീംലീഗിന്റെ ചില ആളുകൾ ദുരുപയോഗം ചെയ്തുവെന്നത് വളരെ വേദനയോടുകൂടിയാണ് ഞാൻ ഓർക്കുന്നത്. വർഗ്ഗീയതക്കെതിരെ വലിയവായിൽ പ്രസംഗിക്കുകയും ഒളിഞ്ഞും തെളിഞ്ഞും ബി.ജെ.പി. ഉൾപ്പെടെയുള്ള വർഗ്ഗീയ കക്ഷികളുമായി കൂട്ടുകൂടുകയും ചെയ്യുന്നതിൽ എന്റെ പഴയ സഹപ്രവർത്തകർ മുൻപന്തിയിലായിരുന്നു. അതിന്റെ അലയൊലികൾ എന്റെ നിയോജക മണ്ഡലത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിലും മുഴങ്ങിയതിന് ഞാൻ നേർസാക്ഷിയാണ്. അന്നൊക്കെ വിങ്ങുന്ന മനസ്സുമായി കൂടെ

നിന്ന ഞാൻ ഇപ്പോൾ മാറി ചിന്തിച്ചതിന്റെ ആശ്വാസത്തിലാണ്. പലപ്പോഴായി എനിക്ക് നേരിട്ടറിയാവുന്ന അഴിമതിക്കെതിരെ ശബ്ദിച്ചതിനാൽ ഞാൻ അവരുടെ കണ്ണിലെ കരടായി മാറി. പൊതുമുതൽ കട്ടുമുടിക്കുന്നവരെ സംരക്ഷിക്കുന്ന നേതൃത്വത്തിന്റെ നിലപാടിനെതിരെ ഞാൻ ശക്തമായി പ്രതിഷേധിച്ചതിനാൽ യു.ഡി.എഫ്. വിട്ട് എൽ.ഡി.എഫിന്റെ കൂടെ നിൽക്കേണ്ടിവന്നു, അതിൽ ഞാൻ അഭിമാനിക്കുന്നു. ഞാൻ സാധാരണക്കാർക്കൊപ്പം നിന്നപ്പോൾ എന്റെ മുൻപാർട്ടിയുടെ നേതൃത്വം എന്റെ കൂടെ നിൽക്കുമെന്ന വിശ്വാസം വെറുതെയായി. അഴിമതിക്കെതിരെ നിലപാട് എടുത്തപ്പോൾ പാർട്ടി എന്നെ തള്ളിപ്പറയുകയും, എന്റെ ബോഡി ലാംഗ്വേജ് കണ്ടാൽ ലീഗ് കൾച്ചർ ഇല്ലെന്നു പറയാനും ലീഗ് നേതൃത്വം അഴിമതിക്കാർക്കുവേണ്ടി തയ്യാറായി. ഇതിൽ പ്രതിഷേധിച്ച് ലീഗ് വിട്ടപ്പോൾ ഞാൻ മുസൽമാനല്ല കാഫിറാണെന്നും ജൂദാസ്സാണെന്നും ചതിയനും വഞ്ചകനുമാണെന്നും പറയുകയുണ്ടായി. എന്നാൽ ഇടതുപക്ഷത്തോട് വിട പറഞ്ഞ ശ്രീ. മഞ്ഞളാംകുഴി അലി, ശ്രീ. കെ. എൻ. എ. ഖാദർ, ശ്രീ. ആർ. സെൽവരാജ് എന്നിവർ ഏത് മതത്തിലാണെന്നത് മനസ്സിലാകുന്നില്ല. അഴിമതിക്കാർക്കൊപ്പം നിന്നില്ലെങ്കിൽ പാർട്ടിയിൽ മാത്രമല്ല മുന്നണിയിലും സ്ഥാനമുണ്ടാകില്ലെന്ന എന്റെ മുൻഗാമി പി. ടി. എ. റഹീം സാഹിബ്ബിന്റെ വാക്കുകൾ ശരിയായിരുന്നുവെന്ന് അറിയാൻ ഞാൻ അല്പം വൈകിപ്പോയി. പുതിയ സർക്കാർ ഏറെ പ്രതീക്ഷയാണ് കേരള ജനതയ്ക്ക് നൽകുന്നത്. അഴിമതി രഹിതമായ ഒരു ഭരണസംവിധാനം ഇവിടെയുണ്ടാകുമെന്നുറപ്പാണ്. ഭരണത്തിന്റെ തുടക്കത്തിൽത്തന്നെ കൊടുവള്ളി മണ്ഡലത്തിന് ഏറെ പരിഗണന നൽകിയതിന് ഞാൻ എൽ.ഡി.എഫ് സർക്കാരിനും വിശേഷിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കും കൊടുവള്ളിയിലെ ജനങ്ങൾക്കുവേണ്ടി നന്ദി രേഖപ്പെടുത്തുന്നു. എന്റെ മണ്ഡലത്തിലെ ജനങ്ങളുടെ സ്വപ്ന പദ്ധതികൾ പൂവണിയാൻ പോകുകയാണ്. ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും അവയ്ക്ക് പരിഹാരം കാണുകയും ചെയ്യുന്ന ബഹുമാനപ്പെട്ട പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഭരണം കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളിലും വലിയ പ്രതീക്ഷയാണ് വളർത്തുന്നത്. ഈ മുന്നണിയുടെ ഭാഗമായിരിക്കാൻ വൈകിയെങ്കിലും സാധിച്ചതിലുള്ള സന്തോഷം പങ്കുവെയ്ക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. എന്റെയും മണ്ഡലത്തിലെ ജനങ്ങളുടെയും സന്തോഷം പങ്കുവെച്ചുകൊണ്ട് ഈ മുന്നണിക്കും സർക്കാരിനും ഒരിക്കൽക്കൂടി അഭിവാദ്യം അർപ്പിച്ച് ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിൻതുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

12.10 PM]

ശ്രീ. പി. സി. ജോർജ് : സർ, അനുകൂലിക്കാനും പ്രതികൂലിക്കാനുമുള്ള എന്റെ സ്വാതന്ത്ര്യം ഉപയോഗിച്ചുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. എനിക്ക്

ഇടതുപക്ഷത്തോടും യു.ഡി.എഫ്.-നോടും ഒരു കടപ്പാടുമില്ല. എൻ.ഡി.എ.-യോട് യാതൊരു കടപ്പാടുമില്ല. മൂന്ന് മുന്നണിയോടും ഒരു ബന്ധവുമില്ലാതെ ഈ സഭയിൽ വന്ന് ജനപക്ഷത്ത് നിന്ന് സംസാരിക്കാനാണ് പൂഞ്ഞാറിലെ ജനങ്ങൾ എന്നെ ഇങ്ങോട്ടയച്ചത്. ആ നിലയിലാണ് ഞാൻ സംസാരിക്കാൻ ആഗ്രഹിക്കുന്നതും. ഇന്ന് ചോദ്യോത്തര വേളയിൽ ബഹുമാനപ്പെട്ട ഇ. പി. ജയരാജന് ഞാനൊരു നല്ലകാര്യം പറഞ്ഞുകൊടുത്തതാണ്. അദ്ദേഹത്തെപ്പറ്റി ഒരു നല്ല കാര്യം പറഞ്ഞപ്പോൾ അദ്ദേഹത്തിനത് ഇഷ്ടപ്പെട്ടില്ല. അദ്ദേഹവും ഞാനും തമ്മിലുള്ള രഹസ്യ ചർച്ചയൊന്നും എന്റെ മാന്യതകൊണ്ട് ഞാൻ പറയുന്നില്ല. സഭയിൽ വന്നപ്പോൾ മുതൽ ഞാനൊരു കാര്യം ശ്രദ്ധിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഒരു മൾട്ടിപ്പിൾ/ഡ്യൂവൽ പേഴ്സണാലിറ്റിയുടെ ഉടമയാണ്. ചില സമയത്ത് അദ്ദേഹം വളരെ സൗമ്യനായ മുഖ്യമന്ത്രിയെന്ന നിലയിൽ സംസാരിക്കും. 1067 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ തന്റേടം കാണിച്ച വൈദ്യുതി വകുപ്പ മന്ത്രിയായിട്ടായിരിക്കും ചിലപ്പോൾ അദ്ദേഹം സംസാരിക്കുന്നത്. മറ്റുചിലപ്പോൾ അദ്ദേഹം പാർട്ടിയുടെ ലോക്കൽ കമ്മിറ്റി സെക്രട്ടറിയാകും. അത് പാടില്ല. കേരളത്തിന്റെ മുഖ്യമന്ത്രിയെന്ന് പറയുമ്പോൾ ഉത്തരവാദിത്വബോധമുള്ള ആളായിരിക്കണം. ആ നിലയിൽ പോകാൻ ആഗ്രഹിക്കുന്നതുകൊണ്ടാണ് ഞാനങ്ങനെ പറഞ്ഞത്. വക്കീലന്മാരുടെ നിയമനം എത്രയോ ഭീകരമാണ്. ഏത് കള്ളനും വക്കീലാകാം, പണത്തിനുവേണ്ടി എന്ത് വൃത്തികേടും പറയുന്ന വക്കീലന്മാരെ എന്തിനാണ് നമ്മൾ പ്രോത്സാഹിപ്പിക്കുന്നത്.

ചെയർപേഴ്സൺ: അങ്ങ് വക്കീലന്മാരെയെല്ലാം കള്ളൻമാരെന്ന് വിളിക്കരുത്.

ശ്രീ. പി. സി. ജോർജ്: കള്ളൻമാരെന്നു വിളിച്ചിരിക്കുന്നു. നിങ്ങൾക്കെന്താണ് ഇത്ര വിഷമം, എനിക്ക് സൗകര്യമുണ്ടായിട്ടാണ് വിളിക്കുന്നത്. ധനകാര്യ വകുപ്പുമന്ത്രിയോട് ഞാൻ പറയുകയാണ്, ദാമോദരൻ വക്കീൽ മുഖ്യമന്ത്രിയുടെ വേറൊരു ഉപദേശകനാണ്. അങ്ങിവിടെ വാദിക്കും പ്രതിക്കും വേണ്ടി വാദിക്കാൻ ഒരു പ്രത്യേക കോടതി സ്ഥാപിച്ച് അവിടത്തെ വക്കീലായി അദ്ദേഹത്തെ പോസ്റ്റ് ചെയ്യണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കിത് അപമാനമല്ലേ? ഒരു വക്കീലായിട്ട് മുഖ്യമന്ത്രിക്ക് ഉപദേശം കൊടുക്കുക, എതിർ കക്ഷികളായ സാന്റിയാഗോ മാർട്ടിനും കൊള്ള സംഘത്തിനുംവേണ്ടി കോടതിയിൽ പോയി കേസ് വാദിക്കുക. ചെറുപ്പക്കാർ അതിനുവേണ്ട പിന്തുണ കൊടുക്കണം. ഇതെല്ലാം അപമാനകരമായ കാര്യങ്ങളാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവർക്ക് വാദിക്കാനായി ഒരു കോടതി തിരുവനന്തപുരത്ത് സ്ഥാപിച്ചുകൊടുക്കണം. അദ്ദേഹം ഇവിടെയിരുന്നുകൊണ്ട് വാദിക്കും പ്രതിക്കും വേണ്ടി വാദിച്ച് കാശുണ്ടാക്കട്ടെ. പണമാണല്ലോ ഇവരുടെ ആഗ്രഹം. പണത്തിനുവേണ്ടി ഇങ്ങനെ വക്കീലന്മാർ പെരുമാറാമോ? അതാണ് ഞാനിവിടെ സൂചിപ്പിച്ചത്. അതുപോലെ

കെ.എസ്.ആർ.ടി.സി. ഇന്നെവിടെ നിൽക്കുകയാണ്? കെ.എസ്.ആർ.ടി.സി.-യെ മൂന്ന് കോർപ്പറേഷനായി വിഭജിച്ചാൽ എന്താണ് കുഴപ്പം? മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ വിചാരിച്ചാൽ നടക്കും എന്നുള്ളതുകൊണ്ട് പറയുകയാണ്. അദ്ദേഹം ഇലക്ട്രിസിറ്റി ബോർഡിനെ എങ്ങനെയാണ് നന്നാക്കിയത്? 1067 മെഗാവാട്ട് വൈദ്യുതി രണ്ടു കൊല്ലം കൊണ്ട് എങ്ങനെ ഉൽപ്പാദിപ്പിച്ചു? അതേ മാനസിക നിലയോടുകൂടി ബഹുമാനപ്പെട്ട പിണറായി വിജയനെന്ന മുഖ്യമന്ത്രി ശ്രമിച്ചാൽ കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കി മാറ്റാൻ കഴിയും. എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് എന്നിങ്ങനെ മൂന്ന് കോർപ്പറേഷനുകളാക്കണം. ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ്, ഇന്റർ സ്റ്റേറ്റ് സർവ്വീസ് എന്നിവയ്ക്കായി മറ്റൊരു കോർപ്പറേഷൻ. അങ്ങനെ നാല് കോർപ്പറേഷനുകളാക്കണം. കെ.എസ്.ആർ.ടി.സി.ക്ക് ശമ്പളം വാങ്ങിക്കൊടുക്കുന്ന വെറും തൊഴിലാളിയായി ഒരു ഗതാഗത വകുപ്പുമന്ത്രി മാറാമോ? ഗതാഗത വകുപ്പിലെ തൊഴിലാളികൾക്ക് ശമ്പളം വാങ്ങിക്കൊടുക്കുന്ന ഏജൻസിപ്പണിയാണോ ഗതാഗതവകുപ്പുമന്ത്രിക്കുള്ളത്? ധനകാര്യവകുപ്പുമന്ത്രി ഇതുസംബന്ധിച്ച് ആലോചിക്കണം. കെ.എസ്.ആർ.ടി.സി.-യെ നാല് കോർപ്പറേഷനുകളാക്കി സംരക്ഷിച്ചുകൊണ്ട് കേരളത്തിന്റെ ഖജനാവിലെ പണം ചോരുന്നത് തടയാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ചെയർപേഴ്സൺ: ഇതുകൂടി പറഞ്ഞുകൊണ്ട് അങ്ങ് പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. പി. സി. ജോർജ്: സമ്മതിച്ചിരിക്കുന്നു. എന്റെ അയൽവാസിയെ ബഹുമാനിക്കണമല്ലോ. അനുകൂലിക്കാനും പ്രതികൂലിക്കാനും ഇല്ലാതെ ഞാനെന്റെ പ്രസംഗം നിർത്തുന്നു.

12.14 PM]

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ ഈ ഓട്ട് ഓൺ അക്കൗണ്ടിനെ പിന്തുണയ്ക്കുന്നു. അമേരിക്കൻ ഫെമിനിസ്റ്റായ ഇ.വി. ഡേ എന്ന ആർട്ടിസ്റ്റുകൂടിയായ ഒരാൾ പറഞ്ഞ ഒരു അഭിപ്രായമുണ്ട്. 'പണമുണ്ടാക്കുക പ്രയാസമാണ്; പണം കാത്തുസൂക്ഷിക്കുക അതിനേക്കാൾ പ്രയാസമാണ്; അത് ശരിയായി വിനിയോഗിക്കുക അതിലേറെ പ്രയാസമാണ്.' ആ പ്രയാസകരമായ കാര്യം, യു.ഡി.എഫ്. ഭരണ കാലത്ത് അതനുസരിക്കാതെ അതിനെതിരായാണ് വിനിയോഗിച്ചത്. എൽ.ഡി.എഫ്. ഭരണകാലത്ത് ഡോ. ടി. എം. തോമസ് ഐസക് ഈ പ്രയാസമുള്ള കാര്യം ശരിയായി വിനിയോഗിക്കാൻ ശ്രമിക്കുന്നതാണ് ഈ ബഡ്ജറ്റ്. ഇത് യു.ഡി.എഫ്.-കാർക്കും

അറിയാം. യു.ഡി.എഫ്.-ൽ നിന്നും പ്രസംഗിക്കുന്നവരുടെ ഉള്ളും ചുണ്ടും ഒന്നല്ല. അവർ ചുണ്ടാൽ വിമർശിക്കുമ്പോൾ തന്നെ ഉള്ളാൽ ബഹുമാനിക്കുകയാണ്. കാരണം അവർക്ക് കഴിയാത്തത് എൽ.ഡി.എഫ്. സർക്കാർ ചെയ്യുകയാണ്. ഇങ്ങനെ പ്രതിസന്ധിയുണ്ടാകുമ്പോൾ അതിനെ അതിജീവിക്കാൻ രണ്ട് മാർഗ്ഗമേയുള്ളൂ. ഏത് രാജ്യത്തിനാണെങ്കിലും വ്യക്തിക്കാണെങ്കിലും കുടുംബത്തിനാണെങ്കിലും ഒന്ന് ആത്മഹത്യ ചെയ്യുക, അല്ലെങ്കിൽ സാഹസികമായി ഈ നൂൽപ്പാലം കടന്ന് പോകുക. ആദ്യത്തത് ചെയ്യാവുന്ന തരത്തിലേക്ക് കേരളത്തെ എത്തിച്ചവരാണ് യു.ഡി.എഫ്. ആത്മഹത്യാമുനമ്പിലെത്തി നിൽക്കുന്ന കേരളത്തെ കൈപിടിച്ച് ജീവിതത്തിന്റെ ഗൃഹപ്രവേശത്തിലേക്ക് ഈ നൂൽപ്പാലത്തിലൂടെ കൊണ്ടുപോകുകയാണ് കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി. അതിന്റെ അഭിമാനം അവർക്കുമുണ്ട്. കാരണം ഈ നൂൽപ്പാലത്തിലൂടെ അക്കരെ എത്തിയാൽ അക്കരെയെത്തുന്നത് അവരും കേരളം മൊത്തവുമാണ്. അങ്ങനെ എല്ലാവരെയും അക്കരെ എത്തിക്കുന്ന ബഡ്ജറ്റാണിത്. അതുകൊണ്ട് അവർ ബഡ്ജറ്റിനെ എതിർത്തില്ല. എന്നുമാത്രമല്ല, ഓരോ എം.എൽ.എ.-ക്കും 70 കോടി രൂപയുടെ വികസന പദ്ധതികളിൽ കുറവുണ്ടെങ്കിൽ നിങ്ങൾ വന്ന് എന്നെ കാണണമെന്ന് പറയുമ്പോൾ അവരെല്ലാം ഉള്ളിൽ ആഹ്ലാദിക്കുകയായിരുന്നു, അങ്ങനെ കാണാൻ ഒരാളുണ്ടല്ലോ എന്നോർത്ത്. കഴിഞ്ഞ ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഭരണകക്ഷിയുടെ നേതാക്കൾ അദ്ദേഹത്തെ കണ്ട് തുണ്ടൊക്കെ കൊടുത്തിരുന്നു. അത് കേരളത്തിലെ താലൂക്ക് പ്രഖ്യാപനവുമായി ബന്ധപ്പെട്ടതായിരുന്നു. അതിൽ എന്തെങ്കിലും നീതിയുണ്ടായിരുന്നോ? കേരളത്തിൽ താലൂക്ക് വിഭജനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ഒരുപാട് റിപ്പോർട്ടുകളുണ്ടായിരുന്നു. ആ റിപ്പോർട്ടുകളനുസരിച്ച് പയ്യന്നൂരും കൊല്ലവും കൊട്ടാരക്കരയും ആയിരുന്നു വിഭജിക്കേണ്ടിയിരുന്നത്. അതൊന്നും വന്നില്ല. എങ്ങനെയാണ് നീതിപൂർവ്വമായി ഒരു ഗവൺമെന്റ് പ്രവർത്തിക്കേണ്ടതെന്നും നീതിപൂർവ്വമല്ലാതെ ഗവൺമെന്റ് പ്രവർത്തിച്ചാലുള്ള അനന്തരഫലമെന്താണെന്നും പ്രതിസന്ധിയെന്താണെന്നും ഇവിടെ തെളിയിക്കപ്പെടുകയായിരുന്നു. ശരിയായി പോകുമ്പോൾ തീർച്ചയായിട്ടും ആ ശരിയുടെ കൂടെ ഒരു ജനതയുടെ മനസ്സുണ്ടാകും. കേരളത്തിലെ ജനതയുടെ മനസ്സ് ഇന്ന് ഈ ബഡ്ജറ്റിനും ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാര്യങ്ങൾക്കുമൊപ്പമാണ്; ഈ പ്രതിസന്ധിയെ മറികടക്കാൻ ശ്രമിക്കുന്ന പാതയോടൊപ്പമാണ്. അതിനുവേണ്ടി നിങ്ങളുടെയും കേരളത്തിന്റെയും പൊതു പ്രാർത്ഥനയുണ്ടാകണം. കാരണം നമുക്ക് രക്ഷപെട്ടേ മതിയാകൂ. ആ രക്ഷപ്പെടലിനുള്ള ഒരു വഴിയാണ് ധനകാര്യ വകുപ്പുമന്ത്രി കാണിച്ചുതന്നത്. നിങ്ങളും ഞങ്ങളും ഈ വിധിയിൽ നിന്നും ഒരുപാട് പാഠം പഠിക്കണം. കേരളത്തിലെ

രാഷ്ട്രീയ വിദ്യാർത്ഥികൾക്ക് പാഠമാകേണ്ട ഒരുപാട് കാര്യങ്ങൾ ഈ വിധിയിൽ അടങ്ങിയിട്ടുണ്ട്. ശ്രീ. ഷാഫി പറമ്പിലിനെ പോലെയുള്ളവർ സാമാന്യം നന്നായി കാര്യങ്ങൾ പഠിക്കുന്നവരാണ്, അങ്ങനെ നന്നായി പഠിക്കാൻ ശ്രമിക്കണം. കേരളത്തിൽ തിരുവനന്തപുരത്തുനിന്നും നാഷണൽ ഹൈവേ വഴി എറണാകുളം വരെ പോകുമ്പോൾ ഒരൊറ്റ ആൾ മാത്രമേ യു.ഡി.എഫിൽ നിന്നും വിജയിച്ചിട്ടുള്ളൂ. അത് ശ്രീ. രമേശ് ചെന്നിത്തലയെന്ന ഹരിപ്പാട്ടുകാരനാണ്. അദ്ദേഹത്തിന് ഇടത്തോട്ടും വലത്തോട്ടും കിഴക്കോട്ടും പടിഞ്ഞാറോട്ടും നോക്കിയാൽ കൂട്ടിന് ഒരാളില്ല. എന്തുകൊണ്ടാണ് ഇങ്ങനെയൊന്നുണ്ടായത്; എന്തുകൊണ്ടിത് കേരളത്തിൽ സംഭവിച്ചു? തീർച്ചയായും കോൺഗ്രസ് പാർട്ടി ഇത് പഠിക്കണം. കോൺഗ്രസ്സ് ജനാധിപത്യപരമായി തിരിച്ചുവരാനുള്ള വഴി അന്വേഷിക്കുന്നുണ്ടെങ്കിൽ അവരിത് പഠിക്കണം.

കുട്ടികളെ സ്നേഹിച്ച, സ്വന്തമായി കുടുംബമില്ലാത്ത ഡോ. എ. പി. ജെ. അബ്ദുൾ കലാമിന് ജന്മദിനത്തെക്കുറിച്ചൊരു നിർവ്വചനമുണ്ട്. അദ്ദേഹം ട്വിറ്ററിൽ ഇങ്ങനെ എഴുതി: 'ജന്മദിനം എന്നുപറഞ്ഞാൽ', അദ്ദേഹത്തിന്റെ സങ്കല്പം 'കുട്ടി കരയുന്ന നേരം അമ്മ ചിരിക്കുന്ന നേരമാണ്. ഒരിക്കൽ മാത്രമേ കുഞ്ഞ് കരയുമ്പോൾ അമ്മ ചിരിക്കുകയുള്ളൂ. അത് തന്റെ നോവ് മുഴുവൻ അനുഭവിച്ച് തനിക്കൊരു പിൻഗാമി ഉണ്ടായെന്ന് തിരിച്ചറിയുന്ന നേരമാണ്. അമ്മ പ്രസവിച്ചശേഷം ഏഴ് ദിവസം ബോധമില്ലാതെ കിടന്നാൽ എട്ടാമത്തെ ദിവസം അമ്മ ചിരിക്കുന്ന നേരമാണ് ജന്മദിനം. അല്ലാതെ ആ ദിനമല്ല'. അങ്ങനെയൊരു ജന്മദിനമാണ് ഈ ബഡ്ജറ്റ്. കേരളം മുഴുവൻ ചിരിക്കാൻ ആഗ്രഹിച്ചപ്പോൾ ഈ കേരളത്തിലെ പ്രതിസന്ധിയോർത്ത് കരഞ്ഞ ധനകാര്യ വകുപ്പുമന്ത്രി കേരളത്തിന് ചിരിക്കാൻ വേണ്ടി അവതരിപ്പിച്ച ഒരു പുതുജന്മമാണ് ഈ ബഡ്ജറ്റ്. ഈ ബഡ്ജറ്റ് വിജയിച്ചില്ലെങ്കിൽ കേരളം കരയും. ഈ ബഡ്ജറ്റ് വിജയിച്ചാൽ കേരളം ചിരിക്കും. ഈ ബഡ്ജറ്റ് വിജയിക്കാൻവേണ്ടി നിങ്ങളും പ്രാർത്ഥിക്കണം. അത് പ്രതിപക്ഷ-ഭരണപക്ഷ വ്യത്യാസംകൊണ്ടൊന്നുമല്ല, ശക്തമായ പ്രതിപക്ഷവും ഭരണപക്ഷവും എപ്പോഴും ആവശ്യമാണ്. പ്രതിപക്ഷവും ഭരണപക്ഷവും ചേർന്ന് ഈ ബഡ്ജറ്റ് പൂർണ്ണമായി വിജയിപ്പിച്ചെടുക്കേണ്ടതുണ്ട്. അത് കേരളത്തിന്റെ ആവശ്യമാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കൊല്ലത്ത് എന്താണ് സംഭവിച്ചത്? പതിമൂന്നാം കേരള നിയമസഭയിൽ ഭരണകക്ഷിയിലുണ്ടായിരുന്ന ആരുംതന്നെ കൊല്ലത്ത് വിജയിച്ചില്ല. ആലപ്പുഴ ഒരാൾ, പ്രതിപക്ഷനേതാവ് ജയിച്ചു, തൃശ്ശൂരും ഒരാൾ, അനിൽ അക്കര ജയിച്ചു. കൊല്ലത്ത് എന്തുകൊണ്ടാണ് ആരും ജയിക്കാതിരുന്നത്? കാരണം,

കൊല്ലത്ത് കശുവണ്ടിത്തൊഴിലാളികൾ, കയർത്തൊഴിലാളികൾ, കർഷകർ, സാധാരണക്കാർ എന്നിവർ കൂടുതലാണ്. അഞ്ച് വർഷക്കാലത്തെ യു.ഡി.എഫ്. ഭരണത്തിൽ കേരളത്തിലെ ഏത് ജനത അനുഭവിച്ചതിനെക്കാളും കൂടുതൽ അവർ അനുഭവിച്ചിട്ടുണ്ട്. അവസാനം കൊല്ലത്ത് ഞാനുൾപ്പെടെ പ്രസംഗിച്ചു. ശ്രീ. കോവൂർ കുഞ്ഞുമോൻ ആർ.എസ്.പി.-യിൽനിന്ന് അപ്പുറത്തുമാറിയിരുന്നു. ഭരണകക്ഷിയായി കുഞ്ഞുമോൻ ഇരിക്കുമ്പോഴും ഇങ്ങേയറ്റത്താണ് ഇരിക്കുന്നത്. തെരഞ്ഞെടുപ്പിന് തൊട്ടുമുമ്പ് എൽ.ഡി.എഫ്-ലേക്ക് വന്നു. ബാക്കി എല്ലാ ആർ.എസ്.പി.-ക്കാരും എൽ.ഡി.എഫ്-നെ തോല്പിക്കാൻ നിന്നു. അന്ന് ഞാൻതന്നെ അവസാനം പ്രസംഗിച്ചു. 'കുരുക്ഷേത്രയുദ്ധം നടക്കുന്ന സമയം അവസാനം കൃഷ്ണന്റെ നിർദ്ദേശാനുസരണം അപ്പുറത്തും ഇപ്പുറത്തും പാണ്ഡവ-കൗരവ സൈന്യങ്ങൾ അണിനിരക്കുമ്പോൾ കൃഷ്ണൻ നിർദ്ദേശിച്ചതനുസരിച്ച് ധർമ്മപുത്രർ രണ്ടിന്റേയും നടുക്കുചെന്ന് കൗരവപ്പടയെനോക്കി പറഞ്ഞു: ധർമ്മപക്ഷമാണ് എന്റെ പക്ഷം. അപ്പുറത്ത് രാജാവും രഥവുമൊക്കെയുണ്ടെങ്കിലും അത് അധർമ്മപക്ഷമാണ്. അപ്പുറത്തുള്ള ആർക്കെങ്കിലും ഇപ്പുറത്ത് വരണമെങ്കിൽ ഇപ്പോൾ വരാം. അപ്പോൾ ഒരാൾ വന്നു. അത് ധൃതരാഷ്ട്രർക്ക് തോഴിയിലുണ്ടായ പുത്രനായ യുയുത്സുവാണ്. അദ്ദേഹം വന്നപ്പോൾ ധർമ്മപുത്രർ യുയുത്സുവിനെ തലോടിക്കൊണ്ട് പറഞ്ഞു: പൊന്നുമകനേ ഈ യുദ്ധം കഴിയുമ്പോൾ ആ പക്ഷത്തുനിന്ന് ഈ പക്ഷത്ത് വന്നതുകൊണ്ട് ബാക്കിയുണ്ടാകുന്നത് നീ മാത്രമായിരിക്കും'. ഞങ്ങൾ കൊല്ലത്ത് പറഞ്ഞു; 'കുഞ്ഞുമോനേ, നീ മാത്രം ഇപ്പുറത്ത് വന്നതുകൊണ്ട് ഈ തെരഞ്ഞെടുപ്പ് കഴിയുമ്പോൾ കൊല്ലത്ത് നീ മാത്രമേ ബാക്കിയുണ്ടാവൂ' എന്ന്. അത് സംഭവിച്ചു. രണ്ടാമതായി എനിക്ക് പറയാനുള്ളത് നിങ്ങൾ ഇവിടെ ബി.ജെ.പി.-യുമായി ബന്ധപ്പെട്ട് പറയുകയുണ്ടായി. കേരളത്തിൽ ചിലയിടത്ത് ഞങ്ങൾ മൂന്നാം സ്ഥാനത്തും ചിലയിടത്ത് രണ്ടാം സ്ഥാനത്തുമായിട്ടുണ്ട്. ഇതെല്ലാം സംഭവിച്ചിട്ടുണ്ട്. പക്ഷെ നിങ്ങൾ മൂന്നാം സ്ഥാനത്തായ നേമത്ത് ജയിച്ചത് ബി.ജെ.പി.യാണ്. ഞങ്ങൾ മൂന്നാം സ്ഥാനമായിടത്ത് ജയിച്ചത്, ശ്രീ. ഷാഫി പറമ്പിൽ ഉൾപ്പെടെ യു.ഡി.എഫാണ്. നിങ്ങൾ മൂന്നാം സ്ഥാനത്തായപ്പോൾ എന്തുകൊണ്ട് ബി.ജെ.പി. ജയിച്ചു? ഞങ്ങൾ മൂന്നാം സ്ഥാനത്തായപ്പോൾ എന്തുകൊണ്ട് യു.ഡി.എഫ്. ജയിച്ചു? ആ രാഷ്ട്രീയത്തിന്റെ മർമ്മമെങ്കിലും നിങ്ങൾ മനസ്സിലാക്കണം. കേരളത്തിന്റെ രാഷ്ട്രീയം നമുക്കും നിങ്ങൾക്കുംവേണ്ടിയിങ്ങനെ നിൽക്കുന്നതല്ല. ബഹുമാനപ്പെട്ട ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റിനെക്കുറിച്ച് നിങ്ങൾ പറഞ്ഞത്,

ശ്രീ. ഒ. രാജഗോപാൽ ഇപ്പോൾ ഇവിടെയില്ലെങ്കിലും അത് പറയേണ്ടിവരുന്നു. ബഡ്ജറ്റിൽ എന്തുകൊണ്ട് ശ്രീനാരായണഗുരുവിന്റെ പേര് ഒരുപാട് സ്ഥലത്തു വന്നുവെന്ന് നിങ്ങളെല്ലാം ചോദിച്ചു. ശ്രീ. ഒ. രാജഗോപാൽ പറഞ്ഞത് കവിയായ കുഞ്ചൻ നമ്പ്യാരുടെ പേര് ഉപയോഗിച്ചില്ലെന്നാണ്. സത്യത്തിൽ അദ്ദേഹത്തിന്റെ ധവളപത്രം മുഴുവൻ കുഞ്ചൻ നമ്പ്യാരാണ്. അത് പരിശോധിച്ച് നോക്കിയാൽ യു.ഡി.എഫ്. ചെയ്ത തെറ്റ്, കുഞ്ചൻ നമ്പ്യാർ അക്കാലത്ത് രാജാധികാരത്തെ എങ്ങനെയാണോ ചിരിയിലൂടെ ആക്ഷേപിച്ചത് അതുപോലെ ചിരി അധികമില്ലെങ്കിലും കുഞ്ചൻനമ്പ്യാർ ഭാഷയിൽ ആക്ഷേപിച്ചിരിക്കുകയാണ് ആ ധവളപത്രത്തിൽ. അതിൽ എല്ലാമുണ്ട്. കേരളം രാഷ്ട്രീയമായും സാമ്പത്തികമായും രക്ഷപ്പെടണം അല്ലെങ്കിൽ രക്ഷപ്പെടേണ്ട എന്നുള്ളതല്ല ഇവിടുത്തെ പ്രശ്നം. നിങ്ങൾ ഉണ്ടാക്കിത്തീർത്ത സാമ്പത്തികമായ പ്രതിസന്ധിയെക്കാൾ വളരെ പ്രധാനമാണ് ആധുനിക കേരളത്തിന്റെ മുന്നിൽ നവോത്ഥാനത്തിന് വലിയൊരു പ്രതിസന്ധിയുണ്ടായത്. നവോത്ഥാനത്തിന് പ്രതിസന്ധിയുണ്ടായാൽ അത് സാമ്പത്തിക പ്രതിസന്ധി പോലെയല്ല, സാമ്പത്തിക പ്രതിസന്ധി 5 വർഷംകൊണ്ട് വീണ്ടെടുക്കാം എന്നാൽ നവോത്ഥാനത്തിന്റെ പ്രതിസന്ധി 50 വർഷംകൊണ്ടും വീണ്ടെടുക്കാൻ കഴിയില്ല. 50 വർഷംകൊണ്ട് വീണ്ടെടുക്കാൻ കഴിയാത്ത ഒരു ധാർമ്മിക ജനാധിപത്യ പ്രതിസന്ധി നവോത്ഥാനപരമായി ഇവിടെയുണ്ടായിരുന്നത് ഇല്ലാതാക്കിയതിൽ നിന്ന് വീണ്ടെടുക്കണമെന്നുള്ള പ്രാർത്ഥനയാണ് ആ ധവളപത്രത്തിലും ഈ ബഡ്ജറ്റിലുമുള്ളത്. ആ പ്രാർത്ഥന നിങ്ങൾ ഏറ്റുവാങ്ങണം. മാത്രവുമല്ല അതിനു വേണ്ടി നിങ്ങൾ നിങ്ങളെത്തന്നെ തിരുത്താൻ ശ്രമിക്കണം. ഞാൻ കോൺഗ്രസ്സിനെ കുറ്റം പറയുകയല്ല, നിങ്ങൾ ജവഹർലാൽ നെഹ്റുവിനെ ആലോചിച്ചുനോക്കൂ. സാമ്പത്തിക നവോത്ഥാന പ്രതിസന്ധിയിൽനിന്ന് രക്ഷപ്പെടാൻവേണ്ടിയാണ് 1956 സെപ്തംബർ 1-ാം തീയതി അദ്ദേഹം ഇൻഷ്വറൻസ് മേഖല ദേശസാൽക്കരിച്ച് ഇന്ത്യൻ ഇൻഷ്വറൻസ് കോർപ്പറേഷനുണ്ടാക്കിയത്. സത്യത്തിൽ ജവഹർലാൽ നെഹ്റുവിനെ പിന്തുണക്കുന്നുണ്ടെങ്കിൽ, നാടിന്റെ പണംകൊണ്ട് നാടിന്റെ വികസനം നടക്കുന്നതാണ് ശരിയായ ധനകാര്യരീതി എന്നുണ്ടെങ്കിൽ, നെഹ്റുവിന്റെ ആ രീതിയിലുള്ള, കേരളത്തിലെ പ്രതിസന്ധിക്കുള്ള പരിഹാരമാണ് കിഫ്ബി എന്ന് പറയുന്ന, നാടിന്റെ പണം കേരളത്തിന്റെ വികസനത്തിനുവേണ്ടി, ഐശ്വര്യത്തിനു വേണ്ടി ഉപയോഗിക്കാവുന്ന വളരെ ധാർമ്മികവും സത്യസന്ധവും ഒപ്പം ഭാവനാ പൂർണ്ണവുമായ ഈ പദ്ധതി. ആ പദ്ധതിയെ ബഹുമാനിക്കുകയും അംഗീകരിക്കുകയും

ചെയ്യുക. ചുണ്ടിൽ എതിർത്താലും ഉള്ളിൽ പ്രാർത്ഥനയോടെ ബഹുമാനിക്കുക എന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

12.26 PM]

ശ്രീ. മുരളി പെരുനെല്ലി: സർ, കേവലം വരവുചെലവ് കണക്കല്ല ബഡ്ജറ്റെന്നും സാധാരണ മനുഷ്യന്റെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനുള്ള ഒരു സുവർണ്ണ രേഖയാണ് അതെന്നും മനസ്സിലാക്കിക്കൊണ്ട് കേരളം കണ്ട പ്രഗത്ഭനായ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിന്റെ ഭാഗമായ ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ ഹൃദയപൂർവ്വം പിന്തുണയ്ക്കുകയാണ്.

സർവ്വതല സ്പർശിയായ ഒരു ബഡ്ജറ്റാണിത്. കഴിഞ്ഞ ദിവസങ്ങളിൽ ഈ സഭയിലാകെ നിറഞ്ഞുനിന്നിരുന്നത് സ്വപ്നങ്ങളെ സംബന്ധിച്ച ചർച്ചകളായിരുന്നു. വയലാറിന്റെ ഈരടികൾ കഴിഞ്ഞ ദിവസം ശ്രീ. കെ. വി. അബ്ദുൾ ഖാദർ ഇവിടെ ചൊല്ലുകയുണ്ടായി. ഞാനത് ആവർത്തിക്കുന്നില്ല. അതിന്റെ ഉള്ളടക്കം ഇവിടെ സ്വപ്നങ്ങളില്ലായിരുന്നെങ്കിൽ ഈ ലോകം ശൂന്യമാകുമായിരുന്നു എന്നാണ്, അഥവാ സ്വപ്നങ്ങളാണ് ഈ ലോകത്തെ മുന്നോട്ട് നയിച്ചിട്ടുള്ളതെന്നാണ് അതിൽനിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. നമ്മുടെ സമൂഹത്തിൽ ഏറ്റവും സ്വാധീനം ചെലുത്തിയ ചിന്തകരിൽ പ്രമുഖ സ്ഥാനം ഈ സഹസ്രാബ്ദത്തിലെ മികച്ച ചിന്തകനായി ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷൻ തെരഞ്ഞെടുത്ത മാർക്സിസ്റ്റ് ആചാര്യൻ കാറൽ മാക്സാണെന്ന് നമുക്കറിയാം. സമൂഹത്തിന്റെ ഭാവിയെ വെറുതെ വ്യാഖ്യാനിക്കുക എന്നതിലുപരി അതിനെ എങ്ങനെ മാറ്റിമറിക്കാം എന്ന സ്വപ്നം ഈ ലോകത്തിന് നൽകിയത് കാറൽ മാർക്സാണ്. ലോകത്തിലെ നല്ലൊരു വിഭാഗം ജനത ആ സ്വപ്നങ്ങളുടെ ഗുണഫലങ്ങൾ ഇപ്പോൾ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. ഇന്ത്യക്ക് മാതൃകയായി ഈ കേരളവും മുന്നോട്ട് പോകുന്നത് മാർക്സിയൻ ആശയങ്ങളെ നെഞ്ചോടേറ്റുപിടിച്ചുകൊണ്ടാണ്. സ്വപ്നങ്ങളെ പരിഹസിക്കുന്ന പ്രതിപക്ഷത്തോട് എനിക്ക് ചോദിക്കുവാനുള്ളത് നിങ്ങൾക്ക് എങ്ങനെ ഈ ഗതിവന്നുപെട്ടു എന്നാണ്. നിങ്ങൾ അത് ഗൗരവപൂർവ്വം ചിന്തിക്കണം. കഴിഞ്ഞ അഞ്ച് വർഷത്തെ ദുർഭരണത്തിൽ നിങ്ങളും സ്വപ്നലോകത്തായിരുന്നുവെന്നതിൽ ഒരു തർക്കവുമില്ല. പക്ഷെ സാധാരണ മനുഷ്യന്റെ ജീവിതത്തെ എങ്ങനെ ഭദ്രമായി മുന്നോട്ട് കൊണ്ടുപോകാമെന്നതായിരുന്നില്ല നിങ്ങളുടെ സ്വപ്നം; സോളാർ പ്രഭയിൽ, ബാർ വീര്യത്തിൽ, നിങ്ങൾ സ്വർഗ്ഗകുമാരികളെപ്പറ്റി സ്വപ്നംകണ്ട് നടക്കുകയായിരുന്നു.

അതിനിടയിൽ അഞ്ച് വർഷവും പാവപ്പെട്ട ജനവിഭാഗങ്ങളെ സംബന്ധിച്ച് മറന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. ഈ ദുഷ്ടന്മാരുടെ ഭരണം തൂത്തെറിഞ്ഞ് ജനപക്ഷ ഭരണം വരണമെന്നാണ് കേരളത്തിലെ മൂന്നരക്കോടി മലയാളികൾ സ്വപ്നംകണ്ടത്. ആ സ്വപ്നമാണ് കഴിഞ്ഞ മേയ് 16-ാം തീയതി യാഥാർത്ഥ്യമായത്. അതുകൊണ്ടാണ് അവരിപ്പോൾ അപ്പുറത്തിരിക്കുന്ന ഒരു സ്ഥിതിവിശേഷമുണ്ടായത്. സ്ഥലജല വിഭ്രാന്തിയിൽനിന്ന് ഇപ്പോഴും പ്രതിപക്ഷം മോചനം നേടിയിട്ടില്ല. ദുഷ്ടന്റെ വാസസ്ഥലത്ത് സർവ്വേശ്വരന്റെ ശാപം പതിക്കും, നീതിനിഷ്ഠരുടെ വാസസ്ഥലത്തെ സർവ്വേശ്വരൻ അനുഗ്രഹിക്കും. ഇത് മത്തായിയുടെ സുവിശേഷമാണോ അല്ലയോ എന്ന് എനിക്കറിയില്ല. ഇത് നിയമസഭയുടെ പ്രധാനകവാടത്തിന് പുറത്ത് കാണുന്ന പള്ളിയുടെ ചുമരിൽ എഴുതിവച്ചിരിക്കുന്ന വാചകമാണ്. കഴിഞ്ഞ 5 വർഷവും ഇവിടെ ഭരണം നടത്തിയിരുന്ന യു.ഡി.എഫിന്റെ ഭരണക്കാർ ഈ ഗേറ്റ് കടന്നാണ് ദിവസവും പോയത്. ഈ വാക്യം സ്ഥിരമായി വായിക്കുന്നതുമാണ്. ഈ വാക്യം ശരിയായി വായിച്ചിരുന്നെങ്കിൽ ശരിയായ രീതിയിൽ ഭരണം മുന്നോട്ടു പോകുമായിരുന്നു. അതിന് തയ്യാറാകാത്തതുകൊണ്ടാണ് നിങ്ങളിപ്പോൾ പ്രതിപക്ഷത്തിരിക്കുന്നത്. ദുഷ്ടന്മാരുടെ വാസസ്ഥലമായിട്ടുള്ള യു.ഡി.എഫ്. കൂടാരത്തിന് മുകളിൽ ശാപം പതിച്ചപ്പോൾ അത് കത്തിയമരാൻ തുടങ്ങി. പ്രാണവേദനയോടെ അവർ അലറിവിളിച്ചു. അപ്പോഴാണ് ഒരു രക്ഷകൻ വരുന്നത്. ആരാണ് ആ രക്ഷകൻ? നിങ്ങളെല്ലാം പറയുന്ന സ്വപ്നലോകത്തെ സംപൂജ്യനായ രാജേട്ടൻ. ബി.ജെ.പി.യുടെ പിൻബലംകൂടിയില്ലായിരുന്നെങ്കിൽ എന്താകുമായിരുന്നു ആ കൂടാരത്തിന്റെ അവസ്ഥ എന്നുള്ളത് ആലോചിക്കാവുന്നതേയുള്ളൂ. കർത്താവിന്റെ കൃപകൊണ്ട് ചുമര് കത്തിയില്ല എന്നൊരു ചൊല്ലുണ്ട്. അതാണ് യു.ഡി.എഫിന്റെ ഇപ്പൊഴത്തെ അവസ്ഥ. ഇവിടെ ചില ആസ്ഥാന ഗായകർ നാടകത്തിലെ,

'പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്ക് ആകാശമുണ്ട്,

മനുഷ്യപുത്രന് തലചായ്ക്കാൻ മണ്ണിലിടമില്ല'

എന്ന ഈരടികൾ പാടുന്നത് കേൾക്കുകയുണ്ടായി. ഇവിടെ മണ്ണിനുവേണ്ടി നിങ്ങൾക്കുപറയാൻ ഒരവകാശവുമില്ല. ഇവിടെ കടിച്ചാൽ വിഷമിറങ്ങാത്ത ചില കരിമൂർഖന്മാർക്ക് ഏക്കർ കണക്കിന് ഭൂമി പതിച്ചുകൊടുത്തവരാണ് നിങ്ങൾ. അവർക്ക് ഇനി തല ചായ്ക്കാൻ ഇടമില്ലാത്തവരെപ്പറ്റി പാട്ടുപാടാൻ ഒരവകാശവുമില്ല. അങ്ങനെ പാട്ടുപാടി തെരുവിലിറങ്ങിയാൽ ജനം കല്ലെറിയും. ഇവിടെ ഇടതുപക്ഷ ജനാധിപത്യമുന്നണി മുഴുവൻ ഭൂരഹിതർക്കും കരിമൂർഖന്മാർക്ക് കൊടുത്ത ഭൂമിയടക്കം തിരിച്ചുപിടിച്ച് നൽകാൻ ആവശ്യമായ നടപടി എടുക്കുന്നതാണ്.

ഭൂമി അതിന്റെ കേന്ദ്രത്തിലേക്ക് സർവ്വ വസ്തുക്കളെയും ആകർഷിക്കുമെന്നത് ഐസക് ന്യൂട്ടന്റെ സിദ്ധാന്തമാണല്ലോ. ആ സിദ്ധാന്തം ഇവിടെ കാണുകയാണ്. നമ്മുടെ ഭരണസിരാകേന്ദ്രമാണ് മുഖ്യന്ത്രിയുടെ ഓഫീസ്. അവിടേക്ക് എല്ലാ ദുഷ്ടമൂർത്തികളെയും ആകർഷിക്കുന്ന ഒരു സിദ്ധാന്തം ആവിഷ്കരിച്ചത് ആരാണെന്നുള്ളത് മാലോകർക്കെല്ലാം അറിയാവുന്ന കാര്യമാണ്. ഇത്തരം ദുഷ്ടമൂർത്തികളുടെ നേതൃത്വത്തിലുള്ള ഭരണമാണ് അന്നിവിടെ നടന്നത്. 'എനിക്ക് ലാഭം തരൂ' എന്ന് ശബരിനാഥ് ഇവിടെ പറയുകയുണ്ടായി. കഴിഞ്ഞ യു.ഡി.എഫ്. ഭരണത്തിൽ മുഖ്യമന്ത്രിയുടെ ഓഫീസ് 'കൊള്ളലാഭം തരൂ' എന്ന് പറഞ്ഞുവരുന്ന എല്ലാ ദുഷ്ടമൂർത്തികളെയും ആകർഷിക്കുന്ന ഒരു കേന്ദ്രമായി മാറുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിച്ചത്. സഖാവ് പിണറായി വിജയൻ നേതൃത്വം നൽകുന്ന സർക്കാർ അധികാരത്തിൽ വന്നിട്ട് ഒരു മാസം കഴിഞ്ഞിട്ടേയുള്ളൂ. അപ്പോഴേക്കും അക്രമ രാഷ്ട്രീയത്തിനെതിരെ നിങ്ങൾ അടിന്തരപ്രമേയം കൊണ്ടുവന്നു. നിങ്ങളുടെ ഇരുണ്ട കാലഘട്ടത്തിലെ അവസ്ഥ എന്തായിരുന്നു? 'പൂരങ്ങളിൽ വച്ച് പൂരം തൃശ്ശൂർ പൂരം' എന്നൊരു ചൊല്ലുണ്ട്. എട്ട് നിലയിൽ അമിട്ട് പൊട്ടിവിരിയുന്ന വിസ്മയകരമായ കാഴ്ചയും തെക്കോട്ടിറക്കത്തിന്റെ മാസ്മരിക കാഴ്ചയും അതുപോലെ ഇലഞ്ഞിത്തറ മേളവും ആസ്വദിക്കുന്നതിനുവേണ്ടി കേരളമാകെ തൃശ്ശൂരിലെത്തുന്നു. കോൺഗ്രസ്സിന്റെ പല നേതാക്കന്മാരും അവിടത്തെ ചില കോൺഗ്രസ് നേതാക്കളുടെ വീടുകളിൽ എത്തുമായിരുന്നു. പക്ഷേ കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഈ സന്ദർശനം ഇവിടെ നടക്കാറില്ല. കാരണം ഈ വീടുകളിലെ ഗൃഹനാഥന്മാർ കൊല്ലപ്പെട്ടു. ഇവരുടെ വിധവകളായ സഹോദരിമാർ പറഞ്ഞതെന്താണ്? തങ്ങളുടെ ഭർത്താക്കന്മാർ കൊല്ലപ്പെട്ടപ്പോൾ അനുശോചനം രേഖപ്പെടുത്തുന്നതിനോ വീട്ടിലെത്തി കുടുംബാംഗങ്ങളെ ആശ്വസിപ്പിക്കുന്നതിനോ യു.ഡി.എഫ്.-ലെ നേതാക്കന്മാരാരും എത്തിയില്ല എന്നാണ്. ഇവിടെ കൊല്ലപ്പെട്ടവർ ആരാണ്? കൊന്നത് ആരാണ്? രണ്ടും കോൺഗ്രസ്സുകാർ തന്നെ. തൃശ്ശൂർ അയ്യന്തോൾ ശ്രീകാർത്ത്യായനി ക്ഷേത്ര നടയിൽ വച്ചാണ് സ്വന്തം മക്കളുടെയും ഭാര്യയുടെയും മുന്നിലിട്ട് മധു ഈച്ചരത്തിനെ വെട്ടിക്കൊന്നത്. അദ്ദേഹത്തെ കൊന്നത് ആരാണ്? എതിർ ഗ്രൂപ്പുകാർ! സ്വന്തം വീട്ടിലേക്ക് പോകുന്ന ഇടവഴിയിൽ വച്ചാണ് ലാൽജി കൊള്ളന്നൂർ എന്നുപറയുന്ന മറ്റൊരു കോൺഗ്രസ്സുകാരനെ എതിർഗ്രൂപ്പുകാർ കൊലപ്പെടുത്തിയത്. ചാവക്കാട് ഹനീഫയെ ഉമ്മയുടെയും മക്കളുടെയും ഭാര്യയുടെയും മുന്നിൽ വച്ചാണ് ദുഷ്ടന്മാർ വെട്ടിക്കൊലപ്പെടുത്തിയത്. പ്രസ്തുത കേസുമായി ബന്ധപ്പെട്ട് പ്രതിപ്പട്ടികയിൽ വന്ന

ഒരു നേതാവിനെ പോലീസ് ചോദ്യം ചെയ്യുകപോലും ചെയ്യാതെ അന്ന് ഭരണ പക്ഷത്തായിരുന്ന നിങ്ങൾ എല്ലാ സ്വാധീനവും ഉപയോഗിച്ച് സംരക്ഷിക്കുന്ന നിലപാടാണ് സ്വീകരിച്ചത്. മാത്രമല്ല, തൃശ്ശൂർ ജില്ലയിലെ ഒരു യൂത്ത് കോൺഗ്രസ് നേതാവ് ഇപ്പോഴും ജീവച്ഛവമായി കിടക്കുകയാണ്. അദ്ദേഹത്തെ ആരെങ്കിലും തിരിഞ്ഞു നോക്കുന്നുണ്ടോ? ഇവിടെ എന്താണ് സംഭവിച്ചത്? പത്തനംതിട്ട ജില്ലയിലെ അടൂരിൽ ഒരു ബാർ ഹോട്ടലിൽ വച്ചുനടന്ന യൂത്ത് കോൺഗ്രസ്സിന്റെ പഠന ക്യാമ്പിനിടയിൽ തലയ്ക്കടിയേറ്റ് മാരകമായി പരിക്കുപറ്റി വർഷങ്ങളായി ഒരാൾ നിശ്ചലമായി കിടക്കുകയാണ്. ഇത് ആരാണ് ചെയ്തത്? യൂത്ത് കോൺഗ്രസ്സുകാരാണ് ഇത് ചെയ്തത്. ഇവരെയൊന്നും ആരും തിരിഞ്ഞുനോക്കുന്നില്ല. ഗ്രൂപ്പ് വൈരം തീർക്കുന്നതിനുവേണ്ടി ഹിംസ്രജന്തുക്കളെപ്പോലെ പരസ്പരം കൊന്നുതിന്നുന്ന അവിശുദ്ധ രാഷ്ട്രീയ മേലാളന്മാരായ നിങ്ങൾക്ക് ഈ അക്രമ രാഷ്ട്രീയത്തെപ്പറ്റി സംസാരിക്കാൻ ഒരവകാശവുമില്ല.

പാവപ്പെട്ട സ്കൂൾ കുട്ടികളോടുപോലും കരുണയില്ലാത്ത നിലപാടാണ് നിങ്ങൾ സ്വീകരിച്ചിരുന്നത്. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഓണപ്പരീക്ഷ എന്നുപറഞ്ഞാൽ ഓണത്തിനുമുമ്പ് നടത്തുന്ന പരീക്ഷയാണ്. ഇപ്രകാരം ഓണത്തിനു മുമ്പ് പരീക്ഷ നടത്തുന്നതിന് ചില ശാസ്ത്രീയ വശങ്ങളുണ്ട്. കുട്ടികളെ സംബന്ധിച്ചിടത്തോളം ഓണമെന്ന് പറയുന്നത് പഠനം പൂർത്തിയാക്കി പുസ്തകമെല്ലാം അടച്ചുവച്ച് അടിച്ച് പൊളിക്കാനുള്ള അവസരമായിരിക്കണം. പക്ഷേ കഴിഞ്ഞ വർഷം എന്താണ് സംഭവിച്ചത്? ഓണം കഴിഞ്ഞതിനുശേഷമാണ് പരീക്ഷ നടന്നത്. കുട്ടികൾക്കും രക്ഷിതാക്കൾക്കും ടെൻഷനാണ്. നാട്ടുകാർക്കൊന്നും നിങ്ങൾ പെൻഷൻ നൽകിയില്ല. എല്ലാവർക്കും ടെൻഷൻ കൊടുക്കുക എന്നുള്ള നിലപാടാണ് കഴിഞ്ഞ അഞ്ച് വർഷം നിങ്ങൾ സ്വീകരിച്ചത്. അൺ ഇക്കണോമിക് എന്ന കാരണം പറഞ്ഞ് സ്കൂളുകളെല്ലാം അടച്ചുപൂട്ടുകയാണ്. ഇത്തരത്തിൽ അടച്ചുപൂട്ടി ആ ഭൂമിയെല്ലാം ഭൂമാഫിയകൾക്ക് തീറെഴുതി കൊടുക്കുകയാണ്. ഇക്കാര്യത്തിൽ കോൺഗ്രസ്സും ബി.ജെ.പിയും തമ്മിൽ വ്യത്യാസമില്ല. കിരാലൂർ സ്കൂൾ മാടമ്പ് കുഞ്ഞിക്കുട്ടന്റെ നേതൃത്വത്തിലുള്ള സ്കൂളായിരുന്നു. അത് ആർ.എസ്.എസ്. ട്രസ്റ്റ് വാങ്ങി. അവർ എന്തിനാണ് വാങ്ങിയത്? അതിനെ അന്താരാഷ്ട്ര പദവിയിലേക്ക് കൊണ്ടുവരുന്നതിനു വേണ്ടിയാണ് വാങ്ങിയത്. എന്നാൽ ഭൂമി ലഭിച്ചപ്പോൾ അന്താരാഷ്ട്ര നിലവാരമെല്ലാം മാറി. ഭൂമി മുറിച്ചുവിൽക്കുന്ന നിലപാട് അവർ സ്വീകരിച്ചു. പ്രശസ്ത നോവലിസ്റ്റായ മാടമ്പ് കുഞ്ഞിക്കുട്ടൻ പത്രക്കാരോട് 'ഞാൻ ചതിക്കപ്പെട്ടു, എന്നെ ആർ.എസ്.എസ്.

വഞ്ചിച്ചു, ഞാൻ ഇതിനുവേണ്ടിയല്ല അവർക്ക് ഭൂമി കൊടുത്തത് എന്നുപറഞ്ഞു. ഇവിടെ കച്ചവടക്കാര്യത്തിൽ കോൺഗ്രസ്സും ബി.ജെ.പി.-യും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. ഭൂമാഫിയകളിൽ നിന്നും സ്കൂളുകളെ സംരക്ഷിക്കുന്ന നിലപാടാണ് ഇടതുപക്ഷ സർക്കാർ സ്വീകരിക്കുന്നത്. ഈ വോട്ട് ഓൺ അക്കൗണ്ട് പാവപ്പെട്ട ജനങ്ങൾക്കുവേണ്ടി പണം ചെലവഴിക്കാനുള്ളതാണ്. അതുകൊണ്ടുതന്നെ ഞാൻ ഇതിനെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. ഈ ഇരുണ്ട കാലഘട്ടത്തിൽ നിന്നുകൊണ്ട് സഖാവ് പിണറായി വിജയൻ നയിക്കുന്ന ഇടതുപക്ഷ സർക്കാരിന്റെ സൂര്യവെളിച്ചത്തിൽ കേരള സമൂഹത്തെ നയിക്കാൻ ആവശ്യമായ ചെലവിനുള്ള വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

12.34PM]

ശ്രീ. അനിൽ അക്കര: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. 'കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ' എന്നതാണ് കർത്താവ് തോമാശ്ലീഹായെക്കുറിച്ച് പറഞ്ഞത്. ഇവിടെ തോമാശ്ലീഹായുടെ പേരിലുള്ള പുതിയ ധനകാര്യ വകുപ്പുമന്ത്രി കാണാതെ വിശ്വസിക്കണമെന്ന് കർത്താവിനോട് പറയുന്നതുപോലെയാണ് കേരളത്തിലെ ജനതയോട് മാന്ദ്യവിരുദ്ധ പാക്കേജിനെക്കുറിച്ച് പറയുന്നത്. ഈ മാന്ദ്യവിരുദ്ധ പാക്കേജിലൂടെ എത്ര രൂപ സമ്പാദിച്ചുവെന്ന് അടുത്ത ബഡ്ജറ്റിൽ വെളിപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്റെ അടുത്ത മണ്ഡലത്തിൽനിന്നും വന്ന ശ്രീ. മുരളി പെരുനെല്ലി ആർ.എസ്.എസ്.-നെക്കുറിച്ചും ശ്രീ. ഒ. രാജഗോപാലിനെക്കുറിച്ചും തൃശ്ശൂർ ജില്ലയിലെ കൊലപാതകത്തെക്കുറിച്ചുമെല്ലാം സൂചിപ്പിക്കുകയുണ്ടായി. ശ്രീ. മുരളി പെരുനെല്ലി ഒരു കാര്യം മനസ്സിലാക്കണം, കേരളത്തിലെ എസ്.എഫ്.ഐ.-യുടെ ആദ്യത്തെ രക്തസാക്ഷിയായ സഖാവ് സെയ്താലി പട്ടാമ്പി സംസ്കൃത കോളേജിൽ കുത്തേറ്റാണ് മരിച്ചത്. സെയ്താലിയെ കൊന്നത് ആർ.എസ്.എസ്.-കാരനായ സഖാവ് ശങ്കരനാരായണനാണ്. ആ ശങ്കരനാരായണനെ പേര് മാറ്റി കേരള നിയമസഭയിൽ എത്തിച്ചത് നിങ്ങളാണെന്ന സത്യം തിരിച്ചറിയണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ബഹുമാന്യനായ ടി.എം.തോമസ് ഐസകിന്റെ പ്രസംഗം വളരെ സന്തോഷത്തോടു കൂടിയാണ് ഞാൻ കേട്ടത്. പക്ഷേ പ്രസംഗം കേട്ടുകഴിഞ്ഞപ്പോൾ ഞാൻ നിരാശനായി. അദ്ദേഹം തദ്ദേശഭരണ സ്ഥാപനങ്ങളെ രക്ഷിക്കാൻ വന്ന മിശിഹായാണെന്നാണ് ഞാൻ ധരിച്ചിരുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ശ്രീ. ഉമ്മൻചാണ്ടി നേരത്തെ അയ്യായിരം കോടി രൂപയാണ് വകയിരുത്തി യിരുന്നത്. ഡോ. ടി. എം. തോമസ് ഐസക്കിന്റെ ഈ ബഡ്ജറ്റിൽ 500 കോടി രൂപ കൂട്ടി എന്നത് യാഥാർത്ഥ്യമാണ്. അങ്ങ് ഒരു കാര്യം

മനസ്സിലാക്കണം, കേരളത്തിലെ സർക്കാർ ജീവനക്കാരുടെ ശമ്പളം വർദ്ധിച്ചപ്പോൾ പഞ്ചായത്ത് ജീവനക്കാരുടെയും ശമ്പളം വർദ്ധിക്കുകയുണ്ടായി. ഇന്ന് കേരളത്തിൽ ഒരു പഞ്ചായത്ത് സെക്രട്ടറി ഏതാണ്ട് 65,000 രൂപയാണ് ശമ്പളമായി വാങ്ങുന്നത്. അത് പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നാണ് നൽകുന്നത്. ഇപ്പോഴത്തെ കണക്കനുസരിച്ച് അംഗൻവാടി ജീവനക്കാരുടെ അധികവേതനം, പഞ്ചായത്ത് മെമ്പർമാരുടെയും ജീവനക്കാരുടെയും അധികവേതനം എന്നിവയെല്ലാം നൽകാൻ ഒരു പഞ്ചായത്തിന് പ്രതിമാസം ഏതാണ്ട് 10 ലക്ഷം രൂപയെങ്കിലും കണ്ടെത്തേണ്ടതായി വരും. അങ്ങനെ കണ്ടെത്തിയാൽ 12 മാസത്തേക്ക് 1,20,00,000 രൂപ ഒരു പഞ്ചായത്തിന് ശമ്പള ഇനത്തിൽ മാത്രം കണ്ടെത്തണം. പക്ഷേ ഇവിടെ ജനറൽ പർപ്പസ് ഗ്രാന്റായി നമുക്ക് ലഭിക്കുന്നത് 65 ലക്ഷം രൂപയാണ്. ശരാശരി ഒരു പഞ്ചായത്തിന് ലഭിക്കുന്ന സംഖ്യ ഏതാണ്ട് 40,00,000 രൂപയാണ്. അങ്ങനെ വരുമ്പോൾ ഏതാണ്ട് ഒരുകോടി അഞ്ച് ലക്ഷം രൂപ മാത്രമാണ് പഞ്ചായത്തിന്റെ ജനറൽ പർപ്പസ് ഗ്രാന്റും തനത് ഫണ്ടുമായി വരുന്നത്. പിന്നെ എങ്ങനെയാണ് ശമ്പളം കൊടുക്കാൻ സാധിക്കുന്നത്? ഇലക്ട്രിസിറ്റിക്കും കുടിവെള്ള പൈപ്പ്ലൈനിന്റെ മെയിന്റനൻസിനുമുള്ള തുകകൾ എങ്ങനെയാണ് അടയ്ക്കാൻ സാധിക്കുന്നത്? ഇതൊക്കെ ഒരുകാരണവശാലും അടയ്ക്കാൻ സാധിക്കില്ല. ഈ ബഡ്ജറ്റിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനത്തെ അട്ടിമറിക്കുന്ന, ദൈനംദിന പ്രവർത്തനങ്ങളെപ്പോലും അട്ടിമറിക്കുന്ന രീതിയിലാണ് പ്രഖ്യാപനമുണ്ടായത്. ആയതിനാൽ അടിയന്തരമായി ജനറൽ പർപ്പസ് ഗ്രാന്റ് നൂറ് ശതമാനമായി വർദ്ധിപ്പിച്ചില്ലെങ്കിൽ ഒരു കാരണവശാലും പഞ്ചായത്തുകൾക്ക് മുന്നോട്ട് പോകാൻ സാധിക്കില്ല. പാലക്കാട് ജില്ലയിലെ അഗളിയിലും ചിറ്റൂരിലുമുള്ള പഞ്ചായത്തുകൾക്ക് ഇപ്പോൾ തന്നെ ശമ്പളം നൽകാൻ സാധിക്കാത്ത സാഹചര്യമാണുള്ളത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഇക്കാര്യങ്ങളെല്ലാം ശ്രദ്ധിക്കണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

അതുപോലെതന്നെ ഇവിടെ എല്ലാവർക്കും വീട്, കക്കൂസ് എന്ന് പറയുകയുണ്ടായി. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് എം.എൻ. ലക്ഷം വീട് പദ്ധതി ഉണ്ടായതെന്ന് എല്ലാവരും പറയുന്നു. എം.എൻ. ലക്ഷം വീട് പദ്ധതി ഉണ്ടാക്കിയത് എൽ.ഡി.എഫ്. സർക്കാരാണോ? എന്റെ ഓർമ്മ ശരിയാണെങ്കിൽ അച്യുതമേനോൻ കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുന്ന സമയത്താണ് എം.എൻ. ലക്ഷം വീട് പദ്ധതിക്ക് രൂപം നൽകിയത്. അന്ന് ആ ഗവൺമെന്റിൽ കോൺഗ്രസ്സും ഉണ്ടായിരുന്നുവെന്ന കാര്യം ഓർക്കണം. ശ്രീ. ബിനോയ് വിശ്വം മന്ത്രിയായിരുന്ന കാലത്ത് ഇരട്ടവീടുകൾ ഒറ്റ വീടുകൾ ആക്കുന്നതിന് തീരുമാനമെടുത്തു. ഇവിടെ എട്ടുകാലി മമ്മൂഞ്ഞിനെപ്പോലെ എല്ലാ പദ്ധതിയും ഏറ്റെടുക്കരുതെന്ന് ഞാൻ

അഭ്യർത്ഥിക്കുകയാണ്. ഇ.എം.എസ്.-ന്റെ പേരിലുള്ള പാർപ്പിട പദ്ധതി ഡോ. ടി. എം. തോമസ് ഐസക്കാണ് അന്ന് പ്രഖ്യാപിച്ചത്. അന്ന് പ്രഖ്യാപിച്ചപ്പോഴും ഇന്ന് പ്രഖ്യാപിച്ചപ്പോഴും അതിന് ഫണ്ട് അനുവദിച്ചിട്ടില്ല. ഭവനരഹിതരായ നാല് ലക്ഷത്തോളം കുടുംബങ്ങൾ ഇന്ന് കേരളത്തിലുണ്ട്. അവർക്ക് രണ്ട് ലക്ഷം രൂപ വീതം ധനസഹായം നൽകണമെങ്കിൽ എണ്ണായിരം കോടി രൂപ പഞ്ചായത്തുകൾക്ക് കടമെടുക്കേണ്ടി വരും. ഇപ്രകാരം കടമെടുക്കേണ്ടി വന്നാൽ പ്രസ്തുത തുകകൾ എങ്ങനെയാണ് തിരിച്ചടയ്ക്കുന്നത്? ഇവിടെ കടമെടുത്ത് ക്ഷേമപ്രവർത്തനങ്ങൾ നടത്തുന്നത് ധൂർത്താണെന്നാണ് ശ്രീ. ഉമ്മൻ ചാണ്ടിയുടെ പ്രവർത്തനത്തെക്കുറിച്ച് നിങ്ങൾ സൂചിപ്പിച്ചത്. പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഒരു കാര്യം ചോദിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കടമെടുത്ത് നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ ധൂർത്താണെങ്കിൽ ആ ധൂർത്തിന് ഇ.എം.എസ്.-ന്റെ പേരിടരുതെന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ എല്ലാവർക്കും കക്കൂസ് എന്നുപറഞ്ഞ് പുതിയ പദ്ധതി അവതരിപ്പിക്കുന്നു. സിക്കിം എന്ന സംസ്ഥാനമാണ് ഇന്ത്യയിൽ ആദ്യമായി 'നിർമ്മൽ ഭാരത് അഭിയാൻ' എന്ന അവാർഡ് നേടിയതെന്നുള്ള കാര്യം നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതാണ്. രണ്ടാമത് 2012-ൽ കേരളമാണ് 'നിർമ്മൽ ഭാരത് അഭിയാൻ' എന്ന അവാർഡ് നേടിയത്. കേരളത്തിലെ എല്ലാ പഞ്ചായത്തിലും എല്ലാ നഗരസഭയിലും എല്ലാ ബ്ലോക്ക് പഞ്ചായത്ത് അതിർത്തിയിലും കക്കൂസുകൾ നിർമ്മിച്ചതിന്റെ ഭാഗമായാണ് കേരളത്തിന് നിർമ്മൽ ഗ്രാമ പുരസ്കാരം നേടിയെടുക്കാൻ സാധിച്ചത്. പ്രസ്തുത പുരസ്കാരം നേടിയെടുത്ത കേരള സംസ്ഥാനം ഇനിയെങ്ങനെയാണ് വീണ്ടും കക്കൂസുകൾ നിർമ്മിക്കാൻ പോകുന്നത്? അങ്ങനെയാണെങ്കിൽ ശ്രീ. പാലോളി മുഹമ്മദ് കുട്ടിയെക്കൊണ്ട് നിങ്ങൾ കള്ളസാക്ഷ്യം പറയിച്ചു എന്ന് കരുതേണ്ടിവരുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതുപോലെതന്നെ ഏറ്റവും മാതൃകാപരമായി നടത്തിയ പദ്ധതിയാണ് കാരുണ്യ പദ്ധതി. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെടുത്തി ശ്രീ. ഉമ്മൻ ചാണ്ടിയെ അങ്ങ് എ പ്ലസ് നൽകി ആദരിക്കുകയും അത് അവകാശമാക്കി മാറ്റുകയും ചെയ്തു. പക്ഷേ ആ കാരുണ്യ പദ്ധതിക്ക് എതിരായി നിൽക്കുന്നത് ആരാണ്? കേരളത്തിൽ സാന്റിയാഗോ മാർട്ടിൻ ഉൾപ്പെടെയുള്ള ആളുകളാണ് ലോട്ടറിക്കെതിരെ നിന്നതെന്ന് നമുക്കെല്ലാവർക്കും അറിയാം. എന്റെ പേര് ഉപയോഗിച്ചുകൊണ്ട് പല അവതാരങ്ങളും നടക്കും. അങ്ങനെയുള്ളവരെക്കുറിച്ച് വിളിച്ചറിയിക്കണമെന്ന് ശ്രീ. പിണറായി വിജയൻ പറയുകയുണ്ടായി. എന്നാൽ അദ്ദേഹത്തിന്റെ അവതാരമായ ദാമോദരൻ വക്കീലാണ് ഇന്ന് സാന്റിയാഗോ മാർട്ടിനുവേണ്ടി വാദിക്കുന്നത്. അദ്ദേഹത്തിന്റെ മറ്റൊരു അവതാരമായ മഞ്ചേരി ശ്രീധരൻ നായരാണ് കോടതിയിൽ പ്രതിയായി നിൽക്കുന്നത്. ഇത്തരത്തിലുള്ള അവതാരങ്ങളെ എങ്ങനെയാണ് ഗവൺമെന്റ് സംരക്ഷിക്കുന്നതെന്ന് അറിയേണ്ടതുണ്ട്.

ശ്രീ. പി. സി. ജോർജ് പറഞ്ഞതിനെ അനുകൂലിച്ചുകൊണ്ടു പറയുകയാണ്, തിരുവനന്തപുരത്തല്ല പറ്റുമെങ്കിൽ ക്ലിഫ് ഹൗസിൽ ഇവർക്കുവേണ്ടി പ്രത്യേക കോടതി രൂപീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കേരള പഠന കോൺഗ്രസ്സ് നടത്തി എന്തൊക്കെ പറഞ്ഞു? ആയിരം ചതുരശ്രയടിക്ക് താഴെയുള്ള സാധാരണക്കാരന്റെ വീടുകൾക്ക് കെട്ടിട നികുതി ഒഴിവാക്കുമെന്ന് പറഞ്ഞു. സർക്കാർ ജീവനക്കാർ നടത്തിയ ഏറ്റവും വലിയ സമരത്തെ അഭിസംബോധന ചെയ്തുകൊണ്ട് കോൺട്രിബ്യൂട്ടറി പെൻഷൻ ഒഴിവാക്കുമെന്ന് പറഞ്ഞു. പക്ഷേ ഈ ബഡ്ജറ്റിൽ കോൺട്രിബ്യൂട്ടറി പെൻഷനെ മറ്റ് മേഖലയിലേക്ക് പ്രോത്സാഹിപ്പിക്കുന്ന, കൊണ്ടുപോകുന്ന നയമാണ് നിങ്ങൾ സ്വീകരിച്ചത്. നൂറ് ചതുരശ്രയടിക്ക് താഴെയുള്ള കെട്ടിടങ്ങൾക്ക് നികുതി കുറയ്ക്കാനുള്ള ഒരു നിർദ്ദേശവും കാണുന്നില്ല. ദേശീയ തൊഴിലുറപ്പ് പദ്ധതിയെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി വളരെ ശ്ലാഘിച്ചിരുന്നു. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി എൽ.ഡി.എഫ്.ന്റെ പിന്തുണയോടെ ഉണ്ടായിരുന്ന ഒന്നാം യു.പി.എ. സർക്കാരിന്റെ മകളാണെങ്കിൽ അതേ കാലത്ത് തന്നെ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച പദ്ധതിയാണ് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി. നഗരങ്ങളിൽ നടപ്പിലാക്കുന്ന തൊഴിലുറപ്പ് പദ്ധതിയാണിത്. മഹാത്മാഗാന്ധി പദ്ധതി യു.പി.എ.-യുടേതാണെങ്കിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി സംസ്ഥാന ഗവൺമെന്റിന്റേതാണ്. ഡോ. ടി. എം. തോമസ് ഐസക് പ്രഖ്യാപിച്ച പദ്ധതിയാണ്. പക്ഷേ ഞാൻ ഈ ബഡ്ജറ്റ് വായിച്ച് നോക്കിയപ്പോൾ, കേരളത്തിൽ ഗ്രാമീണ സ്വഭാവമുള്ള ഒരുപാട് പഞ്ചായത്തുകൾ മുനിസിപ്പാലിറ്റികളാക്കി; ആ പഞ്ചായത്തുകളിൽ നവംബർ ഒന്നാം തീയതി മുതൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയില്ല. അവിടെ നടപ്പിലാക്കേണ്ടത് അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയാണ്. അയ്യങ്കാളി തൊഴിലുറപ്പു പദ്ധതിക്ക് ഒരു രൂപ പോലും ഈ ബഡ്ജറ്റിൽ മാറ്റിവച്ചിട്ടില്ല എന്നത് വളരെ പ്രതിഷേധാർഹമായ കാര്യമാണ്. അത് പരിഗണിക്കണമെന്നുകൂടി ഞാൻ പറയുകയാണ്. തദ്ദേശ സ്വയംഭരണ വകുപ്പിനെ ഒന്നാക്കിയത് നല്ല കാര്യമാണ്, സന്തോഷമുള്ള കാര്യമാണ്. പക്ഷേ തദ്ദേശ സ്വയംഭരണ വകുപ്പിനെ ഒന്നാക്കുന്ന സമയത്ത് ഗ്രാമവികസന വകുപ്പ് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണ കാലത്ത് വേറെയായിരുന്നു. കോടാനുകോടി രൂപയുടെ പദ്ധതികളാണ് ഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ട് അന്ന് ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് നടപ്പിലാക്കിയിരുന്നത്. ഇന്ന് തദ്ദേശ സ്വയംഭരണ വകുപ്പിനോടുകൂടി ഗ്രാമവികസന വകുപ്പ് വരുമ്പോൾ സ്വാഭാവികമായും അതിന് ആവശ്യമായ തുകകൂടി അതിനൊത്ത് വരണം. അന്ന് അനുവദിച്ച 5500 കോടി രൂപ മാത്രമാണ് ഈ ബഡ്ജറ്റിലുമുള്ളത് എന്നുള്ളത് വളരെ

പ്രതിഷേധാർഹമായ കാര്യമാണ് എന്ന് സൂചിപ്പിക്കുകയാണ്. ഞാൻ ദീർഘമായി പറഞ്ഞു പോകുന്നില്ല, നിർത്തുകയാണ്. ഗ്രാമത്തേയും നഗരത്തേയും ജനങ്ങളേയും സർക്കാർ ജീവനക്കാരേയും വഞ്ചിച്ച് സാന്റിയാഗോ മാർട്ടിനു വേണ്ടിയും മുഖ്യമന്ത്രിയുടെ അവതാരങ്ങൾക്ക് വേണ്ടിയും മുന്നോട്ട് പോകുന്ന ഈ ബഡ്ജറ്റിനെയും വോട്ട്-ഓൺ അക്കൗണ്ടിനേയും ഞാൻ എതിർക്കുകയാണ്.

12.42 PM]

ശ്രീ. കെ. ജെ. മാക്സി: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച വോട്ട്-ഓൺ അക്കൗണ്ടിനെ ഞാൻ പിന്തുണയ്ക്കുകയാണ്. ഈ ബഡ്ജറ്റിനെ കേരളം വളരെ ആഹ്ലാദത്തോടെയാണ് കണ്ടത്. ഐശ്വര്യ സമ്പൂർണ്ണമായൊരു കേരളം കെട്ടിപ്പടുക്കാനുതകുന്നതാണ് ഈ ബഡ്ജറ്റ് എന്നാണ് കേരളജനത പറയുന്നത്. മഹാത്മാക്കളുടെ പുരോഗമനാശയങ്ങൾ പലപ്പോഴും പാഠപുസ്തകങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കപ്പെടുകയും സാമൂഹിക ജാതിമത താല്പര്യങ്ങൾക്കായി തീരുമാനിക്കപ്പെടുകയും ചെയ്യുന്ന ഈ കാലഘട്ടത്തിൽ അവയുടെ അന്തസ്സത്ത സമൂഹത്തിന് ആകമാനമെന്നോണം ഏതെങ്കിലും താല്പര്യങ്ങൾക്ക് എതിര് നിൽക്കാതെയുള്ള ഓർമ്മപ്പെടുത്തലിലൂടെ അവതരിപ്പിച്ച സംസ്ഥാന ബഡ്ജറ്റ് നമ്മുടെ ദിശാബോധത്തെ നേർക്കാഴ്ചയിലേക്ക് നയിക്കുന്നു. ഈ ബഡ്ജറ്റ് കേരള സമൂഹത്തിലെ നാനാവിഭാഗത്തിനും പുത്തനുണർവ് സൃഷ്ടിച്ചിട്ടുണ്ട്. ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കുകവഴി അവശരും അശരണരുമായ ജനവിഭാഗത്തിന്റെ പ്രതീക്ഷാനിർഭരമായ മുഖങ്ങളിൽ ആനന്ദബാഷ്പം അണിയുന്നത് കണ്ടിട്ടുണ്ട്. ചികിത്സാ ലഭ്യതയ്ക്കായി കഴിഞ്ഞ കാലങ്ങളിൽ നെട്ടോട്ടമോടിയിരുന്ന ജനത്തിന് സമഗ്ര ആരോഗ്യ പദ്ധതി, പാർപ്പിടമില്ലാത്തവർക്ക് പാർപ്പിട പദ്ധതി, പാതിവഴിയിൽ നിന്നുപോയ പാർപ്പിട പദ്ധതികൾ പൂർത്തിയാക്കാൻ നടപടി എന്നിവയിലൂടെ കെട്ടുറപ്പുള്ള സമൂഹ നിർമ്മിതിയിലേക്കാണ് ഈ ബഡ്ജറ്റ് വിരൽ ചൂണ്ടുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തെ ദുരിതപൂർണ്ണമായ തീരദേശ നിവാസികളുടെ ജീവിതത്തിന് പ്രതീക്ഷയുടെ ചാകരയാണ് പ്രായോഗിക കാഴ്ചപ്പാടുള്ള സംസ്ഥാന ബഡ്ജറ്റ്.

വിദേശ കപ്പലുകളുടെ ട്രോളിംഗും വളം നിർമ്മാണത്തിനായി വളർച്ച എത്താത്ത മത്സ്യങ്ങളെ വലിയ തോതിൽ കയറ്റുമതി ചെയ്യുന്നതും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നു. കോസ്റ്റൽ റെഗുലേറ്ററി സോണിന്റെ മറവിൽ 9800 തീരദേശവാസികളുടെ ഭവന നിർമ്മാണ

അപേക്ഷകൾ തള്ളിക്കളഞ്ഞത് ഈ നിയമം കേരളത്തിൽ സൃഷ്ടിക്കുന്ന പ്രായോഗിക ബുദ്ധിമുട്ട് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ എത്തിക്കുന്നതിൽ യു.ഡി.എഫ്. സർക്കാരിന് സംഭവിച്ച പരാജയം കാരണമാണ്. എന്നാൽ ശ്രദ്ധിക്കേണ്ട പ്രധാനകാര്യം വമ്പൻ കെട്ടിടങ്ങൾക്ക് ഈ നിയന്ത്രണം ബാധകമാകില്ലായെന്നുള്ളതാണ്. പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പാർപ്പിട നിർമ്മാണമെന്ന സ്വപ്നം തടസ്സപ്പെടുത്തുന്നതിൽ കർക്കശത പുലർത്തിയിരുന്നവർ പരിസ്ഥിതിയെ ദുർബ്ബലപ്പെടുത്തുന്നതിനായി മെത്രാൻ കായൽപോലുള്ള തണ്ണീർ കൃഷിത്തടങ്ങളെ വിറ്റഴിക്കാനാണ് ശ്രമിച്ചത്. പ്രകൃതിയോട് മല്ലിട്ട് ജീവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് താങ്ങാകേണ്ട മുൻ സർക്കാർ പുറം തിരിഞ്ഞുനിന്ന സന്ദർഭത്തിലാണ് എൽ.ഡി.എഫ്.-ന്റെ ജനപക്ഷ സർക്കാർ പഞ്ഞമാസ സമാശ്വാസ പദ്ധതിക്കായി 10 കോടി രൂപ വകയിരുത്തിയത്. കടാശ്വാസ നടപടി തീർത്തും അവസാനിപ്പിച്ചുവെന്ന ഘട്ടത്തിലാണ് ഈ സർക്കാർ അതിനായി 50 കോടി രൂപ വകയിരുത്തിയിട്ടുള്ളത്. ജീവിതം കെട്ടിയുയർത്താൻ കൂറ്റൻ തിരമാലകളെ നേരിടുന്നവരുടെ വീടിന്റെയും കുടുംബത്തിന്റെയും സംരക്ഷണംകൂടി ഉറപ്പാക്കേണ്ടതുണ്ട്. ഇതിലെ മാനുഷിക പ്രാധാന്യം മനസ്സിലാക്കി 42 കോടി രൂപയാണ് കടലാക്രമണ ഭീഷണി നേരിടുന്ന നടപടികൾക്കായി ബഡ്ജറ്റിൽ വകവച്ചിട്ടുള്ളത് എന്നതുകൂടി വിലയിരുത്തുമ്പോൾ ഈ സർക്കാരിന് മുൻ സർക്കാരിൽ നിന്ന് വ്യത്യസ്തമായി മത്സ്യത്തൊഴിലാളികളോടുള്ള സൗഹാർദ്ദ സമീപനം നമ്മെ അഭിമാനം കൊള്ളിക്കുന്നു. ഭൂമിയുടെ അവകാശം നിലനിർത്തി കൊണ്ടുതന്നെ സി.ആർ.ഇസഡ്. പദ്ധതിയിൽ താമസിക്കുന്നവർക്ക് അവരുടെ താല്പര്യപ്രകാരം സുരക്ഷിതമേഖലയിലേക്ക് മാറി താമസിക്കുന്നതിന് 10 ലക്ഷം രൂപ ധനസഹായം നൽകുന്ന പ്രഖ്യാപനം ഒരു വിഭാഗം മത്സ്യത്തൊഴിലാളികൾക്കെങ്കിലും പ്രയോജനപ്പെടുമെന്നത് സംശയാതീതമാണ്. കാലഘട്ടത്തിന് അനുസൃതമായി, മത്സ്യബന്ധനം ആധുനിക രീതിയിലെന്ന ലക്ഷ്യത്തോടെ ആഴക്കടലിൽ മത്സ്യ ബന്ധനത്തിന് തൊഴിലാളികളെ പ്രാപ്തരാക്കുന്നതിന് യാനങ്ങളും പരിശീലനവും നൽകുന്നതിനായി 10 കോടി രൂപ അനുവദിച്ചത് ഈ മേഖലയിലെ യുവാക്കളെ ഏറെ ആകർഷിച്ചിട്ടുണ്ട്. യു.ഡി.എഫ്. സർക്കാർ അട്ടിമറിച്ച സമ്പാദ്യ സമാശ്വാസ പദ്ധതി, കടാശ്വാസ പദ്ധതി, മണ്ണെണ്ണ കരിഞ്ചന്തയിൽ മാത്രം ലഭിക്കുന്ന സാഹചര്യം എന്നിവയ്ക്കുള്ള അവസാനമായിരിക്കും മത്സ്യമേഖലയ്ക്കായി ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 468 കോടി രൂപ, അത് ഈ മേഖലയുടെ സമഗ്രതയിലേക്ക് വഴിതുറക്കുമെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. ആധുനിക കേരളത്തിന്റെ ചടുല വികസനത്തിനായി സാമ്പത്തിക വളർച്ചയിലും വിലപ്പെട്ട സംഭാവന വഹിച്ചിട്ടുള്ളതാണ് കൊച്ചി തുറമുഖം. കേരളത്തിന്റെ വികസന ഹൃദയവും കൊച്ചി തന്നെയാണ്.

എന്നാൽ പശ്ചിമ കൊച്ചി വാണിജ്യ വ്യാപാര മേഖലയിൽ മന്ദീഭവിക്കുകയും തുറമുഖ വികസന പ്രക്രിയയിൽ ആദ്യ കാലത്ത് പ്രയോജനപ്പെടുത്തി വന്ന പശ്ചാത്തല വികസനം ഇന്ന് നിശ്ചലാവസ്ഥയിലുമാണ്. വല്ലാർപ്പാടം കണ്ടെയ്നർ ടെർമിനൽ വരികയും അതുവഴി കയറ്റിറക്കുമതി തുറമുഖത്ത് നടക്കുന്ന എന്നിരിക്കിലും പശ്ചിമ കൊച്ചിയുടെ നഷ്ടപ്രതാപം വീണ്ടെടുക്കാൻ സമഗ്രവികസന പദ്ധതിക്ക് രൂപം കൊടുത്തേ മതിയാകൂ. കേരളത്തിന്റെ വളർച്ചയിൽ മുഖ്യ പങ്കുവഹിച്ച കൊച്ചി തകരുകയാണ്. കൊച്ചി തുറമുഖത്തിന്റെ ഇന്നത്തെ അവസ്ഥ ശവപ്പറമ്പിന് തുല്യമാണ്. കപ്പലടുക്കാത്ത കൊച്ചി തുറമുഖത്തിന്റെ വിവിധ പ്രദേശങ്ങളിലുള്ള പതിനായിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടും തുറമുഖ ജോലിക്കാർക്കുപോലും വേതനം കൊടുക്കാനില്ലാത്ത അവസ്ഥയുമാണ് സംജാതമായിരിക്കുന്നത്. ഈ സാഹചര്യത്തിൽപ്പോലും തുറമുഖത്തെ സംരക്ഷിക്കാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാകുന്നില്ല. ആഗോള സാമ്പത്തിക പരിഷ്കാരങ്ങൾ അടിച്ചേൽപ്പിക്കുന്ന കേന്ദ്ര നയംവഴി ഇന്ത്യൻ സമ്പദ്ഘടനയെ പരദേശികൾക്ക് അടിയറവച്ച് ജനങ്ങളെ ഉത്കണ്ഠയിലേക്കും പ്രതിസന്ധിയിലേക്കും തള്ളിവിടുമ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് സാങ്കേതികമായി സംസ്ഥാന ബഡ്ജറ്റാണെങ്കിൽക്കൂടി നയപരമായി ഇതൊരു ദേശീയ ബഡ്ജറ്റിന്റെ ഗുണം ചെയ്യും. ഈ ബഡ്ജറ്റിനെ സ്വപ്ന ബഡ്ജറ്റ്, സാങ്കൽപ്പിക ബഡ്ജറ്റ് എന്നീ തലങ്ങളിൽ വ്യാഖ്യാനിക്കുന്നവരുണ്ട്. എന്നാൽ ഈ ബഡ്ജറ്റിനെ കേരളത്തിന്റെ സമഗ്ര വികസനത്തിന്റെയും ഉയർത്തെഴുന്നേൽപ്പിന്റെയും കാഹളമായി ഞാൻ കാണുന്നു. ബഡ്ജറ്റിനും വോട്ട്-ഓൺ അക്കൗണ്ടിനും സർവ്വാത്മനാ പിന്തുണ കൊടുത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

12.49 PM]

<u>ശ്രീ. ആന്റണി ജോൺ</u>: സർ, ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പൂർണ്ണമായി പിന്തുണയ്ക്കുന്നു. കഴിഞ്ഞ ഒന്നരമാസക്കാലമായി അധികാരത്തിൽ വന്നിട്ടുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ആദ്യനാളുകളിൽ എടുത്തിട്ടുള്ള തീരുമാനങ്ങൾ പരിശോധിച്ചാൽ, ഇപ്പോൾ അവതരിപ്പിച്ച ബഡ്ജറ്റ് ഉൾപ്പെടെ ഇവിടെ കഴിഞ്ഞ ദിവസങ്ങളിലെല്ലാം നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ പ്രതിപക്ഷത്തുള്ളവർ വളരെ രൂക്ഷമായി ഈ ബഡ്ജറ്റിനെയും ധനകാര്യ വകുപ്പുമന്ത്രിയെയും വിമർശിക്കുമ്പോൾപോലും അവരുടെ ഉള്ളിൽ കുറ്റബോധമുണ്ടെന്ന് മനസ്സിലാക്കാൻ സാധിച്ചു. എല്ലാവരേയും ഒരുപോലെ കണ്ടുകൊണ്ട്, ഈ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും എല്ലാ മണ്ഡലങ്ങളിലും 70 കോടി രൂപയിൽ

കുറയാത്ത ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് ഇന്നലെ ധനകാര്യ വകുപ്പുമന്ത്രി പറയുകയുണ്ടായി. ആ കുറ്റബോധം വച്ചുകൊണ്ട് വിമർശിക്കുമ്പോൾ തീർച്ചയായും ആഗ്രഹിച്ചതിനെക്കാൾ കൂടുതൽ തുക അനുവദിച്ചു നൽകി എന്നുള്ളത് ഇനിയെങ്കിലും നിങ്ങൾ അംഗീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

കോതമംഗലം നിയോജക മണ്ഡലത്തിൽ നിന്നാണ് ഞാൻ വരുന്നത്. എന്റെ മണ്ഡലം പൂർണ്ണമായൊരു കാർഷിക മേഖലയാണ്. ഈ ബഡ്ജറ്റ് പരിശോധിക്കുമ്പോൾ കാർഷിക മേഖലയ്ക്ക് മുൻ സർക്കാർ നൽകിയതിനേക്കാൾ പതിന്മടങ്ങ് പരിഗണന, പ്രത്യേകിച്ച് റബ്ബർ കർഷകർക്ക് ഈ ഗവൺമെന്റ് നൽകിയിട്ടുണ്ട്. റബ്ബർ കർഷകർ തിങ്ങിപ്പാർക്കുന്ന ഒരു മേഖലയാണ് എന്റെ നിയോജക മണ്ഡലം. കഴിഞ്ഞ 5 വർഷം റബ്ബർ കർഷകരുടെ ജീവിതം ദുരിതപൂർണ്ണമായി മുന്നോട്ടുപോയ ഒരു കാലഘട്ടമായിരുന്നു. ടാപ്പിംഗ് ആരംഭിക്കാറായ റബ്ബർ മരങ്ങൾ വെട്ടി നശിപ്പിക്കുന്ന ഒരു നിലയിലേക്ക് കാര്യങ്ങൾ എത്തിയിരുന്നു. എന്നാൽ ഇന്നിപ്പോൾ ആ സ്ഥിതി മാറിയിട്ടുണ്ട്. ഈ ബഡ്ജറ്റിനുശേഷവും ഗവൺമെന്റിന്റെ പ്രഖ്യാപനങ്ങൾക്കു ശേഷവും കർഷകരെല്ലാം വലിയ ആവേശത്തിലും പ്രതീക്ഷയിലുമാണ്. 500 കോടി രൂപയോളമാണ് ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് അനുവദിച്ചിട്ടുള്ളത്. റബ്ബർ കർഷകർക്ക് കിലോക്ക് 150 രൂപയെങ്കിലും റബ്ബറിന് ലഭ്യമാക്കുന്ന തരത്തിൽ നിലപാട് സ്വീകരിച്ച ഈ ഗവൺമെന്റിനെ ഞാൻ ഈ അവസരത്തിൽ പ്രത്യേകം അഭിനന്ദിക്കുകയാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ തീരുമാനങ്ങൾ പരിശോധിച്ചാൽ അവർ പല പ്രഖ്യാപനങ്ങളും നടത്തിയിട്ടുള്ളതായി കാണാൻ കഴിയും. അവരുടെ അവസാന കാലഘട്ടങ്ങളിൽ 300 കോടി രൂപ ഇതിനായി വകയിരുത്തുമെന്ന് പ്രഖ്യാപിച്ചിട്ട് ഏതാണ്ട് 64 കോടി രൂപ മാത്രമാണ് റബ്ബർ മേഖലയിൽ വിനിയോഗിച്ചിട്ടുള്ളത്. എന്നാൽ റബ്ബർ കർഷകരെ സംബന്ധിച്ചും എല്ലാ മേഖലകളെ സംബന്ധിച്ചും ഈ ഗവൺമെന്റ് വ്യക്തമായൊരു നിലപാട് സ്വീകരിച്ചിട്ടുണ്ട്. കർഷക ജനതയെ സംരക്ഷിക്കുന്നതിനുവേണ്ടി, പ്രത്യേകിച്ച് സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും ധീരമായ നിലപാട് സ്വീകരിച്ച ഈ ഗവൺമെന്റിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. കഴിഞ്ഞ 5 വർഷക്കാലം എന്തായിരുന്നു കേരളത്തിന്റെ സ്ഥിതി? ഈ ബഡ്ജറ്റ് പരിശോധിക്കുമ്പോൾ കാർഷിക മേഖല എന്നപോലെ കേരളത്തിന്റെ പൊതുജനാരോഗ്യം ഉൾപ്പെടെയുള്ള എല്ലാ മേഖലയും സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള ധീരമായ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, ആരോഗ്യ മേഖലയിലെ സ്റ്റാഫ് പാറ്റേൺ അടക്കമുള്ള കാര്യങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനുവേണ്ടി ഈ

ഗവൺമെന്റ് ധീരമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. അതുപോലെതന്നെയാണ് വിദ്യാഭ്യാസ മേഖലയും. കഴിഞ്ഞ 5 വർഷക്കാലം കേരളത്തിലെ വിദ്യാഭ്യാസ മേഖലയിലെ സ്ഥിതി എന്തായിരുന്നു? കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയെ ഇത്രയധികം തകർക്കുന്ന സമീപനം സ്വീകരിച്ചിട്ടുള്ള ഒരു ഗവൺമെന്റ് ഈ കേരളത്തിൽ ഉണ്ടായിട്ടുണ്ടോ? ഈ ബഡ്ജറ്റിന്റെ തീരുമാനങ്ങൾ പരിശോധിക്കണം. ആയിരം സർക്കാർ വിദ്യാലയങ്ങളെയാണ് അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിനുവേണ്ടി ഈ ഗവൺമെന്റ് തീരുമാനമെടുത്ത് മുന്നോട്ടുപോകുന്നത്. പൊതുവിദ്യാലയങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ഇത്തരമൊരു തീരുമാനമെടുത്ത ഗവൺമെന്റിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. കഴിഞ്ഞ 5 വർഷക്കാലത്തെ ചെയ്തികൾ നമുക്ക് പരിശോധിക്കാം. അൺ-ഇക്കണോമിക് എന്ന പദം ഉപയോഗിക്കാൻ പാടില്ലെന്ന് ഇവിടെ പറയുകയുണ്ടായി. വിദ്യാഭ്യാസ മേഖലയിലെ അന്നത്തെ സ്ഥിതി എന്തായിരുന്നു? കേരളത്തിന്റെ പൊതുവിദ്യാലയങ്ങളെ ശ്വാസം മുട്ടിച്ച് കൊല്ലുന്ന സമീപനമല്ലേ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്? പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് യഥാസമയത്ത് പാഠപുസ്തകം ലഭിക്കില്ല, അല്ലെങ്കിൽ അവരുടെ റിസൾട്ട് എന്നെങ്കിലും എങ്ങനെയെങ്കിലും വരുന്നൊരു സമീപനം കേരളത്തിനകത്ത് ഉണ്ടായിരുന്നു. പൊതുവിദ്യാലയങ്ങളിൽനിന്നും വിദ്യാർത്ഥികളെ ആട്ടിയോടിക്കുന്ന സമീപനമാണ് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. എന്നാൽ അതിൽനിന്നും വ്യത്യസ്തമായി കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കാൻ ധീരമായ നിലപാട് സ്വീകരിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ട് വന്നിട്ടുണ്ട്. അതിന്റെ പ്രഖ്യാപനങ്ങളും തീരുമാനങ്ങളും ഈ ബഡ്ജറ്റിനകത്തുണ്ട്. പ്രാഥമിക വിദ്യാഭ്യാസ മേഖല മുതൽ സർവ്വകലാശാലാതലംവരെ ആ നിലപാട് സ്വീകരിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റ് ഭരിക്കുമ്പോൾ സ്ഥിതി എന്തായിരുന്നുവെന്നുള്ളത് അറിയാം. അനധികൃത നിയമനവുമായി ബന്ധപ്പെട്ടും സൂചിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് സർവ്വകലാശാലകളുടെ സ്ഥിതി എന്തായിരുന്നു? സർവ്വകലാശാലകളുടെ കാര്യം പരിശോധിക്കുമ്പോൾ പ്യൂൺ മുതൽ വൈസ് ചാൻസലർവരെ യോഗ്യതയില്ലാത്ത ആളുകളെ നിയമിച്ചില്ലേ? കേരളത്തിന്റെ അല്ലെങ്കിൽ രാജ്യത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഒരു സർവ്വകലാശാലയുടെ വൈസ് ചാൻസലറെ യോഗ്യതയില്ല എന്നുള്ളതിന്റെ പേരിൽ ഗവർണ്ണർക്ക് പുറത്താക്കേണ്ടി വന്നിട്ടുള്ളത്. കോഴിക്കോട് സർവ്വകലാശാലയുടെ കാര്യം നമ്മൾ കേട്ടു. അവിടെ മുസ്ലീം ലീഗ് നേതാക്കന്മാർ കോഴിക്കോട് സർവ്വകലാശാലയുടെ ഭൂമി വിൽക്കുന്നതിനുവേണ്ടി നിലപാട് സ്വീകരിച്ചു. ആ നിലയിൽ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയെ തകർക്കുന്നൊരു

സമീപനം ആ ഗവൺമെന്റ് സ്വീകരിച്ചു. അതിൽനിന്നും വ്യത്യസ്തമായി ഇപ്പോൾ കൃത്യമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് കൃത്യമായി പാഠപുസ്തകം കിട്ടുകയും കൃത്യമായ റിസൾട്ട് ഉണ്ടാകുകയും ചെയ്യും. സ്കൂളുകൾക്ക് ആവശ്യമായ ഫണ്ട് നൽകികൊണ്ട് അവയെ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നിലപാട് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി ഈ ഗവൺമെന്റ് എടുത്തിട്ടുള്ള തീരുമാനങ്ങൾ പ്രത്യേകം പ്രശംസനീയമാണ്.

കായികരംഗവുമായി ബന്ധപ്പെട്ട് കേരളത്തിൽ വളരെ മുന്നിൽ നിൽക്കുന്ന ഒരു നിയോജകമണ്ഡലമാണ് കോതമംഗലം. ഒട്ടനവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ അവിടെ പ്രവർത്തിക്കുന്നുണ്ട്. കായികരംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള സമീപനങ്ങൾ ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. ഒട്ടനവധി സ്റ്റേഡിയങ്ങൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. വ്യക്തമായ കാഴ്ചപ്പാടോടുകൂടി ആ മേഖലയിൽ ഇടപെടാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഒരു കായികമേള നടത്താനുള്ള അവസരം പോലും അഴിമതി നടത്തുന്നതിനുള്ള വേദിയാക്കി മാറ്റിയിട്ടുള്ള മുൻ യു.ഡി.എഫ്. ഗവൺമെന്റിന്റെ സമീപനത്തിൽനിന്ന് വ്യത്യസ്തമായി കായിക മേഖലയിൽ വ്യക്തമായ കാഴ്ചപ്പാടോടുകൂടിയുള്ള ഒരു സമീപനം സ്വീകരിച്ചുകൊണ്ടാണ് ഗവൺമെന്റ് മുന്നോട്ട് പോകുന്നത്. ഞാൻ കൂടുതൽ സമയം എടുക്കുന്നില്ല. ഈ വോട്ട് ഓൺ അക്കൗണ്ടിനെ ഒരിക്കൽകൂടി സർവ്വാത്മനാ പിന്തുണയ്ക്കുന്നു. ഇനി വരുന്ന നാളുകൾ കേരളത്തിനകത്ത് ഇടതുപക്ഷത്തിന്റേതാണ്. മഹാഭൂരിപക്ഷം വരുന്ന ജനങ്ങളും കേരളത്തിൽ ഇടതുപക്ഷത്തിന്റെ ഭരണത്തുടർച്ച ആഗ്രഹിച്ചു കൊണ്ടുള്ള നിലപാട് സ്വീകരിച്ച് ഇനിയും മുന്നോട്ടുപോകും. കേരളത്തിൽ തുടർന്നും ഇടതുപക്ഷത്തിനായി എല്ലാവരും അണിനിരക്കണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് നിർത്തുന്നു. നന്ദി, നമസ്കാരം.

12.57 PM]

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുകയാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്കിന്റെ എല്ലാ ബഡ്ജറ്റ് പ്രസംഗങ്ങളും 'ഏ വി സ' പ്രസംഗങ്ങളാണ്. 'ഏ വി സ' പ്രസംഗമെന്ന് പറയാൻ കാരണം ഒന്നാമതായി ഏകോപനവും രണ്ടാമതായി വികേന്ദ്രീകരണവും മൂന്നാമതായി സംയോജനവും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഉണ്ടാകും എന്നതിനാലാണ്. അദ്ദേഹത്തിന്റെ ഏത് ബഡ്ജറ്റ്

പ്രസംഗം എടുത്താലും അദ്ദേഹം പറയുന്നത് ഏകോപിപ്പിച്ച് നടപ്പിലാക്കുമെന്നാണ്. ഒരു വൻപദ്ധതി പ്രഖ്യാപിച്ചാൽ അടുത്ത വാക്കിൽ അദ്ദേഹം പറയുന്നത് തദ്ദേശ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് മറ്റ് പദ്ധതിയുമായി ഏകോപിപ്പിച്ച് അത് വികേന്ദ്രീകരിച്ച് നടപ്പിലാക്കും എന്നാണ്. എന്തെങ്കിലും കാരണത്താൽ വൈകുകയാണെങ്കിൽ അദ്ദേഹം അടുത്ത് പറയും ഇത് സംയോജിപ്പിക്കുമെന്ന്. ഇത് അദ്ദേഹത്തിന്റെ ഒരു ശൈലിയാണ്. 2011 ഫെബ്രുവരി മാസം 10-ാം തീയതി അദ്ദേഹം അവതരിപ്പിച്ച ബഡ്ജറ്റ് പ്രസംഗത്തിൽ വർദ്ധിച്ചുവരുന്ന അസമത്വവും കീഴ്ത്തട്ടിലുള്ള പാപ്പരീകരണവും പരിഹരിക്കണമെന്ന് പറയുന്നുണ്ട്. 2006 മുതൽ 2011 ഭരിച്ചിരുന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ്. ആ 5 കൊല്ലമാണ് പാപ്പരീകരണമുണ്ടായത്. അത് ഞങ്ങളുടെ കാലത്തല്ല. നിങ്ങൾ അത് ആലോചിച്ചുനോക്കണം. കീഴ്ത്തട്ടിലുള്ളവരെ പാപ്പരാക്കിയത് 2006 മുതൽ 2011 വരെയുള്ള കാലഘട്ടത്തിലായതാണ് നിങ്ങളുടെ ഭരണനേട്ടം. ആ കാലത്ത് 12.5 ലക്ഷം ആളുകൾക്കാണ് നിങ്ങൾ ക്ഷേമപെൻഷൻ നൽകിയത്. ശ്രീ. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്താണ് അത് 36 ലക്ഷമാക്കി വർദ്ധിപ്പിച്ചത്. മൂലധനച്ചെലവിനത്തിൽ ആയതുകൊണ്ടാണ് ക്ഷേമപെൻഷനുകൾ വെട്ടിക്കുറച്ചതെന്ന് ബഡ്ജറ്റിൽ പറയുന്നുണ്ട്. റേഷൻ കടകൾ നവീകരിക്കാൻ കെ.എസ്.എഫ്.ഇ. വഴി പലിശരഹിത വായ്പ നൽകുന്നുണ്ടെന്നും പറയുന്നുണ്ട്. അതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കണം. കെ.എസ്.എഫ്.ഇ. എങ്ങനെയാണ് പലിശരഹിത വായ്പ നൽകുന്നത്? പാവപ്പെട്ട രോഗികൾക്കും ആളുകൾക്കും ഇതുപോലെ പലിശരഹിത വായ്പ നൽകാനുള്ള നടപടി സ്വീകരിക്കുമോ? എല്ലാ ബഡ്ജറ്റുകളിലും കേന്ദ്ര സർക്കാരിനെ കുറ്റം പറയുന്നുണ്ട്. കോൺഗ്രസ്സുകാരെ നിങ്ങൾ എന്തൊക്കെയാണ് പറഞ്ഞിട്ടുള്ളത്; എന്താണ് നിങ്ങൾക്ക് നാവ് പോയോ, നിങ്ങളുടെ അണ്ണാക്ക് ഇറങ്ങിപോയോ; എന്താണ് നിങ്ങൾ ബി.ജെ.പി.-യെക്കുറിച്ച് ഒന്നും പറയാത്തത്; ഈ ബഡ്ജറ്റിൽ നിങ്ങൾ എവിടെയെങ്കിലും കേന്ദ്രത്തിനെതിരെ എന്തെങ്കിലും പറഞ്ഞിട്ടുണ്ടോ?

കേരളത്തിൽ എവിടെയാണ് പ്രീ-ഫാബ്രിക്കേഷൻ പാർപ്പിട പദ്ധതി നടത്തുന്നത്? കേരളത്തിൽ അതിനാവശ്യമായ ടെക്നോളജിയുള്ള സ്ഥലങ്ങൾ എവിടെയാണുള്ളത്? സംസ്ഥാനത്ത് അങ്ങനെയൊരു സംഭവം തന്നെയില്ല. ഇനി അത് വരണമെങ്കിൽത്തന്നെ വടക്കെ ഇന്ത്യയിൽനിന്നും കൊണ്ടുവരണം. തദ്ദേശ ഭരണ സ്ഥാപനങ്ങൾ അതിന്റെ മോഡൽ നൽകുമെന്ന് ബഡ്ജറ്റിൽ പറയുന്നു; എവിടെ നൽകാനാണ്? അപ്പോഴേക്കും ഈ വർഷം കഴിഞ്ഞുകിട്ടും; ഈ പറഞ്ഞ പരിപാടികളൊന്നും നടപ്പാകുകയുമില്ല. ഇവിടെ എല്ലാവരും ബഡ്ജറ്റിനെക്കുറിച്ചുള്ള

മോഹങ്ങളും കാര്യങ്ങളുമൊക്കെ പറഞ്ഞു. ഞാൻ അതുസംബന്ധിച്ച് ഒന്നും പറയുന്നില്ല. പിന്നെ നോംസ് നോക്കി പോസ്റ്റ് ക്രിയേഷൻ നടത്തുമെന്ന് പറഞ്ഞു. ഞാൻ ചെറുപ്പാക്കാരോട് ചോദിക്കട്ടെ; നിങ്ങൾ ചോര നീരാക്കിയ കുറെ ആൾക്കാരുണ്ടല്ലോ. വെറുതെ അങ്ങനെ പറയാമെന്നല്ലാതെ നിങ്ങൾ എവിടെയാണ് ചോര നീരാക്കിയത്. പണ്ട് ചോര നീരാക്കാൻ എ.കെ.ജി.-യും പി. കൃഷ്ണപിള്ളയും ഇ. കെ. നായനാരുമൊക്കെ ഉണ്ടായിരുന്നു. നിങ്ങൾക്ക് എവിടെയെങ്കിലും ചോര നീരാക്കാനുള്ള അവസരം കിട്ടിയിട്ടുണ്ടോ? 5 വർഷം കൊണ്ട് 25 ലക്ഷം ആളുകൾക്ക് തൊഴിൽ കൊടുക്കുമെന്ന് പറയുന്നു. പക്ഷേ 2 വർഷംതന്നെ നോംസാണ്. ഏതാണ് ആ നോംസ്; അങ്ങനെയാണെങ്കിൽ തൊഴിൽ എവിടെ ലഭിക്കാനാണ്? നിങ്ങൾ തൊഴിൽ നൽകാൻ പോകുന്നത് ആർക്കാണ്? സാമ്പത്തിക അച്ചടക്കത്തെക്കുറിച്ച് പറഞ്ഞ അങ്ങയോട് ചോദിക്കട്ടെ, ഉച്ചയ്ക്കുശേഷം ഒരു ബിൽ വരുന്നുണ്ടല്ലോ, കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് യോജിച്ചതാണോ. ആ ബിൽ നിങ്ങൾക്ക് യോജിച്ചതാണോയെന്ന് നിങ്ങൾ ആലോചിക്കണം. ഒരാളെ മൂലയ്ക്കിരുത്താനായി, ഭരണപരിഷ്കാര കമ്മിറ്റിയുടെ ചെയർമാൻ സ്ഥാനം കൊടുക്കാനായി നിയമസഭയുടെ, കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി കമ്മ്യൂണിസ്റ്റ് പാർട്ടിയെപ്പോലൊരു പാർട്ടി നേതാവിനുവേണ്ടി ഒരു നിയമ ഭേദഗതി കൊണ്ടുവരുന്നു. നാണമുണ്ടോ നിങ്ങൾക്ക്? 16 കൊല്ലം ശ്രീ. പിണറായി വിജയൻ സി.പി.ഐ.(എം).ന്റെ സെക്രട്ടറിയായി. 10 കൊല്ലം അദ്ദേഹത്തെ മുൾമുനയിൽ നിർത്തിയ ശ്രീ. വി.എസ്. അച്ചുതാനന്ദനെ ശ്രീ. പ്രകാശ് കാരാട്ടും ശ്രീ. സീതാറാം യച്ചൂരിയും വന്ന് ഫിഡൽ കാസ്ട്രോ എന്ന് വിശേഷിപ്പിച്ചു. ഞാൻ എന്റെ ജീവിതത്തിൽ ഫിഡൽ കാസ്ട്രോയെ ജീവനോടെ കണ്ടിട്ടില്ല. ഡ്യൂപ്ലിക്കേറ്റ് ഫിഡൽ കാസ്ട്രോയെ കണ്ടു. അദ്ദേഹത്തിന് ആ വേഷമൊന്ന് മാറ്റിക്കൊടുക്കണം. കാര്യം എന്തായാലും ഞാൻ ശ്രീ. പിണറായി വിജയന്റെ കൂടെയാണ്. കാരണം അദ്ദേഹം പറഞ്ഞിടത്ത് നിൽക്കുമെന്ന കാര്യത്തിൽ എനിക്ക് ഉറപ്പാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ കയ്യിലിരിപ്പുകൊണ്ടാണ് നിങ്ങളിതൊക്കെ ചെയ്യുന്നതെന്ന് എനിക്കറിയാം. ഭരണ പരിഷ്കാര കമ്മിറ്റിയുടെ ചെയർമാൻ സ്ഥാനം നൽകുന്നതിന്റെ കണ്ടീഷൻ എന്താണ്? ഞാൻ നിങ്ങളുടെ പാർട്ടി കമ്മിറ്റിക്ക് വന്നിട്ടില്ല, പത്രത്തിൽ വന്നതാണ്. പണ്ടത്തെപ്പോലെ അടച്ചിട്ട മുറിയിലല്ല ഇപ്പോൾ യോഗം നടക്കുന്നത്. എല്ലാവരും മൊബൈലിൽ റിക്കോർഡ് ചെയ്യുകയും അത് പത്രക്കാർക്ക് കൊടുക്കുകയും അവർ പത്രത്തിൽ വാർത്ത കൊടുക്കുകയും ചെയ്യും. ഇതാണല്ലോ നിങ്ങളുടെ പാർട്ടി. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയണം, നിങ്ങളാണ് ഇതിന് പണം നൽകേണ്ടത്. 88 ലക്ഷം രൂപയാണ് 5 വർഷത്തിനുള്ളിൽ കന്റോൺമെന്റ്

ഹൗസിന് മോടി പിടിപ്പിക്കാനായി ചെലവായത്. എന്നിട്ട് അദ്ദേഹം പറയുകയാണ്, ഞാൻ തകര ഷീറ്റ് ഉപയോഗിച്ചുള്ള ഷെഡ്ഡിലാണ് താമസിച്ചതെന്ന്. അദ്ദേഹം 5 വർഷം അങ്ങനെ നിന്നിട്ടുണ്ടെങ്കിൽ അദ്ദേഹത്തിനൊരു പെൻഷൻ കൊടുക്കണം. ശ്രീ. വി. എസ്. അച്യുതാനന്ദനെപ്പറ്റി എന്ത് പറഞ്ഞാലും നിങ്ങൾ അവിടെനിന്ന് എഴുന്നേൽക്കില്ലെന്ന് എനിക്ക് ഉറപ്പാണ്. കാരണം പിണറായി ടീമാണെന്നാണ് പറഞ്ഞിരിക്കുന്നത്. നിങ്ങൾ എഴുന്നേൽക്കില്ല. ടീം പിണറായി, ടീം സോളാർ പോലെ ശരിയാകും......(ബഹളം)....... നിങ്ങൾ പിണറായിയെന്ന് പറഞ്ഞപ്പോൾ എഴുന്നേറ്റു. അത് എവിടെയും എഴുന്നേൽക്കും. ശ്രീ. വി. എസ്. അച്യുതാനന്ദനെപ്പറ്റി പറഞ്ഞാൽ നിങ്ങൾ എഴുന്നേൽക്കില്ല............ ഞാൻ ഒന്നും പിൻവലിക്കില്ല.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്..... അങ്ങയോട് തുടക്കം മുതൽതന്നെ ചെയറിനെ നോക്കി സംസാരിക്കാൻ പറഞ്ഞതാണ്.

ശ്രീ. പി. കെ. ബഷീർ: സർ, 1964-ൽ പാർട്ടി പിളർന്നപ്പോഴുണ്ടായ കമ്മ്യൂണിസ്റ്റ് നേതാവിനെപ്പറ്റി ഞാൻ ഇത്രനേരവും പറഞ്ഞെങ്കിലും ആരെങ്കിലും എഴുന്നേറ്റോ; ഒന്ന് ആലോചിച്ചു നോക്കൂ. നിങ്ങൾക്ക് അത്രയേയുള്ളൂ. 2021 ആകുമ്പോഴേക്കും ഞങ്ങൾ മലപ്പുറത്തുണ്ടാകില്ലെന്ന് നേരത്തെ ഇവിടെ പറഞ്ഞു. എന്റെ ബാപ്പയുടെ കാലം മുതൽ ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. അന്ന് ലീഗിന് 13-ഉം ഇപ്പോൾ 18-ഉം കഴിഞ്ഞ പ്രാവശ്യം 20-ഉം സീറ്റാണ്. നിങ്ങളുടെ ഗതി എന്താണ്? നിങ്ങൾ എവിടെയാണുള്ളത്? അങ്ങ് ബംഗാളിലേക്ക് നോക്കൂ. ഇപ്പോൾ ബംഗാളിലെ സ്ഥിതിയെന്താണ്? 38 വർഷം ബംഗാൾ ഭരിച്ച നിങ്ങൾ മമതാബാനർജിയെ തോൽപ്പിക്കാൻ വേണ്ടി ഉളുപ്പില്ലാതെ സോണിയാ ഗാന്ധിയുടെ പുറകേ നടക്കുകയല്ലേ ചെയ്തത്? ആ നിങ്ങളാണോ ഞങ്ങളെക്കുറിച്ച് പറയുന്നത്? എവിടെപ്പോയി നിങ്ങളുടെ പാർട്ടി? എന്നിട്ട് ബംഗാളിൽ പാർട്ടിക്കാർക്ക് സംരക്ഷണം കിട്ടണം. അതിന് കോൺഗ്രസ്സിനെ നിങ്ങൾക്ക് വേണം. അതുമാത്രമല്ല,– ഡൽഹി കോർപ്പറേഷനിൽ മത്സരിച്ചാൽ 500 വോട്ട് കിട്ടാത്ത ആളുകൾ ബംഗാളിൽ സംസ്ഥാന കമ്മിറ്റിക്ക് വരണ്ടായെന്ന് അവിടത്തെ ആളുകൾ പോളിറ്റ് ബ്യൂറോ മെമ്പർമാരോട് പറഞ്ഞു. നിങ്ങൾക്ക് ബംഗാളിൽനിന്ന് ലോക്സഭയിലേക്ക് രണ്ടു സീറ്റും മുസ്ലീം ലീഗിന് ഇന്ത്യൻ പാർലമെന്റിൽ രണ്ടു സീറ്റുമാണ്. നിങ്ങളും നമ്മളും തമ്മിൽ എവിടെയാണ് വ്യത്യാസമുള്ളത്? തമിഴ്നാട്ടിൽ ഞങ്ങൾക്ക് ഒരു സീറ്റുണ്ട്, നിങ്ങൾക്ക് വട്ടപൂജ്യമാണ്. നിങ്ങൾ ബാർബർ ഷോപ്പിലെ ഒസാന്റെ കല്ലുപോലെ തേഞ്ഞുതേഞ്ഞ് ഇല്ലാതാകുന്ന ഒരു പാർട്ടിയാണെന്ന് ആദ്യം മനസ്സിലാക്കണം. പിന്നെ പണത്തിന്റെ കാര്യം ഇവിടെ പറഞ്ഞു. സർവ്വശ്രീ. വി. അബ്ദുറഹിമാനും പി.

വി. അൻവറും  കാരാട്ട് റസാഖും പൈസക്കാരല്ലേ. ഞങ്ങളുടെ ആൾക്കാരുടെ സ്വത്തും നിങ്ങളുടെ ആൾക്കാർ ഡിക്ലയർ ചെയ്ത സ്വത്തും നോക്കിയാൽ എവിടെയാണ് കൂടുതലെന്ന് മനസ്സിലാകും. ബഹുമാനപ്പെട്ട നമ്മുടെ സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ സുഹൃത്താണ് ജ്യോതിബാസു. അദ്ദേഹം പാർട്ടിക്കുവേണ്ടി തവനൂരിൽ എത്ര സഹിച്ചു. ഒരു സീറ്റുണ്ടോ, ഇല്ല.  അതിന് പണ്ടത്തെ പാർട്ടിയല്ല നിങ്ങൾ. ഡോ. ടി. എം. തോമസ് ഐസക്കിനോട് പറയട്ടെ, നിങ്ങളെന്തിനാണ് ശ്രീ. ജി. സുധാകരനോട് ഇങ്ങനെ പെരുമാറുന്നത്? നിങ്ങൾ ആലോചിച്ചു നോക്കണം. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ഭാഗപത്രത്തിന് 1,000 രൂപയായിരുന്നു. അത് നിങ്ങൾ 3 ശതമാനമായി കൂട്ടി. അദ്ദേഹം നല്ലൊരു കമ്മ്യൂണിസ്റ്റുകാരനാണ്. അത്യാവശ്യം വിവരമുള്ള ഒരു കമ്മ്യൂണിസ്റ്റുകാരൻ. സാധാരണക്കാരുടെ ഉൾവികാരങ്ങൾ അറിയുന്ന കമ്മ്യൂണിസ്റ്റുകാരൻ. അമ്പലപ്പുഴ യു.ഡി.എഫ്. സീറ്റാണ്. അദ്ദേഹത്തിന്റെ ജനകീയതകൊണ്ട് ജയിക്കും. ഭാഗപത്രത്തിന് നികുതി കൂട്ടിയതിൽ ഇനി അദ്ദേഹത്തിന് എന്തെങ്കിലും ചെയ്യാൻ കഴിയുമോ, എന്താണ് മന്ത്രിയുടെ ഉദ്ദേശ്യം? ഒരു അഴിമതിയും കാര്യങ്ങളുമില്ലാത്ത നല്ലൊരു മന്ത്രിയോടാണ് ഇങ്ങനെ പെരുമാറുന്നത്. ജനങ്ങൾ 5 വർഷത്തേക്ക് നിങ്ങളെ ഭരണം ഏൽപ്പിച്ചു. കേരളത്തിൽ ഇങ്ങനെയൊക്കെ നടക്കും. ഞാൻ ചോദിക്കട്ടെ, നിങ്ങൾ ഇപ്പോൾ ആരെയാണ് പാർട്ടിയിൽ എടുക്കാത്തത്? നിങ്ങളിപ്പോൾ എല്ലാവരെയും എടുക്കും. 5 വർഷം കഴിഞ്ഞ് നിങ്ങൾ കോൺഗ്രസ്സുമായി സഖ്യമുണ്ടാക്കിയാലോ എന്ന പേടിയാണ് എനിക്കുള്ളത്. അങ്ങനെ വന്നാൽ പ്രതിപക്ഷനേതാവ് ഞങ്ങളുമായി ആലോചിക്കണം, പെട്ടെന്ന് സമ്മതിക്കരുത്. ഞങ്ങൾക്ക് 47 വർഷമായി കോൺഗ്രസ്സുമായി ശക്തമായ ബന്ധമാണുള്ളത്. ഞങ്ങളുടെ സുഖത്തിലും ദുഃഖത്തിലും പ്രതിസന്ധിയിലുമൊക്കെ ഞങ്ങളുടെകൂടെ നിന്നതാണ് കോൺഗ്രസ്സ്. സി.പി.ഐ.-ക്കാർക്ക് തലയിൽ കുറച്ച് ബുദ്ധിയുണ്ടായതുകൊണ്ട് ഇന്ദ്രജിത് ഗുപ്ത അന്ന് ആഭ്യന്തര വകുപ്പുമന്ത്രിയായി. എന്നാൽ ഞങ്ങളുടെ പാർട്ടിക്ക് നിർഭാഗ്യകരമായ ഒരു പരാജയം 2004-ലെ പാർലമെന്റ് തെരഞ്ഞെടുപ്പിലുണ്ടായപ്പോൾ അന്ന്  മലപ്പുറത്ത് നിങ്ങൾ പോത്തിന് പച്ച പെയിന്റടിച്ച് അതിനെ അറുത്ത് ഇറച്ചിയാക്കി വിതരണം ചെയ്യുകയായിരുന്നു. ആ സമയത്താണ് യു.പി.എ. അദ്ധ്യക്ഷ ശ്രീമതി സോണിയാ ഗാന്ധി ഞങ്ങളുടെ പാർട്ടിയുടെ സെക്രട്ടറി ശ്രീ. ഇ. അഹമ്മദ് സാഹിബിനെ കേന്ദ്രത്തിൽ വിദേശകാര്യ വകുപ്പുമന്ത്രിയാക്കിയത്. ശ്രീ. വി. എസ്. അച്ചുതാനന്ദൻ നിങ്ങളുടെ അന്നത്തെ അഖിലേന്ത്യാ പാർട്ടി സെക്രട്ടറി ഹർകിഷൻസിങ് സുർജിതിന് 42 ആൾക്കാരുടെ പിന്തുണ  നൽകാൻ പാടില്ല  എന്നുപറഞ്ഞ് കത്തയച്ചു. അദ്ദേഹം 'no, can't' എന്നുപറഞ്ഞു. നിങ്ങളുടെ പിന്തുണയിൽ 5 വർഷം കേന്ദ്രത്തിൽ

ഇന്ത്യയുടെ വിദേശകാര്യ വകുപ്പ് സഹമന്ത്രിയായി കോൺഗ്രസ്സും ഭരിച്ചു. അതാണ് പാർട്ടിയെന്ന് നിങ്ങൾ മനസ്സിലാക്കണം. ശ്രീ. ഷംസീർ പറയുമ്പോൾ ആലോചിച്ച് പറയണം. ഇത്രയും സമയം ഞങ്ങൾ മിണ്ടാതിരിക്കുകയായിരുന്നു. ഇങ്ങോട്ട് പറഞ്ഞാൽ ഞങ്ങൾ മിണ്ടാതിരിക്കില്ല. നിങ്ങളൊക്കെ കുട്ടികളല്ലേ, നല്ല പ്രസംഗമല്ലേ ശ്രീ. എം. സ്വരാജ് ചെയ്തത്. അതൊക്കെ മനസ്സിലാക്കണം. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറയാനുള്ളത് നിങ്ങളുടെ സ്വപ്നവും ഭാവനയുമൊക്കെ തരക്കേടില്ല എന്നാണ്. പക്ഷേ അത് നടപ്പിലാകണം. ഞങ്ങൾ ഏതായാലും 6 മാസം വെയിറ്റ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. 6 മാസം കഴിഞ്ഞിട്ട് നമുക്കറിയാം. 1987-ൽ നിങ്ങൾ ഭരിക്കുമ്പോൾ 10 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന് പറഞ്ഞിരുന്നു. ഇന്നത്തെ പ്രതിപക്ഷനേതാവ് സംസ്ഥാന യൂത്ത് കോൺഗ്രസ്സിന്റെ പ്രസിഡന്റായിരുന്നപ്പോൾ വാഗ്ദാനം നൽകിയ 10 ലക്ഷം തൊഴിൽ എവിടെയെന്ന് ചോദിച്ച് കാസർഗോഡുനിന്ന് തിരുവനന്തപുരത്തേക്ക് മാർച്ച് നടത്തിയില്ലേ? നിങ്ങൾ ഒന്നും കൊടുക്കുകയില്ല, തിന്നുകയില്ല, തീറ്റിക്കുകയുമില്ല. അതാണ് നിങ്ങളുടെ സ്വഭാവമെന്ന് ഞങ്ങൾക്കറിയാം. ഞാൻ ബഹുമാനപ്പെട്ട സ്പീക്കറുടെ അഭിപ്രായം മാനിച്ച് നിർത്തുന്നു, ഒരിക്കൽക്കൂടി ഈ വോട്ട് ഓൺ അക്കൗണ്ടിനെ എതിർക്കുന്നു.

1.10 PM]

ശ്രീ. ഡി. കെ മുരളി: സർ, വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ പിന്താങ്ങുകയാണ്. അബദ്ധങ്ങളുടെ പെരുമഴയ്ക്കുശേഷം കന്നിപ്രസംഗം നടത്തേണ്ടി വന്നതിന്റെ നിരാശയിലാണ് ഞാൻ. അവസാനത്തെ ഉരുളയും ഭക്ഷിച്ച് ഒഴിച്ചുവച്ച അക്ഷയപാത്രത്തിൽനിന്ന് മഹാസദ്യ ഒരുക്കിയ ശ്രീകൃഷ്ണന്റെ കഥ പുരാണങ്ങളിലുണ്ട്. ക്രമരഹിതമായ ധാരാളിത്തത്തോടെ ധൂർത്തടിച്ച് കാലിയാക്കിയ പൊതുഖജനാവിൽ പുതിയ ആശയങ്ങളുടെയും ഭാവനയുടെയും യാഥാർത്ഥ്യ ബോധത്തിന്റെയും പിന്തുണയോടുകൂടി പണം സമാഹരിച്ച് ഭാവികേരളത്തെ സൃഷ്ടിക്കുവാൻ പദ്ധതി തയ്യാറാക്കിയ എൽ.ഡി.എഫ്.-ന്റെ ബഡ്ജറ്റ് കാണുമ്പോൾ ആ കഥ ഓർത്തുപോവുകയാണ്. ഇലപൊഴിയും കാലമാണ് ശിശിരം. സാമ്പത്തിക രംഗത്ത് കഴിഞ്ഞ അഞ്ചുവർഷം ഇലപൊഴിയും കാലമായിരുന്നു. എന്നാൽ ഓരോ ശിശിരവും ഒരു വസന്തത്തെ കരുതിവയ്ക്കുന്നുവെന്ന് പറഞ്ഞത് ഷെല്ലിയാണ്. ഭാവികേരളം സമഗ്രവികസനത്തിന്റെ വസന്തം കൊണ്ടുവരുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. സംശയത്തിന്റെ പുകമറ സൃഷ്ടിച്ച് രാഷ്ട്രീയ ദുഷ്ടലാക്കിന്റെ വിഷംപുരട്ടിയ വിമർശനങ്ങളുമായി ഭാവി കേരളത്തിന്റെ വികസന സങ്കൽപ്പങ്ങളുടെ

ചന്തം കെടുത്തരുതെന്ന് പ്രതിപക്ഷത്തോട് അപേക്ഷിക്കുകയാണ്. 'എത്ര പൂക്കൾ വേണമെങ്കിലും ഇറുത്തെടുക്കാം, പക്ഷേ വസന്തത്തെ തടയാനാകില്ല' ഇത് നെരൂദയുടെ വാചകങ്ങളാണ്. ഇവർ എത്രതന്നെ വ്യാജപ്രചരണങ്ങൾ നടത്തിയാലും കേരളത്തിന്റെ ശോഭനമായ ഭാവിയെ തടഞ്ഞുനിർത്താൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി സമ്മതിക്കില്ല. മാന്ദ്യവിരുദ്ധ പാക്കേജിനെക്കുറിച്ചാണ് വിമർശനങ്ങളും ആശങ്കളും പങ്കുവച്ചത്. നിയമാധിഷ്ഠിതമായ വരവിനെ സെക്യൂരിറ്റൈസ് ചെയ്തുകൊണ്ട് നിക്ഷേപകരെ ക്ഷണിച്ചാൽ നിശ്ചയമായും ആരുടെയും വീട്ടിലേക്കല്ലാതെ പൊതുഖജനാവിലേക്ക് പണം ഒഴുകിയെത്തും. ഒരുപക്ഷേ വീട്ടിൽ വാങ്ങി വച്ചിരിക്കുന്ന നോട്ടെണ്ണുന്ന മെഷീൻ തുരുമ്പെടുത്ത് പോയേക്കാം. എങ്കിലും പ്രതിപക്ഷം ഈ ബഡ്ജറ്റിനെ പിന്തുണയ്ക്കേണ്ടതല്ലേ. നാടിന്റെ നന്മയ്ക്കു വേണ്ടിയാണ് ഈ പുതിയ പദ്ധതികൾ. അത് മനസ്സിലാക്കാനുള്ള വിവേകം ഇവർക്ക് വേണ്ടേ? ഒരു കാര്യത്തിൽ പ്രതിപക്ഷത്തിന്റെ നിരാശ മനസ്സിലാക്കാവുന്നതേയുള്ളൂ. അഴിമതിക്കുള്ള പഴുതുകൾ അടഞ്ഞുപോവുകയാണ്. ഇനി ഈ നാട്ടിൽ ഒരു മരുന്ന് കമ്പനിക്കാരനും ഒരാളുടെയും മകളെ തട്ടിക്കൊണ്ടുപോയി അഴിമതിപ്പണത്തിനു വേണ്ടി വിലപേശുന്ന സാഹചര്യം ഉണ്ടാകില്ല. കാരണം ഇടതുപക്ഷമുന്നണിയാണ് അധികാരത്തിലിരിക്കുന്നത്. ദേശീയ ഗെയിംസിനെക്കുറിച്ച് ഓർക്കുന്നില്ലേ; ആരായിരുന്നു ദേശീയ ഗെയിംസിന്റെ ഗവേണിംഗ് ബോഡിയുടെ ഭാരവാഹികൾ? അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ചെയർമാനും കായിക വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വൈസ് ചെയർമാനുമായിരുന്നു. കോടിക്കണക്കിന് രൂപയുടെ അഴിമതിയാണ് അതുമായി ബന്ധപ്പെട്ട് നടന്നതെന്ന് സി.എ.ജി. റിപ്പോർട്ടിൽ പരാമർശം വന്നു. സ്റ്റേഡിയം നിർമ്മാണം മുതൽ വാട്ടർ ബോട്ടിൽ വാങ്ങിയതിൽ വരെ അഴിമതി നടത്തിയത് മറന്നുപോയോ? ടെണ്ടർ നൽകാതെ കരാർ നൽകിയതിൽ 10 കോടി രൂപയുടെ നഷ്ടമുണ്ടായി. ഇതൊക്കെ രാഷ്ട്രീയ പ്രേരിതമായി പറയുന്നതല്ല, സി. ആന്റ് എ.ജി. റിപ്പോർട്ടിൽ വന്ന സത്യങ്ങളാണ്. ആ കാലത്തിലേക്ക് ഇനി മടങ്ങിപ്പോകാൻ കഴിയില്ല. ഈ അഴിമതികളുടെയെല്ലാം പാപക്കറ കഴുകിക്കളയാനുള്ള അവസരമാണ് ഇനി വരുന്നത്. ബഡ്ജറ്റുമായും ഭാവിയിലെ പ്രവർത്തനങ്ങളുമായും സഹകരിക്കുമെന്ന് മുൻമുഖ്യമന്ത്രി പറഞ്ഞപ്പോൾ ഞങ്ങൾ ആശ്വസിച്ചു. അദ്ദേഹത്തെ ഹൈക്കമാന്റിലും കോൺഗ്രസ്സിലും അപമാനിക്കുന്നതു പോലെ നിയമസഭയിലും കൂടെയിരിക്കുന്നവർ അപമാനിക്കുകയാണ്. അദ്ദേഹത്തിന്റെ വാഗ്ദാനം ലംഘിക്കാനുള്ള വേദിയാക്കി ഈ നിയമസഭയെപ്പോലും മാറ്റിയിരിക്കുന്നു. രണ്ടുമാസംപോലും തികയാത്ത ഗവൺമെന്റിനെ വിമർശിക്കാൻ, പെറ്റിക്കേസ്സുകളുടെ കണക്കെടുത്ത് ക്രമസമാധാനം തകർന്നിരിക്കുന്നുവെന്ന് പ്രചരണം നടത്തുമ്പോൾ

എന്ത് സഹകരണമാണുള്ളത്. നിങ്ങളുടെ ഉദ്ദേശ്യം മനസ്സിലാക്കാൻ കേരളത്തിനാകും. അത് തിരുത്തണമെന്നുതന്നെയാണ് മറ്റുള്ളവർ പറഞ്ഞതുപോലെ എനിക്കും പറയാനുള്ളത്. കാരണം യു.ഡി.എഫ്. തകരുന്നത് നല്ലതല്ല. ഇപ്പോൾ യു.ഡി.എഫ്.-ന്റെ ചെലവിൽ നേമത്തുനിന്നും ജയിച്ചുവന്നത് ഒരു രാജഗോപാൽ ആണെങ്കിൽ യു.ഡി.എഫ്.-ന്റെ തകർച്ചയിലൂടെ ഒന്നിലധികം രാജഗോപാൽമാർ ഇവിടെ വരാനിടയാകും. അതിന് വളംവച്ചുകൊടുക്കാൻ യു.ഡി.എഫ്. തയ്യാറാകരുത്. നിങ്ങളുടെ പരാജയത്തിൽനിന്നും പാഠം ഉൾക്കൊള്ളാൻ തയ്യാറാകണമെന്നാണ് എനിക്ക് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. ക്രമസമാധാനത്തെ സംബന്ധിച്ച് വലിയ ആക്ഷേപങ്ങളാണ് ഉന്നയിക്കുന്നത്. കഴിഞ്ഞ അഞ്ചുവർഷത്തെ ഭരണം എന്തായിരുന്നു? അന്ന് വേട്ടയാടിയ സി.പി.ഐ.(എം) നേതാക്കന്മാരിൽ പലരും ഇന്ന് വമ്പിച്ച ജനവിധിയോടുകൂടി ഈ സഭയിലെത്തിയിട്ടുണ്ട്. നിങ്ങളെ ജനങ്ങൾ മനസ്സിലാക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷം അധികാരം ദുർവിനിയോഗം ചെയ്തുകൊണ്ടും പോലീസിനെ ഉപയോഗിച്ചുകൊണ്ടും സി.പി.ഐ.(എം).നെ തകർക്കാനുള്ള നിങ്ങളുടെ വ്യാമോഹം ഈ തെരഞ്ഞെടുപ്പിൽ പൊലിഞ്ഞുപോയില്ലേ? രണ്ട് ഉപതെരഞ്ഞെടുപ്പുകളിൽ അധികാര ദുർവിനിയോഗവും വർഗ്ഗീയ ധ്രുവീകരണവും നടത്തി ചില ഒറ്റുകാരുടെ കൂട്ടുപിടിച്ച് ജയിച്ചതിന്റെ അഹങ്കാരത്തിൽ എന്തുമാകാമെന്ന് ധരിച്ച് അഞ്ചുവർഷം ഭരണം നടത്തി. ഇതെല്ലാം ജനങ്ങൾ കണ്ടുകൊണ്ടിരിക്കുകയാണെന്ന് നിങ്ങൾ മറന്നുപോയി. കഴിഞ്ഞ അഞ്ചുവർഷത്തെ അഴിമതിയുടെ പൊടിപൂരം ഇനി കേരളത്തിൽ ഉണ്ടാകാതിരിക്കാനുള്ള ജാഗ്രത എൽ.ഡി.എഫ്. കാണിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. മുഖംനോക്കാതെ നടപടിയെടുക്കാൻ ഈ ഗവൺമെന്റ് തയ്യാറാകുമെന്ന് ക്രമസാമാധാനത്തെക്കുറിച്ച് മുഖ്യമന്ത്രി ഇവിടെപ്പറയുകയുണ്ടായി. കേരളത്തിൽ ഇനി ഇരട്ടനീതി ഉണ്ടാകില്ലെന്ന കാര്യത്തിൽ മാണിസാറിന് ആശ്വസിക്കാം.

ഈ ബഡ്ജറ്റിനെ സംബന്ധിച്ച് രണ്ട് സമീപനമാണുള്ളത്. യു.ഡി.എഫ്.-ന്റെ കാലത്ത് പൊതുമുതൽ സ്വകാര്യ മേഖലയ്ക്ക് തീറെഴുതിക്കൊടുക്കുന്ന സമീപനമുണ്ടായിരുന്നു. പൊതുഖജനാവിലെ പണം സ്വകാര്യ കോർപ്പറേറ്റുകൾക്കും കമ്പനികൾക്കും ആസ്തിയുണ്ടാക്കാൻ വിനിയോഗിക്കാമായിരുന്നു. എന്നാൽ ഭേദഗതി ബഡ്ജറ്റിലൂടെ ഡോ. ടി. എം. തോമസ് ഐസക് സ്വകാര്യ സംരംഭകരെ/നിക്ഷേപകരെ ക്ഷണിച്ചു വരുത്തി പൊതുആസ്തി വർദ്ധിപ്പിക്കുവാൻ ഉപയോഗിക്കുമെന്ന പ്രഖ്യാപനത്തിലൂടെ അത് തിരുത്തിയിരിക്കുന്നു. എന്തുകൊണ്ടും ഭാവികേരളത്തെ ശോഭനമാക്കുന്നതിന് ഉതകുന്ന ബദൽ സമീപനമുള്ള ബഡ്ജറ്റാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്ന കാര്യത്തിൽ തർക്കം വേണ്ട. എന്തുകൊണ്ട് കേന്ദ്ര ഗവൺമെന്റിനെക്കുറിച്ച് പറയുന്നില്ലെന്നതാണ് അടുത്തചോദ്യം. അതിനുള്ള മറുപടി

വളരെ വ്യക്തമായി അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ പറഞ്ഞു. നവഉദാരവൽക്കരണത്തിന്റെ വക്താക്കൾ കോൺഗ്രസ്സും ബി.ജെ.പി.യും തന്നെയാണ്. അതിനെതിരായുള്ള ഒരു ബദലാണ് ഈ ബഡ്ജറ്റെന്ന് അദ്ദേഹത്തിന്റെ മറുപടി പ്രസംഗത്തിൽ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് അക്കാര്യത്തിൽ യാതൊരു ആശങ്കയും വേണ്ട. ഭാവികേരളത്തെ ശോഭനമാക്കാൻ ഇവിടെ അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ആവർത്തിച്ച് പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

1.18 PM]

ശ്രീ. എ. എം. ആരിഫ്: സർ, ഞാൻ വോട്ട് ഓൺ അക്കൗണ്ടിനെ ശക്തമായി പിന്തുണയ്ക്കുകയാണ്. ചർച്ചയിലേക്ക് കടക്കുന്നതിനുമുമ്പ് എന്റെ സുഹൃത്ത് ശ്രീ. പി. കെ. ബഷീർ ഞങ്ങളെക്കുറിച്ച് പരാമർശിച്ചതുപോലെ, അഭിമാനപുരസ്സരം പറയുന്നു, ഞങ്ങൾ ടീം പിണറായി തന്നെയാണ്. അതുപോലെ അപ്പുറത്തിരിക്കുന്നവർ ടീം സോളാർ ആണെന്നും ശ്രീ. പി. കെ. ബഷീർ സമ്മതിച്ചതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്. അദ്ദേഹത്തിന്റെ വാദഗതികളെ ഞങ്ങൾ അംഗീകരിക്കുകയാണ്. കഴിഞ്ഞ കുറച്ചുദിവസങ്ങളായി ഡോ. ടി. എം. തോമസ് ഐസക്കിനെക്കുറിച്ച് കൗശലക്കാരൻ, സൂത്രവിദ്യക്കാരൻ, മലർപ്പൊടിക്കാരൻ, സ്വപ്നാടനക്കാരൻ, മായാജാലക്കാരൻ എന്നിങ്ങനെയുള്ള ടൺകണക്കിന് പദപ്രയോഗങ്ങളാണ് ഇവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. നിങ്ങൾക്ക് അസാദ്ധ്യമായത് ഞങ്ങൾ നടത്തുവാൻ ശ്രമിക്കുമ്പോൾ അതെല്ലാം സംഭവിച്ചു പോയാലോയെന്ന് ആലോചിക്കുമ്പോഴുണ്ടാകുന്ന മാനസിക പിരിമുറുക്കത്തിൽ നിന്നുണ്ടാകുന്ന പദാവലികളാണ് അവയെല്ലാം. അത് ഇരുഭാഗത്തും ഇരിക്കുന്നവർക്ക് അറിയാവുന്നതാണ്. ഇതാണോ മുമ്പുണ്ടായിരുന്ന സ്ഥിതി? ബഡ്ജറ്റ് ചോർത്തിക്കൊടുക്കുന്നവർ, ബഡ്ജറ്റ് വിറ്റ് കാശുണ്ടാക്കുന്നവർ എന്നിങ്ങനെയുള്ള പദപ്രയോഗങ്ങൾക്ക് സാക്ഷ്യം വഹിച്ച ഈ സഭയിൽ അത്തരക്കാർക്ക് ലഡു കൊടുക്കുന്ന സാഹചര്യമുണ്ടായി. ബഡ്ജറ്റ് എന്ന് പറഞ്ഞുതുടങ്ങുമ്പോഴും അത് അവതരിപ്പിക്കുന്നതിന് മുമ്പും സ്വർണ്ണക്കച്ചവടക്കാരും ടെക്സ്റ്റൈൽസുകാരും നിയമസഭയുടെ ഇടത്താവളങ്ങളിലും മന്ത്രിമാരുടെ ഓഫീസുകളിലും സെക്രട്ടേറിയറ്റ് പരിസരങ്ങളിലും വട്ടംചുറ്റിക്കറങ്ങുന്നത് നമ്മൾ കണ്ടതാണ്. ബഡ്ജറ്റ് അവതരിപ്പിച്ചു കഴിഞ്ഞാൽപ്പിന്നെ ഇളവുകൾ പ്രഖ്യാപിക്കുന്നതിനു വേണ്ടിയുള്ള നെട്ടോട്ടമാണ്. അത് നമ്മൾ കാണാറുണ്ട്. അങ്ങനെ ഓരോന്നായി കഴിയുമ്പോൾ അവസാനം ബഡ്ജറ്റ് എന്നുപറയുന്നത് നമ്മുടെ സംസ്ഥാനത്തിന്റെ വരവുചെലവു കണക്കുകൾക്കപ്പുറം ധനകാര്യ വകുപ്പുമന്ത്രിയുടെ വരവിനങ്ങൾക്കുള്ള ആയുധമായി മാറുന്ന കാഴ്ചയല്ലേ നമ്മളിവിടെ കണ്ടത്? അത് നമുക്കാർക്കും അറിയില്ലായിരുന്നു. 'കൂടെ കിടക്കുന്നവർക്കേ രാപ്പനി അറിയാവൂ' എന്ന് പറഞ്ഞ പോലെ ബഹുമാന്യനായ ശ്രീ. ആർ. ബാലകൃഷ്ണപിള്ളയാണ് ബഡ്ജറ്റ്

ചോർത്തിക്കൊടുത്ത് കാശുണ്ടാക്കുന്ന വിവരത്തെ സംബന്ധിച്ച് പുറംലോകത്തെ അറിയിച്ചത്. എന്തായാലും ഇതായിരുന്നു ഇവിടത്തെ സ്ഥിതി. 'കമ്മിയാണോ എന്നുചോദിച്ചാൽ കമ്മി, മിച്ചമാണോയെന്ന് ചോദിച്ചാൽ മിച്ചം' എന്നുപറഞ്ഞ് 'കമ്മിച്ച'മെന്ന പദപ്രയോഗം നമ്മുടെ ബഡ്ജറ്റ് പദാവലിക്ക് സമ്മാനിച്ച ആളാണ് മുൻ ധനകാര്യ വകുപ്പുമന്ത്രി. എന്തായാലും അദ്ദേഹത്തിന് ലഡു കൊടുത്ത ആളുകളെ സംബന്ധിച്ച് ഏറെ നാൾ കഴിയുന്നതിനുമുമ്പ് ഈ ലഡു കൊടുത്ത ആളുകൾ അത് കൊടുത്ത കൈകൊണ്ടുതന്നെ ഒറ്റുകൊടുത്തുവെന്ന് അദ്ദേഹം പറഞ്ഞു. അതിനെ തുടർന്ന് 'രാഷ്ട്രീയത്തിൽ ചുറ്റുപാടും ചതിയന്മാരാണ്; കുഞ്ഞാലിക്കുട്ടിയെ വിശ്വസിക്കാൻ കൊള്ളാം അദ്ദേഹം ചതിക്കില്ല; പക്ഷെ ഇടവും വലവും നിൽക്കുന്നവർ ചതിയന്മാരാണ് ' എന്നദ്ദേഹം പരസ്യമായി പറഞ്ഞില്ലേ? ഇപ്പോൾ ഒരു വിവാഹ നിശ്ചയ വേദിയിലേക്ക് കൂട്ടത്തോടെ പോയതിനെച്ചൊല്ലിയുള്ള വിവാദങ്ങളിലും തന്നെ യു.ഡി.എഫ്.-ൽ തളച്ച് നിർത്താൻവേണ്ടി നടത്തിയ ഗൂഢാലോചനയെ കുറിച്ച് അദ്ദേഹത്തിന് പറയേണ്ടിവന്നില്ലേ? ചതിയന്മാരെന്ന പ്രയോഗം ഇവരെ സംബന്ധിച്ച് ആദ്യമായാണോ; ബഹുമാന്യയായ ഗൗരിയമ്മ കുറച്ചുകാലം അവിടെയായിരുന്നു, അവർക്ക് പറയേണ്ടി വന്നു, പിന്നീട് എം. വി. രാഘവന് പറയേണ്ടിവന്നു. ഇപ്പോഴിതാ ശ്രീ. എം. പി. വീരേന്ദ്ര കുമാർ പറഞ്ഞു കൊണ്ടിരിക്കുന്നു. അപ്പോൾ നിങ്ങൾക്കുചേരുന്ന ഏറ്റവും നല്ല പദപ്രയോഗം ചതിയന്മാർ എന്നുതന്നെയാണ്. ടീം സോളാർ ഇവരെ വിടാതെ പിൻതുടരുന്നതിന്റെ ലക്ഷണം ഇന്നും നമ്മൾ കണ്ടല്ലോ. 'വീക്ഷണം' ദിനപത്രത്തിൽ ഡി. ജി. പി. ശ്രീധരൻ നായർക്ക് പകരമായി അവതരിപ്പിച്ചതും പഴയ സോളാർ ശ്രീധരൻ നായരെയാണ്. ഇപ്പോഴും ഇവർ സോളാർ പ്രേമം വിട്ടിട്ടില്ലായെന്ന് തെളിയിക്കുന്ന സംഭവമാണ് ഇന്നു രാവിലെയും ഉണ്ടായത്. അതുതന്നെയാണ് ശ്രീ. പി. കെ. ബഷീറും പ്രകടിപ്പിച്ചത്. ഈ ചതിയന്മാരുടെ ഭാഗത്തുനിന്നും ഇതൊക്കെ വന്നില്ലെങ്കിലേ അത്ഭുതമുള്ളൂ. ബഡ്ജറ്റിനെ അധികരിച്ചുള്ള ചർച്ചകളെല്ലാം ഇവിടെ നടന്നു. സാധാരണഗതിയിൽ ഡോ. ടി. എം. തോമസ് ഐസക്കിന്റെ ബഡ്ജറ്റിനെ വിമർശിക്കുന്ന ഡോ. മേരി ജോർജ്ജ്, ശ്രീ. ജോസ് സെബാസ്റ്റ്യൻ, പ്ലാനിംഗ് ബോർഡ് ചെയർമാൻ ശ്രീ. ജി. വിജയരാഘവൻ, എസ്.ബി.റ്റി.-യുടെ ചീഫ് ശ്രീ. ആദികേശവൻ എന്നിവരെല്ലാം ചർച്ചയിൽ പങ്കെടുക്കുമ്പോൾ ഈ ബഡ്ജറ്റിന്റെ പൊതു സമീപനത്തെ ശ്ലാഘിക്കുന്ന സമീപനമാണ് കണ്ടത്. വിമർശനങ്ങളും അവരുടെ ഭാഗത്തുനിന്നുണ്ട്. കർശനമായി കുറച്ചുകൂടി ശക്തമായ നടപടികളെടുക്കണമെന്നാണ് പറയുന്നത്. പക്ഷെ ഒരു ജനപക്ഷ സർക്കാരിന് അത്തരത്തിലുള്ള കർശന നടപടികളിലേക്കൊന്നും പോകാൻ കഴിയില്ല. ഊർജ്ജോൽപ്പാദനത്തെക്കുറിച്ച് കുറച്ചുകൂടി സ്പെസിഫിക്കായി പറയേണ്ടതായിരുന്നു, അങ്ങനെയുള്ള വിമർശനങ്ങളും ഉണ്ടായിരുന്നു. പൊതുവിൽ അതിന്റെ അപ്രോച്ചിനെയാണ് അവർ അംഗീകരിച്ചത്.

ബഡ്ജറ്റിതര വരുമാനത്തെക്കുറിച്ച് നേരത്തെ ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി ഇവിടെ പറയുകയുണ്ടായി. ഞങ്ങൾ ബഡ്ജറ്റിതര വരുമാനം ഇത്ര ശതമാനമാക്കിയെന്ന് അദ്ദേഹം പറഞ്ഞു. ബഡ്ജറ്റിതര വരുമാനത്തിന്റെ സ്രോതസ്സുകളെ കണ്ടുകൊണ്ടാണല്ലോ ഇവിടെ ഇത് തയ്യാറാക്കാൻ ഗവൺമെന്റും ധനകാര്യ വകുപ്പുമന്ത്രിയും മുന്നോട്ടു വന്നിട്ടുള്ളത്. 'പാർട്ട്ണർഷിപ്പ് കേരള മിഷൻ' കഴിഞ്ഞ ഗവൺമെന്റിന്റെ പ്രോജക്ടായിരുന്നു. തദ്ദേശ ഭരണവുമായി ബന്ധപ്പെട്ട കാര്യത്തിനായിരുന്നു അത്തരത്തിലുള്ള സാധ്യതകൾ ഉപയോഗപ്പെടുത്താൻ ശ്രമിച്ചത്. എസ്.എൽ.ബി.സി. ഗൃഹനിർമ്മാണത്തിനായി ഉപയോഗിച്ചു. കൂടാതെ, ആശ്വാസ് പബ്ലിക് കമ്മ്യൂണിറ്റി സെന്റർ പോലെയുള്ള ധാരാളം പദ്ധതികൾ. കാരുണ്യ പദ്ധതിയിൽ കാരുണ്യ ലോട്ടറി വിറ്റുകിട്ടുന്ന പൈസകൊണ്ട് കാരുണ്യ ഫാർമസിയുടെ കെട്ടിടങ്ങൾ നിർമ്മിച്ചുകൊടുത്തില്ലേ? എങ്ങനെയെല്ലാം ബഡ്ജറ്റിതര വരുമാനത്തെ ഉപയോഗപ്പെടുത്താം? ബഡ്ജറ്റിതര വരുമാനങ്ങളെ ഉപയോഗപ്പെടുത്തുന്നതിന് ഏറ്റവും നല്ല ഉദാഹരണത്തിന് 2006-2011-ലെ എൽ.ഡി.എഫ്. ഗവൺമെന്റിനെ നോക്കിയാൽ പോരേ? ഇവിടെ എന്റെ സുഹൃത്ത് ശ്രീ. പി. ടി. തോമസുപോലും പാമ്പുകൾക്ക് മാളമുണ്ട്, പറവകൾക്കാകാശമുണ്ട്, മനുഷ്യപുത്രന് തല ചായ്ക്കാൻ മണ്ണിലിടമില്ല എന്ന് പാടി. വീടുവയ്ക്കാൻ സ്ഥലമില്ലാതെ വന്നപ്പോൾ എന്താണ് ചെയ്തത്; ശ്രീ. അനിൽ അക്കരയും ചർച്ചയിൽ പങ്കെടുത്തപ്പോൾ വീടിനെക്കുറിച്ച് പറഞ്ഞു. എൽ.ഡി.എഫ്. ഗവൺമെന്റ് 5 ലക്ഷം വീടുകൾ വയ്ക്കാൻ പ്ലാൻ ചെയ്തു പക്ഷെ 2 ലക്ഷം വീടുകൾ മാത്രമേ വച്ചുകൊടുത്തുള്ളൂ. ഇ.എം.എസ്. ഭവനനിർമ്മാണ പദ്ധതിക്ക് പദ്ധതി വിഹിതമായി കൊടുക്കാനുള്ള പണമെടുത്തത് സഹകരണ ബാങ്കിൽനിന്നാണ്. അന്നത്തെ സഹകരണ വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരൻ, സഹകരണ ബാങ്ക് നിങ്ങൾക്ക് വായ്പ തരും നിങ്ങൾ പദ്ധതി വിഹിതം തിരിച്ചടച്ചാൽ മതി പലിശ സർക്കാർ അടയ്ക്കുമെന്ന് പറഞ്ഞു. അങ്ങനെ 5 ലക്ഷം വീടുകൾ വിഭാവന ചെയ്തുവെങ്കിലും 2 ലക്ഷം പേർക്ക്-വീടുവച്ച് താക്കോൽ നൽകിയില്ലേ? അപ്പോൾ ബഡ്ജറ്റിതര വരുമാനത്തെ ഉപയോഗപ്പെടുത്തുകയല്ലേ ചെയ്തത്? ശ്രീ. ബിനോയ് വിശ്വത്തിന്റെ വകുപ്പിനെ ശ്രീ. ജി. സുധാകരൻ ഹൈജാക്ക് ചെയ്യാൻ ശ്രമിക്കുന്നുവെന്ന് അന്നും ശ്രീ. വി. ഡി. സതീശനെപ്പോലുള്ള ആളുകൾ പറഞ്ഞതാണ്. അതുപോലെ തന്നെയാണ് വിലകയറ്റത്തിന്റെ പ്രശ്നം വന്നപ്പോഴും, ശ്രീ. ജി. സുധാകരൻ അന്ന് സഹകരണ പ്രസ്ഥാനത്തെ ഉഷാറാക്കി അതിന്റെയടിസ്ഥാനത്തിൽ വിലക്കയറ്റം പിടിച്ചുനിർത്താൻ നടപടി സ്വീകരിച്ചു. പാർലമെന്റിൽ വിലക്കയറ്റത്തെക്കുറിച്ചുള്ള ചർച്ച നടക്കുമ്പോൾ 'നിങ്ങൾ കേരളത്തെ മാതൃകയാക്കൂ' എന്നായിരുന്നു ശ്രീ. ചിദംബരവും ശ്രീ. ശരത് പവാറും ശ്രീ. കെ. വി. തോമസുമൊക്കെ പറഞ്ഞത്. അങ്ങനെ എത്രയോപേർക്ക് പറയാനിടവരുത്തി. അതെല്ലാം കാണേണ്ടതല്ലേ?

ശ്രീ. സി. ദിവാകരനെ ഹൈജാക്ക് ചെയ്യാൻ ശ്രീ. ജി. സുധാകരൻ ശ്രമിക്കുന്നുവെന്ന് അന്നും നിങ്ങൾ പറഞ്ഞു. എന്തായാലും ഇപ്പോൾ ഓരോന്നിങ്ങനെ പറഞ്ഞു നോക്കുകയാണ്. വിവിധ സാധ്യതകളെ ഉപയോഗപ്പെടുത്തിയാണ് ബഡ്ജറ്റിതര വരുമാനങ്ങളെ ഉപയോഗപ്പെടുത്തി പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നത്. ഞാൻ വിചാരിച്ചത് ഹൈജാക്ക് എന്നത് ശ്രീ. വി. ഡി. സതീശന്റെ മാത്രം പ്രയോഗമായിരിക്കുമെന്നാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഇത്തരത്തിലുള്ള പ്രയോഗം നടത്തിയപ്പോഴാണ് ഇപ്പുറത്തെന്തെങ്കിലും കുത്തിത്തിരിപ്പുണ്ടാക്കാൻ പറ്റുമോ എന്നതിനുള്ള യു.ഡി.എഫ്.ന്റെ തീരുമാനമാണെന്ന് മനസ്സിലായത്. എന്തായാലും അന്നുനടത്തിയ ഇടപെടലിന്റെ ഭാഗമായി ഒരുപാട് മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. മാന്ദ്യവിരുദ്ധ പാക്കേജിനെപ്പറ്റി ഇവിടെ പറഞ്ഞു. ഞാൻ മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഒരു വലിയ ഗുണഭോക്താവാണ്. അതിന്റെ അടിസ്ഥാനത്തിൽ ധാരാളം മാറ്റങ്ങൾ എന്റെ മണ്ഡലത്തിലുണ്ടായിട്ടുണ്ട്. മാന്ദ്യവിരുദ്ധ പാക്കേജ് അന്ന് പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ മെമ്പർമാർക്കും 15 കോടി രൂപയിൽ കുറയാത്ത തുക അനുവദിക്കുമെന്ന് നമ്മുടെ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചു. അങ്ങനെ പ്രഖ്യാപിച്ച് കിട്ടിയതിന്റെ അടിസ്ഥാനത്തിലാണ് 2011-ൽ ശ്രീ. കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിച്ചുകഴിഞ്ഞപ്പോൾ അന്നുണ്ടായിരുന്ന ശ്രീ. ടി. എൻ. പ്രതാപൻ ഉൾപ്പെടെയുള്ള ആളുകൾ പ്രതിഷേധിച്ചത്. ശ്രീ. കെ. ബി. ഗണേഷ് കുമാർ അന്ന് പ്രതിഷേധിച്ച് ഇറങ്ങിപ്പോയി. അന്ന് ഡോ. ടി. എം. തോമസ് ഐസക് ഞങ്ങൾക്കെല്ലാം 15 കോടി രൂപയിൽ കുറയാത്ത തുക അനുവദിച്ചുവെങ്കിലും—ശ്രീ. കെ. എം. മാണിയുടെ തിരുത്തിയ ബഡ്ജറ്റിൽ തുകയൊന്നും നീക്കിവച്ചില്ലെന്ന പരാതി ഈ സഭയിലുയർന്ന ഘട്ടത്തിലാണ് 2012 മുതൽ ആസ്തി വികസന ഫണ്ട് പ്രഖ്യാപിക്കാനിടവന്നത്. യഥാർത്ഥത്തിൽ അതാണ് ചരിത്രം. അതിന്റെ അടിസ്ഥാനത്തിൽ ഒരുപാട് കാര്യങ്ങൾ ഉണ്ടായില്ലേ? ആ മാന്ദ്യവിരുദ്ധ പാക്കേജിന്റെ പിൻതുടർച്ചക്കാരനായി ബഹുമാനപ്പെട്ട വി. കെ. ഇബ്രാഹിം കുഞ്ഞ് എന്താണ് പറഞ്ഞത്, അദ്ദേഹം കൊണ്ടുവന്ന മാന്ദ്യവിരുദ്ധ പാക്കേജിനെ എല്ലാ പരിരക്ഷയും നൽകി ലാളിച്ചു വലുതാക്കി എടുത്തുവെന്നാണ് പറഞ്ഞത്. അത് നടപ്പാക്കാൻ പറ്റുമെന്നല്ലേ അപ്പുറത്തുനിന്നും ലഭിച്ച സാക്ഷ്യപത്രം; അതിൽപ്പരം വേറെ എന്തുവേണം? ഇതെല്ലാം നമ്മുടെ നാട്ടിൽ വരുത്തിയ മാറ്റങ്ങളാണ്. വിവിധ ഫണ്ടുകളെ ഏകോപിപ്പിച്ചുകൊണ്ട് അതിന്റെയൊരു വികസിത രൂപം ഇന്ന് നടത്താൻ സാധിക്കുമെന്നാണ് അത് അനുഭവിച്ചറിഞ്ഞ ആളെന്ന നിലയിൽ ഞാൻ പറയുന്നത്. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്നപ്പോൾ കൗശലത്തിനനുസരിച്ച് സാധാരണ മറുപടി പറയാറുണ്ടായിരുന്നു. പക്ഷെ, അതിപ്പോൾ പറയുമെന്ന് ഞാൻ വിചാരിച്ചില്ല. 'മിസ്റ്റർ തോമസ് ഐസക്, നിങ്ങൾ

6 ബഡ്ജറ്റ് അവതരിപ്പിച്ചില്ലേ; നിങ്ങൾ സാമൂഹിക ക്ഷേമ പെൻഷനുകൾ ഒരു രൂപയെങ്കിലും വർദ്ധിപ്പിച്ചോ; ഞങ്ങളല്ലേ വർദ്ധിപ്പിച്ചത്?' എന്നു പറഞ്ഞു. ഞാൻ അദ്ദേഹം അവതരിപ്പിച്ച ബഡ്ജറ്റുകളെല്ലാം പരിശോധിച്ചു. 2008-09-ൽ, അന്നത്തെ ഗവൺമെന്റിന്റെ കാലത്ത് 125 രൂപയായിരുന്ന കർഷകത്തൊഴിലാളി പെൻഷനടക്കമുള്ള എല്ലാ സാമൂഹിക പെൻഷനുകളും വർദ്ധിപ്പിക്കണമെന്ന് 2005-ൽ സംഘടനകളെല്ലാം ആവശ്യപ്പെട്ടുവെങ്കിലും മുഖ്യമന്ത്രിയായിരുന്ന അദ്ദേഹം വർദ്ധിപ്പിച്ചില്ല. 2010-11-ൽ ഞങ്ങളത് 300 രൂപയാക്കി, 2011 ഫെബ്രുവരിയിൽ അവ 400 രൂപയാക്കി വർദ്ധിപ്പിക്കുമെന്ന് പറഞ്ഞുകൊണ്ടാണ് ബഡ്ജറ്റ് അവതരിപ്പിച്ചത്. ആ ബഡ്ജറ്റുകളെല്ലാം എന്റെ കയ്യിലുണ്ട്. അങ്ങ് അതുകൂടി മറിച്ചുനോക്കണം. ഒന്നും വർദ്ധിപ്പിച്ചില്ലായെന്ന് സഭയെ തെറ്റിദ്ധരിപ്പിച്ച് അങ്ങയെപോലുള്ള ആളുകൾ പറയരുത്. ഞാൻ വിശദാംശങ്ങളിലേക്കൊന്നും കടക്കുന്നില്ല. നമ്മുടെ പ്രതിക്ഷനേതാവ് കുറേ കാര്യങ്ങൾ ഇവിടെ പറഞ്ഞു. കുറച്ചുകൂടി സെൻസ്സുള്ളായി കാര്യങ്ങൾ പറയണമെന്നാണ് എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, സാമൂഹ്യ പെൻഷൻ വർദ്ധിപ്പിച്ചില്ല എന്നല്ല ഞാൻ പറഞ്ഞത്, 6 ബഡ്ജറ്റുകൾ അവതരിപ്പിച്ചിട്ടും ക്ഷേമ പെൻഷനുകൾ 300 രൂപയായിരുന്നുവെന്നാണ് പറഞ്ഞത്. അതൊരു യാഥാർത്ഥ്യമാണ്.

<u>ശ്രീ. എ. എം. ആരിഫ്:</u> സർ, 125 രൂപയിൽനിന്ന് 300 രൂപയാക്കിയ കാര്യം അങ്ങ് അംഗീകരിക്കണം.

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, സാമൂഹ്യക്ഷേമ പെൻഷൻ 300 രൂപയായിരുന്നു എന്നാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. എ. എം. ആരിഫ്:</u> സർ, സാമൂഹ്യക്ഷേമ പെൻഷനുകളൊന്നും പ്രത്യുൽപ്പാദനപരമല്ല എന്നുപറഞ്ഞ് അതിനെ ആദ്യം മുതലേ എതിർക്കുന്നതാണ് അവരുടെ നയം. അതിനെയാണ് തിരുത്തി ഞങ്ങൾ 125 രൂപയായിരുന്നത് 300 രൂപയാക്കിയത്. 2011 ഫെബ്രുവരിയിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ 400 രൂപയാക്കി വർദ്ധിപ്പിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. അത് അങ്ങ് പരിശോധിച്ചാൽ മതി.

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, ഫെബ്രുവരി മാസത്തിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ ഈ പെൻഷൻ 1,500 രൂപയാക്കുമെന്ന് പറഞ്ഞു പിറ്റേദിവസം ഓർഡറും ഇഷ്യൂ ചെയ്തു.

<u>ശ്രീ. എ. എം. ആരിഫ്:</u> സർ, എന്തായാലും നിങ്ങളുടെ അപ്രോച്ച് ഇതാണ്. ഞാനതിന്റെ വിശദാംശങ്ങളിലേക്കൊന്നും കടക്കുന്നില്ല. നിങ്ങളൊന്നും കൊടുക്കാതിരുന്ന

സ്ഥാനത്താണ് ഞങ്ങൾ 300 രൂപയാക്കിയത്. അത് സമ്മതിച്ചല്ലോ. എന്നല്ല അതിന് നിങ്ങൾ എതിരുമായിരുന്നു. ഉണ്ടായിരുന്ന പെൻഷൻ കുടിശ്ശികയെല്ലാം ഞങ്ങൾ വന്നതിനുശേഷമാണ് നൽകിയത്. അതൊന്നും നിങ്ങൾ കാണാതെ പോകരുത്. എന്തായാലും ബഹുമാനപ്പെട്ട പ്രതിക്ഷനേതാവിനോട് വിനീതമായി അഭ്യർത്ഥിക്കുകയാണ്. ഒരു കൊലക്കേസ് പ്രതി ജയിലിൽനിന്ന് വിളിച്ച് അദ്ദേഹത്തെ അഭിനന്ദിച്ചുവെന്ന് ഏതോ ഒരു സന്ദർഭവശാൽ അദ്ദേഹം പറഞ്ഞു. അന്ന് 'ഇൻ ഹരിഹർ നഗർ' എന്ന സിനിമയിൽ ശ്രീ. ജഗദീഷ് അവതരിപ്പിച്ച കഥാപാത്രത്തോടാണ് മാധ്യമങ്ങൾ അദ്ദേഹത്തെ ഉപമിച്ചത്. അതുപോലെ തന്നെയാണ് ഇന്നലെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഞാൻ പോലീസ് എഴുതി തരുന്നതല്ല, പാർട്ടി സ്വോധീനപയോഗിച്ച് ലഭിക്കുന്നതാണ് പറയുന്നതെന്നുപറഞ്ഞു. ഇത്തരത്തിലുള്ള സെൻസസ്സുകൾ അല്ലാത്ത വർത്തമാനം ബഹുമാനപ്പെട്ട പ്രതിക്ഷനേതാവേ, അങ്ങയുടെ സ്ഥാനത്തിന് നിരക്കുന്നതല്ല. അതു പിന്നെ ആംഗ്യത്തെയും വ്യംഗ്യത്തെയും കുറിച്ചുള്ള ചർച്ചകളിലേക്ക് പോകരുത്. ഇങ്ങനെയൊക്കെ പറയുന്നതാണ് കുഴപ്പത്തിലേക്ക് പോകുന്നതെന്നാണ് എനിക്ക് പറയാനുള്ളത്. സോഷ്യൽ മീഡിയയിലൊക്കെ അടുത്ത കാലത്ത് നല്ല കമെന്റുകൾ വരുന്നുണ്ട്. ഒരു കമെന്റിൽ ഹാസ്യ നടൻ നായികയോട് ചോദിക്കുകയാണ് 'താൻ ഐസക് ഫാനാണോ അതോ മാണിസാർ ഫാനാണോ എന്ന്, അപ്പോൾ നടി പറയുകയാണ് ഞാൻ ഐസക് ഫാനാണ്. ഉടനെ നടൻ പറയുന്നു ഞാൻ മാണിസാർ ഫാനാണ്, ഐസകാണെങ്കിൽ വിദ്യാഭ്യാസം, മാലിന്യം, കക്കൂസ്, ഭിന്നശേഷി, സ്ത്രീ ശാക്തീകരണം എന്നിങ്ങനെയൊക്കെ പറയും. മാണി സാറാണെങ്കിൽ റോക്കറ്റ്, മിസൈൽ, വിമാനത്താവളം എന്നിങ്ങനെ only top class' എന്നാണ് പറയുന്നത്. നമ്മുടെ നാടിന്റെ വികസന കാര്യത്തിൽ ഇതൊരു തമാശയായി കരുതേണ്ട. ഭക്ഷണം, പാർപ്പിടം, ആരോഗ്യം, വിദ്യാഭാസം, തൊഴിൽ, സാമൂഹ്യക്ഷേമം, പശ്ചാത്തല വികസനം എന്നിങ്ങനെ ഒന്നിന് പൂരകമായി, മറ്റൊന്നിന് പശ്ചാത്തല വികസനമടക്കം ആദ്യപാദത്തിനനുകൂലമായ നിലയിൽ ഗവൺമെന്റിനെ സഹായിക്കുക എന്നതാണ് ഈ ഗവൺമെന്റിന്റെ സമീപനം. ആ സമീപനത്തിന്റെ അടിസ്ഥാനത്തിലാണ് ഇവിടെ ബഡ്ജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ടീം പിണറായി ഇക്കാര്യങ്ങളെല്ലാം ഭംഗിയായി നടപ്പാക്കും. തുടക്കത്തിൽ പ്രഖ്യാപിച്ചതുകൊണ്ട് അത് നടപ്പാക്കാൻ സമയമൊത്തിരിയുണ്ട്. അതുകൊണ്ട് 70 കോടി രൂപയിൽ കുറവുള്ളവർ എഴുതി കൊടുത്താൽ അവർക്കും കിട്ടും എന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ വോട്ട് ഓൺ അക്കൗണ്ടിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

1.31 PM]

ശ്രീ. വി. എസ്. ശിവകുമാർ: സർ, ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച വോട്ട് ഓൺ അക്കൗണ്ടിനെ ഞാൻ എതിർക്കുകയാണ്. സാധാരണ സ്വപ്നമല്ല ഉറക്കംകെടുത്തുന്ന തീഷ്ണമായ സ്വപ്നമാണ് എന്റെ ബഡ്ജറ്റ് എന്നാണ് ഇന്നലെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ പറഞ്ഞത്. ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ സ്വപ്നം കാണുകയല്ല, സ്വപ്ന പദ്ധതികൾ (dream projects) നടപ്പിലാക്കുകയാണ് ചെയ്തത്. കേരള സംസ്ഥാന രൂപീകരണത്തിനുശേഷം ഇത്രയധികം സ്വപ്ന പദ്ധതികൾ നടപ്പിലാക്കിയ ഒരു കാലഘട്ടം ഉണ്ടായിട്ടില്ല. ഒരു മാന്ദ്യവിരുദ്ധ പാക്കേജിന്റെയും സഹായമില്ലാതെ കേരളത്തിൽ മാന്ദ്യമില്ലാതെ വികസനം നടത്തിയ സർക്കാരാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ എന്നുള്ളത് അഭിമാനത്തോടുകൂടി പറയാൻ ആഗ്രഹിക്കുകയാണ്. വിഴിഞ്ഞം പദ്ധതി, കൊച്ചി മെട്രോ, കണ്ണൂർ എയർപോർട്ട്, സ്മാർട്ട് സിറ്റി തുടങ്ങിയ പദ്ധതികൾ, എല്ലാ ജില്ലകളിലും മെഡിക്കൽ കോളേജുകൾ, ആർട്സ് ആന്റ് സയൻസ് കോളേജില്ലാത്ത സ്ഥലങ്ങളിലെല്ലാം ആർട്സ് ആന്റ് സയൻസ് കോളേജുകൾ തുടങ്ങി എത്രയെത്ര വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്. കണ്ണൂർ വിമാനത്താവളത്തെയും വിഴിഞ്ഞം തുറമുഖ പദ്ധതിയെയുമൊക്കെ ശ്രീ. എ. എൻ. ഷംസീർ ഇവിടെ അധിക്ഷേപിക്കുകയുണ്ടായി. രണ്ടുമാസം കഴിയുമ്പോൾ ബഹുമാന്യനായ മുഖ്യമന്ത്രി അടക്കമുള്ള ആളുകൾക്ക് കണ്ണൂർ എയർപോർട്ടിൽ നിന്നും തിരുവനന്തപുരത്ത് വന്നിറങ്ങാൻ കഴിയുന്ന സാഹചര്യമൊരുക്കിയത് ശ്രീ. ഉമ്മൻ ചാണ്ടിയുടെ ഗവൺമെന്റാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുപോലെ വിഴിഞ്ഞം പദ്ധതി നടപ്പാക്കാൻ എത്രയധികം തടസ്സങ്ങളുണ്ടായിരുന്നു, എത്രയധികം പ്രതിസന്ധികളുണ്ടായിരുന്നു. എത്ര ഗവൺമെന്റുകൾ കേരളത്തിൽ വന്നു? ആ പദ്ധതികളൊക്കെ നിശ്ചയ ദാർഢ്യത്തോടുകൂടി നടപ്പിലാക്കുവാൻ മുൻഗവൺമെന്റിന് കഴിഞ്ഞു എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അതോടൊപ്പംതന്നെ നിരവധി ക്ഷേമപ്രവർത്തനങ്ങൾ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നടപ്പിലാക്കി. കേരളത്തിന്റെ ചരിത്രത്തിൽ ഇത്രയധികം ക്ഷേമ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജറ്റിന്റെ അടിസ്ഥാനം തന്നെ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ വികസനവും കരുതലുമാണ് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പക്ഷെ അത് അദ്ദേഹത്തിന്റെ സ്വപ്നത്തിലുള്ള ചില പദ്ധതികളായി പ്രഖ്യാപിച്ചുകൊണ്ടാണ് അത് നടപ്പിലാവില്ലെന്ന് ഞങ്ങൾ പറയുന്നത്. കാരുണ്യ ബെനവലന്റ് ഫണ്ടുവഴി 1200 കോടി രൂപ കേരളത്തിലെ പാവപ്പെട്ട ആളുകൾക്ക് കൊടുക്കുവാൻ ഗവൺമെന്റിന്

കഴിഞ്ഞു. കേരളത്തിലെ 35 ലക്ഷത്തോളം വരുന്ന ബി.പി.എൽ. കുടുംബങ്ങളിലുള്ള ക്യാൻസർ രോഗികൾക്ക് സുകൃതം പദ്ധതിയിലൂടെ സൗജന്യ ചികിത്സാ പദ്ധതി നടപ്പിലാക്കി. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും ഇത്തരത്തിലുള്ള പദ്ധതി നടപ്പിലാക്കിയിട്ടില്ല. 750 കോടി രൂപയാണ് കേരളത്തിലെ പാവപ്പെട്ട ആളുകൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലൂടെ നൽകിയത്. ഗവൺമെന്റിന്റെ രണ്ടാം വാർഷികത്തിൽ സൗജന്യ മരുന്നുവിതരണം എന്ന പദ്ധതി പ്രഖ്യാപിച്ച് 1400 കോടി രൂപയുടെ സൗജന്യ മരുന്നാണ് കേരളത്തിലെ പ്രൈമറി ഹെൽത്ത് സെന്ററുകൾ മുതൽ മെഡിക്കൽ കോളേജുകൾവരെയുള്ള ആശുപത്രികളിലൂടെ പാവപ്പെട്ട രോഗികൾക്ക് നൽകിയത്. ഇന്നിവിടെ ഡോ. എം. കെ. മുനീർ സംസാരിച്ച കോക്ലിയർ ഇംപ്ലാന്റേഷൻ പോലെ ഇന്ത്യക്ക് മാതൃകയായിട്ടുള്ള എത്രയെത്ര പദ്ധതികൾ നടപ്പിലാക്കി. 640 കുട്ടികൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തി. നാളെ നമ്മുടെ സമൂഹത്തിൽ ബധിരരും മൂകരുമായിട്ടുള്ള കുട്ടികളുണ്ടാകില്ല. അതിലേക്കുവേണ്ടുന്ന ഒരു വലിയ കർമ്മപദ്ധതി നമ്മൾ നടപ്പിലാക്കി. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി മുൻ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചിട്ടുള്ള സ്വപ്നപദ്ധതികളിൽ ഏതെങ്കിലുമൊന്ന് വിജയകരമായി നടപ്പിലാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞോ എന്നു ഞാൻ ചോദിക്കുകയാണ്. ആധുനിക പണക്കമ്പോളം പ്രവർത്തിക്കുന്നത് എങ്ങനെയെന്ന് സഭയിലുള്ളവർക്ക് അറിയില്ലായെന്നാണ് ഡോ. ടി. എം. തോമസ് ഐസക് ഇന്നലെ പ്രസംഗിച്ചത്. ഈ സങ്കല്പം വച്ചുകൊണ്ട് അദ്ദേഹം കഴിഞ്ഞ ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച ലക്കി വാറ്റ് എന്ന പദ്ധതി, ജനിക്കുന്ന ഓരോ കുട്ടിക്കും പതിനായിരം രൂപ നിക്ഷേപിക്കുന്ന പദ്ധതി, 18 വയസ്സാകുമ്പോൾ ആ കുട്ടികൾക്ക് വിദ്യാഭ്യാസ ലോൺ കിട്ടുന്ന പദ്ധതി, ഇതൊക്കെ എവിടെയായി? മറ്റുപലരും സൂചിപ്പിച്ചതുപോലതന്നെ ഡാമുകളിൽ നിന്നും മണൽ വാരി 15,000 കോടി രൂപ ഇവിടെ സ്വരൂപിക്കുമെന്ന് പറഞ്ഞു, അതെന്തായി? അതുപോലതന്നെ പലിശരഹിത ഇസ്ലാമിക് ബാങ്ക് എന്തായി? ചേരമൻ ഫൈനാൻഷ്യൽ സർവ്വീസസ് എന്നുപറയുന്ന സ്വപ്ന പദ്ധതി കെ.എസ്.ഡി.പി.-യെ പുനരുദ്ധരിക്കാൻ ഇപ്പോൾ നടപ്പിലാക്കുമെന്ന് അദ്ദേഹം പറയുന്നു. കഴിഞ്ഞകാല അനുഭവങ്ങൾ വച്ചുകൊണ്ട് അതെത്രത്തോളം വിജയകരമാകുമെന്ന് നമുക്ക് പറയാൻ കഴിയുമോ? യു.ഡി.എഫ്. സർക്കാർ ഡ്രീം പ്രോജക്ടുകൾ യാഥാർത്ഥ്യമാക്കിയപ്പോൾ അങ്ങയുടേതെല്ലാം സ്വപ്നമായിത്തന്നെ അവശേഷിക്കുന്നു എന്നുള്ളതാണ് യാഥാർത്ഥ്യം. ശ്രീ. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 18 കവിതകളുടെ ആമുഖത്തിൽ അദ്ദേഹം പറഞ്ഞിരിക്കുന്നതുപോലെ ധവളപത്രത്തിൽ അറിഞ്ഞതിൽ പാതി പറയാതെ പോയി, പറഞ്ഞതിൽ പാതിയിലേറെയും പതിരായുംപോയി എന്നുപറയാൻ ആഗ്രഹിക്കുകയാണ്. കാരണം കഴിഞ്ഞ കാലഘട്ടങ്ങളിൽ പറഞ്ഞ കാര്യങ്ങളൊന്നും ചെയ്യുവാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. ബഹുമാന്യനായ മുൻമുഖ്യമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ ധവളപത്രത്തിലൂടെ യഥാർത്ഥ കണക്കുകളെ മറച്ചുവച്ചുകൊണ്ട്

ആ കണക്കുകൾ അങ്ങേക്ക് അനുകൂലമാക്കുന്നതിനുവേണ്ടിയുള്ള പദ്ധതികളാണ് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഉടനീളം ഉണ്ടായിട്ടുള്ളത്. 2011-ൽ അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ നീക്കിയിരിപ്പ് 3,514 കോടി രൂപയാണ്. 3,514 കോടി രൂപ നീക്കിയിരിപ്പുവന്നപ്പോൾ കേന്ദ്ര പദ്ധതികളുടെ സംസ്ഥാന വിഹിതം നൽകിയിരുന്നില്ല. ഞാൻ ആരോഗ്യ വകുപ്പുമന്ത്രിയായി ചുമതലയെടുത്ത സമയത്ത് എൻ.ആർ.എച്ച്.എം.-ന്റെ സംസ്ഥാന വിഹിതമായ 250 കോടി രൂപ യു.ഡി.എഫ്. സർക്കാർ വന്നതിനുശേഷമാണ് നൽകിയത്. സംസ്ഥാന വിഹിതം നൽകാത്തതിന്റെ പേരിൽ 2013-ൽ കേന്ദ്രവിഹിതം തടഞ്ഞുവച്ചിരുന്നു. ഇതൊരു ഉദാഹരണം മാത്രമാണ്. അത്തരത്തിലുള്ള മാജിക്കുകൾ കാണിച്ചുകൊണ്ട് അദ്ദേഹം ബഡ്ജറ്റുകളെ വിശകലനം ചെയ്ത് മുന്നോട്ടുപോവുകയാണ്. യു.ഡി.എഫ്. സർക്കാർ ആവിഷ്കരിച്ച സൗജന്യ ചികിത്സാപദ്ധതികൾ അട്ടിമറിക്കാനുള്ള ശ്രമമാണ് ഇപ്പോൾ ബഡ്ജറ്റിലൂടെ നടത്തിക്കൊണ്ടിരിക്കുന്നത്. ഗർഭാവസ്ഥ മുതൽ വാർദ്ധക്യംവരെയുള്ള കാലഘട്ടങ്ങളിൽ എല്ലാ ചികിത്സയും ഇന്ന് കേരളത്തിൽ സൗജന്യമാണ്. ആരോഗ്യം ഒരവകാശമാക്കണമെന്ന ലക്ഷ്യത്തോടുകൂടിയാണ് കഴിഞ്ഞ ഗവൺമെന്റ് മുന്നോട്ടുപോയത്. അതുമുഴുവൻ അട്ടിമറിച്ചുകൊണ്ട് ഇൻഷ്വറൻസ് കമ്പനികൾക്ക് സൗജന്യ ചികിത്സയുടെ ഉത്തരവാദിത്തം ഏൽപ്പിക്കുന്ന തരത്തിലേക്ക് പോകാനുള്ള ശ്രമമാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഗർഭാവസ്ഥ മുതൽ വാർദ്ധക്യം വരെയെന്ന് ഞാൻ പറയുമ്പോൾ 'അമ്മയും കുഞ്ഞും പദ്ധതി' വഴി ഇന്ന് പ്രസവ ചികിത്സ സൗജന്യമാണ്. 18 വയസ്സിന് താഴെയുള്ള കുട്ടികൾക്കുള്ള ചികിത്സ സൗജന്യമാണ്. 90 ലക്ഷം കുട്ടികൾക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സൗജന്യമായി ചികിത്സ നൽകി. എത്രലക്ഷം രൂപയാണെങ്കിലും സൗജന്യ ചികിത്സയാണ്. 'അമൃതം ആരോഗ്യം പദ്ധതി' എന്നുപറയുന്നത് സൗജന്യ ചികിത്സാ പദ്ധതിയാണ്. ജീവിതശൈലീ രോഗങ്ങൾ സ്ക്രീനിംഗ് നടത്തി മരുന്നും ചികിത്സയും സൗജന്യമായി കൊടുക്കുന്ന പദ്ധതി, സൗജന്യ ക്യാൻസർ ചികിത്സാ പദ്ധതി, എല്ലാ ആശുപത്രികളിലും മരുന്ന് സൗജന്യം തുടങ്ങി യു.ഡി.എഫ്. തുടങ്ങിവച്ച ഈ പദ്ധതികൾ മുഴുവൻ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാക്കി കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. ആന്ധ്രാ പ്രദേശിൽ നടപ്പിലാക്കി പൊളിഞ്ഞ ഈ പദ്ധതി ഇവിടെ നടപ്പിലാക്കരുതെന്ന് ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്. യു.ഡി.എഫ്. സർക്കാർ തുടങ്ങിവച്ച സൗജന്യ ചികിത്സ ensure ചെയ്യുന്നതിനു പകരം ആളുകളെ insure ചെയ്യുന്ന പദ്ധതിയിൽനിന്നും പിൻതിരിയണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. സൗജന്യമായി എല്ലാ ചികിത്സയും നൽകുന്ന പദ്ധതി ഉപേക്ഷിച്ച് ഇൻഷ്വറൻസ് കമ്പനികളുടെ ദയാദാക്ഷിണ്യത്തിന് കേരളത്തിലെ രോഗികളെ ഒറ്റുകൊടുക്കുന്ന പരിഷ്കാരം രോഗികളോട് കാണിക്കുന്ന ക്രൂരതയാണ്.

ശ്രീ. രാജു എബ്രഹാം : സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u> : എന്താണ് പോയിന്റ് ഓഫ് ഓർഡർ?

<u>ശ്രീ. രാജു എബ്രഹാം</u> : സർ, 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ നടപ്പാക്കിയത് യു.ഡി.എഫ്. സർക്കാരാണെന്നാണ് അദ്ദേഹം പറഞ്ഞത്. അത് തെറ്റാണ്. ബഹുമാന്യയായ ശ്രീമതി ടീച്ചർ ആരോഗ്യ വകുപ്പുമന്ത്രി ആയിരുന്നപ്പോൾ നടപ്പാക്കിയ പദ്ധതിയാണത്. നിയമസഭയെ തെറ്റിദ്ധരിപ്പിക്കലാണ്. അത് രേഖയിൽനിന്നും നീക്കം ചെയ്യണം.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, അത് ഒരിക്കലും ശരിയല്ല. 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ എന്നതിന് 'ആരോഗ്യ കിരണം' പദ്ധതി എന്ന് പേരുകൊടുത്ത് ഈ ഗവൺമെന്റ് വന്നതിനുശേഷം നടപ്പിലാക്കി. യു.പി.എ. അദ്ധ്യക്ഷയായിരുന്ന ശ്രീമതി സോണിയ ഗാന്ധി കനകക്കുന്ന് കൊട്ടാരത്തിൽ വച്ച് ഉദ്ഘാടനം ചെയ്ത പരിപാടിയാണിത്. എത്ര ലക്ഷം രൂപ വേണമെങ്കിലും സൗജന്യമായി ചികിത്സയ്ക്ക് കൊടുക്കുന്ന പദ്ധതിയാണിത്. ഇവിടെ മാന്ദ്യവിരുദ്ധ പാക്കേജിന്റെ സഹായമില്ലാതെ ആയിരം കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ അഞ്ച് മെഡിക്കൽ കോളേജുകളിലായി അഞ്ചുവർഷം കൊണ്ട് നടപ്പിലാക്കാൻ കഴിഞ്ഞു. ബഹുമാന്യയായ ശൈലജ ടീച്ചർ കഴിഞ്ഞ സർക്കാർ മെഡിക്കൽ കോളേജുകളെ തിരിഞ്ഞുനോക്കിയില്ല എന്നാണ് ഇവിടെ സൂചിപ്പിച്ചത്. അഭിമാനത്തോടുകൂടി ഞാൻ പറയട്ടെ, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പോയി നോക്കുന്ന ആളുകൾക്ക് അത് മനസ്സിലാകും. അവിടെ ലിവർ ട്രാൻസ്പ്ലാന്റേഷൻ യൂണിറ്റും മൃതസഞ്ജീവനി പദ്ധതിയും മൾട്ടി സ്പെഷ്യാലിറ്റി യൂണിറ്റും ആധുനിക മോർച്ചറിയും ആധുനിക ലാബും തുടങ്ങി; എല്ലാ വാർഡുകളും നവീകരിച്ചു; Burns യൂണിറ്റ് തുടങ്ങി; മെയിൻ ഒ.പി. ബ്ലോക്കിൽനിന്നും സൂപ്പർ സ്പെഷ്യാലിറ്റി മെയിൻ ബ്ലോക്കിൽനിന്നും കോറിഡോറുകൾ നിർമ്മിച്ചു. ഇന്ത്യയിലാദ്യമായി എസ്.എ.റ്റി. ആശുപത്രിയിൽ ഐ.വി.എഫ് ട്രീറ്റ്മെന്റ് തുടങ്ങി. 150 കിടക്കകളുള്ള കെട്ടിടം വരുന്നു. ഇതെല്ലാം തിരുവനന്തപുരം മെഡിക്കൽ കോളേജിലുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ വികസനത്തെക്കുറിച്ച്, ഇത്രയധികം വികസന പ്രവർത്തനങ്ങൾ നടക്കുന്നുവെന്നുപറഞ്ഞുകൊണ്ട് മാതൃഭൂമി പത്രം എഡിറ്റോറിയൽ എഴുതി. തൃശ്ശൂർ മെഡിക്കൽ കോളേജിൽ 300 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടന്നത്. മാന്ദ്യവിരുദ്ധ പാക്കേജില്ലാതെതന്നെ ഓരോ മേഖലകളിലും സമഗ്രമായ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് മുന്നോട്ടുപോകാൻ കഴിഞ്ഞു. കാരുണ്യ ലോട്ടറി ഒരു അവകാശമാക്കുമെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞു. ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്. കേരളത്തിലെ പാവപ്പെട്ട ലക്ഷക്കണക്കിന് ആളുകൾക്ക് അതിന്റെ പ്രയോജനം ലഭ്യമായി. ലോട്ടറിയെ സംബന്ധിച്ചിടത്തോളം കേരളത്തിലെ കോടിക്കണക്കിന് രൂപ നഷ്ടപ്പെട്ട

കൊണ്ടിരുന്ന സാഹചര്യത്തിൽനിന്നും കാരുണ്യ ലോട്ടറി തുടങ്ങിക്കൊണ്ട് ഇവിടെ നമുക്ക് ലാഭകരമായ സ്ഥിതിവിശേഷം ഉണ്ടാക്കാൻ കഴിഞ്ഞു. 2010-11 കാലഘട്ടത്തിൽ സംസ്ഥാനത്തിന് ലോട്ടറിയിൽനിന്നുള്ള ലാഭം 111 കോടി രൂപയായിരുന്നുവെങ്കിൽ 2015-16 കാലഘട്ടത്തിൽ അത് 3,337 കോടി രൂപയാക്കാൻ കഴിഞ്ഞു. അതിൽ നിന്നാണ് കാരുണ്യ ലോട്ടറി നമ്മൾ തുടങ്ങിയത്. കഴിഞ്ഞ ഒന്നരമാസക്കാലം കൊണ്ട് നികുതി വരുമാനത്തിന്റെ ഗ്രാഫ് 19 ശതമാനം കൂടിയെന്നാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവകാശപ്പെടുന്നത്.

ഞാനൊരു കാര്യം സങ്കടത്തോടു കൂടി പറയട്ടെ, കേരളത്തിലെ അക്രമ രാഷ്ട്രീയത്തിന്റെ ഗ്രാഫ് അതിനേക്കാൾ ഉയരത്തിലേക്ക് ഉയർന്നുകൊണ്ടിരിക്കുകയാണ്. അത് കണ്ടില്ലെന്ന് നടിക്കരുതെന്ന് പറയാനാഗ്രഹിക്കുകയാണ്. വിലക്കയറ്റം കൊണ്ട് പൊറുതിമുട്ടുമ്പോൾ കേരളത്തിൽ മനുഷ്യജീവന് മാത്രം വിലയില്ലാത്ത സ്ഥിതിയായി മാറിയിരിക്കുന്നു. കൊലപാതക രാഷ്ട്രീയത്തെ നിസ്സാരവൽക്കരിക്കുന്ന മറുപടികളാണ് സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായിരിക്കുന്നത്. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പി.-യും സംസ്ഥാനം ഭരിക്കുന്ന സി.പി.ഐ.(എം.)-ഉം അക്രമരാഷ്ട്രീയം നിർത്തണം. ഗവൺമെന്റ് അതിലേക്കുവേണ്ടി മുൻകൈയെടുക്കണമെന്നാണ് എനിക്ക് ഈയവസരത്തിൽ സൂചിപ്പിക്കാനുള്ളത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി നിർദ്ദേശിക്കുന്നതുപോലെ നിക്ഷേപ സൗഹൃദ സംസ്ഥാനമാകണമെങ്കിൽ ഇവിടെ അക്രമരഹിതമായിട്ടുള്ള ഒരു സമൂഹമുണ്ടാകണം. അങ്ങനെയുണ്ടായാൽ മാത്രമേ നമുക്ക് അത്തരത്തിൽ മുന്നോട്ടുപോകാൻ കഴിയുകയുള്ളൂവെന്നുള്ളത് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. ശ്രീനാരായണ ഗുരുദേവനെ നിരവധി പ്രാവശ്യം ബഡ്ജറ്റിൽ അങ്ങ് ഉദ്ധരിച്ചുവല്ലോ. ആ ദർശനങ്ങൾ ഉയർത്തിപിടിച്ചിരുന്ന ഗുരുവിന്റെ പ്രഥമശിഷ്യൻ മഹാകവി കുമാരനാശാന്റെ നളിനിയിലെ വരികൾ ഞാൻ ഉദ്ധരിച്ചുകൊണ്ട് അവസാനിപ്പിക്കട്ടെ.

"അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ"

എന്നാൽ അന്യജീവനെടുത്ത് അവിവേകം കാട്ടുകയാണ് കേരളത്തിലെ ഭരണവർഗ്ഗവും ബി.ജെ.പി.-യുമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സി.പി.ഐ.(എം.)നോടും ബി.ജെ.പി.-യോടും ഇതിൽ നിന്നും പിന്തിരിയണമെന്ന് അഭ്യർത്ഥിക്കുവാൻ ഈയവസരം വിനിയോഗിക്കുന്നു.

1.43 PM]

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

കിഫ്ബിയെ പരിഹസിക്കുന്നതിൽ ഇന്നലത്തെ വാശി ഇന്നത്തെ ചർച്ചയിലുണ്ടായിട്ടില്ല, നല്ലത്. അത്രയും മുന്നോട്ടുള്ള കാൽവയ്പാണ്. ഉമ്മൻ ചാണ്ടി സാറിന്റെ മുഖത്തെ ചിരി, അത് സ്വാഭാവികമാണ്. ഈ കിഫ്ബിക്ക് പൂർവ്വാശ്രമമുണ്ടെന്ന് അങ്ങ് മാത്രമാണ് ഓർത്തത്. പക്ഷേ പലയിടത്തുനിന്നും സംശയങ്ങൾ വീണ്ടും വന്നിട്ടുണ്ട്. കിഫ്ബി നമ്മളെ എങ്ങനെ സഹായിക്കുന്നമെന്നുള്ളത് ഒരു മൂർത്തമായ ഉദാഹരണം കൊണ്ട് പറയാം. പ്രത്യേകിച്ച് ഇവിടെ പാർപ്പിട പദ്ധതി എങ്ങനെ നടപ്പാക്കാമെന്നുള്ളതിനെപ്പറ്റി ശ്രീ. വി. കെ. സി. മമ്മത് കോയ ചോദിച്ചു. ഈ പതിനായിരം കോടി രൂപ എവിടെ നിന്നുണ്ടാക്കും; അതിന്റെ ഭാരത്തിൽ പഞ്ചായത്താകെ താഴ്ന്നുപോകുമല്ലോ എന്നൊക്കെ ശ്രീ. അനിൽ അക്കര ആക്ഷേപമുന്നയിക്കുകയുണ്ടായി. ഇ.എം.എസ്. പാർപ്പിട പദ്ധതി നടപ്പാക്കാൻ നമ്മൾ തീരുമാനിച്ചു. പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും അനുവാദം നൽകി. വീടില്ലാത്തവരുടെ എണ്ണം എത്രയെന്ന് നോക്കിയിട്ട് അവർക്ക് വീട് നൽകാനുള്ള പണം സഹകരണ ബാങ്കുകളിൽ നിന്ന് വായ്പയെടുക്കുക, അങ്ങനെ വായ്പയെടുക്കുന്നവരുടെ പലിശ സംസ്ഥാന സർക്കാർ നൽകുമെന്ന് സഹകരണ ബാങ്കുകളോട് പറഞ്ഞു. 15-20 വർഷം കൊണ്ട് മുതൽ അടച്ചുതീർക്കും. ഇതിന്റെ ഗുണമെന്താണെന്നുവച്ചാൽ, ഏതായാലും 15-20 വർഷം കൊണ്ട് എല്ലാവർക്കും വീട് കൊടുക്കണം. ഇങ്ങനെ വായ്പയെടുത്ത് വീട് പണിതാൽ 20 വർഷം വരെ കാത്തിരിക്കണ്ട, ഇന്നുതന്നെ നമുക്കെല്ലാവർക്കും വീട് കൊടുക്കാം, അതാണ് ശ്രീ. അനിൽ അക്കരയ്ക്ക് മനസ്സിലാകാത്തത്. അവർ വീടുകളിൽ താമസിക്കട്ടെ. 11 വർഷക്കാലം അല്ലെങ്കിൽ 15 വർഷക്കാലം വീടിനുവേണ്ടിയുള്ള പണമെടുത്ത് ആ വായ്പ തിരിച്ചടയ്ക്കാൻ കൊടുത്താൽ മതി. ഇതാണ് സ്കീം. പക്ഷേ എന്താണുണ്ടായത്? യു.ഡി.എഫ്. ഭരണം വന്നതിനുശേഷം ഈ പലിശ കൃത്യമായി കൊടുക്കുന്നതിൽ വീഴ്ച വന്നു. മുതൽ കൊടുക്കേണ്ടത് പഞ്ചായത്തുകളാണ്. ആ ഗഡുക്കൾപോലും ഡിഡക്ട് ചെയ്ത് എത്തിക്കുന്നതിൽ താമസം വരുത്തി. അതിന്റെ ഫലമെന്താണ്? നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ ആദ്യവർഷം തന്നെ ഇനി വായ്പയെടുക്കണ്ടെന്ന് തീരുമാനിച്ചു. അതോടെ ആ പദ്ധതി മുടങ്ങി. എന്നാൽ മൂന്നുവർഷം കഴിഞ്ഞപ്പോൾ നിങ്ങൾക്ക് ബോധ്യമായി. വീടൊന്നിന് അധികമായിട്ട് 50000 രൂപ നൽകുമെന്നൊക്കെ ഈ നിയമസഭയിൽ പലവട്ടം പ്രഖ്യാപിച്ചെങ്കിലും പണം നൽകാനില്ല. പണം കൊടുത്തുമില്ല, അതുകൊണ്ട് വീടിന്റെ പണി തീർന്നുമില്ല. ലക്ഷക്കണക്കിന് വീടുകളാണ് പാതിവഴിയിൽ കിടക്കുന്നത്. എസ്എസി/എസ്ടി വിഭാഗക്കാർക്കുൾപ്പെടെ എല്ലാ മേഖലയിലും വീഴ്ച വന്നു. ശ്രീ. കെ. സി. ജോസഫ് അവസാനമായപ്പോൾ ആനവായിൽ അമ്പഴങ്ങ പോലെ 400 കോടി രൂപ കൊടുത്തു. അതിനുശേഷം പഞ്ചായത്തുകൾക്ക് ബാങ്കിൽ നിന്ന് വായ്പയെടുക്കാമെന്ന് വീണ്ടും നിങ്ങൾ

തീരുമാനിച്ചു. ഏതെങ്കിലും ബാങ്ക് കൊടുത്തോ? ഇല്ല. കാരണം പറഞ്ഞ വാക്ക് പാലിക്കാൻ നമുക്ക് കഴിഞ്ഞില്ല. എന്നാൽ ഇന്ന് നമ്മുടെ സഹകരണ ബാങ്കുകളുടെ കയ്യിൽ ഏതാണ്ട് 40000 കോടി രൂപ സർപ്ലസ് ഫണ്ടുണ്ട്. പണ്ടത്തെപ്പോലെ ഉത്തരവിറക്കിയതുകൊണ്ട് ഇന്ന് കാര്യം നടക്കില്ല. കാരണം തിക്താനുഭവമിതാണ്. അവിടെയാണ് കിഫ്ബി വരുന്നത്. ഒരു പാർപ്പിട ബോണ്ടിറക്കും. പാർപ്പിട ബോണ്ടിറക്കിയാൽ അതെടുക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് അത് എപ്പോൾ വേണമെങ്കിലും ഡിസ്കൗണ്ട് ചെയ്യാനോ വിൽക്കാനോ സാധിക്കും. മറ്റേതെങ്കിലും ബാങ്ക് അത് മേടിച്ചാൽ ആ ബാങ്കിന് കിഫ്ബി പൈസ കൊടുക്കും. അത് assured market ആണ്. ഞങ്ങൾക്ക് വേണ്ടെന്ന് സഹകരണ ബാങ്ക് പറഞ്ഞാൽ നമ്മുടെ കെ.എസ്.എഫ്.ഇ.-യുണ്ട്, കെ.എഫ്.സി.-യുണ്ട്. ഈ സ്ഥാപനങ്ങൾക്ക് ബോണ്ട് ഡിസ്കൗണ്ട് ചെയ്യുന്നതിനോ വാങ്ങുന്നതിനോ തടസ്സമുണ്ടാകില്ല. എങ്ങനെയാണ് ഈ ബോണ്ടുകൾ redeem ചെയ്യുക. അവസാനം പലിശയടക്കം ബാങ്കിന് കൊടുക്കണമല്ലോ.

ശ്രീ. അനിൽ അക്കര: സർ, ഈ ഭരണസമിതിയുടെ കാലാവധിക്കുള്ളിൽ അടച്ചുതീർക്കാൻ ബാങ്കുകൾ നിർബന്ധിക്കുകയാണ്. അടുത്ത ഭരണസമിതിക്ക് ഈ കടം കൊടുക്കാൻ ബാങ്കുകൾ സമ്മതിക്കുന്നില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, ആ പ്രശ്നങ്ങളൊക്കെ തീരും. എങ്ങനെ? നിങ്ങളുടെ ബോണ്ട് എപ്പോൾ വേണമെങ്കിലും ഡിസ്കൗണ്ട് ചെയ്യാം. തിരിച്ചുകൊടുക്കാം. ബോണ്ടിന് മാർക്കറ്റ് ഡെവലപ് ചെയ്യുകയാണ്.

ശ്രീ. ഹൈബി ഈഡൻ: സർ, സ്ഥലം സംബന്ധിച്ച് എന്തെങ്കിലും ഒരു രൂപരേഖയുണ്ടോ? മിനിമം ഇത്ര സെന്റ് സ്ഥലം വേണമെന്നുള്ളതിനെക്കുറിച്ച്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇത് കഴിഞ്ഞിട്ട് ഞാൻ അതിലേക്ക് വരാം. അപ്പോൾ ബാങ്കിനെ സംബന്ധിച്ചിടത്തോളം റിസ്കില്ല. എപ്പോൾ വേണമെങ്കിലും ബോണ്ട് തിരിച്ചുനൽകി ഡിസ്കൗണ്ട് ചെയ്യാം. അങ്ങനെ ചെയ്യേണ്ട ആവശ്യം വരില്ല. അവർക്കാകെ വേണ്ടത് കൃത്യമായിട്ടുള്ള പലിശയാണ്. കിഫ്ബിക്ക് സർക്കാർ നൽകുന്ന ഗ്യാരന്റി, മുതൽ തിരിച്ചുപിടിച്ച് കൊടുക്കും; വർഷാദ്യം തന്നെ ഡിഡക്ട് ചെയ്ത് ആ പണം കിഫ്ബിയിലേക്ക് ചെല്ലും; ബാങ്കുകൾ ഓടി നടക്കേണ്ട. രണ്ട്, ഇതിന്റെ പലിശ വയബിലിറ്റി ഗ്യാപ് ഫണ്ടിംഗായി സർക്കാർ കിഫ്ബിക്കായി കൈമാറും. അതിനൊരു റവന്യൂ മോഡലുണ്ടാക്കാം. 10000 കോടി രൂപയെടുത്ത് കേരളത്തിലെ മുഴുവൻ പേർക്കും വീട് കൊടുക്കുന്നതിൽ പ്രയാസമില്ലല്ലോ. ഇതാണ്

നിർദ്ദിഷ്ട പദ്ധതിക്കുവേണ്ടി നേരിട്ട് വായ്പ അറേഞ്ച് ചെയ്യുന്നതും ഇത്തരത്തിൽ ഒരു ബോണ്ട് മാർക്കറ്റിലൂടെ പണം സമാഹരിക്കുന്നതും തമ്മിലുള്ള വ്യത്യാസം.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇന്നലെയും ഈ ചോദ്യം ചോദിച്ചതാണ്. വയബിലിറ്റി ഗ്യാപ് ഫണ്ടിനെപ്പറ്റി അങ്ങ് പറയുന്നുണ്ട്. ഇന്നലെ ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസിനെപ്പറ്റിയും പറഞ്ഞു. റവന്യൂ വർദ്ധിപ്പിക്കാതെ ഇതിനൊക്കെയുള്ള ഫണ്ട് എവിടെ നിന്നാണ്? ഇതിനകത്ത് ടാക്സ് ഗ്യാപുള്ളത് പിരിച്ചെടുക്കുമെന്നു പറയുന്നതല്ലാതെ പുതിയ ധനാഗമ മാർഗ്ഗങ്ങളൊന്നും കാണാതെ അവിടെനിന്ന് ലോൺ എടുക്കാം, ഇവിടെനിന്ന് ലോൺ എടുക്കാം, ഇവിടെ വി.ജി.എഫ്. ഫണ്ട് ചെയ്യാമെന്നൊക്കെ പറഞ്ഞാൽ കാശില്ലാതെ വല്ലതും നടക്കുമോ? അവസാനം സഹകരണ ബാങ്കുകൾ പൊളിയുന്ന സ്ഥിതി വരില്ലേ? ആളുകളുടെ തലയിൽ ഇതെല്ലാംകൂടി വലിയ കടബാദ്ധ്യതയായി മാറുകയില്ലേ? ഫണ്ട് റെയിസ് ചെയ്യാതെ ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് സ്വപ്നം കണ്ട് കാര്യങ്ങൾ ഇങ്ങനെ പ്ലാൻ ചെയ്തു പോയിക്കഴിഞ്ഞാൽ ഇത് എവിടെ ചെന്നെത്തും?

ഡോ. ടി. എം. തോമസ് ഐസക് : സർ, എങ്ങനെയാണ് കിഫ്ബിക്ക് പണം നൽകുമെന്നുള്ള ഗ്യാരന്റി കൊടുക്കാൻ കഴിയുമെന്നുള്ളതാണ് ചോദിക്കുന്നത്. അതിനാണ് നിയമസഭ പാസ്സാക്കുന്ന നിയമംമൂലം ചില നിശ്ചിത വരുമാനങ്ങൾ, അതിൽ രണ്ട് കാര്യങ്ങളാണ് പറഞ്ഞത്, പെട്രോളിന് മേലുള്ള സെസും മോട്ടോർ വാഹന നികുതിയുടെ പകുതിയും അവർക്ക് സ്ഥിരമായി കൊടുത്തുകൊണ്ടിരിക്കും. ഇത്തരത്തിൽ ഉറപ്പായിട്ടുള്ള ധനാഗമ മാർഗ്ഗങ്ങളുണ്ട്. നിയമത്തിന്റെ അടിസ്ഥാനത്തിൽ ഭരിക്കാൻ ഉദ്ദേശിക്കുന്ന സർക്കാരല്ലേയിത്. നമ്മുടെ നിയമം പറയുന്നത് എന്താണ്? ഈ വർഷം റവന്യൂ കമ്മി പൂജ്യം ആകണമായിരുന്നു. അതിന് പറ്റിയില്ല. ഒരു പുതിയ ടാർജറ്റ് പറയുന്നു, അഞ്ചുവർഷം കഴിയുമ്പോൾ റവന്യൂ കമ്മി പൂജ്യമാക്കുമെന്ന്. റവന്യൂ കമ്മി പൂജ്യമാകുമെന്ന് പറഞ്ഞാൽ, അഞ്ചുവർഷം കഴിയുമ്പോൾ നിങ്ങളുടെ വായ്പാ പരിധി 25000-26000 കോടി രൂപ വരും. മൂന്ന് ശതമാനം നമ്മുടെ സംസ്ഥാന വരുമാനത്തിന് പോകും. ഇത് ക്യാപിറ്റൽ എക്സ്പെൻഡിച്ചറാണ്. ഇതിന്റെ പകുതി കിഫ്ബിക്ക് ബുക്ക് ചെയ്യും. ബാക്കി പകുതി ബഡ്ജറ്റ് വഴി ചെലവാക്കും. അതല്ലെങ്കിൽ പിന്നെ എവിടെ എത്തിച്ചേരും? നിങ്ങളുടെ ഈ ധനസ്ഥിതി മെച്ചപ്പെടുന്നതുവരെ വരവും ചെലവും ഒപ്പിച്ച് നമുക്ക് കാലക്ഷേപം കഴിക്കാമെന്നുവച്ചാൽ അത് പറ്റില്ല. അതിന് പറ്റുന്ന സാമ്പത്തിക സ്ഥിതിയല്ല. അതുകൊണ്ട് ഈ പറയുന്ന റിസ്ക് ഒക്കെയുണ്ട്. ഞാൻ പറയുന്നത് നിങ്ങളും ആലോചിച്ചിട്ടുള്ള കാര്യമാണ്. എന്തോ കാരണവശാൽ പ്രവർത്തന പഥത്തിൽ

വന്നില്ല. ഇതിപ്പോൾ ആകാശത്തുനിന്നോ ശൂന്യാകാശത്തുനിന്നോ എടുത്തതല്ല. ഇക്കാര്യം ഞാൻ ഇന്നലെ വിശദീകരിച്ചു. കിഫ്ബിയുണ്ടെങ്കിൽ ഇന്ന് ഈ പതിനായിരം കോടി രൂപ സഹകരണ ബാങ്കുകൾക്ക് ഒരു റിസ്കുമില്ലാതെ, അവർക്ക് പ്രയാസവും വൈഷമ്യവുമില്ലാതെ, നമുക്ക് സമാഹരിച്ച് ഈ പാർപ്പിട പദ്ധതി നടപ്പിലാക്കാം. ആ പാർപ്പിട പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രായോഗിക പ്രശ്നങ്ങളെക്കുറിച്ച് ചോദ്യങ്ങൾ വന്നിട്ടുണ്ട്. പ്രീ-ഫാബ്രിക്കേഷൻ എവിടെ നിന്നു കിട്ടുമെന്നുള്ളത് സംബന്ധിച്ച് ചോദിച്ചു. നടക്കാവ് സ്കൂൾ നോക്കിയാൽ മതി. തിരുപ്പൂരിൽ നിന്ന് ലോറിയിൽ സാധനങ്ങൾ കൊണ്ടുവന്നാണ് മുഴുവനും പണിതത്. ഒരു ആഴ്ച കൊണ്ട് കെട്ടിടത്തിന്റെ പണി തീർന്നു. നമ്മുടെ ദേശീയ ഗെയിംസിന്റെ ഭാഗമായി പണിതത് പ്രീ-ഫാബ്രിക്കേഷനാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ദേശീയ ഗെയിംസിന്റെ ഭാഗമായി കൊണ്ടുവന്നതിൽ അടുക്കള ഉണ്ടാക്കാൻ പറ്റില്ല, അവിടെ പാചകം ചെയ്യാൻ പറ്റില്ല. ഈ പ്രീ-ഫാബ് നമുക്ക് ഗുണം ചെയ്യില്ല. അതേസമയം ഒരു ലോഡ്ജിന്റെ രൂപത്തിൽ നമുക്ക് ആളുകളെ താമസിപ്പിക്കാൻ പറ്റും. അതിന്റെ ടെക്നോളജി വന്നിട്ടില്ല. പിന്നെ, മോട്ടോർ വാഹന നികുതിയെക്കുറിച്ച് അങ്ങ് പറഞ്ഞു. ഇന്ത്യാ ഗവൺമെന്റ് പുതിയ നിയമം കൊണ്ടുവരികയാണ്. ആ ബിൽ ഇപ്പോൾ സർക്കുലേഷനിലാണ്. ആ നികുതി ഇപ്പോൾ പിരിക്കാൻ പോകുന്നത് ഇന്ത്യാ ഗവൺമെന്റാണ്. അപ്പോൾ ഓരോ മാസത്തിലും നമ്മൾ പിരിക്കാൻ ഉദ്ദേശിക്കുന്ന നികുതി അവർ പിരിക്കാൻ പോവുകയാണ്. ആ പിരിവ് ഏത് രൂപത്തിലെന്നുള്ളത് സംബന്ധിച്ച് തിട്ടമില്ലാതെ എങ്ങനെയാണ് യാഥാർത്ഥ്യത്തിലേക്ക് പോകാൻ പോകുന്നത്?

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, നികുതിയെക്കുറിച്ച് ഭാവിയിൽ പല മാറ്റങ്ങളും വരും. ആ മാറ്റങ്ങൾ വരുമ്പോൾ നമ്മൾ പാസ്സാക്കുന്ന നിയമത്തിലും ഉചിതമായ ഭേദഗതികൾ വരും. ഇപ്പോഴുള്ള വ്യവസ്ഥ ഇങ്ങനെയാണ്. ആ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ നമ്മൾ കിട്ടുന്ന വരുമാനത്തിന്റെ പകുതി കൊടുക്കുന്നുവെന്ന് പറയുന്നു. ഒരു പ്രോജക്ടിനുവേണ്ടി വായ്പ എടുക്കുമ്പോൾ സർക്കാർ വയബിലിറ്റി ഗ്യാപ്പ് ഫണ്ടിംഗിലൂടെയോ അല്ലാതെയോ ഈ സ്ഥാപനത്തിന് പണം തിരിച്ചടച്ചോളാം എന്ന് ഗ്യാരന്റി കൊടുക്കുന്നുണ്ട്. ഇത് ബോണ്ട് വഴിയാകുമ്പോൾ നേരത്തെയില്ലാത്ത ഒരുപാട് സൗകര്യങ്ങൾ നിങ്ങൾക്ക് ലഭിക്കുന്നുവെന്നുള്ളതാണ്. എന്നുമാത്രമല്ല, ഇപ്പോൾ ധനകാര്യ സ്ഥാപനങ്ങൾ നേരിട്ടുകൊടുക്കുന്ന വായ്പയുടെ തുകയേക്കാൾ എത്രയോ വലിയ മടങ്ങാണ് മണി/ബോണ്ട് മാർക്കറ്റിൽ ദിവസവും വാങ്ങുകയും

വിൽക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന തുക. വലിയൊരു കോർപ്പറേഷനിൽ വർഷാവസാനം ആയിരം കോടി രൂപ ബാക്കിവന്നു, അവർ ട്രഷറിയിൽ ഡെപ്പോസിറ്റ് ചെയ്യാനല്ല പോകുന്നത്, അവർ പെട്ടെന്ന് ഒരു ഇൻസ്ട്രുമെന്റിൽ ഡെപ്പോസിറ്റ് ചെയ്യുകയാണ്. ഒരു ആറുമാസം അല്ലെങ്കിൽ മൂന്ന് മാസം, അതിന്റെ പലിശ വലുതാണ്. കാരണം ഡീൽ ആയിരം കോടി രൂപ വച്ചിട്ടാണ്. ഇതുപോലുള്ള വലിയ സ്ഥാപനങ്ങൾ കളിക്കുന്നതാണ് ബോണ്ട് മാർക്കറ്റെന്ന് പറയുന്നത്. കാരണം പണം ടൈഡല്ല. എപ്പോൾ വേണമെങ്കിലും അത് കാശാക്കി മാറ്റാം. പക്ഷെ, ഇത് ഷോർട്ട് ടേം ലെൻഡിംഗ് ആയതുകൊണ്ട് എപ്പോൾ വേണമെങ്കിലും വിൽക്കുകയും വാങ്ങുകയും ചെയ്യാം. ദീർഘകാല നിക്ഷേപത്തിലേക്ക് പോകുന്നത് പ്രയാസമാണ്. ഇത് മനസ്സിലാക്കിയിട്ടാണ് ആർ.ബി.ഐ., സെബി എന്നിവ 20 വർഷമായി ഓൾട്ടർനേറ്റീവ് ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ്, അതുപോലെ ഇൻവെസ്റ്റ്മെന്റ് ഡെബ്റ്റ് ഫണ്ട് ഇവയൊക്കെ ഉപയോഗിക്കുന്നത്. ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റുമെന്റിന് ഇങ്ങനെയുള്ള ചില ഫണ്ടുകളുണ്ട്; അവർക്ക് ഇത്തരത്തിലുള്ള കാര്യങ്ങളാണ് വേണ്ടത്; അതിനുവേണ്ടി പ്രത്യേകമായി പണം വായ്പ എടുക്കാനുള്ള പദ്ധതികൾക്ക് രൂപം നൽകുന്നുണ്ട്. ഷോർട്ട് ടേമിൽ എപ്പോഴും പണം തിരിമറി ചെയ്യുന്ന ഈ മാർക്കറ്റിൽനിന്നും പരമാവധി തുക ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റുമെന്റിലേക്ക് നയിക്കുന്നതിനുവേണ്ടി സെബിയും ആർ.ബി.ഐ.-യും ഇങ്ങനെയുള്ള നടപടികൾ രണ്ട് പതിറ്റാണ്ടുകളായി സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്</u>: സർ, ഒരു പ്രശ്നമുണ്ടാക്കാൻവേണ്ടി പറയുന്നതല്ല. പൊതുമരാമത്ത് വകുപ്പും ധനകാര്യ വകുപ്പും അങ്ങനെ നമ്മുടെ ഭരണ സംവിധാനവും തമ്മിലുള്ള വലിയ ഷിഫ്റ്റിനെപ്പറ്റിയാണ് അങ്ങ് സംസാരിക്കുന്നത്. വലിയ ഷിഫ്റ്റ് വരാൻ പോവുകയാണ്. വാസ്തവത്തിൽ കഴിഞ്ഞ ഗവൺമെന്റ് ലിറ്ററിന് ഒരു രൂപ വച്ച് പെട്രോൾ സെസ് പിരിച്ചു. അതിൽ 50 ശതമാനം പൊതുമരാമത്ത് വകുപ്പിനും 50 ശതമാനം ഹൗസിംഗിനും മാറ്റിവച്ചു. പൊതുമരാമത്ത് വകുപ്പിന്, അതിന്റെ നോഡൽ ഏജൻസിയായി കേരള റോഡ് ഫണ്ട് ബോർഡിനെ നിശ്ചയിച്ചുകൊണ്ട്, 200-300 കോടി രൂപയോളം ഒരു വർഷം ലഭിച്ചു. അതുവച്ചു കൊണ്ട് പി.പി.പി. ആന്യൂറ്റി മോഡിൽ നബാർഡിന്റെ subsidiary ആയിട്ടുള്ള നിഡയുമായി (NABARD Infrastructure Development Assistance) ചർച്ച ചെയ്തതിന്റെ ഫലമായി അവരെത്ര കോടി രൂപ വേണമെങ്കിലും കുറഞ്ഞ പലിശക്ക് നമുക്ക് തരാമെന്നുള്ള ധാരണയായി. അര ശതമാനം പലിശയുടെ കാര്യത്തിലാണ് അന്ന് എഗ്രിമെന്റുണ്ടാകാതെ പോയത്. അപ്പോൾ നമുക്ക് പി.പി.പി. ആന്യൂറ്റി മോഡ് പോരേ; പൊതുമരാമത്ത് വകുപ്പിനെ തന്നെ വിശ്വാസത്തിലെടുത്തുകൊണ്ട് പോയാൽ പോരേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഞാൻ അതിലേക്ക് വരാം. ചോദ്യങ്ങൾ ഇങ്ങനെ മാറിപ്പോയാൽ പറഞ്ഞുകൊണ്ടിരിക്കുന്ന ത്രെഡാകെ പോകും. ഇങ്ങനെയുള്ള ഇൻസ്ട്രുമെന്റ്സുണ്ട്. അത് നമ്മുടെ ഇൻവെസ്റ്റ്മെന്റിനുവേണ്ടി ഉപയോഗപ്പെടുത്താൻ ശ്രമിക്കുകയാണ്. ഉദാഹരണത്തിന്, ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും മുനിസിപ്പൽ ബോണ്ടുകൾ ഇറക്കുന്നുണ്ട്. അർബൻ ഏരിയയിലെ എല്ലാ മേജർ ഇൻഫ്രാസ്ട്രക്ച്ചറുകൾക്കും മുനിസിപ്പൽ ബോണ്ട് ആർ.ബി.ഐ. അംഗീകരിച്ചിട്ടുള്ളതാണ്. കേരളത്തിൽ നമുക്കങ്ങോട്ട് പോകാൻ കഴിഞ്ഞിട്ടില്ല. ഹൗസിംഗ് ബോണ്ടുകൾ, മുനിസിപ്പൽ ബോണ്ടുകൾ നേരത്തെ പറഞ്ഞ സ്ട്രക്ച്ചേർഡ് ഇൻസ്ട്രുമെന്റ്സ് ഇതൊക്കെ നമുക്കിറക്കി വലിയ തോതിൽ സമാഹരിക്കാൻ കഴിയും. കടക്കെണിയിലേക്ക് ഇങ്ങനെ exponential ആയിട്ട് പോകുന്ന ഏർപ്പാടില്ലെന്ന് ഞാൻ പറഞ്ഞു. അഞ്ചു വർഷത്തിനുള്ളിൽ സാമ്പത്തിക നില സാധാരണ ഗതിയിലാകുമ്പോൾ അവിടെവച്ച് ഈ വായ്പകൾ ക്യാപ് ചെയ്യും. അത് ചെയ്തില്ലെങ്കിൽ ഇക്കാലയളവിൽ നമ്മൾ വിചാരിക്കുന്നതുപോലെ നിക്ഷേപത്തുക ഉയർത്താൻ പറ്റില്ല. അപ്പോഴാണ് ഈ 50 പൈസ പ്രത്യേകമായി റോഡ് ഫണ്ട് ബോർഡിന് അല്ലെങ്കിൽ പി.ഡബ്ല്യു.ഡി. ഡിപ്പാർട്ടുമെന്റിന് കൊടുത്താൽ അതുപയോഗിച്ച് കൂടുതൽ ചെയ്യാൻ പറ്റില്ലേയെന്ന് ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് ചോദിക്കുന്നത്. ഇതുപയോഗിച്ച് എത്രയാണ് പണം leverage ചെയ്യാൻ കഴിയുന്നത്; വേറെ മാർഗ്ഗം എന്താണ്? നിങ്ങൾ നബാർഡിൽ നിന്നും വായ്പ എടുക്കാൻ പോകുന്ന, നബാർഡിന്റെ വായ്പ സർക്കാർ തിരിച്ചുകൊടുക്കുന്ന, ഇതുകൂടി അതിന്റെ കൂടെ ചേർക്കുന്നു. അല്ലെങ്കിൽ ആന്വിറ്റി മോഡിൽ, എത്ര ശതമാനമാണ് ആന്വിറ്റി മോഡിന്റെ കോസ്റ്റ് ബെനിഫിറ്റ് വരുന്നതെന്ന് നോക്കിയിട്ടുണ്ടോ? അതേസമയം ഇന്നിപ്പോൾ ഈ leveraging രീതി ആകെ 100 കോടി രൂപയാണ്. ഈ 100 കോടി രൂപ ഉപയോഗിച്ച് leverage ചെയ്യുന്നത് എത്രയാണ്? 7000 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികളാണ് പി.ഡബ്ല്യു.ഡി.-ക്ക് വരുന്നത്. നിങ്ങൾ പറയുന്ന പദ്ധതികൾ റോഡ് ഫണ്ട് ബോർഡല്ലേ ചെയ്യുന്നത്; അതല്ലാതെ പി.ഡബ്ല്യു.ഡി. ചെയ്യുന്നതല്ലല്ലോ? ഈ 7000 കോടി രൂപയും റോഡ് ഫണ്ട് ബോർഡല്ലാതെ വേറെ ആരാണ് ചെയ്യുന്നത്? റോഡ് ഫണ്ട് ബോർഡ്, റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ, കൺസ്ട്രക്ഷൻ കോർപ്പറേഷൻ, തുടങ്ങിയ അർദ്ധസർക്കാർ സ്ഥാപനങ്ങളാണുള്ളത്. മുമ്പില്ലാതിരുന്ന ഒരു ഷിഫ്റ്റും ഉണ്ടാക്കേണ്ട. നേരത്തെ എന്ത് ഷിഫ്റ്റുണ്ടോ അതേയുള്ളൂ. യഥാർത്ഥത്തിൽ ഇന്ന് താങ്ങാൻ പറ്റാത്ത വിധത്തിലേക്ക് അതിന്റെ തുക വർദ്ധിച്ചിരിക്കുകയാണ്. നമുക്കൊരു എക്സ്പീരിയൻസ് കിട്ടുന്നത് നോക്കിയിട്ടാകാം ആദ്യമായി ഒരു സംരംഭത്തിലേക്ക് പോകുന്നത്. അതുകൊണ്ടാണ് മാണി സാറിന്റെ ബഡ്ജറ്റ് സ്പീച്ചിൽ പറഞ്ഞ 25,000 കോടി രൂപയില്ല, ആകെ 12,000 കോടി രൂപ, ഇപ്പോൾ 13,000 കോടി രൂപയായി കാണും. ആ തുകയിൽ

നിർത്തുന്നത് ആദ്യത്തെ tranche. ഇതെങ്ങനെ പോകുന്നുവെന്നുള്ളത് പരിശോധിച്ച് നോക്കിയിട്ട് നമുക്ക് improvise ചെയ്യാം. ഇത് അപ്പുറത്തും ഇപ്പുറത്തുമൊന്നും നോക്കേണ്ട കാര്യമല്ല. ഇത് long term vision ആണ്. നിങ്ങൾ തന്നെ ആലോചിച്ചു തുടങ്ങി. അന്നത്തെ രാഷ്ട്രീയ അന്തരീക്ഷവും തർക്കവും ബഹളവും തുടങ്ങി എന്തുകാരണം കൊണ്ടായാലും മുന്നോട്ട് പോയില്ല. ഷോർട്ട് ടേം ഫണ്ട്സ് എങ്ങനെയുണ്ടാക്കാം എന്നതിന് എസ്.ബി.ഐ. ക്യാപിറ്റൽ പറഞ്ഞുതന്നു. അത് സ്വീകരിച്ചു, ബാക്കിയുള്ളതൊന്നും നടപ്പായില്ല. ഇപ്പോൾ അത് പോകുന്നു. We will experiment, ആ എക്സ്പീരിയൻസിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറഞ്ഞ പാർപ്പിട മോഡലിനെ കുറിച്ചാണ് എനിക്ക് ചോദിക്കാനുള്ളത്. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി വന്നപ്പോഴും ഇതുപോലെയുള്ള ഒരു മോഡലാണ് അങ്ങ് നൽകിയത്. അതിനുവേണ്ടി 15 ശതമാനം പഞ്ചായത്തിന്റെ പ്ലാൻ ഫണ്ടിൽ നിന്നാണ് ഉപയോഗിച്ചത്. 15 വർഷത്തേക്ക് ആ പ്ലാൻ ഫണ്ട് ഉപയോഗിക്കാൻ കഴിയും. വീണ്ടും ഒരു പുതിയ പാർപ്പിട പദ്ധതി വരുമ്പോൾ പഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ടിൽനിന്ന് വീണ്ടും പത്തോ പതിനഞ്ചോ ശതമാനം തിരിച്ചടവായി കൊടുക്കേണ്ടി വരും. അതായത് you are imposing restriction on the expenditure, which is their right. നിങ്ങൾ ഡി-സെൻട്രലൈസേഷൻ നടത്തി പഞ്ചായത്തിനോട് ഞങ്ങൾ നിങ്ങൾക്ക് പൈസ തരികയാണ്, ഞങ്ങൾ പറയുന്നതുപോലെ അതായത്, 25 മുതൽ 30 ശതമാനം വരെ നിങ്ങൾ ചെലവാക്കണമെന്ന് പറയുന്ന ഒരു restriction വയ്ക്കുന്നത് ശരിയാണോ, അത് അവരുടെ കൈകൾ കെട്ടുന്നതിന് തുല്യമാകില്ലേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഒരു പഞ്ചായത്തിനോടും മുനിസിപ്പാലിറ്റിയോടും നിർബന്ധപൂർവ്വം നിങ്ങളിത് നടപ്പാക്കണമെന്ന് പറയുന്നില്ല. ഏതെങ്കിലും പഞ്ചായത്തിനോ മുനിസിപ്പാലിറ്റിക്കോ ഭവനരഹിതരായിട്ടുള്ള മുഴുവൻ ആളുകൾക്കും വീട് കൊടുക്കാനുള്ള പദ്ധതിയോ സഹായമോ വേണമെങ്കിൽ അത് സർക്കാർ നൽകും. ഏതെങ്കിലും ഒരു പഞ്ചായത്ത് അത് നടപ്പാക്കുന്നില്ലെന്ന് പറഞ്ഞാൽ നടപ്പാക്കേണ്ട. അല്ലാതെ ഒരു സർക്കാർ ഉത്തരവുപ്രകാരം നിങ്ങളിത് ചെയ്യണമെന്ന് പണ്ടും ഞങ്ങൾ പറഞ്ഞില്ല, ഇനി പറയാനും ഉദ്ദേശിക്കുന്നില്ല.

ശ്രീ. വി. ടി. ബൽറാം: സർ, അങ്ങയുടെ മാന്ദ്യവിരുദ്ധ പാക്കേജിന്റെ ലോജിക് നല്ല രീതിയിൽ എക്സ്പ്ലെയിൻ ചെയ്തു. ചെറിയൊരു ക്ലാരിറ്റിക്കുറവ് ഒഴിച്ച്

താങ്കളുടെ ശുഭാപ്തിവിശ്വാസത്തിൽ ഞങ്ങൾ പങ്കുചേരുകയാണ്. എന്റെ സംശയം, ഒരു വർഷത്തിനകത്ത് ഏതാണ്ട് 12000 കോടി രൂപയുടെ ക്യാപിറ്റൽ എക്സ്പെൻഡിച്ചർ നടക്കുമെന്ന് പറയുന്നു. കഴിഞ്ഞ ബഡ്ജറ്റിനെതിരെ അങ്ങ് ഉന്നയിച്ച വിമർശനം, പ്ലാനുണ്ട് പക്ഷേ പ്ലാനിന്റെ 30 ശതമാനം മാത്രമേ സാധാരണഗതിയിൽ നടപ്പാക്കാറുള്ളൂ എന്നുള്ളതാണ്. ഈ ബഡ്ജറ്റിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന എത്ര കാര്യങ്ങൾ ഫിസിക്കലായി നടന്നുവെന്ന് തെളിയിക്കാൻ, അതായത് പ്രഖ്യാപിച്ചതിൽ എത്ര റോഡുകൾ പണിതു, എത്ര വീടുകളുണ്ടാക്കി എന്ന തരത്തിൽ ക്ലാരിറ്റി വരുത്തുന്ന ഒരു ഔട്ട്കം ബഡ്ജറ്റ് അടുത്ത ബഡ്ജറ്റിനുമുമ്പായി അവതരിപ്പിക്കാൻ അങ്ങ് തയ്യാറാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ക്യാപിറ്റൽ എക്സ്പെൻഡിച്ചർ സംബന്ധിച്ച് ഞാൻ സഭയിൽ പറഞ്ഞ കാര്യം നടപ്പാക്കുന്നതിന് ഒരു തടസ്സവും ഉണ്ടാകുകയില്ല. എപ്പോൾ ബിൽ വരുന്നുവോ അപ്പോൾത്തന്നെ ഓൺലൈനായി കോൺട്രാക്ടർക്ക് പണം കൊടുത്തിരിക്കും. പക്ഷേ, എനിക്ക് ആ ഉറപ്പ് ബഡ്ജറ്റ് സംബന്ധിച്ച് തരാൻ കഴിയില്ല. ഞാനിപ്പോൾ കയറിയിരുന്നതല്ലേയുള്ളൂ. അതുകൊണ്ട് എന്നെ വിരട്ടണ്ട. This is what I have inherited. എനിക്ക് കിട്ടിയിരിക്കുന്നത് ഇതാണ്. ഇത് നിങ്ങൾ കുളമാക്കിയെന്നൊന്നും പറയാൻ ഞാൻ നിൽക്കുന്നില്ല. ഇതാണ് ഇന്നത്തെ സ്ഥിതിവിശേഷം. ഇതിന്റെ അടിസ്ഥാനത്തിൽ വർഷാവസാനമാകുമ്പോൾ 25 ശതമാനം വച്ച് നികുതി വരുമാനം വർദ്ധിപ്പിക്കണമെന്ന് ഞാൻ വിചാരിക്കുന്നു. അതിനുവേണ്ടി നമുക്ക് പണിയെടുക്കണം.

ശ്രീ. വി. ഡി. സതീശൻ: സർ, എനിക്ക് inherit ചെയ്ത് കിട്ടിയിരിക്കുന്നതിതാണെന്ന് പറയുന്നത് ശരിയല്ല. അങ്ങനെയാണെങ്കിൽ ഞങ്ങൾക്ക് inherit ചെയ്ത് കിട്ടിയത് എത്രയാണ്. ഫസ്റ്റ് റെസഷൻ പാക്കേജിൽ 60 ശതമാനത്തിൽ കൂടുതൽ ബിൽ പേ ചെയ്തത് 2011-നുശേഷമാണ്. ഞാൻ ഈ പറയുന്ന കാര്യങ്ങളുടെ കണക്കെടുത്ത് നോക്കണം. ഫസ്റ്റ് റെസഷൻ പാക്കേജിൽ ഒരു നിയോജകമണ്ഡലത്തിൽ 15 കോടി രൂപ വച്ച് കൊടുത്തതിൽ ടോട്ടൽ ബില്ലിന്റെ 60 ശതമാനത്തിൽ കൂടുതൽ പേ ചെയ്തത് 2011-ന് ശേഷമുള്ള യു.ഡി.എഫ്. ഗവൺമെന്റാണ്. I challenge you.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഈ പറഞ്ഞത് ശരിയാണ്. എവിടെയാണ് തെറ്റുപറ്റിയത്? നിങ്ങൾക്ക് ഒരു പ്രശ്നവും ഉണ്ടാകുകയില്ലായിരുന്നു. റവന്യൂ ഡെഫിസിറ്റ് പൂജ്യമാക്കണമെന്നുള്ള ടെന്റ് തള്ളിപ്പോയതിന്റെ ഫലമായിട്ടാണ്

പണമില്ലാതെ വന്നത്. യഥാർത്ഥത്തിൽ അന്ന് ഈ പ്രവൃത്തികൾക്ക് അനുവാദം കൊടുത്തിരുന്നില്ലെന്നിരിക്കട്ടെ. അലോട്ടഡ് ക്യാഷിന്റെ 150 ശതമാനം പുതിയ റോഡുകൾക്കായി എടുക്കുക. അങ്ങനെ കൊടുത്തുവരവെ റവന്യൂ ഡെഫിസിറ്റ് പൂജ്യമാകുകയും ചെയ്തിരുന്നെങ്കിൽ നിങ്ങൾക്ക് 15000 കോടി രൂപ ചെലവാക്കാൻ നിർവ്വാഹമില്ലാതെ റിസർവ് ബാങ്കിന്റെ സെക്യൂരിറ്റിയിൽ നിക്ഷേപിക്കേണ്ടി വരുമായിരുന്നു. നമ്മുടെ ഇന്നത്തെ വരവും ചെലവുമല്ല, മൂന്നുനാല് വർഷം കഴിഞ്ഞാൽ എങ്ങനെയായിരിക്കണം എന്നതാണ് നോക്കുന്നത്. ആ വിഷനിൽ നിന്ന് മാറിയതിന് എന്നെ കുറ്റംപറയരുത്. അപ്പോഴാണ് ക്യാപിറ്റൽ എക്സ്പെൻഡിച്ചർ വളരെ ഉയർന്നുനിൽക്കുന്ന സംസ്ഥാനങ്ങൾ ഗുജറാത്ത്, യു.പി. എന്നിവയാണ്; അപ്പോൾ ക്യാപിറ്റൽ എക്സ്പെൻഡിച്ചർ നാല് ശതമാനമായി ഉയർത്തണമെന്ന് പറഞ്ഞാൽ നിങ്ങൾ കേരള മോഡൽ വിട്ട് ഗുജറാത്ത് മോഡലിലേക്കുള്ള പോക്കാണോ എന്ന ശ്രീ. കെ. എസ്. ശബരീനാഥന്റെ ഗൗരവമേറിയ ചോദ്യം വന്നത്. ഈ ചോദ്യം ഞാൻ അങ്ങയിൽനിന്നും പ്രതീക്ഷിച്ചില്ല. കാരണം നമ്മുടെ സംസ്ഥാനത്ത് കേരള വികസന മാതൃകയുടെ നേട്ടത്തിന്റെ ഫലമായി എല്ലാവർക്കും വിദ്യാഭ്യാസം കിട്ടിയിട്ടുണ്ട്. എല്ലാവരുടെയും ജീവിത നിലവാരം മെച്ചപ്പെട്ടിട്ടുണ്ട്. ഇന്നത്തെ തലമുറയ്ക്ക് പഴയ ജോലി പോരാ, അവർക്ക് അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ചുള്ള പുതിയ തൊഴിലവസരങ്ങൾ വേണം. അങ്ങനെയുള്ള 25 ലക്ഷം തൊഴിലവസരങ്ങളെക്കുറിച്ചാണ് ഞങ്ങൾ പറയുന്നത്. അതില്ലെങ്കിൽ ഭാവി എന്തായിരിക്കും, തൊഴിലില്ലായ്മ വർദ്ധിക്കുകയല്ലേയുള്ളൂ. ഐ.ടി.-യിലോ ബി.ടി.-യിലോ ലൈറ്റ് എഞ്ചിനീയറിംഗിലോ ടൂറിസം പോലുള്ള സേവന വ്യവസായങ്ങളിലോ അത്തരത്തിലുള്ള തൊഴിലവസരങ്ങൾ ഉണ്ടാകണമെങ്കിൽ അത് സർക്കാരിൽ നിക്ഷേപിച്ച് നടത്താൻ കഴിയില്ല. അതിന് സ്വകാര്യ നിക്ഷേപം വരണം. അപ്പോൾ ഇവിടെവരുന്ന സ്വകാര്യ നിക്ഷേപകരോട് നിങ്ങൾ തൊഴിൽ നിയമങ്ങളോ പരിസ്ഥിതി നിയമങ്ങളോ ഭൂവിനിയോഗ നിയമങ്ങളോ നോക്കണ്ട എന്നൊരു നിലപാട് സ്വീകരിക്കാൻ നമുക്ക് കഴിയില്ല. അതിന് ചെയ്യാൻ കഴിയുന്നത്, ഏറ്റവും നല്ല പശ്ചാത്തല സൗകര്യം ഇവിടെയുണ്ട്. അതുകൊണ്ട് നിങ്ങൾ വന്നോളൂ, നിങ്ങൾക്ക് ടൂറിസത്തിൽ പണം മുടക്കണമെങ്കിൽ ഇതാ ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ, ഇവിടെ എല്ലാ സൗകര്യങ്ങളുമുണ്ടെന്ന് പറയാൻ കഴിയണം. അതുവേണമെങ്കിൽ നിങ്ങളുടെ നിക്ഷേപം 4 ശതമാനത്തിലേക്ക് ഉയരണം. അതുകൊണ്ട് ഇന്നത്തെ സാഹചര്യത്തിൽ കേരളത്തിന്റെ വികസനാനുഭവത്തിന്റെ നേട്ടങ്ങളെ നിലനിർത്തി മുന്നോട്ട് കൊണ്ടുപോകാൻ ഇതുമാത്രമാണ് വഴി. ഗുജറാത്തിലേക്കല്ല പോകുന്നത്. കേരളത്തിന്റെ പാതയെ അതിന്റെ ലോജിക്കലായിട്ടുള്ള അടുത്ത സ്റ്റെപ്പിലേക്ക് കൊണ്ടു പോകുന്നതിനാണ് നമ്മൾ ശ്രമിക്കുന്നത്.

ഇതിനേക്കാൾ വലിയ വിമർശനം വന്നത്, പഞ്ചായത്തുകൾക്കുള്ള ഫണ്ട് വെട്ടിക്കുറച്ചു, അവർക്ക് ശമ്പളത്തിനുള്ള പണം പോലുമില്ല എന്നാണ്. വലിയ മാറ്റമൊന്നും ഞാൻ വരുത്തിയിട്ടില്ല. ഒന്നും കുറച്ചിട്ടില്ല. പുതിയ പഞ്ചായത്തായ ആന്തൂറിനൊക്കെ കെട്ടിടം പണിയാൻവേണ്ടി കൂടുതൽ പണം നൽകുകമാത്രമെ ചെയ്തിട്ടുള്ളൂ. ഇതായിരുന്നു നിലവിലുള്ള ബഡ്ജറ്റ്. ഒരു സ്വയംവിമർശനമായി ഇതെടുക്കാം. അതിന്റെ അടിസ്ഥാനത്തിൽ അടുത്ത വർഷങ്ങളിൽ നമുക്ക് എന്ത് വേണമെന്നുള്ളതിനെക്കുറിച്ച് ആലോചിക്കാം. പക്ഷേ സംസ്ഥാന സർക്കാരിന്റെ റവന്യൂ വരുമാനത്തിന്റേയുംകൂടി കണക്കെടുത്തിട്ടേ ചെയ്യാൻ കഴിയൂ. ഇവിടെ ഇരിക്കുന്ന മന്ത്രിമാരുടെ ഡിപ്പാർട്ടുമെന്റുകളിൽ എത്ര തുക ഫ്രീ ഔട്ട് ലേ ആയി? കേന്ദ്ര സർക്കാരിന്റെ സ്കീമുകൾ, ഇലക്ട്രിസിറ്റി, എസ്.സി.എ. ടു എസ്.സി.പി, ടി.എസ്.പി. എന്നിവ മാറ്റിവച്ചാൽ ബാക്കിയുള്ള പണം പഞ്ചായത്തിനെക്കൊണ്ട് കഴിഞ്ഞിട്ടില്ലെങ്കിൽ, പണമില്ല. ഈയൊരു അവസ്ഥാവിശേഷമുണ്ട്.

<u>ശ്രീ. അനിൽ അക്കര</u>: സർ, ഞാൻ പറഞ്ഞത്, സർക്കാർ ജീവനക്കാരുടെ ശമ്പളം വർദ്ധിച്ചു. അതനുസരിച്ച് പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളവും വർദ്ധിച്ചു. മുപ്പത്തി അയ്യായിരം രൂപ ശമ്പളം വാങ്ങുന്ന പഞ്ചായത്ത് സെക്രട്ടറി ഇപ്പോൾ വാങ്ങുന്നത് അറുപതിനായിരം രൂപയാണ്. ഈ ശമ്പളം കൊടുക്കുന്നത് പഞ്ചായത്തിന്റെ തനത് ഫണ്ടിൽനിന്നും ജനറൽ പർപ്പസ് ഗ്രാന്റിൽനിന്നുമാണ്. ഇരട്ടിയായി ശമ്പളം വർദ്ധിച്ചപ്പോൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലോ ജി.പി.-യിലോ വരുമാനം വർദ്ധിച്ചിട്ടില്ല. ഒരു കോർപ്പറേഷൻ സെക്രട്ടറി ഒരു ലക്ഷം രൂപയാണ് ശമ്പളം വാങ്ങുന്നത്. ഇത് കോർപ്പറേഷന്റെ തനത് ഫണ്ടിൽനിന്നോ ജി.പി.-യിൽനിന്നോ കൊടുക്കണം. ഇവിടെ വർദ്ധനവുണ്ടായിട്ടില്ല.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, അതിന് തുക കണ്ടെത്തണം. അത് കണ്ടെത്താനുള്ള മാർഗ്ഗങ്ങളെക്കുറിച്ച് ആലോചിക്കണം. ശമ്പള പരിഷ്കരണം നടപ്പിലാക്കിയത് നിങ്ങൾ ഭരിക്കുമ്പോഴല്ലേ. കുറച്ച് കൂടുതൽ തുക കൊടുക്കാതിരുന്നത് എന്താണ്; ആരെങ്കിലും തടസ്സം നിന്നോ; 500 കോടി രൂപ കുറച്ചതല്ലാതെ കൂട്ടിക്കൊടുത്തോ? അപ്പോൾ അതിന് ചില കൺസ്ട്രയിൻസ് അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിക്കുണ്ടായിരുന്നു. അതുകൊണ്ടാണ് എന്റെ ബഡ്ജറ്റ് നിർദ്ദേശത്തിൽ കെട്ടിട നികുതിയെക്കുറിച്ച് പറഞ്ഞത്. വരുമാനം വർദ്ധിപ്പിക്കേണ്ടിവരും. ഫിനാൻസ് കമ്മീഷന്റെ നിർദ്ദേശങ്ങളെ സംബന്ധിച്ച് വിശദമായി പഠിക്കേണ്ടിവരും. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെകാലത്ത് ഇങ്ങനെയൊരു സ്ഥിതിവിശേഷം വരികയും സംസ്ഥാന സർക്കാരിന് റവന്യൂ ഉണ്ടാകില്ലായെന്ന് കണ്ടതുകൊണ്ടുമാണ് പഞ്ചായത്തിനു

വേണ്ടി ഒരു ശതമാനം പലിശയ്ക്ക് 30 വർഷം കാലാവധിവച്ച് ലോകബാങ്ക് വായ്പപോലും എടുക്കാൻ തയ്യാറായത്. ഇങ്ങനെ സാഹചര്യങ്ങളെ മനസ്സിലാക്കി അതിനുള്ള മാർഗ്ഗങ്ങൾ നമ്മൾ കണ്ടെത്തണം.

പ്രീ-ഫാബ്രിക്കേഷനെ സംബന്ധിച്ച് സംശയമൊന്നും വേണ്ട, അത് ഇങ്ങനയേ പോകാൻ കഴിയൂ. ഇപ്പോൾ എന്തെല്ലാം മെത്തേഡ്സ് ഉണ്ട്. ഫാക്ട് ഉണ്ടാക്കുന്ന ജിപ്സം പാനൽസ് നമുക്ക് ട്രൈ ഔട്ട് ചെയ്യാം. ഏതുവേണമെന്നുള്ളതു സംബന്ധിച്ച് നമുക്കൊരുമിച്ചിരുന്നു ഓരോന്നോരോന്നായി പരിശോധിക്കാം. വീടുപണിയുന്നതിലും നല്ലത് ഇതാണ്. ഇവിടെ വലിയ ഫാബ്രിക്കേറ്റേഴ്സും ബിൽഡേഴ്സുമുണ്ട്, അവർക്ക് വലിയ അവസരമാണ്. കേരളത്തിൽ പ്രീ-ഫാബ്രിക്കേഷൻ യൂണിറ്റിന്റെ സാധ്യത നമുക്ക് തുറക്കാം. ഞങ്ങൾ അങ്ങനെയാണ് ചിന്തിക്കുന്നത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, പ്രീ-ഫാബ്രിക്കേഷനിൽ കിച്ചൻ ഫംഗ്ഷൻ ചെയ്യിപ്പിക്കാമോയെന്നുള്ളതു സംബന്ധിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ് നേരത്തെ സംശയം ഉന്നയിച്ചത്. പ്രീ-ഫാബ്രിക്കേഷൻ സ്ട്രക്ചർ കൊണ്ടാണ് നടക്കാവ് സ്കൂളിൽ ഹൈടെക് ഇൻഡസ്ട്രിയൽ കിച്ചൻ പ്രവർത്തിക്കുന്നത്. ഡൈനിംഗ് ഹാളും ലബോറട്ടറിയുമുള്ള മൾട്ടിലെവൽ കെട്ടിടമാണ്. അത് നിരവധി നിലകളുണ്ടാക്കാവുന്ന ടെക്നോളജിയാണ്. ഒരുപക്ഷെ, നാഷണൽ ഗെയിംസിന് ഉപയോഗിച്ചത് താൽക്കാലികമായിട്ടുള്ള മെറ്റീരിയലായിരിക്കുമെന്നാണ് തോന്നുന്നത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇവിടെ ചിലർ ബഡ്ജറ്റിലെ 46-ാമത്തെ പാരഗ്രാഫിനെപ്പറ്റി പരാമർശിക്കുകയുണ്ടായി. സംസ്ഥാന ന്യൂനപക്ഷക്ഷേമ വികസനകോർപ്പറേഷന് 15 കോടി രൂപയേ വകയിരുത്തിയുള്ളൂവെന്നുപറഞ്ഞു. അല്ല, ഉപേക്ഷിക്കപ്പെട്ടതോ വിവാഹമോചനം നടത്തിയതോ വിധവകളോ ആയ സ്ത്രീകൾക്ക് വീടുവയ്ക്കുന്നതിന് വകയിരുത്തിയ 31 കോടി രൂപയും ന്യൂനപക്ഷ വിഭാഗങ്ങൾക്കുവേണ്ടിയുള്ള ഫണ്ടിൽ ഉൾപ്പെടുന്നതാണ്.

ശ്രീ. എം. സ്വരാജ്: സർ, എറണാകുളത്തിന്റെ സാംസ്കാരിക സമുച്ചയത്തിന്റെ തലസ്ഥാനം ഏതാണെന്ന് പറയാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അതിനെപ്പറ്റി ബന്ധപ്പെട്ട വകുപ്പാണ് തീരുമാനിക്കാനുള്ളത്. എറണാകുളത്തിന്റെ സാംസ്കാരിക തലസ്ഥാനം തൃപ്പൂണിത്തുറ തന്നെയാണ്. എന്നാൽ തീരുമാനങ്ങളൊക്കെ ബന്ധപ്പെട്ട വകുപ്പാണ് എടുക്കുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, എറണാകുളത്ത് ഇടപ്പള്ളി, പാലാരിവട്ടം, വൈറ്റില, കുണ്ടന്നൂർ എന്നീ നാല് ഫ്ളൈ ഓവറുകളാണ് അനുവദിച്ചത്. അതിൽ രണ്ട് ഫ്ളൈ ഓവറിന്റെ പണി തീർന്നു. കുണ്ടന്നൂരിന് ഇന്നലെ പണം അനുവദിച്ചു, എന്നാൽ വൈറ്റിലയ്ക്ക് പണം അനുവദിച്ചിട്ടില്ല. വൈറ്റിലയ്ക്ക് പണം വയ്ക്കുന്നില്ലെങ്കിൽ വല്ലാത്തൊരു സ്റ്റാഗ്നേഷനുണ്ടാകും. അതിനെന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഫണ്ട് അനുവദിച്ചിട്ടില്ലായിരുന്നു. അങ്ങ് ഇവിടെ ഉന്നയിക്കുന്നതുവരെ ഇതുസംബന്ധിച്ച് ആരും നിയമസഭയിൽ ആവശ്യപ്പെട്ടുമില്ല. നേരത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നതൊക്കെ തുടരുന്നുണ്ട്. ഇതിന് ഫണ്ടിംഗിനുവേണ്ടി സമർപ്പിച്ചിട്ടുണ്ടെന്ന് കേൾക്കുന്നു. ആ പാത റെഡിയാകണമെങ്കിൽ വൈറ്റിലയ്ക്ക് പണം കൂടിയേ തീരൂ. അതുകൊണ്ട് ഫണ്ട് അനുവദിച്ചിട്ടില്ലായെന്നുണ്ടെങ്കിൽ ഇതുസംബന്ധിച്ച് മുഖ്യമന്ത്രിയുമായി ആലോചിച്ച് ഒരു തീരുമാനമെടുക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, കഴിഞ്ഞ ഉമ്മൻ ചാണ്ടി സർക്കാർ അവതരിപ്പിച്ച ബഡ്ജറ്റിൽ ഉണ്ടായിരുന്ന ബഡ്ജറ്ററി പ്രൊവിഷൻസിൽ ചിലതെല്ലാം പുതിയ ബഡ്ജറ്റിൽ വന്നിട്ടുണ്ട്; ചിലത് വന്നിട്ടില്ല. പി.ഡബ്ല്യു.ഡി.-ക്കുള്ള അലോക്കേഷൻ ഫണ്ടിൽ കാര്യമായൊന്നും നടക്കാൻ പോകുന്നില്ല. കാരണം കടം ഉള്ളതുകൊണ്ട് അത് എക്സിക്യൂട്ട് ചെയ്യാൻ ബുദ്ധിമുട്ടാണെന്ന് അങ്ങ് ബഡ്ജറ്റിൽതന്നെ പറയുന്നുണ്ട്. അപ്പോൾ പ്രത്യേക നിക്ഷേപ നിധിയിൽ നിന്നുള്ളവർക്കു മാത്രമേ സാധിക്കുകയുള്ളൂ. ഈ പ്രത്യേക നിക്ഷേപനിധിയിൽ അങ്ങയുടെ ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളല്ലാതെ, പേരു പറഞ്ഞ് ഇയർ മാർക്ക് ചെയ്തിരിക്കുന്ന കാര്യങ്ങൾക്കല്ലാതെ നേരത്തെ കൊടുത്തിരിക്കുന്ന പ്രൊവിഷൻസ് വച്ച് കൊടുക്കാൻ കഴിയുമോ; അതുംകൂടി ഇൻക്ലൂഡ് ചെയ്യാൻ കഴിയുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അത് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്ന വർക്കുകൾ ചെയ്യും. അതിൽപ്പെടാത്ത കാര്യങ്ങൾ മാത്രമാണ് ഇവിടെ എടുത്തിട്ടുള്ളത്. ഇതിനുപുറമേ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസംഗത്തിൽ പറയുകയും പറഞ്ഞശേഷം നബാർഡിനും മറ്റും സംസ്ഥാന സർക്കാർ അംഗീകാരത്തിനായി അയച്ചുകൊടുത്തിട്ടുള്ളവയും ഉൾപ്പെടുത്തിയിട്ടില്ല. ഇതുസംബന്ധിച്ച് നബാർഡ് എന്തു പറയും എന്നുള്ളതുകൊണ്ടാണ് അവയെ ഉൾപ്പെടുത്താത്തത്. ഏതായാലും ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് പ്രധാനപ്പെട്ട കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് സംസാരിച്ചതിനുശേഷം അതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കാം. പോസിറ്റീവായി റെസ്പോണ്ട് ചെയ്യും.

അവസാനത്തെ ടൈ 2016-17 വർഷത്തെക്കുറിച്ചുള്ളതാണ്. സാധാരണഗതിയിൽ മുൻവർഷത്തേയുംകൂടി നൽകാറുണ്ട്. എന്നാൽ പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ അങ്ങനെ മുൻവർഷത്തെ നൽകാറില്ല. There is no practice in Kerala. അതുകൊണ്ടാണ് ഒരുവർഷത്തേതുമാത്രം വച്ചിരിക്കുന്നത്. പ്രാദേശിക പത്രപ്രവർത്തക ക്ഷേമനിധിയിലേക്ക് 2 കോടി രൂപ നേരത്തെ പ്രഖ്യാപിച്ചിരുന്നു. അത് ഈ ബഡ്ജറ്റിൽ ഇല്ലെന്ന് പറഞ്ഞു; അത് പരിശോധിക്കാം. രേഖയിൽ ഉണ്ടെങ്കിൽ ഞാൻ വീണ്ടും പ്രഖ്യാപിക്കേണ്ട കാര്യമില്ല. അല്ലായെന്നുണ്ടെങ്കിൽ അതിന് പണം വകയിരുത്തും. ഖാദിത്തൊഴിലാളികളുടെ റിബേറ്റ് കുടിശ്ശികയെക്കുറിച്ചു പറഞ്ഞു. ഇതിനുവേണ്ടി ഒരു നിവേദകസംഘം എന്നെ വന്നു കണ്ടിരുന്നു. കഴിഞ്ഞ ഓണത്തിന് കൊടുക്കേണ്ടിയിരുന്ന 16 കോടി രൂപ നൽകിയിട്ടില്ല. നിശ്ചയമായും ആ കുടിശ്ശിക അടിയന്തരമായി കൊടുത്തു തീർക്കുന്നതാണ്. ഖാദി-കൈത്തറി ബോർഡുതന്നെ അതിന്റെ ഉൽപ്പന്നങ്ങളിൽ നല്ലൊരു പങ്ക് നേരിട്ട് വാങ്ങി സർക്കാർ ആശുപത്രികൾക്കോ സ്കൂൾ യൂണിഫോമിനോ ഒക്കെ ഉപയോഗിക്കുന്ന രീതി അടുത്തവർഷം മുതൽ നിലവിൽ വരുമെന്ന് ഞാൻ നേരത്തെ പറഞ്ഞു. ശ്രീമതി സി. കെ. ആശ തഴപ്പായ നിർമ്മാണ വ്യവസായത്തെക്കുറിച്ച് പറഞ്ഞത് സംബന്ധിച്ച് വ്യവസായ വകുപ്പ് വിശദമായി പഠിച്ച് പ്രോഗ്രാം ഉണ്ടാക്കുമ്പോൾ അത് സംബന്ധിച്ച് പരിശോധിക്കാം.

ശ്രീമതി സി. കെ. ആശ: സർ, ഖാദി തൊഴിലാളികൾക്ക് മിനിമം വേജസ് നിശ്ചയിച്ച് മാസവേതനം കൊടുക്കണമെന്ന ആവശ്യം ഉന്നയിച്ചിരുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, അതൊക്കെ വ്യവസായ വകുപ്പ് തീരുമാനിക്കുന്നതാണ്. അതിന് ധനകാര്യ വകുപ്പിന്റെ എല്ലാ പിന്തുണയുമുണ്ടാകും. എനിക്ക് അതിന്റെ വിശദാംശങ്ങൾ അറിയില്ല. ഫ്ളോർ ഏരിയ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കുമ്പോൾ വലിയ വർദ്ധനവ് വരുമെന്ന് ശ്രീ. അബ്ദുൽ ഹമീദ് പി. പറഞ്ഞു. അങ്ങനെ വരില്ല, അത് റവന്യൂ ന്യൂട്രലാണ്. അതുകൊണ്ടാണ് അത് ഉൾപ്പെടുത്തിയിട്ടുള്ളത്. തർക്കമുണ്ടെങ്കിൽ നമുക്ക് നോക്കാം. ഇപ്പോൾ പുതിയ നിയമങ്ങൾ വന്നതിന്റെ പശ്ചാത്തലത്തിൽ സീറ്റുകളുടെ എണ്ണം കുറച്ചുകൊണ്ടിരിക്കുകയാണ്. ചില വലിയ ആഡംബര ബസ്സുകളിൽ കിടന്നുറങ്ങുന്ന സീറ്റുകളുണ്ട്. സീറ്റ് എണ്ണിക്കഴിഞ്ഞാൽ സർക്കാരിന് ലഭിക്കുന്ന നികുതി പകുതിയാകും. അതുകൊണ്ടാണ് സീറ്റ് എണ്ണത്തിൽ നിന്ന് വിട്ട് ഫ്ളോറിലേക്ക് പോയത്. നികുതിവർദ്ധനവ് അത് ലക്ഷ്യമിടുന്നില്ല. കൂടിയിട്ടുണ്ടെങ്കിൽ പരിശോധിക്കുന്നതാണ്.

ശ്രീ. മോൻസ് ജോസഫ്: സർ, ഇതുയും ഫലപ്രദമായ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകാനുള്ള അങ്ങയുടെ പരിശ്രമം തീർച്ചയായും യാഥാർത്ഥ്യമായാൽ ഏറ്റവും നല്ല കാര്യമാണ്. പക്ഷേ ഇവിടെ നേരത്തെ മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിച്ച സമയത്ത് കുറച്ചുകാലം ഞാൻ മന്ത്രിയായിട്ടുണ്ടായിരുന്നു. നമ്മൾ ഇവിടെ കാര്യങ്ങളെല്ലാം ചർച്ച ചെയ്യുമ്പോൾ ഫലപ്രദമായി ഇത് നടപ്പാക്കാൻ കഴിയണമെങ്കിൽ, അങ്ങ് പറയുന്ന പി.ഡബ്ല്യൂ.ഡി.-ക്ക് വെളിയിൽ നിൽക്കുന്ന കാര്യങ്ങൾ വളരെ സ്വാഗതാർഹമാണ്; പക്ഷേ പി.ഡബ്ല്യൂ.ഡി.-ക്കുള്ളിൽ വരുന്ന കാര്യങ്ങൾ, അത് കേരളത്തിന്റെ റോഡ് നിർമ്മാണ രംഗത്ത് ഏറ്റവും ഫലപ്രദമായി ദൈനംദിന വർക്കുകൾ നടക്കേണ്ട കാര്യമാണ്. ഇവിടെ നിർമ്മാണ പ്രവർത്തനങ്ങളിലേക്ക് കടക്കണമെങ്കിൽ കരാറുകാരുടെ കുടിശ്ശിക കൊടുത്തുതീർക്കുക എന്നതൊരാവശ്യമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ വികസന പ്രവർത്തനങ്ങളുടെ ഭാഗമാണ്. എങ്കിൽപ്പോലും അവ പരിഹരിക്കുന്നതിന് ഒരു ഇടപെടൽ ഗവൺമെന്റ് തുടക്കത്തിൽതന്നെ ചെയ്തെങ്കിൽ മാത്രമേ നമുക്ക് നിർമ്മാണ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുകയുള്ളൂ. അങ്ങയുടെ ഈ പദ്ധതികൾ ഫലപ്രദമാകണമെന്നുണ്ടെങ്കിലും അത് ആവശ്യമാണെന്നതാണ് എനിക്ക് ശ്രദ്ധയിൽപ്പെടുത്താനുള്ളത്. അതിനുള്ള വഴികൾക്കൂടി അങ്ങ് കാര്യമായി പരിഗണിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അതിന് പൊതുമരാമത്ത് വകുപ്പുതന്നെ നടപടികൾ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഇനി ഫയൽ ഫിനാൻസ് വകുപ്പിലേക്ക് വരേണ്ടതില്ല. ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ളവർക്കാണെങ്കിൽ ഭരണാനുമതി ബന്ധപ്പെട്ട വകുപ്പിന് നൽകാം. ധനകാര്യ വകുപ്പ് ഇത് അംഗീകരിച്ചിരിക്കുന്നതു കൊണ്ട് ഓരോരോ ഫയലായി വരണമെന്നില്ല. അതുപോലെ എല്ലാത്തിന്റെയും ഡി.പി.ആർ. തയ്യാറാക്കുന്നതുവരെ കാത്തിരിക്കേണ്ട. അഞ്ഞൂറുകോടി രൂപയുടെ ബണ്ടിലുകളായി കിഫ്ബിക്ക് കൊടുത്ത് മെമ്മോറാണ്ടം ഒപ്പിട്ട് അതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ആരംഭിക്കാം. ഏറ്റവും ലളിതമായ നടപടിക്രമങ്ങൾ മാത്രമേ ഇതിനുണ്ടാകുകയുള്ളൂ.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, മുല്ലപ്പെരിയാറിലെ പുതിയ ഡാം നിർമ്മാണവുമായി ബന്ധപ്പെട്ട് ഫണ്ട് വകയിരുത്താത്തത് സംബന്ധിച്ച് ഇന്നലെ ഒരു വിഷയം ചൂണ്ടിക്കാണിച്ചിരുന്നു.

ഡോ. ടി. എം. തോമസ് ഐസക്: സർ, അതിന് നേരത്തേ ബഡ്ജറ്റിലുണ്ടായിരുന്ന പ്രൊവിഷൻ അതുപോലെതന്നെ നിലനിർത്തിയിട്ടുണ്ട്, ഒരു മാറ്റവും വരുത്തിയിട്ടില്ല.

അനുവാദങ്ങളെല്ലാം കിട്ടുന്ന മുറയ്ക്ക് കൂടുതൽ പണം അനുവദിക്കാം. ഇപ്പോൾ നേരത്തെ ബഡ്ജറ്റിലുണ്ടായിരുന്ന പ്രൊവിഷൻ നിലനിൽക്കുന്നുണ്ട്. ഞാൻ പറഞ്ഞില്ല എന്നുള്ളതുകൊണ്ട് അത് എടുത്തുമാറ്റുന്ന പ്രശ്നമില്ല.

മി. സ്പീക്കർ: ബഡ്ജറ്റ് ഇന്നലെ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിട്ടു. ഇന്ന് വോട്ട് ഓൺ അക്കൗണ്ടാണ്. നിങ്ങൾ ബഡ്ജറ്റിലേക്ക് തിരിച്ചുപോകരുത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിൽ മംഗലാപുരം ആശുപത്രികളെക്കൂടി ഉൾപ്പെടുത്തിയാൽ മാത്രമേ വടക്കേ മലബാറിലെ ആളുകൾക്ക് ആ സ്കീംകൊണ്ട് ഗുണം കിട്ടുകയുള്ളൂ.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇതിൽ നയപരമായ ഒരു പ്രശ്നംകൂടി അന്തർഭവിച്ചിട്ടുണ്ട്. അത് ചർച്ച ചെയ്ത് ബന്ധപ്പെട്ട വകുപ്പ് തീരുമാനിക്കും.

ശ്രീ. വി. ജോയി: സർ, നേരത്തെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിക്ക് തുക വകയിരുത്തിയിരുന്നു. ഇപ്രാവശ്യം അത് കാണുന്നില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, അതിന് നേരത്തേ ബഡ്ജറ്റിൽ വകയിരുത്തിയ തുകയുണ്ട്. അതിനേക്കാൾ കൂടുതൽ വേണമെങ്കിൽ ധനസ്ഥിതി നോക്കിയിട്ട് തീരുമാനിക്കാം. റേഷൻ കടക്കാർക്ക് എങ്ങനെ പലിശരഹിത വായ്പ കൊടുക്കുമെന്ന് ചോദിച്ചു. റേഷൻ കടയെന്നുപറയുന്നത് മറ്റൊരു സംസ്ഥാനത്തുമില്ലാത്ത വലിയൊരു പൊതുവിതരണ ശൃംഖലയാണ്. ഇത് ഒരു വർഷം കൊണ്ടല്ല, പതിറ്റാണ്ടുകൊണ്ട് ഉരിത്തിരിഞ്ഞുവന്നതാണ്. പുതിയ കേന്ദ്ര സർക്കാരിന്റെ നിലപാടുകളിലൂടെയാണ് അതിനെ നിഷ്ക്കരുണം തകർത്തുകളഞ്ഞിരിക്കുന്നത്. ബാങ്കുവഴി പണം കൊടുക്കാനൊന്നും നമ്മൾ ഉദ്ദേശിക്കാത്തതുകൊണ്ട് റേഷൻകട സംവിധാനം നിലനിർത്തേണ്ടത് ആവശ്യമാണ്. റേഷനരി വിറ്റുകൊണ്ട് മാത്രം നിലനിൽക്കാൻ പറ്റില്ല. അതുകൊണ്ട് അവർക്ക് മറ്റ് സാധനങ്ങൾകൂടി വിൽക്കാം. വിൽക്കുമ്പോൾ മറ്റു കടകളിൽ നിന്നും വ്യത്യസ്തത വേണം. ആ രീതിയിൽ മോഡേണൈസ് ചെയ്യുന്നതിനുള്ള ഒരു പരിപാടി നമ്മുടെ പൊതുവിതരണ വകുപ്പ് തയ്യാറാക്കികഴിയുമ്പോൾ അത് ചെയ്യാനായി പലിശരഹിത വായ്പ കെ.എസ്. എഫ്.ഇ. നൽകും; കെ.എസ്.എഫ്.ഇ.-ക്ക് സർക്കാർ പലിശ നൽകും.

മുൻകാലങ്ങളിൽ പറഞ്ഞിട്ടും ചെയ്യാൻ കഴിയാത്ത പല കാര്യങ്ങളെക്കുറിച്ചും പറഞ്ഞു. ചില കാര്യങ്ങളൊക്കെ അങ്ങനെ വന്നുപോകും. അതുവച്ച് ഇതിനെ അളക്കാൻ നോക്കണ്ട. ചെയ്യാത്ത കാര്യങ്ങളെക്കുറിച്ച് മാത്രമല്ല ചെയ്ത കാര്യങ്ങൾ കൂടി നിങ്ങൾ നോക്കു. അന്ന് മാന്ദ്യവിരുദ്ധ പാക്കേജിനെക്കുറിച്ച് പറഞ്ഞപ്പോൾ

ഈ സഭയിൽ എന്തൊക്കെ സംസാരമാണുണ്ടായതെന്ന് എനിക്ക് ഇപ്പോഴും ഓർമ്മയുണ്ട്. ക്ലാരിഫിക്കേഷനുവേണ്ടി ഒരു കാര്യം കൂടി പറയട്ടെ, ശ്രീ. റോഷി അഗസ്റ്റിൻ ഇടുക്കിയിലെ മൂന്നാം വർഷ മെഡിക്കൽ കോളേജ് വിദ്യാർത്ഥികളെ കുറിച്ച് പറഞ്ഞു. ഇന്ന് ആ മൂന്നാം വർഷ വിദ്യാർത്ഥികൾ എവിടെയാണ് പഠിക്കുന്നത്? ആ പാവപ്പെട്ട വിദ്യാർത്ഥികളെ അഞ്ചുപേരായും പത്തുപേരായും കേരളത്തിലെ പല മെഡിക്കൽ കോളേജിലേക്ക് വിട്ടിരിക്കുകയാണ്. മെഡിക്കൽ കോളേജിനുവേണ്ടി എന്തെങ്കിലുമൊരു ഇൻഫ്രാസ്ട്രക്ച്ചറുണ്ടാക്കണ്ടേ? അവിടെ മൂന്ന് ബാച്ച് കുട്ടികൾ വന്നു. അവിടുത്തെ ഇൻഫ്രാസ്ട്രക്ച്ചർ എങ്ങനെയുണ്ടാക്കും; ഒരു മെഡിക്കൽ കോളേജിന്റെ യോഗ്യതയിലേക്ക് എങ്ങനെ ഉയർത്താം എന്നുള്ളതിനെ കുറിച്ച്, വയനാടിന്റെ കാര്യം പറഞ്ഞതുപോലെ, ഡിപ്പാർട്ടുമെന്റ് സജീവമായി ആലോചിക്കുന്നുണ്ട്. ഒരിക്കലും ആ കുട്ടികളെ വഴിയാധാരമാക്കാൻ ഉദ്ദേശിക്കുന്നില്ല. ഞാൻ ഈ ഉപക്ഷേപങ്ങൾ അംഗീകരിച്ചുതരണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, വോട്ട് ഓൺ അക്കൗണ്ട് ചർച്ചയുമായി ബന്ധപ്പെട്ട് ബഹുമാന്യരായ ചില എം.എൽ.എ.-മാർ ചൂണ്ടിക്കാണിച്ച സംശയങ്ങളെക്കുറിച്ച് ഒന്നുരണ്ട് വാക്കുകൾ ഞാൻ പറയുകയാണ്. ശ്രീ. വി. കെ. സി. മമ്മത് കോയയാണ് നിലം നികത്തുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് സംശയം ഉന്നയിച്ചത്. അതിൽ പ്രധാനപ്പെട്ട വിഷയം, ബി.ടി.ആർ.-ലും ആധാരത്തിലും നിലമെന്ന് കാണിച്ചിരുന്നതിനാൽ വീട് വയ്ക്കാൻ അനുവാദം നൽകുന്നില്ലെന്നുള്ളതാണ്. അതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്. ബി.ടി.ആർ.-ൽ നിലമെന്ന് കാണിച്ചിരിക്കുന്ന ഭൂമിയിൽ മറ്റ് കരഭൂമി കൈവശമില്ലാത്തവർക്ക് വീടുവയ്ക്കുന്നതിനായി കോർപ്പറേഷനിൽ മൂന്ന് സെന്റും മുൻസിപ്പാലിറ്റിയിൽ അഞ്ച് സെന്റും പഞ്ചായത്തിൽ 10 സെന്റും നിലം നികത്തുന്നതിന് അനുമതി നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് അനുകൂലമായ തീരുമാനമെടുക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. ശ്രീ. മുരളി പെരുനെല്ലി ഇവിടെ ചൂണ്ടിക്കാണിച്ചത് തലചായ്ക്കാൻ ഇടമില്ലാത്തവരുടെ ഭൂമിയുടെ കാര്യമാണ്. ഭൂമിയില്ലാത്തവർക്ക് ഭൂമിയും വീടില്ലാത്തവർക്ക് വീടും നൽകുമെന്ന് നേരത്തേ ഇവിടെ പറഞ്ഞതാണ്. ശ്രീ. അനിൽ അക്കര എം.എൻ ലക്ഷം വീട് പദ്ധതിയിൽ ഇരട്ട വീടുകൾ ഒറ്റവീടാക്കുന്ന കാര്യത്തെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. ഇരട്ടവീടുകൾ ഒറ്റവീടാക്കുന്നത് തുടർന്നും നടത്തുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കും.

മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. മോൻസ് ജോസഫ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. മോൻസ് ജോസഫ് അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ .................................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ .................................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. കെ. എസ്. ശബരീനാഥൻ അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ .................................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. അബ്ദുൽ ഹമീദ് പി. : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ .................................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ .................................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ .................................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ .................................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. കെ. അബ്ദു റബ്ബ് : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ .................................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ .................................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. റോജി എം. ജോൺ : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ .................................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ ..................................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. മമ്മൂട്ടി : സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ ..................................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. കെ. സി. ജോസഫ് അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ ..................................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. വി. ടി. ബൽറാം അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ ..................................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. എൽദോസ് കുന്നപ്പിള്ളി അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ .................................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നു.

മി. സ്പീക്കർ: ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................................

പ്രതികൂലിക്കുന്നവർ .................................

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി അവതരിപ്പിച്ച ഡിമാന്റ്സ് ഫോർ ഗ്രാന്റ്സ് ഓൺ അക്കൗണ്ടിനുള്ള ഉപക്ഷേപം പാസ്സാക്കണമെന്ന പ്രമേയത്തെ...

അനുകൂലിക്കുന്നവർ.....................

പ്രതികൂലിക്കുന്നവർ......................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീ. വി. എസ്. അച്യുതാനന്ദൻ

4. ശ്രീമതി പി. അയിഷാ പോറ്റി
5. ശ്രീ. കെ. ആൻസലൻ
6. ശ്രീ. ആന്റണി ജോൺ
7. ശ്രീ. പി. വി. അൻവർ
8. ശ്രീ. എ. എം. ആരിഫ്
9. പ്രൊഫ. കെ. യു. അരുണൻ
10. ശ്രീമതി സി. കെ. ആശ
11. ശ്രീ. കെ. ബാബു
12. ശ്രീ. എ. കെ. ബാലൻ
13. ശ്രീമതി ഇ. എസ്. ബിജിമോൾ
14. ശ്രീ. ഇ. ചന്ദ്രശേഖരൻ
15. ശ്രീ. കെ. ദാസൻ
16. ശ്രീ. ബി. ഡി. ദേവസ്സി
17. ശ്രീ. സി. ദിവാകരൻ
18. ശ്രീ. എൽദോ എബ്രഹാം
19. ശ്രീ. കെ. ബി. ഗണേഷ് കുമാർ
20. ശ്രീമതി ഗീതാ ഗോപി
21. ശ്രീ. ജോർജ് എം. തോമസ്
22. ശ്രീ. ചിറ്റയം ഗോപകുമാർ
23. ശ്രീ. സി. കെ. ഹരീന്ദ്രൻ
24. ഡോ. കെ. ടി. ജലീൽ
25. ശ്രീ. ജെയിംസ് മാത്യു
26. ശ്രീ. ജി. എസ്. ജയലാൽ
27. ശ്രീ. ഇ. പി. ജയരാജൻ

28. ശ്രീ. ജോൺ ഫെർണാണ്ടസ്
29. ശ്രീ. വി. ജോയി
30. ശ്രീ. ഒ. ആർ. കേളു
31. ശ്രീ. സി. കൃഷ്ണൻ
32. ശ്രീ. കെ. കൃഷ്ണൻകുട്ടി
33. ശ്രീ. കെ. കുഞ്ഞിരാമൻ
34. ശ്രീ. കോവൂർ കുഞ്ഞുമോൻ
35. ശ്രീ. വി. കെ. സി. മമ്മത് കോയ
36. ശ്രീ. എം. എം. മണി
37. ശ്രീ. മാത്യു ടി. തോമസ്
38. ശ്രീ. കെ. ജെ. മാക്സി
39. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
40. ശ്രീ. എ. സി. മൊയ്തീൻ
41. ശ്രീ. മുഹമ്മദ് മുഹസിൻ പി.
42. ശ്രീ. എം. മുകേഷ്
43. ശ്രീ. ഡി. കെ. മുരളി
44. ശ്രീ. മുരളി പെരുനെല്ലി
45. ശ്രീ. സി. കെ. നാണു
46. ശ്രീ. എം. നൗഷാദ്
47. ശ്രീ. യു. ആർ. പ്രദീപ്
48. ശ്രീ. എ. പ്രദീപ്കുമാർ
49. ശ്രീ. കെ. ഡി. പ്രസേനൻ
50. ശ്രീമതി യു. പ്രതിഭ ഹരി

51. ശ്രീ. പുരുഷൻ കടലുണ്ടി

52. ശ്രീ. പി. ടി. എ. റഹീം

53. ശ്രീ. എം. രാജഗോപാലൻ

54. ശ്രീ. കെ. രാജൻ

55. ശ്രീ. എസ്. രാജേന്ദ്രൻ

56. ശ്രീ. ആർ. രാജേഷ്

57. ശ്രീ. റ്റി. വി. രാജേഷ്

58. ശ്രീ. കെ. രാജു

59. ശ്രീ. രാജു എബ്രഹാം

60. ശ്രീ. ആർ. രാമചന്ദ്രൻ

61. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

62. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

63. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

64. ശ്രീ. മുല്ലക്കര രത്നാകരൻ

65. പ്രൊഫ. സി. രവീന്ദ്രനാഥ്

66. ശ്രീ. കാരാട്ട് റസാഖ്

67. ശ്രീ. എസ്. ശർമ്മ

68. ശ്രീ. എ. കെ. ശശീന്ദ്രൻ

69. ശ്രീ. സി. കെ. ശശീന്ദ്രൻ

70. ശ്രീ. പി. കെ. ശശി

71. ശ്രീ. വി. ശശി

72. ശ്രീ. ഐ. ബി. സതീഷ്

73. ശ്രീ. ബി. സത്യൻ

74. ശ്രീ. എ. എൻ. ഷംസീർ
75. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
76. ശ്രീ. ജി. സുധാകരൻ
77. ശ്രീ. വി. എസ്. സുനിൽ കുമാർ
78. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
79. ശ്രീ. കെ. സുരേഷ് കുറുപ്പ്
80. ശ്രീ. എം. സ്വരാജ്
81. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
82. ശ്രീ. പി. തിലോത്തമൻ
83. ശ്രീ. തോമസ് ചാണ്ടി
84. ഡോ. ടി. എം. തോമസ് ഐസക്
85. ശ്രീ. പി. ഉണ്ണി
86. ശ്രീമതി വീണാ ജോർജ്ജ്
87. ശ്രീ. കെ. വി. വിജയദാസ്
88. ശ്രീ. ഇ. കെ. വിജയൻ
89. ശ്രീ. പിണറായി വിജയൻ
90. ശ്രീ. എൻ. വിജയൻ പിള്ള

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുള്ള
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
5. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

6. ശ്രീ. അടൂർ പ്രകാശ്
7. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
8. ശ്രീ. മഞ്ഞളാംകുഴി അലി
9. ശ്രീ. അനിൽ അക്കര
10. ശ്രീ. എ. പി. അനിൽ കുമാർ
11. ശ്രീ. അനൂപ് ജേക്കബ്
12. ശ്രീ. അൻവർ സാദത്ത്
13. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
14. ശ്രീ. വി. ടി. ബൽറാം
15. ശ്രീ. പി. കെ. ബഷീർ
16. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
17. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
18. ശ്രീ. ഹൈബി ഈഡൻ
19. ശ്രീ. ടി. വി. ഇബ്രാഹിം
20. ഡോ. എൻ. ജയരാജ്
21. ശ്രീ. കെ. സി. ജോസഫ്
22. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
23. ശ്രീ. സി. മമ്മൂട്ടി
24. ശ്രീ. കെ. എം. മാണി
25. ശ്രീ. മോൻസ് ജോസഫ്
26. ഡോ. എം. കെ. മുനീർ
27. ശ്രീ. കെ. മുരളീധരൻ
28. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

29. ശ്രീ. ഉമ്മൻ ചാണ്ടി
30. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
31. ശ്രീ. രമേശ് ചെന്നിത്തല
32. ശ്രീ. റോജി എം. ജോൺ
33. ശ്രീ. റോഷി അഗസ്റ്റിൻ
34. ശ്രീ. കെ. എസ്. ശബരീനാഥൻ
35. ശ്രീ. വി. പി. സജീന്ദ്രൻ
36. ശ്രീ. എൻ. ഷംസുദ്ദീൻ
37. ശ്രീ. വി. ഡി. സതീശൻ
38. ശ്രീ. ഷാഫി പറമ്പിൽ
39. ശ്രീ. കെ. എം. ഷാജി
40. ശ്രീ. വി. എസ്. ശിവകുമാർ
41. ശ്രീ. സണ്ണി ജോസഫ്
42. ശ്രീ. പി. ടി. തോമസ്
43. ശ്രീ. പി. ഉബൈദുള്ള
44. ശ്രീ. എം. ഉമ്മർ

നിഷ്പക്ഷത പാലിക്കുന്നവർ:

ശ്രീ. പി. സി. ജോർജ്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 90

പ്രതികൂലിക്കുന്നവർ - 44

നിഷ്പക്ഷത പാലിക്കുന്നവർ - 1

വോട്ട് ഓൺ അക്കൗണ്ട് പാസ്സായിരിക്കുന്നു.

ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## VII നിയമനിർമ്മാണകാര്യം

2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ)ഭേദഗതി ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

## VIII ക്രമപ്രശ്നം

ധനകാര്യമെമ്മോറാണ്ടത്തിലെ അവ്യക്തത

2.29 PM]

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, നിയമസഭാ ചട്ടം 73 അനുശാസിക്കുന്നപ്രകാരം പണച്ചെലവ് അന്തർഭവിക്കുന്ന ബില്ലിനോടുകൂടി ധനകാര്യ മെമ്മോറാണ്ടം ചേർക്കേണ്ടതും ചെലവ് അന്തർഭവിക്കുന്ന ഖണ്ഡങ്ങളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കേണ്ടതും ബിൽ നിയമമായി പാസ്സാക്കുന്ന പക്ഷം ഉണ്ടാകുന്ന ആവർത്തകവും അനാവർത്തകവുമായ മതിപ്പുചെലവുകൂടി ധനകാര്യ മെമ്മോറാണ്ടത്തിൽ സൂചിപ്പിക്കേണ്ടതുമാണ്. എന്നാൽ ഇവിടെ അങ്ങനെ ചൂണ്ടിക്കാണിച്ചിട്ടില്ല. നിയമസഭയിലെ ഒരംഗത്തെ ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാനായി നിയമിക്കുന്ന വേളയിൽ ഉളവാകുന്ന അയോഗ്യത നീക്കം ചെയ്യുന്നതിനാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ആർക്കുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നതെന്ന് എല്ലാവർക്കും അറിയാമല്ലോ; ഈ ബില്ലിന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ ബിൽ എന്ന് പറയുന്നതായിരിക്കും നല്ലതെന്നാണ് എനിക്ക് തോന്നുന്നത്. ഏതായാലും പ്രസ്തുത വ്യക്തിയെ ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാനായി നിയമിച്ച് അദ്ദേഹത്തിന് ക്യാബിനറ്റ് പദവി നൽകിക്കഴിഞ്ഞാൽ, ഒരു മന്ത്രിയുടെ ആനുകൂല്യം നൽകുന്നതിന്റെ ആദ്യപടിയാണ് ഈ ബിൽ, ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ വരികയും ചെയ്താൽ സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ നിന്നും വലിയൊരു ചെലവുണ്ടാകും എന്നുള്ളതാണ് യാഥാർത്ഥ്യം. അതുകൊണ്ട് ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞിരിക്കുന്നത് ശരിയല്ല. ഈ ബിൽ അവതരിപ്പിച്ച ശ്രീ. എ. കെ. ബാലൻ 11-6-2012-ൽ ഈ നിയമസഭയിൽ ചെയ്തൊരു

പ്രസംഗമുണ്ട്. അതിൽ അദ്ദേഹം പറയുന്നത്-ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽനിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല എന്നുപറഞ്ഞിരിക്കുന്നത് ഈ ബില്ലിനോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ യാഥാർത്ഥ്യത്തെ മറച്ചുപിടിക്കുന്നുവെന്നതുകൊണ്ട് ഫിനാൻഷ്യൽ മെമ്മോറാണ്ടം മുഖ്യമന്ത്രി അവതരിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശ്രീ. എ. കെ. ബാലൻ ഈ നിയമസഭയിൽ 11-6-2012-ൽ കൊണ്ടുവന്ന ഒരു ഒബ്ജക്ഷനാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

രണ്ടാമത്തെ എന്റെ ഒബ്ജക്ഷൻ എന്നുപറയുന്നത്, ഈ ഭേദഗതി ബിൽ 1974-ലെ ഭഗവാൻദാസ് സെഗാൾ Vs സ്റ്റേറ്റ് ഓഫ് ഹരിയാന [AIR 1974 SC 2355] എന്ന കേസ്സിലെ സുപ്രീംകോടതി വിധിയുടെ അന്തഃസത്തയ്ക്ക് എതിരായിട്ടുള്ളതാണ്. ഈ നിയമം എന്തിനുവേണ്ടിയാണ്; പാർലമെന്റംഗങ്ങൾ അല്ലെങ്കിൽ നിയമസഭാംഗങ്ങൾ സർക്കാർവക സ്ഥാനങ്ങൾ നൽകി അവരെ ഭരണകൂടത്തിന്റെ സ്ഥാപിത വലയത്തിൽ കൊണ്ടുവരുന്നു എന്നുള്ളതുകൊണ്ട് ഇത് തടയാൻ വേണ്ടിയാണ് Office of profit എന്ന ആശയംതന്നെ വന്നത്. ഭരണഘടനയുടെ 191(1)(a) പ്രകാരം അങ്ങനെയുള്ള ഒരു വ്യക്തി, ഒരു എം.എൽ.എ.-യോ എം.പി.-യോ ആയിരിക്കുന്ന വ്യക്തി Office of profit ആയി വന്നാൽ അദ്ദേഹത്തിന് അയോഗ്യത കൽപ്പിക്കപ്പെടുന്നു വെന്നുള്ളതാണ് യാഥാർത്ഥ്യം. അത് മറികടക്കാൻ വേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്. ഒരു സംസ്ഥാന നിയമസഭയിലെ അംഗമായി തെരഞ്ഞെടുക്കപ്പെടാനും അംഗമായിരിക്കുവാനും ഭാരത സർക്കാരിന്റെയോ ഒന്നാം പട്ടികയിൽ വിവരിച്ചിട്ടുള്ള ഏതെങ്കിലും സംസ്ഥാനത്തെ സർക്കാരിന്റെയോ കീഴിൽ ഏത് ഉദ്യോഗം വഹിക്കുന്ന ആളെയാണോ അയോഗ്യ നാക്കുകയില്ലെന്ന് ആ സംസ്ഥാനത്തിന്റെ നിയമനിർമ്മാണ മണ്ഡലം നിയമംവഴി പ്രഖ്യാപിച്ചിട്ടുള്ളത്, അങ്ങനെയുള്ള ഒരു ഉദ്യോഗമല്ലാതെ ആദായകരമായ (pecuniary benefits) എതെങ്കിലും ഉദ്യോഗം വഹിക്കുന്നയാളെ അയോഗ്യനാക്കുമെന്നാണ് ഭരണഘടനയുടെ 191(1)(a) അനുശാസിക്കുന്നത്. നിയമസഭയ്ക്ക് നൽകിയിരിക്കുന്ന ഈ അധികാരം ഉപയോഗിച്ച് കാലാകാലങ്ങളിൽ പലയാളുകളെയും ഇതുപോലെ ഒഴിവാക്കിയിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. എന്നാൽ മാറി വരുന്ന കാലഘട്ടത്തിന്റെ പ്രത്യേകതകൾ ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. XIV-ാം നിയമസഭയുടെ ആദ്യസമ്മേളനത്തിൽ തന്നെ ഇങ്ങനെയൊരു നിയമം കൊണ്ടുവന്നതിന്റെ യുക്തി അല്ലെങ്കിൽ ആവശ്യകത,

അതിന്റെ പ്രാധാന്യം ആർക്കും മനസ്സിലാകുന്നില്ല. ഭഗവാൻദാസ് സെഗാൾ Vs സ്റ്റേറ്റ് ഓഫ് ഹരിയാന എന്ന കേസ്സിലെ സുപ്രീംകോടതി വിധി സുപ്രധാനമായ ഒന്നാണ്. മുൻ ലോക്സഭാ സെക്രട്ടറിയായിരുന്ന പി.ഡി.റ്റി. ആചാരി മാത്രമാണ് Office of Profit സംബന്ധിച്ച് ആകെ ഒരു പുസ്തകം ഇറക്കിയിട്ടുള്ളത്. അതിലെ 355-ാമത്തെ പേജിൽ പറയുന്നത് "It must be remembered that Article 191(1)(a) of the Constitution gives a wide power to the State Legislature to declare by law what office or offices of profit held under the Government shall not disqualify the holder thereof from being chosen or for being a member of the State Legislature. Classification of such offices for the purpose of removing the disqualification has thus been left primarily to the legislative discretion. It follows that so long as this exemptive power is exercised reasonably and with due restraint and in a manner in which does not drain out the Article 191(1)(A) of its real content or disregard any constitution guarantee or mandate, the Court will not interfere." എന്നാണ്. ഇതാണ് സുപ്രീം കോടതി വിധിയിൽ പറയുന്നത്. Due restraint പാലിക്കണം; അതാണ് ഏറ്റവും പ്രാധാനപ്പെട്ട കാര്യം. ഈ അടുത്ത സമയത്ത് ഡൽഹി ഹൈക്കോടതിയുടെ ഒരു വിധിയുണ്ടായി. 23 നിയമസഭാ സാമാജികരെ പാർലമെന്ററി സെക്രട്ടറിമാരായി നിയമിച്ച് അവർക്ക് പ്രത്യേക അധികാരങ്ങൾ ഡൽഹി ഗവൺമെന്റ് നൽകുകയുണ്ടായി. ആ പദവിയെ Office of profit-ന്റെ പരിധിയിൽനിന്ന് പുറത്തു കൊണ്ടുവരുന്നതിന് ഡൽഹി നിയമസഭ പാസ്സാക്കിയ ഭേദഗതി രാഷ്ട്രപതി ഒപ്പുവയ്ക്കാൻ വിസമ്മതിച്ചു. രാഷ്ട്രപതി അംഗീകരിക്കാതെ ബിൽ തിരിച്ചയയ്ക്കുകയുണ്ടായി. അതിനകത്ത് ഏറ്റവും പ്രധാനപ്പെട്ടതായി പറയുന്നത് ആർട്ടിക്കിൾ 191(a)(1)-ന്റെ സ്പിരിന് എതിരായിട്ടുള്ള ഒരു അമെന്റ്മെന്റാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത് എന്നുള്ളതാണ്. ഭരണഘടന നൽകിയ അധികാരം ഉപയോഗിച്ച് ഭേദഗതി വരുത്തുമ്പോൾ സംയമനം പാലിക്കണം. ഭേദഗതി യുക്തിപൂർണ്ണമാകണം. ഭേദഗതി യുക്തിപൂർണ്ണമായില്ലെങ്കിൽ കോടതിയുടെ ഇടപെടലുകളുണ്ടാകും എന്നൊരു താക്കീതാണ് ഭഗവാൻദാസ് കേസ്സിൽ പ്രത്യേകമായി സൂചിപ്പിക്കുന്നത്. ചുരുക്കത്തിൽ സർവ്വതന്ത്ര സ്വതന്ത്രമായ ഒരു അധികാരമല്ല ഇതെന്നും ഏത് തരത്തിലുള്ള സ്ഥാനത്തെയും അയോഗ്യതയിൽ നിന്നൊഴിവാക്കാൻ ശ്രമിക്കരുതെന്നുമുള്ള ധ്വനി സുപ്രീംകോടതിയുടെ പരാമർശത്തിൽ കാണാൻ കഴിയുന്നു. ഭരണഘടനയുടെ 191-ാം വകുപ്പിന്റെ കാതൽ നഷ്ടപ്പെടുത്തുന്ന രീതിയിലുള്ള ഭേദഗതികൾ പാടില്ലെന്ന് കോടതി നിയമസഭകളെയും പാർലമെന്റിനെയും ഓർമ്മിപ്പിക്കുന്ന സുപ്രധാനമായ ഒരു വിധിയാണ് ഇക്കാര്യത്തിൽ സുപ്രീംകോടതി 1974-ലെ ഭഗവാൻദാസ് കേസ്സിൽ വ്യക്തമാക്കിയിരിക്കുന്നത്. അതുകൊണ്ട് പതിനാലാം

കേരള നിയമസഭയുടെ ആദ്യത്തെ സമ്മേളനത്തിൽ ഇത്ര ധൃതിപിടിച്ച് ഒരു ബിൽ കൊണ്ടുവരേണ്ടതിന്റെ ആവശ്യകത എന്താണ്? ഇത് യുക്തിരഹിതമായ ഒന്നാണ്. എന്ത് അടിയന്തര പ്രാധാന്യമാണ് ഇവിടെ ഉണ്ടായിരിക്കുന്നത്; ഏത് വ്യക്തിക്കു വേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നിരിക്കുന്നത്? നേരത്തേ ഇവിടെ നിയമങ്ങൾ വന്നിട്ടുണ്ട്. നേരത്തേ ശ്രീ. പി. സി. ജോർജിനെയും അന്നത്തെ പ്രതിപക്ഷ നേതാവായ ശ്രീ. വി. എസ്. അച്ചുതാനന്ദനെയും ഇതിൽനിന്നും എക്സംപ്റ്റ് ചെയ്യാനായി നിയമം കൊണ്ടുവന്നത് കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ്, ഗവർണ്ണർക്ക് പരാതി കൊടുത്തതിന്റെ അടിസ്ഥാനത്തിലാണ്. അതിനുമുമ്പ് ശ്രീ. ദാമോദരൻ കാളാശ്ശേരിക്കുവേണ്ടി ഒരു നിയമം കൊണ്ടുവന്നത് കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ്. ശ്രീ. ടി. എച്ച്. മുസ്തഫ എം.എൽ.എ. ആയിരുന്ന കാലഘട്ടത്തിൽ അദ്ദേഹം ഖാദി ബോർഡ് വൈസ് ചെയർമാനായി. അപ്പോഴും ഈ നിയമസഭയിൽ ഒരു ബിൽ കൊണ്ടു വന്നിരുന്നു. അതും കോടതിയിൽ ചോദ്യം ചെയ്തതിന്റെ അടിസ്ഥാനത്തിലാണ്. ആരുടെയും പെറ്റീഷൻ വരാതെ, കോടതിയിൽ ആരും ചോദ്യം ചെയ്യാതെ ഇത്തരമൊരു നിയമം കൊണ്ടുവരുന്നത് ഭരണഘടനയുടെ 191(1)(a)-വകുപ്പിന്റെ സ്പിരിറ്റിന് എതിരായതുകൊണ്ട് ഞാൻ ഇതിനെ ഒബ്ജക്ട് ചെയ്യുന്നു. ഈ ബിൽ അവതരിപ്പിക്കാൻ അനുവദിക്കരുതെന്നാണ് എന്റെ ഒബ്ജക്ഷൻ.

2.38 PM]

<u>ശ്രീ. എം. ഉമ്മർ</u>: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതിന് സമാനമായിട്ടുള്ള ചില കാര്യങ്ങളാണ് എനിക്കും പറയാനുള്ളത്. ഇത് യുക്തി രഹിതമെന്നുമാത്രമല്ല ചട്ടലംഘനവും ഭരണഘടനാ വിരുദ്ധവുമാണ്. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ചതുപോലെ റൂൾ 73, ആർട്ടിക്കിൾ 207(3) എന്നിവയുടെ ലംഘനമാണ്. അത് വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഇവിടെ പറഞ്ഞിരിക്കുന്നത്“ The Bill, if enacted and brought into operation, would not involve any expenditure from the Consolidated Fund of the State.” എന്നാണ്. ചീഫ് വിപ്പിന്റെ പദവി എന്നുപറഞ്ഞാൽ കാറും ബംഗ്ലാവും സ്റ്റാഫും കൊടുക്കേണ്ടിവരും. അതിനുവേണ്ടിവരുന്ന ഫണ്ട് എവിടെ നിന്നുമാണ് നൽകാൻ കഴിയുന്നത്? ഭരണ പരിഷ്കാര കമ്മീഷൻ നിയമസഭയുടെ ഭാഗമല്ല, പുറത്താണ്. നിയമസഭയ്ക്ക് പുറത്താണ് കമ്മീഷൻ ചെയർമാന്റെ ഓഫീസ് വർക്ക് ചെയ്യുന്നത്. അതേസമയം മുമ്പ് ഈ ബില്ലും ആക്ടും വന്നത് പ്രതിപക്ഷ നേതാവിന്റെ

ശമ്പളവുമായി ബന്ധപ്പെട്ടാണ്, ചീഫ് വിപ്പിന്റെ ശമ്പളവുമായി ബന്ധപ്പെട്ടാണ് ഭേദഗതികൾ വന്നിട്ടുള്ളത്. അവർ നിയമസഭയുടെ part and parcel ആണ്. നിയമസഭയിൽ വരുന്ന ഫണ്ട് consolidated fund-ൽ നിന്നുമല്ലെങ്കിൽ ഏത് ഫണ്ടിൽ നിന്നാണ് നൽകുന്നത്? ബഹുമാനപ്പെട്ട എ. കെ. ബാലൻ പറഞ്ഞിരിക്കുന്ന വാദഗതികൾ തന്നെ അദ്ദേഹത്തിനെതിരായിട്ടുള്ള തെളിവുകളായി നിലനിൽക്കുകയാണ്. അദ്ദേഹം സമർത്ഥമായി അവതരിപ്പിച്ചിട്ടുള്ള വാദഗതികൾ ഇവിടെ നിലനിൽക്കുകയാണ്. അതുകൊണ്ട് ഇത് ആർട്ടിക്കിൾ 207(3)-നം റൂൾ 73-നം വിരുദ്ധമാണ്. ഇത് അനുവദിക്കാൻ പാടില്ല. മാത്രമല്ല consolidated fund-ൽ നിന്നും ചെലവ് വഹിക്കണെങ്കിൽ ഗവർണ്ണറുടെ അംഗീകാരം ആവശ്യമാണ്. ഗവർണ്ണറുടെ അംഗീകാരം ഇതിന് ലഭിച്ചിട്ടില്ല. ഗവർണ്ണറുടെ അംഗീകാരത്തോടുകൂടി ബിൽ രണ്ടാമത് അവതരിപ്പിക്കുന്നതിന് ഈ ബിൽ പിൻവലിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

2.39 PM]

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, ഞാൻ ഈ ക്രമപ്രശ്നം ഉന്നയിക്കുന്നതിന്റെ പ്രധാനപ്പെട്ട കാരണം ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ബഹുമാനപ്പെട്ട മെമ്പർ എം. ഉമ്മറും സൂചിപ്പിച്ചതുപോലെ ഫിനാൻഷ്യൽ മെമ്മോറാണ്ടം ഇതിൽ അവിഭാജ്യ ഘടകമാണ് എന്നുള്ളതുകൊണ്ടാണ്. എന്ത് കാരണംകൊണ്ടാണ് ഫിനാൻഷ്യൽ മെമ്മോറാണ്ടം ചേർക്കാത്തതെന്ന് ഗവൺമെന്റ് വ്യക്തമാക്കേണ്ടതുണ്ട്. 1956-ലെ എസ്സൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് പാർലമെന്റ് പാസ്സാക്കുന്ന സമയത്ത് ഇതുപോലെ തടസ്സവാദം ഉന്നയിച്ചപ്പോൾ, ഇന്ത്യയുടെ പാർലമെന്ററി ചരിത്രത്തിൽ എല്ലാവരും ക്വാട്ട് ചെയ്യുന്ന, ആദ്യത്തെ നിയമസഭാ സ്പീക്കറായിരുന്ന മൗലങ്കാർതന്നെ ഗവൺമെന്റിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും ചെലവാകുന്ന തുകയുണ്ടെങ്കിൽ തീർച്ചയായും ഫിനാൻഷ്യൽ മെമ്മോറാണ്ടം വേണമെന്ന് ഒരു മാൻഡേറ്ററി പ്രൊവിഷനായി പറഞ്ഞിട്ടുണ്ട്. മാത്രമല്ല, ശക്ധർ ആന്റ് കൗളിൽ ഇതിനെക്കുറിച്ച് കുറെക്കൂടി വ്യക്തമായി പറയുന്നുണ്ട്. A Bill involving expenditure from the Consolidated Fund of India is required to be accompanied by a financial memorandum which outlines the objects on which the expenditure is likely to be involved. The memorandum has to invite particular attention to the clauses involving expenditure and also to give an estimate of the recurring and non-recurring expenditure involved in

case the Bill is passed into law. ഇവിടെ ഒരു ഭരണ പരിഷ്കാര കമ്മീഷൻ ഈ നിയമ ഭേദഗതിയിലൂടെ നിലവിൽ വരികയാണ്. ഭരണ പരിഷ്കാര കമ്മീഷന് പ്രത്യേക നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല. ക്യാബിനറ്റ്കൂടി ഭരണ പരിഷ്കാര കമ്മീഷനെ നിയമിക്കാൻ തീരുമാനിച്ച് ഒരു ഗവൺമെന്റ് ഓർഡർ ഇഷ്യൂ ചെയ്താൽ ഭരണ പരിഷ്കാര കമ്മീഷൻ നിലവിൽ വരും. ഒന്നുകിൽ ഒരു ഭരണ പരിഷ്കാര കമ്മീഷനുണ്ടാക്കാൻ ഞങ്ങൾ ഉദ്ദേശിക്കുന്നില്ലെന്ന് ഗവൺമെന്റ് ഇവിടെ വ്യക്തമാക്കണം. കാരണം അത് ഓഫീസ് ഓഫ് പ്രോഫിറ്റാണ്. അല്ലാതെ പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചതുപോലെ ഈ നിയമസഭയുടെ ആദ്യത്തെ സമ്മേളനത്തിൽത്തന്നെ വളരെ ധൃതിപിടിച്ച് ഇങ്ങനെയൊരു ബിൽ കൊണ്ടുവരുന്നതിന്റെ അർത്ഥം ഈ ബിൽ പാസ്സാകുന്നതിനെ തുടർന്ന് ഒരു ഭരണ പരിഷ്കാര കമ്മീഷൻ ഇവിടെ ഉണ്ടാകുന്നുവെന്നുള്ളതാണ്. ആ ഭരണ പരിഷ്കാര കമ്മീഷൻ ഈ ബില്ലിന്റെ തുടർച്ചയായാണ് ഇവിടെ ഉണ്ടാകുന്നത്. ബില്ലിന്റെ തുടർച്ചയായി ഒരു ഭരണ പരിഷ്കാര കമ്മീഷനുണ്ടാകുമ്പോൾ അതിന് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും പണം ചെലവാകുന്നുണ്ട്. അതുകൊണ്ട് ഫിനാൻഷ്യൽ മെമ്മോറാണ്ടം വേണം. ഇവിടെ ശ്രീ. എ. കെ. ബാലന്റെ കാര്യം എല്ലാവരും സൂചിപ്പിച്ചു. കഴിഞ്ഞ പ്രാവശ്യം ശ്രീ. പി. സി. ജോർജിനെയും പ്രതിപക്ഷ നേതാവിനെയും ഡിസ്ക്വാളിഫൈ ചെയ്യാതിരിക്കാൻ വേണ്ടിയാണ് നമ്മൾ ആ നിയമം ഇവിടെ കൊണ്ടുവന്നത്. അന്ന് ശ്രീ. എ. കെ. ബാലൻ തടസ്സവാദം ഉന്നയിച്ചുകൊണ്ട് പറഞ്ഞത് ഫിനാൻഷ്യൽ മെമ്മോറാണ്ടം വേണമെന്നാണ്. യഥാർത്ഥത്തിൽ ആ ബിൽ കൊണ്ടുവരുമ്പോൾത്തന്നെ അവർ ആ സ്ഥാനങ്ങളിൽ ഇരിക്കുന്നവരാണ്. ശ്രീ. പി. സി. ജോർജ് അന്ന് ചീഫ് വിപ്പ് തന്നെയായിരുന്നു. അദ്ദേഹം കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും തുക വാങ്ങിക്കൊണ്ടിരിക്കുകയാണ്. പ്രതിപക്ഷ നേതാവും അന്ന് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും പണം വാങ്ങിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷെ ഈ നിയമം ഞങ്ങൾ കൊണ്ടുവന്നപ്പോൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് ഒരു രൂപപോലും പുതിയതായി വരാത്തതുകൊണ്ടാണ് ഫിനാൻഷ്യൽ മെമ്മോറാണ്ടം ചേർക്കാതിരുന്നത്. ഇവിടെ ഭരണ പരിഷ്കാര കമ്മീഷൻ നിലവിൽ വരുമ്പോൾ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും പണം ആവശ്യമുണ്ട്. അല്ലെങ്കിൽ, ഭരണ പരിഷ്കാര കമ്മീഷൻ ഉടൻ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നില്ലെന്നും ഇത് ഭാവിയിൽ എം.എൽ.എ.-മാർക്കുള്ള ഒരു പ്രൊട്ടക്ഷനുവേണ്ടി മാത്രമാണെന്നും ഗവൺമെന്റ് അസന്നിഗ്ദ്ധമായി പറഞ്ഞാൽ

ഫിനാൻഷ്യൽ മെമ്മോറാണ്ടം ഒഴിവാക്കാം. അങ്ങനെ പറയാൻ സർക്കാർ തയ്യാറുണ്ടോ. അതുകൊണ്ട് ഞാൻ ഈ തടസ്സവാദം ഉന്നയിക്കുന്നു.

2.43 PM]

ശ്രീ. കെ. സി. ജോസഫ്: സർ, ഈ ബിൽ അസാധാരണമായ ഒന്നാണ്. ഇതൊരു പൊളിറ്റിക്കലി മോട്ടിവേറ്റഡ് ബില്ലാണ്. 1951 ഒക്ടോബർ 11 മുതൽ പ്രാബല്യത്തിൽ വരുമെന്നാണ് ഈ ബിൽ പറയുന്നത്. 64 കൊല്ലം മുമ്പ് ബിൽ പ്രാബല്യത്തിൽ വരികയാണ്. ഈ സഭയിൽ 64 കൊല്ലം മുമ്പുണ്ടായ കാര്യംവരെ സാധൂകരിക്കേണ്ട കാര്യമുണ്ടോ? ഒന്നാം ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ അന്ന് മുഖ്യമന്ത്രിയായിരുന്ന ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ആയിരുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, 1957 ആഗസ്റ്റ് 15-നിറങ്ങിയ ഒന്നാം ഭരണ പരിഷ്കാര കമ്മീഷന്റെ നോട്ടിഫിക്കേഷൻ എന്റെ കയ്യിലുണ്ട്. മുഖ്യമന്ത്രിയായിരുന്ന ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ചെയർമാനായാണ് അന്നത് രൂപീകരിച്ചത്. അങ്ങനെ ആദ്യത്തെ ഭരണ പരിഷ്കാര കമ്മീഷൻ 1957-ൽ രൂപീകരിക്കുമ്പോൾ എന്തിനാണ് 1951 മുതലുള്ള മുൻകാല പ്രാബല്യത്തോടെ വരുന്നതെന്ന് അങ്ങയുടെ ശ്രദ്ധയിൽപ്പെടിട്ടുണ്ടോ;

ശ്രീ. കെ. സി. ജോസഫ്: സർ, ഇത് 64 കൊല്ലം പുറകോട്ട് പോകുകയാണ്. ഒന്നാം കമ്മീഷൻ ചെയർമാൻ അന്നത്തെ മുഖ്യമന്ത്രി ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടാണ്. മൂന്നാം കമ്മീഷൻ ചെയർമാൻ അന്നത്തെ മുഖ്യമന്ത്രി ഇ. കെ. നായനാർ. അവരെപ്പറ്റി ബില്ലിൽ പരാമർശമില്ല. ഈ ബില്ലിലെ പർപ്പസ് ലിമിറ്റഡാണ്. എം.എൽ.എ. ആയ ആളിനെ കമ്മീഷൻ ചെയർമാനാക്കാൻ വേണ്ടിയുള്ള പർപ്പസാണ് ഈ ബില്ലിലുള്ളത്. അന്ന് മുഖ്യമന്ത്രിമാർ വഹിച്ച പദവിക്ക് ഈ ബില്ലിന്റെ സംരക്ഷണം വരുന്നില്ല. അങ്ങനെയിരിക്കെ ഈ ബില്ലിന് മുൻകാല പ്രാബല്യം ആവശ്യമില്ല. ഇത് ഒന്നാമത്തെ കാര്യം. രണ്ടാമത്തെ കാര്യം ഇവിടെ എല്ലാവരും ആവർത്തിച്ച- ഈ ബില്ലിൽ ധനകാര്യ മെമ്മോറാണ്ടം ഇല്ല. ബഹുമാന്യനായ നിയമ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലന്റെ വാദം അദ്ദേഹത്തിനുതന്നെ വിനയാണ്. 2012-ൽ അദ്ദേഹം സമാനമായ ബില്ലിന്റെ ചർച്ചയിൽ പറഞ്ഞത് ധനകാര്യ മെമ്മോറാണ്ടം വേണമെന്നായിരുന്നു. അന്ന് ചീഫ് വിപ്പിനും പ്രതിപക്ഷ നേതാവിനും വേണ്ടിയാണ് ബിൽ കൊണ്ടുവന്നത്. അവരുടെ ശമ്പളം കൊടുക്കുന്നത് നിയമസഭാംഗങ്ങളുടെ പേയ്മെന്റ്സ് ഓഫ് സാലറീസ് ആക്ട് അനുസരിച്ച് അസംബ്ലിയിൽ നിന്നാണ്. ഈ ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാന് ശമ്പളവും ആനുകൂല്യങ്ങളും കൊടുക്കുന്നത് കൺസോളിഡേറ്റഡ്

ഫണ്ടിൽനിന്നാണ്. അങ്ങ് പറഞ്ഞതുപോലെ ഗവൺമെന്റ് ചീഫ് വിപ്പിന്റെ എം.എൽ.എ. സ്ഥാനം സംരക്ഷിക്കാൻവേണ്ടിയാണ് അന്നത്തെ ബിൽ കൊണ്ടു വന്നത്. ചീഫ് വിപ്പ് നിയമസഭയുടെ ഭാഗമാണ്. ഭരണപരിഷ്കാര കമ്മീഷൻ ചെയർമാന് ഗവൺമെന്റ് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നാണ് നൽകുന്നത്. ഈ ഭരണ പരിഷ്കാര കമ്മീഷൻ ചെയർമാന് ശമ്പളം നൽകുന്നത് നിയമസഭയല്ല, കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നാണ്. അത് ധനകാര്യ മെമ്മോറാണ്ടത്തിൽ വേണ്ടേ? ഈ പദവി ശമ്പളമില്ലാത്ത പദവിയാണോ; ഈ പദവിക്ക് എം.എൽ.എ.-ക്കുള്ള ആനുകൂല്യമല്ലാതെ മറ്റ് ആനുകൂല്യങ്ങളൊന്നുമില്ലേ? അങ്ങനെയാണെങ്കിൽ കുഴപ്പമില്ല. ഈ പുതിയ കമ്മീഷൻ ചെയർമാനാകുന്ന ആളിന് ശമ്പളവും ആനുകൂല്യങ്ങളും വാഹനവും വീടും നൽകുന്നുണ്ടെങ്കിൽ അതിന് പണം ചെലവാകും. ആ പണം ചെലവാകുന്നത് കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നാണ്. ഇവിടെ പറയുന്നത്, ഈ ബിൽ നിയമമാകുകയും പ്രാബല്യത്തിൽ വരികയും ചെയ്താൽ സംസ്ഥാന സഞ്ചിത നിധിയിൽനിന്നും ചെലവുണ്ടാകുകയില്ലെന്നാണ്. കമ്മീഷൻ ചെയർമാനാകാൻ പോകുന്ന എം.എൽ.എ.-ക്ക് ശമ്പളമോ വീടോ ആനുകൂല്യങ്ങളോ ഇല്ലെങ്കിൽ കുഴപ്പമില്ല. അതല്ല, ശമ്പളം നൽകുന്നുണ്ടെങ്കിൽ അത് കൺസോളിഡേറ്റഡ് ഫണ്ടിൽ വരണം. ധനകാര്യ മെമ്മോറാണ്ടത്തിൽ പണച്ചെലവിന്റെ പരാമർശം ഉൾപ്പെടുത്താതെയും ഗവർണ്ണറുടെ സാംഗ്ഷനില്ലാതെയും കൊണ്ടുവന്ന ബിൽ നിയമപരമായി നിൽക്കുന്നതല്ല. ശ്രീ. എ. കെ. ബാലൻ, അങ്ങ് അന്ന് പറഞ്ഞതു പോലെ ഈ ബിൽ മടക്കി അയയ്ക്കുകയും വീണ്ടും പുതിയ ധനകാര്യ മെമ്മോറാണ്ടമായി കൊണ്ടുവരികയും ചെയ്യണം.

2.47 PM]

<u>ശ്രീ. കെ. എം. മാണി:</u> സർ, എപ്പോഴും ഒരു ബിൽ കൊണ്ടുവരുമ്പോൾ അതിന്റെ സ്റ്റേറ്റ്മെന്റ് ഓഫ് ഒബ്ജക്ട്സ് ആന്റ് റീസൺസിൽ ഇങ്ങനെ ഒരു നിയമം കൊണ്ടുവരുന്നതിന്റെ ഉദ്ദേശ്യം എന്താണ്; ഇത് ആർക്കുവേണ്ടിയാണ് എന്ന് വ്യക്തമാക്കണം. ഈ ബില്ലിൽ അത് മറച്ചുവച്ചിരിക്കുകയാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദന് വേണ്ടിയാണെങ്കിൽ നേരെ തെളിച്ചുപറയട്ടെ. അദ്ദേഹം വളരെ ആദരണീയനായ ഒരു വ്യക്തിയാണ്. അദ്ദേഹത്തിന് എന്തെങ്കിലും സൗകര്യം വേണമെങ്കിൽ മാർക്സിസ്റ്റ് പാർട്ടിക്ക് ചെയ്തുകൊടുക്കാമായിരുന്നു. അല്ലെങ്കിൽ സ്റ്റേറ്റ് അത് ചെയ്തുകൊടുക്കണമെങ്കിൽ ഞങ്ങൾ അതിന് തയ്യാറാണ്. മാർക്സിസ്റ്റ് പാർട്ടിക്ക്

അതിന് കഴിവില്ല, സ്റ്റേറ്റ് എക്സ്ചെക്കറിൽനിന്ന് വേണം അദ്ദേഹത്തിനെ പരിരക്ഷിക്കാനെങ്കിൽ ശരി, ഞാനതിന് എതിര് പറയുകയില്ല. പക്ഷെ, അതിനെ സംബന്ധിച്ചിടത്തോളം സ്റ്റേറ്റ്മെന്റ് ഓഫ് ഒബ്ജക്ട്സ് ആന്റ് റീസൺസിൽ പറയേണ്ടതാണ്. നിലവിൽ ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ സ്ഥാനം ഓഫീസ് ഓഫ് പ്രോഫിറ്റ് അല്ല. ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ ശമ്പളം വാങ്ങുന്നില്ല. സഭയിലെ എം.എൽ.എ.-മാരിൽ രണ്ടുപേർ ഇതിന് മുമ്പുണ്ടായിരുന്നു. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് ശമ്പളം വാങ്ങിയിരുന്നില്ല. ഇ. കെ. നായനാരും ശമ്പളം വാങ്ങിയിരുന്നില്ല. അങ്ങനെയെങ്കിൽ ശ്രീ. വി. എസ്. അച്ചുതാനന്ദന് ശമ്പളം വാങ്ങാതിരിക്കാം. ജോസഫ് മുണ്ടശ്ശേരിയും ശമ്പളം വാങ്ങിയിരുന്നില്ല. മന്ത്രിയുടെ ശമ്പളവും പെർക്സും കൊടുക്കുന്നുവെന്ന് മീഡിയ പറയുന്നത് കേട്ടു. എനിക്കറിയില്ല. മീഡിയയിൽ കേട്ടത് ശ്രീ. വി. എസ്. അച്ചുതാനന്ദന് മന്ത്രിയുടെ ശമ്പളവും പെർക്സും കൊടുക്കുന്നു എന്നുള്ളതാണ്. അങ്ങനെ വേണമെങ്കിൽ പേയ്മെന്റ് ഓഫ് സാലറീസ് ആന്റ് അലവൻസസ് ആക്ട് ഭേദഗതി ചെയ്യണം. അല്ലാതെ വെറുതെ ഇതിൽ പറഞ്ഞാൽ പറ്റില്ല. പേയ്മെന്റ് ഓഫ് സാലറീസ് ആന്റ് അലവൻസസ് ആക്ട് ഭേദഗതി ചെയ്യാതെ ഈ ലക്ഷ്യം നിറവേറ്റാൻ കഴിയില്ല. കൂടാതെ, ഭരണഘടനയുടെ 207 (3) അനുസരിച്ച് ഗവർണ്ണറുടെ ശിപാർശയും ഈ ബില്ലിന് ആവശ്യമാണ്. അല്ലെങ്കിൽ ഈ നിയമം പാസ്സാക്കിയിട്ട് ഒരു കാര്യവുമില്ല. അത് കിട്ടിയിട്ടുണ്ടോ; ഗവർണ്ണറുടെ ശിപാർശ കിട്ടിയിട്ടില്ലെങ്കിൽ ഈ സഭയിൽ ഇത് പാസ്സാക്കാനും കഴിയില്ല. എക്സിക്യൂട്ടീവ് ഓർഡർ അനുസരിച്ച് സ്റ്റാറ്റ്യൂട്ടറി ആക്ട് ഭേദഗതി ചെയ്യാൻ കഴിയില്ല. പിന്നീട് അത് ചെയ്യാമെന്ന് നിങ്ങളുടെ മനസ്സിലുണ്ടെങ്കിൽ അത് കഴിയില്ല. നിയമപ്രകാരം ആകണമെങ്കിൽ പേയ്മെന്റ് ഓഫ് സാലറീസ് ആന്റ് അലവൻസസ് ആക്ട് ഭേദഗതി ചെയ്യണം. അതിനുള്ള അമെന്റ്മെന്റ് പ്രൊപ്പോസൽ ഈ ബില്ലിൽ ഇല്ല. അതുകൊണ്ട് ഇത് പ്രായോഗികമല്ല.

2.49 PM]

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇത് അത്ര കോംപ്ലികേറ്റഡായുള്ള ഒരു ബിൽ അല്ല. അത് ആദ്യം മനസ്സിലാക്കണം. ഇത് വളരെ ലളിതമാണ്. ആദ്യത്തെ ചോദ്യം, നിയമസഭയ്ക്ക് ഇതിന്റെ കോംപിറ്റൻസി ഉണ്ടോയെന്നുള്ളതാണ്. ഇത് ഭരണഘടനാപരമായി നിലനിൽക്കുന്നതല്ലെന്ന് പറഞ്ഞല്ലോ; 191(1)(a) പ്രകാരം നിയമസഭയ്ക്ക് ഈ നിയമം കൊണ്ടുവരാനുള്ള

അധികാരമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ 1951-ലും 1957-ലും 1968-ലും 1979-ലും 2012-ലും ഇവിടെ നിയമം കൊണ്ടുവന്നിട്ടുണ്ട്. 2012-ൽ നിയമം കൊണ്ടുവന്നതിന്റെ പ്രധാനപ്പെട്ട ഉദ്ദേശ്യം ചീഫ് വിപ്പുമായി ബന്ധപ്പെട്ടുകൊണ്ടാണ്. ആദ്യം വന്നത് അതാണ്. ചീഫ് വിപ്പിന് ക്യാബിനറ്റ് റാങ്ക് കൊടുക്കുന്നത് വിവാദമായി. അതിന്റെ ഭാഗമായി അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി നിയമം കൊണ്ടുവന്നു. അതിന്റെ കൂടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനെയും ഉൾപ്പെടുത്തി. അതിൽ ശ്രീ. സെബാസ്റ്റ്യൻ പോളിന്റെ പരാതി ബഹുമാനപ്പെട്ട ഗവർണ്ണർക്ക് ലഭിച്ചു. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പ്രതിപക്ഷസ്ഥാനവും ഓഫീസ് ഓഫ് പ്രോഫിറ്റിൽ വരുന്നതാണെന്ന് പറഞ്ഞുള്ള പരാതിയുണ്ടായി. അതിന്റെ ഭാഗമായാണ് ബിൽ കൊണ്ടുവന്നത്. ആ ബിൽ ഇവിടെ അവതരിപ്പിച്ച സമയത്ത് ഞാൻ അതിന് ക്രമപ്രശ്നം കൊണ്ടുവന്നിരുന്നു. എന്റെ ക്രമപ്രശ്നം ദയവുചെയ്ത് വേദവാക്യമായി നിങ്ങളെടുക്കരുത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇവിടെ പറഞ്ഞത് നിങ്ങൾക്ക് ഓർമ്മയുണ്ടല്ലോ, പ്രതിപക്ഷത്തിരിക്കുന്ന സമയത്ത് നിയമമല്ലാത്ത കാര്യവും നിയമമുള്ള കാര്യങ്ങളുമൊക്കെ ഞങ്ങൾ നോക്കും. ബഹുമാനപ്പെട്ട സ്പീക്കറാണ് റൂളിംഗ് നൽകേണ്ടത്. ഞാൻ വളരെ സൂക്ഷിച്ചിട്ടാണിത് പറയുന്നത്. എ. കെ. ബാലന്റെ ക്രമപ്രശ്നം നിലനിൽക്കില്ലെന്ന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് കൊടുത്തു. അതുതന്നെയാണ് ഇവിടെയും ഞാൻ പറയുന്നത്. നിങ്ങളിവിടെ ഉയർത്തിക്കൊണ്ടു വന്ന ക്രമപ്രശ്നത്തെ സംബന്ധിച്ച് വളരെ വിശദമായി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല ഉന്നയിച്ചിട്ടുള്ള ആക്ഷേപം വളരെ പ്രസക്തമായിട്ടുള്ളതാണ്. കേൾക്കുമ്പോൾ എന്തോ ഒരു വലിയ സംഭവമാണ് അദ്ദേഹം പറയുന്നതെന്ന് നമുക്കുതോന്നും. അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഒരു വിധിയുണ്ട്, ആർട്ടിക്കിൾ 191-ന്റെ ഇന്റൻഷന് വിരുദ്ധമായി ഒരു നിയമനിർമ്മാണം കൊണ്ടു വരുമ്പോൾ ആലോചിച്ച് ചെയ്യേണ്ടതാണ്, ഇതിനെ misuse ചെയ്യാൻ പാടില്ല. ഇതൊക്കെയാണ് ഈ കേസുമായി ബന്ധപ്പെട്ടുകൊണ്ട് അദ്ദേഹം ഇവിടെ അവതരിപ്പിച്ചത്. ഭഗവാൻ ദാസ് സെഗാൾ v/s സ്റ്റേറ്റ് ഓഫ് ഹരിയാന AIR 1974 SC കേസിലെ വിധിയുടെ അന്തഃസത്തയ്ക്ക് എതിരാണ് ഈ നിയമമെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ

നേതാവ് പറഞ്ഞത്. ഭഗവാൻദാസ് കേസ് ഒരു തെരഞ്ഞെടുപ്പ് കേസാണ്. എതിർസ്ഥാനാർത്ഥി അൻസിലാൽ സൂരി സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ ബോർഡ് ചെയർമാനായി ആദായകരമായ പദവി വഹിക്കുന്ന എന്നതുകൊണ്ട് അത് അസാധുവാക്കണം എന്നുള്ളതായിരുന്നു കേസ്. ഇതിന്റെ ഭാഗമായി പഞ്ചാബ് സ്റ്റേറ്റ് ലെജിസ്ലേച്ചർ Prevention of Disqualification Act-ലെ വ്യവസ്ഥപ്രകാരം ഈ പദവി വഹിക്കുന്നതിനുള്ള അയോഗ്യത നീക്കം ചെയ്തു. ഇക്കാര്യം കോടതി പരിശോധിച്ചു. ഭരണഘടനയുടെ ആർട്ടിക്കിൾ 191(1)(a) പ്രകാരം നിയമസഭാംഗത്തിന് ആദായകരമായ മറ്റു പദവികൾ വഹിക്കുന്നതിനുള്ള വിലക്ക് നീക്കം ചെയ്യാൻ സംസ്ഥാന നിയമസഭയ്ക്ക് അധികാരമുണ്ടെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ Punjab Legislature (Prevention of Disqualification) Act ഭരണഘടനാപരമാണെന്ന് വിധിച്ചു. ആദായകരമായ ഒരു പദവി നിയമസഭാംഗം വഹിക്കുന്നതിന് ആവശ്യമായ നിയമം പാസ്സാക്കാൻ സംസ്ഥാന നിയമസഭയ്ക്ക് അധികാരമുണ്ട് എന്നുതന്നെയാണ് ഈ വിധിയിലും വ്യക്തമാക്കിയിട്ടുള്ളത്. 2007-ലെ Rajaram Paul v/s Hon'ble Speaker, Loksabha കേസിൽ അഞ്ചംഗ ഭരണഘടനാ ബെഞ്ചിന്റെ വിധിയിലും ആർട്ടിക്കിൾ 191 പ്രകാരം നിയമം കൊണ്ടുവരുന്നതിനുള്ള നിയമസഭയുടെ അധികാരം ബഹുമാനപ്പെട്ട സുപ്രീംകോടതി അംഗീകരിച്ചിട്ടുണ്ട്. അതുകൊണ്ട് പ്രതിപക്ഷ നേതാവിന്റെ ഈ ആക്ഷേപത്തിന് ഇവിടെ ഒരു പ്രസക്തിയുമില്ല. ഇത് ബഹുമാനപ്പെട്ട സുപ്രീംകോടതി അപ്ഹോൾഡ് ചെയ്തതാണ്. രണ്ടാമത്തെ കാര്യം അദ്ദേഹം പറഞ്ഞത് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് വലിയ ചെലവുവരുമെന്നതിനാൽ ധനകാര്യ മെമ്മോറാണ്ടം ഇതിന്റെ ഭാഗമായിട്ടില്ല എന്നുള്ളതാണ്. ഇതിനു സമാനമായി ഞാൻ ഒരു കാര്യം പറയാം. 2012-ൽ ഓർഡിനൻസ് നമ്പർ 23 നമ്മളിവിടെ ബില്ലാക്കി (95/2012). 2012-ലെ നിയമസഭാ അയോഗ്യത നീക്കം ചെയ്യൽ ബിൽ അന്നുകൊണ്ടുവന്നത് നേരത്തെ ഞാൻ സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട ശ്രീ. പി. സി. ജോർജ് ചീഫ് വിപ്പായതിനെത്തുടർന്ന് ഡിസ്ക്വാളിഫിക്കേഷൻ നീക്കുന്നതുമായി ബന്ധപ്പെട്ടുള്ളതായിരുന്നു. അതിൽ ഞാൻ ക്രമപ്രശ്നം കൊണ്ടുവന്നു. ബഹുമാനപ്പെട്ട അന്നത്തെ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി ധനകാര്യ മെമ്മോറാണ്ടത്തെ സംബന്ധിച്ച് ഈ ബിൽ നിയമാകുകയും പ്രാബല്യത്തിൽ വരികയും ചെയ്താൽ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ നിന്ന് യാതൊരു

ചെലവും ഉണ്ടാകുന്നതല്ലെന്ന് പറഞ്ഞു. ഇതിന് സമാനമായിട്ട് തന്നെയുള്ള ഒരു നിയമമാണ് ഇവിടെ കൊണ്ടുവന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് ദയവായി ഭാഗികമായി വായിക്കരുത്. ശ്രീ. ഉമ്മൻ ചാണ്ടി ചീഫ് വിപ്പിന് മന്ത്രിക്ക് തുല്യമായ പദവിയും ആനുകൂല്യങ്ങളും നിശ്ചയിച്ചിട്ടുള്ളത് Payment of Salaries and Allowances Act പ്രകാരമാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ പറയട്ടെ, ഞാൻ അതിലേക്ക് തന്നെയാണ് വരുന്നത്. അതുപോലും വേണ്ടിയിരുന്നില്ല എന്നുള്ള നിയമോപദേശമാണ് എനിക്കു കിട്ടിയത് എന്നുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്നിവിടെ സൂചിപ്പിച്ചിട്ടുണ്ട്. അതും ഇതിന്റെ ഭാഗമായിട്ടുതന്നെ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. Administrative Reforms Committee-യെ ഇതിന്റെ ഭാഗമായി നിയമിക്കാൻ പോകുന്നില്ല. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ഭരണ പരിഷ്കരണ കമ്മീഷൻ രൂപീകരിക്കുമ്പോൾ ഒരു എം. എൽ. എ. അതിൽ ചെയർമാനാകുന്നുവെങ്കിൽ അത് Office of Profit-ൽ വരും എന്നതാണ് പ്രശ്നം. അത് ഡിസ്ക്വാളിഫിക്കേഷനാണ്. അത് എക്സംപ്റ്റ് ചെയ്യാൻ നിയമസഭയ്ക്ക് അധികാരമുണ്ടോ? അതിന് അധികാരമുണ്ട്. അതിന്റെ ഭാഗമായിട്ടാണ് ഈ ബിൽ ഇവിടെ കൊണ്ടുവരുന്നത്. ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കിയിട്ടില്ലെന്നാണ് ബഹുമാനപ്പെട്ട കെ. എം. മാണിസാർ പറഞ്ഞത്. നിയമസഭയിലെ ഒരംഗം ഭരണപരിഷ്കാര കമ്മീഷൻ അദ്ധ്യക്ഷൻ പദവി വഹിക്കുന്നതുമൂലം ഉണ്ടാകാവുന്ന അയോഗ്യത പരിഹരിക്കുന്നതിനാണ് ഈ ബിൽ. അതിൽ കൃത്യമായി ഉദ്ദേശ്യകാരണങ്ങളുടെ വിവരണമെന്നു പറഞ്ഞുകൊണ്ട് ഒരു പേജ് അങ്ങനെതന്നെ എഴുതിവച്ചിട്ടുണ്ട്. അതിൽ പ്രതിപക്ഷ നേതാവ്, ചീഫ് വിപ്പ് എന്നിവരെ ആദായകരമായ ഉദ്യോഗത്തിൻ കീഴിലെ അയോഗ്യതയിൽ നിന്നും ഒഴിവാക്കുന്നതിനായി മേൽപ്പറഞ്ഞ '2012-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ)ഭേദഗതി ആക്ട്" പ്രകാരം ഭേദഗതി ചെയ്തുവെന്ന് പ്രത്യേകിച്ച് പറയുന്നു. നിയമസഭയിലെ ഏതെങ്കിലും ഒരംഗത്തെ ഭരണപരിഷ്കാര കമ്മീഷന്റെ ചെയർമാനായി നിയമിക്കുന്ന സംഗതിയിൽ അപ്രകാരമുള്ള നിയമനം ലഭിച്ച അംഗം നിയമസഭാംഗമായി തുടരുവാൻ അയോഗ്യനാകുന്നതാണ്. അതിനാൽ അപ്രകാരമുള്ള അയോഗ്യത നീക്കം ചെയ്യുന്നതിനായി മുൻകാല പ്രാബല്യത്തോടു

കൂടി 1951-ലെ നിയമസഭാ (അയോഗ്യതകൾ നീക്കം ചെയ്യൽ) ആക്ട് ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചു. ഇതാണ് ഉദ്ദേശ്യകാരണങ്ങൾ. അപ്പോൾ ഉദ്ദേശ്യകാരണങ്ങൾ പറഞ്ഞില്ല എന്ന് പറയുന്നത് ശരിയല്ല. ഇതിനെന്തിനാണ് 64 കൊല്ലത്തെ മുൻകാല പ്രാബല്യം കൊടുക്കുന്നതെന്ന് ബഹുമാനപ്പെട്ട കെ. സി. ജോസഫ് ഇവിടെ ചോദിച്ചു. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിസാർ കൊണ്ടുവന്ന "2012-ലെ നിയമസഭാ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ" നമ്മളിവിടെ ചർച്ച ചെയ്തതാണ്. ഈ ആക്ടിൽ മറ്റുവിധത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരമൊഴികെ ഇത് 1951 ഒക്ടോബർ 11-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടാവുന്നതാണ് എന്നാണ് പറഞ്ഞിരിക്കുന്നത്. ഇത് മൂലനിയമവുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതാണ്. അതുകൊണ്ട് മൂലനിയമം എപ്പോഴാണോ പാസ്സായത് ആ വർഷം മുതൽ തന്നെയാണ് with effect പറയുക. അതറിഞ്ഞുകൂടാത്ത ആളുകളൊന്നുമല്ല അവർ. 1951-ലേതാണ് നിലവിലുള്ള അയോഗ്യത നീക്കം ചെയ്യൽ ആക്ട്. ഞാൻ ബഹുമാനപ്പെട്ട മാണിസാർ പറഞ്ഞ കാര്യത്തിലേക്ക് വരാം. 1956-ൽ കേരളം രൂപീകൃതമായതോടെ അഡാപ്റ്റേഷൻ ഓഫ് ലാസ് ഓർഡർ പ്രകാരം മദ്രാസ് ആക്ട് കേരളത്തിൽ മുഴുവനും ബാധകമാക്കിയിട്ടുണ്ട്. നിയമ ഭേദഗതി നിയമത്തിന്റെ ആരംഭം മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിൽ അപാകതയില്ല. 2012-ൽ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന ഭേദഗതി റെട്രോസ്പെക്ടീവായി പ്രാബല്യത്തിൽ വരുത്തിയിട്ടുണ്ട്.

ബഹുമാനപ്പെട്ട മാണി സാർ ഉന്നയിച്ച പ്രശ്നം സംബന്ധിച്ച്, ഓഫീസ് ഓഫ് പ്രോഫിറ്റ് പരിധിയിൽ ഈ സ്ഥാനം വരുമോ എന്ന് ഇപ്പോൾ നിശ്ചയിക്കുന്നതിൽ അർത്ഥമില്ല. ചീഫ് വിപ്പ് പദവി സംബന്ധിച്ച് കഴിഞ്ഞ നിയമസഭയിലാണ് ആദ്യമായി ഭേദഗതി വരുത്തിയത്. അത് സംബന്ധിച്ച് ബഹുമാനപ്പെട്ട ഗവർണർക്ക് പരാതി വന്നപ്പോഴാണ് ഭാവിയിൽ ഉണ്ടായേക്കാവുന്ന നിയമപ്രശ്നം പരിഹരിക്കുന്നതിനായി ബിൽ കൊണ്ടുവന്നത്. അന്ന് ആരും അതൊരു നിയമപ്രശ്നമായി പറഞ്ഞിരുന്നില്ല; അതുണ്ടാകാൻ പാടില്ല എന്നതുകൊണ്ടു തന്നെയാണ് ഇതൊരു അനുഭവമായി എടുത്ത്, പ്രിക്കോഷൻ എന്നുള്ള നിലയിൽ ഈ ബില്ല് കൊണ്ടുവരുന്നത്. ഈ പദവി ആരു വഹിക്കും എന്നുള്ളത് ഈ ബില്ലിന്റെ ഭാഗമല്ല, അതിന് ഇതുമായി ഒരു ബന്ധവുമില്ല. അതുപോലെ Payment of Salaries and Allowances Act ഭേദഗതി ചെയ്യേണ്ട ആവശ്യമില്ല. പ്രസ്തുത നിയമപ്രകാരം ആനുകൂല്യം പറ്റിയേക്കാവുന്നത് അയോഗ്യതയായി

വരുന്ന പക്ഷം, ആ അയോഗ്യത നീക്കം ചെയ്യുന്നതിനാണ് ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ഈ ഭേദഗതി ബിൽ. അതുകൊണ്ട് മറ്റു നിയമങ്ങൾ ഭേദഗതി ചെയ്യേണ്ട ആവശ്യമില്ല. – പിന്നെ ഇതൊരു ധനബിൽ അല്ലാത്തതിനാൽ യാതൊരു ചെലവും വരാത്തതു കൊണ്ട് ഫിനാൻഷ്യൽ മെമ്മോറാണ്ടം ആവശ്യമില്ല. ഇത് അയോഗ്യത നീക്കം ചെയ്യുന്നതാണ്, ഡിസ്ക്വാളിഫിക്കേഷൻ ക്വാളിഫിക്കേഷൻ ആക്കുന്നതാണ്. അതിന് പത്ത് പൈസയുടെ ചെലവില്ല. അതിനാൽ ഫിനാൻഷ്യൽ മെമ്മോറാണ്ടം ആവശ്യമില്ല. അതുപോലെ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് ചെലവ് വരുന്നെങ്കിൽ മാത്രമേ ആർട്ടിക്കിൾ 207 (3) പ്രകാരം ഗവർണറുടെ ശിപാർശ ആവശ്യമുള്ളൂവെന്ന് ഭരണഘടനയിൽത്തന്നെ കൃത്യമായി പറയുന്നുണ്ട്. ഞാൻ ഇതിന്റെ രാഷ്ട്രീയമൊന്നും പറയുന്നില്ല, നിയമവശം മാത്രമേ പറയുന്നുള്ളൂ. Article 207(3)-ൽ പറയുന്നത്, A Bill which, if enacted and brought into operation, would involve expenditure from the Consolidated Fund of a State shall not be passed by a House of the Legislature of the State unless the Governor has recommended to that House the consideration of the Bill എന്നാണ്. ഇത് എക്സ്പെൻഡിച്ചർ ഇൻവോൾവ് ചെയ്യുന്നില്ല. ബഹുമാനപ്പെട്ട കെ. സി. ജോസഫ് പറഞ്ഞ കാര്യവും ഇതിന് സമാനമായിട്ടുള്ളതാണ്. 1951-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) നിയമത്തിലാണ് ഭേദഗതി നിർദ്ദേശിക്കുന്നത്. നിയമം ഭേദഗതി വരുത്തുന്നതിൽ റെട്രോസ്പെക്ടീവ് ഇഫക്ട് നൽകുന്നത് സാധാരണയാണ്. അതിന് ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിന്റെ ആവശ്യമില്ല. ആർട്ടിക്കിൾ 191(1)(a) പ്രകാരം നിയമസഭാംഗത്തിന് ആദായകരമായ പദവി വഹിക്കുന്നതിനുള്ള അയോഗ്യത പരിഹരിക്കാൻ നിയമസഭയ്ക്ക് അധികാരമുണ്ട്. അതനുസരിച്ച് 1979-ൽ നിയമസഭാംഗത്തിന് കമ്പനി/കോർപ്പറേഷൻ ഡയറക്ടർ/ചെയർമാൻ പദവി വഹിക്കുന്നതിന് നിയമഭേദഗതി നമ്മൾ കൊണ്ടുവന്നിട്ടുണ്ട്. നിയമസഭയുമായി ബന്ധമുള്ള പദവികൾ മാത്രമേ അംഗം വഹിക്കാവൂ എന്നു പറയുന്നതിൽ അടിസ്ഥാനമില്ല. ഇതാണ് ക്രമപ്രശ്നവുമായി ബന്ധപ്പെട്ടുകൊണ്ട് പൊതുവിൽ സൂചിപ്പിക്കാനുള്ളത്. നിയമത്തിന്റെ ഭാഗമായി വരുമ്പോൾ മറ്റ് രാഷ്ട്രീയ കാര്യങ്ങളൊന്നും പറയുന്നത് ശരിയല്ലാത്തതുകൊണ്ട് ഞാൻ ആ ഭാഗം ഒഴിവാക്കുകയാണ്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യുമ്പോൾ എന്തെങ്കിലും പറയണമെങ്കിൽ ആ സമയത്ത് ഞാൻ പറയാം. ഇത്രയും കാര്യങ്ങളാണ് പോയിന്റ് ഓഫ് ഓർഡറുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

## IX റൂളിംഗ്

മി.സ്പീക്കർ: 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബില്ലിന്റെ അവതരണത്തിനെതിരെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ശ്രീ. എം. ഉമ്മർ, ശ്രീ. വി. ഡി. സതീശൻ, ശ്രീ. കെ. സി. ജോസഫ്, ശ്രീ. കെ. എം. മാണി എന്നീ ബഹുമാനപ്പെട്ട അംഗങ്ങളും തടസ്സവാദം ഉന്നയിക്കുകയുണ്ടായി. അതിന് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി സർക്കാരിന്റെ വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്. ഇവിടെ ഉന്നയിക്കപ്പെട്ട പ്രധാനപ്പെട്ട തടസ്സവാദം ബില്ലിനോടൊപ്പം ചേർത്തിരിക്കുന്ന ധനകാര്യ മെമ്മോറാണ്ടം വസ്തുതാപരമല്ല എന്നതാണ്. ഏതെങ്കിലും ഒരംഗം ഭരണപരിഷ്കാര കമ്മീഷന്റെ ചെയർമാനായി നിയമിക്കപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത നിയമസഭാംഗത്തിന് ഭരണഘടനയുടെ 191-ാം അനുച്ഛേദപ്രകാരം ഉണ്ടായേക്കാവുന്ന അയോഗ്യത നീക്കം ചെയ്യുക എന്ന ഉദ്ദേശ്യത്തോടുകൂടിമാത്രം നടത്തുന്ന ഒരു നിയമ ഭേദഗതിയാണിത്. ഈ അവസരത്തിൽ സഞ്ചിത നിധിയിൽ നിന്നും ചെലവാകുന്ന തുക സംബന്ധിച്ച കണക്ക് ധനകാര്യ മെമ്മോറാണ്ടത്തിൽ വ്യക്തമാക്കേണ്ട സാഹചര്യം ഉള്ളതായി കാണുന്നില്ല. ഏതെങ്കിലും ഒരാളെ ചെയർമാനാക്കാൻ നിർദ്ദേശമില്ലാത്തതിനാലും ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിക്കുന്നത് ഈ ബില്ലിന്റെ ഭാഗമല്ലാത്തതിനാലും ധനകാര്യ വിശകലനത്തെപ്പറ്റിയുള്ള തർക്കം പ്രസക്തമാകുന്നില്ല. മാത്രവുമല്ല, ഇതുസംബന്ധിച്ച മൂലനിയമം ഇതിനുമുൻപ് ഭേദഗതി ചെയ്തപ്പോഴൊക്കെ പ്രസ്തുത ബില്ലുകളോടൊപ്പം ചേർത്തിരുന്ന ധനകാര്യ മെമ്മോറാണ്ടവും സമാനമായിട്ടുള്ളതായിരുന്നു. അതുകൊണ്ടുതന്നെ 2016-ലെ ഭേദഗതി ബില്ലിനോടൊപ്പം ചേർത്തിരിക്കുന്ന ധനകാര്യ മെമ്മോറാണ്ടം വസ്തുതാപരമല്ലെന്ന വാദം നിലനിൽക്കുന്നതല്ല. അതുപോലെ ബില്ലിന്റെ മുൻകാല പ്രാബല്യത്തെ കുറിച്ചും ഇവിടെ വിശദീകരിക്കപ്പെട്ടു. മുൻകാലങ്ങളിൽ മൂലനിയമം ഭേദഗതി ചെയ്ത എല്ലാ സന്ദർഭങ്ങളിലും മൂലനിയമത്തിന്റെ പ്രാബല്യത്തീയതി മുതൽ തന്നെയാണ് ഭേദഗതി നിയമങ്ങൾക്കും പ്രാബല്യം നൽകിയിട്ടുള്ളത്. അതിലും അപാകതയുള്ളതായി കാണുന്നില്ല.

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ച കോടതി വിധിയും ചെയർ പരിശോധിക്കുകയുണ്ടായി. (ഭഗവാൻദാസ് സെഗാൾ Vs സ്റ്റേറ്റ് ഓഫ് ഹരിയാന) പ്രസ്തുത കോടതിവിധിയിലൂടെ ഇപ്രകാരമുള്ള നിയമനിർമ്മാണത്തിന് സംസ്ഥാന നിയമസഭയ്ക്കുള്ള അധികാരത്തെ ഉറപ്പിക്കുകയാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി ചെയ്തിട്ടുള്ളത്. എന്നാൽ ഈ കേസ്സിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി

പ്രത്യേകമായി ചൂണ്ടിക്കാണിച്ചത് ഇതുസംബന്ധിച്ച നിയമനിർമ്മാണം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വിവേചന രഹിതമായി ചെയ്യേണ്ടതാണ് എന്നുമാത്രമാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ മേൽപ്പറഞ്ഞ വിധിക്ക് കാരണമായിട്ടുള്ള സാഹചര്യങ്ങൾ ഒന്നുംതന്നെ ഈ ബില്ലിന്റെ കാര്യത്തിൽ ബാധകമല്ലെന്നത് വളരെ വ്യക്തമാണ്. ഇവിടെ ഉന്നയിക്കപ്പെട്ട മറ്റു തടസ്സ വാദങ്ങൾ ഭരണഘടന പ്രകാരമോ, നടപടി ചട്ടപ്രകാരമോ, കീഴ്വഴക്ക പ്രകാരമോ നിലനിൽക്കാത്ത സാഹചര്യത്തിലും, ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും ഉന്നയിക്കപ്പെട്ടിട്ടുള്ള തടസ്സവാദങ്ങൾ ഒന്നും നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

**നിയമനിർമ്മാണകാര്യം (തുടർച്ച)**

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി.സ്പീക്കർ: ശ്രീ. സി. മമ്മൂട്ടിക്കുവേണ്ടി ശ്രീ. എം. ഉമ്മറിന് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(A) നമ്പർ ഭേദഗതി അവതരിപ്പിച്ചു സംസാരിക്കാവുന്നതാണ്.

3.07 PM]

ശ്രീ. സി. മമ്മൂട്ടിക്കുവേണ്ടി ശ്രീ. എം. ഉമ്മർ: സർ, 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-10-2016 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ബില്ലിന്റെ നൈതികതയും രാഷ്ട്രീയവും നിയമപരവുമായ സംഗതികൾകൂടി ഇവിടെ പരിശോധിക്കുവാനുണ്ട്. 1957-ൽ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരത്തിലേറുകയുണ്ടായി. ആദ്യത്തെ കമ്യൂണിസ്റ്റ് ഗവൺമെന്റ് വരിക എന്നുള്ളത് ലോകചരിത്രത്തിൽതന്നെ മഹത്തായ സംഭവമായി. ജനാധിപത്യത്തിലൂടെ ഒരു ഗവൺമെന്റ് വരികയായിരുന്നു.

ആ ഗവൺമെന്റ് വന്നതിനുശേഷം ആദ്യമായി പാസ്സാക്കിയത് കുടിയൊഴിപ്പിക്കൽ നിരോധന നിയമമാണ്. പാവപ്പെട്ട കർഷകരെ കുടിയൊഴിപ്പിക്കുന്നതിനെതിരായി അന്നത്തെ റവന്യൂ വകുപ്പുമന്ത്രി ശ്രീമതി കെ. ആർ. ഗൗരിയമ്മ കുടിയൊഴിപ്പിക്കൽ നിയമം മൂന്നാമത്തെ ദിവസം കൊണ്ടുവന്ന് ഒന്നാം നമ്പർ ബില്ലായി പാസ്സാക്കി. കേരള ചരിത്രത്തിലെ പാവപ്പെട്ട ആളുകൾക്ക്, കുടിയൊഴിപ്പിക്കപ്പെടുന്ന ആളുകൾക്ക് അങ്ങേയറ്റം ആവേശം പകർന്ന ഒരു ബില്ലായിരുന്നു അത്. അതിനുശേഷം 1967-ൽ വന്ന ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ഗവൺമെന്റ് ഭൂപരിഷ്കരണ നിയമം കൊണ്ടു വരികയുണ്ടായി. 1967-ലെ ഗവൺമെന്റിൽ എന്റെ പാർട്ടിയും അംഗമായിരുന്നു. അന്ന് പാസ്സാക്കിയെടുത്തത് ഭൂപരിഷ്കരണ ഭേദഗതി ബില്ലാണ്. അതും ഇതുപോലെ തന്നെ പാട്ടപ്പറ തല്ലിപ്പൊളിക്കുവാനും പാട്ട കുടിശ്ശികകൊണ്ട് കുടിയൊഴിപ്പിക്കുന്ന ആളുകൾക്ക് സംരക്ഷണം നൽകാനും അവരെ ഭൂവുടമകളാക്കാനുംവേണ്ടി കൊണ്ടു വന്നതായിരുന്നു. മുൻപ് കുടിയൊഴിപ്പിക്കലിന് എതിരായിട്ടുള്ള നിയമമാണ് കൊണ്ടുവന്നതെങ്കിൽ 2016-ൽ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിൽ വൻഭൂരിപക്ഷത്തോടുകൂടി അധികാരത്തിൽ വന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അവതരിപ്പിച്ച ബിൽ ഒരു മുതിർന്ന കമ്മ്യൂണിസ്റ്റുകാരനെ കുടിയിരുത്തുന്നതിനു വേണ്ടിയുള്ളതാണ്. ഇത് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ അപചയവും അതോടൊപ്പം കേരള ചരിത്രത്തിൽത്തന്നെ ഒരു തുല്യതയില്ലാത്ത സംഭവവുമാണ്. 1964-ൽ കമ്മ്യൂണിസ്റ്റ് പാർട്ടി വിഭജിച്ചപ്പോൾ അതിൽ നിന്നും ഇറങ്ങിവന്ന പരിണിത പ്രജ്ഞനായ സഖാവ് വി. എസ്. അച്യുതാനന്ദൻ ഈ ബില്ലിന്റെ ഒരു ഇരയാകുമോയെന്ന് ഞാൻ ഭയപ്പെടുകയാണ്. ഇവിടെ അവതരിപ്പിച്ച തടസ്സവാദങ്ങൾക്ക് ബഹുമാനപ്പെട്ട ശ്രീ. എ. കെ. ബാലൻ വളരെ സമർത്ഥമായി തന്നെ മറുപടി പറഞ്ഞിട്ടുണ്ട്. അദ്ദേഹം പറയുന്നത് ഇതൊരു പ്രശ്നമല്ലെന്നാണ്. പ്രശ്നമല്ലെന്ന് പറഞ്ഞാൽ, അദ്ദേഹത്തിന് ഈ ആനുകൂല്യങ്ങളോടുകൂടിയ പദവി കൊടുക്കേണ്ടിവരികയാണെങ്കിൽ ഇതൊക്കെ ആവശ്യമാണ്. അദ്ദേഹത്തിന് അങ്ങനെ കൊടുക്കാതിരിക്കാൻ വേണ്ടിയാണെങ്കിൽ, ഒരു പദവി മാത്രം മതിയെങ്കിൽ തടസ്സമൊന്നും ഉണ്ടാകില്ല. പക്ഷേ ഉദ്ദേശിച്ച തരത്തിൽ പദവികളും സ്ഥാനങ്ങളും അനുവദിക്കുമ്പോൾ അത് കേസുകളും മറ്റ് തടസ്സങ്ങളുമായി മുന്നോട്ട് പോകും. ഉദ്ദേശിച്ച ഫലമുണ്ടാകണമെങ്കിൽ ഇതിന്റെ നിയമപരമായ വശങ്ങൾ കുറെക്കൂടി അവധാനപൂർവ്വം പരിശോധിക്കേണ്ടതായിട്ടുണ്ട്. മാത്രമല്ല ഈ ബിൽ ഇത്രപെട്ടെന്ന് പാസ്സാക്കിയെടുക്കേണ്ട എന്തു സാഹചര്യമാണുള്ളത്? 'ഒരു അച്ഛൻ മകൾക്ക് അയച്ച കത്തുകൾ' എന്നത് ഇന്ത്യാ ചരിത്രത്തിന്റെ ഭാഗമാണ്. സ്വാതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട് പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിനെ ബ്രിട്ടീഷ് ഗവൺമെന്റ് ജയിലിൽ അടച്ചപ്പോൾ അദ്ദേഹം തന്റെ മകൾക്ക് കത്തയയ്ക്കുകയുണ്ടായി. അതിനെ സംബന്ധിച്ച് നമുക്കൊക്കെ അറിയാം. ആ കത്തിനെസംബന്ധിച്ച് പ്രതിപാദിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അതിലെ വിഷയം വീട്ടിൽ സുഖം

തന്നെയല്ലേ, പാല് കുടിച്ചോയെന്നൊന്നും അല്ല. അത് ലോക ചരിത്രത്തെയും ഇന്ത്യാ ചരിത്രത്തെയും റെവല്യൂഷനെ സംബന്ധിച്ചുമൊക്കെ ഒരച്ഛനും മകളും തമ്മിലുള്ള ആശയവിനിമയത്തിന്റെ വളരെ ഉദാത്തമായ കത്തുകളായിരുന്നു. പക്ഷേ ഈ ബില്ലിന്റെ അടിസ്ഥാനമെന്ന് പറയുന്നത് 2016 മെയ് 24-ന് സെൻട്രൽ സ്റ്റേഡിയത്തിൽ വച്ച് ബഹുമാനപ്പെട്ട പിണറായി വിജയന്റെ മന്ത്രിസഭ അധികാരമേറ്റ സമയത്ത് പാർട്ടി അഖിലേന്ത്യാ സെക്രട്ടറിക്ക് ശ്രീ. വി. എസ്. അച്യുതാനന്ദൻ ഒരു കുറിപ്പ് കൊടുക്കുകയുണ്ടായി. ആ കുറിപ്പാണ് ഈ ബില്ലിന്റെ തുടക്കമെന്ന് നമുക്കെല്ലാപേർക്കുമറിയാം. സകല മാധ്യമങ്ങളും വലിയ പ്രാധാന്യത്തോടുകൂടി ഇതുസംബന്ധിച്ച വാർത്ത പ്രസിദ്ധീകരിക്കുകയുണ്ടായി. ആ കുറിപ്പിൽ ഇവിടത്തെ പാവപ്പെട്ട തൊഴിലാളി വർഗ്ഗത്തെയോ അദ്ധ്വാന വർഗ്ഗത്തെയോ കുറിച്ചല്ല, എന്റെ കാര്യമെന്തായി എന്നുള്ളതായിരുന്നു. അങ്ങനെയാണ് പത്രങ്ങളിലെല്ലാം വന്നിട്ടുള്ളത്. വളരെയധികം ഖേദം തോന്നുകയാണ്. ഒരുപാട് ചോരച്ചാലുകൾ നീന്തിക്കയറിയ ഒരു മഹാനായ നേതാവെന്ന് വിശേഷിപ്പിക്കുന്ന ഒരാൾ സ്വന്തമായി ഒരു സ്ഥാനത്തിനുവേണ്ടി പാർട്ടി അഖിലേന്ത്യാ സെക്രട്ടറിക്ക് അങ്ങനെയൊരു മുഹൂർത്തത്തിൽ ഒരു കത്ത് കൊടുക്കുകയാണ്. തെരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാർ അധികാരത്തിൽ വരുമ്പോൾ എന്തെല്ലാം ചിന്തകളായിരിക്കും ഉണ്ടാകുക? പുതിയ ഗവൺമെന്റിനെ സംബന്ധിച്ച്, ജനങ്ങളെ സംബന്ധിച്ച് ഒരുപാട് ആശകളും പ്രതീക്ഷകളും നൊമ്പരങ്ങളുമൊക്കെത്തന്നെ പൂർത്തീകരിക്കപ്പെടേണ്ട സന്ദർഭത്തിലാണ് ഇങ്ങനെയൊരു കത്ത് കൊടുത്തത്.......(ബഹളം..) ഇത് പത്രത്തിൽ വന്ന കാര്യമാണ്..........(ബഹളം..) ഒരു ബഹളവും ബഹളം വേണ്ട, ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ ഞാൻ വഴങ്ങിത്തരാം. അതിനെല്ലാം വ്യക്തമായ മറുപടി എന്റെ കയ്യിലുണ്ട്.

മി. സ്പീക്കർ: ദയവായി അങ്ങ് വഴങ്ങരുത്. അങ്ങ് ചെയറിനെ നോക്കി സംസാരിക്കു.

ശ്രീ. എം. ഉമ്മർ: സർ, കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 60 വർഷക്കാലത്തെ കേരളത്തിലെ ഭരണവുമായി ബന്ധപ്പെട്ട ചരിത്രമാണ് ഞാൻ പറഞ്ഞത്. 1957-ൽനിന്ന് 2016-ലേക്ക് എത്തിയപ്പോഴുണ്ടായ അപചയത്തിന്റെ പരാജയ സ്ഥാനമാണിതെന്ന് നിങ്ങൾ മനസ്സിലാക്കണം. എനിക്ക് ബൈബിളോ സുവിശേഷമോ അറിയില്ല. അതുകൊണ്ട് ഞാൻ അതിലേക്കൊന്നും കടക്കുന്നില്ല. പക്ഷേ എനിക്ക് ഒന്നറിയാം, 'വിശുദ്ധമാക്കപ്പെട്ടത് അന്യർക്ക് കൊടുക്കരുത് അത് കഴിയുന്നതും നീ തന്നെ ഭുജിക്കുക'. എന്നുപറഞ്ഞാൽ കാര്യമായിട്ടുള്ള സംഗതിയെന്തെങ്കിലുമാണെങ്കിൽ അത് സ്വന്തമായി എടുക്കുക. ഇടയ്ക്കിടെ ശല്യം ചെയ്യുന്നവർക്ക് നീ അതിൽ നിന്നും

അൽപമെന്തെങ്കിലും എറിഞ്ഞുകൊടുക്കുക. അത് ബില്ലിന്റെ രൂപത്തിലായാലും മതിയാകും. അതല്ലേ സാർ ഈ ബിൽ? എന്തിനാണ് പരിണിതപ്രജ്ഞനായ ഒരു നേതാവിനെ ഇങ്ങനെ പരിഹാസ്യനാക്കുന്നത്? കോടതിയിൽ കയറിയിറങ്ങുകയെന്നത് അദ്ദേഹത്തിന് പ്രയാസമുള്ള കാര്യമല്ലാത്തതുകൊണ്ട് ഇനി കേസും വക്കാലത്തുമായി അദ്ദേഹത്തിന് കോടതി കയറാനുള്ള സാഹചര്യവുമുണ്ടായേക്കും. പക്ഷേ ഇനി കോടതി കയറുന്നത് സ്വന്തം നിലനിൽപ്പിനും അധികാരത്തിനും വേണ്ടിയുള്ളതാണെന്ന ഒരു സാഹചര്യമുണ്ടാകുകയാണെങ്കിൽ പരിതപിക്കുക കേരളമേ എന്നല്ലാതെ എനിക്കൊന്നും പറയാനില്ല. 'വെട്ടുക, മുറിക്കുക, പങ്ക് വയ്ക്കുക' എന്ന് ഒ.എൻ.വി. കുറുപ്പ് പറഞ്ഞതുപോലെ ഓരോരുത്തർക്കും പങ്ക് വയ്ക്കുന്നതിന്റെ തുടക്കമാണിത്. അല്ലായിരുന്നുവെങ്കിൽ 1957-ലും 1967-ലും ഇ. കെ. നായനാർ മുഖ്യമന്ത്രി ആയിരുന്നപ്പോഴുമൊക്കെ ഉണ്ടായിരുന്നതുപോലെ പാവപ്പെട്ടവനോട്, അടിസ്ഥാന വർഗ്ഗത്തോട് ഒരു താൽപ്പര്യമുണ്ടായിരുന്നുവെങ്കിൽ അങ്ങനെയുള്ള ഒരു ബില്ലല്ലേ ആദ്യം അവതരിപ്പിക്കേണ്ടത്. രാജ്യത്ത് മറ്റ് പ്രശ്നങ്ങളൊന്നുമില്ലേ? (ബഹളം..) ആര് എന്ത് ചോദിച്ചാലും അതിനൊക്കെ മറുപടിയുണ്ട്.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അങ്ങ് ഇങ്ങോട്ട് നോക്കി സംസാരിക്കു.

ശ്രീ. എം. ഉമ്മർ: സർ, അങ്ങ് അവരോട് പറയണം. ഇതൊരു സാധാരണ ബില്ലല്ല. നിയമത്തിന്റെ പരിധിയിൽമാത്രം ഒതുങ്ങിനിന്നുകൊണ്ട് ബില്ലിന്റെ ചട്ടവട്ടങ്ങളാണ് സംസാരിക്കുന്നത്. ഇതിന്റെ രാഷ്ട്രീയമായ മാനങ്ങൾ പരിശോധിക്കണം. ഈ ബില്ലിന്റെ നൈതികതയും ഇതിന്റെ നിയമപരമായ വശങ്ങളും പരിശോധിക്കണം. അപ്പോൾ സ്വാഭാവികമായും രാഷ്ട്രീയം കടന്നുവരും. ഭരണ പക്ഷത്തിരുന്നപ്പോൾ ഞങ്ങളുടെ പാർട്ടിയിൽപ്പെട്ട മന്ത്രിമാർ കൊണ്ടുവന്ന ബില്ലുകൾക്ക് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ, മന്ത്രിമാരുടെ ഇഷ്ടാനിഷ്ടങ്ങൾ നോക്കാതെ ഭേദഗതി കൊണ്ടുവന്ന ആളാണ് ഞാൻ. അതുകൊണ്ട് ഈ ബില്ലിനെക്കുറിച്ച് സംസാരിക്കാൻ എനിക്ക് ബഹുമാനപ്പെട്ട സ്പീക്കർ സംരക്ഷണം നൽകണം. അവിടെയുള്ളവർക്ക് എന്തെങ്കിലും സംശയമുണ്ടാകും, അത് സ്വാഭാവികമാണ്. ഒരു ബിൽ ഏകപക്ഷീയമായി പറഞ്ഞ് പോകേണ്ട ഒന്നല്ല, നന്നായി ഇടപെടൽ നടത്തി കുറ്റമറ്റതാക്കണം. ..... (ബഹളം)..... അഞ്ചാംമന്ത്രി ഈ ബില്ലിന്റെ പരിധിയിൽ വരുന്നതല്ലാത്തതുകൊണ്ട് അതിനെക്കുറിച്ച് പറയുന്നില്ല.

മി. സ്പീക്കർ: അങ്ങ് നിയമസഭയിലെ നടപടിക്രമം കൃത്യമായി പാലിച്ചാൽ നൂറു ശതമാനം സംരക്ഷണം അങ്ങേക്ക് ഞാൻ ഉറപ്പുതരാം.

ശ്രീ. എം. ഉമ്മർ: സർ, ബഹുമാനപ്പെട്ട മാണിസാർ പറഞ്ഞതും ഈ ബിൽ

ഇവിടെ പാസ്സാക്കേണ്ടതല്ലെന്നാണ്. എന്നിട്ട് എത്രയെത്ര ചർച്ചകളാണ് നടക്കുന്നത്. മുമ്പൊക്കെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സംസ്ഥാന കമ്മിറ്റിയെന്ന് പറഞ്ഞാൽ ഞങ്ങൾക്കൊക്കെ വലിയ മതിപ്പായിരുന്നു. ഞങ്ങളുടെ പാർട്ടിയൊന്നും ഇങ്ങനെ ഒരുപാട് ദിവസമൊന്നും ചർച്ച ചെയ്യാറില്ല. ഞങ്ങൾ വളരെ കുറച്ച് സമയം മാത്രമേ ചർച്ച ചെയ്യുകയുള്ളൂ, പക്ഷേ ഞങ്ങൾക്ക് അനുമതി. നിങ്ങൾക്ക് പോളിറ്റ് ബ്യൂറോ, സംസ്ഥാന കമ്മിറ്റി എന്നിങ്ങനെയുള്ള കമ്മിറ്റിയിലൊക്കെ ചർച്ച നടത്തുകയാണ്. ഇപ്പോഴുണ്ടായ ചർച്ചകളൊക്കെ എന്താണ്? ശ്രീ. വി. എസ്. അച്യുതാനന്ദന് എന്താണ് പദവി? അവസാനം ബഹുമാനപ്പെട്ട വി. എസ്. അച്യുതാനന്ദൻ പോളിറ്റ് ബ്യൂറോയിൽ പങ്കെടുക്കാൻവേണ്ടി പോയി. പോളിറ്റ് ബ്യൂറോയിൽ ചെന്നപ്പോൾ പറഞ്ഞത് അതവിടെ തീരുമാനിച്ചാൽ മതിയെന്നാണ്. ഇവിടെ വരുമ്പോൾ അവിടെ കൊടുക്കണമെന്ന് പറയും. മുമ്പ് കുട്ടികളൊക്കെ കളിക്കുമ്പോൾ 'ആരുടെയടുത്താ അമ്മാവീ മുതിരക്കല്ല്, അത് തങ്കത്തിലാണ്; തങ്കം വിട്ടെന്ന് പറയുമ്പോൾ പിന്നെ അപ്പുറത്തേക്ക് പോകുകയാണ്' എന്നു പറയുന്നതുപോലെയാണിത്. ബഹുമാനപ്പെട്ട നേതാവിന് കൊടുക്കേണ്ട പദവിയാണെങ്കിൽ കൊടുക്കേണ്ട വിധത്തിലുള്ള അംഗീകാരം കൊടുക്കണം. തെരഞ്ഞെടുപ്പുകാലത്ത് ഇതൊന്നും ആയിരുന്നില്ലല്ലോ, പൊന്നേ കണ്ണേ കൺമണിയേ എന്ന് പറഞ്ഞ് മുഖ്യമന്ത്രിയാക്കുമെന്നല്ലേ പറഞ്ഞിരുന്നത്? എന്നിട്ടിപ്പോൾ ഒരു ഭിക്ഷക്കാരനെപ്പോലെ ഇങ്ങനെ നടക്കുന്നു. വളരെ നിർഭാഗ്യകരമായിപ്പോയി. എന്നിട്ടെന്താ, കൊണ്ടുവന്ന ബില്ലിന് ഒരു ക്ലാരിറ്റിവേണ്ടേ? ഞങ്ങൾ കൊണ്ടുവന്ന ബില്ലുകളുടെ ഭേദഗതികൾക്കൊക്കെ ക്ലാരിറ്റിയുണ്ടായിരുന്നല്ലോ.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, തുടർഭരണമുണ്ടാകുമെന്നും ഉമ്മൻ ചാണ്ടി സാർ തന്നെ വീണ്ടും മുഖ്യമന്ത്രിയാകുമെന്നുമല്ലേ യു.ഡി.എഫ്. പറഞ്ഞത്. എന്നിട്ട് ഇപ്പോഴത്തെ സ്ഥിതിയെന്താണ്?

<u>ശ്രീ. എം. ഉമ്മർ</u>: സർ, അങ്ങനെ ആയിരിക്കണമെന്നാണ് ഞങ്ങൾ ആഗ്രഹിച്ചത്. പക്ഷേ ജനങ്ങൾക്കത് മനസ്സിലായില്ല. ജനങ്ങളുടെ തീരുമാനം മറിച്ചായിരുന്നു. ഞങ്ങൾ ആ തീരുമാനം സ്വീകരിക്കുന്നു. ഞങ്ങൾക്ക് ജനാധിപത്യത്തിലാണ് വിശ്വാസം. ജനങ്ങളുടെ വിധി ഞങ്ങൾക്ക് എതിരായിരുന്നു. ഇന്ത്യാചരിത്രത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ആദ്യമായിട്ടല്ല ഒരു മുൻമുഖ്യമന്ത്രി ഉണ്ടായിരിക്കുന്നത്. പശ്ചിമ ബംഗാൾ മുഖ്യമന്ത്രിയായിരുന്ന ജ്യോതിബാസു പത്തുമുപ്പതു വർഷമാണ് മുഖ്യമന്ത്രിയായിരുന്നത്. അദ്ദേഹത്തിന്റെ അക്കോമഡേഷനുവേണ്ടി എന്തെങ്കിലും ബിൽ കൊണ്ടുവന്നോ? ജ്യോതിബാസു അക്കോമഡേഷൻ ബില്ലെന്നും പറഞ്ഞ്

പശ്ചിമ ബംഗാൾ നിയമസഭയിൽ ഒരു ബില്ല് കൊണ്ടുവന്നോ? ഇം.എം.എസ്. അക്കോമഡേഷൻ ബില്ലെന്നും പറഞ്ഞ് ഒരു ബിൽ കേരള നിയമസഭയിൽ അവതരിപ്പിച്ചിട്ടുണ്ടോ? നായനാർ അക്കോമഡേഷൻ ബില്ലെന്നും പറഞ്ഞ് ഒരു ബില്ലുണ്ടായിട്ടുണ്ടോ? ഇത് ബഹുമാനപ്പെട്ട വി. എസ്. അച്യുതാനന്ദനെ അക്കോമഡേറ്റ് ചെയ്യുന്നതിന് വേണ്ടിയുള്ള ഒരു അക്കോമഡേഷൻ ബില്ലാണ്. അദ്ദേഹത്തെ അപമാനിച്ച് അവസാനിപ്പിക്കുകയാണ്, ഇത് വളരെ നിർഭാഗ്യകരമാണ്. പക്ഷേ ഇതിൽ ശ്രീ. വി. എസ്. അച്യുതാനന്ദൻ വീണുപോകുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. സ്ഥാനമാനങ്ങൾക്ക് പുറകെ പോകുന്ന ആളല്ല ഞാനെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് നിങ്ങൾ വച്ചുനീട്ടുന്ന ഇതുപോലെയുള്ള ഓഫറുകൾക്ക് അദ്ദേഹം നിൽക്കില്ല. അദ്ദേഹം ഇന്നിവിടെ ഇരിക്കുന്നതുതന്നെ ഈ ബില്ലിന്റെ സ്പിരിറ്ററിയാനാണ്. ഭരണ പ്രതിപക്ഷങ്ങളുടെ അഭിപ്രായ വ്യത്യാസങ്ങൾ കേൾക്കാൻ നിൽക്കുകയാണ്. അദ്ദേഹം വളരെ പ്രയാസപ്പെട്ട് ഈ നിലയിൽ എത്തിയ ആളാണ്. അതുകൊണ്ട് അദ്ദേഹത്തിന് ഈ നാലഞ്ച് വർഷത്തേക്ക് ഒരു കാറും പദവിയും നൽകിയാൽ അതിൽ അദ്ദേഹം വീണുപോകാതിരിക്കട്ടെയെന്നാണ് എന്റെ പ്രാർത്ഥന. അദ്ദേഹത്തിന് കേരളത്തിന്റെ മനസ്സിൽ സ്ഥാനമുണ്ട്. അദ്ദേഹത്തിന്റെ ആ സ്ഥാനം നിലനിൽക്കണം. സ്ഥാനമാനങ്ങൾ വരും പോകും. ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടിസാർ ഇവിടെ ഇരിക്കുന്നു, അദ്ദേഹത്തിന് വല്ല പ്രശ്നവുമുണ്ടോ? അദ്ദേഹത്തിന്റെ മന്ത്രിസഭയിലെ മുൻ മന്ത്രിമാർ ഇവിടെ ഇരിക്കുന്നുണ്ട്. അത് ജനാധിപത്യത്തിന്റെ വിധിയല്ലേ? അങ്ങനെ അദ്ദേഹത്തിനും അത് ഉൾക്കൊള്ളാൻ കഴിയണം. പാവപ്പെട്ടവനുവേണ്ടി ഇത്രമാത്രം പാടുപെട്ട് പണിയെടുത്ത് പാർട്ടി അധികാരത്തിൽ വന്നപ്പോൾ ആദ്യമായി ആറ്റുനോറ്റു കൊണ്ടുവന്ന ബിൽ ഇതായിപ്പോയത് വളരെ നിർഭാഗ്യകരമായിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്. എന്റെ സംസാരം ഞാൻ ദീർഘിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല. മഹാഭാരത യുദ്ധത്തിൽ ഭീഷ്മാചാര്യർക്കുണ്ടായിട്ടുള്ള അവസ്ഥ നമുക്കറിയാം. ഭീഷ്മാചാര്യരുമായി നേരിട്ട് ഏറ്റുമുട്ടിയാൽ അദ്ദേഹത്തെ വീഴ്ത്താൻ കഴിയില്ല. അപ്പോൾ ശിഖണ്ഡിയെ മുന്നിൽ നിർത്തി അദ്ദേഹത്തോട് യുദ്ധം ചെയ്തു. അവസാനം ഉത്തരായനം വരെ അദ്ദേഹം ശരശയ്യയിലായിരുന്നു. അതുപോലെതന്നെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലെ ഭീഷ്മാചാര്യരായ സഖാവ് വി. എസ്. അച്യുതാനന്ദനെ രാഷ്ട്രീയമായി വധിക്കുവാൻവേണ്ടി, അല്ലാതെ ദേഹോപദ്രവം ഏൽപ്പിക്കാനല്ല, അദ്ദേഹത്തിന് ഭീഷ്മാചാര്യർക്ക് ഒരുക്കിയതു പോലുള്ള ഒരു ശരശയ്യയാണ് ഈ കൊണ്ടുവന്ന ബില്ലെന്ന കാര്യം ഞാൻ പറയുന്നു. മാത്രമല്ല, ഇത് നിലനിൽക്കാത്ത ബില്ലായതുകൊണ്ട് അത് പിൻവലിച്ച് ഇപ്പോഴെങ്കിലും ഒരു നല്ല ബിൽ അവതരിപ്പിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ എന്റെ ഭേദഗതി അവസാനിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. രാജു എബ്രഹാം, അങ്ങേക്ക് 2(ബി) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

3.20 PM]

<u>ശ്രീ. രാജു എബ്രഹാം</u>: സർ, 2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ 31-7-2016 വരെ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ആരെയും ഉദ്ദേശിച്ചുകൊണ്ടു വന്ന ഒരു ബില്ലല്ല ഇത്. ഇവിടെ പ്രതിപക്ഷത്തുനിന്ന് സംസാരിച്ച എന്റെ സ്നേഹിതൻ ശ്രീ. എം. ഉമ്മർ അന്തരീക്ഷത്തിൽനിന്ന് മുയലിനെപ്പിടിക്കുകയാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പേര് ഈ ബില്ലിൽ നോക്കിയിട്ട് ഞാൻ കണ്ടില്ല. പക്ഷെ ഒരു കാര്യം ശ്രീ. എം. ഉമ്മർ അടക്കമുള്ള ബഹുമാനപ്പെട്ട മെമ്പർമാർ മനസ്സിലാക്കണം. ഇ. എം. എസ്. അക്കോമഡേഷനോ നായനാർ അക്കോമഡേഷനോ അല്ല ഇവിടെ നടത്തിയത്. ശ്രീമതി സോണിയാ ഗാന്ധിയെ അക്കോമഡേറ്റ് ചെയ്യാൻവേണ്ടി പാർലമെന്റിൽ ഒരു ബിൽ കൊണ്ടുവന്നു. അത് മറക്കരുത്, നല്ല ഓർമ്മവേണം. മലർന്നുകിടന്ന് തുപ്പരുതെന്ന് പറയുന്നതായിരിക്കും കൂടുതൽ ഭംഗി.

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, ഇവിടെത്തന്നെ ഒരു അമെന്റ്മെന്റ് വന്നിട്ടുണ്ട്. കേരളാ ഗവൺമെന്റിന്റെ 51 ശതമാനം ഓഹരിയുള്ള കമ്പനികളുടെ ചെയർമാൻമാരെ നിശ്ചയിക്കുന്നതിനായിരുന്നു അത്. ആർക്കുവേണ്ടിയാണ് ആ നിയമം കൊണ്ടു വന്നിട്ടുള്ളതെന്ന് നിങ്ങൾക്കറിയാമോ? ശ്രീ. ഇ. അഹമ്മദിനുവേണ്ടി സിഡ്കോയുടെ ചെയർമാനാകാൻവേണ്ടി കൊണ്ടുവന്നതാണ്.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, എല്ലാം പറഞ്ഞാൽ വളരെ നാണക്കേടാകും. അതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ഭരണപരിഷ്കരണം കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ അനിവാര്യമായ സംഗതിയാണ്.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, അന്ന് ശ്രീ. ഇ. അഹമ്മദിന്റെ അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറിയായിരുന്നയാളാണ് ശ്രീ. പി. ടി. എ. റഹീം എന്ന് അങ്ങേക്ക് അറിയാമോ?

<u>ശ്രീ. പി. ടി. എ. റഹീം</u>: സർ, അദ്ദേഹം സിഡ്കോയുടെ ചെയർമാൻ ആയിരുന്നപ്പോഴല്ല, മന്ത്രിയായിരുന്നപ്പോഴാണ് ഞാൻ അദ്ദേഹത്തിന്റെ പ്രൈവറ്റ് സെക്രട്ടറിയായിരുന്നത്.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ഞങ്ങളോടൊപ്പം ശ്രീ. എ. കെ. ആന്റണിയും ബഹുമാനപ്പെട്ട ഉമ്മൻചാണ്ടിയും വന്നിട്ടില്ലേ? ഇതൊക്കെ രാഷ്ട്രീയമാണ്. നയത്തിന്റെ അടിസ്ഥാനത്തിലാണ് രാഷ്ട്രീയ തീരുമാനങ്ങളുണ്ടാകുന്നത്. ഞാൻ ബില്ലിലേക്ക് വരികയാണ്. ഭരണപരിഷ്കാര നടപടികൾ ഏറ്റവും കുറ്റമറ്റ രീതിയിൽ രൂപീകരിക്കേണ്ടത് സംസ്ഥാനത്തെ സാധാരണക്കാരുടെ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്ന ഏത് ഗവൺമെന്റിന്റെയും മുഖ്യമായ കടമയാണ്. അതുകൊണ്ടാണ് ഇ. എം. എസ്. ചെയർമാനായിട്ടുള്ള ഭരണപരിഷ്കാര കമ്മിറ്റിയും വെള്ളോടി ചെയർമാനായുള്ള കമ്മീഷനും ഇ. കെ. നായനാർ ചെയർമാനായിട്ടുള്ള കമ്മീഷനുകളുമൊക്കെ വന്നിട്ടുള്ളത്. ഈ കമ്മീഷനുകൾ സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ കേരളത്തിലെ ഭരണരംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്നുള്ളത് വാസ്തവമാണ്. ഇവിടെ കൊളോണിയൽ ഭരണത്തിന്റെ നകത്തിന്റെ ഉള്ളിൽപ്പെട്ടുകിടക്കുന്ന നിയമങ്ങളെ പൊളിച്ചെഴുതാൻവേണ്ടിയാണ് പ്രധാനമായും ഇ.എം.എസ്. കമ്മീഷൻ പരിശ്രമിച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി നിരവധി സംഭാവനകൾ മുന്നോട്ടുവയ്ക്കാൻ ആ കമ്മീഷന് കഴിഞ്ഞിട്ടുണ്ട്. മൂന്ന് ഭരണപരിഷ്കരണ കമ്മീഷനുകൾ കേരളത്തിൽ നൽകിയിട്ടുള്ള നേട്ടങ്ങൾ വളരെ വലുതാണ്. 1959-ൽ ജില്ലാ കൗൺസിൽ ബില്ലും 1958-ൽ കേരള പഞ്ചായത്ത് ബില്ലും ഇവിടെ കൊണ്ടുവന്നിട്ടുണ്ട്. അതെല്ലാം പിന്നീടുവന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് നടപ്പിലാക്കിയെന്നു മാത്രം. അധികാര വികേന്ദ്രീകരണം ആദ്യം ഇവിടെ നടപ്പിലാക്കിയത് ഇ.എം.എസ്. ആണ്. അധികാര കേന്ദ്രീകരണമായിരുന്നു ബ്രിട്ടീഷ് ശൈലി. ജില്ലകൾ രൂപീകരിച്ചത് ബ്രിട്ടീഷ് കാലഘട്ടത്തിലാണ്. ഗവൺമെന്റ് കഴിഞ്ഞാൽ അധികാരം മുഴുവൻ ജില്ലാ കളക്ടർക്കും ജില്ലാ ഭരണകൂടത്തിനുമായിരുന്നു. ജില്ലാ കൗൺസിൽ വന്നതോടുകൂടി അധികാരത്തിൽ മാറ്റങ്ങളുണ്ടായി. ചെറിയ മാറ്റമല്ല ഇവിടെയുണ്ടാക്കിയിട്ടുള്ളത്. അതിനുശേഷം ജനകീയാസൂത്രണം വന്നതുകൊണ്ടും ഇതുപോലെയുള്ള ഭരണപരിഷ്കാര കമ്മീഷനുകൾ നിലവിൽ വന്നതുകൊണ്ടുമാണ് ഒരു പഞ്ചായത്ത് മെമ്പർക്കോ ഗ്രാമസഭയ്ക്കോ അധികാരം കൈവന്നിട്ടുള്ളത്. അത്തരത്തിലുള്ള ഒരു മാറ്റത്തിന് വീണ്ടും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് തയ്യാറെടുത്തിരിക്കുന്നു എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യമായി നമുക്കിവിടെ ചൂണ്ടിക്കാട്ടുവാനുള്ളത്.

മൂന്നാമത് ഭരണപരിഷ്കാര കമ്മീഷൻ റിപ്പോർട്ടിലെ അംഗീകരിച്ച ശിപാർശകൾ പൗരാവകാശപത്രികയും സുതാര്യതയും അറിയുവാനുള്ള അവകാശവുമായിരുന്നു. നായനാർ ഭരണപരിഷ്കാര കമ്മീഷൻ ശിപാർശയിലെ ഒരു നിർദ്ദേശമാണ് പിന്നീട്

കേന്ദ്രഗവൺമെന്റ് Right to Information Act ആയി കൊണ്ടുവന്നത്. ഒട്ടേറെ കാര്യങ്ങളിൽ കേരളം രാജ്യത്തിന് മാതൃകയാണെന്ന് നമുക്കെല്ലാവർക്കുമറിയാം. അപ്പോൾ അറിയുവാനുള്ള അവകാശം എന്ന നിർദ്ദേശം സഖാവ് ഇ. എം. എസിന്റെ നേതൃത്വത്തിൽ കൊണ്ടുവന്നുവെന്ന് പറയുമ്പോൾ എത്രമാത്രം ദീർഘവീക്ഷണത്തോടു കൂടിയാണ് നമ്മൾ രൂപീകരിച്ചിട്ടുള്ള ഇത്തരം കമ്മീഷനുകൾ പ്രവർത്തിച്ചതെന്ന് മനസ്സിലാക്കാൻ സാധിക്കും. അതുപോലെ പൊതുജന പരാതി പരിഹാരമെന്നത് ഇ. കെ. നായനാരുടെ നിർദ്ദേശമാണ്. അധികാര വികേന്ദ്രീകരണം, ഭരണ പരിഷ്കാരം, മോണിറ്ററിംഗ്, രണ്ടാമത് റിപ്പോർട്ടിലെ ശിപാർശയായ സർക്കാർ ഉദ്യോഗസ്ഥന്മാരുടെ ഹാജർ നിരീക്ഷണ നിയന്ത്രണം അതായത് പഞ്ചിംഗ് തുടങ്ങിയവയെല്ലാം ഇ. കെ. നായനാർ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള ഭരണ പരിഷ്കാര നിർദ്ദേശങ്ങളാണ്. ഭരണവകുപ്പിലെ വകുപ്പദ്ധ്യക്ഷന്മാരുടെ ധനപരമായ അധികാരം വർദ്ധിപ്പിക്കുക, സാമ്പത്തിക നിയന്ത്രണം ഏകീകരിക്കുക, കഴിവ് മെച്ചപ്പെടുത്തൽ, നിയമ സ്ഥാനനിർണ്ണയം, അച്ചടക്കം തുടങ്ങി പട്ടികജാതി-പട്ടികവർഗ്ഗ/കിർത്താഡ്സ്/സോഷ്യൽ വെൽഫെയർ വകുപ്പുകളുടെ ഭരണപരിഷ്കാരങ്ങൾ, പൊതുമരാമത്ത് പ്രവൃത്തികളുടെ നടപ്പിലാക്കൽ, സർക്കാരും പൊതുമേഖലാ സ്ഥാപനങ്ങളും തമ്മിലുള്ള അനുരഞ്ജനം, ആരോഗ്യമേഖലയിലെ വികസനം, അധികാര വികേന്ദ്രീകരണം സംബന്ധിച്ച സ്ഥാപനവൽക്കരണ ശിപാർശകൾ എന്നിവയാണ് ധനപരമായ പരിഷ്കാരങ്ങൾ. കേരളത്തിൽ ഏറ്റവും വലിയ മാറ്റങ്ങൾ കൊണ്ടുവന്നിട്ടുള്ള ശിപാർശകളാണ് സെൻ കമ്മീഷനടക്കം അധികാരവികേന്ദ്രീ കരണത്തിലൂടെ നടപ്പിലാക്കിയിട്ടുള്ളത്. ഇന്ന് കേരളത്തിൽ കാണുന്ന ഈ മാറ്റങ്ങൾ കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങളാണ്. ഉദാഹരണത്തിന്, ഫ്രണ്ട് ഓഫീസ് ഇതിനെത്തുടർന്ന് പിന്നീട് നടപ്പിലാക്കിയതാണ്. ഇതുപോലെയുള്ള കാലോചിതമായ ധാരാളം മാറ്റങ്ങൾ തീർച്ചയായും നമുക്ക് ഉണ്ടാകേണ്ടിയിരിക്കുന്നു. അതിന് കാലാനുസൃതമായിട്ടുള്ള നിർദ്ദേശങ്ങൾ ഇവിടെ സമർപ്പിക്കേണ്ടതായിട്ടുണ്ട്. നമ്മുടെ നാടിന്റെ നടപടിക്രമങ്ങൾ എങ്ങനെയാണ് മുന്നോട്ട് പോകുന്നതെന്ന് നമുക്കറിയാം. ഞാൻ എം.എൽ.എ. ആയിട്ട് കുറെ നാളുകളായെങ്കിലും സത്യം പറഞ്ഞാൽ ഇപ്പോഴും ഭയപ്പാടോടുകൂടിയാണ് ഒരു മന്ത്രിയുടെ കയ്യിൽ അപേക്ഷ കൊടുക്കുന്നത്. മിനിസ്റ്റർ നമ്മുടെ മുന്നിൽവച്ചുതന്നെ ഒപ്പിടും. പക്ഷേ അത് അന്വേഷണത്തിന് കളക്ടറേറ്റിൽ വരേണ്ട ഒരു കടലാസാണെങ്കിൽ അതിന് മിനിമം മൂന്നുനാല് മാസമെടുക്കും. അതിന്റെ റിപ്പോർട്ടുസഹിതം താഴെനിന്ന് മുകളിൽ വരണമെങ്കിൽ മിനിമം ഒരു വർഷമായിരിക്കും എടുക്കുന്നത്. ഇത് എത്ര

വിരോധാഭാസമാണ്. 21-ാം നൂറ്റാണ്ടിലാണ് നമ്മൾ ജീവിക്കുന്നത്. മറ്റ് രാജ്യങ്ങളിൽ ഒരു അപേക്ഷ കൊടുത്താൽ അപ്പോൾത്തന്നെ അത് ഓൺലൈനായിപ്പോയി അന്നുതന്നെ സർട്ടിഫിക്കറ്റ് കിട്ടേണ്ട സ്ഥാനത്താണ് നമ്മൾ ഒരു വർഷം പുറകിൽ നിൽക്കുന്നത്. അതുകൊണ്ടാണ് കേരളത്തിന്റെ ആരാധ്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അധികാരമേറ്റെടുത്തയുടൻതന്നെ സെക്രട്ടേറിയറ്റ് ജീവനക്കാരെ അഭിസംബോധന ചെയ്തുകൊണ്ട് അവിടെ ഉറങ്ങിക്കിടക്കുന്ന ഫയലുകളെപ്പറ്റിയും ജീവിതങ്ങളെപ്പറ്റിയുമുള്ള പ്രാധാന്യം വിശദീകരിച്ചത്. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകയ്യെടുത്ത് തുടക്കംകുറിച്ചിരിക്കുന്നു. അതിന്റെ മാറ്റങ്ങൾ സാവധാനം ഉണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. പക്ഷെ അതിന് നിയമപരമായ പരിരക്ഷ ഉണ്ടാകണമെന്നുള്ളതാണ് നമുക്ക് ഏറ്റവും പ്രധാനമായും വേണ്ടത്. സെക്രട്ടേറിയറ്റ് ഇടിച്ചുകളയണമെന്നുള്ള അഭിപ്രായം പറയേണ്ടിവന്ന മന്ത്രിമാർപോലും കേരളത്തിലുണ്ട്. എന്തുകൊണ്ട് അങ്ങനെ അഭിപ്രായം പറഞ്ഞു; ഇടിച്ചുകളയാൻ വേണ്ടിയാണോ? അല്ല. പക്ഷെ, കാലതാമസം നമ്മുടെ നാടിന്റെ ഏറ്റവും വലിയ ശാപമായി മാറിയിരിക്കുന്നു. ഇതിന് കാരണമെന്താണ്? സെക്രട്ടേറിയറ്റ് മാത്രമായി ഞാൻ പറയുന്നില്ല; പല സർക്കാർ ഓഫീസുകളിലും അഴിമതിക്കുവേണ്ടിയാണ് കാലതാമസം വരുത്തുന്നത്. കഴിഞ്ഞ ഗവൺമെന്റ് സേവനാവകാശനിയമം കൊണ്ടുവന്നു. ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിൽ കൊണ്ടുവന്ന ആ സേവന നിയമത്തിൽ പറയുന്നത് ഒരാഴ്ചയ്ക്കുള്ളിൽ സർട്ടിഫിക്കറ്റ് നൽകണമെന്നാണ്. പക്ഷേ ഇപ്പോൾ അങ്ങനെ നൽകുന്നുണ്ടോ? സർട്ടിഫിക്കറ്റിന് ചെന്നാൽ ഒരുമാസം കഴിഞ്ഞുവരാനാണ് പറയുന്നത്. എന്നു പറഞ്ഞാൽ അവിടെ പണം കൊടുക്കണമെന്നാണ് മനസ്സിലാക്കേണ്ടത്. നിയമങ്ങളുണ്ടെങ്കിൽപ്പോലും അത് നടപ്പിലാക്കാൻ നമുക്ക് കഴിയുന്നില്ല എന്നുള്ളതാണ് വാസ്തവം. ഇത്തരം കാര്യങ്ങളിൽ നമുക്ക് എന്തുചെയ്യാൻ കഴിയും; സെക്രട്ടേറിയറ്റിൽ ഇത്രയും ഉദ്യോഗസ്ഥന്മാർ കണ്ടുകൊണ്ട് ഈ ഫയൽ പോകേണ്ടതുണ്ടോ? ഫയലുകൾ അങ്ങനെ പോയാലും അതിൽ വിദഗ്ദ്ധാഭിപ്രായം എഴുതുന്നത് ഏറ്റവും താഴെയുള്ള ഒരു ക്ലാർക്കാണ്. ആ ക്ലാർക്ക് എഴുതുന്ന കാര്യമാണ് ഏറ്റവും മുകളിലിരിക്കുന്ന ഗവൺമെന്റ് സെക്രട്ടറി അംഗീകരിക്കുന്നത്. ഇത് എന്തൊരു വിരോധാഭാസമാണ്? ആ ക്ലാർക്കിന്റെ മൂഡ് അനുസരിച്ചാണ് അഭിപ്രായം എഴുതുക. ഏതെങ്കിലും നിയമം റഫർ ചെയ്ത് എഴുതുന്നതാണെങ്കിൽ, നോട്ട് ആണെങ്കിൽ നമുക്ക് അംഗീകരിക്കാം. പക്ഷെ പല ഫയലുകളിലും എഴുതുന്നത് അദ്ദേഹത്തിന്റെ അഭിപ്രായമാണ്. അതാണ് ഒരു ജീവിതത്തെ ഇല്ലാതാക്കുന്നത്. അവിടെയാണ് നമ്മൾ മാറ്റം വരുത്തേണ്ടത്. അപേക്ഷ

കൊടുക്കുന്ന ആളിന്റെ വികാരമെന്താണെന്ന് ഈ അഭിപ്രായമെഴുതുന്ന ക്ലാർക്കിനോ ജോയിന്റ് സെക്രട്ടറിക്കോ അണ്ടർ സെക്രട്ടറിക്കോ ആർക്കുമറിയില്ല. ഭരണപരിഷ്കാര കമ്മീഷൻ നിലവിൽ വരുമ്പോൾ ചെയർമാൻ ആരായാലും കമ്മീഷനുമുമ്പിൽ പരിഗണിക്കേണ്ട ഒരു പ്രധാനപ്പെട്ട പ്രശ്നം, ഇങ്ങനെ അപേക്ഷ കൊടുക്കുന്ന ആളുകളെ വിളിച്ച് ചർച്ച നടത്തി അതിന്റെ അടിസ്ഥാനത്തിൽ അണ്ടർ സെക്രട്ടറിയോ ജോയിന്റ് സെക്രട്ടറിയോ അഡീഷണൽ സെക്രട്ടറിയോ ഏത് ലെവലിലുള്ള ഉദ്യോഗസ്ഥരോ ആയിക്കോട്ടെ, അപേക്ഷകന്റെ വികാരത്തി നനുസരിച്ചുള്ള ഒരു അഭിപ്രായം ഫയലിൽ വരാൻ കഴിയുന്ന രൂപത്തിലുള്ള ഒരു നിർദ്ദേശം കമ്മീഷന്റെ ഭാഗത്തുനിന്നും നിർബന്ധമായും ഉണ്ടാകണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഇവിടെ സംസാരിക്കുന്നത് ഭരണ പരിഷ്കാരത്തിന്റെ അനിവാര്യതയെക്കുറിച്ചും ഇന്നുള്ള പോരായ്മകളെക്കുറിച്ചുമാണ്. ഭരണപരിഷ്കാര ബില്ലിനെക്കുറിച്ചാണെങ്കിൽ അങ്ങിവിടെ പറയുന്നതെല്ലാം പ്രസക്തമാണ്. ഇന്നിവിടെ നമ്മൾ ചർച്ച ചെയ്യപ്പെടുന്ന ബിൽ 'റിമൂവൽ ഓഫ് ദി ഡിസ്ക്വാളി ഫിക്കേഷൻ ഓഫ് എ ലെജിസ്ലേച്ചർ' എന്നുള്ളതാണ്. ഒരു എം.എൽ.എ. തന്നെ അതിന്റെ അദ്ധ്യക്ഷനാകണമെന്ന രീതിയിലുള്ള യാതൊരുവിധ വാദമുഖങ്ങളും അങ്ങിവിടെ സമർപ്പിച്ചിട്ടില്ല. ഭരണപരിഷ്കാരം ഉണ്ടാകണമെന്നും കാര്യങ്ങളെല്ലാം സ്പീഡാകണമെന്നും പറഞ്ഞതിൽ ഞങ്ങൾക്കെല്ലാം യോജിപ്പാണുള്ളത്. പക്ഷേ ഒരു എം.എൽ.എ. തന്നെ അതിന്റെ അദ്ധ്യക്ഷനാകണമെന്ന വാദമുഖം ഇവിടെ ഉന്നയിച്ചിട്ടില്ല. അങ്ങനെയാണെങ്കിൽ ഇനി അത്തരമൊരു ഭരണപരിഷ്കാര കമ്മീഷൻ വരുമ്പോൾ അതിന്റെ അദ്ധ്യക്ഷ സ്ഥാനത്തേക്ക് വരുന്ന വ്യക്തിയെ സംബന്ധിച്ച് പ്രായപരിധി നിശ്ചയിക്കുന്നത് ഉചിതമായിരിക്കില്ലേയെന്ന തോന്നൽ ഞാൻ അങ്ങയുടെ മുമ്പിൽ വയ്ക്കുകയാണ്. കാരണം അറുപത് വയസ്സിനുള്ളിൽ വരുന്ന ഒരാൾ അദ്ധ്യക്ഷസ്ഥാനത്തേക്ക് വരുമ്പോഴല്ലേ കൂടുതൽ ഇഫക്ടീവായി കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കുന്നതെന്ന അഭിപ്രായം അങ്ങേക്കില്ലേ?

<u>ശ്രീ. രാജു എബ്രഹാം</u>: സർ, നമ്മളെല്ലാം രാഷ്ട്രീയ പ്രവർത്തകരല്ലേ? ആദ്യമേതന്നെ പാർലമെന്റ് അംഗങ്ങൾക്ക് ഇത്തരത്തിലൊരു പ്രായം നിശ്ചയിക്കു കയായിരുന്നു നല്ലത്. അങ്ങയുടെ അഭിപ്രായത്തോട് എനിക്ക് പൂർണ്ണ യോജിപ്പാണുള്ളത്. ഇവിടെ ആർക്കും ചെയർമാനാകാം. ഇക്കാര്യങ്ങൾ ഗവൺമെന്റാണ് തീരുമാനിക്കുന്നത്. ഇവിടെ ഇതിനെക്കുറിച്ച് യാതൊന്നും പരാമർശിക്കുന്നില്ലല്ലോ. ശ്രീ. എം. ഉമ്മറിന്റെ

എല്ലാ വാദങ്ങളും അങ്ങ് പൊളിച്ചുകളഞ്ഞില്ലേ? ബഹുമാനപ്പെട്ട വി. എസ്. അച്ചുതാനന്ദനെക്കുറിച്ച് എന്തെല്ലാം അഭിപ്രായങ്ങളാണ് ശ്രീ. എം. ഉമ്മർ ഇവിടെ പറഞ്ഞത്. അതിനെ മുഴുവൻ ശ്രീ. എൻ. ഷംസുദ്ദീൻ പൊളിച്ചുകളഞ്ഞില്ലേ? അങ്ങയുടെ അഭിപ്രായത്തിന് നന്ദി. ഞാൻ എന്റെ പോയിന്റിലേക്ക് വരികയാണ്.

ഇന്ന് നാം കാണുന്ന ചുവപ്പുനാടകൾ മാറ്റേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. ഒന്നുരണ്ട് ഉദാഹരണങ്ങൾ മാത്രമേ ഞാൻ പറയുന്നുള്ളൂ. ഒന്നാമതായി ഡേറ്റ് ഓഫ് ബർത്ത് സംബന്ധിച്ച് വലിയൊരു പ്രശ്നം നിലനിൽക്കുകയാണ്. മുൻ ഭരണ പരിഷ്കാര കമ്മീഷനുകൾ ഇത്തരം കാര്യങ്ങളെക്കുറിച്ച് യാതൊന്നും പറഞ്ഞിരുന്നില്ല. അതിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം, അമ്മ പ്രസവിച്ച് കിടക്കുമ്പോൾ ജനന തീയതി പഞ്ചായത്തിൽപ്പോയി എഴുതിക്കൊടുക്കുന്നത് മുത്തച്ഛനോ ബന്ധുക്കളോ ആയിരിക്കും.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ബഹുമാനപ്പെട്ട എം. ഉമ്മറിന്റെ സംസാരം കേട്ടപ്പോൾ എനിക്ക് മനഃപ്രയാസം തോന്നി. ഇത്രയും പ്രായമായ ഒരു വ്യക്തിയെ ഇങ്ങനെ ആക്രമിക്കണമായിരുന്നോ? എന്നാൽ ഭരണ കക്ഷിക്കുവേണ്ടി സംസാരിക്കുന്ന, മാർക്സിസ്റ്റ് പാർട്ടിയുടെ ജില്ലാ കമ്മിറ്റി വരെയെങ്കിലും ഉയർന്നിട്ടുള്ള ശ്രീ. രാജു എബ്രഹാം സംസാരിക്കുമ്പോൾ, ശ്രീ. എം. ഉമ്മർ മോശമായ അഭിപ്രായം പറഞ്ഞ ഒരു വ്യക്തിയെപ്പറ്റി ഒരു വാക്കെങ്കിലും നല്ലത് പറയാമായിരുന്നില്ലേ? ഇപ്രകാരമൊരു അഭിപ്രായം പറയാനുള്ള ധാർമ്മികത ശ്രീ. രാജു എബ്രഹാമിനുണ്ടെന്നാണ് എന്റെ അഭിപ്രായം. എന്നാൽ എനിക്ക് സമയമുണ്ടായിരുന്നെങ്കിൽ ഞാൻ അങ്ങനെയൊരു അഭിപ്രായം പറയുമായിരുന്നു.

<u>ശ്രീ. എം. ഉമ്മർ</u>: സർ, ഞാൻ യാതൊരു മോശം വാക്കും അദ്ദേഹത്തെ കുറിച്ച് പറഞ്ഞിട്ടില്ല, ഇനി ഒരിക്കലും പറയുകയുമില്ല. നിങ്ങൾ അങ്ങനെ വിചാരിക്കേണ്ട. അങ്ങനെ ചിന്തിച്ചിട്ടുണ്ടെങ്കിൽ അദ്ദേഹത്തിനോട് നേരിട്ട് മാപ്പുചോദിക്കാൻ ഞാൻ തയ്യാറാണ്.

<u>ശ്രീ. പി. സി. ജോർജ്</u>: ശ്രീ. എം. ഉമ്മർ അദ്ദേഹത്തിനെതിരെ മോശമായ പരാമർശം നടത്തിയെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഇത് വന്നുകൊള്ളുന്നത് എവിടെയാണ്? അതാണിവിടത്തെ പ്രശ്നം.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, ശ്രീ. എം. ഉമ്മറിന്റെ ഇത്തരമൊരു പ്രസംഗം നമ്മളെല്ലാം ആദ്യമായി കേൾക്കുകയാണ്. ഏറ്റവും നല്ല ലീഗൽ പോയിന്റ് പറയുന്ന മികച്ചൊരു എം.എൽ.എ. ആയിട്ടാണ് ശ്രീ. എം. ഉമ്മറിനെ ഞങ്ങളെല്ലാം

കണ്ടുകൊണ്ടിരുന്നത്. പക്ഷേ ശ്രീ. എം. ഉമ്മറിന് ഇങ്ങനെയൊരു മുഖമുണ്ടായിരുന്നെന്ന് ഇപ്പോഴാണ് മനസ്സിലാകുന്നത്. അക്കാര്യത്തെക്കുറിച്ച് കൂടുതൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇവിടെ കൊണ്ടുവരേണ്ട മാറ്റങ്ങളെക്കുറിച്ചാണ് ഞാനിവിടെ സൂചിപ്പിക്കുന്നത്. ഡേറ്റ് ഓഫ് ബർത്ത് തിരുത്തുന്നതിനോ പേരിനകത്ത് ഒരു അക്ഷരത്തെറ്റുണ്ടെങ്കിൽ അത് പഞ്ചായത്തിൽ പോയി തിരുത്തുന്നതിനോ നമുക്ക് സാധിക്കുന്നില്ല. ഇതെല്ലാം വളരെ ഗുരുതരമായ പ്രശ്നങ്ങളാണ്. ആയതിനാൽ ഇത്തരം നടപടികളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഇപ്രകാരം തിരുത്തിക്കൊടുക്കുന്ന ഏതെങ്കിലും പഞ്ചായത്ത് സെക്രട്ടറിമാരുണ്ടെങ്കിൽ അവർക്കുള്ള കൈക്കൂലി അൻപതിനായിരം രൂപയോ ഒരുലക്ഷം രൂപയോ ആയിരിക്കും. ഇപ്രകാരമുള്ള അതിഗുരുതരമായ പ്രശ്നങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ഇത്തരം കാര്യങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ എങ്ങനെ വരുത്താൻ സാധിക്കുമെന്നതിനെക്കുറിച്ച് ഈ കമ്മീഷനകത്ത് കൃത്യമായ പരാമർശമുണ്ടാകണം.

ശ്രീ. പി. ഉബൈദുള്ള: സർ, ഡേറ്റ് ഓഫ് ബെർത്തിൽ കറക്ഷൻ വരുത്തുന്നതിന് വലിയ പ്രയാസം അനുഭവിക്കുകയാണെന്ന് അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. ഇതിനായി ദിവസങ്ങളോളം പഞ്ചായത്തിൽ കയറിയിറങ്ങേണ്ട അവസ്ഥയുണ്ട്. ഇതിനുവേണ്ടിയാണോ എം.എൽ.എ. ചെയർമാനായിട്ടുള്ള ഒരു ഭരണ പരിഷ്കാര കമ്മീഷനെ നിയമിക്കാൻ ഉദ്ദേശിക്കുന്നത്, ഇതിനുവേണ്ടിയാണോ ഇത്തരമൊരു ബിൽ കൊണ്ടുവരുന്നത്?

ശ്രീ. രാജു എബ്രഹാം: എം.എൽ.എ. ചെയർമാനായിട്ടുള്ള ഒരു ഭരണ പരിഷ്കാര കമ്മീഷനാണിതെന്ന് ആരാണ് പറഞ്ഞത്? ഇക്കാര്യത്തെക്കുറിച്ച് ഇതിൽ പരാമർശിച്ചിട്ടുണ്ടോ? ഇവിടെ ഏത് എം.എൽ.എ.-ക്കും ചെയർമാനാകാം. ശ്രീ. കെ. വി. അബ്ദുൾ ഖാദർ വഖഫ് ബോർഡിന്റെ ചെയർമാനായിരുന്നപ്പോൾ അത് തട്ടിത്തെറിപ്പിക്കാൻ കേസിന് പോയ ആളുകളല്ലേ നിങ്ങൾ?

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. കെ. വി. അബ്ദുൾ ഖാദർ വഖഫ് ബോർഡ് ചെയർമാനായിരുന്നതുപോലെയാണെങ്കിൽ അത് നല്ല കാര്യമാണ്. ഞാൻ അതിനെ സ്വാഗതം ചെയ്യുന്നു. ഇവിടെ അത്തരമൊരു അവസ്ഥയല്ല നിലനിൽക്കുന്നത്. ഇവിടെ മന്ത്രിയുടെ പദവി, pecuniary benefits ഇതെല്ലാമുണ്ട്. ശ്രീ. കെ. വി. അബ്ദുൾ ഖാദർ ചെയർമാനായതുപോലുള്ള അവസ്ഥയാണെങ്കിൽ ഇവിടെ ബില്ലിന്റെ ആവശ്യം തന്നെയില്ല.

ശ്രീ. രാജു എബ്രഹാം: ശ്രീമതി സോണിയാ ഗാന്ധി എന്തിനാണ് ഇത്തരമൊരു പദവി ഏറ്റെടുത്തത്?

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ശ്രീ. കെ. വി. അബ്ദുൾ ഖാദർ വഖഫ് ബോർഡിന്റെ ചെയർമാനായതുപോലെയാണെങ്കിൽ അതുകൊണ്ട് പ്രശ്നമില്ലായെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞു. എന്നെ സുപ്രീംകോടതി വരെ കയറ്റിയതിനുശേഷമാണ് ബഹുമാനപ്പെട്ട ലീഗുകാർ പരാജയം സമ്മതിച്ചത്. 2005-ലെ കേന്ദ്ര വഖഫ് നിയമമനുസരിച്ചാണ് എം.എൽ.എ.-മാർ വഖഫ് ബോർഡിൽ വരണമെന്നുള്ള നിയമം വന്നത്. അങ്ങനെ വഖഫ് ബോർഡിൽ വരുന്നയാൾ ചെയർമാനാകാൻ പാടില്ലെന്ന് അതിൽ വ്യവസ്ഥയില്ല. പ്രസ്തുത നിയമമനുസരിച്ചാണ് 2009-ൽ ഞാൻ വഖഫ് ബോർഡ് ചെയർമാനാകുന്നത്. എനിക്കെതിരായി കേസിന് പോയവരാണ് ലീഗുകാർ. ഭരണമുന്നണി ചീഫ് വിപ്പിനെ അയോഗ്യതയിൽ നിന്ന് ഒഴിവാക്കുന്നതിനുള്ള നിയമം കൊണ്ടു വന്നപ്പോൾ വഖഫ് ബോർഡ് ചെയർമാൻ സ്ഥാനത്തെയും ഈ അയോഗ്യതയിൽ നിന്ന് ഒഴിവാക്കണമെന്ന നിയമം അവർ കൊണ്ടുവന്നില്ല. ഇത്തരത്തിൽ രാഷ്ട്രീയ വിവേചനം കാണിച്ച ആളുകളാണ് ഇവരെന്ന കാര്യം ശ്രീ. രാജു എബ്രഹാമിന് ഓർമ്മയില്ലേ?

ശ്രീ. പി. ടി. എ. റഹീം: സർ, ഹജ്ജ് കമ്മിറ്റി ചെയർമാനായ എന്നെ പുറത്താക്കുന്നതിനായി ഹൈക്കോടതിയിലും സുപ്രീം കോടതിയിലും ഇവർ കേസ് നടത്തുകയുണ്ടായി.

ശ്രീ. സി. കെ. നാണു: സർ, വളരെ പ്രധാനപ്പെട്ട ഒരു കമ്മിറ്റിയിലേക്ക് ഒരാളെ നിശ്ചയിക്കുന്നത് സംബന്ധിച്ചുള്ള നിയമത്തെക്കുറിച്ചാണ് ഞാനിവിടെ പരാമർശിക്കുന്നത്. ഇവിടെ എം.എൽ.എ.-മാർക്കും പാർലമെന്റ് അംഗങ്ങൾക്കും പ്രായപരിധി ഇല്ലല്ലോ? പിന്നെ ഇവിടെയിരുന്ന് ഇക്കാര്യത്തെക്കുറിച്ച് സംസാരിക്കുന്ന അവസരത്തിൽ ഇത്തരത്തിൽ പരിഹസിക്കണമോ? വളരെ അനുഭവസമ്പത്തും കഴിവുമുള്ള രാഷ്ട്രീയ നേതാക്കൾ ഉന്നതസ്ഥാനം വഹിക്കേണ്ട ഒരു നിയമമാണിത്. ഇന്ത്യൻ സ്വാതന്ത്ര്യസമര കാലഘട്ടത്തിലെ പ്രധാനപ്പെട്ട നേതാക്കൾ, പാർലമെന്റ് അംഗങ്ങളും അല്ലെങ്കിൽ പാർലമെന്റ് അംഗമല്ലാത്ത വളരെ പ്രായമുള്ള അംഗങ്ങളും ഇത്തരം കമ്മിറ്റിയുടെ ചെയർമാൻമാരായിട്ടുണ്ട്. അവർ വന്നപ്പോൾ പാർലമെന്റിലുണ്ടായിരുന്ന ആളുകൾക്ക് വേണമെങ്കിൽ പരിഹസിക്കാമായിരുന്നു. പക്ഷേ പാർലമെന്റിന്റെ ചരിത്രത്തിൽ അങ്ങനെ ഉണ്ടായിട്ടില്ല. നമ്മുടെ നാട്ടിലെ ജനാധിപത്യത്തിൽ പരസ്പരം ശക്തമായ രൂപത്തിൽ വിമർശനമുണ്ടാകാറുണ്ട്. ഒരു നിയമം വരുമ്പോൾ

നേതാക്കളെക്കുറിച്ച് പല ചർച്ചകളും നടക്കും. പ്രസ്തുത ചർച്ചകൾ ഇവിടെ ആവശ്യമില്ലാത്തതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. അവസാനം വേറെ ആർക്കും അവസരം നൽകാതെ സ്വന്തം കുടുംബത്തിലുള്ളവർക്കുമാത്രം സ്ഥാനങ്ങൾ നൽകുന്ന സംവിധാനമുണ്ട്. അതിനെ സംബന്ധിച്ച് നമ്മളാരും ഇവിടെ പറയുന്നില്ല. അക്കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. ഒരു മാന്യമായ വേദിയിൽ ഇത്തരമൊരു പ്രശ്നത്തെ സംബന്ധിച്ച് ചർച്ച വരുന്നത് സ്വാഭാവികമാണ്. ഇതൊന്നും ഒരു സ്ഥാപിത താൽപ്പര്യം സംരക്ഷിക്കുന്ന രൂപത്തിലുള്ളതല്ല. നമ്മളെല്ലാം സ്ഥാപിത താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നവരാണ്. ആ രൂപത്തിലുള്ള ചർച്ച രാജ്യത്ത് നടക്കുന്നത് ഗുണകരമല്ല. കോൺഗ്രസ് (ഐ.)യുടെ ആളുകൾ പ്രതിപക്ഷത്തും ഭരണപക്ഷത്തും ഇരുന്നപ്പോൾ പ്രധാനമന്ത്രിയും മന്ത്രിയുമല്ലാതെ പ്രധാനപ്പെട്ട സ്ഥാനത്ത് ശ്രീമതി സോണിയാഗാന്ധി എങ്ങനെയാണ് വന്നത്. അതിനെക്കുറിച്ച് ഇവിടെ ചർച്ചകൾ നടന്നില്ല. പക്ഷേ രാജ്യത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒരു സമിതി വേണമെന്ന് ഇവിടെ അധികാരത്തിലുള്ള കക്ഷിക്ക് അഭിപ്രായമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഒരു നിയമം കൊണ്ടുവരുമ്പോൾ ആ കക്ഷിക്ക് താൽപ്പര്യമുള്ള, കക്ഷിയെ അംഗീകരിക്കുന്ന, ഒരു പക്ഷേ ജീവിച്ചിരിക്കുന്നതിൽ ഏറ്റവും കൂടുതൽ പ്രായമുള്ള വ്യക്തിയെ അല്ലെങ്കിൽ ചെറുപ്പക്കാരനെ ഇതിന്റെ ചെയർമാനാക്കാം. അങ്ങനെയൊരു കമ്മിറ്റി വരുന്ന അവസരത്തിൽ സീനിയറായിട്ടുള്ള പ്രധാനപ്പെട്ട ആളുകളടക്കം ഈ പ്രശ്നത്തെ സംബന്ധിച്ച് ചർച്ച ചെയ്യുന്ന അവസരത്തിൽ പാലിക്കേണ്ട സംയമനം ഈ സഭയിൽ ഇന്ന് ആവശ്യമില്ലേ?

ശ്രീ. രാജു എബ്രഹാം: വളരെ പ്രസക്തമായിട്ടുള്ള കാര്യങ്ങളാണ് ശ്രീ. സി. കെ. നാണു ഇവിടെ സൂചിപ്പിച്ചത്. ഞാനെന്റെ ബില്ലിലേക്ക് പോകുകയാണ്. ഭരണപരിഷ്കാര നടപടികൾ നമ്മുടെ നാട്ടിൽ കൊണ്ടുവരുന്നത് എല്ലാ മാറ്റങ്ങൾക്കും തുടക്കമാണ്. കാരണം ഈ നാട്ടിൽ തെറ്റായിപോയിട്ടുള്ള, മോശപ്പെട്ട കാര്യങ്ങളെയെല്ലാം നേരായ വഴിയിലൂടെ കൊണ്ടുവന്ന് എല്ലാം ശരിയാകും എന്നുള്ള ഒരു മുദ്രാവാക്യം ജനങ്ങളുടെ മുൻപിൽ വച്ചുകൊണ്ടു തന്നെയാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. അതുകൊണ്ടുതന്നെ നമ്മുടെ നാട്ടിൽ ഒട്ടേറെ മാറ്റങ്ങളുണ്ടായേ മതിയാകൂ.

ശ്രീ. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിനകത്തെ പ്രധാനപ്പെട്ട ഒരു കാര്യം, ആയിരം ഹൈസ്കൂളുകളെ അഞ്ച് വർഷം കൊണ്ട് മോഡേണൈസ് ചെയ്യുമെന്നുള്ള ഒരു നിർദ്ദേശമാണ്. ആളുകൾ പലരും അഴിമതിയിലേക്ക് പോകുന്നത് മക്കളെ പഠിപ്പിക്കാൻ തുടങ്ങുമ്പോൾ മുതലാണ്. മക്കളെ പഠിപ്പിക്കണമെങ്കിൽ വലിയ തോതിൽ പണം വേണം. അങ്ങനെ പണത്തിനായി

സ്വാഭാവികമായും പല ആളുകളും അഴിമതിയിലേക്ക് പോകുന്ന ഒരു കാഴ്ച സർവ്വ വ്യാപകമായി കാണാൻ കഴിയും. കാരണം നല്ല പഠനം വേണമെങ്കിൽ മറ്റ് സ്കൂളുകളിലേക്ക് പോകണം. എന്തുകൊണ്ട് പൊതുമേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നല്ല നിലയിൽ ഉയർത്തിക്കൊണ്ടുവരാൻ നമ്മുടെ ഭരണകൂടങ്ങൾക്ക് കഴിഞ്ഞില്ല എന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യമാണ്. നല്ല നിലയിലേക്ക് നമ്മുടെ സ്കൂളുകളെ ഉയർത്തിക്കൊണ്ടുവന്നാൽ സ്വാഭാവികമായും ജനങ്ങൾ അവിടേക്ക് വരും. വില കുറച്ചുകൊടുക്കുന്ന സംവിധാനങ്ങൾ വ്യാപകമാക്കിയാൽ സ്വാഭാവികമായും മനുഷ്യന് പണത്തോടുള്ള ആക്രാന്തം കുറയും. ആർക്കാണ് സംശയം? അങ്ങനെയുള്ള പ്രശ്നങ്ങൾ വരുമ്പോൾ ഒരു ഗവൺമെന്റ് ഉയർന്നു വരേണ്ടതിന്റെ പ്രസക്തിയാണ് ഞാൻ ഇവിടെ സൂചിപ്പിച്ചത്. അങ്ങനെയുള്ള നിരവധി വിഷയങ്ങളിൽ നമ്മൾ ഗൗരവമായി ഇടപെടണം. ഗവൺമെന്റ് കൊണ്ടു വരുന്ന ഉത്തരവുകളുണ്ട്. മണ്ണ് നീക്കാനുള്ള ഉത്തരവ് കൊണ്ടുവന്നു. എന്നാൽ എല്ലാ തലങ്ങളിലും വലിയ തോതിലുള്ള കൈക്കൂലിയാണ്. ഭരണപരിഷ്കാര കമ്മീഷന്റെ മുൻപിൽ ഞാൻ അവതരിപ്പിക്കുന്ന പ്രധാനപ്പെട്ട കാര്യങ്ങളിലൊന്ന് ഇതുപോലെയുള്ള കാര്യങ്ങളിൽ ഭരണപരിഷ്കാര കമ്മീഷൻ നിർദ്ദേശങ്ങൾ വയ്ക്കണമെന്നുള്ളതാണ്. ഇതുപോലുള്ള കാലോചിതമായിട്ടുള്ള നിർദ്ദേശങ്ങൾ, അഴിമതിയില്ലാതാക്കാൻ വേണ്ടിയുള്ള നിർദ്ദേശങ്ങൾ, നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് കൂടുതൽ സൗകര്യങ്ങൾ ലഭിക്കാൻ വേണ്ടിയുള്ള നിർദ്ദേശങ്ങൾ, മുൻപ് ഇ. കെ. നായനാർ കമ്മീഷൻ വച്ചതുപോലെ, ഇ. എം. എസ്. കമ്മീഷൻ വച്ചതുപോലെ, ഭരണ സുതാര്യതയ്ക്കുവേണ്ടി നല്ല നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കാൻ ഈ കമ്മീഷന് കഴിയണമെന്നുകൂടിപറഞ്ഞു കൊണ്ട് ഞാൻ ഇതിനെ ഒരിക്കൽ കൂടി പിൻതുണയ്ക്കുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. എം. ഉമ്മർ അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. വി. ഡി. സതീശൻ</u>: .........(മൈക്ക് ഓഫ്)..........സർ, ഞാൻ സംസാരിക്കുന്നുണ്ട്.

<u>മി. സ്പീക്കർ</u>: ഇവിടെ ശ്രീ. എം. ഉമ്മറും ശ്രീ. രാജു എബ്രഹാമും വിശദമായി സംസാരിച്ചില്ലേ? ഇത് ഭേദഗതി ബില്ലാണ്. ഭേദഗതി ബില്ലിൽ രണ്ടുപേരെ സംസാരിക്കാറുള്ളൂ. ശ്രീ. വി. ഡി. സതീശൻ, സബ്ജക്ട് കമ്മറ്റിക്ക് പോയി വന്നതിനുശേഷം നാലുപേർക്ക് സംസാരിക്കാം. ഭേദഗതി ബില്ലിൽ രണ്ടു പേരല്ലേ സംസാരിക്കാറുള്ളൂ?

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ശ്രീ. വി. ഡി. സതീശന്റെ പേര് ലോട്ടിൽ വന്നിട്ടുള്ളതാണ്. 4 പേരാണ് എല്ലാ ബില്ലുകളുടേയും ചർച്ചയിൽ പങ്കെടുക്കുന്നത്. അങ്ങെന്തിനാണ് ഇത് കുറയ്ക്കുന്നത്?

മി. സ്പീക്കർ: ഭേദഗതി ബില്ലിൽ സാധാരണ ഗതിയിൽ രണ്ടാളുകളെ സംസാരിക്കാറുള്ളൂ. പ്രതിപക്ഷ നേതാവിന് നിർബന്ധമാണെങ്കിൽ അദ്ദേഹം ചുരുക്കി സംസാരിക്കട്ടെ.

3.44 PM]

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പ്രിപ്പെയർ ചെയ്ത് വന്നിരിക്കുകയാണ്. ബില്ലിന്റെ ചർച്ചയിൽ നിയന്ത്രണമൊന്നും വേണ്ട. ആകെ ഇതു മാത്രമേ ഇവിടെ സംസാരിക്കാൻ സാധിക്കുകയുള്ളൂ. ഭരണപരിഷ്കാര കമ്മീഷന്റെ രൂപീകരണം നടത്തിയ ബില്ല് അല്ലല്ലോ ഇത്? ശ്രീ. രാജു എബ്രഹാം ഇവിടെ സംസാരിച്ചപ്പോൾ ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിക്കുന്നതുപോലെയാണ് സംസാരിച്ചത്. അങ്ങയുടെ ഭാഗത്തുനിന്ന് ഒരു നിയന്ത്രണവും ഉണ്ടായില്ലല്ലോ? ഞാൻ സംസാരിക്കാൻ തുടങ്ങാൻ പോകുന്നതല്ലേയുള്ളൂ.

മി. സ്പീക്കർ: ഞാൻ നിയന്ത്രിക്കുകയാണ് എന്ന് പറഞ്ഞില്ലല്ലോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ ഇവിടെ മൂവ് ചെയ്ത 1 (എ) ഭേദഗതിയെ അനുകൂലിക്കുകയാണ്. നേരത്തെ സൂചിപ്പിച്ചതുപോലെ ഇതൊരു ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിക്കുന്ന ബില്ലല്ല. ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിക്കുന്ന ബില്ലാണെങ്കിൽ സഞ്ചിതനിധി വേണമല്ലോ? സഞ്ചിത നിധിയിൽനിന്നാണ് പണമെടുക്കുന്നതെന്ന തടസ്സവാദത്തെ അംഗീകരിക്കണ്ടേ? ഇത് Sub clause A of clause 1 of Article 191. ഭരണഘടനയുടെ 191 1(A) അനുസരിച്ച് Disqualification ആണ്. നിയമസഭാംഗങ്ങൾക്കോ ലെജിസ്ലേറ്റീവ് കൗൺസിൽ അംഗങ്ങൾക്കോ Office of Profit എന്നതുണ്ടെങ്കിൽ otherwise അവരെ ലിസ്റ്റ് ചെയ്യണം, ഡിക്ലയർ ചെയ്യണം. ആ സ്ഥാനങ്ങളേതെല്ലാമെന്ന് ലെജിസ്ലേച്ചർ ഡിസ്കസ് ചെയ്യണം. 1950-ൽത്തന്നെ ഇന്ത്യൻ പാർലമെന്റ്, The Parliament Prevention of Disqualification Act 1950 പാസ്സാക്കിയിട്ടുണ്ട്. 1950-ൽ അത് repeal ചെയ്യുകയും The Parliament Prevention of Disqualification Act 1959 നിലവിൽ വരികയും ചെയ്തു. അതുവരെയുണ്ടായിരുന്ന എല്ലാ അമെന്റ്മെന്റുകളും കൺസോളിഡേറ്റ് ചെയ്തുകൊണ്ടുള്ള ഒരു അമെന്റ്മെന്റ് പുറത്തുവരികയും ചെയ്തു.

പക്ഷേ കേരളത്തിൽ 1951-ൽ നമ്മുടെ കൊച്ചി-തിരുവിതാംകൂർ നിയമസഭയിലാണ് Travancore-Kochi Removal of Disqualification Bill, 1951 ആദ്യമായി ചർച്ചയ്ക്ക് വന്നത്. അതിനുശേഷം ഐക്യകേരളം രൂപീകൃതമായപ്പോൾ കേരളത്തിന്റെ ഭാഗമായി മാറി. 1951-ൽ നിയമസഭയിൽ നടന്ന ചർച്ചയിൽ പട്ടം താണുപിള്ള ഈ ബില്ലിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചു. വളരെ ഗൗരവകരമായ ചർച്ചയാണ് അന്ന് നടന്നത്. ആ ചർച്ചയിൽ പട്ടം താണുപിള്ള സംസാരിച്ചത് ഇവിടെ സൂചിപ്പിച്ചാൽ നമുക്ക് കൃത്യമായി മനസ്സിലാകും. അദ്ദേഹം പറയുന്നത് " What is the Principle on which this disability is imposed by Article 191 ? Is it that the members of the Legislature should not be under obligation of Government. A member is expected to do his duty out of consideration for the interests of the state and not to please particular Ministers or Ministries or Government. That evidently is one of the basic consideration in respect of this provision. It is the source of money that really matters. Chairman of the Administrative Reforms Commission is an office which is remunerated out of the Consolidated Fund,...." എന്നാണ്. സഞ്ചിതനിധിയിൽ നിന്ന് പണം ചെലവാക്കിയിട്ടാണ് ഈ ഭരണപരിഷ്കാര കമ്മീഷനെ ഇവിടെ നിയമിക്കുന്നത്.

പാർലമെന്റിൽ ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് ഇത് വളരെ വിശദമായി പഠിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. ആ കമ്മിറ്റിയുടെ ചെയർമാനായിരുന്നത് അന്നത്തെ പ്രശസ്തനായിരുന്ന പണ്ഡിറ്റ് ഠാക്കൂർ ദാസ് ഭാർഗ്ഗവയാണ്. ഭാർഗ്ഗവ കമ്മിറ്റി എന്ന പ്രശസ്തമായ ആ കമ്മിറ്റിയുടെ റിപ്പോർട്ടിൽ വളരെ വ്യക്തമായി പറയുന്നു, "It is at the same time felt that consistent with the above view expressed, Members of Parliament should not be permitted to go on committees, commissions, etc, which jeopardise their independence or which will place them in a position of power or influence in a position where they receive some patronage from Government or are themselves in a position to distribute patronage." ഭാർഗ്ഗവ കമ്മിറ്റിയുടെ റിപ്പോർട്ടിൽത്തന്നെ സാദ്ധ്യതയുണ്ടെങ്കിൽ പരമാവധി ഗവൺമെന്റിന്റെ patronage കിട്ടുന്ന സ്ഥാനങ്ങൾ സ്വീകരിക്കുന്നതിലേക്ക് പാർലമെന്റ് മെമ്പർമാർ, അതിന് കറസ്പോണ്ടിംഗായി ലെജിസ്ലേറ്റീവ് അസംബ്ലിയിലെ മെമ്പർമാർ ഒരു കാരണവശാലും പോകരുതെന്നാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നത്. എം.എൽ.എ.-മാരായിരിക്കുന്നവരും പാർലമെന്റ് അംഗങ്ങളും പരമാവധി പോകരുതെന്നാണ്

പറഞ്ഞിരിക്കുന്നത്. അപ്പോഴാണ് ശ്രീമതി സോണിയാ ഗാന്ധി എന്തുകൊണ്ട് ഇത് ഏറ്റെടുത്തു എന്ന ചോദ്യം വന്നത്? ഞാൻ അതൊരു സി.പി.ഐ.(എം) മെമ്പറിൽ നിന്ന് ഒരിക്കലും പ്രതീക്ഷിച്ചില്ല. ഒരു വെള്ളിത്തളികയിലാക്കി ഇന്ത്യയുടെ പ്രധാനമന്ത്രി സ്ഥാനം കൊടുത്തിട്ട് അത് വേണ്ടെന്നുവച്ചു. എന്താ അതൊരു ചരിത്ര യാഥാർത്ഥ്യമല്ലേ, ചരിത്രയാഥാർത്ഥ്യമാണ്, അത് വേണ്ടായെന്നു പറഞ്ഞിട്ടാണ്. അന്ന് അത് പോരാ വീണ്ടും എടുക്കണമെന്ന് ആവശ്യപ്പെട്ട് അന്നത്തെ ഇടതു മുന്നണിയുടെ നേതാക്കളാണ് ഏറ്റവും കൂടുതൽ ശ്രീമതി സോണിയാ ഗാന്ധിയെ നിർബന്ധിച്ചത്. ഒരു കാരണവശാലും ഇത് സ്വീകരിക്കില്ലെന്ന പരസ്യമായ അഭിപ്രായ പ്രകടനമാണ് അവർ നടത്തിയത്. അതിനുശേഷം യു.പി.എ.ക്കും പുറത്തു നിന്നു വരുന്ന കക്ഷികൾക്കും തമ്മിൽ ഒരു കോ-ഓർഡിനേഷനുണ്ടാകണമെന്നും അതിന് യു.പി.എ.യുടെ ചെയർപേഴ്സൺ സ്ഥാനം ക്യാബിനറ്റ് റാങ്കോടെ സ്വീകരിക്കണമെന്നും ശ്രീമതി സോണിയാ ഗാന്ധിയുടെ വസതിയിൽ പോയി ഒരു സഹോദരിയുടെ വാത്സല്യത്തോടുകൂടി അവരെ നിർബന്ധിച്ചത് സി.പി.ഐ.(എം).ന്റെ ജനറൽ സെക്രട്ടറിയായിരുന്ന ഹർകിഷൻ സിംഗ് സുർജിത്ത് ആയിരുന്നു എന്ന യാഥാർത്ഥ്യം നിങ്ങളാരും മറക്കരുത്. കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയുടെ നിർബന്ധമല്ല, ഹർകിഷൻ സിംഗ് സുർജിത്ത് ഉൾപ്പെടെയുള്ള ഇടതുമുന്നണി നേതാക്കളുടെ നിർബന്ധമാണ് അതിനു കാരണമായത്. എന്നിട്ട് അവർ എങ്ങനെയാണ് സ്വീകരിച്ചത്? അവർ എം.പി. സ്ഥാനം രാജിവച്ചു. എന്നിട്ട് രണ്ടാമത് മത്സരിച്ച് വിജയിച്ചു. അങ്ങനെയാണ് അവർ യു.പി.എ.-യുടെ ചെയർപേഴ്സൺ സ്ഥാനം സ്വീകരിച്ചത്. ഇവിടെ നടക്കാൻ പോകുന്നതുപോലെയല്ല. അതുകൊണ്ട് പറയുമ്പോൾ ചരിത്രം അറിഞ്ഞുകൊണ്ടുവേണം സംസാരിക്കാൻ. എനിക്ക് ധനകാര്യ വകുപ്പുമന്ത്രിയോട് ഒരു ചോദ്യമുണ്ട്. വളരെ ലളിതമായൊരു ചോദ്യം. ഇങ്ങനെയൊരു ഭരണപരിഷ്കാര കമ്മീഷൻ ഇപ്പോൾ ആവശ്യമുണ്ടോ?

ശ്രീ. റ്റി. വി. രാജേഷ്: സർ, രണ്ടാം യു.പി.എ. സർക്കാരിന്റെ കാലത്ത് ക്യാബിനറ്റ് റാങ്ക് കിട്ടിയത് ആര് നിർബന്ധിച്ചിട്ടാണ്?

ശ്രീ. വി. ഡി. സതീശൻ: സർ, ആ ചോദ്യത്തിന് ഉത്തരമുണ്ടോ? അതൊരു തുടർച്ചയല്ലേ; ഭർത്താവും ഭർതൃമാതാവും തീവ്രവാദികളാൽ കൊലചെയ്യപ്പെട്ട ഒരു കുടുംബത്തിലെ അംഗമാണവർ. അവരുടെയും കുടുംബത്തിന്റെയും സുരക്ഷിതത്വം ഈ രാജ്യത്തിന്റെ ഉത്തരവാദിത്വമാണ്. ഇങ്ങനെ ഒരു ഭരണപരിഷ്കാര കമ്മീഷൻ ഇപ്പോൾ ആവശ്യമുണ്ടോ എന്നുള്ളതാണ് ധനകാര്യ വകുപ്പുമന്ത്രിയോടുള്ള എന്റെ

ചോദ്യം? ഇത് സംസ്ഥാന ഖജനാവിന് അധികചെലവുണ്ടാക്കുന്ന ഒന്നാണ്. കഴിഞ്ഞ സർക്കാർ ഖജനാവിലുള്ള പണം മുഴുവനും ധൂർത്തടിച്ചുവെന്നാണ് ധനകാര്യ വകുപ്പുമന്ത്രി പറയുന്നത്. ഈ ഗവൺമെൻറ് സത്യപ്രതിജ്ഞാ ചടങ്ങിന് 50 ലക്ഷം രൂപയും പത്രപ്പരസ്യത്തിന് കോടികളും ചെലവാക്കി. ഇപ്പോൾ കോടികൾ ചെലവാക്കി നിങ്ങൾ ഒരു ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിക്കുന്നു. സംസ്ഥാനം സാമ്പത്തിക ഞെരുക്കത്തിന്റെ നൂൽപ്പാലത്തിലൂടെ കടന്നുപോകുന്ന ഈ അവസ്ഥയിൽ ഭരണപരിഷ്കാര കമ്മീഷൻ ഇപ്പോൾ വേണമായിരുന്നോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ഭരണപരിഷ്കാരം സമയബന്ധിതമായി നടപ്പാക്കുന്നതിന് ഒരു കമ്മീഷൻ രൂപീകരിക്കുമെന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ മാനിഫെസ്റ്റോയിൽ പറഞ്ഞിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, മാനിഫെസ്റ്റോ തയ്യാറാക്കിയപ്പോൾത്തന്നെ ഈ ഐഡിയ ഉണ്ടായിരുന്നുവെന്നുള്ളത് ഇപ്പോഴാണ് മനസ്സിലായത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, കേരള പഠന കോൺഗ്രസ്സിൽ ഇത്തരത്തിൽ ധാരാളം റിപ്പോർട്ടുകളുണ്ട്. എന്നാൽ പ്രായോഗികമായി കാര്യങ്ങൾ നീങ്ങുന്നില്ല. അതുകൊണ്ട് ഇത് സമയബന്ധിതമായി നടപ്പാക്കുന്നതിനുവേണ്ടി, നിർദ്ദേശങ്ങൾ നൽകുന്നതിനുവേണ്ടി, നിരീക്ഷണത്തിനുവേണ്ടി ഒരു സമിതി വേണമെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇതിപ്പോൾ എങ്ങനെയാണ് രൂപീകരിക്കുന്നത്; എന്തിനാണ് രൂപീകരിക്കുന്നത് എന്നറിയാൻ പാനൂർ പഠിപ്പുര വരെ പോകേണ്ട ആവശ്യമില്ലല്ലോ? ബഡ്ജറ്റ് മുന്നോട്ടുവയ്ക്കുന്ന സാമ്പത്തിക ചെലവുകളുടെ നിയന്ത്രണത്തിന് ഇത് യോജിച്ചതാണോയെന്ന് അങ്ങ് പരിശോധിച്ചാൽ മതിയാകും. ഇതുസംബന്ധിച്ച് വളരെ വ്യക്തമായി കേരളത്തിലെ ജനങ്ങൾക്കറിയാം. ശ്രീ. പിണറായി വിജയന്റെയും ശ്രീ. വി. എസ്. അച്ചുതാനന്ദന്റെയും നേതൃത്വത്തിൽ വർഷങ്ങളായി സി.പി.ഐ(എം).ൽ നടന്നുവരുന്ന വിഭാഗീയതയുടെ ഉൽപ്പന്നമാണ് ഈ ഭരണപരിഷ്കാര കമ്മീഷൻ. അതുകൊണ്ട് നിയമ വകുപ്പുമന്ത്രിയായ ശ്രീ. എ. കെ. ബാലൻ പറഞ്ഞതുപോലെ ഭാരത സർക്കാരിന്റെയോ കേരള സർക്കാരിന്റെയോ സഞ്ചിത നിധിയിൽ നിന്നല്ല, പോളിറ്റ് ബ്യൂറോയുടെ സഞ്ചിത നിധിയിൽനിന്നാണ്

ഇതിന്റെ ചെലവ് വഹിക്കേണ്ടത്. ഇങ്ങനെ ഒരു കമ്മീഷനിൽ ഇരുത്താനായിരുന്നുവെങ്കിൽ സഖാവ് വി. എസ്. അച്ചുതാനന്ദനെ നിങ്ങൾ തെരഞ്ഞെടുപ്പിന് മത്സരിപ്പിക്കണമായിരുന്നോ? അങ്ങനെ ആയിരുന്നെങ്കിൽ ഈ ബില്ലിന്റെ ആവശ്യമില്ലാതെ തന്നെ അദ്ദേഹത്തിനെ നേരിട്ട് ഭരണപരിഷ്കാര കമ്മീഷൻ ചെയർമാൻ ആക്കാമായിരുന്നല്ലോ? ഈ ബിൽ ഇവിടെ കൊണ്ടുവരേണ്ട ആവശ്യമില്ലായിരുന്നു. പെണ്ണ് കാണാൻ വന്നപ്പോൾ അനിയത്തിയെ കാണിച്ച് ചേട്ടത്തിയെ വിവാഹം കഴിപ്പിച്ചുവെന്ന സോഷ്യൽ മീഡിയയിലെ തമാശയൊന്നും ഞാൻ ഇവിടെ ആവർത്തിക്കുന്നില്ല. പക്ഷേ ജനങ്ങളുടെ മുന്നിൽ മുഖ്യമന്ത്രി സ്ഥാനാർത്ഥിയെ പ്രഖ്യാപിക്കാതെ, ശ്രീ. വി. എസ്. അച്ചുതാനന്ദനും സാദ്ധ്യതയുണ്ടെന്ന് വരുത്തിത്തീർത്ത് അദ്ദേഹത്തിന്റെ ജനപിന്തുണയെ നിങ്ങൾ നന്നായി മാർക്കറ്റ് ചെയ്തു. 'പാലം കടക്കുവോളം നാരായണാ, പാലം കടന്നുകഴിഞ്ഞപ്പോൾ കൂരായണാ' എന്നു പറഞ്ഞതുപോലെയാണ് നിങ്ങൾ അദ്ദേഹത്തിനോട് കാണിച്ചത്. ഞങ്ങൾ അദ്ദേഹത്തെ അപമാനിക്കില്ല, ഞങ്ങൾ അദ്ദേഹത്തെ ബഹുമാനിക്കുന്നു. നിങ്ങൾ ഗൗനിക്കുന്നില്ല എന്നുകണ്ടപ്പോൾ അദ്ദേഹത്തിന് നിരാശയായി. ഇവിടെ ശ്രീ. എം. ഉമ്മർ പറഞ്ഞതുപോലെ, സി.പി.ഐ.(എം) ജനറൽ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരിയുടെ പോക്കറ്റിൽ തനിക്ക് നൽകേണ്ട സ്ഥാനങ്ങളെ സംബന്ധിച്ച കുറിപ്പ് നൽകേണ്ട സ്ഥിതിയിലേക്ക് വന്ദ്യവയോധികനായ ഈ കമ്മ്യൂണിസ്റ്റ് നേതാവിനെ നിങ്ങളാണ് തരം താഴ്ത്തിയത്. ശ്രീ. സീതാറാം യെച്ചൂരിയാണ് അദ്ദേഹത്തെ ചതിച്ചത്. അദ്ദേഹത്തിന്റെ ഏറ്റവും അടുത്ത ആളാണ്, അദ്ദേഹത്തോട് പ്രത്യേക സിമ്പതിയുണ്ടെന്നുപറഞ്ഞ് കൊണ്ടുനടന്നു. കൊണ്ടുനടന്ന് കൊണ്ടുനടന്ന് അവസാനമായപ്പോൾ കാലുവാരി. ശ്രീ. സീതാറാം യെച്ചൂരിക്കെങ്കിലും ആ കുറിപ്പിലെ കണ്ടെന്റ് നിഷേധിച്ച് അദ്ദേഹത്തിന്റെ മാനം കാക്കാമായിരുന്നു. അദ്ദേഹവും അത് ചെയ്തില്ല. അദ്ദേഹത്തിന്റെ പ്രായത്തെയും പാരമ്പര്യത്തെയും പ്രവർത്തനത്തെയും പരിഗണിക്കാതെ നിങ്ങൾ ദിവസങ്ങളോളം എന്താണ് ചെയ്തത്? ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ പദവിയെ സംബന്ധിച്ച് ഇന്ന് സംസ്ഥാന കമ്മിറ്റി തീരുമാനിക്കും - വാർത്ത; പിറ്റേ ദിവസത്തെ വാർത്ത - ഇന്നലത്തെ സംസ്ഥാന കമ്മിറ്റി വി.എസ്.-ന്റെ പദവിയുടെ കാര്യത്തിൽ തീരുമാനം എടുത്തില്ല. രണ്ടുദിവസം കഴിയുമ്പോൾ വീണ്ടും വാർത്ത - ഇന്ന് പി.ബി. യോഗം തീരുമാനിക്കും; പിറ്റേദിവസത്തെ വാർത്ത-പി.ബി. യോഗം ഇന്നലെ തീരുമാനിച്ചില്ല. കുറേ ദിവസങ്ങൾ കഴിയുമ്പോൾ വരുന്ന വാർത്ത, ഇന്ന് കേന്ദ്ര

കമ്മിറ്റി തീരുമാനിക്കുമെന്നാണ്; പിന്നീട് പറയുന്നത് കേന്ദ്ര കമ്മിറ്റി ഇന്നലെ തീരുമാനിച്ചില്ല എന്ന്. ഇതാണ് ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്. ഇന്നലത്തെ ക്യാബിനറ്റിൽ തീരുമാനമായില്ല. സ്ഥാനങ്ങൾക്ക് പുറകെ നടക്കുന്ന ഒരാളാണ് ശ്രീ. വി. എസ്. അച്ചുതാനന്ദൻ എന്ന് വരുത്തിത്തീർത്ത്, അദ്ദേഹത്തെ അപമാനിക്കാൻ ശ്രമിച്ചത് ഞങ്ങളല്ല, അപ്പുറത്തിരിക്കുന്നവരാണെന്ന് ഓർത്താൽ നിങ്ങൾക്ക് നന്നായിരിക്കും. ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരിക്കുമ്പോൾ ഞങ്ങൾ രൂക്ഷമായി വിമർശിച്ചിട്ടുണ്ട്. പക്ഷേ കേരളത്തിലെ തലമുതിർന്ന കമ്മ്യൂണിസ്റ്റ് നേതാവിനെ ഞങ്ങൾ ബഹുമാനിക്കുകയും ചെയ്യുന്നുണ്ട്. അതിൽ എന്താണ് സംശയം? നിങ്ങളെപ്പോലെ അദ്ദേഹത്തിന് ക്യാപിറ്റൽ പണിഷ്മെന്റ് കൊടുക്കണമെന്ന് പറയുകയും തെരഞ്ഞെടുപ്പിൽ മത്സരിക്കാൻ നേരത്ത് എന്നോട് ക്ഷമിക്കണമെന്നുപറഞ്ഞ് കാലുപിടിക്കാൻ പോകുകയുമല്ല ഞങ്ങൾ ചെയ്യുതിട്ടുള്ളത്. പണ്ട് നമ്മൾ കുട്ടികളായിരിക്കുമ്പോൾ മുദ്രാവാക്യം വിളിക്കുന്നതുപോലെ ലാത്തികൾക്കും തോക്കുകൾക്കും വഴിമുടക്കാനാകാത്ത വഴികളിലൂടെ കടന്നുവന്ന ഈ പുന്നപ്ര-വയലാർ സമരനായകൻ നിങ്ങൾ നൽകുന്ന ഈ ഔദാര്യം സ്വീകരിക്കുമെന്ന് ഞാൻ കരുതുന്നില്ല. വിപ്ലവ കേരളത്തിന്റെ വീരാംഗനയായിരുന്ന ശ്രീമതി കെ. ആർ. ഗൗരിയമ്മയെ നിങ്ങൾ നല്ല വാക്കുപറഞ്ഞ് കൂട്ടിക്കൊണ്ടുപോയി ഒന്നുമല്ലാതാക്കിയതുപോലെ, ഈ കമ്മീഷനിൽ ഒതുക്കി ശ്രീ. വി. എസ്. അച്ചുതാനന്ദനെ ഇല്ലാതാക്കാനുള്ള രാഷ്ട്രീയ ഗൂഢാലോചനയാണ് ഈ ബില്ലിലുള്ളത്. ഇവിടെ സംസാരിച്ചവരൊക്കെ ഈ ബില്ലിനെക്കുറിച്ച് എന്തൊക്കെയാണ് പറഞ്ഞിട്ടുള്ളത്? ഈ ബിൽ സഭയിൽ വന്നസമയത്ത് ശ്രീ. എ. കെ. ബാലൻ എന്താണ് പറഞ്ഞിട്ടുള്ളത്? ശ്രീ. പി. സി. ജോർജിനും പ്രതിപക്ഷ നേതാവിനും വേണ്ടി അന്ന് ഈ ബിൽ സഭയിൽ കൊണ്ടുവന്നപ്പോൾ ഒരു വ്യക്തിക്കുവേണ്ടി മാത്രം ബിൽ അവതരിപ്പിക്കപ്പെടുന്നത് ചരിത്രത്തിൽ ആദ്യത്തെ സംഭവമാണെന്ന് പറയുകയുണ്ടായി. അന്ന് രണ്ടുപേർക്കുവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നത്. ഇപ്പോൾ ഒരാൾക്കുവേണ്ടിയാണ് ഈ ബിൽ സഭയിൽ കൊണ്ടുവന്നിട്ടുള്ളത്. ഇവിടത്തെ പ്രസംഗത്തിൽ ഇതൊക്കെയുണ്ട്. മന്ത്രിസ്ഥാനത്തിനുപകരമുള്ള ഒരു പാരിതോഷികം തന്നെയാണിതെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ലെന്ന് ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായരും പറയുകയുണ്ടായി. കെ. വി. സുരേന്ദ്രനാഥ്, ഈ സഭയിലെ ബഹുമാനിക്കപ്പെടുന്ന വളരെ സീനിയർ അംഗമായിരുന്നു. അദ്ദേഹം പറഞ്ഞത്, 'എക്സിക്യൂട്ടീവ് അധികാരവും ഭാരിച്ച ചുമതലയുമുള്ള, തീരെ

സമയമില്ലാത്ത ഒരു എം.എൽ.എ.-യെ ഈ സ്ഥാനം പിടിച്ചേൽപ്പിക്കുന്നത് സാങ്കേതികമായ അയോഗ്യത നീക്കാനാണെന്ന് പറഞ്ഞാലും വാസ്തവത്തിൽ അതോടുകൂടി ധാർമ്മികമായ അയോഗ്യത സൃഷ്ടിക്കുകയാണ് എന്നാണ്. ആ ആളിന് ആ ജോലി ചെയ്യാനും ഈ ജോലി ചെയ്യാനും സമയം കിട്ടുകയില്ല. അങ്ങനെ നല്ല ഒരാളിനെ ചീത്തയാക്കാൻ വേണ്ടി, എന്തെങ്കിലും താൽക്കാലികമായ രാഷ്ട്രീയ നേട്ടമുണ്ടാക്കാൻവേണ്ടി മാത്രം ഒരാളിനെ ബലി കൊടുക്കുന്ന സമ്പ്രദായമാണ് ഞാൻ ഈ ബില്ലിൽ കാണുന്നത്. കെ. വി. സുരേന്ദ്രനാഥ് അന്നത്തെ ബില്ലിന്മേലുള്ള ചർച്ചയിൽ പറഞ്ഞ കാര്യം ഞാൻ വീണ്ടും ആവർത്തിക്കുന്നു. കേരളം ബഹുമാനിക്കുന്ന, ആദരിക്കുന്ന കേരളത്തിന്റെ മുൻ മുഖ്യമന്ത്രികൂടിയായ ശ്രീ. വി. എസ്. അച്ചുതാനന്ദനെ അപമാനിച്ച് ഒതുക്കുന്നതിനുവേണ്ടി നിങ്ങൾ സൃഷ്ടിച്ച ഒരു ബില്ലാണിത്. അതുകൊണ്ട് ഞാൻ ഈ ബില്ലിനെ ശക്തിയായി എതിർക്കുന്നു.

4.00 PM]

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഞാൻ ഇവിടെ അവതരിപ്പിച്ച 2 ബി ഭേദഗതിയെ അനുകൂലിക്കുകയാണ്. ഒരു സമൂഹത്തിന്, അത് ഏത് സമൂഹത്തിനുമാകാം, നമ്മുടെ മുൻപിൽ വരുന്ന ചില പ്രശ്നങ്ങളെ മാറിയ സാഹചര്യത്തിൽ, നിയമസഭാ അംഗമായിരിക്കുന്ന ഒരാൾ ഏറ്റെടുക്കുന്ന ഉത്തരവാദിത്വവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അയോഗ്യത നീക്കുന്നതുമായി ബന്ധപ്പെട്ട ബില്ലാണിത്. അത് ഒരാവശ്യമാണ്. നിയമസഭാംഗങ്ങൾ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടവരാണ്, ജനപ്രതിനിധികളാണ്, ജനങ്ങളുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഒരു ജനാധിപത്യ സമൂഹത്തിലെ ഏറ്റവും വലിയ കണ്ണിയാണ്. ആ ജനങ്ങളുമായി ബന്ധപ്പെട്ടു നിൽക്കുന്ന സമൂഹത്തിലെ ഏറ്റവും വലിയ കണ്ണിക്ക് ഏതെങ്കിലും പദവി ഏറ്റെടുക്കുന്നതിന് എന്തെങ്കിലും അയോഗ്യതയുണ്ടെങ്കിൽ അത് മാറ്റുന്നത് ജനാധിപത്യത്തെ ശക്തിപ്പെടുത്താൻ ആവശ്യമാണ്. ഇവിടെ മാത്രമല്ല, എവിടെയും ആവശ്യമാണ്. പക്ഷേ ഇവിടെ പ്രതിപക്ഷ കക്ഷിയിൽ നിന്നും സംസാരിച്ച രണ്ട് അംഗങ്ങളും ശ്രീ. വി. എസ്. അച്ചുതാനന്ദനെ ആക്രമിക്കാനാണ് ശ്രമിച്ചത്. അവർ ആക്രമിക്കാനല്ല എന്നുപറഞ്ഞെങ്കിലും ഇത്രയും ത്യാഗപൂർണ്ണമായി, സേവനപരമായി, ഒളിവിലും ജയിലിലുമൊക്കെയായി ജീവിതത്തിന്റെ എല്ലാ അർത്ഥത്തിലുമുള്ള വിപ്ലവ പ്രവർത്തനത്തിന്റെ കയറ്റിറക്കങ്ങളിലൂടെയെല്ലാം സഞ്ചരിച്ച് ഇപ്പോൾ നമ്മോടൊപ്പം സഭയിൽ ഇരിക്കുന്ന ശ്രീ. വി. എസ്. അച്ചുതാനന്ദനെതിരെയുള്ള വാക്കുകൾ, മുമ്പ്

ശ്രീകൃഷ്ണനെതിരെ വന്ന അമ്പുകൾ പൂക്കളായതുപോലെ, അദ്ദേഹത്തിന്റെ കാൽക്കൽ പൂക്കളായി മാത്രമേ വീഴുകയുള്ളൂ. ശ്രീ. വി. എസ്. അച്യുതാനന്ദൻ കേരളത്തിൽ ഇന്ന് ജീവിച്ചിരിക്കുന്ന വിപ്ലവ തലമുറയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരാളാണ്, ഒരു പേരാണ്, ഒരു അടയാളമാണ്.

ശ്രീ. എ. എം. ആരിഫ്: സർ, ശ്രീ. വി. ഡി. സതീശൻ മാധ്യമ വാർത്തകളെയും മറ്റും ഉദ്ധരിച്ചുകൊണ്ടാണ് പാർട്ടിക്കുള്ളിൽ നടന്ന ചർച്ചകളെയും കാര്യങ്ങളെയും പരാമർശിച്ച് ഇവിടെ സംസാരിച്ചത്. അതേ മാധ്യമ വാർത്തകൾ നമ്മൾ ആധികാരികമായി എടുക്കുകയാണെങ്കിൽ, അഴിമതിക്കെതിരെ ശക്തമായ നിലപാടെടുത്ത ശ്രീ. വി. എം. സുധീരനെ, എ-യും ഐ-യും, ശ്രീ. വി. ഡി. സതീശനുൾപ്പെടെയുള്ള എല്ലാവരുംകൂടിച്ചേർന്ന് തല്ലിക്കൊല്ലുന്ന, ഇവിടെനിന്ന് പറഞ്ഞയയ്ക്കാനുള്ള നീക്കമാണ് നടത്തിക്കൊണ്ടിരിക്കുന്നത് എന്ന വാർത്തയും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നത് സന്ദർഭവശാൽ ചോദിക്കുകയാണ്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, കോൺഗ്രസ്സിന്റെ ഇപ്പോഴത്തെ പ്രവർത്തനങ്ങളെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. കുറച്ചുകൂടി ആലോചിച്ച് പക്വതയോടെ ജനാധിപത്യ സംവിധാനത്തിൽവന്ന കുറവുകൾ തിരിച്ചറിഞ്ഞ് മടങ്ങിവരാൻ ശ്രമിക്കണമെന്നാണ് എല്ലാ കോൺഗ്രസ്സ് നേതാക്കന്മാരോടുമുള്ള എന്റെ അഭ്യർത്ഥന. പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന് പകരം വയ്ക്കാൻ ആരെങ്കിലുമുണ്ടായിരുന്നോ; ജവഹർലാൽ നെഹ്റുവിനെ ഇന്ത്യ മുഴുവനും കാലം കഴിയുന്തോറും കൂടുതൽ ബഹുമാനിക്കുകയാണ് ചെയ്യുന്നത്. പക്ഷേ പുതിയ കേന്ദ്ര ഗവൺമെന്റ് ജവഹർലാൽ നെഹ്റുവിനെ തിരസ്കരിക്കാനും തമസ്കരിക്കാനും ശ്രമിക്കുമ്പോൾ ഇന്ത്യൻ ജനാധിപത്യത്തിൽ, ഇന്ത്യയിലെ ഇടതുപക്ഷംപോലും ആ തമസ്കരണത്തെ എതിർത്തുനിൽക്കുന്ന ഒരു കാലത്താണ് നമ്മൾ ജീവിക്കുന്നത്. ശ്രീ. വി. എസ്. അച്യുതാനന്ദന് സമം വയ്ക്കാവുന്ന കേരളത്തിലെ ഒരു കോൺഗ്രസ്സ് നേതാവാണ് സി. കേശവൻ. കൊല്ലത്തെ രാഷ്ട്രീയ നേതൃത്വത്തിൽ ജീവിച്ചിരുന്ന സി. കേശവനോട് വളരെ ബഹുമാനമുള്ള ഒരാളാണ് ഞാൻ. ഒരുപക്ഷേ സി. കേശവൻ ജീവിച്ചിരുന്നുവെങ്കിൽ കോൺഗ്രസ്സിൽത്തന്നെ നിൽക്കുമായിരുന്നോ എന്ന സംശയം എനിക്കുണ്ട്. സി. കേശവൻ പ്രസംഗിച്ചതും പറഞ്ഞതുമൊന്നും ഇന്ന് ഒരു കോൺഗ്രസ്സ് നേതാവിനും കേരളത്തിൽനിന്ന് സംസാരിക്കാൻ കഴിയുകയില്ല. ആ കാലത്തിന്റേയും ആ കാലം കൈക്കൊണ്ട നവോത്ഥാന സംവിധാനങ്ങളുടെയും അതിന്റെ മൂല്യങ്ങളുടെയും കിരീടംവയ്ക്കാത്ത രാജാവായിനിന്ന കോൺഗ്രസ്സിന്റെ നേതാവായിരുന്നു സി.

കേശവൻ. അദ്ദേഹത്തെക്കുറിച്ച് എ. അയ്യപ്പൻ എഴുതിയ ഒരു കുറിപ്പുണ്ട്. കോൺഗ്രസ്സുകാരും ഇത് വായിക്കണം. ഇന്നത്തെ കൊല്ലം ഉൾപ്പെട്ടതാണ് അന്നത്തെ ഇരവിപുരം മണ്ഡലം. സി. കേശവൻ 1952-ൽ ഇരവിപുരം മണ്ഡലത്തിൽ സ്ഥാനാർത്ഥിയായിരുന്നു. സി. കേശവന്റെ മകൻ കെ. ബാലകൃഷ്ണൻ അന്നും സി. കേശവന് എതിരായിരുന്നു. കെ. ബാലകൃഷ്ണൻ ആർ.എസ്.പി. ആയിരുന്നു. കെ. ബാലകൃഷ്ണൻ സി. കേശവനെതിരെ പ്രസംഗിക്കണമെന്നും ആ പ്രസംഗം നടത്തേണ്ടത് സി.കേശവന്റെ മയ്യനാട്ടുള്ള വീടിന്റെ എതിർവശത്തുള്ള പുരയിടത്തിലായിരിക്കണമെന്നും പ്രതിപക്ഷത്തിന് നിർബന്ധമായിരുന്നു. അവിടെ സ്റ്റേജ് കെട്ടുകയും അഞ്ഞൂറോളം ആളുകൾ എത്തുകയും കെ. ബാലകൃഷ്ണൻ പ്രസംഗം ആരംഭിക്കുകയും ചെയ്തു. കെ. ബാലകൃഷ്ണന്റെ പ്രസംഗം ഒരു പ്രസംഗമല്ല, രണ്ടര മണിക്കൂർ നീണ്ടുനിൽക്കുന്ന ഒരു ഒന്നര പ്രസംഗമായിരുന്നു. കെ. ബാലകൃഷ്ണൻ പ്രസംഗിക്കുമ്പോൾ മുറ്റത്ത് കസേരയിട്ട് അപ്പുറത്തെ പുരയിടത്തിൽ ആദ്യ കേൾവിക്കാരനായിരിക്കുന്നത് സി. കേശവനാണ്. സി. കേശവന്റെ സമീപത്ത് തെങ്ങിൽച്ചാരിനിന്ന് പ്രസംഗം കേൾക്കുന്നത് സി.കേശവന്റെ ഭാര്യ, കെ. ബാലകൃഷ്ണന്റെ അമ്മയാണ്. രണ്ടര മണിക്കൂർ നീണ്ട പ്രസംഗത്തിന്റെ അവസാനം കെ. ബാലകൃഷ്ണൻ പറഞ്ഞത് 'എനിക്ക് ദൈവ വിശ്വാസമില്ല, പക്ഷേ എനിക്കൊരു ദൈവമുണ്ടെങ്കിൽ അത് എന്റെ പ്രസംഗം കേട്ട് അപ്പുറത്തെ പുരയിടത്തിൽ ചാരുകസേരയിൽ ഇരിക്കുന്ന എന്റെ അച്ഛനാണ്. എന്റെ അച്ഛൻ എന്റെ പാർട്ടിയല്ല, എന്റെ അച്ഛനെതിരാണ് ഞാൻ. എതിരായത് എന്റെ അച്ഛൻ കോൺഗ്രസ്സ് ആയതുകൊണ്ടാണ്. അതുകൊണ്ട് എന്റെ അച്ഛനെ തോൽപ്പിച്ച് കോൺഗ്രസ്സിൽനിന്നും പുറത്താക്കി എന്നെ ഏൽപ്പിച്ച് എന്റെ അച്ഛനെ രക്ഷപ്പെടുത്തണം' എന്നാണ്. ഇത് എ. അയ്യപ്പന്റെ പുസ്തകത്തിലുള്ളതാണ്. അദ്ദേഹത്തിന്റെ പുസ്തകത്തിലുള്ള ഇക്കാര്യം വായിക്കുമ്പോൾ നമുക്ക് സി. കേശവനോടും കെ. ബാലകൃഷ്ണനോടും ബഹുമാനം കൂടുകയാണ്. കെ. ബാലകൃഷ്ണന്റെ പ്രസംഗം കഴിഞ്ഞതിനുശേഷം കെ. ബാലകൃഷ്ണന്റെ അമ്മ സി. കേശവന്റെ മുന്നിലൂടെ പോകുമ്പോൾ 'പ്രസംഗം എങ്ങനെയുണ്ടായിരുന്നു' എന്ന് സി. കേശവൻ ചോദിക്കുന്നുണ്ട്. അപ്പോൾ കെ. ബാലകൃഷ്ണന്റെ അമ്മ പറയുന്നത് 'പ്രസംഗിച്ചത് മുഴുവൻ നിങ്ങളെക്കുറിച്ചായിരുന്നു, കേൾക്കാൻ നല്ല രസമായിരുന്നു'വെന്നാണ്. അപ്പോൾ സി. കേശവൻ കെ. ബാലകൃഷ്ണന്റെ അമ്മയോട് പറയുന്നത്, 'എന്നാൽ അവന് നല്ല വിശപ്പുകാണും, അവൻ നേരെയിങ്ങോട്ട് വരും, പോയി തീയൽ ഉണ്ടാക്കി വയ്ക്കു' എന്നാണ്. ഇതാണ് രാഷ്ട്രീയം. അച്ഛനും മകനും രണ്ട് പാർട്ടിയിൽ നിൽക്കുമ്പോഴും അതിനൊരു ബഹുമാനമുണ്ട്. അതുകൊണ്ടാണ് കെ. ബാലകൃഷ്ണൻ പറഞ്ഞത്

'എനിക്ക് ഏറ്റവും വലിയ അന്തസ്സ്, എന്റെ അച്ഛൻ ആത്മകഥ എഴുതിയപ്പോൾ അതിൽ ആമുഖം എഴുതാൻ അച്ഛൻ ഏൽപ്പിച്ചത് എന്നെത്തന്നെയാണ്; എനിക്ക് അതിനെക്കാൾ വലിയൊരു ബഹുമാനം കേരളത്തിൽ കിട്ടാനില്ല' എന്ന്. ആ നിരയിൽപ്പെടുന്ന ഒരാളാണ് കേരളത്തിലെ മണ്ണിന്റെയും മനുഷ്യന്റെയും മുന്നിൽ സഖാവ് വി. എസ്. അച്യുതാനന്ദൻ.

<u>ശ്രീ. കെ. എം. ഷാജി:</u> സർ, ഞാൻ ഇടപെടുകയല്ല, താങ്കൾ ശ്രീ. വി. എസ്. അച്യുതാനന്ദനെക്കുറിച്ച് പറയുന്ന നല്ല വാക്കുകളെല്ലാം മനസ്സിലായി. താങ്കൾ സി.പി.ഐ.-ക്കാരനാണ്. ഈ അഭിപ്രായം ശ്രീ. രാജു എബ്രഹാമിന് തോന്നാതിരുന്നത് എന്തുകൊണ്ടാണ്; അതാണ് ഞങ്ങൾ പറഞ്ഞ പോയിന്റ്. താങ്കൾ പറഞ്ഞ അഭിപ്രായം ഒരു സി.പി.ഐ.(എം) കാരനുമില്ല.

<u>ശ്രീ. മുല്ലക്കര രത്നാകരൻ:</u> സർ, ഞാൻ പറയുന്നത്, നമ്മൾ കോൺഗ്രസ്സ്, മുസ്ലീംലീഗ്, സി.പി.ഐ, സി.പി.ഐ.(എം), ബി.ജെ.പി തുടങ്ങി ഏതുമാകാം. മുഖ്യമന്ത്രിയാകുമെന്നോ പഞ്ചായത്ത് മെമ്പറാകുമെന്നോ വിചാരിക്കാൻ പറ്റാതിരുന്ന ഒരു കാലത്ത് രാഷ്ട്രീയത്തിലേക്ക് എടുത്തുചാടിയ ഒരാളാണ് ശ്രീ. വി. എസ്. അച്യുതാനന്ദൻ. അങ്ങനെ അപൂർവ്വം ആളുകളേയുള്ളൂ. ഒരു നിയമസഭാംഗത്തിന് ജനാധിപത്യത്തിൽ പവിത്രമായ ഒരു സ്ഥാനമാണ് ജനങ്ങൾ നൽകിയിരിക്കുന്നത്. അത് സത്യസന്ധതയോടെ നിർവ്വഹിക്കാനുള്ള ഉത്തരവാദിത്വത്തിൽ, ഭരണ പരിഷ്കാര കമ്മീഷന്റെയോ മറ്റേതെങ്കിലുമോ പദവി വഹിക്കുന്നതിൽ ഒരു നിയമസഭാംഗത്തിനോ പാർലമെന്റംഗത്തിനോ അയോഗ്യത വരാൻ പാടില്ല. കാരണം ജനാധിപത്യ സംവിധാനത്തിന്റെ കാതലായ, പവിത്രമായ സ്ഥലത്താണ് ജനം നമ്മളെ കൊണ്ടിരുത്തിയിരിക്കുന്നത്. ജനത്തിനുവേണ്ടി ഏറ്റെടുക്കേണ്ട ഏത് ഉത്തരവാദിത്വവും നൽകണം. പക്ഷേ ശ്രീ. വി. എസ്. അച്യുതാനന്ദനെപ്പോലുള്ള ഒരാൾ ഇവിടെ ഇങ്ങനെ ആക്രമിക്കപ്പെടുമ്പോൾ സംഭവിക്കുന്നത് എന്താണ്? .....(ബഹളം)....നമ്മുടെ പോയകാല തലമുറയിൽ വ്യത്യസ്തമായ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പല ഘട്ടങ്ങളിൽ ജീവിച്ച രാഷ്ട്രീയ ധാരകളുണ്ടായിരുന്നു. അങ്ങനെ ആക്രമിക്കപ്പെടുമ്പോൾ സംഭവിക്കുന്നത് ആ ധാരകളിൽ ഇന്ന് നമ്മുടെ കണ്ണിനുമുന്നിൽ ഇരിക്കുന്ന ഒരു അടയാളമാണ്, ഒരഭിവാദ്യമാണ്, ഒരു തരത്തിൽ അഭിമാനവും അന്തസ്സുമാണ് സഖാവ് വി. എസ്. അച്യുതാനന്ദൻ. ശ്രീ. വി. എസ്. അച്യുതാനന്ദന്റെ കാര്യത്തിലുള്ള ചർച്ചയൊഴികെ ഈ നിയമസഭയിൽ ഭരണ പരിഷ്കാര കമ്മീഷനുമായി ബന്ധപ്പെട്ടുകൊണ്ട് നടന്ന ചർച്ചയിൽ പങ്കെടുത്തു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

4.10 PM]

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഈ ബില്ലിന്റെ സ്കോപ് ഞാൻ ആദ്യം തന്നെ പറഞ്ഞതാണ്. ഇപ്പോൾ രൂപീകരിക്കാൻ പോകുന്ന ഭരണപരിഷ്കാര കമ്മീഷൻ അദ്ധ്യക്ഷ പദവി ഏതെങ്കിലും നിയമസഭാ സാമാജികൻ വഹിക്കേണ്ടി വന്നാൽ അദ്ദേഹത്തിന്റെ നിയമസഭാംഗത്വത്തിന് അയോഗ്യത ഉണ്ടാകാതിരിക്കുന്നതിന് വേണ്ടി മാത്രമാണ് ഈ നിയമം ഭേദഗതിയോടുകൂടി ബില്ലായി ഇവിടെ അവതരിപ്പിച്ചത്. അതിന്റെ ഭരണഘടനാപരമായ സ്വാതന്ത്ര്യത്തെ സംബന്ധിച്ച് ചോദിക്കുകയും ക്രമപ്രശ്നങ്ങൾ ഉന്നയിക്കുകയും ചെയ്തു. അതിനുള്ള മറുപടി പറയുകയും ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുകയും ചെയ്തു. ഭരണപരിഷ്കാര കമ്മിറ്റിയെ സംബന്ധിച്ചോ അതിന്റെ ഉള്ളടക്കത്തെ സംബന്ധിച്ചോ അതിന്റെ ഭാഗമായി വരുന്ന സാമ്പത്തിക ബാദ്ധ്യതയെ സംബന്ധിച്ചോ ഉള്ള ഒരു ബില്ലും ഇവിടെ അവതരിപ്പിച്ചിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട, പരിണിതപ്രജ്ഞരായ പ്രതിപക്ഷ നേതാക്കൾ ഇവിടെ പ്രയോഗിച്ച ചില വാക്കുകൾ ബഹുമാനപ്പെട്ട സ്പീക്കറും കേട്ടിട്ടുണ്ടാവും. 'ആരെ കുടിയിരുത്താനാണ്' എന്നതായിരുന്നു ശ്രീ. എം. ഉമ്മറിന്റെ പ്രയോഗം. ഭൂപരിഷ്കരണ നിയമം കൊണ്ടുവന്ന് പാവപ്പെട്ടവന് കുടിയിരിപ്പവകാശം നൽകിയ കമ്മ്യൂണിസ്റ്റ് പാർട്ടിയെന്ന് അദ്ദേഹം പറഞ്ഞത് വളരെ നല്ലത്. പൂച്ചയുടെയും നായയുടെയും പേരിൽ ഇഷ്ടദാനമുണ്ടാക്കി ഭൂപരിഷ്കരണ നിയമത്തെ തകർത്തവരാണ് പ്രതിപക്ഷത്തിരിക്കുന്നതെന്ന് മനസ്സിലാക്കണം. ഭൂപരിഷ്കരണ നിയമത്തിന് ഭേദഗതി കൊണ്ടുവന്നതും മിച്ചഭൂമി ഇല്ലാതാക്കിയതും ഇഷ്ടദാനം കൊണ്ടുവന്നതും ആരായിരുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ,.....

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ ഇപ്പോൾ വഴങ്ങുന്നില്ല.

മി. സ്പീക്കർ: അദ്ദേഹം വഴങ്ങുന്നില്ലെങ്കിൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇരിക്കൂ.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ വഴങ്ങാത്തിടത്തോളം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് സംസാരിക്കാൻ പറ്റില്ല. .....(ബഹളം)... ബഹുമാനപ്പെട്ട സ്പീക്കർ എന്നോട് വഴങ്ങുന്നുണ്ടോയെന്ന് ചോദിക്കുമ്പോൾ ഞാൻ പറയും. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞാൽ എനിക്ക് വഴങ്ങാൻ കഴിയില്ല. ഇവിടെ ഒരു ചട്ടമില്ലേ? പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചാൽ ഞാൻ വഴങ്ങാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് പോയിന്റ് ഓഫ് ഓർഡർ അനുവദിക്കാം. അദ്ദേഹത്തിന്റെ വാചകം പൂർത്തീകരിക്കട്ടെ.

ശ്രീ. എ.കെ. ബാലൻ: സർ, പോയിന്റ് ഓഫ് ഓർഡർ ആണോ?

മി. സ്പീക്കർ: അതെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എനിക്ക് മൈക്ക് തന്നതിനുശേഷം ശ്രീ. എ. കെ. ബാലൻ സംസാരിക്കുന്നത് ശരിയാണോ?

മി. സ്പീക്കർ: താങ്കൾ ചോദിക്കൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇവിടെ അദ്ദേഹം ഭൂപരിഷ്കരണ നിയമത്തെക്കുറിച്ച് പറഞ്ഞു.....(ബഹളം).... 1963-ൽ ശ്രീ. പി. ടി. ചാക്കോയാണ് ഈ സഭയിൽ ഭൂപരിഷ്കരണ ദേദഗതി ബിൽ അവതരിപ്പിക്കുന്നത്.

മി. സ്പീക്കർ: പോയിന്റ് ഓഫ് ഓർഡർ എന്താണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആ നിയമം 1964-ലെ ആക്ടായിട്ടാണ് ചരിത്രം രേഖപ്പെടുത്തിയിട്ടുള്ളത്. അത് സഭയുടെ റിക്കോർഡുകളിലുള്ളതാണ്. അങ്ങനെയിരിക്കെ ഭൂപരിഷ്കരണ ഭേദഗതി നിയമം തയ്യാറാക്കിയത് വേറൊരു രൂപത്തിലാണെന്ന് ബഹുമാനപ്പെട്ട നിയമവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഇവിടെ പറയുകയും 'പട്ടിക്കും പൂച്ചയ്ക്കും ഇഷ്ടദാനം കൊടുത്തു'വെന്ന് അൺപാർലമെന്ററി ആയി പറയുകയും ചെയ്തു. ഒന്ന്, അക്കാര്യം വസ്തുതാവിരുദ്ധമാണ്. രണ്ട്, ചട്ടം 307 അനുസരിച്ച് അൺപാർലമെന്ററി ആയ പദങ്ങൾ രേഖയിൽനിന്ന് നീക്കം ചെയ്യണം*.

മി. സ്പീക്കർ: പരിശോധിക്കുന്നതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ പറഞ്ഞ വാചകം പൂർത്തീകരിക്കുന്നതിനുമുമ്പ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത് ശരിയല്ല. പോയിന്റ് ഓഫ് ഓർഡർ പറഞ്ഞാൽ ഞാൻ നിശ്ചയമായും ഇരിക്കും. ഭൂപരിഷ്കരണ നിയമത്തിന്റെ ഭാഗമായി പാവപ്പെട്ടവർക്ക് കിട്ടേണ്ട ലക്ഷക്കണക്കിന് ഏക്കർ ഭൂമി ഇല്ലാതായത് ഏത് ഭേദഗതിയുടെ ഭാഗമായിട്ടാണെന്നുള്ളത് ചരിത്രത്തിന്റെ

* സഭാദ്ധ്യക്ഷന്റെ ഉത്തരവ് പ്രകാരം നിലനിർത്താൻ തീരുമാനിച്ചു.

ഭാഗമാണ്. ഞാൻ അതിലേക്ക് കടക്കുന്നില്ല. അങ്ങനെയുള്ള നിയമനിർമ്മാണത്തിനും ഇന്നത്തെ കേരളത്തെ ഈ രൂപത്തിൽ വളർത്തിയെടുക്കുന്നതിനും പങ്കുവഹിച്ച, രാജ്യത്തിന്റെ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് നാടുവാഴിത്തത്തിനും ജന്മിത്വത്തിനും എതിരായിട്ടുള്ള സമരത്തിൽ പങ്കെടുത്ത, ഇന്ന് ജീവിച്ചിരിക്കുന്ന ചരിത്രപുരുഷന്മാരിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ആളാണ് സഖാവ് വി. എസ്. അച്യുതാനന്ദൻ. അദ്ദേഹത്തെക്കുറിച്ച് നിങ്ങൾ ഏതു രൂപത്തിലുള്ള നാമവിശേഷണങ്ങളാണ് നടത്തിയത്? വയസ് ചേർക്കണമെന്ന് പറഞ്ഞത് എന്തിനുവേണ്ടിയാണ്? ഈ ബില്ലിന്റെ ഭാഗമായി ആരെ ചെയർമാനാക്കണം, ആരെ ചെയർമാനാക്കണ്ട എന്നൊന്നും തീരുമാനിച്ചിട്ടില്ല. പക്ഷേ, ഒരു കാര്യം ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളോട് പറയുകയാണ്, ഒരിക്കലും കെ. കരുണാകരനുണ്ടായ അനുഭവം കേരള രാഷ്ട്രീയത്തിൽ ശ്രീ. വി. എസ്. അച്യുതാനന്ദന് ഉണ്ടാകില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കഴിഞ്ഞ മാനിഫെസ്റ്റോയിൽ, ഭരണ പരിഷ്കാരവുമായി ബന്ധപ്പെട്ട് അതിശക്തമായിട്ടുള്ള നിലപാടുകൾ സ്വീകരിക്കുമെന്ന് കൃത്യമായി പറഞ്ഞതാണ്. അതിന്റെ സൂചനയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സെക്രട്ടേറിയറ്റ് ജീവനക്കാരുടെ യോഗം വിളിച്ചുചേർത്ത് ഒരു സന്ദേശം കൊടുത്തപ്പോൾ കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാവരും സ്വീകരിച്ചത്. നിങ്ങളുടെ മുമ്പിലുള്ള ഫയലിൽ ഒരു മനുഷ്യന്റെ ജീവിതമാണുള്ളതെന്നാണ് അദ്ദേഹം പറഞ്ഞത്. അധികാരവും ജനങ്ങളും തമ്മിലുള്ള അതിർവരമ്പില്ലാതാക്കി അധികാരത്തെ ജനങ്ങളിലേക്കും ജനങ്ങളെ അധികാരത്തിലേക്കും ലയിപ്പിക്കുന്ന ഒരു പ്രക്രിയ ഇവിടെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അധികാര വികേന്ദ്രീകരണ പ്രക്രിയ കേരളത്തിൽ മാതൃകാപരമായി നേരത്തെ ആരംഭിച്ചിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ അക്കൗണ്ടബിലിറ്റി എന്നുപറയുന്നത് ബ്യൂറോക്രസിയോടാണ്; ജനങ്ങളോടല്ല, തദ്ദേശഭരണ സ്ഥാപനങ്ങളോടല്ല. ഭരണരംഗത്ത് കൂടുതൽ സുതാര്യത ഉറപ്പുവരുത്തേണ്ടതുണ്ട്. ഉദ്യോഗസ്ഥ സംവിധാനം അഴിമതി വിമുക്തമായിരിക്കണം. സർക്കാർ ആവിഷ്കരിക്കുന്ന ജനക്ഷേമകരമായിട്ടുള്ള പദ്ധതികൾ നേരിട്ട് ജനങ്ങളിലേക്ക് എത്തിക്കുന്നതിന് നിരവധി കടമ്പകളുണ്ട്. വിവിധ തട്ടിലുള്ള ഉദ്യോഗസ്ഥ സംവിധാനം ഏകോപിപ്പിച്ച് കാര്യക്ഷമമാക്കണം. ദീർഘകാലത്തെ ആവശ്യമായ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പോലുള്ള കാതലായ ഭരണ പരിഷ്കാരങ്ങൾ അനിവാര്യമാണ്. ജനക്ഷേമത്തിനും

സന്തുലിത വികസനത്തിനും ഭരണസംവിധാനം മാറ്റിത്തീർക്കുന്നതിന് ഉചിതമായ പഠനം നടത്തുകയും ശിപാർശകൾ സമർപ്പിക്കുകയും ചെയ്യുന്നതിന് 1997-ന് ശേഷം ഒരു സംവിധാനം ഇവിടെ ഉണ്ടായിട്ടില്ല. അതിന്റെ ഭാഗമായി ഒരു ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിക്കേണ്ടത് അനിവാര്യമാണ്. കാലോചിതമായ ഈ ആവശ്യം നിർവ്വഹിക്കുന്നതിന് ഒരു പുതിയ ഭരണപരിഷ്കാര കമ്മീഷനെ നിയമിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്നുള്ളത് ഇടതുപക്ഷത്തിന്റെ മാനിഫെസ്റ്റോയിലുള്ള കാര്യമാണ്. ഭരണപരിഷ്കാര കമ്മിറ്റിയെ സർക്കാർ പിന്നീടാണ് നിശ്ചയിക്കുന്നത്. അതിന്റെ Modus Operandi എന്തായിരിക്കണമെന്ന് പിന്നീട് തീരുമാനിക്കും. അതിന്റെ ഉള്ളടക്കത്തിലേക്കൊന്നും കടക്കാൻ ആഗ്രഹിക്കുന്നില്ല. ഞങ്ങൾ ഇതുവച്ചുകൊണ്ടാണ് കേരളത്തിലെ ജനങ്ങളോട് വോട്ട് ചോദിച്ചത്. അതിൽ കുറച്ച് നിങ്ങളും സഹായിച്ചു. ശ്രീ. വി. ഡി. സതീശന്റെ ചില പ്രയോഗങ്ങൾ നമുക്ക് സഹായകരമായിട്ടുണ്ട്. അഴിമതിയില്ലാത്ത ഗവൺമെന്റാണ് യു.ഡി.എഫ്. ഗവൺമെന്റെന്ന് ഭൂഗോളത്തിലുള്ള ഒരാൾപോലും വിശ്വസിക്കില്ലെന്ന് ജനങ്ങളോട് പറഞ്ഞത് ശ്രീ. വി. ഡി. സതീശനാണ്. അങ്ങനെയുള്ള ധാരാളം കാര്യങ്ങൾ നമുക്ക് ഉപകരിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഞങ്ങൾ വിചാരിച്ചതിലും കൂടുതൽ വോട്ട് കിട്ടിയത്. ഭൂപരിഷ്കരണ നിയമം പോലെയും വിദ്യാഭ്യാസ നിയമം പോലെയും ജനകീയസൂത്രണവുമായി ബന്ധപ്പെട്ട് അധികാര വികേന്ദ്രീകരണത്തിന് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി നേതൃത്വം കൊടുത്തതുപോലെയും ഭരണതലത്തിൽ ഇന്ത്യാരാജ്യത്തിന് മാതൃക സൃഷ്ടിക്കുന്നതായിരിക്കും ഭരണപരിഷ്കാര കമ്മിറ്റി. അതിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് കേരള നിയമസഭയിലെ ഒരംഗം ഇതിന്റെ നേതൃത്വം ഏറ്റെടുക്കേണ്ടിവരുമ്പോൾ നിലവിലുള്ള നിയമപ്രകാരം ഡിസ്ക്വാളിഫൈ ആകും. അത് നീക്കം ചെയ്യുന്നതിനുള്ള ഭേദഗതിയാണ് ഇവിടെ അവതരിപ്പിച്ചത്. മറ്റ് കാര്യങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിൽ ഇല്ലായിരുന്നു)

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. രാജു എബ്രഹാം അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിൽ ഇല്ലായിരുന്നു)

ശ്രീ. രാജു എബ്രഹാം അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

2016-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ..........ഓർഡർ............സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ജൂലൈ മാസം 15-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ വൈകിട്ട് 4.19-ന് പിരിഞ്ഞു.)